# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 12, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 188 - നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 12, ചൊവ്വ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി കവിത ഉണ്ണിത്താൻ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

## ഉള്ളടക്കം പേജ്


**I. ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ
(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. അടിയന്തരപ്രമേയം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം

- ശ്രീ. നജീബ് കാന്തപുരം

(അവതരണാനുമതി നിഷേധിച്ചു)

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര തൊഴിൽ നിയമങ്ങൾ പ്രാബല്യത്തിലാക്കുന്നതിനെതിരെ നടപടി

- ശ്രീ. ടി. പി. രാമകൃഷ്ണൻ

(2) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

- ശ്രീ. എ. പി. അനിൽ കുമാർ

**IV. ക്രമപ്രശ്നം**

ചട്ടവിരുദ്ധമായി സബ്മിഷനുകൾ അനുവദിക്കുന്നതുസംബന്ധിച്ച്

## റൂളിംഗ്

## V. സബ്മിഷൻ

1. സർക്കാർ സ്കൂൾ ബസ്സുകളുടെ ആവർത്തന ചെലവ്

- ശ്രീ. കെ. ആൻസലൻ

2. തിരുവമ്പാടിയിലെ ഭൂവുടമകൾ നേരിടുന്ന പ്രയാസങ്ങൾ

- ശ്രീ. ലിന്റോ ജോസഫ്

3. അഗതി കേന്ദ്രങ്ങളിലേയ്ക്കുള്ള സൗജന്യ ഭക്ഷ്യവസ്തുക്കൾ പുന:സ്ഥാപിക്കൽ

- ശ്രീ. പി. എസ്. സുപാൽ

4. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി

- ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

5. സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി

- ശ്രീ. കെ. എം. സച്ചിൻദേവ്

6. പള്ളിമുക്ക്-ഇളമ്പള്ളൂർ മേൽപ്പാലം

- ശ്രീ. പി. സി. വിഷ്ണുനാഥ്

7. തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിംഗ്

- ശ്രീ. മാത്യു ടി. തോമസ്

8. തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ്

- ശ്രീ. പി. അബ്ദുൽ ഹമീദ്

9. പേപ്പതി-പാഴൂർ റോഡിന്റെ അലൈൻമെന്റും എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണവും

- ശ്രീ. അനൂപ് ജേക്കബ്

**VI. റിപ്പോർട്ട് സമർപ്പണം**

**VII. ധനകാര്യം**

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം

ധനാഭ്യർത്ഥന നമ്പർ XXXI – മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

**VIII. അറിയിപ്പ്**

**അനുബന്ധം I & II**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2022 ജൂലൈ 12, ചൊവ്വ

വാല്യം 188} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

നിയമസഭ 2022 ജൂലൈ മാസം 12-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.....ഓർഡർ......(ചോദ്യം നമ്പർ *211)

**നഗരങ്ങളിലെ കുടിവെള്ള വിതരണം**

1(*211) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026 വർഷത്തോടെ നഗര പ്രദേശങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) അമൃത് പദ്ധതിപ്രകാരം എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും കുടിവെള്ള വിതരണ പദ്ധതികളും സിവറേജ് സംവിധാനവും പൂർത്തിയായിട്ടുണ്ടോ;

(സി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മുഴുവൻ സമയവും ലഭിക്കുന്ന രീതിയിൽ കുടിവെള്ള വിതരണം ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതിയായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ) ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2026 വർഷത്തോടെ നഗരപ്രദേശങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അമൃത് 2.0. ഈ പദ്ധതിയിൽ കേരളത്തിലെ എല്ലാ നഗരസഭകളിലും കുടിവെള്ളമെത്തിക്കുന്നതിനും അതോടൊപ്പം നിലവിലെ 9 അമൃത് നഗരങ്ങളിൽ സിവറേജ്/സെപ്റ്റേജ് മാലിന്യ സംസ്കരണത്തിന് പ്രത്യേക പദ്ധതികളും ഉൾപ്പെടുന്നു. ഈ പദ്ധതിപ്രകാരം നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി മുഖേന അമൃത് SLTC/SHPSC-യിൽ സമർപ്പിച്ച് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിനായി അമൃത് 2.0-ന്റെ ഭാഗമായി ഏകദേശം 3550 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്രസഹായം 1372 കോടി രൂപയാണ്. പ്രസ്തുത പ്രോജക്റ്റ് കാലാവധി 2021-22 മുതൽ 2025-26 വരെയാണ്. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി വിവിധ മുനിസിപ്പാലിറ്റികൾക്കായി ഭരണാനുമതിക്കായി സമർപ്പിച്ച പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 1156.03 കോടി രൂപയുടെ 173 ജലവിതരണ പ്രവൃത്തികൾക്കും 321.45 കോടി രൂപയുടെ 116 സിവറേജ് പദ്ധതികൾക്കും ഭരണാനുമതി നൽകിയതിൽ, 799.26 കോടി രൂപയുടെ 158 ജലവിതരണ പ്രവൃത്തികളും 65.64 കോടി രൂപയുടെ 90 സിവറേജ് പദ്ധതികളും പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. പൂർത്തിയായതും പ്രവൃത്തി പുരോഗമിക്കുന്നതുമായ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. 2023 മാർച്ച് മാസത്തോടുകൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽവരുന്നതും കുടിവെള്ള കണക്ഷൻ ലഭ്യമല്ലാത്തതുമായ വീടുകൾക്ക് 2022-2026 കാലയളവിലായി കണക്ഷൻ കൊടുക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ അധികജലം ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കുമായി 294.125 കോടി രൂപയുടെയും കൊച്ചി കോർപ്പറേഷൻ പരിധിയിൽവരുന്ന കുടിവെള്ള കണക്ഷൻ ലഭ്യമല്ലാത്ത വീടുകൾക്ക് 2022-2026 കാലയളവിലായി കുടിവെള്ള കണക്ഷൻ കൊടുക്കുന്നതിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധ നിർമ്മാണ പ്രവൃത്തികൾക്കുമായി 152.68 കോടി രൂപയുടെയും ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)-ൽ ഉൾപ്പെടുത്തി കൊച്ചി, തിരുവനന്തപുരം കോർപ്പറേഷൻ നഗരങ്ങൾക്കായി 24x7 ശുദ്ധജലവിതരണ പദ്ധതികൾക്കായി എ.ഡി.ബി.-യുടെ സഹായത്തോടെയുള്ള പദ്ധതിക്ക് 7-2-2020-ൽ 2511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിന്റെ എ.ഡി.ബി. ഗൈഡ്ലൈൻ അനുസരിച്ച് കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെൻഡർ നടപടി പുരോഗമിച്ചുവരുന്നു.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, നഗരങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ വേണ്ടിയാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നതെന്നാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകിയത്. അമൃത് പദ്ധതി വളരെ ചെലവേറിയതായതിനാൽ കേരളംപോലുള്ള സംസ്ഥാനത്ത് കടൽവെള്ളം ശുദ്ധീകരിക്കുന്ന ഡീസാലിനേഷൻ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. രാജ്യത്തെ ലക്ഷദ്വീപുൾപ്പെടെയുള്ള പല പ്രദേശങ്ങളിലെ

ജനങ്ങളും മിഡിൽ-ഈസ്റ്റ് രാഷ്ട്രങ്ങളും ഡീസാലിനേഷൻ പ്രോജക്ടുകളെയാണ് പൂർണ്ണമായും ആശ്രയിക്കുന്നത്. കേരളത്തിൽ വിശാലമായ തീരദേശമുള്ളതുകൊണ്ട് കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാൻ ഡീസാലിനേഷൻ പ്രോജക്ടിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ കുടിവെള്ള സ്രോതസ്സായ ഗ്രൗണ്ട് വാട്ടർ ലെവൽ (ഭൂഗർഭ ജലം) ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞുവരുന്നതായാണ് കണക്കുകളിലൂടെ ബോധ്യപ്പെടുന്നത്. ജൽ ജീവൻ മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴും സ്രോതസുകൾക്കുവേണ്ടി നമ്മൾ കൂടുതൽ ബുദ്ധിമുട്ടുകയും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കുൾപ്പെടെ വൻതുക ചെലവാക്കുകയുമാണ്. തീരപ്രദേശത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ കടൽവെള്ളം ശുദ്ധീകരിച്ച് കൊടുക്കേണ്ടിവരുന്ന ഒരു കാലഘട്ടം വരുമെന്ന് മുൻകൂട്ടി കരുതേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. തീർച്ചയായും അതിനെ പൊതുതാത്പര്യമായി കണ്ടുകൊണ്ട് വരുംകാലങ്ങളിൽ അങ്ങനെയൊരു സാഹചര്യം രൂപപ്പെട്ടേയ്ക്കാമെന്ന നിലയിൽ ആവശ്യമായ പ്രാരംഭ ചർച്ചകൾ

ആരംഭിക്കേണ്ടതുണ്ട്. അതിനുവേണ്ടി ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നതെന്താണെന്നുള്ളതിനെക്കുറിച്ച് ആലോചിക്കും.

ശ്രീ. എ. എൻ. ഷംസീർ: സർ, ഒന്നാം പിണറായി സർക്കാർ തലശ്ശേരി-കൂത്തുപറമ്പ് സെഗ്മെന്റുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കാനാണ് തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി കിഫ്ബിയിലുൾപ്പെടുത്തിയത്. എന്നാൽ അത് വേണ്ടത്ര രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ലെന്നാണ് സ്റ്റാറ്റസ് റിപ്പോർട്ടിലൂടെ മനസ്സിലാക്കുന്നത്. തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് അപ്ഡേറ്റ് ചെയ്യാൻ കഴിയുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി കിഫ്ബി മുഖാന്തരം നടത്തിവരുന്ന ഒരു പദ്ധതിയാണ്. പദ്ധതിയുടെ വിവിധ ഘടകങ്ങൾ സ്ഥാപിക്കാനാവശ്യമുള്ള അഞ്ച് സ്ഥലങ്ങളിൽ മൂന്നെണ്ണം ലാൻഡ് അക്വിസിഷൻവഴി ഏറ്റെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സ്ഥലങ്ങളുടെ കമ്പോളവില നിശ്ചയിച്ച് കണ്ണൂർ ജില്ലാ കളക്ടർ 24-05-2022-ൽ ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് എൽ.എ./എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 45 ലക്ഷം രൂപ ഒടുക്കാനുള്ള നിർദ്ദേശം 28-05-2022-ൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)

തലശ്ശേരിയിൽനിന്നും ലഭിച്ചു. കിഫ്ബിയിൽനിന്നും തുക ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ശേഷിക്കുന്ന രണ്ട് സ്ഥലങ്ങളിൽ, ഒന്ന് പാനൂർ മുനിസിപ്പാലിറ്റി അനുവദിച്ചുതന്നിട്ടുണ്ട്. മറ്റൊന്ന്, ചൊക്ലി പഞ്ചായത്തിനായുള്ള 13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിനായി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിന്റെ ഉപയോഗാനുമതി ലഭ്യമാക്കാനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി കോളേജ് പ്രിൻസിപ്പൽ മുഖേന സമർപ്പിച്ചിട്ടുള്ളത് ഉടനെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതി ഘടകങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങൾ ലഭ്യമായാൽ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന് പ്രത്യേകമായി മോണിറ്ററിംഗ് സിസ്റ്റം രൂപപ്പെടുത്തി വർക്ക് ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കാവശ്യമായ കാര്യങ്ങൾ ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിലൊന്നാണ് ജൽ ജീവൻ മിഷൻ. നമ്മുടെ സംസ്ഥാനത്ത് ഈ

പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സംസ്ഥാനത്തെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. എല്ലാ നിയമസഭാ സാമാജികരും അക്കാര്യത്തിൽ വളരെയേറെ ആത്മാർത്ഥത പുലർത്തുകയും നിയോജകമണ്ഡലത്തിൽ അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിന് നല്ല നിലയിൽ സഹകരിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ പലപ്പോഴും ചെറിയ തകരാറുകൾമൂലം പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യവും ഭൂമി കണ്ടെത്തുന്നതിലും ഏറ്റെടുക്കുന്നതിലും ചില പ്രശ്നങ്ങളുമുണ്ടാകാറുണ്ട്. പഞ്ചായത്തുമായും വിവിധ സ്വകാര്യവ്യക്തികളുമായും ബന്ധപ്പെട്ട അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാവരുടെയും സഹായം ആവശ്യമാണ്. 2024 ആകുമ്പോൾ കേരളത്തിലെ 70.67 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കണം. അതിനാവശ്യമായ നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ട്. ബാലുശ്ശേരിയുൾപ്പെടെയുള്ള നിയോജകമണ്ഡലങ്ങളിൽ നല്ല നിലയിൽ അത് സംഘടിപ്പിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ക്രിയാത്മക ഇടപെടൽ നടത്തുന്ന ബഹുമാനപ്പെട്ട

എം.എൽ.എ.-യെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒന്നുരണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയുണ്ടായി. അതത് നിയോജകമണ്ഡലങ്ങളിൽ പദ്ധതി കാര്യക്ഷമമായി നടത്താൻ ബഹുമാനപ്പെട്ട നിയമസഭാ സാമാജികർ ശ്രദ്ധിക്കുന്നുവെന്നുള്ളതിൽ സന്തോഷമുണ്ട്. ഈ പദ്ധതി നല്ലനിലയിൽ തുടർന്നുവരുന്നു. പദ്ധതിയിലെ സാങ്കേതിക തകരാറുകൾ പരിഹരിക്കാൻ മീറ്റിംഗുകൾ വിളിച്ചുചേർക്കാനും മോണിറ്ററിംഗ് നടത്താനാവശ്യമായ നിർദ്ദേശങ്ങൾ നൽകാനും എം.എൽ.എ.-മാർ താത്പര്യം കാണിക്കണം. അതോടൊപ്പം സ്വാഭാവികമായി വാട്ടർ അതോറിറ്റിക്കുവേണ്ടി സ്ഥലമേറ്റെടുക്കാൻ ജില്ലാ കളക്ടർക്ക് ചില പരിമിതിയുണ്ടായിരുന്നു. അതിനാൽ ഇത്തരം കാര്യങ്ങളിൽ ഏത് സ്ഥലവും ഏറ്റെടുക്കുന്നതിനാവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിക്കൊണ്ടുള്ള തീരുമാനം കഴിഞ്ഞ ക്യാബിനറ്റ് മീറ്റിംഗിലെടുത്തിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം കോർപ്പറേഷനിലെയും സമീപപ്രദേശമായ കൊറ്റങ്കര പഞ്ചായത്തിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനാവിഷ്കരിച്ച ഞാങ്കടവ് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; നിർമ്മാണം എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; അതിന്റെ

പൈപ്പിടലുമായി ബന്ധപ്പെട്ട് കൊല്ലം കോർപ്പറേഷൻ പരിധിയിലെ റോഡുകളെല്ലാം കുഴിച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കൊല്ലം കോർപ്പറേഷനിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്തുന്നതിന് പ്രതിദിനം 100 ദശലക്ഷം ലിറ്റർ ജലം ലഭ്യമാകത്തക്കവിധത്തിൽ കല്ലട നദി സ്രോതസ്സാക്കി ആവിഷ്കരിച്ച ഞാങ്കടവ് കുടിവെള്ള പദ്ധതി കിഫ്ബിയുടെയും അമൃത് പദ്ധതിയുടെയും സഹായത്തോടെയാണ് നടന്നുവരുന്നത്. പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾക്കായി കിഫ്ബിയിൽനിന്ന് 235 കോടി രൂപയും അമൃത് പദ്ധതിയിൽനിന്ന് 104.48 കോടി രൂപയുമുൾപ്പെടെ 339.48 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതോടെ കൊല്ലം കോർപ്പറേഷനിലെ കിളികൊല്ലൂർ-ഇരവിപുരം-വടക്കേവിള മേഖലയിൽ പൂർണ്ണതോതിൽ ജലലഭ്യത ഉറപ്പുവരുത്താനും കുഴൽക്കിണറുകളിൽനിന്നുള്ള ജലവിതരണം അവസാനിപ്പിക്കാനും സാധിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. വളരെ താത്പര്യം കാണിക്കുന്നതിനാൽ ചെറിയ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ

കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, തലസ്ഥാന നഗരിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഉപാധിയായാണ് നിർദ്ദിഷ്ട നെയ്യാർഡാം-പി.ടി.പി.നഗർ കുടിവെള്ള പദ്ധതി വിഭാവന ചെയ്യുന്നത്. കിഫ്ബിയിലുൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ 100 എം.എൽ.ഡി.-യും ഗ്രാമപഞ്ചായത്തുകൾക്ക് 20 എം.എൽ.ഡി.-യും വെള്ളമെത്തിക്കുന്നതിനുള്ള പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്, നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നെയ്യാർഡാമിനടുത്തായി 120 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിച്ച് അവിടെനിന്നും 100 എം.എൽ.ഡി. ശുദ്ധജലം തിരുവനന്തപുരം നഗരത്തിലും 20 എം.എൽ.ഡി. ശുദ്ധജലം മറുകിൽ, മാറനല്ലൂർ, വിളപ്പിൽ, വിളവൂർക്കൽ എന്നീ പഞ്ചായത്തുകൾക്കുമെത്തിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത്. നെയ്യാർഡാമിനടുത്തായി ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും നിർമ്മിച്ച് ശുദ്ധീകരിച്ച ജലം 1422 മില്ലീമീറ്റർ വ്യാസമുള്ള മൈൽഡ് സ്റ്റീൽപൈപ്പ് ലൈൻ സ്ഥാപിച്ച് അതിലൂടെ തിരുവനന്തപുരം നഗരത്തിലെത്തിക്കാനാണ്

ലക്ഷ്യമിടുന്നത്. ജലശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി വളരെ പെട്ടന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. അതിലൂടെ തിരുവനന്തപുരം നഗരത്തിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ കഴിയുന്നതാണ്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, അമൃത് പദ്ധതിക്ക് സമാനമായി ഗ്രാമീണ മേഖലകളിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും റോഡ് നവീകരണത്തിനായി ഫണ്ട് വകയിരുത്തി ടെൻഡർ നടപടി പൂർത്തീകരിച്ച് കരാറുകാരന് കൈമാറിയതുമായ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് വെട്ടിപ്പൊളിച്ചത് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും, പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ തർക്കം നിലനിൽക്കുന്നതിനാൽ പല റോഡ് നവീകരണ പദ്ധതികളും അനന്തമായി നീളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? ഇക്കാരണത്താൽ എന്റെ നിയോജകമണ്ഡലത്തിൽ കുട്ടൂച്ചി-ഇരിമ്പോത്തിങ്ങൽ-അത്താണിക്കൽ റോഡ് നവീകരണം വൈകുന്നത്

അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട അംഗം പൊതുവായ വിഷയമാണ് ചൂണ്ടിക്കാണിച്ചത്. കേരളത്തിലെ പല റോഡുകളും ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിക്ക് മുൻപ് ആരംഭിച്ച റോഡ് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സമയത്താണ് ജൽ ജീവൻ മിഷൻ പദ്ധതിക്കാവശ്യമായ നടപടി സ്വീകരിച്ചത്. ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി രണ്ടുതവണ മീറ്റിംഗുകൾ നടത്തുകയും പൊതുമരാമത്ത് വകുപ്പ് നല്ല സമീപനം സ്വീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. റോഡും ശുദ്ധജലവിതരണവും അവശ്യഘടകങ്ങളാണ്. പദ്ധതി പൂർത്തിയാക്കുന്നതിന് സഹിഷ്ണുതാ മനോഭാവത്തോടെയുള്ള സമീപനമാണ് ആവശ്യം, അല്ലാതെ ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ തർക്കങ്ങളല്ല വേണ്ടത്. അത് പരിഹരിക്കുന്നതിന് നല്ല നിലയിലുള്ള പുരോഗതിയുണ്ടായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച ഉന്നതതല സമിതിയിൽ വാട്ടർ അതോറിറ്റിയുടെയും പൊതുമരാമത്ത് വകുപ്പിന്റെയും എൻജിനീയർമാരുൾപ്പെടുന്നുണ്ട്. ഇത്തരത്തിലുള്ള ധാരാളം പ്രശ്നങ്ങൾക്ക് പ്രസ്തുത സമിതി പരിഹാരം കണ്ടെത്തിയിട്ടുണ്ട്. പരിഹരിക്കാൻ കഴിയാത്ത

പ്രശ്നമുണ്ടെങ്കിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെ വിഷയങ്ങൾ പ്രത്യേകമായി പരിശോധിക്കാവുന്നതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ ഒരുപാട് കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്. യഥാർത്ഥത്തിൽ ഇത് കൃത്യമായി പിരിച്ചെടുക്കാനുള്ള സംവിധാനം ഇല്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. അതുകാരണം പലപ്പോഴും ഭീമമായ കുടിശ്ശിക ബില്ലുകളാണ് സാധാരണക്കാർക്ക് വരുന്നത്. വലിയ തുകയായതിനാൽ അവർക്ക് അടയ്ക്കാനുള്ള ബുദ്ധിമുട്ടുമുണ്ടാകുന്നു. വാട്ടർ അതോറിറ്റി കൃത്യമായി പണം പിരിക്കാത്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്നത് പരക്കെയുള്ള ആക്ഷേപമാണ്. അതുകൊണ്ട് കേരള വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക തുക കൃത്യമായി പിരിച്ചെടുക്കാനുള്ള അടിയന്തര നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള വാട്ടർ അതോറിറ്റിക്ക് സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗാർഹിക/ഗാർഹികേതര ഉപഭോക്താക്കൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽനിന്നായി 1131 കോടി രൂപയാണ് കുടിശ്ശികയായി ലഭിക്കാനുള്ളത്. ഇത് വാട്ടർ അതോറിറ്റിയുടെ

ദൈനംദിന പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. തുക കൃത്യമായി അടയ്ക്കാതെ വരുമ്പോൾ നിയമപ്രകാരം പിഴയുൾപ്പെടെ കൊടുക്കേണ്ടിവരുന്നത് ഉപഭോക്താക്കൾക്ക് വലിയ രീതിയിലുള്ള ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. വെള്ളം കൂടുതൽ ഉപയോഗിച്ചില്ലെങ്കിലും വൻതുക അടയ്ക്കേണ്ടി വരുന്നുവെന്ന പരാതിയും ജനങ്ങളിൽനിന്നും ലഭിക്കാറുണ്ട്. ഇതുസംബന്ധിച്ച് ഞങ്ങൾ പരിശോധിച്ചപ്പോൾ വെള്ളം ലീക്ക് ചെയ്യുന്നതുമൂലമാണെന്ന് കണ്ടെത്തുകയുണ്ടായി. ഹൗസ് കണക്ഷനിലേയ്ക്കുള്ള മേഖലയിൽ എവിടെയെങ്കിലും ലീക്കുണ്ടെങ്കിൽ മീറ്റർ സ്ഥാപിച്ചതിനുശേഷമാണെങ്കിൽ ആ തുക ഉപഭോക്താവ് അടയ്ക്കേണ്ടിവരും, പക്ഷേ അവർ വെള്ളം ഉപയോഗിച്ചിട്ടുമില്ല. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. കൂടാതെ കാലാകാലങ്ങളായി തുക അടയ്ക്കാൻ വൈമുഖ്യം പ്രകടിപ്പിച്ചതിനാൽ ഭീമമായ തുക കുടിശ്ശികയായിട്ടുള്ള ധാരാളം കേസ്സുകളുമുണ്ട്. കുടിവെള്ളമായതുകൊണ്ട് സമ്മർദ്ദങ്ങളും ബുദ്ധിമുട്ടുകളും മാനുഷിക പരിഗണനകളും കണക്കാക്കി കണക്ഷൻ കട്ട് ചെയ്യാനുള്ള ബുദ്ധിമുട്ടും വാട്ടർ അതോറിറ്റിക്കുണ്ട്. അതുകൊണ്ട് വെള്ളം ഉപയോഗിക്കാത്ത സമയം മീറ്റർ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ശ്രദ്ധിക്കുകയും പരാതിപ്പെടുകയും ചെയ്യണമെന്ന് അറിയിപ്പ് കൊടുത്തിരുന്നു. പക്ഷേ അതും

കാര്യക്ഷമമായി ആരും പ്രയോജനപ്പെടുത്തുന്നില്ല. വാട്ടർ അതോറിറ്റി ഇത്തരം കുടിശ്ശികതുക തീർപ്പാക്കുന്നതിനുവേണ്ടി അദാലത്ത് നടത്താൻ ശ്രമിക്കുകയാണ്. അതിനാവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ട്. ആഗസ്റ്റ് മാസം 15-ാം തീയതിവരെ വിവിധ തലങ്ങളിലാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. ചില കാര്യങ്ങൾ പരിശോധിച്ചപ്പോൾ, ഇതിലൂടെ ഏകദേശം 50 ശതമാനത്തിനടുത്ത് ഇളവുകൾ ലഭിക്കുമെന്നാണ് കാണാൻ സാധിച്ചത്. അതുപോലെ ബിൽ തുക വർദ്ധിച്ചതിൽ സംഭവിച്ച വീഴ്ച കണ്ടെത്താനും ശ്രമിക്കും. എല്ലാ എം.എൽ.എ.-മാരും സഹകരിച്ചാൽ കുടിശ്ശിക തീർപ്പാക്കാൻ കഴിയും. അദാലത്ത് നടത്തി നിലവിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതോടൊപ്പം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നല്ല രീതിയിൽ പരിഹരിച്ച് മുന്നോട്ടുപോകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ടി സിദ്ദിഖ്: സർ, ജൽ ജീവൻ പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട കാര്യം. കാരണം, ഈ പദ്ധതി വരുന്നുവെന്നതുകൊണ്ട് മറ്റുള്ള പദ്ധതികൾ വേണ്ടെന്ന നിലപാട് ഉദ്യോഗസ്ഥതലത്തിൽ ട്രൈബൽ മേഖലകളിലുൾപ്പെടെ സ്വീകരിച്ചുവരുന്നു. അതുകൊണ്ട് ഇത് എന്ന് പൂർത്തീകരിക്കാൻ സാധിക്കും; അതിനോടൊപ്പം

മറ്റ് പദ്ധതികളും കൂട്ടിച്ചേർത്ത് മുന്നോട്ടുപോകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 2024-25 ആകുമ്പോൾ ജൽ ജീവൻ പദ്ധതി പൂർത്തിയാക്കാൻ കഴിയണം. പ്രിയപ്പെട്ട അംഗത്തിന് ആ മണ്ഡലത്തെക്കുറിച്ച് നല്ല ബോധ്യമുണ്ട്. ഇത്തരം കാര്യങ്ങളിൽ നമ്മൾ ചെയ്യേണ്ടത് ഒരു പ്രദേശത്തിന്റെ പൊതുവായ വിഷയം പരിഹരിക്കാൻ നല്ല ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുകയെന്നുള്ളതാണ്. ചെറുകിട പദ്ധതികൾ കേരളത്തിന് എത്രത്തോളം പ്രായോഗികമാണെന്നത് സംബന്ധിച്ച് ചിന്തിക്കണം. വർഷം കഴിയുന്തോറും ഈ പദ്ധതികൾക്കാവശ്യമായ ജല സ്രോതസ്സ് ഇല്ലാതെവരുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് ജൽ ജീവൻ പോലുള്ള നല്ല പദ്ധതികൾ ഡെവലപ് ചെയ്യണം. ചെറുകിട പദ്ധതികൾ ഇതിൽ കൂട്ടിച്ചേർക്കുന്നതിന് ബുദ്ധിമുട്ടുണ്ടായിട്ടല്ല, ഈ പദ്ധതി പൂർത്തീകരിക്കാൻ ഇച്ഛാശക്തിയുണ്ടാകുകയെന്നുള്ളതാണ് പ്രധാനം. അതാത് നിയോജകമണ്ഡലത്തിൽ ബന്ധപ്പെട്ട എം.എൽ.എ.-മാർ ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ സമീപനം സ്വീകരിക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ വലിയ താത്പര്യമെടുക്കുകയും മുഖ്യമന്ത്രി നേരിട്ട് റിവ്യൂ ചെയ്യുകയും ചെയ്യുന്നുണ്ട്. കേന്ദ്ര വിഹിതത്തിന് പുറമെ സംസ്ഥാന വിഹിതമായി വലിയൊരു തുകയും കൊടുക്കുന്നുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി

ബന്ധപ്പെട്ട് തർക്കങ്ങളോ തടസ്സങ്ങളോ ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താൻ ഗവൺമെന്റ് തയ്യാറാണ്. ടെണ്ടർ നടപടികൾക്കുശേഷം പദ്ധതി പൂർത്തീകരണത്തിനായി ഒന്നരവർഷത്തെ കാലാവധിയായിരിക്കും നിശ്ചയിക്കുന്നത്. കാലാവസ്ഥ മോശമായതുകൊണ്ടോ മറ്റ് ചില കാരണങ്ങളാലോ ചിലപ്പോൾ കാലാവധി നീട്ടേണ്ടിവരും. കഴിഞ്ഞ ഒരു വർഷത്തിൽ 12 ലക്ഷം കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. അതനുസരിച്ച് മുന്നോട്ടുപോയാൽ 2026-നുമുൻപ് കേരളത്തിൽ സമ്പൂർണ്ണമായി കുടിവെള്ളം കൊടുക്കുന്ന പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പട്ടാമ്പി നിയോജകമണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ജൽ ജീവൻ മിഷന്റെ ഫണ്ട് ലഭ്യമാക്കുകയും വളരെ വേഗത്തിൽ നടപടികൾ പൂർത്തീകരിക്കുന്നതിന് സഹായിക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുകയാണ്. പട്ടാമ്പി നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. നിലവിലുള്ള 45 വർഷത്തോളം പഴക്കമുള്ള സിമെന്റ് പൈപ്പുകൾ പൊട്ടുന്നത് സ്ഥിരം സംഭവമാണ്. അമൃത് 2.0 പദ്ധതിയിൽ 7 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ഏതാണ്ട് 75 കോടി രൂപയുടെ എസ്റ്റിമേറ്റാണ്

എടുത്തിരിക്കുന്നത്. നഗരസഭ സ്ഥലം വാങ്ങിക്കഴിഞ്ഞു. പൈപ്പ് ലൈൻ മാറ്റാനും പ്ലാന്റിനുമുള്ള ഫണ്ട്കൂടി ലഭ്യമാക്കിക്കഴിഞ്ഞാൽ വളരെ വേഗത്തിൽ അത് പൂർത്തീകരിച്ച് പൂർണ്ണമായും കുടിവെള്ള പ്രശ്നം പരിഹരിച്ച മണ്ഡലമായി പട്ടാമ്പിയെ മാറ്റാൻ കഴിയും. അതിന് അങ്ങ് സഹായിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അമൃത് 2.0 പദ്ധതിയിൽ നമ്മൾ ഉദ്ദേശിച്ച തുക ലഭ്യമാകാത്തതിനാൽ ഓരോ മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും അനുവദിച്ച ഫണ്ടിൽ കുറവ് വന്നിട്ടുണ്ട്. അതിനാൽ ബാക്കിയുള്ള തുക കണ്ടെത്തി പദ്ധതികൾ പൂർത്തീകരിക്കേണ്ടതുണ്ട്. സ്റ്റേറ്റ് പ്ലാൻ ഉപയോഗിച്ചുമാത്രം പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്ന സ്ഥിതിയല്ല. സമ്പൂർണ്ണ കുടിവെള്ളം എന്ന നിലയിലേയ്ക്ക് വരുമ്പോൾ അർബൻ മേഖലയിലുണ്ടാകുന്ന ഷോർട്ടേജ് പരിഹരിക്കുന്നതിനെക്കുറിച്ച് തത്വത്തിൽ ആലോചിക്കേണ്ടതുണ്ട്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട അംഗത്തിന്റെ നിയോജകമണ്ഡലത്തിലെയും വിഷയങ്ങൾ പരിഹരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതായിരിക്കും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, വളരെ നല്ല ഭാവനയുള്ള ജൽ ജീവൻ പദ്ധതി നമ്മുടെ പഞ്ചായത്തുകളിൽ മുഴുവൻ വ്യാപിപ്പിച്ചെങ്കിലും ഇതിനായി പൈപ്പുകൾ ഇറക്കിക്കഴിയുമ്പോൾ, വളരെ കഷ്ടപ്പെട്ട്

പഞ്ചായത്തുകൾ നിർമ്മിച്ച റോഡുകൾ വെട്ടിപ്പൊളിക്കുകയാണ്. അത്തരം റോഡുകൾ നന്നാക്കുന്നത് അവരുടെ ബാദ്ധ്യതയാണെന്ന രീതിയിൽ കുടിവെള്ള പദ്ധതിയുടെ കോൺട്രാക്ടിൽത്തന്നെ ഉൾപ്പെടുത്തിയില്ലെങ്കിൽ വെള്ളം കിട്ടുമ്പോൾ റോഡ് നശിക്കുന്ന അവസ്ഥയുണ്ടാകും. അത്തരം സാഹചര്യമുണ്ടാകാതിരിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഭാഗത്തുനിന്നും ആവശ്യമായ സഹകരണമുണ്ടാകുന്നുണ്ടെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. പി.ഡബ്ല്യു.ഡി. റോഡുകളുടെ വശങ്ങളിൽക്കൂടി പൈപ്പുകൾ സ്ഥാപിച്ചാൽ ഒരു പരിധിവരെ പലപ്രശ്നങ്ങളും ഒഴിവാക്കാൻ സാധിക്കുമെങ്കിലും ചില സ്ഥലങ്ങളിൽ റോഡിന്റെ മധ്യഭാഗത്തുകൂടി മാത്രമേ കുഴിക്കുകയുള്ളൂവെന്ന വാശി കാണുന്നുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ആലോചിച്ച് ഷോൾഡർ ലൈനിലൂടെ പൈപ്പിടുന്നതിന് നിർദ്ദേശം നൽകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, സ്വാഭാവികമായും ഇത്തരം പദ്ധതികളുമായി ബന്ധപ്പെട്ട് ചില ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ട്. നിർബന്ധപൂർവ്വം റോഡിന്റെ മധ്യത്തിലൂടെ പൈപ്പ്‌ലൈൻ കൊണ്ടുപോകാൻ ശ്രമിക്കുന്നുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കാം; അങ്ങനെയൊരു

കാര്യം ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച ബുദ്ധിമുട്ടുകൾ പഞ്ചായത്തുകൾക്കുണ്ടാകുന്നത് സ്വാഭാവികമാണ്. കഴിഞ്ഞ വർഷത്തെ ലിസ്റ്റിലുള്ള പ്രവൃത്തികളിൽ കുടിവെള്ള പദ്ധതിക്കായി വെട്ടിപ്പൊളിക്കുന്ന പഞ്ചായത്ത് റോഡുകൾ പുനഃസ്ഥാപിക്കാനുള്ള ഫണ്ടുകൂടി ജൽ ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് റോഡ് പുനഃസ്ഥാപന പ്രവൃത്തിക്കായുള്ള ഫണ്ട് പഞ്ചായത്ത് കണ്ടെത്തേണ്ടതില്ല. ഗ്രാമീണമേഖലയിലെ റോഡുകൾ പൊളിക്കുമ്പോൾ അറ്റകുറ്റപ്പണി നടത്തുന്നതിനുംകൂടിയാണ് പദ്ധതിയുടെ ആദ്യ രണ്ട് ഘട്ടത്തിനുശേഷം ലഭിച്ച തുക വിനിയോഗിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ പൊതുവായ വീക്ഷണം ആവശ്യമായതുകൊണ്ട് പഞ്ചായത്തുകളുടെ സഹകരണവുമുണ്ടാകണം. മുൻകാലങ്ങളിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുമ്പോൾ റോഡ് വെട്ടിപ്പൊളിക്കേണ്ടി വന്നിട്ടുണ്ട്. പരമാവധി ദോഷകരമാകാതെയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതരത്തിലും പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്ന നടപടി സ്വീകരിക്കാം.

ശ്രീ. പി. വി. അൻവർ: സർ, ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഏറ്റവും വലിയ വെല്ലുവിളി നേരിടുന്നത് സ്ഥലം ഏറ്റെടുക്കുന്നതിലാണ്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏകദേശം 790 കോടി രൂപയുടെ പദ്ധതി

വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതിക്കായി വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന സ്ഥലംതന്നെ ഏറ്റെടുത്തുനൽകണം. അതുപോലെ സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതിൽ പല പ്രയാസങ്ങളും നേരിടുന്നുണ്ട്. നിലവിലെ ഭൂമി ഏറ്റെടുക്കൽ സംവിധാനമനുസരിച്ചുള്ള വില നിശ്ചയിച്ചാൽ ഭൂമി ലഭ്യമാകില്ല. നിലമ്പൂർ നിയോജകമണ്ഡലത്തിലെ രണ്ട് പ്രോജക്ടുകൾക്കായി എം.എൽ.എ. ഫണ്ടിൽനിന്നാണ് പണം വകയിരുത്തിയിരിക്കുന്നത്. വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കണമെങ്കിൽ ജില്ലാ കളക്ടർ തീരുമാനമെടുക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവർത്തനത്തിന്റെ പരിമിതികളെക്കുറിച്ചാണ് കളക്ടർ സൂചിപ്പിക്കുന്നത്. ബൃഹത്തായ പദ്ധതി എന്ന നിലയിൽ സ്ഥലം ഏറ്റെടുക്കുന്നതോടനുബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ഭൂമിവില നിശ്ചയിക്കുന്നതിനുള്ള പ്രത്യേക അധികാരം നൽകിയില്ലെങ്കിൽ പദ്ധതികൾ ഉദ്ദേശിച്ച രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയില്ല. ഇത്തരം പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഈ വിഷയം നേരത്തെതന്നെ സൂചിപ്പിച്ചതാണ്. ഇത്തരം പദ്ധതികൾക്കായി സ്ഥലമേറ്റെടുക്കുന്നതിനുള്ള

അധികാരംകൂടി ജില്ലാ കളക്ടർമാർക്ക് നൽകിയിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കളക്ടറുടെ നേതൃത്വത്തിൽ അതത് സ്ഥലങ്ങളിൽ യോഗം ചേർന്ന് ചർച്ചചെയ്ത് വില നിശ്ചയിക്കുകയും ഇതിനായി ഒരു പൊതുവേദി രൂപീകരിക്കുകയും ചെയ്യണം. പദ്ധതിക്കാവശ്യമായ സ്ഥലം കണ്ടെത്തേണ്ടത് അനിവാര്യമാണെന്നതിൽ തർക്കമില്ല. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് ശരിയാണ്, പദ്ധതിക്കായി ഓരോ സ്ഥലത്ത് ചെല്ലുമ്പോഴും മേൽസൂചിപ്പ ബുദ്ധിമുട്ട് നാം നേരിടുന്നുണ്ട്. ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടെ ഒരു യോഗം വിളിച്ചുചേർക്കേണ്ടതും ഏതെങ്കിലും വകുപ്പുകളുടെ കൈവശമുള്ള സ്ഥലം ലഭ്യമാകുമെങ്കിൽ അതിന് മുൻഗണന നൽകേണ്ടതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും ഇടപെടലുകൾക്കൊപ്പം ഇത്തരം പദ്ധതികളിൽ സാമൂഹ്യ ഇടപെടലുകളും ആവശ്യമാണ്. അതുപോലെ എല്ലാകാര്യങ്ങളും ചട്ടപ്രകാരം വേണമെന്ന നിർബന്ധബുദ്ധി പാടില്ല. ഭൂമി ഏറ്റെടുക്കുന്നതിന് അധികമായി വേണ്ടിവരുന്ന തുക സാമൂഹ്യ ഇടപെടലിലൂടെ സമാഹരിക്കുന്നതിന് സാധിക്കണം. അത്തരത്തിൽ ഒരു പൊതുവേദി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്തണമെന്ന അഭിപ്രായമാണുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, യഥാർത്ഥത്തിൽ ഈ പദ്ധതിയുടെ പകുതി വിഹിതം (50%) കേന്ദ്രവും ബാക്കി പകുതി സംസ്ഥാനവും വഹിക്കേണ്ടതാണ്. എന്നാൽ സംസ്ഥാന വിഹിതമായ അൻപത് ശതമാനം വകയിരുത്തേണ്ടതിനുപകരം 25% സംസ്ഥാനവിഹിതം, 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, 10% പൊതുസംഭാവന എന്നരീതിയിലുള്ള ഘടനയാണ് സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ചത്. ശമ്പളം കൊടുക്കാൻപോലും പണമില്ലാതെ പല പഞ്ചായത്തുകളും പ്രയാസപ്പെടുന്ന ഘട്ടത്തിൽ 15% വിഹിതം വഹിക്കുന്നതിന് കേരളത്തിലെ എത്ര പഞ്ചായത്തുകൾക്ക് സാധിക്കും? പദ്ധതിയുടെ 10% തുക പൊതുജനങ്ങളിൽനിന്നുള്ള വിഹിതമായി സമാഹരിക്കുന്നതും ശ്രമകരമാണ്. ഞാൻ സൂചിപ്പിക്കുന്നത് ഇതൊരു പൊതുവിഷയമാണ്, അതല്ലാതെ രാഷ്ട്രീയമായി ഏതെങ്കിലും പഞ്ചായത്തിൽമാത്രമുള്ള വിഷയമല്ല. ഗവൺമെന്റ് ഏറ്റെടുക്കേണ്ട ബാദ്ധ്യതകൂടി പഞ്ചായത്തുകളുടെ തലയിൽ കെട്ടിവയ്ക്കുന്ന നടപടി പിൻവലിക്കാനോ അതല്ലെങ്കിൽ പ്രസ്തുത വിഹിതം നൽകാൻ ശേഷിയില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതംകൂടി സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനോ നടപടി സ്വീകരിക്കാൻ

തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അവസാനം പറഞ്ഞ കാര്യമാണ് ശരിയായിട്ടുള്ളത്. പദ്ധതിവിഹിതം വഹിക്കുന്നതിൽ പ്രയാസമനുഭവിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്തുനടപടി സ്വീകരിക്കണമെന്നത് ആലോചിക്കേണ്ടതാണ്. എല്ലാവരുടെയും സഹകരണമില്ലാതെ ഒരു പദ്ധതിയും നടപ്പിലാക്കാൻ കഴിയില്ല. കേരളത്തിലെ ചില പഞ്ചായത്തുകൾക്ക് മുനിസിപ്പാലിറ്റികളെക്കാളും വരുമാനമുണ്ട്; പല പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അവരുടെതന്നെ സ്വന്തം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നുമുണ്ട്. ഒരു പദ്ധതിക്ക് അവശ്യംവേണ്ട വിഹിതം മാത്രമേ വകയിരുത്താൻ പറയുന്നുള്ളൂ. പ്രസ്തുത പദ്ധതി നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള എല്ലാ ഘടകങ്ങളും ഗവൺമെന്റിന് സഹായകമായി നിൽക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ് പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതിവിഹിതവും പഞ്ചായത്തുകളുടെ തനത് ഫണ്ടും എത്രയാണെന്ന് കൃത്യമായി അറിയാനുള്ള മാർഗ്ഗം തദ്ദേശസ്വയംഭരണ വകുപ്പിന് ഇന്നുണ്ട്. സഹായം അർഹിക്കുന്നവരാണെന്ന് ബോദ്ധ്യപ്പെടുകയും പദ്ധതി നടപ്പിലാക്കാൻ ബുദ്ധിമുട്ട് നേരിടുകയും

ചെയ്യുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ സഹായിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, ജൽ ജീവൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട തടസ്സം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുണ്ടാകുന്ന ചില പ്രശ്നങ്ങളാണ്. പഞ്ചായത്തുകളിലെ ഭരണകക്ഷി അംഗങ്ങൾ പദ്ധതിയെ പൂർണ്ണമായി അനുകൂലിക്കുമ്പോൾ പ്രസ്തുത സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥ സംവിധാനം വേണ്ടത്ര രീതിയിൽ ഇതുമായി സഹകരിക്കാത്ത സാഹചര്യമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്; അവയ്ക്ക് പരിഹാരം കാണേണ്ടതാണ്. 2024-25 വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ കൊടുക്കുന്നതിനുള്ള പദ്ധതിയെന്ന നിലയിൽ ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥ സംവിധാനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനായി പഞ്ചായത്ത് അദ്ധ്യക്ഷരുടെയും സെക്രട്ടറിമാരുടെയും ജില്ലാതല യോഗങ്ങൾ വിളിച്ചുചേർത്ത് കർശന നിർദ്ദേശം നൽകുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്

വളരെ പ്രത്യേകതയുള്ള ചോദ്യമാണ്. ഒരു കാരണവശാലും മേൽസൂചിപ്പിച്ച തരത്തിലുള്ള ഒരു നിലപാട് ഉദ്യോഗസ്ഥർ സ്വീകരിക്കാൻ പാടില്ല. ഗവൺമെന്റ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കാവശ്യമായ സഹായം ചെയ്യേണ്ട ചുമതല ഉദ്യോഗസ്ഥർക്കുണ്ട്. ഇത്തരം പദ്ധതികൾക്ക് ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നുവെന്നത് അത്യന്തം ഗൗരവമുള്ള വിഷയമാണ്. സ്വാഭാവികമായും ജനപ്രതിനിധികളുൾപ്പെടെ ഇക്കാര്യത്തിൽ കാണിക്കുന്ന താത്പര്യത്തോട് യോജിച്ച് പ്രവർത്തിക്കാൻ ഉദ്യോഗസ്ഥർ തയ്യാറാകണം. ആരെങ്കിലും ഇതിനുവിരുദ്ധമായി പ്രവർത്തിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെങ്കിൽ അത്തരം വിഷയങ്ങൾ പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. കേരളത്തിലുടനീളം എല്ലാ വീടുകളിലും ടാപ്പുകളിൽനിന്നും വെള്ളം ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ സുപ്രധാന പദ്ധതിയാണെന്നിരിക്കെ, അതിലെന്തെങ്കിലും തടസ്സം സൃഷ്ടിക്കാൻ ഉദ്യോഗസ്ഥതലത്തിലുണ്ടാകുന്ന ഇടപെടലുകളെ ഗൗരവത്തോടെ കാണുന്നതാണ്; ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകുന്നതല്ല.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, സാധാരണക്കാർ കുടിവെള്ളത്തിനായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് കിണർ/

കുഴൽക്കിണറുകളെയാണ്. കുഴൽക്കിണർ നിർമ്മിക്കുന്നതിന് എന്റെ ജില്ലയിൽ കിണർ കുഴിക്കുന്നതിനേക്കാൾ കുറഞ്ഞ ചെലവാണുള്ളത്. കഴിഞ്ഞ നാല് വർഷമായി എന്റെ നിയോജകമണ്ഡലത്തിലും കാസർഗോഡ് താലൂക്കിലും കുഴൽക്കിണർ കുഴിക്കുന്നതിന് കളക്ടർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്; അപേക്ഷിക്കുന്നവർക്ക് കിണർ കുഴിക്കുന്നതിനുള്ള അനുവാദം ലഭ്യമാകുന്നില്ല. വീട് നിർമ്മാണത്തിനായി കുഴൽക്കിണർ കുഴിച്ചാലും പോലീസ് പിടികൂടി വൻതുക പിഴ ഈടാക്കുന്നുണ്ട്. ആയതിനാൽ മഞ്ചേശ്വരത്തടക്കമുള്ള പ്രസ്തുത നിരോധനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, നിരോധനം എന്നതുകൊണ്ടുദ്ദേശിച്ചത് എന്താണെന്ന് മനസ്സിലായില്ല. ചില ജില്ലകളിൽ കുഴൽക്കിണർ കുഴിക്കാൻ സാധ്യമല്ലാത്ത സാഹചര്യമുണ്ടാകുന്നത് ഭൂഗർഭജലവുമായി ബന്ധപ്പെട്ട പഠനത്തിന്റെ ഭാഗമായിട്ടായിരിക്കാം, അത് പരിശോധിക്കേണ്ടതായിട്ടുണ്ട്. അത്തരം കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭ്യമാകുന്ന വിഹിതം പലരൂപത്തിലും

കുറഞ്ഞുവരികയാണ്. അമൃത് പദ്ധതിക്ക് നേരത്തേയുണ്ടായിരുന്ന വിഹിതം അൻപത് ശതമാനമായിരുന്നത് ഇപ്പോൾ ഇരുപത്തഞ്ച് ശതമാനമായി കുറച്ചിരിക്കുകയാണെന്നത് ശരിയാണോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അമൃത് പദ്ധതിക്കായി കേന്ദ്രസർക്കാർ അനുവദിച്ച തുകയിലെ കുറവ് നേരത്തെതന്നെ സൂചിപ്പിച്ചു. പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിരുന്നെങ്കിലും കേന്ദ്രവിഹിതത്തിൽ കുറവ് സംഭവിച്ചതിനാലാണ് പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിൽ ചെറിയ വിഷമം നേരിട്ടത്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്ന ആവശ്യത്തിന് മുൻഗണന നൽകിക്കൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികളെക്കുറിച്ച് സംസ്ഥാന ഗവൺമെന്റ് ആലോചിച്ചുവരുന്നു.

ശ്രീമതി ദെലീമ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമാണ്. താഴ്ന്ന പ്രദേശമായതുകൊണ്ട് കാലപ്പഴക്കംചെന്ന പൈപ്പുകൾ പൊട്ടുന്നൊരവസ്ഥയുമുണ്ട്. അതുകൊണ്ട് ഒറ്റപ്പെട്ട വീടുകളിൽ കുടിവെള്ളം കിട്ടുന്നില്ല. മാത്രമല്ല, തുറവൂർ, കുത്തിയതോട് പഞ്ചായത്തുകൾക്കായി ഒരു ടാങ്ക് മാത്രമാണുള്ളത്. തീരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായതിനാൽ ആയത്

പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജൽ ജീവൻ മിഷൻ പദ്ധതിയിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഈ പദ്ധതിയുടെ ഭാഗമായി കാലപ്പഴക്കമുള്ള പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. കേരളത്തിൽ പൊതുവെ വാട്ടർ അതോറിറ്റി ആദ്യഘട്ടത്തിൽ ചെയ്ത പല പൈപ്പുകളും ഉപയോഗശൂന്യമാകുന്ന സ്ഥിതിയുണ്ട്. നിരവധിയായ പൈപ്പ് പൊട്ടലുകളുണ്ടാകുന്നതും ചോർച്ചയുണ്ടാകുന്നതുമെല്ലാം അതിന്റെ ഭാഗമാണ്. ഒരു സ്ഥലത്തെ പൈപ്പ് നന്നാക്കുമ്പോൾ മറ്റൊരിടത്തെ പൈപ്പ് പൊട്ടിപ്പോകുന്ന ഒരവസ്ഥയാണുള്ളത്. അതുകൊണ്ട് കാലപ്പഴക്കത്തെക്കുറിച്ച് ഒരു രൂപരേഖ തയ്യാറാക്കാനായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വളരെ പഴക്കമുള്ള പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടിയെ സംബന്ധിച്ചാണ് സർക്കാർ ആലോചിക്കുന്നത്.

മി. സ്പീക്കർ: ചോദ്യം നമ്പർ *212. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസ്തുത ചോദ്യത്തിന് മറുപടി പറയുന്നതിനുമുമ്പ് ഒരു കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഈ വിഷയം ജൂൺ 30-ാം തീയതി ചോദ്യം നമ്പർ *63 ആയി സഭയിൽ വന്നതും ബന്ധപ്പെട്ട വകുപ്പുമന്ത്രി വിശദമായി

മറുപടി പറഞ്ഞതുമാണ്. കൂടാതെ അന്നുതന്നെ പ്രസ്തുത വിഷയത്തിൽ ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച അടിയന്തരപ്രമേയ നോട്ടീസിനും ബഹുമാനപ്പെട്ട മന്ത്രി വിശദമായ മറുപടി നൽകിയതാണ്. ഇക്കാര്യം സഭാംഗങ്ങളെ ഓർമ്മിപ്പിച്ചുവെന്ന് മാത്രം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അതിനോടൊപ്പം ഒരു കാര്യംകൂടി പറയാനുണ്ട്. 2022 ജൂലൈ 19-ാം തീയതിയിലും ഇതേ സ്വഭാവമുള്ള ചോദ്യം ഷെഡ്യൂൾ ചെയ്തിട്ടുണ്ടെന്നത് ചെയർ പരിശോധിക്കുന്നത് ഉചിതമായിരിക്കും.

## ഇക്കോ സെൻസിറ്റീവ് സോണുകൾ

2(*212) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച വിഷയത്തിൽ സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഇടപെടൽ കാര്യക്ഷമമായിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം സെൻട്രൽ എംപവേർഡ് കമ്മിറ്റിയെയും

പരിസ്ഥിതി, വനം, കാലാവസ്ഥാ മന്ത്രാലയത്തെയും അറിയിക്കണമെന്നും ഇതിന്റെയടിസ്ഥാനത്തിൽ കോടതി ഉചിതമായ നടപടി സ്വീകരിക്കുമെന്നും ഇതുസംബന്ധിച്ച സുപ്രീംകോടതി വിധിയിൽ പ്രതിപാദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ&ബി) 08-05-2013-ലെയും 23-10-2019-ലെയും മന്ത്രിസഭാ യോഗ തീരുമാനപ്രകാരം ഇക്കോ സെൻസിറ്റീവ് സോണുകൾ നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ യഥാക്രമം 2015-ലും 2020-ലും കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളിൽ ഒന്നൊഴികെ മറ്റൊന്നും കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. മതികെട്ടാൻ ചോല ദേശീയോദ്യാനത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിനുമാത്രം 28-12-2020-ൽ അംഗീകാരം ലഭിച്ചു. കരട് വിജ്ഞാപനങ്ങളിലെ നിർദ്ദേശങ്ങളിൽ ജനവാസമേഖല ഉൾപ്പെട്ടതിനാൽ ജനവാസ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ്

സോൺ നിശ്ചയിക്കുന്നതിനുള്ള കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽ നിർദ്ദേശിക്കുന്നപ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ 0-1 കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കാൻ തീരുമാനിക്കുകയുമുണ്ടായി. ടി യോഗ തീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചതിനുശേഷം ജനവാസ കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച്

റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ നിർദ്ദേശങ്ങൾ സി.ഇ.സി.-ക്കും സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ ഭൂവിസ്തൃതി, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, വനമേഖലാ വിസ്തൃതി, ജനസാന്ദ്രത തുടങ്ങിയ പ്രത്യേക സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ESZ-ൽനിന്നും ജനവാസ മേഖലകളെ ഒഴിവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വനം-വന്യജീവി വകുപ്പ് കേന്ദ്ര പരിസ്ഥിതി-വനം വകുപ്പുമന്ത്രിക്ക് 22-06-2022-ൽ കത്തയച്ചിട്ടുണ്ട്. ദീർഘമായ മറുപടിയായതിനാൽ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീ. ടി. ജെ. വിനോദ്: സർ, 03-06-2022-ലെ ബഫർ സോൺ സംബന്ധിച്ച സുപ്രീംകോടതി ഉത്തരവ് ജാതി ഭേദമെന്യേ കേരളത്തിലെ എല്ലാ ജനങ്ങളെയും ആശങ്കയിലാക്കിയിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് സർക്കാരെടുക്കുന്ന തീരുമാനങ്ങളെ സംബന്ധിച്ച് വ്യക്തമായറിയാൻ ജനങ്ങൾക്കാഗ്രഹമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ 2022 ജൂലൈ 7-ന് നിയമസഭ ഐകകണ്ഠ്യേന

+ അനുബന്ധമായി ചേർക്കുന്നു.

അംഗീകരിച്ച പ്രമേയവുമായി മുന്നോട്ടുപോകുമെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും ഒരു കിലോ മീറ്റർവരെ ഇക്കോ സെൻസിറ്റീവ് സോണാകാമെന്ന് 2019 ഒക്ടോബർ 23-ന് കേരള സർക്കാരെടുത്ത തീരുമാനം ക്യാബിനറ്റ് കൂടി പിൻവലിക്കാത്തപക്ഷം സുപ്രീംകോടതിക്ക് നൽകുന്ന പുന:പരിശോധനാ ഹർജിയും സെൻട്രൽ എംപവേർഡ് കമ്മിറ്റിക്ക് നൽകുന്ന അപ്പീലും തള്ളാനുള്ള സാധ്യതയുണ്ട്. അതിനാൽ സർക്കാർ 2019-ലെ ക്യാബിനറ്റ് തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കഴിഞ്ഞ ദിവസം ഇതുസംബന്ധിച്ച അടിയന്തരപ്രമേയ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അക്കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ വളരെ വ്യക്തമായി മറുപടി പറഞ്ഞതാണ്. കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയത്തിൽ അത് ചേർക്കേണ്ടതില്ല. അത് സംസ്ഥാന സർക്കാർ ചെയ്യേണ്ട കാര്യമാണ്. അതിന്റെ സാധ്യത പരിശോധിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ക്യാബിനറ്റ് തീരുമാനം പുന:പരിശോധിക്കുമെന്ന് മന്ത്രി പറഞ്ഞതിൽ സന്തോഷമുണ്ട്. എറണാകുളം നഗരത്തിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന മംഗളവനം പക്ഷി സങ്കേത

കേന്ദ്രത്തെ സെപ്റ്റംബർ 2020-ൽ ഇക്കോ സെൻസിറ്റീവ് സോണായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം കരട് വിജ്ഞാപനം ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പുതിയ ഉത്തരവുപ്രകാരം ഇതിന്റെ ഒരു കിലോമീറ്റർ ചുറ്റളവ് പരിസ്ഥിതിലോല പ്രദേശമായി മാറുന്ന സാഹചര്യം മംഗളവനത്തെ ബാധിക്കുമോ; അങ്ങനെ വന്നാൽ എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഹൈക്കോടതി, മാർക്കറ്റ്, ബ്രോഡ്‌വെ, അയ്യപ്പൻകാവ്-പച്ചാളം പ്രദേശത്തെ ജനസാന്ദ്രതയുള്ള പ്രദേശങ്ങൾ തുടങ്ങിയവയെല്ലാം ഇതിലുൾപ്പെടും. മാത്രമല്ല, പ്രധാനപ്പെട്ട വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന ഈ പ്രദേശത്തിന്റെ തുടർ വികസനത്തിന് സ്തംഭനവുമുണ്ടാകും. അതിനെ അതിജീവിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, മംഗളവനത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പങ്കുവച്ച ആശങ്ക ശരിയാണ്. അത് മനസ്സിലാക്കി മംഗളവനത്തെയും ബന്ധപ്പെട്ട പ്രദേശങ്ങളെയും പൂർണ്ണമായും ഇതിൽനിന്നും ഒഴിവാക്കാനുള്ള നടപടിയാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീമതി കെ. കെ. രമ:</u> സർ, ഇക്കോ സെൻസിറ്റീവ് സോണുകളിലെ ജനവാസകേന്ദ്രങ്ങളെ മുൻനിർത്തി ക്വാറി മാഫിയയും ഭൂമാഫിയയും

വൻതോതിൽ പ്രകൃതി ചൂഷണം നടത്തുന്ന സാഹചര്യമുണ്ട്. ഇക്കോ സെൻസിറ്റീവ് സോണുകളിലെ അനധികൃത ക്വാറികൾ, ഇതര സംരംഭങ്ങൾ തുടങ്ങിയവയെക്കുറിച്ച് ആധികാരികമായ പഠനങ്ങളെന്തെങ്കിലും നടന്നിട്ടുണ്ടോ; ജനവാസ കേന്ദ്രങ്ങളെ മുൻനിർത്തി പ്രകൃതി ചൂഷണം നടത്തുന്നവരെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇത് മറ്റ് പ്രധാന പ്രശ്നങ്ങളിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധകൊണ്ടുവരുന്ന ചോദ്യമാണ്. ഇത്തരത്തിലുള്ള ചൂഷണം ഈ മേഖലകളിലുണ്ടാകാൻ പാടില്ലെന്ന ഉദ്ദേശ്യം മനസ്സിൽവച്ചുകൊണ്ടാണ് കേന്ദ്രസർക്കാർ ബഫർ സോണുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കേരളംപോലുള്ള സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളും ബഫർ സോണുകളായി പ്രഖ്യാപിച്ചാലുണ്ടാകാനിടയുള്ള ജനകീയ പ്രശ്നങ്ങൾ പരിഗണിച്ചുകൊണ്ടാണ് ഇളവ് വേണമെന്ന് പറഞ്ഞത്. അങ്ങനെ ആവശ്യപ്പെടുമ്പോഴും ചുവന്ന പട്ടികയിൽപ്പെട്ട വ്യവസായങ്ങളും വലിയ തോതിലുള്ള മൈനിംഗും അനുവദിക്കുകയില്ലെന്ന ക്ലാരിഫിക്കേഷൻകൂടി അതിലുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആശങ്ക ശരിയാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ:</u> സർ, ഇക്കോ സെൻസിറ്റീവ് സോണിന്റെ ഭാഗമായി

ഉയർന്നുവന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ അവസരോചിത നിലപാടുകൾ സ്വീകരിച്ചുവരികയാണ്. എന്റെ ചോദ്യം, കേരളത്തിലെ വനമേഖലയോട് ചേർന്ന് നൂറ്റാണ്ടുകളായി ജീവിക്കുന്ന ആദിവാസികളെയും പിന്നാക്ക ജനവിഭാഗങ്ങളെയും നേരിട്ട് ബാധിക്കുന്ന ഈ വിഷയത്തിൽ നിയമനിർമ്മാണം നടത്തണമെന്ന് കേരളത്തിൽനിന്നുള്ള പാർലമെന്റംഗങ്ങൾ കേന്ദ്രസർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ വിഷയത്തിൽ ഭരണ-പ്രതിപക്ഷ കക്ഷി വ്യത്യാസമില്ല. പാർലമെന്റ് സമ്മേളനത്തിന്റെ മുന്നോടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത, കേരളത്തിൽനിന്നുള്ള ലോക്സഭ, രാജ്യസഭാംഗങ്ങളുടെ യോഗത്തിൽ പാർലമെന്റിൽ സംയുക്തമായി സ്വീകരിക്കാൻ കഴിയുന്ന നടപടികളെല്ലാം ചെയ്യുമെന്നും അവരുടേതായ രീതിയിലൂടെ പ്രശ്നങ്ങൾ ഉന്നയിച്ച് പരിഹാരം കാണുമെന്നും എം.പി.മാർ ഉറപ്പ് നൽകിയിട്ടുണ്ട്. അവരുടെ പ്രവർത്തനം കേരളത്തിന് ഗുണകരമായിത്തീരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിൽ സൈലന്റ് വാലി വന്യജീവി സങ്കേതമുണ്ട്. അതിനുപുറമെ ഭവാനി വന്യജീവി സങ്കേതമെന്ന

പുതിയ വന്യജീവി സങ്കേതത്തിനുള്ള പ്രൊപ്പോസലും നിലവിലുണ്ട്. അതിന്റെ നോട്ടിഫിക്കേഷനായിട്ടില്ല. പുതിയൊരു വന്യജീവി സങ്കേതംകൂടി നിലവിൽ വന്നാൽ അതിനും ബഫർ സോണും മറ്റ് പ്രശ്നങ്ങളുമുണ്ടാകും. അതുകൊണ്ട് കേരളത്തിൽ പുതിയ വന്യജീവി സങ്കേതങ്ങൾ വേണ്ടെന്ന നിലപാട് സ്വീകരിക്കുന്നതോടൊപ്പം നോട്ടിഫിക്കേഷനാകാത്തതിനാൽ അട്ടപ്പാടിയിലെ പുതിയ വന്യജീവി സങ്കേതത്തിന്റെ പ്രൊപ്പോസൽ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിയമപരമായി സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാം. ഇതുസംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ പ്രതിപക്ഷ എം.പി.-മാർ പങ്കെടുത്തിട്ടില്ലെന്നത് ദൗർഭാഗ്യകരമാണ്. പക്ഷേ, അവർ സഹകരിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

## സ്വാഭാവിക വനവികസനം

3(*213) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധിനിവേശ സസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും കടന്നുകയറ്റം സ്വാഭാവിക വനങ്ങളെ ദോഷകരമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സസ്യങ്ങളെയും വൃക്ഷങ്ങളെയും ഒഴിവാക്കി സ്വാഭാവിക വനം വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്വാഭാവിക വനത്തിന്റെ ശോഷണ ഫലമായിട്ടാണോ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നതെന്ന് പരിശോധിക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ)നം.29/2021/വനം പ്രകാരം നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും

ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് വിഭാവന ചെയ്യുന്നത്. ആരോഗ്യകരമായ സ്വാഭാവിക/പരിസ്ഥിതി പുനഃസ്ഥാപനത്തിന് സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യംവയ്ക്കുന്നത്.

(സി) ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാനയുൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. പ്രസ്തുത പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കാനുള്ള കാരണങ്ങളിലൊന്നായ സ്വാഭാവിക വനത്തിന്റെ ശോഷണത്തിന് കാരണമായ അധിനിവേശ സസ്യങ്ങളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ.പി.എ. മജീദ്: സർ, വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്നത് സംബന്ധിച്ച് പല ഘട്ടങ്ങളിലായി ചർച്ച നടത്തിയതാണ്. ആനകളുടെ ശല്യം കാരണം കർഷകർക്കും ആദിവാസികൾക്കും നിരന്തരം ബുദ്ധിമുട്ടുണ്ടാകുകയാണ്. ഇവിടെ സൂചിപ്പിച്ച പഠനത്തിൽ ഇത്തരം സാഹചര്യത്തെ നേരിടുന്നതിന് എന്തെല്ലാം ചെയ്യാനാണുദ്ദേശിക്കുന്നത്; അതുസംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതുസംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. വനശോഷണവും വിദേശ സസ്യങ്ങളുടെ വളർച്ചയും കാട്ടാനകളെ കാട്ടിൽനിന്നും നാട്ടിലെത്തിക്കുന്നതിന് പ്രേരകമായ ഘടകങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, ആ പ്രേരക ഘടകത്തിന് എന്തെങ്കിലും പരിഹാരമുണ്ടായിട്ടുണ്ടോ; പരിഹാര നിർദ്ദേശങ്ങളുണ്ടോ; ഈ പ്രശ്നം പരിഹരിക്കാൻ വനം വകുപ്പ് എന്താണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിന് രണ്ട് തരത്തിലുള്ള പരിഹാരമാർഗ്ഗങ്ങളാണ് നമുക്ക് ചെയ്യാനുള്ളത്. ഒന്ന്, കാട്ടാനകളും മറ്റ്

വന്യമൃഗങ്ങളും കടന്നുവരുന്ന മേഖലകളിൽ കിടങ്ങുകൾ, ഫെൻസിംഗ്, മതിൽ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക. സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ചാണ് ഓരോ വർഷവും അത്തരം കാര്യങ്ങൾ ചെയ്യുന്നത്. രണ്ട്, വനഭൂമിയെ ശക്തിപ്പെടുത്തുകയും തടയണകൾ സൃഷ്ടിച്ചുകൊണ്ട് കുളങ്ങളുണ്ടാക്കുകയും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് അവയെ സ്വാഭാവിക വനങ്ങളാക്കി മാറ്റുകയും ചെയ്യുന്നതിലൂടെ കുടിവെള്ളവും ഭക്ഷണവും കാട്ടിനകത്തുതന്നെ ലഭ്യമാക്കുക. ഇവയൊക്കെയാണ് അതിന് കണ്ടെത്തിയിട്ടുള്ള പരിഹാര മാർഗ്ഗങ്ങൾ.

ശ്രീ. പി. കെ. ബഷീർ: സർ, അധിനിവേശ സസ്യങ്ങളും വൃക്ഷങ്ങളും കാരണം സ്വാഭാവിക വനം നശിക്കുന്നുണ്ടോയെന്നാണ് ചോദിച്ചത്. അധിനിവേശ സസ്യങ്ങൾ കൂടുതലുള്ളതുകൊണ്ട് മുത്തങ്ങയിൽ വനം വകുപ്പ് ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അത് സംസ്ഥാനത്തെ മറ്റ് വനമേഖലകളിൽക്കൂടി നടപ്പിലാക്കുമോ? മൂന്നാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിൽ വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേയ്ക്കിറങ്ങുന്ന സാഹചര്യമുണ്ടെന്ന് സൂചിപ്പിക്കുന്നു. നിലവിൽ ആനകളുടെ എണ്ണത്തിൽ വർദ്ധനവുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി മലയോരമേഖലയിൽ കൃഷിചെയ്യുന്ന കൈതച്ചക്ക, വാഴ, മാങ്ങ തുടങ്ങിയവ കഴിക്കാനായി ആന

കാട്ടിൽനിന്നിറങ്ങുന്നുണ്ട്. അവിടെ ഫെൻസിംഗ് നിർമ്മിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് ജണ്ട കെട്ടുന്നതുപോലെയുള്ള സംവിധാനങ്ങളൊരുക്കാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ഏറനാട് എം.എൽ.എ. അനുഭവത്തിൽനിന്ന് പറഞ്ഞ കാര്യമാണ്. അക്കാര്യം എല്ലാ എം.എൽ.എ.മാരും മനസ്സിലാക്കുന്നത് നല്ലതാണ്. വനമേഖലകളിലെ കൃഷി വന്യജീവികളെ ആകർഷിക്കുന്നുണ്ടോയെന്നതാണ് പ്രശ്നം. ആകർഷിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിൽനിന്ന് മനസ്സിലായത്. അത് ഒഴിവാക്കണമെങ്കിൽ പ്രത്യേക മേഖലകളിൽ പ്രത്യേക രീതിയിലുള്ള കൃഷി മാത്രമേ ചെയ്യാൻ കഴിയൂവെന്ന പൊതുനിലപാട് നമ്മൾ സ്വീകരിക്കേണ്ടിവരും. ഈ വിഷയത്തിൽ എനിക്ക് മാത്രമായൊരു ഉത്തരം പറയാൻ സാധിക്കില്ല. സംസ്ഥാനം അത്തരത്തിൽ പൊതുനിലപാട് സ്വീകരിച്ചാൽ വലിയൊരു പരിഹാരമാർഗ്ഗമായിരിക്കും. പക്ഷേ അത് പെട്ടെന്ന് പ്രായോഗികമാക്കാൻ കഴിയുന്ന കാര്യമാണെന്ന് തോന്നുന്നില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ഇരുവശത്തുമുള്ള വീടുകളുടെയും മറ്റ് കെട്ടിടങ്ങളുടെയുമെല്ലാം പരിസരത്ത്

ഭംഗിക്കും തണലിനുംവേണ്ടി പാഴ്മരങ്ങൾ വച്ചുപിടിപ്പിക്കാറുണ്ട്. എന്നാൽ അവ പെട്ടെന്ന് വളരുകയും വീടിനും കെട്ടിടങ്ങൾക്കും അപകടങ്ങളുണ്ടാക്കുകയും ചെയ്യുന്നു. അത് വെട്ടി മാറ്റുന്നതിനായി പഞ്ചായത്തിനോട് ആവശ്യപ്പെട്ടാൽ അനുവാദത്തിനായി ആദ്യം വനം വകുപ്പിന്റെ ട്രീ കമ്മിറ്റിയിലേയ്ക്കും സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ടുമെന്റിലേയ്ക്കും തുടർന്ന് പി.ഡബ്ല്യു.ഡി.-യിലേയ്ക്കും അയച്ച് നടപടി സ്വീകരിക്കുന്നതിന് ഒരു വർഷം വരെ സമയമെടുക്കുന്നുണ്ട്. അതുകൊണ്ട് മരങ്ങൾ വെട്ടി മാറ്റുന്നതിന് പഞ്ചായത്തിന് അധികാരം നൽകാൻ സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിലവിലുള്ള നിയമനടപടികളിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ചാണ് അങ്ങിവിടെ ചൂണ്ടിക്കാണിച്ചത്. ഇത് വനം വകുപ്പുമന്ത്രിക്കുമാത്രമായി തീരുമാനമെടുക്കാൻ കഴിയുന്ന വിഷയമല്ലെന്ന് അങ്ങേയ്ക്ക് നന്നായി അറിയാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദേശ അധിനിവേശ സസ്യങ്ങൾ വനത്തിൽ തഴച്ചുവളരുന്നതാണ് വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങാൻ കാരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ കണ്ടെത്തലാണിത്. അതുകൊണ്ട് വന്യമൃഗങ്ങൾക്കാവശ്യമുള്ളതും അവ കാലാകാലങ്ങളായി

ഉപയോഗിച്ചുവരുന്നതുമായ പരമ്പരാഗത സസ്യങ്ങളും ധാരാളം ചക്കയുണ്ടാകുന്ന പ്ലാവ് പോലുള്ള വൃക്ഷങ്ങളും വനത്തിനുള്ളിൽ നട്ടുപിടിപ്പിക്കുകയും വിദേശ സസ്യങ്ങളെ നശിപ്പിക്കുകയും ചെയ്തുകൊണ്ട് വന്യജീവികളെ വനത്തിൽ നിലനിർത്തുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതെല്ലാം മനസ്സിലാക്കി സംസ്ഥാന വനം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'വൃക്ഷശ്രീ' എന്ന പരിപാടിയിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക, വിദേശ സസ്യങ്ങളെ ഇല്ലാതാക്കുക തുടങ്ങിയ പരിപാടികളാണുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കാരണങ്ങളിൽ ഒന്നുമാത്രമാണ് വനശോഷണമെന്നുകൂടി കൂട്ടിച്ചേർക്കേണ്ടതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലംമുതൽ അക്കേഷ്യ പോലുള്ള അധിനിവേശ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്ന രീതിയിൽ മാറ്റം വരുത്തിയിരുന്നു. പക്ഷേ അക്കേഷ്യ മരങ്ങൾ റീപ്ലാന്റ് ചെയ്യാത്തൊരു ഘട്ടം വന്നപ്പോൾ അവയുടെ അടിക്കാടുകൾ വളരുന്നത് സമയോചിതമായി ഉന്മൂലനം ചെയ്യാത്തതിന്റെ ഭാഗമായി അത് നട്ടുപിടിപ്പിച്ചിരുന്നതിനേക്കാൾ അപകടകരമായ നിലയിൽ വളർന്നുവരുന്ന സാഹചര്യമുണ്ട്. അത് മനുഷ്യ-

വന്യ ജീവിത ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത്തരം അടിക്കാടുകൾ വേരോടെ പിഴുതുമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വനമേഖലയുമായി ബന്ധപ്പെട്ട ഇത്തരം അടിക്കാടുകൾ പെട്ടെന്ന് മാറ്റാനുള്ള സാമ്പത്തിക സ്ഥിതി ഇപ്പോഴില്ല. വനസംരക്ഷണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ അത് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, മലയോരങ്ങളിലെ പല റോഡുകളും വനമേഖലയ്ക്ക് സമീപമുള്ളതാണ്. നിലവിലുള്ള നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി അത്തരം റോഡുകൾ നിർമ്മിക്കുന്നതിന് പ്രത്യേകാനുമതി നൽകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിന് പൊതുവെ ഒരുത്തരം പറയാൻ കഴിയില്ല. ഓരോ റോഡിനും വനവിസ്തൃതിയുടെ എത്ര വേണ്ടിവരും, ഏതുവഴിയാണ് പോകുന്നത് എന്നിങ്ങനെയുള്ള ചില കാര്യങ്ങളുണ്ട്. ഒന്നര ഹെക്ടറിന് താഴെയുള്ള സ്ഥലമാണെങ്കിൽ കേന്ദ്രസർക്കാരിന്റെ പ്രത്യേകം രൂപീകരിച്ച പോർട്ടലിലൂടെ അപേക്ഷിച്ച് അനുമതി ലഭ്യമാക്കേണ്ടതുണ്ട്.

ഏതെങ്കിലും പ്രത്യേകമായ കാര്യമുണ്ടെങ്കിൽ അന്വേഷിച്ച് ബഹുമാനപ്പെട്ട അംഗത്തിന് മറുപടി നൽകുന്നതാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സംസ്ഥാനത്തെ കടുവ സങ്കേതങ്ങളിലൊന്ന് നെന്മാറ നിയോജകമണ്ഡലത്തിലെ പറമ്പിക്കുളം മേഖലയിലാണ്. സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി തേക്ക് പ്ലാന്റ് ചെയ്ത സ്ഥലംകൂടിയാണ് പറമ്പിക്കുളം മേഖല. യഥാർത്ഥത്തിൽ നാൽപ്പത് വർഷം കഴിഞ്ഞാൽ തേക്ക് മുറിച്ചുമാറ്റാവുന്ന ഘട്ടത്തിലെത്തുന്നതാണ്. പറമ്പിക്കുളം കടുവ സങ്കേതത്തിൽ ആനയ്ക്ക് സഞ്ചരിക്കാൻ അൻപത് കിലോമീറ്ററും കടുവയ്ക്ക് സഞ്ചരിക്കാൻ നൂറ് കിലോമീറ്ററും ആവശ്യമാണ്. സ്വാഭാവികമായും മനുഷ്യവാസമുള്ള പറമ്പിക്കുളം മേഖലയിൽ മനുഷ്യരാൽ നട്ടുപിടിപ്പിച്ച തേക്ക് പ്ലാന്റ് മുറിച്ചുമാറ്റിയാൽ സംസ്ഥാന ഖജനാവിൽ വലിയ തോതിലുള്ള സമ്പത്ത് വരുന്നതാണ്. അതുകൊണ്ട് സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി പറമ്പിക്കുളം മേഖലയിൽ നട്ടുവളർത്തിയതും കാലാവധി കഴിഞ്ഞതുമായ തേക്ക് മുറിച്ചുമാറ്റാൻ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നിലവിലുള്ള സ്ഥിതിയിൽനിന്നും വ്യത്യസ്തമായി പുതിയ തീരുമാനമെടുത്തിട്ടില്ല.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ബഫർ സോൺ പോലെ വന്യമൃഗശല്യവും സംസ്ഥാനത്ത് വലിയ ആശങ്ക സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിൽ വലിയ ജനരോഷമാണ് നിലനിൽക്കുന്നത്. പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. ഫെൻസിംഗുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാലാകാലങ്ങളിൽ അതിന്റെ അറ്റകുറ്റപ്പണി നടത്താനാവശ്യമായ ഫണ്ടുകൂടി സർക്കാർ അനുവദിക്കണം. രണ്ടാമതായി, നാട്ടിലിറങ്ങുന്ന ആനയെ ഓടിക്കേണ്ടത് വാച്ചർമാരാണ്. എന്നാൽ ശമ്പളം കൊടുക്കാൻ കഴിയാത്തതിനാൽ വാച്ചർമാരെ പിരിച്ചുവിട്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ഒരു ഉപചോദ്യം മാത്രമേ ചോദിക്കാൻ പാടുള്ളൂ. ഒരവസരം നൽകിയാൽ ഇഷ്ടമുള്ള എല്ലാ ചോദ്യവും ചോദിക്കാൻ പറ്റില്ല.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, വയനാട് ജില്ലയിൽ ഏർപ്പെടുത്തിയ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നില്ലെന്നും അറ്റകുറ്റപ്പണികളുടെ അഭാവംകൊണ്ടും അതിനുള്ള ഫണ്ട് ലഭിക്കാത്തതുകൊണ്ടുമാണ് അങ്ങനെ സംഭവിക്കുന്നതെന്നുമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അതിൽ അടിസ്ഥാനപരമായി എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് പരിശോധിക്കാം.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കാസർഗോഡ് ജില്ലയിലെ കിഴക്കൻ മേഖലയിൽ ഒരു കൂട്ടം ആനകൾ വലിയ തോതിൽ കൃഷിനാശം വരുത്തി കഴിഞ്ഞ ഒരു വർഷമായി കേരളത്തിന്റെ അതിർത്തിയിൽ തമ്പടിച്ചിരിക്കുകയാണ്. അവയെ അതിർത്തി കടത്തി കർണ്ണാടക വനത്തിലേയ്ക്കയയ്ക്കാൻ സാധിച്ചാൽ കേരളത്തിലെ കൃഷിക്കാരെ രക്ഷിക്കാൻ കഴിയും. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ആനകളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ നമുക്ക് വളരെ പരിമിതമാണ്. കുങ്കി ആനകളെ ഉപയോഗിച്ചാണ് ഇപ്പോൾ അത് നിർവ്വഹിക്കുന്നത്. പക്ഷേ അങ്ങനെ അയച്ചാലും നേരത്തെ ഇവിടെ സൂചിപ്പിച്ച കാരണങ്ങളാൽ അവർ തിരിച്ചുവരികയാണ്. ഇപ്പോൾ ചിലയിടങ്ങൾ അവരുടെ തറവാടുപോലെ കണക്കാക്കി അവിടെനിന്നും വിട്ടുപോകാൻ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പൊതുയിടങ്ങളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റാൻ കഴിയാത്തത് സോഷ്യൽ ഫോറസ്ട്രി നിശ്ചയിച്ച അമിതവില കാരണമാണ്. ആ വിലയ്ക്ക് ആരും മരം മുറിക്കാൻ മുന്നോട്ടുവരില്ല. മൂന്ന് പ്രാവശ്യം ലേലം വിളിച്ചതിനുശേഷമാണ് മരം മുറിക്കാൻ

സാധിക്കുന്നത്. സോഷ്യൽ ഫോറസ്ട്രി നിശ്ചയിക്കുന്ന വിലയ്ക്ക് ആരും വന്നില്ലെങ്കിൽ ഒറ്റത്തവണ ലേലം കഴിഞ്ഞ് ഇത്തരം മരങ്ങൾ മുറിക്കാനുള്ള അനുമതി നൽകുമോ; അല്ലെങ്കിൽ പഞ്ചായത്തുകൾക്ക് ഇതിന്റെ അധികാരം നൽകാൻ സാധിക്കുമോ? ഇതുസംബന്ധിച്ച് ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ കഴിയില്ലെന്ന് അങ്ങ് നേരത്തെ പറഞ്ഞു. അങ്ങ് ഈ വിഷയം ലഘുവായി കാണരുത്. വലിയ അപകടങ്ങൾ ഉണ്ടായതിനുശേഷം പരസ്പരം പഴിചാരിയിട്ട് കാര്യമില്ല. അതിനാൽ പൊതുയിടങ്ങളിൽ നിൽക്കുന്ന അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റാൻ സമയോചിതമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നമ്മൾ ചില നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ലേലം ചെയ്യാതെ മരങ്ങൾ മുറിക്കാൻ അനുവാദം കൊടുത്താൽ വിമർശനമുണ്ടാകും. അപ്പോൾ നിലവിലുള്ള നിയമപ്രകാരം മൂന്ന് പ്രാവശ്യം ലേലം ചെയ്തിട്ടും ആരും വരുന്നില്ലെങ്കിൽ മാത്രമാണ് മരം മുറിക്കാനുള്ള അനുവാദം കൊടുക്കുന്നത്. അതിൽ ഇളവ് വരുത്തണമെന്നാണ് താങ്കൾ ആവശ്യപ്പെട്ടിരിക്കുന്നത്. അത് ഗുണകരമാണോ അല്ലയോയെന്ന് പരിശോധിക്കേണ്ടതുണ്ട്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ ആറ്

മണിക്ക് പ്രഭാതസവാരിക്കിറങ്ങിയ ശിവരാമൻ എന്നയാളിനെ ജില്ലാ ഫോറസ്റ്റ് ഓഫീസിന്റെ തൊട്ടടുത്ത് ജനവാസ കേന്ദ്രത്തിൽ വച്ചാണ് ആന കുത്തിക്കൊന്നത്. ജനങ്ങൾ താമസിക്കുന്ന സ്ഥലത്തുനിന്നും ആനയും പുലിയുമൊന്നും പോകുന്നില്ല. ഞാനിത് പല തവണയായി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിന് എന്തെങ്കിലും ശാശ്വത പരിഹാരം കണ്ടെത്താൻ ശ്രമിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതുസംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയതാണ്. പണത്തിന്റെ ലഭ്യതയനുസരിച്ച് മുൻഗണന നൽകി ഏറ്റവും ഗുരുതരമായ പ്രശ്നം നിലനിൽക്കുന്ന പ്രദേശങ്ങളിൽ അടിയന്തര പ്രാധാന്യത്തോടുകൂടി പ്രവൃത്തികൾ തുടങ്ങാനുള്ള നിർദ്ദേശം നൽകുന്നതാണ്.

## മത്സ്യഫെഡിലെ ക്രമക്കേട് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട്

4(*214) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന്

സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ക്രമക്കേടിനെക്കുറിച്ച് എല്ലാ ജില്ലകളിലും അന്വേഷണം വേണമെന്നും കുറ്റക്കാരെ കണ്ടെത്തി കർശന നടപടിക്ക് വിധേയമാക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ ശിപാർശ ചെയ്യുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസിംഗ് സെന്റർ (സി.പി.സി.)-ൽ നടന്ന ക്രമക്കേടിനെക്കുറിച്ച് സമഗ്രാന്വേഷണം വേണമെന്ന് ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡിന്റെ കൊല്ലം ജില്ലയിലെ ശക്തികുളങ്ങര സി.പി.സി.-യിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സമഗ്രാന്വേഷണം വേണമെന്നും കുറ്റക്കാർക്കെതിരെ സർക്കാർ കർശന നടപടിയെടുക്കണമെന്നും റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്. സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ വകുപ്പുതലത്തിലും

മത്സ്യഫെഡ് തലത്തിലും മേൽനോട്ടവും പരിശോധനയും വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോമൺ പ്രീ-പ്രോസസിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും സ്ഥിരം ജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ, കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31-5-2022-ന് അവസാനിച്ചമുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, കോമൺ പ്രീ-പ്രോസ്സസിംഗ് സെന്ററിന്റെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു പി.എസ്., പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, മത്സ്യഫെഡിലെ എല്ലാ നിയമനങ്ങളും പി.എസ്.സി.ക്ക് വിടാനുള്ള ആർജ്ജവം സർക്കാർ കൈക്കൊള്ളുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യത്തിൽ സർക്കാരിന് ഒരു മടിയുമില്ല, തീർച്ചയായും ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, 'അന്തിപ്പച്ച' യൂണിറ്റുകളുടെ ദൈനംദിന കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം ജീവനക്കാരെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇക്കാര്യത്തിൽ പി.എസ്.സി. ടെസ്റ്റ് നടക്കുകയാണ്, ഉടൻതന്നെ അക്കാര്യത്തിൽ തീരുമാനമുണ്ടാകും.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നദികളെ മാലിന്യ മുക്തമാക്കാൻ നടപടി

5 (*215) ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളും നദികളും മാലിന്യ മുക്തമാക്കുന്നതിനും അവയുടെ സ്വാഭാവിക ഒഴുക്ക് സാദ്ധ്യമാക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധ തരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യ മുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ - ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്. 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്. ഇതിനൊപ്പം എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44

നദികളുടെയും ചുമതല ജലസേചന വകുപ്പിലെ ഓരോ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. "മാലിന്യ രൂക്ഷതാ ലഘൂകരണം" ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ നിർമ്മിച്ച് വേനൽക്കാലത്തും നീരൊഴുക്ക് നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു.

ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി നദീതടത്തിനകത്തുവരുന്ന ചെറുനീർത്തടങ്ങളെ ആധാരമാക്കി തയ്യാറാക്കിയിട്ടുള്ള "സംയോജിത നീർത്തട പ്ലാനുകൾ" റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തയ്യാറാക്കി ജലസ്രോതസുകളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള മുൻഗണന പട്ടിക നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച്

ജലസ്രോതസ്സുകൾ ശുചിയാക്കി, സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമെ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധ പ്രവർത്തനത്തിലൂടെയും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതി ഇതിനുദാഹരണമാണ്.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോതനുസരിച്ച് പ്രയോറിറ്റി 1 മുതൽ 5 വരെയായി തരംതിരിച്ചിട്ടുണ്ട്. ഇത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം പരിഹരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ നദികൾ പുനരുജ്ജീവിപ്പിക്കുന്നതിനും മാലിന്യ മുക്തമാക്കുന്നതിനും ജലസേചന വകുപ്പിന്റെ വാർഷിക പ്ലാൻ 2022-2023-ൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന മറ്റ് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാറുണ്ട്. തുടർന്നും

ജലസേചന വകുപ്പ് ഫണ്ടിന്റെ ലഭ്യതയും മുൻഗണന ക്രമവുമനുസരിച്ച് നദീ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) നദികളിൽ അപകടകരമായ അളവിൽ കോളിഫോം ബാക്ടീരിയയുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

സംസ്ഥാനത്തെ നദികളിലെ ജലഗുണനിലവാരം പൊതുവിൽ താഴ്ന്നതാണെന്ന് വിവിധ പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് നദികളിൽ അപകടകരമായ അളവിൽ കോളിഫോം ബാക്ടീരിയയുള്ളതായി കണ്ടെത്തിയ ഇന്ത്യയിലെ 351 പൊല്യൂട്ടഡ് റിവർ സ്ട്രച്ചുകളിൽ 21 എണ്ണം കേരളത്തിൽ ഉൾപ്പെടുന്നു. ഇതിൽ പ്രയോറിറ്റി I-ൽ തിരുവനന്തപുരം ജില്ലയിലെ കരമന നദിയുടെ ഭാഗവും പ്രയോറിറ്റി 4-ൽ ഭാരതപ്പുഴ, കടമ്പ്രയാർ, കീച്ചേരി, മണിമല, പമ്പ എന്നീ 5 നദികളുടെ ഭാഗങ്ങളും പ്രയോറിറ്റി 5-ൽ ഭവാനി, ചിത്രപ്പുഴ, കടലുണ്ടി, കല്ലായി, കരുവണ്ണൂർ, കവ്വായി, കുപ്പം, കുറ്റ്യാടി, മൊഗ്രാൽ, പെരിയാർ, പെരുവമ്പ, പുഴയ്ക്കൽ, രാമപുരം, തിരൂർ, ഉപ്പള എന്നീ 15 നദികളുടെ ഭാഗങ്ങളുമാണുൾപ്പെട്ടിട്ടുള്ളത്.

(സി) എങ്കിൽ നദികൾ ഇത്തരത്തിൽ മലിനപ്പെടുന്നത് തടയാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

നിലവിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി നദികൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങളിൽ കമ്പിവേലി നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നു. ജലസ്രോതസുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതും പിഴ ഈടാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. വാണിജ്യ വ്യവസായ സ്ഥാപനങ്ങളുംമറ്റും മാലിന്യങ്ങൾ പുറന്തള്ളുന്നതു സംബന്ധിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ, 2018-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ, ജലസേചന വകുപ്പുദ്യോഗസ്ഥർക്ക് പരാതി കൊടുക്കാവുന്നതും ഇവയിൽ പോലീസുദ്യോഗസ്ഥർ തുടരന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതുമാണ്. ഇതുകൂടാതെ, നദികളെ മാലിന്യ മുക്തമാക്കുന്നതിനും അവയിലെ ജലം കുളിക്കുന്നതിന് അനുയോജ്യമാക്കുംവിധം ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ 20-09-2018-ലെ O.A. No. 673/2018 ഉത്തരവിൻപ്രകാരം തയ്യാറാക്കിയ 21 നദീഭാഗങ്ങളുടെയും കർമ്മപദ്ധതികൾ വിവിധ വകുപ്പുകൾ ചേർന്ന് നടപ്പിലാക്കിവരുന്നു.

കേരളത്തിലെ ജലസ്രോതസുകളിലെ മലിനീകരണത്തിന്റെ മുഖ്യകാരണം സ്വീവേജ്, ഖരമാലിന്യങ്ങൾ എന്നിവ മുഖേനയായതിനാൽ പൊതുസ്വീവേജ്/സെപ്റ്റേജ് സംസ്കരണശാലകൾ സ്ഥാപിക്കുക, ഖരമാലിന്യം പുഴകളിലിൽ എത്തിച്ചേരാതിരിക്കുന്നതിനും വലിച്ചെറിയാതിരിക്കുന്നതിനും ആവശ്യമായ ഉറവിട ഖരമാലിന്യ ശേഖരണ സംസ്കരണത്തിനായി ഡീസെൻട്രലൈസ്ഡ് സംവിധാനം, പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുക, സ്ഥിരമായി മാലിന്യങ്ങൾ തള്ളപ്പെടുന്ന തോടുകളുടെയും കനാലുകളുടെയും കരകളിൽ സംരക്ഷണ വേലികൾ, ഭിത്തികൾ എന്നിവ സ്ഥാപിക്കുക തുടങ്ങിയവ ആക്ഷൻ പ്ലാനിലുൾപ്പെടുന്നു. പെരിയാർ നദീസംരക്ഷണത്തിലേയ്ക്കായി ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണൽ OA No. 395/2013 ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിക്കുകയും കർമ്മപദ്ധതി തയ്യാറാക്കി ആയത് നടപ്പിലാക്കുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. എറണാകുളം ജില്ലയിലൂടെ ഒഴുകുന്ന കോണോത്ത് പുഴയുടെ സംരക്ഷണത്തിനായി ദേശീയ ഹരിത ട്രൈബ്യൂണൽ OA No. 237/2017 ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ തലത്തിലുള്ള സംരക്ഷണ സമിതി രൂപീകരിക്കുകയും ആയതിലേയ്ക്കായി കർമ്മപദ്ധതി തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലുമാണ്.

## പട്ടികജാതി, പട്ടിക ഗോത്രങ്ങളിലുൾപ്പെട്ടവരുടെ ഉന്നമനം

6 (*216) ശ്രീ. പി. പി. സുമോദ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും ഉൾപ്പെട്ടവരെ സാമൂഹിക വിവേചനം അതിജീവിച്ച് ഉയർന്നുവരാൻ പ്രാപ്തരാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) സാമൂഹിക മൂലധന വികാസത്തിലൂടെ സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികളെക്കുറിച്ച് അറിയിക്കാമോ?

(എ&ബി) പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായും ഉയർന്നുവരാൻ പ്രാപ്തരാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>വിദ്യാഭ്യാസ ക്ഷേമ പദ്ധതികൾ:-</u>

1. പ്രീ-മെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ് പദ്ധതി
3. മോഡൽ റെസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, കമ്മ്യൂണിറ്റി കോളേജ്, മെഡിക്കൽ കോളേജ്, ഐ.ടി.ഐ.
4. ഇതര സംസ്ഥാന പഠനം
5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി
6. മത്സര പരീക്ഷകളിൽ വിജയിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
8. വിവിധ പൊതുപ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം
9. ലാപ്ടോപ് വിതരണം
10. പഠനമുറി പദ്ധതി
11. ഗോത്രബന്ധു പദ്ധതി
12. ഗോത്രസാരഥി (വിദ്യാവാഹിനി) പദ്ധതി
13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
14. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി
15. നൈപുണ്യ വികസന പരിശീലന പരിപാടികൾ

സാമൂഹിക - സാമ്പത്തിക - ആരോഗ്യ സുരക്ഷ പദ്ധതികൾ

1. ഏക വരുമാനദായകൻ മരണമടഞ്ഞതുമൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി
2. ചികിത്സാ ധനസഹായം
3. സ്വയംതൊഴിൽ പദ്ധതി
4. വിദേശ തൊഴിൽ ധനസഹായ പദ്ധതി
5. ഭവന പൂർത്തീകരണ പദ്ധതി
6. ഭൂമി വാങ്ങൽ ധനസഹായം/ഭൂരഹിത പുനരധിവാസ പദ്ധതി
7. അംബേദ്കർ ഗ്രാമ പദ്ധതി
8. ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതികൾ
9. വിവാഹ ധനസഹായ പദ്ധതി
10. മിശ്ര വിവാഹ ധനസഹായ പദ്ധതി
11. പട്ടികജാതി വിഭാഗക്കാർ അംഗങ്ങളായുള്ള സ്വാശ്രയ സംഘങ്ങൾക്കുള്ള ധനസഹായം.
12. നിയമാധിഷ്ഠിത സേവനങ്ങൾ

(സി) പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കായുള്ള പഠനമുറി നിർമ്മാണ പദ്ധതിയിലും പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യ പഠനമുറി നിർമ്മാണ പദ്ധതിയിലും കൈവരിക്കാൻ കഴിഞ്ഞ നേട്ടം അറിയിക്കാമോ?

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കായി വകുപ്പ് മുഖേന 29830 പഠനമുറികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പട്ടികഗോത്രങ്ങൾക്കായി പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശരാശരി ഇരുപതിലധികം വിദ്യാർത്ഥികൾ ഓരോ സ്ഥാപനത്തെയും ആശ്രയിച്ച് പഠനം നടത്തുന്നു. സാമൂഹ്യ പഠനമുറികളിൽ കമ്പ്യൂട്ടർ, സ്മാർട്ട് ടി.വി., ഇന്റർനെറ്റ് സൗകര്യം എന്നിവ ഉറപ്പാക്കിയിട്ടുണ്ട്. ക്ലാസ് നടക്കാത്ത സമയങ്ങളിൽ സാമൂഹ്യ പഠനമുറി ഉപയോഗിച്ച് സങ്കേതങ്ങളിലെ യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

**കുടിവെള്ള വിതരണത്തിലെ കാര്യക്ഷമത**

7 (*217) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിലെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകളും കാലഹരണപ്പെട്ട പൈപ്പ് ലൈനും മറ്റനുബന്ധ ഘടകങ്ങളും മാറ്റിസ്ഥാപിച്ച് കുടിവെള്ള പദ്ധതികളുടെ പൂർണ്ണ വിനിയോഗം ഉറപ്പാക്കാനും കൂടുതൽ ഫിൽട്രേഷൻ റേറ്റ് സാദ്ധ്യമാകുന്ന നൂതന ഫിൽറ്റർ മീഡിയ, അന്ത്രാസൈറ്റ് പോലുള്ള ഡ്യുവൽ ഫിൽറ്റർ മീഡിയ തുടങ്ങിയവ ഉപയോഗിച്ച് ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചുവരുന്നു. തുല്യ ജലലഭ്യത ഉറപ്പാക്കുന്നതിനായി വാൽവുകൾ ഘടിപ്പിച്ച് ക്രമീകരണം നടത്തിയും വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പരാതികൾ കേന്ദ്രീകൃത പരാതിപരിഹാര യൂണിറ്റുവഴി നിരീക്ഷിച്ചും കുഴൽക്കിണർ പദ്ധതികൾ പുനരുദ്ധരിച്ചും തടയണകൾ നിർമ്മിച്ച് സ്രോതസ്സിന്റെ ജലലഭ്യത ഉയർത്തിയും പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ നടത്തിയും ജൽ ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പദ്ധതികളുടെ പൂർണ്ണശേഷി ഉറപ്പാക്കിയും ജലവിതരണം സുഗമമായി നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(ബി) ജലസ്രോതസുകളുടെ ശേഷി, ഗുണഭോക്താക്കളുടെ അനുപാതം എന്നിവ പരിശോധിച്ച് കൂടുതൽ ജലസ്രോതസുകൾ

കണ്ടെത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

ആളോഹരി ഉപഭോഗം, ജനസംഖ്യ, ഗാർഹികേതര ഉപഭോഗം, ജനസംഖ്യ വർദ്ധനവ്, ജലത്തിന്റെ ഗുണനിലവാരം, വർഷം മുഴുവനുമുള്ള ജലലഭ്യത എന്നിവ കണക്കിലെടുത്താണ് ജലത്തിന്റെ ആവശ്യം, സ്രോതസ് എന്നിവ ക്രമപ്പെടുത്തുന്നത്. കൂടുതലായും നദികളെയാണ് സ്രോതസ്സായി തെരഞ്ഞെടുക്കുന്നത്. ഇവയിൽ സാധാരണ ലഭിക്കുന്ന മഴകൊണ്ടുതന്നെ ജലലഭ്യത ഉറപ്പാക്കാൻ സാധിക്കും. എന്നിരുന്നാലും ചില സ്ഥലങ്ങളിൽ തടയണ നിർമ്മിക്കേണ്ടതായി വരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇറിഗേഷൻ/കെ.എസ്.ഇ.ബി. തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടെ weir/bund നിർമ്മിക്കുന്ന പ്രവൃത്തിയും നടപ്പിലാക്കിവരുന്നു. കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായി നദികളെ ആശ്രയിക്കാൻ സാധിക്കാതെവരുന്ന സന്ദർഭങ്ങളിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ കണ്ടെത്തി ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ ഉപേക്ഷിക്കപ്പെട്ട പാറമടകളിലെ ജലം ഗുണനിലവാര പരിശോധന നടത്തി

ഉപയോഗപ്രദമാണെന്ന് കണ്ടെത്തി, കടുത്ത വരൾച്ചാ സമയങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ജല ശുദ്ധീകരണശേഷി, കുടിവെള്ള വിതരണക്ഷമത എന്നിവ സമഗ്ര വിശകലനത്തിന് വിധേയമാക്കി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളിലൂടെ നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടില്ല. എന്നാൽ നഗരപ്രദേശങ്ങളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിന് അമൃത് 2, ADB (24x7), സ്റ്റേറ്റ് പ്ലാൻ എന്നിവയിലുൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2026 വർഷത്തോടെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച അമൃത് 2.0 പദ്ധതിയിൽ കേരളത്തിലെ 87 മുനിസിപ്പാലിറ്റികളിലെയും 6 കോർപ്പറേഷനുകളിലെയും എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ എത്തിക്കുക, അമൃത് 1.0-ലുൾപ്പെട്ട 9 നഗരങ്ങളിൽ (സംസ്ഥാനത്തെ 6 കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ

മുനിസിപ്പാലിറ്റികളും) മാലിന്യ സംസ്കരണം ഉറപ്പുവരുത്തുക എന്നിവയും ഉൾപ്പെടുന്നു. ഇതിൽ കേരളത്തിനായി അമൃത് 2.0-ന്റെ ഭാഗമായി ഏകദേശം 3,550 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കേന്ദ്രസഹായം 1,372 കോടി രൂപയാണ്. പ്രസ്തുത പ്രോജക്ട് കാലാവധി 2021-22 മുതൽ 2025-26 വരെയാണ്. ഇതിന്റെ ആക്ഷൻപ്ലാൻ നടപടികൾ പുരോഗതിയിലാണ്. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്താനുദ്ദേശിച്ചുകൊണ്ട് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (എ.ഡി.ബി.) ധനസഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി (KUWSIP) 07-02-2020-ലെ ജി.ഒ.(എം.എസ്.)നം. 13/2020/ജ.വി.വ. പ്രകാരം 2,511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലേയ്ക്കുള്ള ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റിനായുള്ള (LISU) റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിനും (RFP) കൊച്ചി കോർപ്പറേഷനുള്ള ബിഡ് ഡോക്യുമെന്റിനും 03-06-2022-ലെ ജി.ഒ.(എം.എസ്.)നം. 38/2022/ജ.വി.വ. പ്രകാരം അനുമതി നൽകുകയുണ്ടായി.

(ഡി) തടസ്സരഹിത കുടിവെള്ള വിതരണം ഉറപ്പുവരുത്തുന്നതിനും പമ്പിംഗ് ശേഷിയും കുടിവെള്ള സംഭരണശേഷിയും വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കാലഹരണപ്പെട്ട പമ്പുകൾ മാറ്റിസ്ഥാപിച്ചും കാര്യക്ഷമത കുറഞ്ഞതും വൈദ്യുതി ഉപഭോഗം കൂടുതൽ വേണ്ടിവരുന്നതുമായ മോട്ടോറുകൾ മാറ്റി ഉയർന്ന കാര്യക്ഷമതയുള്ള മോട്ടോറുകൾ സ്ഥാപിച്ചും പമ്പിംഗ് സ്റ്റേഷനുകളിൽ ഓട്ടോമേഷൻ നടപ്പിലാക്കിയും ജൽ ജീവൻ മിഷൻ, കിഫ്ബി, അമൃത്, ആർ.കെ.ഐ. എന്നിവയിലുൾപ്പെടുത്തി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുടെ ഭരണാനുമതി ലഭ്യമാക്കിയും തടസ്സരഹിത കുടിവെള്ള വിതരണം ഉറപ്പാക്കാൻ ശ്രമിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ കുടിവെള്ള സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് കുടിവെള്ള സ്രോതസുകളിലെ കിണറുകളുടെ ശേഷി വീണ്ടെടുക്കുന്നതിന് ഡീസിൽറ്റേഷൻ പ്രവൃത്തി ചെയ്തുവരുന്നുണ്ട്.

## ഡാമുകളിലെ ജലസംഭരണശേഷി വർദ്ധിപ്പിക്കൽ

8 (*218) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കനത്ത മഴയും വരൾച്ചയും ആവർത്തിച്ചുണ്ടാകുന്നതിനാൽ മണലും ചെളിയും നീക്കി ഡാമുകളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. തൃശ്ശൂർ പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ഇറിഗേഷൻ വകുപ്പിന് കീഴിലെ വിവിധ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും ചെളിയുടെയും എക്കലിന്റെയും അളവ് പഠന വിധേയമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷിയിൽ പരമാവധി 48 ശതമാനംവരെ കുറവുവന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഡാമുകളിലെ ജല സംഭരണശേഷി ചെളിയും മണലും നിറഞ്ഞ് പകുതിയോളമായി കുറഞ്ഞെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെളിയും മണലും നീക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുന്നതിന് 26-09-2017-ലെ സ.ഉ. (കൈ) നം.79/17/ജ.വി.വ., 14-05-2019-ലെ സ.ഉ. (കൈ) 14/19/ജ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ 30-05-2022-ൽ ചേർന്ന ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC)-യും വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL)-യും ഏൽപ്പിച്ചിട്ടുണ്ട്.

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുകീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL)-മായി ചർച്ചകൾ നടത്തിവരികയാണ്. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽവരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KIIDC) ഏൽപ്പിക്കാൻ 30-05-2022-ൽ ചേർന്ന ഹൈ ലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(സി) മണലും ചെളിയും നീക്കുന്നതിനുള്ള അംഗീകൃത പ്രവർത്തന രേഖയിലെ വിശദാംശം അറിയിക്കാമോ?

കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കാലാകാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും എക്കലും മറ്റുവസ്തുക്കളും നീക്കംചെയ്യുന്നതിന് (ഡീസിൽറ്റേഷൻ) വേണ്ടിയുള്ള അടിസ്ഥാന പ്രവർത്തനരേഖ 26-09-2017-ലെ സ.ഉ. (കൈ) നം. 79/17/ജ.വി.വ., 14-05-2019-ലെ സ.ഉ. (കൈ) 14/19/ജ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം ജലവിഭവ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത അടിസ്ഥാന പ്രവർത്തന രേഖ

പ്രകാരം ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അടിസ്ഥാന പ്രവർത്തന രേഖയിൽ ചുവടെ ചേർത്തിട്ടുള്ള കാര്യങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

1. അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കളുടെ അളവ് തിട്ടപ്പെടുത്തുന്ന രീതി
2. അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കളുടെ തരംതിരിച്ചുള്ള അളവ് കണ്ടുപിടിക്കൽ
3. അളവുകൾ അംഗീകരിക്കുന്നത് സംബന്ധിച്ച്
4. ഡീസിൽറ്റേഷനും വേർതിരിക്കലിലും ഉപയോഗിക്കേണ്ട സാങ്കേതികവിദ്യ
5. ഡീസിൽറ്റേഷൻ സമയത്തുള്ള ജലത്തിന്റെ ശുദ്ധത [കലക്കൽ (Turbidity) ] നിരീക്ഷിക്കൽ
6. ഡീസിൽറ്റേഷനുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ
7. ഡീസിൽറ്റേഷനോടൊപ്പം വരുന്ന ശുദ്ധീകരിക്കാത്ത ജലത്തിന്റെ നിർഗ്ഗമനം
8. കരാറുകാരന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഉത്തരവാദിത്വം
9. ഡീസിൽറ്റേഷൻ പ്രവർത്തനം നടപ്പിലാക്കേണ്ട വിവിധ രീതികൾ

## ഇക്കോ സെൻസിറ്റീവ് മേഖല

9 (*219) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>:

<u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത വനമേഖലകളോടും ദേശീയ ഉദ്യാനങ്ങളോടും ചേർന്നുള്ള മനുഷ്യവാസ കേന്ദ്രങ്ങൾകൂടി ഉൾപ്പെടുന്ന സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഒരു കിലോമീറ്റർവരെ ഇക്കോ സെൻസിറ്റീവ് മേഖലയായി പ്രഖ്യാപിച്ച സുപ്രീംകോടതി വിധിയെത്തുടർന്ന് പ്രതിപക്ഷ പാർട്ടികളടക്കമുള്ളവരുമായി സർക്കാർ ചർച്ചചെയ്ത് തുടർനടപടികൾ ആലോചിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഈ വിഷയം നിയമസഭയിൽ ചോദ്യോത്തരവേളകളിലും ശ്രദ്ധക്ഷണിക്കലിലും വിശദമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ജനപ്രതിനിധികളുടെയും യോഗം വിളിച്ച് തുടർനടപടികൾ തീരുമാനിക്കാൻ തയ്യാറാകുമോ?

'എ' പിരിവിന്റെ മറുപടിയിൽ സൂചിപ്പിച്ച സാഹചര്യത്തിൽ ഇക്കാര്യം ആലോചിച്ചിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിൽ സുപ്രീംകോടതി വിധിപ്രകാരം സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

03-06-2022-ലെ സുപ്രീംകോടതിവിധി വിലയിരുത്തുന്നതിനും തുടർനടപടി ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നതോദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്രസർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും

സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി യോഗ തീരുമാനപ്രകാരം, ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷി സ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകളൊഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ചുകൊണ്ടുള്ള സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44(f) പ്രകാരമുള്ള നടപടികൾക്കായി

കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കാനായി കേന്ദ്രസർക്കാരിലേയ്ക്ക് കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്കുള്ള ഫണ്ടിന്റെ വിനിയോഗം

10 (*220)ശ്രീ. ലിന്റോ ജോസഫ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യാനുപാതികമായതിലും അധികം തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ വിനിയോഗം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ടോ;

(ബി) ഇത്തരം പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ നിയോജകമണ്ഡല അടിസ്ഥാനത്തിൽ എം.എൽ.എ. ചെയർമാനായി നിരീക്ഷണ സമിതി രൂപീകരിക്കാൻ തീരുമാനമായിട്ടുണ്ടോ; സമിതിയുടെ ഘടനയും പ്രവർത്തനവും അറിയിക്കാമോ;

(സി) ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ജനസംഖ്യ ആനുപാതികമായതിലും അധികം തുക ബഡ്ജറ്റിൽ നീക്കിവയ്ക്കുകയും അവയുടെ ഫലപ്രദമായ ഫണ്ട് വിനിയോഗം നിരീക്ഷിക്കുകയും ചെയ്തുവരുന്നുണ്ട്. വകുപ്പുകൾക്ക് അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗ വിവരങ്ങൾ അവലോകനം ചെയ്യുന്നതിന് "പ്ലാൻ സ്പെയ്സ്" എന്ന സംവിധാനം ലഭ്യമാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുന്നുണ്ട്. വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസംതോറും

പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റ് തലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പദ്ധതി അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും സ്കീം അടിസ്ഥാനത്തിലുള്ള നിർവ്വഹണ പുരോഗതി വിലയിരുത്തി ചെലവ് കുറവായ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പദ്ധതികളുടെ ഫണ്ട് വിനിയോഗവും നിർവ്വഹണവും സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിൽ അവലോകനവും മോണിറ്ററിംഗും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ നിയോജകമണ്ഡല അടിസ്ഥാനത്തിൽ എം.എൽ.എ. ചെയർമാനായി നിരീക്ഷണ സമിതി രൂപീകരിക്കാൻ 20-05-2022-ലെ സ.ഉ. (കൈ) നം. 24/2022/SCSTDD പ്രകാരം ഉത്തരവായിട്ടുണ്ട്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

1. ചെയർമാൻ – എം.എൽ.എ.
2. കൺവീനർ - പട്ടികജാതി വികസന ഓഫീസർ

   (ഒന്നിലേറെ ബ്ലോക്കുകളോ മുനിസിപ്പാലിറ്റികളോ ഉണ്ടെങ്കിൽ ജില്ലാ അസിസ്റ്റന്റ് പട്ടികജാതി വികസന ഓഫീസറായിരിക്കും കൺവീനർ)

3. അംഗങ്ങൾ

4. നിയോജകമണ്ഡലത്തിലെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർ, സെക്രട്ടറിമാർ
5. ബന്ധപ്പെട്ട ഡിവിഷനുകളിലെ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ
6. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ അംഗങ്ങൾ
7. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ
8. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിലെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ.

സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയാണ് സമിതിയുടെ പ്രധാന പ്രവർത്തനം.

ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ പട്ടികജാതി വികസന വകുപ്പ് വിജിലൻസ് വിഭാഗം കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ ബ്ലോക്ക്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ ഓഫീസുകളും ഹോസ്റ്റലുകളും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും സന്ദർശിക്കുകയും കർശന നിർദ്ദേശം നൽകുകയും രേഖകൾ പരിശോധിക്കുകയും ചെയ്തുവരുന്നു. പരാതികൾ

സമയബന്ധിതമായി അന്വേഷിക്കുകയും വകുപ്പുതല ഓഡിറ്റ് കൂടുതൽ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷേമപദ്ധതികളുടെ ഫണ്ട് വിനിയോഗം ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും അവരുടെതന്നെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറിനൽകുന്ന സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഓൺലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ ബാങ്ക് പാസ്ബുക്കിന്റെ ഒന്നാം പേജിന്റെ ഫോട്ടോകോപ്പി അപ്‌ലോഡ് ചെയ്യുന്നതിനാൽ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതാണ്. തുക ഗുണഭോക്താവിന് ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പിലെ പ്രൊമോട്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. ഇത്തരം സംവിധാനം നിലവിലുള്ളതിനാൽ ക്രമക്കേടുകളുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താവുന്നതാണ്.

2. ഫണ്ടുകളുടെ വിനിയോഗം വിലയിരുത്താൻ പ്ലാൻ സ്പെയ്സ് എന്ന ഐ.ടി. അധിഷ്ഠിത സംവിധാനം നിലവിലുണ്ട്. ഈ സംവിധാനംവഴി എല്ലാ തലങ്ങളിലും വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

3. പട്ടികവർഗ്ഗ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകളുണ്ടാകുന്നപക്ഷം വകുപ്പിലെ വിജിലൻസ് ആഫീസറായ ജോയിന്റ് ഡയറക്ടർ പ്രാഥമിക പരിശോധന നടത്തി ആവശ്യമെങ്കിൽ ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ധനകാര്യ പരിശോധനാ വിഭാഗം, അക്കൗണ്ടന്റ് ജനറൽ, ഇന്റേണൽ ഓഡിറ്റ് എന്നിങ്ങനെയുള്ള പരിശോധനകൾ, ക്രമക്കേടുകൾ കണ്ടെത്താൻ സഹായിക്കുന്നുണ്ട്.

4. വിവിധ ഏജൻസികൾ, വകുപ്പുകൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി ജനപ്രതിനിധികൾകൂടി ഉൾപ്പെടുന്ന മോണിറ്ററിംഗ് സമിതികൾ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്.

5. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്തുന്നുണ്ട്.

## മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി

11 (*221) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക് മത്സ്യകൃഷി, റിസർവോയറുകളിലെ കൂട് മത്സ്യകൃഷി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ബാണാസുരസാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി എന്നീ റിസർവോയറുകളിലെ മത്സ്യകൃഷിക്കായി പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും പിന്നാമ്പുറ വിത്തുല്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും

വകയിരുത്തിയിട്ടുണ്ട്. അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി, സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, പൊതുകുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരു നെല്ലും ഒരു മീനും കൃഷി, അർദ്ധ ഊർജ്ജിത ഓരുജല മത്സ്യകൃഷി, ഓരുജല വിശാല മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, ഞണ്ട് കൃഷി/കൊഴുപ്പിക്കൽ, പടുതാക്കുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ലോക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, കൂട് മത്സ്യകൃഷി, കല്ലുമ്മേക്കായ കൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ/വരാൽ വിത്തുൽപ്പാദനം എന്നിവ മത്സ്യകൃഷി പദ്ധതി ഘടകങ്ങളാണ്.

(ബി) സ്വകാര്യ സംരംഭങ്ങൾക്കും വ്യക്തികൾക്കും മത്സ്യകൃഷി ആരംഭിക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് അറിയിക്കാമോ?

സ്വകാര്യ സംരംഭങ്ങൾക്കും വ്യക്തികൾക്കും മത്സ്യകൃഷി ആരംഭിക്കുന്നതിനായി കൃഷിരീതിക്കനുസൃതമായി യൂണിറ്റ് ചെലവിന്റെ 40 ശതമാനംവരെ ധനസഹായം അനുവദിക്കുന്നു. കൂടാതെ മുൻവർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് പ്രവർത്തന ചെലവിന്റെ 20 ശതമാനവും ധനസഹായമായി അനുവദിക്കുന്നു.

(സി) മത്സ്യവിത്തുകളുടെയും തീറ്റയുടെയും വിതരണം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കൂടാതെ, കർഷകർക്കാവശ്യമുള്ള മറ്റ് വിത്തിനങ്ങൾ അഡാക്കുവഴി വിതരണം ചെയ്യുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അഡാക് മുഖേന മിതമായ നിരക്കിൽ മത്സ്യത്തീറ്റ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

(ഡി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നാടൻ മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കി സംസ്ഥാനത്തെ വിവിധ ഹാച്ചറികളിൽ വരാൽ, നാരൻ ചെമ്മീൻ, കാരി, മഞ്ഞക്കൂരി, കരിമീൻ, നാടൻ മുഷി, പച്ചിലവെട്ടി, കല്ലേമുട്ടി, ഈറ്റ പച്ചില, ചെങ്കുന്നിയാൻ

തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുകയും മത്സ്യകൃഷിക്കും റാഞ്ചിംഗിനും പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്.

(ഇ) ഉൾനാടൻ മത്സ്യോല്പാദനം വ്യാപിപ്പിക്കുന്നതോടൊപ്പം അവയുടെ വിപണനവും ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ?

ഉൾനാടൻ മത്സ്യത്തിന്റെ വിപണി ഉറപ്പാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ മത്സ്യഫെഡ് മുഖേന സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്ന് വിവിധ നിയോജകമണ്ഡലത്തിലായി 113 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾവഴി ഉൾനാടൻ മത്സ്യത്തിന്റെ വിപണനം നടന്നുവരുന്നു. കൂടാതെ, കേന്ദ്രസർക്കാരിന്റെ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി കക്കി (പത്തനംതിട്ട), പെരുവണ്ണാമൂഴി (കോഴിക്കോട്), കാരാപ്പുഴ & ബാണാസുരസാഗർ (വയനാട്) എന്നീ ജലസംഭരണികളിലായി നടത്തിവരുന്ന കൂട് മത്സ്യകൃഷിയോടനുബന്ധിച്ച്

വിവിധയിടങ്ങളിൽ മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## വൃക്ഷ സമൃദ്ധി പദ്ധതി

12 (*222) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനവും അത് സൃഷ്ടിക്കുന്ന പ്രകൃതിക്ഷോഭങ്ങളും വന സംരക്ഷണത്തിന്റെയും വൃക്ഷാവരണ വ്യാപനത്തിന്റെയും പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനാൽ സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിന് നയരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ 17-02-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശയിനം മരങ്ങൾ പരിസ്ഥിതിക്ക് ഏറെ ഹാനികരമെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ അവ പിഴുതുമാറ്റി തദ്ദേശീയ ഇനം മരങ്ങൾ നടാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ?

കേരള വനം വകുപ്പിനുകീഴിൽ ഏകദേശം 27000 ഹെക്ടർ യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാറ്റിൽ തുടങ്ങിയ വ്യാവസായിക തോട്ടങ്ങളുണ്ട്. സ്വാഭാവിക വനപുനഃസ്ഥാപന നയത്തിന്റെ ഭാഗമായി ഇതുവരെ 567.56 ഹെക്ടർ സ്ഥലത്തെ വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കാനുള്ള പ്രവൃത്തികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള വൃക്ഷസമൃദ്ധി പദ്ധതിയുടെ വിശദാംശം നൽകാമോ; പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് വൃക്ഷസമൃദ്ധി. വനങ്ങൾക്കുപുറത്ത് പ്രത്യേകിച്ച് സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) എന്നിവയുടെ സജീവ പങ്കാളിത്തംവഴി സംസ്ഥാനത്തെ

വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വൃക്ഷസമൃദ്ധി പദ്ധതിക്കാവശ്യമായ തൈകൾ ഉല്പാദിപ്പിച്ച് പരിപാലിക്കുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പാണ്. പദ്ധതിക്ക് വേണ്ടിവരുന്ന എല്ലാ സാങ്കേതിക സഹായങ്ങളും സോഷ്യൽ ഫോറസ്ട്രി വിഭാഗം നൽകും. 3 മുതൽ 5 വർഷംവരെ തൈകൾക്ക് തുടർ പരിചരണം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം നടത്തുകവഴി 5 കൊല്ലംകൊണ്ട് ചുരുങ്ങിയത് 80 ശതമാനം തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. പ്രതിവർഷം 72 ലക്ഷം തൊഴിൽദിനങ്ങൾ ഈ പദ്ധതിവഴി സൃഷ്ടിക്കാൻ കഴിയുമെന്ന് കരുതുന്നു. സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്തുകളുടെ 832 നഴ്സറി സൈറ്റുകളിലായി 43 ലക്ഷം വൃക്ഷത്തൈകൾ ഇക്കൊല്ലംതന്നെ ഈ പദ്ധതിയിലൂടെ സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ വർഷത്തിൽ (2022-നടീൽ വർഷം) മദർബെഡ് നഴ്സറിക്കാവശ്യമായ യോജിച്ചതും ഗുണമേന്മയുള്ളതുമായ വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളെ തൈ ഉല്പാദിപ്പിക്കുന്നതിനും ആയത് നട്ട് പരിപാലിക്കുന്നതിനും സ്വയംപര്യാപ്തമാക്കുകയാണ് അന്തിമ ലക്ഷ്യം.

## വന്യജീവി സംരക്ഷണം

13 (*223) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) കാര്യക്ഷമമായ വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ കാരണം സംസ്ഥാനത്തെ വനങ്ങളിൽ വന്യജീവികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഡെറാഡൂണിലെ ഇന്ത്യൻ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി നടത്തിയ പഠനത്തിൽ വിദേശ അധിനിവേശ സസ്യങ്ങൾമൂലം വനത്തിനുള്ളിലെ തീറ്റപ്പുല്ലും തീറ്റച്ചെടികളും നശിച്ചതാണ് വന്യജീവികൾ വൻതോതിൽ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങുന്നതിന്റെ കാരണമെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ?

ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയുംക്കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾ കൂടിയുൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കാനുള്ള വിവിധ കാരണങ്ങളിലൊന്നായി യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ പുൽമേടുകളിലുംമറ്റും തോട്ടമായി നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചിട്ടുള്ളതായും അധിനിവേശ വിദേശസസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ആയതിന്റെ അടിസ്ഥാനത്തിൽ വനപ്രദേശങ്ങളിൽ ഫലവൃക്ഷങ്ങൾ വൻതോതിൽ നട്ടുപിടിപ്പിക്കുന്നതിന് ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ബൃഹത് പദ്ധതിയിൽ സമ്പുഷ്ടീകരണ നടീലിന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ്, മാവ് മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ശോഷിച്ച വനപ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കുന്നത് വിഭാവനം ചെയ്തിട്ടുണ്ട്.

**ജലജീവൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ**

14 (*224) <u>ശ്രീ. പ്രമോദ് നാരായൺ:</u>
<u>ഡോ. എൻ. ജയരാജ്:</u>
<u>ശ്രീ. ജോബ് മൈക്കിൾ:</u>
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതിക്കാവശ്യമായ ഭൂമി അതത് തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കൈമാറണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ ആവശ്യമായിവരുന്ന സ്ഥലം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്; ചുരുങ്ങിയ കാലത്തേയ്ക്കുമാത്രമുള്ള ഈ പദ്ധതിയുടെ നടത്തിപ്പിലെ തടസ്സങ്ങൾ മാറ്റുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

2024-ഓടെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കാൻ ലക്ഷ്യമിട്ടാണ് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിക്കാവശ്യമായ വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലത്തിന്റെ ലഭ്യതക്കുറവും പൈപ്പ്

സ്ഥാപിക്കുന്നതിന് വിവിധ റോഡ് ഏജൻസികളിൽനിന്നും റെയിൽവേ അധികാരികളിൽനിന്നും അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസവുമാണ് സമയബന്ധിതമായ പദ്ധതി പൂർത്തീകരണം നേരിടുന്ന പ്രധാന വെല്ലുവിളി. പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള അനുവദനീയമായ പരിധിയിലുള്ള പുറമ്പോക്ക് ഭൂമി ജലജീവൻ മിഷൻ പദ്ധതിക്കുവേണ്ടി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനായി ജില്ലാ കളക്ടർമാരെ അധികാരപ്പെടുത്തി റവന്യൂ (എൽ) വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 17-06-2022-ലെ സ.ഉ. (കൈ). നം. 161/2022/ആർ.ഡി. എന്ന സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ കൂടാതെ സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ സ്വകാര്യ ഭൂമി ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ച് തടസ്സങ്ങൾ നീക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാനും ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഹരിക്കുന്നതിന് ഏകോപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളുടെ പരിപാലനവും ജലവിഭവ പദ്ധതി പ്രവൃത്തികളും ഏകോപിപ്പിക്കാൻ പൊതുമരാമത്ത് - ജലസേചന വകുപ്പുകളുടെ ഉന്നതതലയോഗം സ്ഥിരം കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ പൊതുനിരത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ എല്ലാ മാസവും ഡി.ഐ.സി.സി. (ഡിസ്ട്രിക്ട് ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി) യോഗം കൂടുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ കണക്ഷനെടുക്കുന്നതിൽ പൊതുജനങ്ങളുടെ വിമുഖത, തദ്ദേശീയമായി നിലനിൽക്കുന്ന വസ്തുതർക്കങ്ങൾ മുതലായവയും പദ്ധതി പുരോഗതിയിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ പൈപ്പിന്റെയും അനുബന്ധ സാധനങ്ങളുടെയും വില വർദ്ധന, എൽ.എം.ആർ. റേറ്റിൽ നിലനിൽക്കുന്ന അപാകത എന്നിവമൂലം കരാറുകാരിൽ പ്രവൃത്തികളേറ്റെടുക്കുന്നതിനുള്ള താത്പര്യം കുറയുന്നതും അംഗീകരിക്കാൻ കഴിയാത്തവിധം അമിത തുക ക്വാട്ട് ചെയ്യുന്നതും പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൃഷ്ടിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ചീഫ് സെക്രട്ടറിയും മുൻഗണനാ പട്ടികയിലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി ജലജീവൻ മിഷൻ പദ്ധതി പുരോഗതി നേരിട്ട് അവലോകനം നടത്തിവരുന്നു. പ്രസ്തുത അവലോകന തീരുമാനമനുസരിച്ച് റോഡ് കട്ടിംഗ് അനുമതി, നിർവ്വഹണത്തിന് ആവശ്യമായ ഭൂമി എന്നിവ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് ഉന്നതതലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്. ജലജീവൻ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ വകുപ്പുകളിൽനിന്നും അനുമതി ലഭ്യമാക്കേണ്ടുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ കേന്ദ്രസർക്കാർ നേരിട്ട് വിലയിരുത്തി അനുമതി ലഭ്യമാക്കുന്നതിനുള്ള സംവിധാനം, വെബ്സൈറ്റിൽ നൽകുന്നതിനുള്ള സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കാൻ കേന്ദ്രതലത്തിലും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് യോഗങ്ങൾ നടത്തുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കേണ്ട അനുമതി സംബന്ധിച്ച വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തുന്നമുറയ്ക്ക് ജലശക്തി മന്ത്രാലയം നേരിട്ട് പ്രസ്തുത വിഷയം ബന്ധപ്പെട്ട വകുപ്പുമായി ഇടപെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നുണ്ട്. കൂടാതെ പ്രവൃത്തി നിർവ്വഹണത്തിനാവശ്യമായ പൈപ്പിന്റെയും അനുബന്ധ സാമഗ്രികളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് നിർമ്മാണ കമ്പനികളുമായി ചർച്ച നടത്തുന്നതിനായി കേന്ദ്ര ജലശക്തി മന്ത്രാലയം നടപടികൾ സ്വീകരിച്ചുവരുന്നു. ജലജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകളും നിലവിലുണ്ട്. ഈവിധം തടസ്സങ്ങൾ മറികടന്ന് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനുള്ള തീവ്രശ്രമമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തിവരുന്നത്.

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ വാല്യൂവിനേക്കാൾ 30 ശതമാനത്തിലധികം തുക തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാൻ സാധിക്കാത്തതും മാർക്കറ്റ് വില അതിനെക്കാൾ ഉയർന്ന് നിൽക്കുന്നതും കണക്കിലെടുത്ത് തദ്ദേശ വകുപ്പുമായി ചേർന്ന് ജലജീവൻ പദ്ധതിക്കായി മാത്രമെങ്കിലും ഇളവനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) സ്ഥലവിലയായി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുകയ്ക്ക് സ്ഥലമേറ്റെടുക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കാമോ?

(സി&ഡി) നിലവിൽ ഫെയർ വാല്യൂവിനേക്കാൾ 30 ശതമാനത്തിലധികം ഉയർന്നതിനാലോ മാർക്കറ്റ് വില അധികരിച്ച് നിൽക്കുന്നതുകൊണ്ടോമാത്രം സ്ഥലമേറ്റെടുക്കാൻ സാധിക്കാതിരിക്കുകയും പദ്ധതി നടത്തിപ്പ് തടസ്സപ്പെടുകയും ചെയ്യുകയാണെന്ന തരത്തിലുള്ള കാര്യങ്ങൾ ഇതുവരെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജലജീവൻ മിഷൻ സർക്കാരിന്റെ മുൻഗണനാ പദ്ധതിയായതിനാലും കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിയായതിനാലും ഇക്കാര്യം പ്രത്യേകം പരിശോധിക്കാവുന്നതാണ്.

**പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതി**

15 (*225) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി നടപ്പാക്കിവരുന്ന വിദ്യാഭ്യാസ, ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന വിവിധ വിദ്യാഭ്യാസ, ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ പദ്ധതികൾ

1. ഒ.ഇ.സി. പ്രീ-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
2. ഒ.ബി.സി. പ്രീ-മെട്രിക് സ്കോളർഷിപ്പ് (50% CSS)
3. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
4. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% CSS)
5. ഓവർസീസ് സ്കോളർഷിപ്പ്
6. മാതാവോ പിതാവോ രണ്ട് പേരുമോ നഷ്ടപ്പെട്ട പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് പ്രത്യേക സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി

ക്ഷേമ വികസന പദ്ധതികൾ

1. തൊഴിലവസരങ്ങൾ ഉയർത്തുന്ന പരിപാടി/പരിശീലനം (എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം)

2. പരമ്പരാഗത കരകൗശലപ്പണിക്കാർക്കുള്ള നൈപുണ്യ വികസന പരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം
3. പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം
4. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം
5. ഓട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം
6. കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി
7. ഓഫീസ് ഓട്ടോമേഷൻ ഉപകരണങ്ങളും ഭരണവും
8. അഡ്വക്കേറ്റ് ഗ്രാന്റ്
9. വിശ്വകർമ്മജർക്കുള്ള പെൻഷൻ

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന വായ്പ പദ്ധതികൾ വിശദമാക്കാമോ?

പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC)-ന്റെ ഫണ്ടും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ദേശീയ മതന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC)-ന്റെ ഫണ്ടും വിനിയോഗിച്ച്

മതന്യൂനപക്ഷത്തിലുൾപ്പെട്ട ഒ.ബി.സി. വിഭാഗങ്ങൾക്ക് വായ്പ അനുവദിച്ചുവരുന്നു.

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പിന്നാക്ക വിഭാഗക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഭവനരഹിതരായ പിന്നാക്ക വിഭാഗക്കാർക്കായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന എന്റെ വീട് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കുവേണ്ടിയുള്ള പദ്ധതിയാണ് "എന്റെ വീട്" ഭവന നിർമ്മാണ വായ്പാ പദ്ധതി. കുടുംബവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് സ്കീമുകളിലായി പരമാവധി 10 ലക്ഷം രൂപയാണ് വായ്പയായി അനുവദിച്ചുവരുന്നത്. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വാശ്രയ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ.ഉ. (പി) നം. 50/2009/പ.ജ.പ.വ.വി.വ. പ്രകാരമുള്ള ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാശ്രയ മാനേജ്മെന്റുമായി ഇക്കാര്യം ചർച്ച ചെയ്യും.

**നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ**

16 (*226) ഡോ. കെ. ടി. ജലീൽ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീതീരങ്ങളിൽ നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങളാലും പ്ലാസ്റ്റിക്, ചെളി, മണൽ എന്നിവ അടിയുന്നതിനാലും നദികളുടെ ഒഴുക്ക് തടസ്സപ്പെടുന്നത് പരിഹരിക്കാൻ നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

നദീതട മാസ്റ്റർപ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല. നദീതടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലൂടെ നദീതടത്തിലെ ജലവിഭവത്തിന്റെ ലഭ്യതയും ആവശ്യകതയും മനസ്സിലാക്കി, കാര്യക്ഷമമായ ഉപയോഗവും വികസന പ്രവർത്തനങ്ങളുടെ സംയോജിത ആസൂത്രണവും സാദ്ധ്യമാകുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാലിന്യ/ചെളി/എക്കൽ നിക്ഷേപവും നിലവിലെ മറ്റ് തടസ്സങ്ങളും മനസ്സിലാക്കി ഒഴുക്ക് സുഗമമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാവുന്നതാണ്.

(ബി) ജലാശയങ്ങളുടെയും നദികളുടെയും സംരക്ഷണത്തിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ "ഹരിതകേരളം മിഷന്റെ" ഉപമിഷനായ മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണ/പുനരുജ്ജീവന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തട പ്ലാനുകൾ" തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി അടിസ്ഥാനത്തിൽ മുൻഗണനാക്രമം

തീരുമാനിക്കുകയും ചെയ്തുകൊണ്ടാണ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്. ഇതിനുപുറമെ, തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും നദികൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിച്ച് അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും നീക്കി സംഭരണശേഷി സംരക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി നിർവ്വഹിച്ചുപോരുന്നു. ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും പൂർണ്ണമായും ഉറപ്പാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്.

(സി) ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നദിപുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; റീബിൽഡ് കേരള പദ്ധതിക്കുകീഴിൽ നടത്തുന്ന നദീസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമാക്കാമോ?

"ഹരിതകേരളം മിഷന്റെ" പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 19-04-2017-ലെ സ.ഉ. (പി) നം. 10/2017/ആ.സാ.വ. ഉത്തരവ് പ്രകാരം പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം സംയോജിത നീർത്തടാധിഷ്ഠിത ആസൂത്രണത്തിൽ അധിഷ്ഠിതമായിട്ടാകണം ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടത്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ "സംയോജിത നീർത്തട പ്ലാനുകൾ"

തയ്യാറാക്കുകയും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുള്ളിലും വരുന്ന നദികളുൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി, മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-2018 മുതൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക (ഹരിതകേരളം ശീർഷകത്തിൽ) പൂർണ്ണമായും ഇത്തരത്തിൽ പട്ടികപ്പെടുത്തിയ നദികൾ/തോടുകൾ/പുഴകൾ/കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ശുചീകരിച്ച് മാലിന്യ മുക്തമാക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

"റീബിൽഡ് കേരള" പദ്ധതിയിലുൾപ്പെടുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾ നദീതട അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി "റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA)" രൂപീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നദീതട അടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിന്റെ ആദ്യപടിയായി ഒന്നാംവർഷത്തിൽ പമ്പാ നദീതടത്തിലെ ' Flood Forecasting and Integrated Reservoir Operation System (FF&IROS)' വികസിപ്പിച്ചുവരുന്നു.

**പട്ടിക ഗോത്രവർഗ്ഗ മേഖലയിലെ എൻ.ജി.ഒ.-കളുടെ പ്രവർത്തനം**

17 (*227) <u>ശ്രീ. ഒ. ആർ. കേളു</u>:

ശ്രീ. കെ. ബാബു (നെന്മാറ):

ശ്രീ. എം. രാജഗോപാലൻ:

ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്ത് പട്ടികഗോത്രവർഗ്ഗ മേഖലകളിലെ സാമ്പത്തിക-സാമൂഹിക പിന്നാക്കാവസ്ഥയും ഒറ്റപ്പെടലും അവസരമാക്കി ചിലയിടങ്ങളിൽ തീവ്രവാദ പ്രസ്ഥാനങ്ങളും എൻ.ജി.ഒ.-കളെ മുന്നിൽനിർത്തി വർഗ്ഗീയ സംഘടനകളും ദുരുദ്ദേശ്യത്തോടെ കടന്നുകയറാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരുടെ അഭിപ്രായവും താത്പര്യവും പരിഗണിച്ചുകൊണ്ട് വികസനക്ഷേമ പദ്ധതികൾക്ക് രൂപംനൽകി അവ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാലുണ്ടായ പിന്നാക്കാവസ്ഥ അവസരമാക്കി ദുരുദ്ദേശത്തോടെ പ്രവർത്തിക്കുന്ന സംഘടനകളെ ചെറുക്കുന്നതിനും പട്ടികവർഗ്ഗക്കാരെ സർക്കാർ സംവിധാനങ്ങളിലേയ്ക്ക്

കൂടുതൽ അടുപ്പിക്കുന്നതിനും വിവിധങ്ങളായ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി സമസ്ത മേഖലകളിലും പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് സർക്കാർ വകുപ്പുകളും കാര്യക്ഷമമായി ഇടപെടുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് സാമൂഹ്യ പഠനമുറികൾ, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുതലായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രാദേശികമായും സൂക്ഷ്മതലത്തിലും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബൽ സബ്പ്ലാൻ ഫണ്ടുകൾ വിനിയോഗിച്ചുവരുന്നുണ്ട്. സർവ്വേ നടത്തി മൈക്രോ ലെവൽ പ്ലാനിംഗിലൂടെ ഓരോ കുടുംബത്തിന്റെയും സമഗ്രപുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

(ബി) ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള ആസൂത്രണ വികസന പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരായ

പട്ടികവർഗ്ഗ യുവതീയുവാക്കളെ എസ്.ടി. പ്രൊമോട്ടർമാരായി നിയോഗിച്ച് വിവിധ വകുപ്പുകൾ പട്ടികവർഗ്ഗ മേഖലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ സംയോജന സാദ്ധ്യത മനസ്സിലാക്കി പങ്കാളിത്ത ആസൂത്രണം, സൂക്ഷ്മതല ആസൂത്രണം എന്നിവ നടപ്പിലാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഊരുകൂട്ടങ്ങളെ പ്രാദേശിക മോണിറ്ററിംഗ് സമിതികളായും സോഷ്യൽ ഓഡിറ്റിംഗ് സമൂഹമായും ശാക്തീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കിലയുടെ സഹകരണത്തോടെ പരിശീലനം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) എച്ച്.ആർ.ഡി.എസ്. എന്ന എൻ.ജി.ഒ. അട്ടപ്പാടിയിൽ ഭവനരഹിതരായ ഗ്രോത്രവർഗ്ഗക്കാർക്ക് വാസയോഗ്യമല്ലാത്ത വീട് നൽകി കബളിപ്പിച്ചെന്നും അവരുടെ ഭ്രമി അനധികൃതമായി കയ്യേറിയെന്നും പരാതി ഉയരുന്ന സാഹചര്യത്തിൽ എൻ.ജി.ഒ.-കൾ പട്ടിക ഗോത്രവർഗ്ഗ വികസന വകുപ്പുമുഖേനയോ സർക്കാരിന്റെ മുൻകൂർ അനുമതിയോ ഇല്ലാതെ നടത്തുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ?

നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ അനുമതിയില്ലാതെ അട്ടപ്പാടിയിൽ സർക്കാരിതര സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾ

ഉടൻ നിർത്തിവയ്ക്കാനും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കാനും പട്ടികവർഗ്ഗ വികസന വകുപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അട്ടപ്പാടിയിൽ പുറമേനിന്നുള്ള വ്യക്തികൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് ഒറ്റപ്പാലം സബ്കളക്ടർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) എച്ച്.ആർ.ഡി.എസ്.-നെതിരെ ഉയർന്ന പരാതിയിൽ കാര്യക്ഷമമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ?

എച്ച്.ആർ.ഡി.എസ്.-നെതിരെ ലഭിച്ച പരാതിയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, എച്ച്.ആർ.ഡി.എസ്.-നെതിരെ ഉയർന്ന പരാതിയിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുന്നതിലേയ്ക്കായി അട്ടപ്പാടി നോഡൽ ഓഫീസറായ ഒറ്റപ്പാലം സബ്കളക്ടറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് പാലക്കാട് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.

## പരിസ്ഥിതിലോല മേഖലയെ സംബന്ധിച്ച പഠനം

18 (*228) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത വനപ്രദേശങ്ങൾക്കുചുറ്റും ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയാക്കുന്നത് ജനവാസ മേഖലയെ എങ്ങനെ ബാധിക്കുമെന്ന വിഷയം പഠന വിധേയമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടുണ്ട്. സുപ്രീംകോടതിയുടെ 03-06-2022-ലെ IA 1000/2003 നമ്പർ കേസിലെ വിധിയെത്തുടർന്ന്, വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-നുചേർന്ന യോഗ തീരുമാനപ്രകാരം, ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന

റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും എത്രയുംവേഗം പഠന റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

(ബി)ഇതിനായി ഏതെല്ലാം സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിരിക്കുന്നത്?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ സാഹചര്യത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി സംസ്ഥാനത്തുനിന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് നിലവിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള 22 സംരക്ഷിത പ്രദേശങ്ങളെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ച മതികെട്ടാൻചോല ദേശീയ പാർക്കിനെയും ഇനി പ്രൊപ്പോസൽ സമർപ്പിക്കാനുള്ള കരിമ്പുഴ വന്യജീവി സങ്കേതത്തെയും സംബന്ധിച്ച പഠനത്തിനാണ് KSREC-നെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) പഠന റിപ്പോർട്ട് സുപ്രീംകോടതിയിൽ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സുപ്രീംകോടതിയുടെ വിധിയിൽ മൂന്നുമാസത്തിനുള്ളിൽ പഠന റിപ്പോർട്ട് നൽകണമെന്ന നിർദ്ദേശമുണ്ട്. പ്രസ്തുത

സമയപരിധിക്കുള്ളിൽത്തന്നെ സുപ്രീംകോടതിക്ക് പഠന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതി

19 (*229) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരുടെ പാർപ്പിട പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിനുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

- സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷൻ തയ്യാറാക്കുന്ന

ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടിട്ടുള്ള അർഹരായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷനിലൂടെ ഭവനനിർമ്മാണ ആനുകൂല്യം നൽകിവരുന്നു. ആയതിലേയ്ക്കായി 2021-22 വർഷത്തിൽ 278 കോടി രൂപ പട്ടികജാതി വികസന വകുപ്പിന്റെയും 140 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും വിഹിതമായി ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്.

- 2022-23 സാമ്പത്തിക വർഷം ഈ ഇനത്തിൽ 300 കോടി രൂപ പട്ടികജാതി വികസന വകുപ്പും 140 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പും വകയിരുത്തിയിട്ടുണ്ട്.

- വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് അനുവദിച്ചുനൽകിയ ഭവന നിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിക്കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവരും സ്വന്തമായി ഭവനനിർമ്മാണം ആരംഭിച്ചശേഷം നിർമ്മാണം പൂർത്തീകരിക്കാത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപവരെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന്

പ്രത്യേക ധനസഹായം അനുവദിക്കുന്ന "ഭവന പൂർത്തീകരണ പദ്ധതി" പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

- ലൈഫ് മിഷനുപുറമെ, ആദിവാസി പുനരധിവാസ മിഷൻ മുഖേനയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമിയും വീടും അനുവദിച്ചുവരുന്നുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വിഭാഗക്കാരുടെ കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.50 ലക്ഷം രൂപവരെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്നുണ്ട്.

(ബി) ലൈഫ് പദ്ധതിയിൽ പട്ടികജാതി വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകുമോ; വിശദീകരിക്കാമോ?

ഉണ്ട്. ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകിയാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.

(സി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുമോ; വ്യക്തമാക്കാമോ?

- ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിൽ 3,75,000/- രൂപയും

മുനിസിപ്പാലിറ്റി പരിധിയിൽ 4,50,000/- രൂപയും കോർപ്പറേഷൻ പരിധിയിൽ 6,00,000/- രൂപയും അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. 2022-23 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിപ്രകാരം 4500 പേർക്ക് ഭൂമി വാങ്ങുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ചുകൊണ്ട് ജില്ലകൾക്ക് 180 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

- ലൈഫ് മിഷൻ മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമിക്കും വീടിനും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ ഭൂരഹിതരുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

- പട്ടികജാതിയിൽപ്പെട്ട ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിയും നടപ്പിലാക്കിവരുന്നു.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതിക്കാർക്ക് ഭൂമിയും വീടും നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി പ്രത്യേക ലാൻഡ് ബാങ്ക് രൂപീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ലാൻഡ് ബാങ്ക് പദ്ധതി നടപ്പിലാക്കുന്നുണ്ട്. പട്ടികജാതി വിഭാഗക്കാർക്കായി ലാൻഡ് ബാങ്ക് രൂപീകരണം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയും ക്ഷേമവും**

20 (*230) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. വി. ജോയി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ടുവരുന്നതിന് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇന്ത്യ അംഗമായ ലോകവ്യാപാര സംഘടനയുടെ തീരുമാനപ്രകാരം മത്സ്യബന്ധന മേഖലയിൽ നൽകുന്ന സബ്സിഡിയുൾപ്പെടെയുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ ഇല്ലാതാകുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

ലോകവ്യാപാര സംഘടനയുടെ തീരുമാനപ്രകാരം മത്സ്യബന്ധന മേഖലയിൽ നൽകുന്ന സബ്സിഡി ഉൾപ്പെടെയുള്ള വിവിധ ക്ഷേമപ്രവർത്തനങ്ങൾ ഇല്ലാതാകുമെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) കടലിന്റെ അവകാശം കടലിന്റെ മക്കൾക്കുമാത്രമായി നൽകിക്കൊണ്ട് മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങളെ ഇത്തരം തീരുമാനങ്ങൾ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഇന്ത്യയുടെ സമുദ്രവിഭവങ്ങൾ വൈവിദ്ധ്യപൂർണ്ണമാണ്. സമഗ്ര മത്സ്യബന്ധനത്തിൽ വിവിധതരം മത്സ്യയിനം സംഭാവന ചെയ്യുന്നു. ഒറ്റയിനം മത്സ്യബന്ധനമുള്ള വികസിത രാജ്യങ്ങളിലെ ശീതോഷ്ണ മത്സ്യബന്ധന മേഖലകളിൽനിന്ന് ഇത് വളരെ വ്യത്യസ്തമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള സബ്സിഡികൾ നിർത്തലാക്കുന്നത് കനത്ത നഷ്ടത്തിലേയ്ക്ക് നയിക്കും. ഇത് അവരുടെ വരുമാനത്തെയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കും. ഉയർന്ന യന്ത്രവത്കൃത വിപണികളിൽ നിരക്കുകൾ മത്സരാധിഷ്ഠിതമായതിനാൽ ഇത് രാജ്യത്തിന്റെ കയറ്റുമതിയെയും ബാധിക്കും.

**മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം**

21 (*231) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:

ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ജീവിത സാഹചര്യം എന്നിവ ഉറപ്പാക്കി തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ജീവിത സാഹചര്യം എന്നിവ ഉറപ്പാക്കി തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് മികച്ച സാമൂഹ്യാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാനത്തെ തീരപ്രദേശവും കടലും കായലുകളും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ വിപുലീകൃത തോതിൽ പുനരാവിഷ്കരിച്ചിട്ടുള്ള 'ശുചിത്വ സാഗരം സുന്ദരതീരം' പദ്ധതിക്ക് തുടക്കമായിട്ടുണ്ടോ?

ഉണ്ട്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 590 കിലോമീറ്ററോളം വരുന്ന കടൽത്തീരവും തീരക്കടലും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബൃഹത് പരിപാടിയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ 590 കിലോമീറ്ററോളം വരുന്ന കടൽത്തീരത്തെ 600 ആക്ഷൻ പോയിന്റുകളാക്കി തിരിച്ച് ഓരോ ആക്ഷൻ പോയിന്റുകളിലും 25 വോളന്റിയർമാർ വീതമടങ്ങുന്ന ആക്ഷൻ ഗ്രൂപ്പുകൾ രൂപീകരിക്കും. അങ്ങനെ 15000 പേരുൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകൾ കേരളത്തിന്റെ തീരപ്രദേശത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെയുള്ള പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന യജ്ഞത്തിൽ പങ്കെടുക്കും. ഇവരെക്കൂടാതെ മത്സ്യത്തൊഴിലാളികൾ, വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, സാംസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ തുടങ്ങി സമൂഹത്തിലെ എല്ലാ തലങ്ങളിലുമുള്ള, സന്നദ്ധ സേവനത്തിൽ താത്പര്യമുള്ള എല്ലാ വ്യക്തിത്വങ്ങളെയും ഈ ബൃഹത് പരിപാടിയുമായി സഹകരിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

**ദേവസ്വം ബോർഡ് വക ഭൂമിയുടെ സംരക്ഷണം**

22 (*232)<u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) വാരണാസിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള നൂറേക്കർ ഭൂമിയിൽ 11 സെന്റ് ഒഴികെ ബാക്കിയെല്ലാം കൈയേറിയതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് ഉടമസ്ഥാവകാശം തിരികെ പിടിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ വാരണാസിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളാണുള്ളത്. ആയതിന്റെ പൂർണ്ണ ഉടമസ്ഥാവകാശവും കൈവശാവകാശവും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണ്.

(ബി) വിവിധ ദേവസ്വം ബോർഡുകളുടെയും അവയുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും ഭൂമി സംരക്ഷിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളെന്തെല്ലാം; വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1250 ക്ഷേത്രങ്ങളിലായി 2700 ഏക്കറോളം ഭൂമിയുണ്ട്. ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിലെ അനധികൃത കൈയേറ്റം ഒഴപ്പിക്കുന്നതിനും അന്യാധീനപ്പെട്ട വസ്തുക്കൾ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു. ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത് ഏൽപ്പിക്കുന്ന ഭൂമി അതിർത്തികെട്ടി സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമിയില്ല. ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും വീണ്ടെടുക്കുന്നതിനും ജില്ലാ ഭരണകൂടംവഴി ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കൈയേറ്റങ്ങൾക്ക് പട്ടയവുമായി ബന്ധപ്പെട്ട് വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ട കേസുകളിൽ, ക്ഷേത്രങ്ങളുടെ ഉത്തമ താത്പര്യം

സംരക്ഷിക്കത്തക്കവിധമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനായി, ലാൻഡ് ട്രിബ്യൂണൽ അടിസ്ഥാനത്തിൽ അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ച്, ബോർഡിന്റെ ഫണ്ടുപയോഗിച്ച് കേസ് നടത്തുന്നതിന് ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്ര ഭൂമി അളന്ന് തിട്ടപ്പെടുത്തി വേലികെട്ടി സംരക്ഷിക്കുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള ദേവസ്വം ഭൂമികളിലെ കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ വിംഗ് പ്രവർത്തിക്കുന്നുണ്ട്. ഇത്തരം ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാളിതുവരെ ഒൻപതര ഏക്കറോളം ഭൂമി തിരികെ പിടിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിനുകീഴിലും കീഴേടങ്ങളിലുമുള്ള ഭൂമികൾ ദേവസ്വം സംരക്ഷിച്ചുവരുന്നുണ്ട്. അന്യാധീനപ്പെട്ടവ തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശത്തിലുള്ള ഭൂമികൾ നല്ലരീതിയിൽ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇത്തരം ഭൂമിയിൽ ഉപയോഗശൂന്യമായി കിടക്കുന്നവ ഫലപ്രദമായി വിനിയോഗിക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കാമോ?

ദേവസ്വം ബോർഡുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി 13-07-2021, 08-06-2022 തീയതികളിൽ കൂടിയ യോഗം, ക്ഷേത്ര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ദേവസ്വം ഭൂമി വിവാദങ്ങൾക്കിടവരാത്തവിധം ഫലപ്രദമായി വിനിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ദേവസ്വങ്ങൾ താഴെപ്പറയുംപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തരിശുഭൂമിയിൽ അനുയോജ്യമായ വിളകളുൾപ്പെടെ കൃഷി ചെയ്യുന്നതിലേയ്ക്കായി ദേവഹരിതം എന്നപേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷേത്രങ്ങളോടുചേർന്ന് നക്ഷത്ര വനം പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി ഫലപ്രദമായി ഉപയുക്തമാക്കി, ക്ഷേത്രവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പലവിധ പദ്ധതികൾ ക്ഷേത്രങ്ങളുടെ വരുമാന ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തരിശായി കിടക്കുന്ന ഭൂമിയിൽ കെ.എസ്.ഇ.ബി. മുഖാന്തരം സോളാർ

പാനൽ സ്ഥാപിക്കുന്ന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. വരുമാനം കൂടിയ സ്പെഷ്യൽ, 'എ' ഗ്രേഡ് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഇതിനകംതന്നെ ഓഡിറ്റോറിയങ്ങൾ, കല്യാണ മണ്ഡപങ്ങൾ, ടൂറിസ്റ്റ് ഹോം തുടങ്ങിയ അനുബന്ധ വരുമാന വർദ്ധനവിനുള്ള സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ശ്രീകാടാമ്പുഴ ഭഗവതി ദേവസ്വത്തിൽ, നിർദ്ധനരായ രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തുന്നതിന് സൗകര്യമൊരുക്കുന്നതിനായി ഡയാലിസിസ് സെന്റർ-കം-സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വം ഭൂമിയിൽ 3 നിലകളോടുകൂടിയ സംഗമേശ്വര കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകിക്കഴിഞ്ഞു. ദേവസ്വത്തിന്റെ അധീനതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലെ ഭൂമികളിൽ വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് പ്രാരംഭ നടപടികളാരംഭിച്ചിട്ടുണ്ട്. തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ ഭൂമി ഉപയോഗപ്രദമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) ക്ഷേത്ര ഭൂമിയിൽ ഏതെങ്കിലും സംഘടന ശാഖ നടത്തുന്നതുപോലുള്ള ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ കർശന നടപടിയുണ്ടാകുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ചില ദേവസ്വങ്ങളിൽ ആർ.എസ്.എസ്. എന്ന സംഘടനയുടെ ശാഖകൾ പ്രവർത്തിക്കുന്നതായും അവർ മാസ് ഡ്രിൽ നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലിൽ ഇത്തരത്തിലുള്ള ശാഖകൾ പ്രവർത്തിക്കുകയോ മാസ് ഡ്രിൽ നടത്തുകയോ ക്ഷേത്രാചാരങ്ങൾക്ക് ഹിതമല്ലാത്ത പ്രവൃത്തികളിലേർപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/സബ് ഗ്രൂപ്പ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തി 30-03-2021-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, കൂടൽ മാണിക്യം ദേവസ്വം, ഗുരുവായൂർ ദേവസ്വം എന്നിവയുടെ അധീനതയിലുള്ള

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംഘടനകൾ ശാഖപോലുള്ള പ്രവൃത്തികൾ നടത്തിവരുന്നതായി നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

## ലഹരി ഉപയോഗം തടയാൻ ബോധവൽക്കരണം

23 (*233)ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകളിലും കോളേജുകളിലും വൻതോതിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നത് യുവജനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് സ്കൂളുകളിലും കോളേജുകളിലും ലഹരി ഉപയോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി "ജനസഭ" എന്നപേരിൽ ജനകീയ കൂട്ടായ്മ

സംഘടിപ്പിക്കുകയുണ്ടായി. മൂന്ന് മണിക്കൂറുള്ള പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ തുടങ്ങിയവ സംഘടിപ്പിച്ചു. അതത് നിയമസഭാ മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ പങ്കാളിത്തം പ്രസ്തുത പരിപാടിയിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26-ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിനുകീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്ബ്, ട്രാൻസ്ജെൻഡർ ക്ലബ്ബ്, അവളിടം യുവതി ക്ലബ്ബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ നടപ്പു സാമ്പത്തികവർഷം ഓരോ ഭവനത്തിലും വ്യക്തിയിലും ലഹരിവിരുദ്ധ ബോധവൽക്കരണം എത്തിക്കുകയെന്ന ഉദ്ദേശ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡുതല കൂട്ടായ്മകൾ, ജാഗ്രതാ സമിതികൾ എന്നിവ രൂപീകരിക്കുന്നുണ്ട്. നാടകം, മാജിക്, ലഘു വീഡിയോകൾ, മറ്റ് കലാരൂപങ്ങൾ എന്നിവയുൾപ്പെടുന്ന ജാഗ്രത യാത്ര സംസ്ഥാനത്താകമാനം സംഘടിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ലഹരിക്ക് അടിമപ്പെടുന്നവരെ ലഹരിമുക്ത കേന്ദ്രങ്ങളിലെത്തിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കാനുദ്ദേശിക്കുന്നു. മേൽപ്പറഞ്ഞ

പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സമാന ചിന്താഗതിയുള്ള മറ്റ് സ്ഥാപനങ്ങളുടെയും സഹകരണത്തോടെയും പങ്കാളിത്തത്തോടെയും സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ കേരള സംസ്ഥാന യുവജന കമ്മീഷൻ കോളേജുകളിലും കോളനികളിലും യുവജനങ്ങൾക്ക് പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റെസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കേരള സംസ്ഥാന യുവജന കമ്മീഷൻ ഓരോ ജില്ലയിലും 20-നും 40-നുമിടയിൽ പ്രായമുള്ള ഓരോ ബിരുദധാരികളെ ജില്ലാ കോ-ഓർഡിനേറ്റർമാരായി തെരഞ്ഞെടുത്ത് അവരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകരായ യുവജനങ്ങളുടെ കൂട്ടായ്മ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. ടി കോ-ഓർഡിനേറ്റർമാർ മുഖേന സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ,

യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) വിദ്യാർത്ഥികളുടെയും യുവാക്കളുടെയുമിടയിൽ ലഹരി ഉപയോഗം കൂടിവരുന്നത് തടയാൻ മാതാപിതാക്കളെ ബോധവത്കരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

ലഹരി ഉപയോഗം തടയുന്നതിനായി 18-നും 40-നുമിടയിൽ പ്രായമുള്ള യുവജനങ്ങൾക്കിടയിൽ കേരള സംസ്ഥാന യുവജന കമ്മീഷൻ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

**പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ**

24 (*234) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. അബ്ദുൽ ഹമീദ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്കായി ലാപ്ടോപ്, ടാബ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് പ്രീമെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2021-22 അധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റ് മുഖേന ലാപ്ടോപുകൾ വിതരണം ചെയ്തിട്ടുണ്ട്. പോസ്റ്റ് മെട്രിക് ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ തെരഞ്ഞെടുക്കപ്പെട്ട 32 കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ വിദ്യാർത്ഥികൾക്കും ഹൈ എൻഡ് ലാപ്ടോപുകൾ വിതരണം ചെയ്യുന്നുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖപ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ്, ആർട്ടിക്കിൾഷിപ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷനുള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്ക് ഗ്രാമ പഞ്ചായത്തുകൾവഴി ലാപ്ടോപ് നൽകുന്ന പദ്ധതി നിലവിലുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലതാമസം വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഈ പദ്ധതി പ്രകാരം ലാപ്ടോപുകൾ Centralised Procurement and Rate Contract System (CPRCS) മുഖേന വാങ്ങണമെന്നാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നത്. CPRCS-ൽനിന്നും ലാപ്ടോപുകൾ ലഭ്യമാക്കുന്നതിന് വളരെയധികം കാലതാമസമുണ്ടായതിനാൽ വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ലാപ്ടോപുകൾ വിതരണം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിരുന്നില്ല. ഇത് ഒഴിവാക്കുന്നതിനായി Government e-Marketplace (GEM)-ൽനിന്നും ലാപ്ടോപുകൾ വാങ്ങി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

## ശുചിത്വ സാഗരം സുന്ദരതീരം പദ്ധതി

25 (*235) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി ദെലീമ:
ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലും തീരപ്രദേശവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാനായി ശുചിത്വസാഗരം സുന്ദരതീരം പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം നൽകുമോ?

സംസ്ഥാനത്ത് കടലും തീരപ്രദേശവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാനായി 'ശുചിത്വ സാഗരം സുന്ദരതീരം' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ശുചിത്വ സാഗരം സുന്ദരതീരം പദ്ധതി 3 ഘട്ടമായാണ് നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികൾ, ട്രേഡ് യൂണിയനുകൾ, ബോട്ടുടമ സംഘടനകൾ, സാമുദായിക സംഘടനകൾ, സന്നദ്ധ സംഘടനകൾ, അച്ചടി, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, സിനിമ, സാംസ്കാരിക പ്രവർത്തകർ, പരിസ്ഥിതി സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവരുടെ സഹകരണത്തോടെ പ്രചാരണവും വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതുമാണ് ഒന്നാംഘട്ടം.

രണ്ടാം ഘട്ടത്തിൽ, 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് സെപ്റ്റംബർ 18-ന് പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കും. ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതമുൾപ്പെടുന്ന 600 ആക്ഷൻ ഗ്രൂപ്പുകളെ സജ്ജമാക്കും. ഓരോ ആക്ഷൻ ഗ്രൂപ്പുകളും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന പ്ലാസ്റ്റിക് മാലിന്യശേഖരം ക്ലീൻ കേരള മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ചുമതലയിൽ ഷ്രെഡ്ഡിംഗ് യൂണിറ്റുകളിലേയ്ക്കുമാറ്റി ശാസ്ത്രീയമായി സംസ്കരിക്കും.

2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രോൾ വലകളിൽ കുടുങ്ങി

ബോട്ടുകളിലേയ്ക്ക് എത്തിപ്പെടാറുണ്ട്. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി ക്ലീൻ ചെയ്ത് റീ-സൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് ശുചിത്വ സാഗരം പദ്ധതി. ലോകശ്രദ്ധ പിടിച്ചുപറ്റിയ ഈ പദ്ധതി സംസ്ഥാനത്തെ പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന മറ്റ് ഹാർബറുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതാണ് മൂന്നാംഘട്ടം. ഇതുകൂടാതെ കടലും തീരവും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെ സഹകരണത്തോടെ തുടർ ബോധവൽക്കരണം നടപ്പിലാക്കുകയും പ്ലാസ്റ്റിക്കിന്റെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യും.

(ബി) കടലിൽനിന്നും തീരപ്രദേശങ്ങളിൽനിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ച് പുനരുപയോഗിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; സർക്കാരിതര സംഘടനകളെയും പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഭാഗമാക്കാമോ?

ഉണ്ട്. പുനരുപയോഗിക്കാവുന്ന പ്ലാസ്റ്റിക് , ക്ലീൻ കേരള കമ്പനി മുഖേന സംസ്കരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സർക്കാർ, സർക്കാരിതര

സംഘടനകൾ, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി., ഹരിത കർമ്മസേന, കുടുംബശ്രീ, യൂത്ത് ക്ലബ്ബുകൾ, സാഫ്, സേവ, എൻ.ആർ.ഇ.ജി.പി., ഡ്രൈവേഴ്സ് അസോസിയേഷൻ, മത്സ്യത്തൊഴിലാളി സംഘടനകൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, ബോട്ടുടമ സംഘടനകൾ, കടലോര ജാഗ്രതാ സമിതികൾ, ശുചിത്വ മിഷൻ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ യുവജന- മഹിളാ-വിദ്യാർത്ഥി സംഘടനകൾ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള മിഷൻ, സ്റ്റേറ്റ് യൂത്ത് കമ്മീഷൻ, സ്റ്റേറ്റ് യൂത്ത് വെൽഫെയർ ബോർഡ്, വിവിധ മതസംഘടനകളുടെ യുവജന-മഹിളാ സംഘടനകൾ തുടങ്ങിയവർ ഈ ഉദ്യമത്തിന്റെ ഭാഗമാണ്.

(സി) കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കി സംരക്ഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്ലാസ്റ്റിക് മുക്ത കടലോര ക്യാമ്പയിനിൽ സംസ്ഥാന അടിസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തി കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തെ തെരഞ്ഞെടുത്ത് മുഖ്യമന്ത്രിയുടെ എവർ

റോളിംഗ് ട്രോഫിയും 5 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും നൽകുന്നതായിരിക്കും. അതോടൊപ്പം 9 മറൈൻ ജില്ലകളിൽനിന്നും മികച്ച പ്രവർത്തനം നടത്തുന്ന ജില്ലാ പഞ്ചായത്തിനെ തെരഞ്ഞെടുത്ത് 5 ലക്ഷം രൂപ ക്യാഷ് അവാർഡും എവർ റോളിംഗ് ട്രോഫിയും നൽകുന്നതാണ്. മികച്ച നിലയിൽ നിർദ്ദേശങ്ങൾ നടപ്പാക്കുന്ന ആക്ഷൻ ഗ്രൂപ്പിന്/ഗ്രൂപ്പുകൾക്ക് 50,000/- രൂപ ക്യാഷ് അവാർഡ് നൽകും.

## സാംസ്കാരിക ഐക്യം ശക്തിപ്പെടുത്താൻ നടപടി

26 (*236) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) നിസ്സാരമായതോ ഇല്ലാത്തതോ ആയ കാര്യങ്ങൾ പ്രചരിപ്പിച്ച് സാമുദായിക ധ്രുവീകരണത്തിലൂടെ രാഷ്ട്രീയനേട്ടം കൊയ്യാൻ വർഗ്ഗീയശക്തികളും തീവ്രവാദശക്തികളും തങ്ങളുടെ ശ്രമം ശക്തമാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്

പ്രതിരോധിക്കാനായി സാംസ്കാരിക ഐക്യം ശക്തിപ്പെടുത്താൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഇത്തരം പ്രവണതകൾ ഉണ്ടാകാതിരിക്കുന്നതിന് സർക്കാർ ജാഗരൂകമാണ്. സംസ്ഥാനത്ത് വർഗ്ഗീയ വിഭജനത്തിന് കാരണമാകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിലേർപ്പെടുന്ന വർഗ്ഗീയ, തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന ഏജൻസികൾ നിരീക്ഷിച്ചുവരുന്നതും അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടിയുണ്ടാകുന്നതുമാണ്. ജാതിമത വ്യവസ്ഥകൾക്കതീതമായതും ഭരണഘടന വിഭാവനം ചെയ്യുന്നതും ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും മതേതരമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിൽ ഏറ്റെടുക്കുന്നത്.

(ബി) ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ജനങ്ങൾക്ക് സാംസ്കാരികമായ ഒത്തുചേരലിനുള്ള ഇടം സൃഷ്ടിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. ഗ്രാമീണമേഖലയിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പൊതുയിടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പ് 'നാട്ടരങ്ങ്' എന്നപദ്ധതി നടപ്പിലാക്കിവരുന്നു.

പൊതുയിടങ്ങളില്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി അവിടെ ഗതാഗത തടസ്സമില്ലാതെ കലാസാംസ്കാരിക പ്രവർത്തനത്തിന് വേദിയൊരുക്കുന്ന ഈ പദ്ധതി ആലത്തൂർ താലൂക്കിലെ വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2020-2021 സാമ്പത്തികവർഷം നടപ്പിലാക്കിയിരുന്നു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരും മലപ്പുറം ജില്ലയിലെ വള്ളിക്കുന്നിലും നാട്ടരങ്ങ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) സാംസ്കാരികപ്പെരുമ കാത്തുസൂക്ഷിക്കുന്നതിനും കലാപൈതൃകം വരുംതലമുറയ്ക്ക് പകർന്ന് നൽകുന്നതിനുമായി കിഫ്ബി ഫണ്ട് മുഖേന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പുരോഗതി അറിയിക്കാമോ?

കേരളത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണത്തിനും വ്യാപനത്തിനും പ്രോത്സാഹനത്തിനുമായി 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ, നവോത്ഥാന നായകരുടെ നാമധേയത്തിൽ ബൃഹത്തായ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. കിഫ്ബിയുടെ ധനസഹായത്തോടെയാണ് സാംസ്കാരിക വകുപ്പുവഴി ഈ പദ്ധതി നടപ്പിലാക്കുന്നത്. കൊല്ലം, പാലക്കാട്,

കാസർഗോഡ് ജില്ലകളിൽ യഥാക്രമം ശ്രീനാരായണഗുരു, വി. ടി. ഭട്ടതിരിപ്പാട്, സുബ്രഹ്മണ്യൻ തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാല് ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ പുരോഗമിച്ചുവരികയാണ്. പത്തനംതിട്ട, തിരുവനന്തപുരം, ഇടുക്കി, വയനാട്, എറണാകുളം എന്നീ ജില്ലകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

## വന്യജീവികളുണ്ടാക്കുന്ന കാർഷിക നാശനഷ്ടം

27 (*237) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം:</u>

<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുണ്ടാക്കുന്ന കാർഷിക നാശനഷ്ടങ്ങളുടെ കണക്കുകൾ ശേഖരിക്കുന്നതിൽ വനം വകുപ്പ് വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലെന്ന കർഷക സംഘടനകളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികൾമൂലമുണ്ടാകുന്ന കാർഷിക നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ നിലവിൽ ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി ഓൺലൈനായാണ് സ്വീകരിക്കുന്നത്. ടി അപേക്ഷകൾ സമർപ്പിക്കുന്ന അവസരത്തിൽ, കർഷകർക്ക് സംഭവിക്കുന്ന നാശനഷ്ടങ്ങളെ സംബന്ധിച്ച് കാർഷിക വിളകൾ തിരിച്ചുള്ള വിവരങ്ങൾ വനം വകുപ്പ് ജീവനക്കാർ ഫീൽഡ് പരിശോധന നടത്തി 08-01-2015-ലെ സ.ഉ.(കൈ) നം. 02/2015/വനം, 05-04-2018-ലെ സ.ഉ. (കൈ) നം 17/2018/വനം എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട

ുക, നശിപ്പിക്കപ്പെട്ട ഓരോ കാർഷിക വിളകൾക്കുമായി കണക്കാക്കി വരുന്നു.

(ബി) വനം വകുപ്പിന്റെ സ്ഥിതിവിവര കണക്കുകളെ കുറിച്ചുള്ള ആധികാരിക രേഖയായ ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് റിപ്പോർട്ട് രണ്ടുവർഷമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം അറിയിക്കുമോ; ആയത് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലവും അടച്ചിടലും കാരണമാണ് റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ കാലതാമസം നേരിട്ടത്. ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് - 2020 വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഗവൺമെന്റ് പ്രസ്സിൽ അച്ചടി പൂർത്തിയാകുന്നമുറയ്ക്ക് കോപ്പികൾ ലഭ്യമാകും. ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് 2021-ന്റെ ക്രോഡീകരണം നടന്നുവരുന്നു. ആയത് 2022 ഡിസംബർ മാസത്തിനകം പ്രസിദ്ധീകരിക്കാനാകുമെന്ന് കരുതുന്നു.

## പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരെ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി

28 (*238) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ചില ഗവൺമെന്റിതര സംഘടനകൾ വാസയോഗ്യമല്ലാത്ത വീടുകൾ നിർമ്മിച്ചുനൽകിയും ഭൂമി തട്ടിപ്പ് നടത്തിയും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവരെ ചൂഷണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി വകുപ്പ് സർക്കാരിതര സംഘടനകളെ ഏൽപ്പിച്ചിട്ടില്ല. അട്ടപ്പാടിയിൽ എച്ച്.ആർ.ഡി.എസ്. എന്ന സംഘടന പട്ടികവർഗ്ഗ മേഖലയിൽ ഭവനനിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി വകുപ്പിന് ഒരു ബന്ധവുമില്ല. സർക്കാരിതര സംഘടനകളായ "വിദ്യാധിരാജ വിദ്യാസമാജം ട്രസ്റ്റ്", എച്ച്.ആർ.ഡി.എസ്. എന്നിവയെക്കുറിച്ചുള്ള പരാതികളിൽ ഒറ്റപ്പാലം സബ്കളക്ടർ മുഖാന്തരം അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ കളക്ടർ ഉത്തരവായിട്ടുള്ളതും ആയത് പുരോഗമിച്ചുവരികയുമാണ്.

(ബി) വർഷംതോറും കേന്ദ്രസർക്കാരിന്റെ കോടിക്കണക്കിന് രൂപയുടെ ഫണ്ട് സംസ്ഥാനത്ത് ഇത്തരത്തിലുള്ള ചില എൻ.ജി.ഒ.-കൾ

കൈക്കലാക്കി വിഭാഗീയത വളർത്തുന്നതിനും മറ്റ് രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായും വിനിയോഗിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.-കൾ സർക്കാരിന്റെ മേൽനോട്ടമില്ലാതെ ഫണ്ട് വിനിയോഗിക്കുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം എൻ.ജി.ഒ.-കളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ പരിശോധനകളുമായി മുന്നോട്ടുപോകുമ്പോൾ ഒരു സ്ഥാപനത്തിലെ ഉന്നത സ്ഥാനീയരായ വ്യക്തികളും ഒരു രാഷ്ട്രീയ പാർട്ടിയും ചേർന്ന് എന്തെങ്കിലും ഗൂഢാലോചന നടത്തുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി-ഡി) പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന ഭവന നിർമ്മാണ പദ്ധതികൾക്കായി എൻ.ജി.ഒ.-കൾക്ക് ഫണ്ട് അനുവദിക്കുന്നില്ല. അട്ടപ്പാടി മേഖലയിൽ എച്ച്.ആർ.ഡി.എസ്. എന്ന സംഘടന പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇത് വകുപ്പിന്റെ അനുമതിയോടുകൂടിയല്ല.

ഇതിനാവശ്യമായ ഫണ്ട് വകുപ്പിൽ നിന്നുമല്ല അനുവദിച്ചിട്ടുള്ളത്. ഗൂഢാലോചന സംബന്ധിച്ച് വകുപ്പ് പരിശോധന നടത്തിയിട്ടില്ല.

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ പദ്ധതി**

29 (*239) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ?

വന്യജീവികൾ നാട്ടിലേയ്ക്കിറങ്ങുന്നത് പ്രതിരോധിക്കുന്നതിന് സൗരോർജ്ജ വേലികൾ, കിടങ്ങുകൾ എന്നിവയാണ് പ്രധാനമായും മുൻവർഷങ്ങളിൽ നിർമ്മിച്ചുവന്നിരുന്നത്. എന്നാൽ ആന ഉൾപ്പെടെയുള്ള വന്യജീവികൾ പലസ്ഥലങ്ങളിലെയും സൗരോർജ്ജ വേലികൾ നശിപ്പിക്കുന്നതിനാലും മരങ്ങൾ മറിഞ്ഞുവീഴുകയും മറ്റുംമൂലമുണ്ടാകുന്ന സാഹചര്യത്തിലും ചിലസ്ഥലങ്ങളിൽ ആയത് ഫലപ്രദമല്ലാതായി

മാറിയിട്ടുണ്ടായിരുന്നു. അത്തരം സ്ഥലങ്ങളിൽ സൗരോർജ്ജ വേലികളുടെ പരിപാലനം കൃത്യമായി നടത്തുന്നതിനും പുതുതായി സൗരോർജ്ജ തൂക്കുവേലികൾ നിർമ്മിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ ചിലസ്ഥലങ്ങളിൽ ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നീ പ്രതിരോധ മാർഗ്ഗങ്ങളും അവലംബിച്ചിട്ടുണ്ട്. ആർ.ആർ.ടി.-കളുടെ സേവനം ഉപയോഗിച്ചും പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിച്ചും വന്യജീവി സംഘർഷം ഒഴിവാക്കുന്നതിനുള്ള സാധ്യമായ ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

കാട്ടുപന്നിയുടെ ആക്രമണംമൂലമുള്ള നാശനഷ്ടം തടയുന്നതിനായി പ്രശ്നകാരികളായ പന്നികളെ കൊല്ലുന്നതുമായി ബന്ധപ്പെട്ട് 2011 മുതൽ വിവിധ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾ നടപ്പിലാക്കാൻ സാധ്യമായ പ്രവർത്തനങ്ങൾ നടത്തിയിട്ടും ആയത് പൂർണ്ണമായും ഫലപ്രദമാകാത്ത സാഹചര്യത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നതും കാട്ടുപന്നികളെ നിയമാനുസൃതം

കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

(ബി) മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധതി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള പദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-01-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) പ്രസ്തുത പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനമടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും  മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.

5. ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേട്ടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

**ദേവസ്വം ബോർഡുകളുടെ സ്വത്തുവകകളുടെ കണക്കെടുപ്പ്**

30 (*240)ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ സ്വത്തുവകകൾ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; സംസ്ഥാനത്തിനുപുറത്ത് ദേവസ്വം ബോർഡുകൾക്ക് സ്വത്തുവകകളുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകിഴിലുള്ള 1250 ക്ഷേത്രങ്ങളിലായി ഏകദേശം 2700 ഏക്കർ ഭൂമിയുണ്ട്. സംസ്ഥാനത്തിനുപുറത്ത് വാരണാസിയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളും പുനലൂർ

ഗ്രൂപ്പിൽപ്പെട്ട അച്ചൻകോവിൽ ദേവസ്വം വകയായി തമിഴ്നാട്ടിലെ പൻപൊളിയിൽ 30 ഏക്കർ 85 സെന്റ് പാടശേഖരവുമുണ്ട്.

മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ ഭൂമിയോ മറ്റേതെങ്കിലും സ്വത്തുവകകളോ ഇല്ല. സർക്കാർ നിയമിച്ച സ്പെഷ്യൽ ടീം 2007-ൽ നടത്തിയ സർവ്വേ പ്രകാരം ബോർഡിനുകീഴിലുള്ള 1132 ക്ഷേത്രങ്ങളുടെ കൈവശം 3112.205 ഏക്കർ ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ബോർഡിന് കീഴിലുള്ള കാസർഗോഡ് ജില്ലയിലെ ശ്രീമദ് അനന്തേശ്വര ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ, കർണ്ണാടക സംസ്ഥാനത്ത് വസ്തുവകകളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന് വാരണാസിയിൽ ഒരു സത്രമുണ്ട്.

ഗുരുവായൂർ ദേവസ്വത്തിന് ആകെ 109.4538 ഹെക്ടർ ഭൂമിയാണുള്ളത്. അതിൽ 0.1186 ഹെക്ടർ ഭൂമി കേരളത്തിന് പുറത്താണ്. കോയമ്പത്തൂർ വടവള്ളിയിൽ സർവ്വേ നമ്പർ 403/3-ൽ 0.0222 ഹെക്ടർ ഭൂമിയിൽ ഒരു കെട്ടിടവും മാഹി ചാലക്കരയിൽ സർവ്വേ നമ്പർ 77/4-ൽ 0.0964 ഹെക്ടർ ഭൂമിയിൽ ഒരു കെട്ടിടവുമുണ്ട്.

കൂടൽമാണിക്യം ദേവസ്വം സ്വത്തുവകകളെ സംബന്ധിച്ച് കൃത്യമായി കണക്കെടുപ്പ് നടത്തുന്നുണ്ട്. ദേവസ്വത്തിന് സംസ്ഥാനത്തിനുപുറത്ത് വസ്തുവകകളില്ല.

(ബി) വിവിധ ദേവസ്വം സ്വത്തുവകകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകിഴിലുള്ള ദേവസ്വം ഭൂമി സംരക്ഷണത്തിനായി റവന്യൂ വകുപ്പിന്റെ ഒരു സംരക്ഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു. ടി വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ഭൂസംരക്ഷണ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കഴിഞ്ഞ 10 വർഷമായി പാട്ടക്കാലാവധി പുതുക്കാതെ കാലഹരണപ്പെട്ടിരുന്ന തമിഴ്നാട്ടിലെ പൻപൊളി വില്ലേജിലെ 30 ഏക്കറോളം പാടത്തിന്റെ പാട്ടക്കരാർ പുതുക്കി നൽകിയിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ളതും അന്യാധീനപ്പെട്ട് കിടക്കുന്നതുമായ ഭൂമി

കണ്ടെത്തുന്നതിനും തിരിച്ചുപിടിക്കുന്നതിനും ഫലപ്രദവും പ്രായോഗികവുമായ നടപടി സ്വീകരിച്ചുവരുന്നു. അന്യാധീനപ്പെട്ട് കിടക്കുന്ന ക്ഷേത്രഭൂമിയിൽ പട്ടയം കേസുകളുമായി ബന്ധപ്പെട്ട് വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ട കേസുകളിൽ ക്ഷേത്രത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കത്തക്കവിധമുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ചിട്ടുണ്ട്. ക്ഷേത്രം സ്വത്തുവകകൾ സംരക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ജീർണ്ണോദ്ധാരണ ഗ്രാന്റായി 2021-22 സാമ്പത്തികവർഷം, സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്നും 3,19,97,500/- രൂപ വിവിധ ക്ഷേത്രങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന കുളം-കാവ്-ആൽത്തറ എന്നിവയുടെ സംരക്ഷണത്തിനായി കഴിഞ്ഞ സാമ്പത്തികവർഷം വിവിധ ക്ഷേത്രങ്ങൾക്കായി 25,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

ക്ഷേത്രഭൂമികൾ സംരക്ഷിക്കുന്നതിനായി കൊച്ചിൻ ദേവസ്വം ബോർഡിൽ ഒരു സ്പെഷ്യൽ തഹസിൽദാർ വിഭാഗം നിലവിലുള്ളതും അന്യാധീനപ്പെട്ട സ്വത്തുവകകൾ തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

ഗുരുവായൂർ ദേവസ്വത്തിന്റെ സ്വത്തുവകകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് പുതിയ ചുറ്റമതിൽ നിർമ്മിക്കുന്നതിനും പുതുക്കിപ്പണിയുന്നതിനുമായി 11 പ്രവൃത്തികൾ നടന്നുവരുന്നുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിന്റെ സ്വത്തുവകകൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് വിവിധ ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങളും വസ്തുവകകളും കൂട്ടിയിണക്കി തീർത്ഥാടന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി, ആറന്മുള എന്നിവിടങ്ങളിൽ വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ചുകൊണ്ട് പ്രസാദ്, സ്വദേശി ദർശൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

തീർത്ഥാടന പരിപാടിയായ “ പറയിപെറ്റ പന്തിരുകുലം" പ്രോജക്ടിന്റെ ഭാഗമായി, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം യജ്ഞേശ്വരം ക്ഷേത്രം, കോമംഗലം ശിവക്ഷേത്രം, മുടവന്നൂർ ശിവക്ഷേത്രം, മലമൽക്കാവ് അയ്യപ്പക്ഷേത്രം

എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീർത്ഥാടന പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പെരിന്തൽമണ്ണ അങ്ങാടിപ്പുറം ശ്രീതിരുമാന്ധാംകുന്ന് ദേവസ്വത്തിലെ മാമാങ്ക സ്മാരകമായ 'ചാവേർത്തറ' ബന്ധിപ്പിച്ചുകൊണ്ടുള്ള തീർത്ഥാടന പരിപാടിയുടെ പ്രവൃത്തികൾക്കായി 1.50 കോടി രൂപ വിനോദസഞ്ചാര വകുപ്പ് അനുവദിച്ചതുപ്രകാരം പ്രവൃത്തി പുരോഗമിച്ചുവരുന്നു. കണ്ണൂർ ജില്ലയിലെ ശ്രീകൊട്ടിയൂർ ദേവസ്വം, ശ്രീമൃദംഗശൈലേശ്വരി ക്ഷേത്രം, ശ്രീതിരുനെല്ലി ക്ഷേത്രം, ശ്രീഅണ്ടല്ലൂർക്കാവ് ക്ഷേത്രം, ശ്രീഊർപ്പഴശ്ശിക്കാവ് ക്ഷേത്രം, ശ്രീമക്രേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം, ശ്രീതൊടീക്കളം ശിവക്ഷേത്രം എന്നീ ക്ഷേത്രങ്ങളുമായി ബന്ധപ്പെടുത്തി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ തലശ്ശേരി പൈതൃക പദ്ധതി, പഴശ്ശി സർക്യൂട്ട് എന്നിവ പൂർത്തിയായിവരുന്നു.

വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് തീർത്ഥാടന പരിപാടികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ കൊച്ചിൻ ദേവസ്വം ബോർഡ് ഊർജ്ജിത ശ്രമം നടത്തിവരുന്നു.

കൂടൽമാണിക്യം ദേവസ്വം വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് കർക്കിടക മാസത്തിലെ നാലമ്പല തീർത്ഥാടനം നടത്തിവരുന്നു.

(ഡി) തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി പ്രസാദ്, സ്വദേശിദർശൻ എന്നീ പദ്ധതികളുടെ മാർഗ്ഗരേഖയനുസൃതമായി ഉൾപ്പെടുത്തിയ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളുടെ വിശദാംശം നൽകാമോ?

തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമായി പ്രസാദ്, സ്വദേശിദർശൻ പദ്ധതികളുടെ മാർഗ്ഗരേഖയനുസൃതമായി തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ശബരിമല, പമ്പ, നിലയ്ക്കൽ, ആറന്മുള എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. സ്വദേശിദർശൻ പദ്ധതിയിലുൾപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ ജീർണ്ണാവസ്ഥയിലുള്ള പുരാതന ക്ഷേത്രങ്ങൾ സംരക്ഷിക്കുന്നതിനും ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പദ്ധതികൾ നടത്തിവരുന്നു. ടി പദ്ധതിക്ക് 1,07,03,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽനിന്നും ആറന്മുള ദേവസ്വത്തിനും തുക അനുവദിച്ചിട്ടുള്ളതാണ്.

സ്വദേശിദർശൻ പദ്ധതിയുടെ മാർഗരേഖയനുസൃതമായി, മലബാർ ദേവസ്വം ബോർഡിനുകീഴിലെ പാലക്കാട്, പട്ടാമ്പി താലൂക്കിലെ തിരുമിറ്റക്കോട് ശ്രീഅഞ്ചുമൂർത്തി ക്ഷേത്രം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

പ്രസാദ് പദ്ധതിയിലുൾപ്പെടുത്തി ഗുരുവായൂർ ദേവസ്വം മൾട്ടി ലെവൽ കാർ പാർക്കിംഗിന്റെ ഇലക്ട്രിക്കൽ/സിവിൽ പ്രവൃത്തികൾക്കായി

27,05,73,309/- രൂപയുടെയും Network Infrastructure and CCTV System premises എന്ന പ്രവൃത്തിക്ക് 5,10,88,736/- രൂപയുടെയും സാങ്കേതികാനുമതി ലഭ്യമാക്കി 2 പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളതാണ്.

കൂടൽമാണിക്യം ദേവസ്വം ക്ഷേത്രം കേന്ദ്രഗവൺമെന്റിന്റെ പ്രസാദ് പദ്ധതിയിലുൾപ്പെടുത്തി വിപുലമായൊരു പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഭവന/ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ

1(2664) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ എന്നിവരെ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമുഖേന നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിവഴി 2016-17 മുതൽ നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും 126 പട്ടികജാതി കുടുംബങ്ങൾക്കും 68 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതിപ്രകാരം വീട് അനുവദിച്ചിട്ടുണ്ട്.

**മങ്കട മണ്ഡലത്തിലെ വീടില്ലാത്ത എസ്.സി., എസ്.ടി. കുടുംബങ്ങൾ**

2(2665) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് ഭവന പൂർത്തീകരണ

ധനസഹായം 1,50,000/-രൂപ നിരക്കിൽ നൽകിവരുന്നു. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ധനസഹായം അനുവദിച്ചവരുടെ എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|---|
| 1 | കുറുവ | 11 | 15,30,000/- |
| 2 | കൂട്ടിലങ്ങാടി | 9 | 9,90,000/- |
| 3 | മൂർക്കനാട് | 14 | 18,90,000/- |
| 4 | മങ്കട | 14 | 18,45,000/- |
| 5 | പുഴക്കാട്ടിരി | 11 | 14,55,000/- |
| 6 | മക്കരപ്പറമ്പ് | 10 | 14,40,000/- |
| 7 | അങ്ങാടിപ്പുറം | 13 | 17,24,400/- |
| **ആകെ** | | **82** | **1,08,74,400/-** |

മങ്കട നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടേതായി വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്നും ആയതിൽ ഭൂരഹിതരും ഭവനരഹിതരുമായി എത്രപേരുണ്ടെന്നുമുള്ള കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ഭവനരഹിത കുടുംബങ്ങൾ | ഭൂരഹിത ഭവനരഹിത കുടുംബങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കുറുവ | 54 | 54 |
| 2 | കൂട്ടിലങ്ങാടി | 31 | 31 |
| 3 | മൂർക്കനാട് | 51 | 50 |
| 4 | മങ്കട | 52 | 48 |
| 5 | പുഴക്കാട്ടിരി | 79 | 44 |
| 6 | മക്കരപ്പറമ്പ് | 38 | 38 |
| 7 | അങ്ങാടിപ്പുറം | 87 | 87 |
| | **ആകെ** | **392** | **352** |

മങ്കട നിയോജകമണ്ഡലത്തിലെ മങ്കട പഞ്ചായത്തിൽ ആയിരനാഴിപടി പട്ടികവർഗ്ഗ കോളനിയിൽ ഭവനരഹിതരായ ഒരു കുടുംബവും കൂട്ടിൽ പട്ടികവർഗ്ഗ കോളനിയിൽ ഭൂരഹിത ഭവനരഹിതരായ 3 കുടുംബങ്ങളുമുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പാർപ്പിടം**

3(2666) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) നിലവിൽ സംസ്ഥാനത്ത് ആദിവാസികളടക്കമുള്ള പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ?

(എ&ബി) 2009-2010 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നിവ സംയുക്തമായി നടത്തിയ അടിസ്ഥാന വിവരശേഖരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 341964 പട്ടികജാതി കുടുംബങ്ങളാണുള്ളത്. ലൈഫ് മിഷൻ 2020-ലെ കണക്കുപ്രകാരം 45016 ഭൂരഹിത പട്ടികജാതി കുടുംബങ്ങളും 62301 ഭവനരഹിത പട്ടികജാതി കുടുംബങ്ങളുമാണുള്ളത്.

പട്ടികവർഗ്ഗ വികസന വകുപ്പ് 2019-ൽ നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് ആകെ 147767 പട്ടികവർഗ്ഗ കുടുംബങ്ങളുള്ളതിൽ 16070 പേർ ഭവനരഹിതരാണ്.

(സി) ആദിവാസികളടക്കമുള്ള എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മുൻസർക്കാർ പാർപ്പിടം നിർമ്മിച്ച് നൽകിയെന്നും തുടർസർക്കാർ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് പാർപ്പിടം നൽകിയെന്നും വ്യക്തമാക്കാമോ?

<u>പട്ടികജാതി വികസന വകുപ്പ്</u>

പട്ടികജാതി വികസന വകുപ്പ്, മറ്റിതര വകുപ്പുകൾ എന്നിവ മുഖേന ഭവനനിർമ്മാണം ആരംഭിച്ചതും 31-03-2016 വരെ

പൂർത്തീകരിക്കാത്തതുമായ 19153 വീടുകളുടെ നിർമ്മാണം ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി 10598 വീടുകളും മൂന്നാം ഘട്ടത്തിലുൾപ്പെടുത്തി 3502 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പ് നേരിട്ട് വിവിധ പദ്ധതികൾ മുഖേന അനുവദിച്ച 22605 വീടുകളുമുൾപ്പെടെ ആകെ 55858 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ രണ്ടും മൂന്നും ഘട്ടങ്ങളിൽ അനുവദിച്ച 12032 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റിതര വകുപ്പുകൾ എന്നിവ മുഖേന ഭവനനിർമ്മാണം ആരംഭിച്ചതും 31-03-2016 വരെ പൂർത്തീകരിക്കാത്തതുമായ 17287 വീടുകൾ ലൈഫ് മിഷൻ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയും ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ 2526 വീടുകളും മൂന്നാംഘട്ടത്തിൽ 80 വീടുകളും വകുപ്പ് നേരിട്ട് വിവിധ പദ്ധതികൾ മുഖേന അനുവദിച്ച 3635 വീടുകളുമുൾപ്പെടെ ആകെ 23528 വീടുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ 3076 ഭവനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ**

4(2667) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളാണുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉണ്ട്. അർഹരായ ഗുണഭോക്തൃ കുടുംബങ്ങളെ കണ്ടെത്തുന്നതിനായി ലൈഫ് മിഷൻ 2020-ൽ ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിൻപ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ ഫീൽഡുതല പരിശോധന/ പുനഃപരിശോധനയ്ക്കുശേഷം പ്രസിദ്ധീകരിച്ച കരട് ഗുണഭോക്തൃ പട്ടികയിൽ പട്ടികജാതി വിഭാഗത്തിൽ 64301 ഭൂമിയുള്ള ഭവനരഹിതരും 45014 ഭൂരഹിത ഭവനരഹിതരും ഉൾപ്പെട്ടിട്ടുണ്ട്. ലൈഫ് മിഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അന്തിമ ഗുണഭോക്തൃ പട്ടികയിലുൾപ്പെടുന്നവർക്ക് സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുൻഗണനാക്രമത്തിൽ ആനുകൂല്യം അനുവദിക്കും.

(ബി) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണ് നിലവിലുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് ഭൂമിയും വീടും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഭവനരഹിതരും വാസയോഗ്യമായ വീടില്ലാത്തവരുമായ 16070 പട്ടികവർഗ്ഗക്കാരുണ്ടെന്ന് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. ആയതിൽ അർഹരെന്ന് കണ്ടെത്തിയ 13048 പേരിൽ 11214 പേരെ ലൈഫ് മിഷൻ അംഗീകരിക്കുകയും ഇതിൽ 6100 പേർ ഭവനനിർമ്മാണത്തിനായി കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷനിലുൾപ്പെടുത്തി 2129 വീടുകളും പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് 947 വീടുകളുമുൾപ്പെടെ 3076 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, പുനരധിവാസ മേഖലകളിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 171 പേർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിലവിലുള്ള കണക്കുപ്രകാരം 7489 പേർ ഭൂരഹിതരാണ്. നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് എന്നീ പദ്ധതികൾപ്രകാരം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന

ഭൂരഹിതരെ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങിനൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 126 പേർക്ക് 21.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിലായി 21.2 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽ 109.259 ഹെക്ടർ ഭൂമി സർവ്വേ ചെയ്ത് 1254 പ്ലോട്ടുകളായി തരംതിരിച്ചിട്ടുണ്ട്. ആയത് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാവകാശ നിയമം, 2006 പ്രകാരം 435 പേർക്ക് 782 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്.

**വാമനപുരം മണ്ഡലം പട്ടികവർഗ്ഗ കോളനികളിലെ വിവിധ പദ്ധതികൾ**

5(2668) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) കോളനികളുടെ പേരുവിവരവും അവിടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയാണെന്നും അറിയിക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഫണ്ട് അനുവദിച്ചിട്ടും ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത ഏതെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

ഫണ്ട് അനുവദിച്ചിട്ടും ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത ഒരു പദ്ധതിയും വാമനപുരം നിയോജകമണ്ഡലത്തിലില്ല.

## അംബേദ്കർ ഗ്രാമം പദ്ധതി

6(2669) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള അംബേദ്കർ ഗ്രാമ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതുസംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന നിർവ്വഹണ ഏജൻസി ഏതാണ്; പ്രസ്തുത ഏജൻസികളെ തെരഞ്ഞെടുക്കുന്ന രീതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

18-03-2017-ലെ സ.ഉ. (കൈ) നം. 15/2017/പ.ജ.പ.വ.വി.വ. പ്രകാരം അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി അതത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപ്പെടുത്തിയിരുന്നത്. നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം ബന്ധപ്പെട്ട എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സർക്കാർ ഏജൻസികൾക്കും നിർവ്വഹണ ചുമതല നൽകുവാൻ വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ 03-12-2021-ൽ പുറപ്പെടുവിച്ച പരിഷ്കരിച്ച [സ.ഉ. (കൈ) നം.

54/2021/പ.ജ.പ.വ.വി.വ.] ഉത്തരവ് പ്രകാരം, നിർമ്മിതി കേന്ദ്രങ്ങൾക്കുപുറമെ 4-7-2019-ലെ സ.ഉ. (അച്ചടി) നം. 77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് അംഗീകൃത സർക്കാർ ഏജൻസികളെയും പദ്ധതി നിർവ്വഹണത്തിനായി ചുമതലപ്പെടുത്താവുന്നതാണ്.

(ഡി) മഞ്ചേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയ ആര്യംപാടം കുറുങ്കാട്ടുകുന്ന് കോളനിയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള 98 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളിൽ ബാക്കിയായ തുകയ്ക്കുൾപ്പെടുത്തേണ്ട അഡീഷണൽ വർക്കുകൾ 21-06-2022-ൽ നടന്ന മോണിറ്ററിംഗ് കമ്മിറ്റിയിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് നിർദ്ദേശിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ ഉൾപ്പെടുത്തിയ ആമയൂർ ചക്കിങ്ങൽകണ്ടി, ഏറാഞ്ചേരി കോളനികളിൽ കുടിവെള്ള പദ്ധതിയൊഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. 2022

ജൂലൈയിൽ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതാണെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി (2021-22)-യിലുൾപ്പെട്ട പാക്കരത്ത് പട്ടികജാതി കോളനിയിലും ആനക്കോട് പട്ടികജാതി കോളനിയിലും പ്രഥമയോഗം കൂടിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു.

## വട്ടപ്പറമ്പ് എസ്.സി. കോളനി റോഡ് നിർമ്മാണം

7(2670) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ ആറാം വാർഡിൽ പതിനെട്ടോളം എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്തേയ്ക്കുള്ള പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഗതാഗതയോഗ്യമല്ലാത്തവിധം തകർന്നതിനാൽ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികൾക്ക് മെയിൻ റോഡിലെത്താൻ ഏറെ ബുദ്ധിമുട്ട് നേരിടുന്നത് കണക്കിലെടുത്ത് കോളനിക്കകത്തുള്ള ഭാഗവും

കോളനിയിലേയ്ക്കുള്ള ഭാഗവും ഒന്നായി പരിഗണിച്ച് കോർപ്പസ് ഫണ്ടിൽനിന്നും തുക വകയിരുത്തി റോഡ് പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് കോളനിയുടെ പുറത്തുള്ള റോഡായതിനാൽ കോർപ്പസ് ഫണ്ട് മാനദണ്ഡപ്രകാരം പദ്ധതി ഫീസിബിളല്ല. ആയതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

**മഞ്ഞനക്കാട് കോളനിയിലെ പുനരുദ്ധാരണ പ്രവൃത്തികൾ**

8(2671) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മഞ്ഞനക്കാട് കോളനിക്ക് പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കപ്പെട്ട അൻപത് ലക്ഷം രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) കോളനിയുടെ പുനരുദ്ധാരണത്തിനായി പ്രത്യേക വികസന പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

(എ&ബി) പ്രസ്തുത കോളനിയുടെ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ട സഞ്ചാരയോഗ്യമല്ലാത്ത വഴിയിലൂടെ സാധന സാമഗ്രികളെത്തിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് അഡീഷണൽ കൺവെയൻസ് ചാർജ്ജ് അനുവദിച്ച് നൽകിയാൽമാത്രമെ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂവെന്ന് നിർവ്വഹണ ഏജൻസിയായ എറണാകുളം ജില്ലാ നിർമ്മിതികേന്ദ്രം അറിയിച്ചതിനെത്തുടർന്ന് അഡീഷണൽ കൺവെയൻസ് ചാർജ്ജ് അനുവദിച്ചാൽ പദ്ധതി ഉടൻ പൂർത്തീകരിക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഏജൻസിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ മഞ്ഞനക്കാട് കോളനിയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിലവിലെ ഡി.എസ്.ആർ. പ്രകാരമുള്ള അഡീഷണൽ കൺവെയൻസ് ചാർജ്ജുകൊണ്ടുമാത്രം പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയില്ലെന്നും പ്രവൃത്തികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാരില്ലാത്ത അവസ്ഥയാണെന്നും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതികേന്ദ്രം അറിയിച്ചിരുന്നു. ആയതിനാൽ വൈപ്പിൻ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 10-02-2022-നുചേർന്ന മോണിറ്ററിംഗ് കമ്മറ്റി യോഗത്തിൽ ഈസ്റ്റ് മഞ്ഞനക്കാട് കോളനിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ എം.എൽ.എ.– എ.ഡി.എസ്.

സ്കീമിലുൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കാൻ അംഗീകാരം നൽകുകയും 72.50 ലക്ഷം രൂപയുടെ ഭരണാനുമതി തുക വകയിരുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ പ്രളയാനന്തര കോളനികളുടെ പുനരുദ്ധാരണത്തിൽ തുടർനടപടി ആവശ്യമില്ലെന്ന് തീരുമാനമെടുത്തിട്ടുണ്ട്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

9(2672) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കോളനി നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ചയോത്ത് ചക്ലിയ കോളനിയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രാവണീശ്വരം കോളനിയിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതിയിൽ പ്രവൃത്തികൾ അവസാനിപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 2021-22

വർഷത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൈക്കാനം പട്ടികജാതി കോളനി നവീകരണ പ്രവർത്തനങ്ങൾക്കായി മൊബിലൈസേഷൻ തുകയായി 20,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടെയും നിർവ്വഹണചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ?

ജില്ലാ നിർമ്മിതി കേന്ദ്രം, കാസർഗോഡ്.

**സംസ്ഥാനത്തെ കോളനി നവീകരണ പ്രവൃത്തികൾ**

10(2673) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളനികളുടെ നവീകരണത്തിന് വിവിധ പദ്ധതികളിലൂടെ സർക്കാർ അനുവദിക്കുന്ന പണം സമയബന്ധിതമായി ചെലവഴിക്കാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഓരോ പ്രവൃത്തിക്കും പ്രത്യേക കലണ്ടർ

തയ്യാറാക്കി മാസംതോറും മോണിറ്ററിംഗ് നടത്തുന്നതിന് നിർദ്ദേശം നൽകാമോ?

പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം കോളനികളിൽ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവൃത്തികൾ ജില്ലാതലത്തിൽ മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പ് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രത്യേക കലണ്ടർ തയ്യാറാക്കി മാസംതോറും മോണിറ്ററിംഗ് നടത്തുന്നതിന് വകുപ്പ് ഡയറക്ടറേറ്റിലെ 16-03-2022-ലെ ഉത്തരവ് നമ്പർ ഡെവ.സി1-12395/21 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോളനി നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന ഏജൻസികൾ അവരുടെ ചുമതല നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രിതലത്തിൽ രണ്ടുതവണ നിർവ്വഹണ ഏജൻസികളുടെയും ഉദ്യോഗസ്ഥരുടെയും അവലോകനയോഗം നടത്തുകയുണ്ടായി. പ്രവൃത്തികൾ

അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റുതലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

അംബേദ്കർ ഗ്രാമം പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കി, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി നടത്തിപ്പിലെ വ്യവസ്ഥകൾ 3-12-2021-ലെ സ.ഉ. (കൈ) നം. 54/2021/പ.ജ.പ.വി.വ. പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പ്രവൃത്തികൾ ജില്ലാതലത്തിൽ കാലികമായി അവലോകനം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**കൊടുങ്ങല്ലൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ**

11(2674) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ടെന്നും പ്രസ്തുത കോളനികളിൽ ഓരോന്നിലും എത്ര കുടുംബങ്ങളുണ്ടെന്നും അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ 115 പട്ടികജാതി കോളനികളാണുള്ളത്. ഓരോ കോളനിയിലുമുള്ള കുടുംബങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളില്ല.

**പൂഞ്ഞാർ മണ്ഡലത്തിലെ പട്ടികജാതി- പട്ടികവർഗ്ഗ കോളനികൾ**

12(2675) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ടെന്നും അവ ഏതെല്ലാമാണെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഓരോ കോളനിയിലും നിലവിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു.+

**ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസന പദ്ധതികൾ**

13(2676) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിലെ കവിളുപാറ പട്ടികവർഗ്ഗ കോളനിയെ 2022 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആലത്തൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

## ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ കുടിവെള്ള ലഭ്യത

14(2677) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള ലഭ്യത കുറവുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കിഴക്കുംകാട്, കുന്നുംപറമ്പ്, ഉർക്കുളം, രക്കത്ത്, വാലിപ്പറമ്പ് എന്നീ പട്ടികജാതി കോളനികളിൽ കുടിവെള്ള ലഭ്യതയില്ല. പഞ്ചായത്തിന്റെ പദ്ധതിയിലോ/വകുപ്പിൽനിന്നുള്ള കോർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി, കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണം**

15(2678) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കോളനികളാണുള്ളതെന്നും അവ ഏതെല്ലാമാണെന്നും പഞ്ചായത്തുതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പട്ടികജാതി കോളനിയിലും എത്ര കുടുംബങ്ങളാണ് താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിലുൾപ്പെടുത്താൻ ഫീസിബിലിറ്റിയുള്ളവയും ഇല്ലാത്തവയുമായ കോളനികളുടെ വിശദാംശം തരംതിരിച്ച് നൽകാമോ?

(എ-സി) പാറശ്ശാല നിയോജകമണ്ഡലത്തിൽ 150 പട്ടികജാതി കോളനികളും 24 പട്ടികവർഗ്ഗ കോളനികളുമാണുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) പ്രസ്തുത പദ്ധതിപ്രകാരം നവീകരിച്ച പട്ടികജാതി, പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

പുല്ലച്ചക്കോണം-കല്ലുവിള, വേങ്കവിള-കുട്ടത്തിവിള-നക്കോട്ടുകോണം എന്നീ പട്ടികജാതി കോളനികളിൽ 2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ തെന്മല പട്ടികവർഗ്ഗ കോളനിയിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. തേക്കിൻമൂട് റോഡ് - രണ്ടാംഘട്ടം ഇന്റർലോക്ക് - 95 ശതമാനം പണികൾ പൂർത്തീകരിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കണ്ണമാംമൂട് റോഡ് - പീയണിപ്പാറ റോഡ് - 25 ശതമാനം പണികൾ പൂർത്തീകരിച്ചു.
3. തെന്മല കമ്മ്യൂണിറ്റി ഹാൾ റൂഫ് ലെവൽ - പ്രവൃത്തികൾ പൂർത്തിയായി.

(ഇ) പ്രസ്തുത പദ്ധതിപ്രകാരം പുതുതായി നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി, പട്ടികവർഗ്ഗ കോളനികളേതെല്ലാമെന്ന് വ്യക്തമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ കൊല്ലയിൽ പഞ്ചായത്തിലെ എ.കെ.ജി. കോളനി, പാറശ്ശാല പഞ്ചായത്തിലെ മലഞ്ചുറ്റ് കോളനി എന്നീ പട്ടികജാതി കോളനികൾ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും നിലവിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം പുതുതായി പട്ടികവർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

16(2679) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം നവീകരിച്ച പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വിശദാംശം ലഭ്യമാക്കാമോ?

2012-13, 2013-14 വർഷങ്ങളിലാണ് പട്ടികജാതി വികസന വകുപ്പ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ടി കാലയളവിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽനിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം കോളനികളെയൊന്നും തെരഞ്ഞെടുത്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിപ്രകാരം നവീകരിക്കാൻ തീരുമാനിച്ചിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗ കോളനികളേതെല്ലാമെന്ന് വ്യക്തമാക്കാമോ?

2016-17-ൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിപ്രകാരം മൂത്തേടത്ത് കോളനി, തൊടിയൂർ ഗ്രാമപഞ്ചായത്തിലെ അംബേദ്കർ ഗ്രാമം എന്നീ കോളനികളെ തെരഞ്ഞെടുക്കുകയും 2022-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ പാവുമ്പ ആലുവിള കോളനി, കേശവപുരം ഐ.എച്ച്.ഡി.പി. കോളനി എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ**

17(2680) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കോളനികളുടെ പേരും അവിടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും ഓരോന്നിനും അനുവദിച്ച ഫണ്ട് എത്രയൊക്കെയാണെന്നും അറിയിക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ വടക്കേക്കോണം കോളനിയിൽ (2019-20), കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, കിണർ വൃത്തിയാക്കൽ, സെപ്റ്റിക് ടാങ്ക് സ്ഥാപിക്കൽ, കോമ്പൗണ്ട് വാൾ നിർമ്മാണം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് 50 ലക്ഷം രൂപ അനുവദിക്കുകയും 40 ശതമാനം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഫണ്ട് അനുവദിച്ചിട്ടും ഇതുവരെ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ ഏതെങ്കിലുമുണ്ടോയെന്ന് വിശദീകരിക്കാമോ?

ഇല്ല.

**എൻ ഊര് ഗോത്ര പൈതൃകഗ്രാമം പദ്ധതി**

18(2681) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ ഊര് ഗോത്ര പൈതൃകഗ്രാമം പദ്ധതി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഗോത്ര ജനതയുടെ ജീവിത അഭിവൃദ്ധിയും സ്ഥിരവരുമാനവും ലക്ഷ്യമിടുന്നുണ്ടോ?

(എ&ബി) പട്ടികവർഗ്ഗ ജനതയുടെ പൈതൃകവും സംസ്കാരവും സംരക്ഷിക്കുന്നതിനും ഉപജീവനമാർഗ്ഗത്തിനുമായി വയനാട് ജില്ലയിലെ വൈത്തിരിയിൽ ആരംഭിച്ച പദ്ധതിയാണിത്. ഒരു മോഡൽ ട്രൈബൽ വില്ലേജ് സൃഷ്ടിച്ച് പരമ്പരാഗത ആദിവാസി ജീവിതരീതി, ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ മുതലായവ പരിചയപ്പെടുത്തി പട്ടികവർഗ്ഗക്കാർക്ക് മെച്ചപ്പെട്ട ജീവിതമാർഗ്ഗവും വരുമാനവും ലക്ഷ്യമിട്ടുള്ള തീർത്തും പ്രകൃതി സൗഹൃദപരമായ പദ്ധതിയാണ് എൻ ഊര് പദ്ധതി. ഈ

പദ്ധതിമുഖേന 50 പട്ടികവർഗ്ഗക്കാർക്ക് പ്രത്യക്ഷമായും ആയിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പരോക്ഷമായും മെച്ചപ്പെട്ട ജീവിത/തൊഴിൽ സാഹചര്യം സൃഷ്ടിക്കുന്നതാണ്.

(സി) ഉണ്ടെങ്കിൽ മുപ്പത് ശതമാനത്തോളം ഗോത്രവർഗ്ഗക്കാർ അധിവസിക്കുന്ന തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാനസൗകര്യ വികസനം**

19(2682) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിക്കാത്തതിനാൽ കോളനി നിവാസികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ്

വികസന പദ്ധതിയിലും കോർപ്പസ് ഫണ്ട്, അടിയ-പണിയ പാക്കേജുകളിൽ ഉൾപ്പെടുത്തിയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അമ്മാറമ്പ് കോളനിയിൽ സാംസ്കാരിക നിലയം ഉൾപ്പെടെയുള്ള 1 കോടി രൂപയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ ഇപ്പോഴും പാതിവഴിയിലാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അമ്മാറമ്പ് കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം തെരഞ്ഞെടുത്ത പ്രവൃത്തികളിൽ കിണർ നവീകരണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, വാട്ടർടാങ്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നവീകരണം, ഭവന നിർമ്മാണം, നടപ്പാത നിർമ്മാണം, തെരുവുവിളക്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പൂർത്തീകരിക്കാത്ത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കോളനിയിൽ കുടിവെള്ള വിതരണം, കോൺക്രീറ്റ് റോഡുകൾ, ത്രീഫേസ് ലൈൻ കണക്ഷൻ, തെരുവുവിളക്കുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

അമ്മാറമ്പ് കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം കിണർ നവീകരണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള പദ്ധതിയിലുൾപ്പെടാത്ത കോൺക്രീറ്റ് റോഡ്, ത്രീഫേസ് വൈദ്യുതി ലൈൻ എന്നിവ ഊരുകൂട്ട തീരുമാനപ്രകാരം പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ പദ്ധതികൾ

20(2683) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാമാണെന്ന് വിശദമാക്കാമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

<u>അംബേദ്കർ കോളനി</u>

| ക്രമ നം. | കോളനി | നിലവിലെ സ്ഥിതി |
|---|---|---|
| 2016-17 സാമ്പത്തിക വർഷം | | |
| 1. | തിരുവാലമ്പാറ | പൂർത്തീകരിച്ചു |
| 2. | മുണ്ടക്കാട് | പൂർത്തീകരിച്ചു |
| 2019-20 സാമ്പത്തിക വർഷം | | |
| 1. | തോരാപ്പുരം | പുരോഗമിക്കുന്നു |
| 2021-22 സാമ്പത്തിക വർഷം | | |
| 1. | കിഴക്കുംപുറം കോളനി | ഭരണാനുമതി നൽകി |

2021-22 സാമ്പത്തികവർഷത്തെ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കിഴക്കുപുറം എസ്.സി. കോളനി റോഡ് കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള

നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതകൾ അടിയന്തരമായി പരിഹരിക്കാൻ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി അംബേദ്കർ ഗ്രാമവികസന പദ്ധതി, കോർപ്പസ് ഫണ്ട് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

പോത്തുപ്പാടി ഫസ്റ്റ് സൈറ്റ്, വെള്ളക്കുളം എന്നീ പട്ടികവർഗ്ഗ കോളനികളെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അമ്പലപ്പുഴ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

21(2684) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടികജാതി കോളനികളുടെ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കോളനികൾ ഏതൊക്കെ; എത്ര തുകവീതം ഇവിടെ അനുവദിച്ചു; ഏത് വർഷമാണ് ഇവിടെ തുക അനുവദിച്ചത്; എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയത്; വിശദാംശം ലഭ്യമാക്കാമോ?

സ്വയംപര്യാപ്ത ഗ്രാമം/അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത കോളനികളുടെ വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.+

(ബി) ഇതിനുശേഷമുള്ള വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി ഈ നിയോജകമണ്ഡലത്തിലെ കോളനികളെ പരിഗണിക്കാതെ പോയതെന്തുകൊണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി മാനദണ്ഡപ്രകാരം മുപ്പത് കുടുംബങ്ങളുള്ള കോളനികൾ നിലവിൽ ഇല്ലാത്തതിനാലാണ് ശേഷമുള്ള വർഷങ്ങളിൽ പുതിയ കോളനികളെ പരിഗണിക്കാതിരുന്നത്. ഇനിയുള്ള സർവ്വേ പ്രകാരം പര്യാപ്തമായ എണ്ണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങളുള്ള കോളനികളെ കണ്ടെത്തിയാൽ ആയവ പരിഗണിക്കുന്നതാണ്.

**മണിമല മുക്കടയിലെ ഭൂമി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ**

22(2685) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിമല മുക്കടയിൽ പട്ടികജാതി വകുപ്പിന്റെ ഉടമസ്ഥതയിൽ ഒന്നരയേക്കറോളം ഭൂമി ഉപയോഗിക്കാതെ വെറുതെയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മണിമല മുക്കടയിൽ വകുപ്പിന്റെ ഉടമസ്ഥതയിൽ കമ്മ്യൂണിറ്റിഹാൾ സ്ഥിതിചെയ്യുന്ന 1.25 ഏക്കർ സ്ഥലമുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

പ്രസ്തുത സ്ഥലത്തിനുസമീപം മുമ്പ് കോരുത്തോട് പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഹോസ്റ്റൽ പ്രവർത്തനത്തിന് മതിയായ കുട്ടികളെ കിട്ടാത്തതിനാൽ പ്രവർത്തനം നിർത്തുകയാണുണ്ടായത്.

(സി) ഒരു പദ്ധതിക്കും ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ആവശ്യമുള്ള മറ്റ് വകുപ്പുകൾക്ക് പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിനോ സാങ്കേതിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ അനുമതി നൽകാമോ; വ്യക്തമാക്കാമോ?

വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം മറ്റേതെങ്കിലും വകുപ്പുകൾക്ക് നൽകുന്ന കാര്യം പരിഗണനയിലില്ല. ഈ സ്ഥലം വകുപ്പിന്റെ മറ്റെന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിന് പരിശോധിക്കുന്നതാണ്.

**ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന എസ്.സി., എസ്.ടി. വികസന പദ്ധതികൾ**

23(2686) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ എസ്.സി., എസ്.ടി., വിഭാഗങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) ഏറനാട് നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും ടി പദ്ധതികളുടെ

നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശവും പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) ചാലിയാർ പഞ്ചായത്തിലെ പാലക്കയം ആദിവാസി കോളനി റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ചാലിയാർ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുന്നില്ല.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള ലഭ്യത

24(2687) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് കുടിവെള്ള ലഭ്യതയില്ലാത്തതെന്ന് വ്യക്തമാക്കാമോ; (ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടികജാതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ വെള്ളുക്കുന്ന് കോളനി (മാടപ്പള്ളി പഞ്ചായത്ത്), മുക്കാഞ്ഞിരം കോളനി (പായിപ്പാട് പഞ്ചായത്ത്) എന്നിവിടങ്ങളിൽ കുടിവെള്ള ലഭ്യതയില്ല. വെള്ളുക്കുന്ന് കോളനിയിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു. മുക്കാഞ്ഞിരം കോളനിയിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

## ആദിവാസികൾക്കെതിരെയുള്ള അക്രമങ്ങൾ

25(2688) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികളായ വ്യക്തികൾക്കുനേരെ നടന്ന എത്ര അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (20-05-2021 മുതൽ 30-06-2022 വരെ) ആദിവാസികളായ വ്യക്തികൾക്കുനേരെ നടന്ന അക്രമ സംഭവങ്ങളുമായി ബന്ധപ്പെട്ട് 167 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആദിവാസികൾക്കെതിരെയുള്ള അക്രമങ്ങൾ ഫലപ്രദമായി തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന വസ്തുത സർക്കാർതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ആദിവാസികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്നാണ് വിലയിരുത്തിയിരിക്കുന്നത്.

(സി) ഇത്തരം പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി പ്രാദേശിക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

ആദിവാസികൾക്കെതിരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശികമായി സബ്ഡിവിഷൻതലത്തിൽ കമ്മിറ്റികളും ജില്ലാതലത്തിൽ ഡി.സി.ആർ.ബി. ഡിവൈ.എസ്.പി.-മാരെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് എസ്.സി./എസ്.ടി. മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. ടി

കമ്മിറ്റികൾ സ്ഥിരമായി കൂടുകയും പ്രവർത്തനപുരോഗതി വിലയിരുത്തി പരാതികളിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

## ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടിക്കെതിരെ മണ്ണ് മാഫിയ സംഘത്തിന്റെ അതിക്രമം

26(2689) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ മാറാടി വില്ലേജിൽ മുതുക്കല്ല് എന്നസ്ഥലത്ത് താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട വേങ്ങപ്ലാക്കിൽ ശ്രീ. ലാലുവിന്റെ മകളും മൂവാറ്റുപുഴ നിർമ്മല കോളേജിലെ ബിരുദ വിദ്യാർത്ഥിനിയുമായ കുട്ടിയെ മണ്ണ് മാഫിയാ സംഘം ജാതിപ്പേര് വിളിച്ച് അധിക്ഷേപിക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പും പോലീസും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിലെ ആവലാതിക്കാരി പരിക്കുപറ്റി ആശുപത്രിയിൽ കഴിഞ്ഞുവരവെ ആശുപത്രിയിൽനിന്ന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ പോലീസ് ക്രൈം നമ്പർ 1632/2022 U/s 354, 323, 294 (b), 506, 509, 427, of IPC & Sec. 3(1) (r), 3(1) (s), 3(2) (va) of SC/ST (PoA) Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ കേസിൽ SC/ST (PoA) Act പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുള്ളതിനാൽ, കേസിന്റെ അന്വേഷണം മൂവാറ്റുപുഴ ഡിവൈ.എസ്.പി. ഏറ്റെടുത്ത് നടത്തിവരുന്നതുമാണ്. സംഭവം ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശ്രീ. ലാലുവിന്റെ വീട് സന്ദർശിക്കുകയും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി എറണാകുളം റൂറൽ എസ്.പി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത കേസിൽ പോലീസിൽനിന്നും എഫ്.ഐ.ആർ. ലഭ്യമായോ; എങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിലെ ചട്ടം 12(4) അനുസരിച്ച് എഫ്.ഐ.ആർ.

ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ കുട്ടിക്ക് ആദ്യഗഡു നഷ്ടപരിഹാരം നൽകിയോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണവും നഷ്ടപരിഹാരം എന്നത്തേയ്ക്ക് നൽകുമെന്നും അറിയിക്കാമോ?

(സി&ഡി) എഫ്.ഐ.ആർ. പോലീസ് വകുപ്പിൽനിന്നും 01-07-2022-ന് മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭിച്ചിട്ടുണ്ട്. എഫ്.ഐ.ആർ.-ൽ ചേർത്തിട്ടുള്ള വകുപ്പുകൾപ്രകാരം അതിക്രമത്തിനിരയായ പെൺകുട്ടിക്ക് 2,00,000/- രൂപ ധനസഹായത്തിന് അർഹതയുണ്ട്. അതിൽ ആദ്യഗഡുവായ 40,000/- രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളനുസരിച്ചുള്ള നഷ്ടപരിഹാരം

27(2690) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളനുസരിച്ച് ഇരയ്ക്കുള്ള നഷ്ടപരിഹാരം അനുവദിക്കുന്നതിൽ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചെലവ് അനുപാതം എപ്രകാരമാണെന്ന് അറിയിക്കാമോ?

കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിൽ 50 ശതമാനം വീതം തുക വകയിരുത്തുന്നുണ്ട്. 2021-22 വർഷത്തിൽ ഈ ഇനത്തിൽ 20 കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നത്. എന്നാൽ 29.8 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിൽനിന്നും യഥാസമയം ഫണ്ട് ലഭ്യമാകുന്നുണ്ടോയെന്ന് അറിയിക്കാമോ?

കേന്ദ്രവിഹിതം ലഭ്യമാകുന്നുണ്ട്.

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങൾ ചട്ടം 12 (4) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ഇരയ്ക്ക് ആദ്യഗഡു നഷ്ടപരിഹാരം അനുവദിക്കണമെന്ന വ്യവസ്ഥ പാലിക്കാറുണ്ടോയെന്ന് അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിലെ ഇരയ്ക്ക്/ആശ്രിതർക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുമുമ്പായി അതിക്രമത്തിന് ഇരയായവരുടെ ജാതിസർട്ടിഫിക്കറ്റും പ്രതിയുടെ ജാതി സംബന്ധിച്ച

രേഖയും ലഭ്യമാക്കേണ്ടതുണ്ട്. കുറ്റാരോപിതനായ വ്യക്തി പട്ടികവിഭാഗത്തിൽപ്പെട്ട ആളല്ലെങ്കിൽ മാത്രമെ അതിക്രമ നിരോധന നിയമപ്രകാരം ധനസഹായം അനുവദിക്കാൻ കഴിയൂ എന്നതിനാലാണ് ഇപ്രകാരം സർട്ടിഫിക്കറ്റ് വാങ്ങുന്നത്. ആയത് യഥാസമയം ലഭ്യമായാൽ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടറുടെ അനുമതി വാങ്ങി എഫ്.ഐ.ആർ. ലഭിച്ച് 7 ദിവസത്തിനുള്ളിൽ ആശ്വാസ ധനസഹായത്തിന്റെ ആദ്യഗഡു അനുവദിക്കുന്നതാണ്.

(ഡി) ഇരയ്ക്ക് ആദ്യഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതിന് ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുവാദം വാങ്ങണമെന്ന് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിലില്ലാത്ത വ്യവസ്ഥ വകുപ്പ് അനുവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതൊഴിവാക്കി ചട്ടം 12 (4) അനുസരിച്ച് എഫ്.ഐ.ആർ. ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ഇരയ്ക്ക് ആദ്യഗഡു നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അതിക്രമ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഇരയാകുന്നവർക്ക്/ആശ്രിതർക്ക് അടിയന്തര ധനസഹായം അനുവദിക്കുന്നതിന് ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ

അനുമതി വാങ്ങേണ്ടതില്ല. എന്നിരുന്നാലും വിശദമായ പോലീസ് അന്വേഷണത്തിൽ ചില പരാതികൾ വ്യാജമായവയാണെന്ന് തെളിയുന്ന സാഹചര്യത്തിൽ ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുവാദം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്യാറുണ്ട്. ഇത് പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ ചട്ടങ്ങളിലില്ലാത്ത വ്യവസ്ഥയാണ്. എന്നാൽ യഥാർത്ഥ കേസുകൾ ജില്ലാതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന് കാത്തിരിക്കാതെതന്നെ ജില്ലാ മജിസ്ട്രേറ്റ് കൂടിയായ ജില്ലാ കളക്ടറുടെ അനുമതിവാങ്ങി ആവശ്യംവേണ്ട രേഖകൾ ലഭ്യമാക്കി കേസിലെ സെക്ഷനുകൾക്കനുസരിച്ച് യഥാസമയം അർഹതപ്പെട്ട തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ്മെന്റ് നടപടികൾ

28 (2691) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസുവരെ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതിപ്രകാരം നിലവിൽ ആനുകൂല്യ വിതരണം നടക്കുന്നുണ്ടോ; എങ്കിൽ ഇതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

ഉണ്ട്. പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി, ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ./എ.ഇ.ഒ. ഒപ്പിട്ട് ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ സ്കൂൾമേധാവി മുഖേന ലഭ്യമാക്കുന്നമുറയ്ക്ക് ഫീസ് റീ-ഇംബേഴ്സ് ചെയ്യുന്നതാണ്.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം

29(2692) ശ്രീമതി ഉമ തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതരസംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വാഗ്ദാനം ചെയ്ത് ചില വ്യാജ ഏജൻസികൾ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വ്യാജ വിദ്യാഭ്യാസ ഏജൻസികളുടെ പ്രലോഭനങ്ങളിൽപ്പെട്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കാൻ ആവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇത്തരം വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇപ്രകാരം വഞ്ചിതരാകാതിരിക്കാൻ മാധ്യമങ്ങൾവഴിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫീൽഡുതലത്തിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, സോഷ്യൽ വർക്കർമാർ, പ്രൊമോട്ടർമാർ എന്നിവർ മുഖേനയും വ്യാപകമായ പ്രചരണം നടത്താൻ ജില്ലാ ഓഫീസർമാർ മുഖേന നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം വിഷയങ്ങൾ ഊരുകൂട്ടങ്ങളിലും അറിയിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ആദിവാസി ജനവിഭാഗങ്ങളിലെത്തിക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുമോ; വിശദാംശം നൽകാമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി. പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവർ മുഖേന നടപടി സ്വീകരിച്ചുവരുന്നു. ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ ജനവിഭാഗങ്ങളിലെത്തിക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും അത്തരം ക്യാമ്പുകളിൽ വകുപ്പ് നൽകുന്ന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച് വിശദമായ അറിയിപ്പ് നൽകിവരികയും ചെയ്യുന്നുണ്ട്.

## വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

30 (2693) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളിലുൾപ്പെടുത്തി 2016 മുതൽ 2022 വരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2016 മുതൽ 2022 വരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിനുകീഴിൽവരുന്ന നഴ്സറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഫീഡിംഗ് ചാർജ്ജും ലംപ്സം ഗ്രാന്റും പ്രൈമറി തലംമുതൽ പോസ്റ്റ് മെട്രിക് തലംവരെ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെന്റ് മുതലായവയും അനുവദിച്ചുനൽകിയിട്ടുണ്ട്. ഒന്നാം ക്ലാസുമുതൽ എട്ടാം ക്ലാസുവരെ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി പ്രൈമറി സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡും അനുവദിച്ചിട്ടുണ്ട്. വിവിധ വാർഷിക പരീക്ഷകൾക്ക് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക

പ്രോത്സാഹന പദ്ധതിപ്രകാരം ക്യാഷ് അവാർഡുകളും 4, 7 ക്ലാസുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസുവരെ അയ്യങ്കാളി ടാലെന്റ് സെർച്ച് സ്കോളർഷിപ്പും അനുവദിച്ച് നൽകിയിട്ടുണ്ട്. വിദ്യാലയ വികാസ് നിധി പദ്ധതിപ്രകാരം കേന്ദ്രീയ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകിവരുന്നുണ്ട്. പാരലൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും റൂട്രോണിക്സിന്റെ കോഴ്സുകൾക്ക് പഠിക്കുന്നവർക്കും പ്രസ്തുത കാലയളവിൽ വകുപ്പിൽനിന്നും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. കൂടാതെ പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ പദ്ധതിപ്രകാരവും ഗവൺമെന്റ് ഓഫ് കേരള പദ്ധതിപ്രകാരവും ട്യൂഷൻ ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും വിതരണം ചെയ്തിട്ടുണ്ട്. +1, +2 പഠനത്തോടൊപ്പം എൻട്രൻസ് കോച്ചിംഗിനായിട്ടുള്ള വിഷൻ പദ്ധതിയും പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്.

### ആദിവാസി വിദ്യാർത്ഥികളെ സ്കൂളുകളിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് നടപടി

31(2694) <u>ശ്രീ. എ. പി. അനിൽ കുമാർ</u>:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് അടച്ചിടലിനുശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ട നിരവധി വിദ്യാർത്ഥികൾ സ്കൂളുകളിലെത്തുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടപ്പ് അധ്യയനവർഷം ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾ സ്കൂളിലേയ്ക്കെത്തുന്ന കാര്യത്തിൽ മുൻവർഷത്തെക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കോവിഡാനന്തര സാഹചര്യത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത നടപടി ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അത്യാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്കൂളുകളിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

(എ-ഡി)കോവിഡ് അടച്ചിടലിനുശേഷം സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പൂർണ്ണമായും സ്കൂളുകളിലെത്തുന്നുണ്ടെന്ന് ഉറപ്പാക്കാനും മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ എന്നീ സ്ഥാപനങ്ങളിൽ താമസിച്ച് പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും സ്കൂളുകളിലെത്തിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദിവസവും വീടുകളിൽനിന്നും സ്കൂളുകളിൽ പോയിവരുന്ന ചില വിദ്യാർത്ഥികൾമാത്രം സ്കൂളുകളിൽ പോകുന്നതിന് വിമുഖത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ അവരെക്കൂടി സ്കൂളുകളിലെത്തിക്കുന്നതിനായി പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ, മെന്റർ ടീച്ചർമാർ, ഊരുമൂപ്പന്മാർ എന്നിവരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. സാമൂഹ്യ പഠനമുറി, ഫെസിലിറ്റേറ്റർമാർ, ജനപ്രതിനിധികൾ, ജനമൈത്രി പോലീസ് എന്നിവരുടെ സഹകരണവും പ്രയോജനപ്പെടുത്തിവരുന്നു. കൂടാതെ, വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്ന് വിദ്യാർത്ഥികളെ സ്കൂളുകളിലെത്തിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പും ചേർന്ന് 'ഗോത്രസാരഥി പദ്ധതി' (വിദ്യാവാഹിനി) മുഖേന വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

മേൽപ്രവർത്തനങ്ങളുടെ ഫലമായി ആദിവാസി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും മുമ്പെന്നവണ്ണം സ്കൂളുകളിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

32(2695) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലമുൾപ്പെടെ പ്രൊപ്പോസ് ചെയ്തുകൊണ്ട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ നൽകിയ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കാമോ;

(സി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) നിലവിൽ പരിഗണനയിലില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും ഗ്രാന്റും

33(2696) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ കോളേജുകളിൽ ഉന്നതവിദ്യാഭ്യാസം നടത്തിവരുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളോ ഗ്രാന്റുകളോ ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) വിവിധ സർവ്വകലാശാലകളിൽ അഫിലിയേഷൻ നേടിയിട്ടുള്ള സഹകരണ മേഖലയിലെ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുകൂടി വിദ്യാഭ്യാസാനുകൂല്യങ്ങളും ഗ്രാന്റുകളും ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

(എ&ബി) ഇല്ല. സർക്കാർ നിയന്ത്രിത സഹകരണ സ്ഥാപനങ്ങളിലെ പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്

02-07-2009-ലെ സ.ഉ. (അച്ചടി) 50/2009/പ.ജ.പ.വ.വി.വ. പ്രകാരം എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുവരുന്നുണ്ട്.

## അൺഎയ്ഡഡ്, പാരലൽ വിദ്യാലയങ്ങളിൽ പഠനത്തിനുള്ള ധനസഹായം

34(2697) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അൺഎയ്ഡഡ്, പാരലൽ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ?

സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത പോസ്റ്റ് മെട്രിക് തലത്തിലെ വിദ്യാർത്ഥികൾക്ക് പാരലൽ വിദ്യാലയങ്ങളിൽ പഠിക്കുന്നതിന് ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, ഫീസ് എന്നിവ നൽകിവരുന്നു. സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ മുഖേന പ്രവേശനം നേടുന്നവർക്കും ഡി.എച്ച്.എസ്., നഴ്സിംഗ് കൗൺസിൽ തുടങ്ങി സർക്കാർ ഏജൻസികൾ

തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റുവഴി പ്രവേശനം നേടുന്നവർക്കും സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നുണ്ട്.

## ഇരിക്കൂർ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

35(2698) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതിപ്രകാരം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്നും അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ചുവടെചേർക്കുന്നു.

| നിയോജകമണ്ഡലം | പഠനമുറിക്കായി ലഭിച്ച അപേക്ഷകളുടെ എണ്ണം | പഠനമുറി നിർമ്മിച്ചവരുടെ എണ്ണം |
|---|---|---|
| ഇരിക്കൂർ | 40 | 40 |

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്ന് വ്യക്തിഗത ഗുണഭോക്താക്കൾക്ക്

പഠനമുറി അനുവദിച്ചുനൽകുന്നില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലം

| ക്രമ നം. | മുൻസിപ്പാലിറ്റി/ പഞ്ചായത്ത് | പഠനമുറികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ശ്രീകണ്ഠാപുരം | 20 | 40,00,000/- |
| 2 | എരുവേശ്ശി | 6 | 12,00,000/- |
| 3 | ഉളിക്കൽ | 10 | 20,00,000/- |
| 4 | പയ്യാവൂർ | 4 | 8,00,000/- |
| ആകെ | | 40 | 80,00,000/- |

## പട്ടികജാതി,പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

36(2699) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതിപ്രകാരം കരുനാഗപ്പള്ളി

നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്നും അറിയിക്കാമോ?

2021-22-ൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഗ്രാമസഭ/വാർഡ്സഭ ലിസ്റ്റിൽനിന്നും 35 പട്ടികജാതി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അപേക്ഷ സ്വീകരിച്ചിട്ടുള്ളതും 35 പേർക്കും പഠനമുറി നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുള്ളതുമാണ്.

പട്ടികവർഗ്ഗവികസന വകുപ്പിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് പഠനമുറി അനുവദിച്ചുനൽകുന്നില്ല.

(ബി) ഇതുവരെ നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട് +.

## സ്കോളർഷിപ്പ് വിതരണം

37(2700) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി., എസ്.ടി.,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒ.ഇ.സി., ഒ.ബി.സി. എന്നീ വിഭാഗങ്ങളിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് എന്നിവ ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കാലതാമസം കൂടാതെ സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് എന്ന സ്ഥാപനത്തിൽ പഠിക്കുന്ന എസ്.സി., ഒ.ഇ.സി., ഒ.ബി.സി. (എച്ച്) വിഭാഗങ്ങളിൽപ്പെട്ട ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ഫീസ് എന്നിവ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസലിന്മേൽ ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഫീസുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഫീസ് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പ്രീമെട്രിക് ഹോസ്റ്റലുകളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാക്കി ഉയർത്താൻ നടപടി

38(2701) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഹോസ്റ്റലുകളിൽ അനുവദനീയമായ എണ്ണം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട്.

(ബി) ജില്ലയിലെ പ്രീമെട്രിക് ഹോസ്റ്റലുകളിൽ മതിയായ സൗകര്യങ്ങളും ജീവനക്കാരുമുണ്ടെങ്കിലും കുട്ടികൾ കുറവുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഉറുകുന്ന്, അച്ചൻകോവിൽ, കൊല്ലം എന്നീ ഹോസ്റ്റലുകളിൽ അനുവദനീയമായ അത്രയും കുട്ടികളെത്തിയിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തനക്ഷമമായ 7 ഹോസ്റ്റലുകളിൽ കൊട്ടാരക്കര ഒഴികെയുള്ള സ്ഥലങ്ങളിൽ യഥാർത്ഥ എണ്ണത്തേക്കാൾ കുറവ് വിദ്യാർത്ഥികൾ മാത്രമേ

പ്രവേശനം നേടിയിട്ടുള്ളൂ.

(സി) നിലവിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാക്കി ഉയർത്തി പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പ്രവേശനം അനുവദിക്കുന്നതിനുള്ള ക്രമീകരണങ്ങളൊരുക്കുമോ; വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രീമെട്രിക് ഹോസ്റ്റലുകളിൽ 10% പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും പ്രവേശനം നൽകിവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ശാസ്താംകോട്ട പ്രീമെട്രിക് ഹോസ്റ്റൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലായി ഉയർത്തുന്നതിന് ശിപാർശ ലഭിച്ചിട്ടുണ്ട്.

## ഓവർസീസ് സ്കോളർഷിപ്പ്

39(2702) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് ലഭിക്കാതെ നിരവധി കുട്ടികൾ ബുദ്ധിമുട്ടുന്നകാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര കുട്ടികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്; നിരവധി കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

20 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ഒരുവർഷം തെരഞ്ഞെടുക്കാവുന്ന പരമാവധി വിദ്യാർത്ഥികളുടെ എണ്ണം 20 ആണ്. 2021-22 വർഷം 363 വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചതിൽ ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 200-ലുൾപ്പെട്ട യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിച്ചതും വരുമാനം ഏറ്റവും കുറഞ്ഞതുമായ 20 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നത്. തെരഞ്ഞെടുക്കപ്പെടേണ്ട വിദ്യാർത്ഥികളുടെ എണ്ണം 20 ആയി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിലാണ് അപേക്ഷ സമർപ്പിച്ച മറ്റ് വിദ്യാർത്ഥികളെ സ്കോളർഷിപ്പിനായി പരിഗണിക്കാൻ സാധിക്കാതിരുന്നത്.

(സി) സ്കോളർഷിപ്പ് വിതരണത്തിനുള്ള മാനദണ്ഡങ്ങൾ സുതാര്യമാക്കുന്നതിനും അർഹതപ്പെട്ട എല്ലാവർക്കും അത് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

വിശദാംശം നൽകാമോ?

നിലവിൽ വളരെ സുതാര്യമായാണ് അർഹരായവരെ സർക്കാർതലത്തിൽ തെരഞ്ഞെടുക്കുന്നത്. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വകുപ്പ് ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള പ്രതിനിധി എന്നിവരടങ്ങിയ സമിതിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. അപേക്ഷിക്കാനുള്ള മാനദണ്ഡപ്രകാരം അപേക്ഷിക്കുന്ന മുഴുവൻപേർക്കും അർഹതയുണ്ടെങ്കിലും ഒരുവർഷം തെരഞ്ഞെടുക്കപ്പെടേണ്ട വിദ്യാർത്ഥികളുടെ എണ്ണം 20 ആയി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ കുടുംബ വാർഷിക വരുമാനം ഏറ്റവും കുറവുള്ളവർക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപവരെ വരുമാനമുള്ളവർക്കാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സാധിക്കുന്നത്. ഇത്തവണ അപേക്ഷകരുടെ എണ്ണം കൂടുതലായതിനാൽ യോഗ്യരായ അപേക്ഷകരിൽ ഏറ്റവും കുറഞ്ഞ കുടുംബ വാർഷിക വരുമാനമുള്ളവരെയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി തെരഞ്ഞെടുത്തത്. തെരഞ്ഞെടുക്കപ്പെടുന്നവരുടെ വിവരം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

## പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുക

40(2703) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ, പ്ലസ് ടു വിഭാഗത്തിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് തുക എത്രയാണ്?

കേരളത്തിലെ പട്ടികജാതിക്കാരായ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റിനത്തിൽ പ്രതിവർഷം 1,400/- രൂപയും സ്റ്റൈപന്റ് ഇനത്തിൽ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് പ്രതിമാസം 800/- രൂപയും വിദ്യാഭ്യാസ സ്ഥാപനത്തിന്റെ 8 കിലോമീറ്ററിനുപുറത്ത് താമസിക്കുന്നവർക്ക് പ്രതിമാസം 900/- രൂപയും അനുവദിച്ചുവരുന്നു.

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ എത്ര വിദ്യാർത്ഥികൾക്ക് കഴിഞ്ഞവർഷം ഇതിന്റെ ആനുകൂല്യം നൽകുകയുണ്ടായി?

വിദ്യാർത്ഥികളുടെ നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് ഇ-ഗ്രാന്റ്സ് സൈറ്റിൽ ക്രമീകരണം

ചെയ്തിട്ടില്ലാത്തതിനാൽ നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നതല്ല.

(സി) കോവിഡ് പശ്ചാത്തലത്തിൽ യഥാസമയം ഓൺലൈൻ അപേക്ഷ സമർപ്പിക്കാൻ സാധിക്കാതിരുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ ലഭിക്കുന്നതിനാവശ്യമായ ഇളവുകൾ നൽകുന്നകാര്യം പരിഗണിക്കുമോ?

ഏതെങ്കിലും സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ആനുകൂല്യം ലഭ്യമാകാതെവന്നാൽ പ്രസ്തുത ആനുകൂല്യം ജില്ലാ പട്ടികജാതി വികസന ഓഫീസ് മുഖേന മാന്വലായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കൾ**

41(2704) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിനുകീഴിൽ എത്ര ഐ.ടി.ഐ.-കളാണ് പ്രവർത്തിക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 44 ഐ.ടി.ഐ.-കളാണ് പ്രവർത്തിച്ചുവരുന്നത്. ആയവ എവിടെയെല്ലാമാണെന്നുള്ളത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ എത്ര ഐ.ടി.ഐ.-കൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ വകുപ്പിനുകീഴിൽ ഐ.ടി.ഐ.-കളൊന്നും അനുവദിച്ചിട്ടില്ല.

## പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

42(2705) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള എത്ര പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ടും പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ടുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഹോസ്റ്റലുകളിലെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിൽ വാർഡൻ, കുക്ക്, വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ എന്നിവർക്കുപുറമെ കുട്ടികളുടെ വിദ്യാഭ്യാസവും സുരക്ഷയും ശ്രദ്ധിക്കുന്നതിനും രാത്രികാല പഠന മേൽനോട്ടത്തിനും മേട്രൻ കം റസിഡന്റ് ട്യൂട്ടർ/റസിഡന്റ് ട്യൂട്ടർമാരെയും പ്രീമെട്രിക് ഹോസ്റ്റലുകളിൽ വിവിധ വിഷയങ്ങൾക്ക് ട്യൂഷൻ നൽകുന്നതിന് ട്യൂഷൻ അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പോലീസുദ്യോഗസ്ഥർ നൈറ്റ് ബീറ്റ്/ഡേ ബീറ്റ് നടത്തുകയും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും ചെയ്യാറുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ ആരോഗ്യ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സുരക്ഷ ഉറപ്പാക്കുന്നതിനും ശുദ്ധജല ലഭ്യതയ്ക്കും വാട്ടർ പ്യൂരിഫയർ, കൊതുകുവല എന്നിവ അനുവദിച്ചിട്ടുണ്ട്. സോളാർ പാനലുകളും മാലിന്യ നിർമ്മാർജ്ജനത്തിന് ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ഹോസ്റ്റലുകളിലെ അന്തേവാസികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് 24 മണിക്കൂറും വാച്ച്മാൻമാരുടെ സേവനം നൽകുന്നുണ്ട്. കൂടുതൽ സുരക്ഷ ഒരുക്കുന്നതിനായി ഹോസ്റ്റലുകളിൽ സി.സി.ടി.വി., ഹൈമാസ്റ്റ് ലൈറ്റ്, Fire Extinguisher മുതലായവയും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സ്റ്റുഡന്റ് കൗൺസിലർമാരുടെ സേവനവും ഉറപ്പുവരുത്തിയിട്ടുണ്ട്. ഹോസ്റ്റൽ വിദ്യാർത്ഥികളെ സ്കൂളുകളിലും തിരിച്ച് ഹോസ്റ്റലിലും എത്തിക്കുന്നതിന് ദൂരപരിധിയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ളിടത്ത് വാഹന ക്രമീകരണവും ചെയ്തുവരുന്നുണ്ട്.

## മാതിരപ്പിള്ളി ഗവൺമെന്റ് വി.എച്ച്.എസ്.ഇ.-ൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം

43(2706) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) സ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും അനുകൂല റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മാതിരപ്പിള്ളി ഗവൺമെന്റ് വി.എച്ച്.എസ്.ഇ.-ൽ ട്രൈബൽ ഹോസ്റ്റൽ കെട്ടിടം പണിയുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലം നഗരസഭയുടെ കൗൺസിൽ തീരുമാനപ്രകാരം മാതിരപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുക്കിടക്കുന്ന 26 സെന്റ് സ്ഥലം പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് വിട്ടുനൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനുള്ള അനുമതിക്കായി നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ വിശദാംശം സഹിതം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ വകുപ്പ്

ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പട്ടികവിഭാഗങ്ങൾക്ക് സംവരണം ചെയ്യുന്ന റേഷൻ കടകൾ

44(2707) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങൾക്ക് സംവരണം ചെയ്യുന്ന റേഷൻ കടകൾ ഏറ്റെടുത്ത് നടത്താൻ പലപ്പോഴും കഴിയാതെ വരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പ്രസ്തുത വിഭാഗം സംരംഭകർക്കാവശ്യമായ ധനസഹായവും പരിശീലനവും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാമോ?

(എ&ബി) റേഷൻ കടകൾ ഏറ്റെടുത്ത് നടത്തുന്നതിൽ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം വളരെ കുറവാണ്. ഇത് വർദ്ധിപ്പിക്കുന്നതിനായി 06-12-2021-ലെ സ.ഉ.(കൈ) നം.35/2021 ഭ.പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരം വ്യാപക പ്രചാരണം നടത്തുന്നതിന് ജില്ലാ ഓഫീസർമാർക്കും ചീഫ്

പബ്ലിസിറ്റി ഓഫീസർക്കും എസ്.സി./എസ്.ടി. പ്രൊമോട്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി

45(2708) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിപ്രകാരം എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് എത്ര അപേക്ഷകളാണ് വകുപ്പിന്റെ പരിഗണനയിലുള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിൽ സ്റ്റാർട്ടപ്പ് ഡ്രീംസിന്റെ നാലാമത് ബാച്ച് ഇൻകുബേഷനായി 48 അപേക്ഷകളാണ് ലഭിച്ചിരുന്നത്. 2020-21-ൽ തുടങ്ങിയ പ്രസ്തുത ബാച്ചിൽ 7 പേരെയാണ് തെരഞ്ഞെടുത്തത്. ഇവരുടെ ഇൻകുബേഷൻ പരിപാടി 2021-22-ലും തുടർന്നു.

ജില്ല തിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | എറണാകുളം | 2 |
| 3 | പാലക്കാട് | 1 |

മേൽപ്പറഞ്ഞ ബാച്ചിനുമുമ്പ് ആരംഭിച്ച ബാച്ചിലെ 2 സ്റ്റാർട്ടപ്പുകൾ 2021-22-ലും തുടർന്നു. അവർ തിരുവനന്തപുരം ജില്ലയിൽപ്പെട്ടവരാണ്. തുടർന്നുള്ള ബാച്ചിലേയ്ക്ക് 40 അപേക്ഷകൾ ലഭിച്ചതും കൂടാതെ വെർച്വൽ പരിപാടിയായ ഓപ്പൺ ഹൗസിലേയ്ക്ക് ലഭിച്ച 14 അപേക്ഷകളും പരിഗണനയിലാണ്. അപേക്ഷകൾ സംസ്ഥാന അടിസ്ഥാനത്തിൽ ക്ഷണിച്ചതിൽ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി നടപ്പിലാക്കുന്നില്ല.

**മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ**

46(2709) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉദ്യോഗലബ്ധിക്കായുള്ള മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പുതലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഉദ്യോഗലബ്ധിക്കായുള്ള വിവിധ മത്സരപ്പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിന് വകുപ്പിനുകീഴിൽ മണ്ണന്തല-തിരുവനന്തപുരം, ആലുവ-എറണാകുളം, കുഴൽമന്ദം-പാലക്കാട്, കോഴിക്കോട് എന്നിവടങ്ങളിലായി നാല് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപന്റോടുകൂടി പരിശീലനം നൽകിവരുന്നു. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS) എന്ന സ്ഥാപനം പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിനായി ഈ സ്ഥാപനംവഴി 'ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി' നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ സെന്ററുകൾവഴി സിവിൽ സർവ്വീസ് പരിശീലനം നേടുന്ന പട്ടികവിഭാഗം

വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവർക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകി മികവ് തെളിയിക്കുന്ന 20 പേർക്ക് ഇന്ത്യയിലെ മികച്ച സിവിൽ സർവ്വീസ് പരിശീലന കേന്ദ്രങ്ങളിൽ ദീർഘകാല പരിശീലനം നൽകി അവരെ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് സജ്ജരാക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

## പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ്

47(2710) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ ശിപാർശയുടെ വെളിച്ചത്തിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പഠിക്കാനും അത് നികത്താനും ആരംഭിച്ച സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട വിവരശേഖരണങ്ങൾക്കായി പിന്നാക്ക വിഭാഗ കമ്മീഷൻ ആസ്ഥാനത്ത് ആരംഭിച്ച വെബ്പോർട്ടൽവഴി ലഭിച്ച വിവരങ്ങൾക്കനുസരിച്ച് സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

(എ&ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാർ വകുപ്പുകൾ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തുടങ്ങിയവയിലെ പിന്നാക്ക വിഭാഗങ്ങളുടെ സംസ്ഥാന സർവ്വീസിലെ പ്രാതിനിധ്യം കണ്ടെത്താനുതകുന്ന തരത്തിൽ e-CDESK (e-Caste Database of Employees in Service Kerala) എന്നപേരിൽ ഒരു വെബ്പോർട്ടൽ ആരംഭിക്കുകയും പ്രസ്തുത പോർട്ടലിൽ എല്ലാ സർക്കാർ വകുപ്പുകളും സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളും തങ്ങളുടെ മുഴുവൻ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ ചേർത്തുവരികയും ചെയ്യുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 99 സർക്കാർ വകുപ്പുകളിലെ 97.05% ജീവനക്കാരുടെ വിവരങ്ങൾ 18-06-2022 വരെ ചേർത്തിട്ടുണ്ട്. പൊതുമേഖലയടക്കമുള്ള ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ തങ്ങളുടെ സ്ഥിര ജീവനക്കാരുടെ വിവരങ്ങൾ അടിയന്തര പ്രാധാന്യത്തോടെ ഈ വെബ്പോർട്ടലിൽ ചേർത്തുവരുന്നു.

(സി) വിവിധ സമുദായങ്ങൾക്കുണ്ടായിട്ടുള്ള പ്രാതിനിധ്യക്കുറവ് സംബന്ധിച്ച് മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉന്നത സമിതിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

വിവിധ വകുപ്പുകളിൽ സർക്കാർ സർവ്വീസിലെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം സംബന്ധിച്ച് ബാക്‌ലോഗുള്ളതായി സമിതി വിലയിരുത്തി. എന്നാൽ ബാക്‌ലോഗ് സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെന്നും ആയത് ലഭ്യമാകണമെങ്കിൽ സർക്കാർ സർവ്വീസിലെ മറ്റ് പിന്നാക്ക വിഭാഗക്കാരുടെ വിവരങ്ങൾ പിന്നോക്കവിഭാഗ കമ്മീഷന്റെ നിയന്ത്രണത്തിലുള്ള e-CDESK Webportal-ൽ വിവിധ വകുപ്പുകൾ രേഖപ്പെടുത്തേണ്ടതുണ്ടെന്നും നിർദ്ദേശിക്കപ്പെട്ടു.

(ഡി) സമിതിയുടെ കണ്ടെത്തലുകളുടെയും ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏതെല്ലാം സമുദായത്തിന്റെ പ്രാതിനിധ്യക്കുറവ് പരിഹരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

e-CDESK വെബ്പോർട്ടലിലെ വിവരശേഖരണം പൂർത്തിയായിട്ടില്ല. പ്രസ്തുത വിവരശേഖരണം പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യക്കുറവ് പരിശോധിക്കാനാകുകയുള്ളൂ.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം

48(2711) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഹിന്ദുമതത്തിൽപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ ജനസംഖ്യാനുപാതികമായ സംവരണം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികവിഭാഗക്കാർക്ക് സംവരണം നൽകുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ജാതിമത അടിസ്ഥാനത്തിലുള്ള സംവരണം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. മാനേജർമാരാണ് നിയമനം നടത്തുന്നത്. അത്തരത്തിൽ സംവരണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. കൂടാതെ എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ

സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്ന വിഷയം SLP (സി) 9975/2018 നമ്പരായി വാദം നടന്നുവരികയാണ്. ഈ കേസിലെ തീരുമാനം എയ്ഡഡ് സ്കൂളുകൾക്കും ബാധകമാകുമെന്നതിനാൽ പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി അന്തിമവിധി പുറപ്പെടുവിക്കുന്നമുറയ്ക്കുമാത്രമേ അനന്തര നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂവെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ പ്രൊമോട്ടർമാർ

49(2712) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ആകെ എത്ര പ്രൊമോട്ടർമാരാണ് ജോലി ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ എസ്.ടി. പ്രൊമോട്ടർമാരായി 350 പേരും ഹെൽത്ത് പ്രൊമോട്ടർമാരായി 15 പേരും ജോലി ചെയ്തുവരുന്നു.

(ബി) പ്രസ്തുത പ്രൊമോട്ടർമാരിൽ പണിയ, അടിയ, കാട്ടുനായ്ക്ക എന്നീ വിഭാഗങ്ങളിൽപ്പെട്ട എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ?

| | |
|---|---|
| അടിയ | 29 |
| പണിയ | 89 |
| കാട്ടുനായ്ക്ക | 21 |

(സി) വയനാട് ജില്ലയിലെ ഓരോ പഞ്ചായത്തിലും നഗരസഭകളിലും എത്ര പ്രൊമോട്ടർമാർവീതം സേവനം നൽകിവരുന്നുവെന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## എസ്.സി. പ്രൊമോട്ടർമാരുടെ നിയമനം

50(2713) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എസ്.സി. പ്രൊമോട്ടർമാർ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എസ്.സി. പ്രൊമോട്ടർമാരുടെ നിയമനം എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) എറണാകുളം ജില്ലയൊഴികെ എല്ലാ ജില്ലകളിലും എസ്.സി. പ്രൊമോട്ടർമാരുടെ നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബൈ-ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാലാണ് നടപടി വൈകിയത്. ഒരാഴ്ചയ്ക്കകം നിയമന നടപടി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

പരിശോധിക്കുന്നതാണ്.

**കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം**

51(2714) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ?

ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (50 ശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാരുണ്ടാകണം) സോഷ്യൽ മാപ്പ്, ഗുണഭോക്തൃ ലിസ്റ്റ് എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാനവവിഭവശേഷി വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പ്രോജക്ടധിഷ്ഠിത പദ്ധതികൾക്കാണ് പട്ടികജാതി വികസന വകുപ്പിൽ അംഗീകാരം നൽകുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് വാർഷിക പദ്ധതികളിൽ ട്രൈബൽ സബ്പ്ലാൻ സ്കീമുകളിലുണ്ടാകുന്ന നിർണ്ണായകമായ വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ടുപയോഗിക്കുന്നത്. മാനവവിഭവ വികസനം, അടിസ്ഥാന ആവശ്യങ്ങൾ, സാമ്പത്തിക വികസനം തുടങ്ങിയ പ്രോജക്ടുകൾക്കാണ് ഇതിൽ ഊന്നൽ നൽകുന്നത്.

(ബി) 2022-23 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി എത്ര തുകയാണ് കണ്ണൂർ ജില്ലയ്ക്ക് നീക്കിവച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2022-23 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയ്ക്ക് 41 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ്

ഫണ്ടിലുൾപ്പെടുത്തി കണ്ണൂർ ജില്ലയ്ക്ക് നടപ്പുവർഷം 1,29,79,000/- രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 43,26,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2021-22 സാമ്പത്തികവർഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2021-22 സാമ്പത്തികവർഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ശ്രീമതി ചെറുക്കിണിയൻ ശാന്ത എന്നവർക്ക് കുടിവെള്ള കണക്ഷന് 1,09,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പയ്യന്നൂർ നിയോജകമണ്ഡലത്തിൽ 2021-22 വർഷത്തിൽ കോർപ്പസ് ഫണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(ഡി) 2022-23 സാമ്പത്തികവർഷം പയ്യന്നൂർ നിയോജക മണ്ഡലത്തിൽനിന്ന് കോർപ്പസ് ഫണ്ടിലുൾപ്പെടുത്തേണ്ട പ്രവൃത്തികളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ലഭിച്ചിട്ടില്ല.

**കായംകുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലെ പ്രവൃത്തികൾ**

52(2715) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വകയിരുത്തിയ തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ, വകയിരുത്തിയ തുക, പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി സംബന്ധിച്ച വിശദാംശം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചാലക്കുടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

53(2716) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്താമോ;

(ബി) പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പുമായും പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട വിവരം അനുബന്ധമായി ചേർക്കുന്നു.+

**കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ**

54(2717) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2019-20, 2020-21, 2021-2022 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പദ്ധതികളിലുൾപ്പെടുന്ന സാന്ത്വനം പദ്ധതി പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ മൂന്ന് ഗുണഭോക്താക്കൾക്കും 2021-2022 വർഷം രണ്ട് ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. 2019-20-ൽ ഒരു ഗുണഭോക്താവിന് ടോയ്ലെറ്റിന് ധനസഹായം, 2020-21 വർഷം പത്താം ക്ലാസ്സും +2-ഉം പാസ്സായ 3 വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് പ്രാരംഭ ധനസഹായം എന്നിവ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ കറ്റ കോളനി - റോഡ് പുനരുദ്ധാരണം, നെടുമല പട്ടികജാതി കോളനി സംരക്ഷണഭിത്തി നിർമ്മാണം, ഫുട്ട്പാത്ത് കോൺക്രീറ്റിംഗ്, ആക്കംപാറ കോളനി - സംരക്ഷണഭിത്തി നിർമ്മാണം എന്നീ പദ്ധതികളും പൂർത്തീകരിച്ചു. 2020-21 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടുപയോഗിച്ച് കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ പദ്ധതി നടപ്പിലാക്കിയിരുന്നില്ല. 2021-22 സാമ്പത്തികവർഷം ജില്ലാതല കോർപ്പസ് ഫണ്ട് പദ്ധതിയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പദ്ധതികളുണ്ടായിരുന്നില്ല.

(സി) കോർപ്പസ് ഫണ്ട് പ്രവൃത്തികൾ സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് നടപടി  സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

കോർപ്പസ് ഫണ്ടിലെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

55(2718) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ടുപയോഗിച്ച് 2021-22 സാമ്പത്തികവർഷം അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തികവർഷം കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടുമുഖേന വാഴയൂർ പഞ്ചായത്തിലെ വള്ളിക്കാട്ടിൽ എടക്കണ്ടത്തിൽ പട്ടികജാതി കോളനി റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2022-23 വർഷത്തേയ്ക്ക് നിയോജകമണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ജില്ലയിൽനിന്നും ഇതിനകം പ്രൊപ്പോസലുകൾ

നൽകിയെന്നും വിശദമാക്കാമോ?

2022-23 സാമ്പത്തികവർഷം കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

## ആലപ്പുഴ ജില്ലയിൽ കോർപ്പസ് ഫണ്ട് പദ്ധതി നടത്തിപ്പ്

56(2719) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി 2020-21, 2021-22 വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചുവെന്നും ഇനിയും നിർമ്മാണം ആരംഭിക്കാത്തവ എത്രയെന്നും നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി 2020-21 വർഷം പദ്ധതി നടപ്പിലാക്കിയിട്ടില്ല. 2021-22 വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നിയോജകമണ്ഡലം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+ പട്ടികവർഗ്ഗ വികസന വകുപ്പ് കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 2020-21, 2021-22 വർഷങ്ങളിൽ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+ 2020-21 വർഷം അനുവദിച്ച രണ്ട് നിർമ്മാണ പ്രവൃത്തികളിൽ അരൂർ നിയോജകമണ്ഡലത്തിലെ ചിറയിൽവീട് കോളനി പിച്ചിംഗ് നിർമ്മാണമാരംഭിച്ചു. ആലപ്പുഴ നിയോജകമണ്ഡലത്തിലെ പുതുകുളങ്ങര കോളനി പിച്ചിംഗ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

(സി) നിർമ്മാണത്തിലെ കാലതാമസത്തിനുള്ള കാരണവും നിർമ്മാണം ഇനിയും ആരംഭിക്കാതിരിക്കുന്നതിന്റെ കാരണവും വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളുടെ പുതിയ എസ്റ്റിമേറ്റുകൾ സമർപ്പിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അംഗീകാരം ലഭിക്കുന്നതിന് നേരിടുന്ന സാങ്കേതിക നടപടികൾമൂലമാണ് പദ്ധതികളുടെ നിർമ്മാണത്തിൽ കാലതാമസം നേരിടുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2020-21 വർഷത്തെ കോർപ്പസ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഫണ്ടിലുൾപ്പെടുത്തിയിരുന്ന 2 നിർമ്മാണ പ്രവൃത്തികളിൽ കോടംതുരുത്ത് ഗ്രാമപഞ്ചായത്തിലെ (അരൂർ നിയമസഭാ മണ്ഡലം) ചിറയിൻവീട് കോളനിയിലെ പിച്ചിംഗ് നിർമ്മാണമാരംഭിച്ചു. ജോലി പുരോഗമിക്കുന്നു. ആലപ്പുഴ നിയമസഭാ മണ്ഡലത്തിലെ പുതുകുളങ്ങര കോളനിയിലെ പിച്ചിംഗ് നിർമ്മാണത്തിനായി 5,50,000/- രൂപ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്നു. ആയതിൽ സാങ്കേതികാനുമതി ഇനിയും ലഭിച്ചിട്ടില്ലാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

## പെരിന്തൽമണ്ണ ബ്ലോക്ക് എസ്.സി. വികസന ഓഫീസിൽ സ്റ്റാഫ് പാറ്റേൺ

57(2720) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ ബ്ലോക്ക് എസ്.സി. വികസന ഓഫീസിൽ സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

നിലവിലുണ്ട്. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികവീതം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസിലാവശ്യമായ ജീവനക്കാരുടെ കുറവുള്ളതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത ഓഫീസിലാവശ്യമായ ജീവനക്കാരെ അനുവദിക്കുന്നകാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നിലവിലുണ്ട്. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികവീതം അനുവദിച്ചിട്ടുണ്ട്.

**എറണാകുളത്ത് ഫോർഷോറിലെ ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബ്**

58(2721) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് എറണാകുളത്ത് ഫോർഷോറിൽ സ്ഥാപിച്ച ഗോത്രവർഗ്ഗ സാംസ്കാരിക ഹബ്ബിന്റെ പ്രവർത്തനം വിശദമാക്കാമോ?

എറണാകുളം ഫോർഷോർ റോഡിൽ നിലവിലുള്ള 24000 ചതുരശ്രയടി വിസ്തൃതിയുള്ള മൂന്നുനില കെട്ടിടം ഗോത്രവർഗ്ഗങ്ങളുടെ വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായും അവരുടെ

പരമ്പരാഗത കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുള്ള വേദിയായുമുള്ള ഒരു ട്രൈബൽ മൾട്ടി പർപ്പസ് ഹബ്ബ് എന്നനിലയിലാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ടി കെട്ടിടത്തിൽ 200 ആളുകൾക്ക് ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയം, ഭക്ഷണത്തിനുള്ള സൗകര്യം, അടുക്കള, ഡോർമിറ്ററി എന്നിവയുമുണ്ട്. കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിലുള്ള പരിപാടികളും പരിശീലന പരിപാടികളും നടത്താനുള്ള കേന്ദ്രമാക്കാനും ഇതിന്റെ നടത്തിപ്പിനായി ട്രസ്റ്റിക സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന വിവാഹ ധനസഹായമായ 1.5 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ 2021-22 കാലയളവിൽ എത്രപേർക്ക് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് നൽകിവരുന്ന ധനസഹായമായ 1.5 ലക്ഷം രൂപ പാലക്കാട് ജില്ലയിൽ 2021-22 കാലയളവിൽ 6 പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസിന്റെ പരിധിയിൽവരുന്ന 4 പെൺകുട്ടികൾക്കും പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ വരുന്ന 2

പെൺകുട്ടികൾക്കുമാണ് നൽകിയത്.

## ആദിവാസി സമൂഹങ്ങൾക്കിടയിലെ ആരോഗ്യപ്രശ്നങ്ങൾ

59(2722) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി സമൂഹങ്ങൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവിനെക്കുറിച്ചും വർദ്ധിച്ചുവരുന്ന ശിശുമരണനിരക്കിനെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

അട്ടപ്പാടിയിലെ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും മറ്റും ആക്ഷേപങ്ങൾ ഉണ്ടായതിനെത്തുടർന്ന് വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ ജനപ്രതിനിധികളുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും വിവിധ സംഘടനാ പ്രതിനിധികളുടെയും യോഗം ചേരുകയും അട്ടപ്പാടിയുടെ സമഗ്രമായ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പ്, ഭക്ഷ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ എന്നിവ ചേർന്ന് അട്ടപ്പാടിയിൽ സംയോജിത ഇടപെടലാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി മേഖലയിൽ വകുപ്പുമുഖേന നടത്തുന്ന ആരോഗ്യ, പോഷക ക്ഷേമ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി യുണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ (ട്രൈബൽ ഹെൽത്ത് & ന്യൂട്രീഷ്യൻ) കൺസൾട്ടന്റിനെ നിയമിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ ഏതെങ്കിലും പദ്ധതികൾ എൻ.ജി.ഒ. സംഘടനകൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശം നൽകുമോ?

ഇല്ല.

**നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിലെ തസ്തികകൾ**

60(2723) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിൽ ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ പേരും തസ്തികകളടക്കമുള്ള വിവരങ്ങളും

എന്നുമുതലാണ് ഇവർ മേൽപ്പറഞ്ഞ ഓഫീസിൽ ജോലി ചെയ്യാൻ തുടങ്ങിയതെന്നും ഇതുവരെ പ്രസ്തുത ഓഫീസിൽമാത്രം ഇവർ എത്രവർഷം തുടർച്ചയായി സർവ്വീസ് പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

നിലമ്പൂർ ഐ.റ്റി.ഡി.പി. ഓഫീസിൽ അനുവദിച്ച തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പ്രോജക്ട് ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | ഇൻഡസ്ട്രിയൽ സൂപ്പർവൈസർ | 1 |
| 5 | ക്ലാർക്ക്/സീനിയർ ക്ലാർക്ക് | 6 |
| 6 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 |
| 7 | ടൈപ്പിസ്റ്റ് | 1 |
| 8 | ഡ്രൈവർ | 1 |
| 9 | ഓഫീസ് അറ്റൻഡന്റ് | 3 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 11 | ഓവർസിയർ | 1 |

പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ഓഫീസിൽ അഞ്ച് വർഷത്തിലധികമായി ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവരുണ്ടെങ്കിൽ അവരുടെ പേരും തസ്തികയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അറിയിക്കാമോ?

പ്രസ്തുത ഓഫീസിൽ അഞ്ച് വർഷത്തിലധികമായി ഒരേതസ്തികയിൽ ജോലി ചെയ്യുന്നവരുടെ പേരും തസ്തികയും താഴെപ്പറയുന്നു.

| | | |
|---|---|---|
| 1 | സജീന ജോസഫ് | സീനിയർ ക്ലാർക്ക് (10 yrs) |
| 2 | മുഹമ്മദ് ഫാസിൽ എം. | സീനിയർ ക്ലാർക്ക് (5yrs) |
| 3 | സുഗന്ധി കെ. കുന്നുമ്മൽ | ക്ലാർക്ക് (7 yrs) |
| 4 | രാജു പി. | ക്ലാർക്ക് (9 yrs) |
| 5 | രാധാകൃഷ്ണൻ കെ.ആർ. | ഡ്രൈവർ (11 yrs) |
| 6 | മുഹമ്മദാലി എം. | ഓഫീസ് അറ്റൻഡന്റ് (5 yrs) |
| 7 | സോണിയജോൺ | ഓഫീസ് അറ്റൻഡന്റ് (14yrs) |

(സി) പ്രസ്തുത ഓഫീസിൽ ഏതെല്ലാം തസ്തികകളിലായി എന്നുമുതലാണ് താൽക്കാലിക ജീവനക്കാർ ജോലി ചെയ്തുവരുന്നതെന്നും വർഷംതോറും നിയമനം പുതുക്കി നൽകിയിരുന്നതാണെങ്കിൽ ആദ്യമായി പ്രസ്തുത ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതെന്നാണെന്നത് ഉൾപ്പെടെ ഇവരുടെ പേരും തസ്തികയടക്കമുള്ള വിവരങ്ങളും അറിയിക്കാമോ; പ്രസ്തുത ഓഫീസിൽമാത്രം നാളിതുവരെ എത്ര വർഷം തുടർച്ചയായി ഇവർ സർവ്വീസ് പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

റിയാസ് ബി., ടൈപ്പിസ്റ്റ് തസ്തികയിൽ താൽക്കാലികമായി 23-05-

2022 മുതൽ ജോലി ചെയ്യുന്നു.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ മലപ്പുറം ജില്ലയിൽ ആകെയുള്ള ഓഫീസുകളുടെ എണ്ണവും പ്രസ്തുത ഓഫീസുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത ഓഫീസുകളിൽ അനുവദിച്ച തസ്തികകളുടെയും ഒഴിവുള്ള തസ്തികകളുടെയും എണ്ണം സംബന്ധിച്ച വിവരവും ഓഫീസ് തിരിച്ച് അറിയിക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

## പട്ടികവർഗ്ഗ വിഭാഗത്തിലെ അസുഖബാധിതർക്കുള്ള ചികിത്സാ സഹായ അപേക്ഷ

61(2724) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ എം.എൽ.എ.-യുടെ ശിപാർശകത്തോടെ പട്ടികവർഗ്ഗ വിഭാഗത്തിലെ അസുഖബാധിതർക്ക് ചികിത്സാ സഹായത്തിനായി നൽകിയിട്ടുള്ള അപേക്ഷകളെത്ര; എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) ഇതുസംബന്ധിച്ച ലിസ്റ്റ് ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) നൽകിയിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം എസ്.ടി. വകുപ്പിന്റെ വിവിധ ഓഫീസുകളിൽ കെട്ടിക്കിടപ്പുണ്ടെന്ന് അറിയിക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ എം.എൽ.എ.-യുടെ ശിപാർശകത്തോടെ ലഭ്യമായ അപേക്ഷകൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**ഡ്രീംസ് പദ്ധതി**

62(2725) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ വ്യവസായ സംരംഭകത്വ വികസനത്തിനായി ഡ്രീംസ് എന്നപേരിൽ ഒരു സ്റ്റാർട്ടപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതിക്കാരുടെ വ്യവസായ സംരംഭകത്വ വികസനത്തിനായി ഡ്രീംസ് എന്നപേരിൽ ഒരു സ്റ്റാർട്ടപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് ഡ്രീംസ്. ഇതിന്റെ നടത്തിപ്പ് ചുമതല ഇക്കാര്യത്തിൽ പരിചയസമ്പത്തുള്ളതും സംരംഭകത്വ സാഹചര്യമൊരുക്കുന്നതിന് പ്രാവീണ്യവുമുള്ള കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി സാമ്പത്തിക പാക്കേജ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി സാമ്പത്തിക പാക്കേജ് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്നും ഈടാക്കുന്നത്.

(സി) പദ്ധതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പദ്ധതി സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

<u>സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി</u>

പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ

സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ ചുവടെചേർക്കുന്നു.

1. നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇന്റർനെറ്റ് സൗകര്യമുൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇൻകുബേറ്ററിൽ ലഭ്യമാകും.
2. പ്രത്യേകമായി തയ്യാറാക്കിയ ഇൻകുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ.
3. പട്ടികജാതി വിഭാഗത്തിലുള്ള സംരംഭങ്ങൾക്ക് പലിശരഹിത സീഡ് ഫണ്ട്.
4. ഉൽപ്പന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം, സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനങ്ങളുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്.

റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട്

പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉൽപ്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേ വർക്ക് സ്റ്റേഷനും കോൺഫറൻസ് റൂം, മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ് . നിലവിൽ സ്റ്റാർട്ടപ്പ് ഡ്രീംസ് ഇൻകുബേറ്ററിൽ നാലാമത്തെ ബാച്ചായി 11 സ്റ്റാർട്ടപ്പുകളാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ 10 സ്റ്റാർട്ടപ്പുകളും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസംവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസംവരെയുമാണ് കാലയളവ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്നമുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതുമാണ്. നാളിതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്.

## വിംഗ്സ് പദ്ധതി

63(2726) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദളിത് വിദ്യാർത്ഥികൾക്കായി തുടങ്ങിയ വിംഗ്സ് പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) വിംഗ്സ് പദ്ധതിയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് കൂടുതൽ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) തിരുവനന്തപുരം രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിനായി കോഴ്സ് ഫീസ് പൂർണ്ണമായും നൽകുന്നുണ്ട്. മുമ്പ് പട്ടിക വിഭാഗത്തിൽനിന്നുള്ള ഒരു വിദ്യാർത്ഥിക്ക് മാത്രമായിരുന്നു സ്കോളർഷിപ്പ് നൽകിയിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരുവർഷം മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കും രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും വിദ്യാഭ്യാസ സഹായം നൽകുന്നതിന് വിംഗ്സ് എന്നപേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇരുപത്തിനാല് ലക്ഷത്തോളം

രൂപയാണ് കോഴ്സ് ഫീസായി ഒരു വിദ്യാർത്ഥിക്ക് ഗഡുക്കളായി അനുവദിക്കുന്നത്. നിലവിൽ വിവിധ ബാച്ചുകളിലായി 5 പട്ടികജാതി വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

## നിലമ്പൂർ ഐ.ടി.ഡി.പി.-ക്കുകീഴിലെ പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ

64(2727) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ഐ.ടി.ഡി.പി.-ക്കുകീഴിൽ എത്ര പ്രീ-മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; ഓരോ പ്രീ-മെട്രിക് ഹോസ്റ്റലിലും അനുവദനീയമായ കുട്ടികളുടെ എണ്ണവും നിലവിൽ താമസിക്കുന്ന കുട്ടികളുടെ എണ്ണവും ഹോസ്റ്റലുകളുടെ പേരുവിവരം തിരിച്ച് ലഭ്യമാക്കാമോ?

നിലമ്പൂർ ഐ.റ്റി.ഡി.പി.-ക്കുകീഴിൽ 10 പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ താൽക്കാലിക വ്യവസ്ഥയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജോലി ചെയ്യുന്ന ജീവനക്കാരുടെ പേരും തസ്തികയും അവർ എന്നുമുതലാണ് ഹോസ്റ്റലുകളിൽ ജോലിയിൽ പ്രവേശിച്ചതെന്നും വിശദമാക്കാമോ; വർഷംതോറും ജോലി പുതുക്കി നൽകുന്നതാണെങ്കിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ച വർഷവും അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) നിലമ്പൂർ ഐ.ടി.ഡി.പി.-ക്കുകീഴിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി തുടങ്ങിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ആരംഭിച്ചിട്ടില്ല.

(ഡി) നിലമ്പൂർ ഐ.ടി.ഡി.പി. ഓഫീസിലെ 2011 മുതൽ 2022 വരെയുള്ള ഓരോ വർഷത്തെയും അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ടിന്റെയും ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് റിപ്പോർട്ടിന്റെയും ഓരോ വർഷത്തെയും ന്യൂനതാ സംഗ്രഹ റിപ്പോർട്ടുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിവരം ശേഖരിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

65(2728) ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം സമഗ്രമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനാവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കി ശക്തിപ്പെടുത്തുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി പദ്ധതി 2022-23 വർഷത്തിൽ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സ്വയംപര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന

പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി-50%, ഓഹരി-35%) ധനസഹായമായി അനുവദിക്കുന്നതാണ്. ആയതുപ്രകാരം 14 സംഘങ്ങൾക്ക് 2,73,74,849/- രൂപ (രണ്ട് കോടി എഴുപത്തിമൂന്ന് ലക്ഷത്തി എഴുപത്തിനാലായിരത്തി എണ്ണൂറ്റി നാൽപത്തിയൊൻപത് രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കേരള ബാങ്കിൽ ബാധ്യതകളുണ്ടോ; എങ്കിൽ പ്രസ്തുത ബാധ്യതകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കേരള ബാങ്കിൽ ബാദ്ധ്യതകളുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ട്. ഇത്തരത്തിലുള്ള ബാദ്ധ്യതകൾ കണക്കാക്കപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള ബാദ്ധ്യതകൾ തീർപ്പാക്കുന്നതിനുള്ള നടപടികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) പ്രസ്തുത സഹകരണ സംഘങ്ങളോടനുബന്ധിച്ചുള്ള നിർജ്ജീവാവസ്ഥയിലായ തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിന് സാമ്പത്തിക പാക്കേജ് നടപ്പാക്കുമോ; വിശദമാക്കാമോ?

സഹകരണ വകുപ്പിന്റെ പദ്ധതിയിൽ പുനരുദ്ധാരണത്തിനുള്ള സ്കീമുകൾ നിലവിലുണ്ട്. ഈ സ്കീമുകളിലെ ധനസഹായം ലഭ്യമാക്കി നിർജ്ജീവാവസ്ഥയിലായ തൊഴിൽ സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കാവുന്നതാണ്.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കുവേണ്ടിയുള്ള സ്റ്റാർട്ടപ്പുകൾ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾവഴി നടപ്പിലാക്കുമോ; വിശദമാക്കാമോ?

സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പിനുകീഴിൽ എല്ലാ ജില്ലകളിലും ഒന്നുവീതം പട്ടികജാതി-പട്ടികവർഗ്ഗ യുവസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഘങ്ങളുടെ സംരംഭകത്വത്തിലാണ് സ്റ്റാർട്ടപ്പുകൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്.

### വയനാട് ജില്ലയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ

66(2729) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 5 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലുമായി 1864 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും അവരുടെ തസ്തികകൾ എന്തെല്ലാമാണെന്നുമുള്ള വിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ വർഷങ്ങളായി അദ്ധ്യാപക തസ്തികകളിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ടോ?

രാജീവ് ഗാന്ധി സ്മാരക ആശ്രമം ഹയർ സെക്കൻഡറി സ്കൂൾ, നൂൽപ്പുഴ, മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കണിയാമ്പറ്റ എന്നിവിടങ്ങളിൽ താത്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുണ്ട്.

(ഡി) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിലാണെന്നും തസ്തിക ഏതാണെന്നും മേൽ തസ്തികയിൽ സ്ഥിരനിയമനം നടത്താത്തതിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാരണം എന്താണെന്നും വ്യക്തമാക്കാമോ?

നൂൽപ്പുഴ എം.ആർ.എസ്.-ൽ ഹ്യൂമാനിറ്റീസ് വിഭാഗത്തിലെ എച്ച്.എസ്.എസ്.ടി. (ഇക്കണോമിക്സ്) തസ്തികയിലും കണിയാമ്പറ്റ എം.ആർ.എസ്.-ൽ ഹയർ സെക്കൻഡറി സയൻസ് വിഭാഗത്തിലും തസ്തിക സൃഷ്ടിച്ചിട്ടില്ല.

**പട്ടികജാതി വ്യവസായ സംരഭകത്വ വികസനം**

67(2730) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വ്യവസായ സംരംഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ?

പട്ടികജാതി വ്യവസായ സംരംഭകത്വ വികസനത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിന് ആവിഷ്കരിച്ച സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി ഇതിന്റെ ഭാഗമാണ്. ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനം ഉൾപ്പെടെ മികച്ച ഉല്പന്നം

വികസിപ്പിക്കുന്നതിനും അവ മികച്ചരീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവ ലഭ്യമാണ്. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് ഇതിന്റെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി നൽകിവരുന്നു.

(ബി) നിലവിൽ ഈ മേഖലയിൽ എത്ര സ്റ്റാർട്ടപ്പുകളാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ 20 സ്റ്റാർട്ടപ്പുകളാണ് പ്രവർത്തിക്കുന്നത്.

(സി) പ്രസ്തുത സ്റ്റാർട്ടപ്പുകൾ ഏതൊക്കെ മേഖലയിലാണെന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## വീട് നിർമ്മിക്കുന്നതിന് സർക്കാർ സഹായം

68(2731)ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് സർക്കാർ സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മാനദണ്ഡം എന്താണെന്നും മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് എത്രവീടുകളുടെ നിർമ്മാണത്തിന് എത്ര രൂപവീതം സഹായമായി നൽകിയിട്ടുണ്ടെന്നും മണ്ഡലംതിരിച്ച് വ്യക്തമാക്കാമോ?

ഉണ്ട്. വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയിലൂടെയും ലൈഫ് മിഷൻ മൂന്നാംഘട്ടം മുഖേനയും ഭൂമി ആർജ്ജിക്കുന്ന ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയുള്ള ഭവനരഹിതർക്കും ലൈഫ് പദ്ധതിയിലൂടെ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നു. 27-07-2020-ലെ സ.ഉ. (എം.എസ്.) നം. 112/2020/ത.സ്വ.ഭ.വ.-യിൽ (അനുബന്ധം-1+) പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്. പ്രസ്തുത പട്ടികപ്രകാരമാണ് നിലവിൽ വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത പുനരധിവാസ പദ്ധതിയും നടപ്പിലാക്കുന്നത്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഭാഗികമായി നിർമ്മിച്ച വീടുകളുടെ പൂർത്തീകരണത്തിനും ജീർണ്ണാവസ്ഥയിലായ വീടുകളുടെ പുനരുദ്ധാരണത്തിനും സർക്കാർ സഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകാറുണ്ടോ; ഉണ്ടെങ്കിൽ മാനദണ്ഡങ്ങൾ എന്താണെന്നും മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് ഇത്തരത്തിൽ എത്ര വീടുകൾക്ക് എത്ര രൂപവീതം സഹായം നൽകിയെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ വിവിധ സർക്കാർ വകുപ്പുകളിൽനിന്ന് അനുവദിച്ചുനൽകിയ ഭവനനിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തവരും നിർദ്ദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു ലഭിക്കാത്തവരും സ്വന്തമായി ഭവനനിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാത്തവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപവരെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുന്ന "ഭവന പൂർത്തീകരണ പദ്ധതി" വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഒരു ലക്ഷം രൂപയാണ് വരുമാന പരിധി.

11-10-2017-ലെ സ.ഉ.(എം.എസ്.) നം. 196/2017/ത.സ്വ.ഭ.വ. (അനുബന്ധം 2+) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലൈഫ്മിഷൻ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി ഭവന പൂർത്തീകരണ പദ്ധതി നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതിപ്രകാരം പട്ടികജാതി കുടുംബങ്ങൾ ഭവന പൂർത്തീകരണം നടത്തിയിട്ടുണ്ട്.

പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് നിയോജകമണ്ഡല അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പഠനമുറി നിർമ്മാണത്തിനായി മുൻസർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് നൽകിയ സഹായങ്ങൾ എത്രയാണെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

69 (2732) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ തെരഞ്ഞെടുത്ത തെക്കേക്കര കോളനി, കൊടുമുടി-പോക്കാട്ടുകുഴി കോളനി, പൊറ്റക്കളംപടി കോളനി എന്നിവയുടെ

നവീകരണ പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(ബി) ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

(എ&ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി, നിലവിലെ അവസ്ഥ എന്നിവ ചുവടെചേർക്കുന്നു.

<u>തെക്കേക്കര പട്ടികജാതി കോളനി (2016-17)</u> - ഇന്റേണൽ റോഡ്, ഫുട്പാത്ത്, വീട് റിപ്പയർ, സംരക്ഷണഭിത്തി, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കുടിവെള്ള പദ്ധതി 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 2022 ജൂലൈ 31-നകം പദ്ധതി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>പൊറ്റക്കളംപടി പട്ടികജാതി കോളനി (2016-17)</u> - കോളനി കവാടം, റോഡ് നിർമ്മാണം, പാർശ്വഭിത്തി നിർമ്മാണം, കുടിവെള്ള പദ്ധതി, വീട് റിപ്പയർ, ഡ്രെയിനേജ് എന്നിങ്ങനെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്.

പോക്കാട്ടുകുഴി പട്ടികജാതി കോളനി (2019-20) - എസ്റ്റിമേറ്റ് പ്രകാരമുള്ള 5 റോഡുകളും പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2022 ആഗസ്റ്റ് 31-നകം പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചാത്തന്നൂർ മണ്ഡലത്തിലെ ഭൂരഹിത - ഭവനരഹിത പട്ടികജാതി കുടുംബങ്ങൾ**

70(2733) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ഭൂരഹിതരും ഭവന രഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ട്; ആയതിൽ ഭവന രഹിതർ മാത്രമായ കുടുംബങ്ങളെത്ര എന്ന് തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ 594 ഭൂരഹിത-ഭവനരഹിതരും 254 ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾ

71(2734) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഭവന രഹിതരായ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് പറയാമോ;

(ബി) ഇതിൽ ഭൂരഹിതരും ഭവന രഹിതരുമായ എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

## പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി

72(2735) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ്,മന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിലുൾപ്പെട്ട ഊരുകൂട്ടത്തിന്റെ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിനായി 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പടുത്തിയിരുന്നു. പട്ടുത്തുവയൽ കോളനിയിലെ 7 പ്രവൃത്തികളിൽ 5 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. എയ്യൻകല്ല് കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഈ വർഷത്തെ പദ്ധതിയിൽ പ്രസ്തുത കോളനിയെ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം, ഏജൻസികളെ ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പിനെയോ പൊതുമരാമത്ത് വകുപ്പിനെയോ ഏൽപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**മഹാത്മ അയ്യങ്കാളിയുടെ സ്മൃതിമണ്ഡപം**

73(2736) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മ അയ്യങ്കാളിയുടെ ജന്മസ്ഥലമായ വെങ്ങാനൂരിലെ സ്മൃതിമണ്ഡപം തീർത്ഥാടന കേന്ദ്രമായി 2019-ൽ പ്രഖ്യാപിച്ചതിനെത്തുടർന്ന് അവിടെ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തീർത്ഥാടന കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ആയത് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) കേരള സംസ്ഥാനത്തെ നവോത്ഥാന നായകരിൽ പ്രമുഖനായ മഹാത്മ അയ്യങ്കാളിയുടെ ജന്മസ്ഥലമായ വെങ്ങാനൂരിലെ സ്മൃതിമണ്ഡപത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുന്നകാര്യം സർക്കാർ വിശദമായി പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

## കുറ്റ്യാടി മണ്ഡലത്തിലെ സാമൂഹ്യക്ഷേമ പദ്ധതികൾ

74(2737) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത്, പദ്ധതി എന്നിവ തിരിച്ച് അറിയിക്കാമോ?

വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് .+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിൽ ഇത്തരത്തിലുള്ള ക്ഷേമപദ്ധതികളുടെ ആനുകൂല്യം ലഭിക്കാൻ യോഗ്യതയുള്ളവർ എത്രയുണ്ടെന്നും ഇതിൽ എത്രപേർക്ക് ആനുകൂല്യങ്ങൾ ലഭിക്കാൻ ബാക്കിയുണ്ടെന്നും പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

പ്രസ്തുത വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

1. വിവാഹ ധനസഹായം

അപേക്ഷകൾ ലഭ്യമാകുന്നതിനനുസരിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2. <u>മിശ്രവിവാഹിതർക്ക് ധനസഹായം</u>

ലഭ്യമായ അപേക്ഷകളിൽ 48 പേർക്ക് ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

3. <u>ഭൂരഹിത പുനരധിവാസ പദ്ധതി</u>

ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

4. <u>ഭവന പൂർത്തീകരണ പദ്ധതി</u>

ലഭ്യമായ അപേക്ഷകളിൽ 76 പേർക്ക് ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. അതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

5. <u>ചികിത്സാ ധനസഹായം</u>

അപേക്ഷകൾ ലഭ്യമാകുന്നതിനനുസരിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

6. <u>ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം</u>

ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് സർക്കാർ ഉത്തരവിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അടിസ്ഥാനത്തിൽ ആനുകൂല്യം അനുവദിക്കുന്നു. ലഭ്യമായ അപേക്ഷകളിൽ 11 അപേക്ഷകൾക്ക് ആനുകൂല്യം ലഭിക്കാൻ ബാക്കിയുണ്ട്. അതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇത്തരം ആനുകൂല്യങ്ങൾ യോഗ്യരായവരിലേയ്ക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

ഗ്രാമപഞ്ചായത്തുകളിലെ എസ്.സി. പ്രൊമോട്ടർമാർ മുഖേന വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഗുണഭോക്താക്കളെ അറിയിക്കുന്നു.

**വയനാട്ടിലെ ട്രൈബൽ ഓഫീസുകളിലെ ക്രമക്കേട്**

75 (2738) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട്ടിലെ ട്രൈബൽ ഓഫീസുകളിൽ വലിയതോതിൽ ക്രമക്കേട് നടന്നുവെന്ന് എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് ചൂണ്ടിക്കാണിച്ചത്; വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഗുരുതരമായ ക്രമക്കേടുകളെപ്പറ്റി പ്രതിപാദിക്കാറുള്ള PART II A-ൽ വയനാട് ജില്ലയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഓഡിറ്റ് നടന്ന കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി എന്നീ പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ ക്രമക്കേടുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

**പനമരം ട്രൈബൽ ഓഫീസിലെ ക്രമക്കേടുകൾ**

76(2739) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പനമരം ട്രൈബൽ ഓഫീസിലെ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്നും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

റിപ്പോർട്ടിൽ കണ്ടെത്തിയ ഗുരുതര ക്രമക്കേടുകൾ ചുവടെപ്പറയുന്നു.

1. പനമരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് കീഴിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കാത്ത വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് സർക്കാരിന് 41,82,500/- രൂപയുടെ നഷ്ടത്തിനിടയാക്കി.
2. പട്ടികവർഗ്ഗ ഭവന നിർമ്മാണത്തിന്റെ ആദ്യഗഡു തുക തെറ്റായി അനുവദിച്ചു, 5 ഗുണഭോക്താക്കളുടെ കയ്യിൽനിന്നും 52,500/-

രൂപവീതം ആകെ 2,62,500/- രൂപ തിരികെ ശേഖരിച്ച് സർക്കാർ പണം സ്വകാര്യ അക്കൗണ്ടിൽ സൂക്ഷിച്ചു.

3. ആശിക്കുംഭൂമി എന്ന പദ്ധതിയിലുൾപ്പെട്ട ഭൂമിയിൽനിന്ന് കരാറുകാരന് അനധികൃതമായി മരം മുറിച്ച് പണം കൈക്കലാക്കുന്നതിന് സൗകര്യമൊരുക്കി.

4. ഭവനനിർമ്മാണ മാർഗ്ഗ നിർദ്ദേശത്തിനനുസരിച്ച് ഒരു ഗഡു അനുവദിക്കേണ്ടിടത്ത് കൂടുതൽ ഗഡു തുക മുൻകൂറായി അനുവദിച്ചു. ഇത്തരത്തിൽ 11,55,000/- രൂപ ക്രമപ്രകാരമല്ലാതെ അനുവദിച്ചു.

മേൽവിഷയങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിൽ ഫയൽ സമർപ്പിച്ച് വിജിലൻസ് അന്വേഷണത്തിന് തീരുമാനം കൈക്കൊണ്ട് ആയത് തുടർനടപടിക്കായി 21-02-2022-ൽ വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്.

## പട്ടികജാതി വകുപ്പിലെ ഓഡിറ്റ്

77(2740) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; അതിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ്?

പട്ടികജാതി വകുപ്പിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം ഈ വർഷം 5 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അതിൽ, മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിലെ 01-04-2016 മുതൽ 31-03-2021 വരെയുള്ള കാലയളവിൽ ക്രമക്കേട് നടന്നതായി പരിശോധന റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചു; അതിൽ ക്രമക്കേടുകൾ കണ്ടെത്തിയത് ഏതെല്ലാം റിപ്പോർട്ടുകളിലാണ്?

പട്ടികജാതി വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം ഈ വർഷം 16 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. അതിൽ, ചുവടെപ്പറയുന്ന 3 റിപ്പോർട്ടുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1. ശ്രീ. ജയധർമ്മൻ മകൾ ആതിരയുടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിൽ കാലതാമസം നേരിട്ടത് സംബന്ധിച്ച് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്.

2. കാര്യവട്ടം കാമ്പസിലെ ജെ.ആർ.എഫ്. വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിലെ കാലതാമസം സംബന്ധിച്ച് സമർപ്പിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്.

3. തിരുവനന്തപുരം ജില്ലയിൽ വകുപ്പിനുകീഴിലുള്ള ആറ്റിപ്ര ഐ.ടി.ഐ.-യിൽ സ്ഥിതിചെയ്യുന്ന സമൃദ്ധി കേന്ദ്രത്തിന്റെ ചാർജ്ജ് യഥാവിധി കൈമാറാതിരുന്നത് സംബന്ധിച്ച പരാതിയിന്മേലുള്ള റിപ്പോർട്ട്.

(സി) പട്ടികജാതി വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളിലെ ക്രമക്കേടുകളെക്കുറിച്ചാണ് എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികളുടെ നടപടിക്രമങ്ങളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളാണ് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

(ഡി) എം.ആർ.എസ്. ഹോസ്റ്റലുകളിൽ ക്രമക്കേട് നടന്നതായി എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഏതെല്ലാം എം.ആർ.എസ്. ഹോസ്റ്റലുകളിലെ അഴിമതിയാണ് ചൂണ്ടിക്കാട്ടിയിട്ടുള്ളത്?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്. ഹോസ്റ്റലുകളിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനാ

റിപ്പോർട്ടുകളിൽ ക്രമക്കേടുകളൊന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) നിലമ്പൂർ പട്ടികവർഗ്ഗ ഓഫീസിൽ എന്തൊക്കെ അഴിമതി നടന്നുവെന്നാണ് എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ അഴിമതി ഒന്നുംതന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

**പാലക്കാട് മെഡിക്കൽ കോളേജിന്റെ പുരോഗതി**

78(2741) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് മെഡിക്കൽ കോളേജിന്റെ പുരോഗതിക്കും വികസനത്തിനുമായി 2016 മുതൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

2016 മുതൽ പാലക്കാട് മെഡിക്കൽ കോളേജിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ മെയിൻ ബ്ലോക്ക്, പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും ഹോസ്റ്റൽ, ചുറ്റുമതിൽ, ഭൂഗർഭ ജലസംഭരണി എന്നിവ ഉൾപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽവന്നശേഷം മെഡിക്കൽ

കോളേജിന്റെ ഭൗതിക സാഹചര്യങ്ങൾ പൂർണ്ണതയിലെത്തിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിൽ ചർച്ചകൾ നടത്തുകയും മെഡിക്കൽ കോളേജ് പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തു. നിലവിൽ മെയിൻ ബ്ലോക്ക് നിർമ്മാണം, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം, ബോയിലർ, മാനിഫോൾഡ് ബിൽഡിംഗുകളുടെ നിർമ്മാണം, ഇന്റേണൽ റോഡ് നിർമ്മാണം, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മോഡുലാർ ലാബുകളുടെ നിർമ്മാണം, ഇന്റേൺസ് ഹോസ്റ്റൽ നിർമ്മാണം, ഐസൊലേഷൻ വാർഡ്, പീഡിയാട്രിക് ഐ.സി.യു., എക്സ്റ്റേണൽ സ്ട്രീറ്റ് ലൈറ്റിംഗ് വർക്ക്, ന്യൂമാറ്റിക് ട്യൂബുലാർ ട്രാൻസ്ഫർ സിസ്റ്റത്തിന്റെ നിർമ്മാണം, എക്സ്റ്റേണൽ സ്വിവറേജ് & ഡ്രെയിനേജ്, കിച്ചൺ നിർമ്മാണം, ഗേറ്റ്, മോർച്ചറി കെട്ടിട നിർമ്മാണം, മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, ഡിജിറ്റൽ റേഡിയോഗ്രാഫി തുടങ്ങിയ പ്രവൃത്തികളാണ് നടന്നുവരുന്നത്. പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ഒഴിഞ്ഞുകിടക്കുകയായിരുന്ന മെഡിക്കൽ സൂപ്രണ്ട്, ഡെപ്യൂട്ടി മെഡിക്കൽ സൂപ്രണ്ട്, ആർ.എം.ഒ., അസിസ്റ്റന്റ് ആർ.എം.ഒ. തുടങ്ങിയ തസ്തികകളിൽ ഈ സർക്കാർ നിയമനം നടത്തുകയും പാത്തോളജി വിഭാഗത്തിൽ പി.ജി. ആരംഭിക്കുന്നതിനായി 3 അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും 8

വകുപ്പുകളിൽ പി.ജി. ആരംഭിക്കുന്നതിന്റെ എസൻഷ്യാലിറ്റി ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

79(2742) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരോമ്പാറ കോളനി നവീകരണവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന ഡയറക്ടറേറ്റിലെ ഡി.ഇ.വി./സി1/32040/2017- നമ്പർ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നരോമ്പാറ കോളനി നവീകരണത്തിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) നരോമ്പാറ കോളനിയുടെ 91,78,415/- രൂപയുടെ എസ്റ്റിമേറ്റ് 15-12-2017-ൽ അംഗീകരിച്ച് നൽകിയതാണ്. ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ന്യൂനതയുള്ളതിനാൽ പരിഹരിച്ച് സമർപ്പിക്കുന്നതിനായി ജില്ലാ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) താമരശ്ശേരി പഞ്ചായത്തിലെ എളോത്തുകണ്ടി എ.കെ.ജി. കോളനിയിലെ വികസന പദ്ധതിയുമായി ബന്ധപ്പെട്ട പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.ഇ.വി./സി1/9119/2021 എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോളനിയുടെ പദ്ധതി നിർവ്വഹണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(സി&ഡി) 2020-21 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെട്ട എളോത്തുകണ്ടി എ.കെ.ജി. പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം, പമ്പ് ഹൗസും വാട്ടർ ടാങ്കും, വാട്ടർ സപ്ലൈ ലൈൻ, കിണർ നിർമ്മാണം എന്നിവയാണ് എസ്റ്റിമേറ്റിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ. അതിൽ കിണർ ഒഴികെ മറ്റൊന്നിനും സ്ഥലം വിട്ടുകിട്ടിയില്ലാത്തതിനാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ജില്ലാ ഓഫീസറുടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കടുത്തുരുത്തി മണ്ഡലത്തിലെ ലൈഫ് പദ്ധതി

80(2743) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ട പാവപ്പെട്ടവരുടെ വിവാഹത്തിന് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗം

ഒരു ലക്ഷം രൂപവരെ കുടുംബവാർഷിക വരുമാനമുള്ളവരുടെ പെൺമക്കളുടെ വിവാഹത്തിന് 75,000/- രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കുന്നു. ഇത് 1.25 ലക്ഷം രൂപയായി ഉയർത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗം

നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1,00,000/- രൂപയും സംരക്ഷണമില്ലാത്ത പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 1,50,000/- രൂപയും വിവാഹ ധനസഹായമായി അനുവദിച്ചുനൽകുന്നു. ഇത് യഥാക്രമം 1.5 ലക്ഷം രൂപയായും 2 ലക്ഷം രൂപയായും ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത

പദ്ധതിക്കുള്ള വാർഷിക വരുമാനപരിധി 1,00,000/- രൂപയാണ്.

(ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് ഏതെല്ലാം വകുപ്പുകളിലേയ്ക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകിയിട്ടുള്ളതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കുടുംബങ്ങളുടെ ഭവന നിർമ്മാണമാണ് പൂർത്തീകരിച്ചതെന്ന് അറിയിക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ 160 പട്ടികജാതി കുടുംബങ്ങളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലാവധി എന്നാണെന്നും ഈ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുമോ എന്നും വ്യക്തമാക്കാമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി മുഖേന 113 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. ലൈഫ് പദ്ധതിയിലുൾപ്പെടുത്തി മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

**സമാജവാദി കോളനിയുടെ അടിസ്ഥാന പ്രശ്നം**

81(2744) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിലെ തോട്ടാടയിൽ സ്ഥിതിചെയ്യുന്ന സമാജവാദി കോളനിയുടെ അടിസ്ഥാന പ്രശ്നം പരിഹരിക്കാൻ സർക്കാർ മുൻകൈയെടുക്കുമോ; വിശദമാക്കാമോ?

അടിസ്ഥാനസൗകര്യ വികസനത്തിനായി പ്രസ്തുത കോളനിയെ 2013-14 വർഷത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വീടുകൾക്ക് പ്ലാസ്റ്ററിംഗ്, വീടുകൾക്ക് വൈറ്റ്

സിമന്റ് വാഷിംഗ്, സോളാർ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ, റോഡ് നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, സൈഡ് ബ്ലോക്ക് ഇന്റർലോക്ക്, അഴുക്കുചാൽ നിർമ്മാണം, അങ്കണവാടിക്ക് സംരക്ഷണഭിത്തി, ടോയ്ലെറ്റ്, ബാത്ത്റൂം നിർമ്മാണം, വാട്ടർ സപ്ലൈ സ്കീം, സെപ്റ്റിക് ടാങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനിയിൽ ശുദ്ധജല ലഭ്യതയ്ക്കും മാലിന്യ സംസ്കരണത്തിനും ആവശ്യമായ നടപടി സ്വീകരിക്കാമോ?

ശുദ്ധജല ലഭ്യതയ്ക്കായി കുഴൽകിണർ സ്ഥാപിച്ച് 5 എച്ച്.പി. പമ്പുസെറ്റ് സ്ഥാപിച്ച് വാട്ടർസപ്ലൈ സ്കീം നടപ്പിലാക്കിയിട്ടുണ്ട്. മാലിന്യടാങ്ക്, ടോയ്ലെറ്റ്, ബാത്ത്റൂം, സെപ്റ്റിക് ടാങ്ക് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(സി) കോളനിയിലെ ജനങ്ങൾക്ക് താമസിക്കാൻ ലൈഫ് പദ്ധതിയിൽപ്പെടുത്തി താമസസൗകര്യം ഏർപ്പെടുത്തുമോ?

ലൈഫ് ഭവന പദ്ധതിയിൽ വീടുകൾ അനുവദിക്കുന്നത് കോളനി അടിസ്ഥാനമാക്കിയല്ല. സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും പാർപ്പിട സുരക്ഷ ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

## അംബേദ്കർ ഗ്രാമപദ്ധതി

82(2745) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമപദ്ധതികളിൽ ഉൾപ്പെടുത്തിയ കോളനികളുടെ നവീകരണ പ്രവൃത്തികൾ വൈകുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതിയിലുൾപ്പെടുത്തിയ കോളനികളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഈ സർക്കാർ വലിയതോതിലുള്ള ഇടപെടലാണ് നടത്തിവരുന്നത്. ഇതിന്റെ ഭാഗമായി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ രണ്ടുതവണ അവലോകന യോഗങ്ങൾ ചേരുകയും പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഫലമായി നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിൽ വലിയ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. നിലവിൽ ഡയറക്ടറേറ്റ് തലത്തിൽ പദ്ധതി അവലോകന യോഗങ്ങൾ കൃത്യമായി നടത്തുന്നുണ്ട്. ജില്ലാ കളക്ടർ, ജില്ലാ

പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നിർമ്മാണ ഏജൻസികളുടെ ജില്ലാതല യോഗങ്ങൾ വിളിച്ചുചേർത്ത് പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതി പൂർത്തീകരണത്തിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ എന്നിവർ ഇടപെട്ട് ഫീൽഡുതല പ്രശ്നങ്ങൾ യഥാസമയം പരിഹരിച്ചുവരുന്നു.

(ബി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമപദ്ധതി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുണ്ടായ കാലതാമസം എന്തെന്ന് വിശദമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം പ്രസ്തുത മണ്ഡലത്തിൽനിന്നും 2016-17 സാമ്പത്തികവർഷം ഉൾപ്പെടുത്തിയ ഭാസ്കർ നഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയ വെട്ടുവിള കോളനിയിലെ മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സിലെ ന്യൂനതകാരണവും 2020-21 സാമ്പത്തികവർഷം തെരഞ്ഞെടുത്ത ആറയൂർ മച്ചിംഗവിളാകം കോളനിയിലെ എസ്റ്റിമേറ്റിലെ

ന്യൂനതകാരണവും പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

**പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികളുടെ സംവരണം**

83(2746) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിവർത്തിത ക്രൈസ്തവ വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് വൺ, ഡിഗ്രി മുതലായ കോഴ്സുകൾ പഠിക്കുന്നതിന് ഇപ്പോൾ നൽകിയിരിക്കുന്ന സംവരണ സീറ്റ് സംബന്ധിച്ച വിവരങ്ങൾ ഇനംതിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ്-വൺ, ഡിഗ്രി മുതലായ കോഴ്സുകൾക്ക് പ്രവേശനത്തിനായി അനുവദിച്ചിട്ടുള്ള സംവരണം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

1) ഹയർ സെക്കൻഡറി (മറ്റ് പിന്നാക്ക ക്രിസ്ത്യൻ വിഭാഗങ്ങൾക്കൊപ്പം) - 1%

2) ആർട്സ് & സയൻസ് ബിരുദം (മറ്റ് പിന്നാക്ക ക്രിസ്ത്യൻ വിഭാഗങ്ങൾക്കൊപ്പം) - 1%

3) പ്രൊഫഷണൽ ബിരുദം (SIUC വിഭാഗത്തിനോടൊപ്പം) - 1%

(ബി) സംസ്ഥാനത്ത് യോഗ്യതാ പരീക്ഷ പാസ്സായ മുഴുവൻ പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കും കഴിഞ്ഞ വർഷങ്ങളിൽ പ്ലസ് വൺ, ഡിഗ്രി അഡ്മിഷൻ ലഭിക്കുന്നതിന് ഈ സംവരണംമൂലം സാധ്യമായിരുന്നോ; വിശദമാക്കാമോ?

ടി വിവരങ്ങൾ വകുപ്പ് ശേഖരിച്ച് സൂക്ഷിക്കുന്നില്ല.

## പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

84 (2747) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ അക്കാദമികവർഷം പിന്നാക്ക വിഭാഗക്കാരായ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള നിരവധി അപേക്ഷകൾ ബന്ധപ്പെട്ടവർ സ്വീകരിക്കാതിരുന്നതിനാൽ

വിദ്യാർഥികൾക്ക് വലിയ പ്രതിസന്ധിയുണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പിന്നാക്ക വിഭാഗ വികസനത്തിന് പ്രത്യേക വകുപ്പുള്ളതിനാൽ പട്ടികജാതി വികസന വകുപ്പിൽ പ്രസ്തുത വിദ്യാർഥികളുടെ അപേക്ഷകൾ സ്വീകരിക്കുകയില്ലെന്ന ഉദ്യോഗസ്ഥ നിലപാടിനെ തുടർന്നുണ്ടായതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തിനുള്ളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പട്ടികജാതി വികസന വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പിലാക്കിവന്നിരുന്നത്. പട്ടികജാതി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കേന്ദ്ര നിർദ്ദേശപ്രകാരം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിൽ ജോലിഭാരം വളരെയധികം വർദ്ധിച്ചിരുന്ന സാഹചര്യത്തിൽ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ സ്വീകരിക്കുന്നതിൽ തടസ്സം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. പിന്നാക്ക വിഭാഗ വികസന

വകുപ്പിന് ജില്ലാതലത്തിൽ ഓഫീസുകൾ നിലവിലില്ലാത്തതിനാലും ജീവനക്കാരുടെ അപര്യാപ്തതമൂലവുമാണ് പട്ടികജാതി വികസന വകുപ്പിന്റെ സഹായം ആവശ്യമായി വരുന്നത്. അപേക്ഷകൾ സ്വീകരിക്കുന്നതിലും സ്കോളർഷിപ്പ് വിതരണത്തിലുമുണ്ടായ തടസ്സങ്ങൾ നിലവിൽ പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(സി) നിർധനരായ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉപരിപഠന കാര്യങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കാതെ അവരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് പര്യാപ്തമായ രീതിയിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിനെ ശക്തിപ്പെടുത്തുമോ; വിശദാംശം നൽകുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന് എല്ലാ ജില്ലകളിലും ഓഫീസുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയം

85(2748) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ പട്ടയം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർക്ക് പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള അപേക്ഷകളൊന്നും നിലവിൽ ശേഷിക്കുന്നില്ല. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ 39 എണ്ണം തീർപ്പാക്കാനുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 28 പേർക്കും പട്ടികജാതിയിൽപ്പെട്ട 8 പേർക്കും മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ പട്ടയം നൽകിയിട്ടുണ്ട്.

## എന്റെ വീട് പദ്ധതി

86(2749) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്റെ വീട് പദ്ധതിയിലുൾപ്പെടുത്തി കേരള സംസ്ഥാന പിന്നാക്ക വിഭാഗ

കോർപ്പറേഷൻ എത്രപേർക്ക് ഭവന വായ്പ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽവന്നശേഷം 'എന്റെ വീട്' പദ്ധതിയിലുൾപ്പെടുത്തി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നാളിതുവരെ 513 ഭവന വായ്പകൾ അനുവദിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻവഴി നൽകുന്ന ഭവന വായ്പാ പദ്ധതികളും മറ്റ് വായ്പാ പദ്ധതികളും വിശദമാക്കാമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന നൽകിവരുന്ന വായ്പാ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധിക തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ

87(2750)ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ഒ. എസ്. അംബിക:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ശ്രീ. ജി. സ്റ്റീഫൻ:** താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികതൊഴിൽ നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 'കേരള ട്രൈബൽ പ്ലസ്' എന്നപേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്; ഈ പദ്ധതിയിലൂടെ എത്രത്തോളം അധികതൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. നിലവിൽ എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ കേരളത്തിലെ നിരവധി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അധികമായി 100 തൊഴിൽദിനങ്ങൾവരെ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 2021-ൽ 101-നും 150 ദിവസത്തിനുമിടയിൽ 20041-ഉം 151-നും 175 ദിവസത്തിനുമിടയിൽ 4121-ഉം 176-നും 200 ദിവസത്തിനുമിടയിൽ 5247 കുടുംബങ്ങൾക്കും അധിക തൊഴിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനായി ആരംഭിച്ച 'ഗോത്ര ജീവിക' പദ്ധതിയുടെ പ്രവർത്തനം

വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഗോത്രജീവിക പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 1170 യുവതീയുവാക്കൾക്ക് നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് മേസണറി, മരപ്പണി, പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, ബിൽഡിംഗ് മെറ്റീരിയൽസ്, ഡ്രൈവിംഗ് എന്നീ മേഖലകളിലും വനിതകൾക്കായി വസ്ത്രനിർമ്മാണത്തിലും പരിശീലനം നൽകിയിരുന്നു. പ്രായോഗിക പരിശീലനം പൂർത്തീകരിച്ചവരെ വിവിധ ജില്ലകളിലായി ഉൾപ്പെടുത്തി 57 സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പരിശീലനം നേടിയ മേഖലകളിൽ തൊഴിൽ ചെയ്യുന്നതിനാവശ്യമായ പണിയായുധങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ പരിശീലനാർത്ഥികളെ തെരഞ്ഞെടുത്ത് ചില സ്ഥലങ്ങളിൽ പരിശീലനം ആരംഭിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ പരിശീലനം പൂർണ്ണതോതിൽ ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ പദ്ധതി സി.എം.ഡി. എന്ന സ്ഥാപനം മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുമായും സി.എം.ഡി.-യുമായിചേർന്ന് നിശ്ചിത ഇടവേളകളിൽ 'ഗോത്രജീവിക' പദ്ധതി വിലയിരുത്തുന്നുണ്ട്.

**ആരാധനാലയങ്ങൾക്ക് സർക്കാർ ഖജനാവിൽനിന്ന് അനുവദിച്ച തുക**

88(2751) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ്-19 മഹാമാരിയെത്തുടർന്ന് അടച്ചുപൂട്ടപ്പെട്ട ആരാധനാലയങ്ങൾ വരുമാനമില്ലാതെ കഷ്ടതയനുഭവിച്ച ഘട്ടത്തിൽ സഹായധനം അനുവദിച്ചിരുന്നുവോ; വിശദാംശം അറിയിക്കാമോ?

അനുവദിച്ചിരുന്നു. കോവിഡ്-19 മഹാമാരിമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾക്ക് കോവിഡ് പാക്കേജായി സർക്കാർ അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് 110 കോടി രൂപയുടെ ധനസഹായം ഗഡുക്കളായി അനുവദിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് 25 കോടി രൂപയും മലബാർ ദേവസ്വം ബോർഡിന് 20 കോടി രൂപയും കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപയും കോവിഡ് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

## കേരളത്തിനുപുറത്ത് ദേവസ്വം ബോർഡിന്റെ ആസ്തികൾ

89(2752) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനുപുറത്ത് ദേവസ്വം ബോർഡിന് എവിടെയെല്ലാം എന്തെല്ലാം ആസ്തികളുണ്ടെന്ന് വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് സംസ്ഥാനത്തിന് പുറത്ത് വാരണാസിയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളും ബോർഡിന്റെ കീഴിൽ പുനലൂർ ഗ്രൂപ്പിൽപ്പെട്ട അച്ചൻകോവിൽ ദേവസ്വം വകയായി തമിഴ്നാട്ടിലെ പൻപൊളിയിൽ 30 ഏക്കർ 85 സെന്റ് പാടശേഖരവുമുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കാശിയിലെ വാരണാസിയിൽ ഒരു സത്രമുണ്ട്. ഗുരുവായൂർ ദേവസ്വത്തിന് കോയമ്പത്തൂർ വടവള്ളിയിൽ സർവ്വേ നമ്പർ 403/3-ൽ 0.0222 ഹെക്ടർ ഭൂമിയിൽ ഒരു കെട്ടിടവും മാഹി ചാലക്കരയിൽ സർവ്വേ നമ്പർ 77/4 ൽ 0.0964 ഹെക്ടർ ഭൂമിയിൽ ഒരു കെട്ടിടവുമുണ്ട്.

(ബി) കൈവശാവകാശ രേഖകൾ പ്രകാരമുള്ള എല്ലാവിധ ആസ്തികളിലും ദേവസ്വം ബോർഡിന് പൂർണ്ണ ഉടമസ്ഥാവകാശമുണ്ടോ;

ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിൽ തിരുവിതാംകൂർ സത്രം, തിരുവിതാംകൂർ ധർമ്മശാല എന്നിങ്ങനെ രണ്ട് കെട്ടിടങ്ങളാണ് നിലവിലുള്ളത്. അവയുടെ പൂർണ്ണ ഉടമസ്ഥാവകാശവും കൈവശാവകാശവും നിലവിൽ ദേവസ്വം ബോർഡിൽ നിക്ഷിപ്തമാണ്. കൂടാതെ ബോർഡിന്റെ കീഴിൽ പുനലൂർ ഗ്രൂപ്പിൽപ്പെട്ട അച്ചൻകോവിൽ ദേവസ്വം വകയായി തമിഴ്നാട്ടിലെ പൻപൊളിയിൽ കൈവശാവകാശ രേഖകൾ പ്രകാരമുള്ള 30 ഏക്കർ 85 സെന്റ് പാടശേഖരവുമുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന് 1970-ലെ ഭൂപരിഷ്കരണ നിയമത്തിന് വിധേയമായി കൈവശാവകാശ രേഖകൾ പ്രകാരം പൂർണ്ണ ഉടമസ്ഥാവകാശമുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ കൈവശം ഉള്ള എല്ലാ വസ്തുവകകളിലും ഗുരുവായൂർ ദേവസ്വത്തിന് പൂർണ്ണ ഉടമസ്ഥവകാശമുണ്ട്.

കൂടൽമാണിക്യം ദേവസ്വം തനത് രജിസ്റ്റർ പ്രകാരമുള്ള എല്ലാ ആസ്തികളിലും ദേവസ്വത്തിന് പൂർണ്ണ ഉടമസ്ഥാവകാശമുണ്ട്.

(സി) കേരളത്തിന് പുറത്തുള്ള ആസ്തികളിൽനിന്ന് ഓരോവർഷവും ലഭിക്കുന്ന വരുമാനം എത്രയാണെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വാരണാസിയിലെ ആസ്തികളിൽനിന്നും നിലവിൽ വരുമാനമൊന്നും ലഭിക്കുന്നില്ല. തമിഴ്നാട്ടിലെ 30 ഏക്കർ 85 സെന്റ് പാടശേഖരങ്ങൾ പാട്ടത്തിന് നൽകിപ്പോരുന്നു. 2021-ൽ പൻപൊളി പാടശേഖരങ്ങളിലെ നെല്ല് ലേലംചെയ്ത വകയിൽ ആകെ 2,63,907/- രൂപ ലഭിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വാരണാസി സത്രത്തിൽനിന്നും 2,70,000/- രൂപ വാർഷിക വരുമാനം ലഭിക്കുന്നുണ്ട്. ഗുരുവായൂർ ദേവസ്വത്തിന് കോയമ്പത്തൂർ വടവള്ളിയിലുള്ള കെട്ടിടത്തിന്റെ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസം 8,000/- രൂപയും മാഹിയിലുള്ള ഗോഡൗണിന്റെ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസം 11,822/- രൂപയും ലഭിച്ചുവരുന്നുണ്ട്.

**ക്ഷേത്രങ്ങളുടെ സംരക്ഷണവും കർക്കിടക വാവുബലി ഒരുക്കവും**

90(2753) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ കർക്കിടക വാവുബലിക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ കർക്കിടകവാവുമായി ബന്ധപ്പെട്ട് കീഴ്പതിവനുസരിച്ച് ബലിതർപ്പണത്തിനുള്ള പന്തലുകളും കടവുകൾ വൃത്തിയാക്കലും സുരക്ഷയ്ക്കായി ബാരിക്കേഡുകളും തിരക്കുകൂടുതലുള്ള ക്ഷേത്രങ്ങളിൽ സി.സി.ടി.വി. സംവിധാനവും ഇലൂമിനേഷൻ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവ്, കുളം, ആൽത്തറ എന്നിവയുടെ നവീകരണ പദ്ധതിക്കായി ഒരു കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേത്രക്കുളങ്ങളുടെയും കാവുകളുടെയും നവീകരണത്തിലൂടെ പാരിസ്ഥിതിക സംരക്ഷണത്തിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി കിഫ്ബിവഴി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ശബരിമല

ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് ഈ സാമ്പത്തികവർഷം ഏതെല്ലാം ക്ഷേത്രങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ?

നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, കഴക്കൂട്ടം എന്നീ ക്ഷേത്രങ്ങളോടനുബന്ധിച്ച് കിഫ്ബി ഫണ്ടുപയോഗിച്ച് ഇടത്താവളങ്ങളുടെ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്നു.

**മലബാർ ദേവസ്വം ബിൽ**

91(2754) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്രജീവനക്കാർക്ക് അഞ്ചുമാസത്തിലധികമായി ശമ്പളം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങൾ ഭരണപരമായും സാമ്പത്തികമായും ഓരോന്നും സ്വതന്ത്ര യൂണിറ്റുകളാണ്. ക്ഷേത്രജീവനക്കാരുടെ ശമ്പളം അതത് ക്ഷേത്രത്തിന്റെ ഫണ്ടിൽനിന്നാണ് നൽകിവരുന്നത്. വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, കുടിശ്ശിക വരുന്ന ശമ്പളം നിബന്ധനകൾക്ക് വിധേയമായി, മലബാർ

ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകിവരുന്നു. ഇത്തരം ക്ഷേത്രങ്ങളുടെ കാര്യത്തിൽ, അസസബിൾ ക്ഷേത്രവരുമാനം, കുടിശ്ശികയായി നിൽക്കുന്ന ശമ്പളം എന്നിവ നാലുമാസം കൂടുമ്പോൾ പരിശോധിച്ച്, ഒരുമിച്ച് ശമ്പള ധനസഹായവും മുൻകൂർ ധനസഹായവും അനുവദിക്കുന്ന സ്കീമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ആയതിനാൽ, മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം നാലുമാസം കൂടുമ്പോൾ പൂർണ്ണമായി ലഭിക്കാൻ സാധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ക്ഷേത്രങ്ങളുടെ വരവുചെലവ് കണക്കുകൾ യഥാസമയം തയ്യാറാക്കി നാലുമാസം കൂടുമ്പോൾ സമർപ്പിക്കാത്ത ക്ഷേത്രങ്ങളിലെ ജീവനക്കാർക്കാണ് ശമ്പള ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. സർക്കാർ ഗ്രാന്റ്-ഇൻ-എയ്ഡ് ഉപയോഗപ്പെടുത്തിയാണ്, ക്ഷേത്രജീവനക്കാർക്ക് ശമ്പള കുടിശ്ശിക വിതരണം ചെയ്യുന്ന മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട് പ്രവർത്തിച്ചുവരുന്നത്. ആയതിന് എന്തെങ്കിലും താമസംവരുന്ന സാഹചര്യത്തിലും മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിൽനിന്നുള്ള ശമ്പളകുടിശ്ശിക വിതരണത്തിൽ തടസ്സം നേരിടാറുണ്ട്. 2022-23 വർഷത്തെ ബഡ്ജറ്റ് അലോട്ട്മെന്റിൽനിന്നും

ആദ്യഗഡുവായി സാലറി ഹെഡ്ഡിൽ അനുവദിച്ച സംഖ്യയിൽനിന്നും 6.99 കോടി രൂപയും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും 7.61 കോടി രൂപയുമടക്കം ആകെ 14.60 കോടി രൂപ ഉപയുക്തമാക്കി ക്ഷേത്രജീവനക്കാരുടെ ശമ്പള ധനസഹായ കുടിശ്ശിക വിതരണം നിലവിൽ നടത്തിവരുന്നുണ്ട്.

(ബി) മലബാറിലെ ക്ഷേത്രജീവനക്കാർ നിരന്തരമായി ഉന്നയിക്കുന്ന മലബാർ ദേവസ്വം ബിൽ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) 2017-ൽ അന്നത്തെ ബോർഡ് ചെയർമാൻ കെ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മീഷൻ മലബാർ ദേവസ്വം ബിൽ പാസ്സാക്കണമെന്ന് സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഇതുവരെയായി ബിൽ പാസ്സാക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ക്ഷേത്ര പരിപാലനവും സേവന-വേതന വ്യവസ്ഥകളും പരിഷ്കരിക്കേണ്ട ആവശ്യകതയെക്കുറിച്ച് പ്രസ്തുത റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മലബാർ ദേവസ്വം ബിൽ എപ്പോൾ പാസ്സാകുമെന്ന്

വ്യക്തമാക്കാമോ?

(ബി-ഇ) 2017-ൽ അന്നത്തെ ബോർഡ് ചെയർമാൻ കെ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ കമ്മീഷൻ കരട് മലബാർ ദേവസ്വം ബിൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. അതിൽ ഭാഗം (3)-ൽ ക്ഷേത്രങ്ങളുടെ പരിപാലനവും ക്ഷേത്രജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും പരിഷ്കരിക്കുന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ചേർത്തിട്ടുണ്ട്. മലബാർ ദേവസ്വം ബിൽ പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് നിയമപരവും ധനപരവുമായ ഒട്ടേറെ കാര്യങ്ങൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.+

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലി

92(2755) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണ അനോമലി പരിഹരിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ചിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണത്തിന് ആധാരമാക്കേണ്ട ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ കൂടുതൽ വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പിലേയ്ക്കയച്ച പ്രൊപ്പോസലിന്മേൽ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന്, 12-02-2021-ലെ ജി.ഒ.(എം.എസ്.)നം.57/2021/ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത, ഫിക്സേഷൻ ചട്ടങ്ങൾ എന്നിവയിൽ വ്യക്തത വരുത്തി 18-08-2021-ലെ ജി.ഒ. (എം.എസ്.)നം.161/2021/ആർ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിച്ച് മലബാർ ദേവസ്വം ബോർഡ് യോഗതീരുമാനപ്രകാരം 19-01-2022-ന് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന് ധനകാര്യ

വകുപ്പിന്റെ സാധൂകരണം ലഭ്യമാക്കി ശമ്പള പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

(സി) നിലവിലെ സാഹചര്യം കണക്കിലെടുത്ത് വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അലവൻസുകൾ നൽകുന്നതിനുവേണ്ടി സർക്കാരിൽനിന്നും അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡ് വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അനുവദിച്ച തുക**

93(2756) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ദേവസ്വം ബോർഡ് എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; ഇത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

2016-17, 2017-18, 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിൽനിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരം വർഷാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+ 2020-21 സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## ചന്ദ്രഗിരി ശ്രീശാസ്താ ക്ഷേത്രത്തിലെ നിർമ്മാണ പ്രവൃത്തികൾ

94(2757) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി ശ്രീശാസ്താ ക്ഷേത്രത്തിൽ ശുചിമുറിയും നടപ്പന്തലും നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിലേയ്ക്കായി അമ്പല കമ്മിറ്റി സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) മലബാർ ദേവസ്വം ബോർഡിന് കീഴിൽവരുന്ന ഈ ക്ഷേത്രത്തിന്റെ പ്രൊപ്പോസൽ എത്രയുംവേഗം പരിഗണിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാമ്പത്തികാനുമതി നൽകുന്നകാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി ശ്രീശാസ്താ ക്ഷേത്രത്തിൽ നടപ്പന്തൽ നിർമ്മാണത്തിനായി 22,50,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 11,00,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിച്ച് മലബാർ ദേവസ്വം കമ്മീഷണർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**അന്യാധീനപ്പെട്ട ദേവസ്വം ഭൂമി വീണ്ടെടുക്കുന്നതിന് നടപടി**

95(2758) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി ഉണ്ടായിട്ടുണ്ടോ?

ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുക്കളിലെ അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതിനും അന്യാധീനപ്പെട്ട

വസ്തുക്കൾ തിരികെ ലഭ്യമാക്കുന്നതിനുമായി ബോർഡിന്റെ കീഴിൽ റവന്യൂ വകുപ്പിന്റെ സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ഭൂസംരക്ഷണ വിഭാഗം പ്രവർത്തിച്ചുവരുന്നു. Travancore Cochin Hindu Religious Institution (TCHRI) Act 1950, 1957-ലെ കേരള ഭൂസംരക്ഷണ ആക്ട് എന്നിവ പ്രകാരം ഒഴിപ്പിക്കുന്നതിന് നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭൂസംരക്ഷണ വിഭാഗം ഏറ്റെടുത്ത് ഏൽപ്പിക്കുന്ന ഭൂമി അതിർത്തികെട്ടി സംരക്ഷിക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി കണ്ടെത്തുന്നതിനും കൈയേറ്റം ഒഴിപ്പിക്കുന്നതിനും വീണ്ടെടുക്കുന്നതിനും ജില്ലാ ഭരണകൂടം മുഖേന ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു. ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ, പട്ടയവുമായി ബന്ധപ്പെട്ട് വിവിധ ലാൻഡ് ട്രിബ്യൂണലുകളിൽ നിലനിൽക്കുന്ന കേസുകളിൽ, ക്ഷേത്രത്തിന്റെ ഉത്തമ താത്പര്യം സംരക്ഷിക്കുംവിധം നിയമനടപടി സ്വീകരിക്കുന്നതിന്, അഡ്വക്കേറ്റുമാരുടെ പാനൽ രൂപീകരിച്ചിട്ടുണ്ട്.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വം ഭൂമികൾ അളന്ന് തിട്ടപ്പെടുത്തി കൈയേറ്റം ഒഴിപ്പിക്കുന്നതിന് സ്പെഷ്യൽ തഹസീൽദാരുടെ നേതൃത്വത്തിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത

യൂണിറ്റിന്റെ നേതൃത്വത്തിൽ അന്യാധീനപ്പെട്ട ഭൂമികൾ വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഗുരുവായൂർ ദേവസ്വത്തിന്റെ അധീനതയിലുള്ള ചാവക്കാട് മണത്തല വില്ലേജിലെ ദ്വാരക ബീച്ചിനടുത്തുള്ള ദേവസ്വം ഭൂമിയിൽ കൈയേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള മേൽനടപടി സ്വീകരിച്ചുവരുന്നു. കൂടൽമാണിക്യം ദേവസ്വത്തിന്റെയും കീഴേടങ്ങളിലെയും അന്യാധീനപ്പെട്ട ഭൂമികൾ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ വിവിധ ക്ഷേത്രങ്ങളിൽ നിലവിലുള്ള ഭൂമി എത്രയെന്ന് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ദേവസ്വങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂസ്വത്തുക്കൾ പൂർണ്ണമായും അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിന് 1250 ക്ഷേത്രങ്ങളിലായി 2700 ഏക്കറോളം ഭൂമിയാണുള്ളത്. നിലവിൽ ദേവസ്വം ബോർഡിന്റെ കൈവശമുള്ള വസ്തുക്കളുടെ രേഖകളിൽ പലതും സർക്കാർ പുറമ്പോക്ക് എന്നോ ദേവസ്വം പുറമ്പോക്ക് എന്നോ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ ഇവയെല്ലാം ദേവസ്വം

ഭൂമിയാണ്. ദേവസ്വം ഭൂമിയുടെ ശരിയായ കണക്കുകളുടെയും അടിസ്ഥാന രേഖകളുടെയും അഭാവം വസ്തുവകകൾ അളന്ന് തിട്ടപ്പെടുത്തുന്നതിനെ സാരമായി ബാധിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സംബന്ധിച്ച സർവ്വേ അവസാനമായി നടന്നത് 2007-ലാണ്. സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ടി കാലയളവിൽ നടത്തിയ സർവ്വേ പ്രകാരം 1123 ക്ഷേത്രങ്ങളുടെ കൈവശത്തിൽ 3112.205 ഏക്കർ ഭൂമിയുള്ളതായും 24,693.24 ഏക്കർ ഭൂമിയിൽ കൈയേറ്റം നടന്നിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ദേവസ്വം തനത് രജിസ്റ്റർ പ്രകാരം 1313.64 ഏക്കർ ഭൂമിയും ഗുരുവായൂർ ദേവസ്വത്തിന് നിലവിൽ 109.4538 ഹെക്ടർ ഭൂമിയുമാണുള്ളത്. കൂടൽമാണിക്യം ദേവസ്വത്തിന്റെയും കീഴേടങ്ങളിലെയും ഭൂമികൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മലബാർ ദേവസ്വം ബോർഡിലെ ശമ്പളവും ആനുകൂല്യങ്ങളും

96(2759) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് സർക്കാർ ശമ്പളം നേരിട്ട് നൽകണമെന്ന് ബോർഡ് അഭ്യർത്ഥിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നിലപാടെടുക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉണ്ട്. ക്ഷേത്രങ്ങളുടെ ഭരണ ചുമതലയുള്ള ദേവസ്വം ബോർഡുകൾ ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനത്തിന് അനുസരിച്ചാണ് പ്രസ്തുത ചെലവുകൾ വഹിക്കേണ്ടത്. ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ സർക്കാർ നൽകുന്ന ഗ്രാന്റ് ഉപയോഗിക്കുന്നത് മലബാർ ദേവസ്വം ബോർഡിന്റ കാര്യത്തിൽമാത്രം നിലവിലുള്ള ഒരു സംവിധാനമാണ്. അപ്രകാരം നൽകുന്ന തുക കൂടുതൽ ജീവനക്കാരുടെ ശമ്പള ചെലവിനായി ഉപയോഗിക്കാൻ കഴിയില്ല. കൂടുതൽ ക്ഷേത്ര ജീവനക്കാരുടെ ശമ്പള ചെലവ് ഏറ്റെടുക്കാൻ സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല. മാത്രമല്ല ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 100(2)(P)&(X) (ii)-ന്റെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ പ്രകാരമാണ് എക്സിക്യൂട്ടീവ് ഓഫീസറുടെ നിയമനം, സേവന-വേതന വ്യവസ്ഥകൾ എന്നിവ നിഷ്കർഷിച്ചിട്ടുള്ളത്. ചട്ടം (5) പ്രകാരം നിയമിക്കപ്പെടുന്ന

ക്ഷേത്രത്തിൽനിന്നും ശമ്പളം അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) മലബാർ ദേവസ്വം ബോർഡിൽനിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്താൻ ക്ഷേമനിധി ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളിലാണ് വർദ്ധനവ് വരുത്താൻ ബോർഡ് തീരുമാനിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്കും എക്സിക്യൂട്ടീവ് ഓഫീസർമാർക്കും നൽകിവരുന്ന ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തുന്നതിന് 30-05-2022-ലെ ക്ഷേമനിധി ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ, അവശതാ പെൻഷൻ, ഗ്രാറ്റുവിറ്റി, ഫാമിലി പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം എന്നീ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തുന്നതിനാണ് ക്ഷേമനിധി ബോർഡ് യോഗം തീരുമാനിച്ചിട്ടുള്ളത്. ക്ഷേമനിധി ബോർഡ് യോഗ തീരുമാനം, മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നുവെന്ന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## പരിസ്ഥിതി ലോല മേഖല

97(2760) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി ലോലമേഖല വേണമെന്ന സുപ്രീംകോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## വനവത്കരണ പ്രവർത്തനങ്ങൾ

98(2761) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, വനവത്കരണ പ്രവർത്തനങ്ങൾ, വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ വനസംരക്ഷണത്തിന് പങ്കാളികളാക്കൽ തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി

മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

വനസംരക്ഷണത്തിന്റെ ഭാഗമായി വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിക്കുന്ന പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്തെപ്പോലെ ഈ സർക്കാരിന്റെ കാലത്തും നടപ്പിലാക്കിവരുന്നു. മുൻകാലത്തെപ്പോലെ ഈ സർക്കാരിന്റെ കാലത്തും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ പങ്കാളിത്ത വനപരിപാലന പദ്ധതിയുടെ ഭാഗമായി വനസംരക്ഷണത്തിൽ പങ്കാളികളാക്കി വരുന്നുണ്ട്. കൂടാതെ ട്രക്ക്പാത്ത് നിർമ്മാണം, കാട്ടുതീ തടയുന്നതിനായി ഫയർലൈൻ നിർമ്മിക്കൽ എന്നിവയും യഥാസമയം നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വനവൽക്കരണത്തിന്റെ ഭാഗമായി മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, കളനിർമ്മാർജ്ജനം, മുള തോട്ടങ്ങൾ - ഇക്കോറിസ്റ്റോറേഷൻ തോട്ടങ്ങൾ എന്നിവയുടെ നടീലും പരിപാലനവും തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിവരുന്നു. വനസംരക്ഷണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും വനാശ്രിത സമൂഹത്തിന്റെ വിവിധ

വി.എസ്.എസ്./ഇ.ഡി.സി. സമിതികളിലെ അംഗങ്ങളെ ദിവസവേതന വാച്ചർമാരായും ഗഞ്ച റെയ്ഡ്, പട്രോളിംഗ് എന്നിവയിൽ അംഗങ്ങളായും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാട്ടുതീ തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങളിൽ ഫയർലൈൻ, ഫയർസ്ട്രിപ് എന്നിവയിൽ ഫയർ മസ്ദൂർ വാച്ചർമാരായും ടി സമിതികളിലെ അംഗങ്ങളെ നിയോഗിച്ചുവരുന്നു. ടി പ്രവർത്തനങ്ങൾ വനമേഖല ഉൾപ്പെടുന്ന നിയമസഭാ മണ്ഡലങ്ങളിലെ ബന്ധപ്പെട്ട പ്രദേശങ്ങളിൽ നടപ്പിലാക്കുന്നവയാണ്. വനവിസ്തൃതിയുടെ അടിസ്ഥാനത്തിലും ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിലും ടി പ്രവൃത്തികൾക്കും ചെലവഴിച്ച തുകയ്ക്കും ഏറ്റക്കുറച്ചിലുകളുണ്ടാകുന്നതാണ്. മേൽ പ്രസ്താവിച്ചവിധം വനാതിർത്തി സർവ്വേ ചെയ്ത് ജണ്ട കെട്ടുന്നതിനും വിവിധ വനവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും ടി പ്രവൃത്തികൾക്ക് വനാശ്രിതരെക്കൂടി ഉൾപ്പെടുത്തിയ വകയിൽ വേതനം, റേഷൻ എന്നിവയുൾപ്പെടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 15260.909 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 3015.789 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ലഭ്യമാക്കിയ ടി തുകകളുടെ, വനമേഖല ഉൾക്കൊള്ളുന്ന നിയമസഭാ

നിയോജകമണ്ഡലങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

(ബി) കൃഷിനാശം, വനാതിർത്തികളിൽ മനുഷ്യർക്കും കന്നുകാലികൾക്കും വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന ജീവഹാനി എന്നീ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് 5922.69 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് 1222.94 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾ, പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക നിയോജകമണ്ഡലം തിരിച്ചുള്ള വിവരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

(സി) ഇക്കോടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പരിപാലനത്തിനുമായി മുൻ സർക്കാരിന്റെയും ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് 3446.50 ലക്ഷം രൂപയും ഈ സർക്കാരിന്റെ കാലത്ത് 729.83 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങളുടെയും ആയതിന് ചെലവഴിച്ച തുകയുടെയും നിയമസഭാ മണ്ഡലംതിരിച്ചുള്ള വിവരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റി.ഡബ്ല്യു.) ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

**വനഭൂമിയും പരിസ്ഥിതിലോല മേഖലകളും**

99(2762) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2009-10 മുതൽ 2019-20 വരെയുള്ള ഭരണ റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തെ വനവിസ്തീർണ്ണത്തിൽ കുറവുവന്നിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമിയുടെ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വനമേഖലകളിൽ നിരന്തര ഫീൽഡ് പരിശോധന നടത്തുകയും വനം കൈയേറ്റം നടത്തുന്നവരെ കണ്ടെത്തി വനനിയമ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. വനഭൂമി സംരക്ഷിക്കുന്നതിന് വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ചുവരുന്നുണ്ട്. കൂടാതെ വനസംരക്ഷണത്തിന്റെ ഭാഗമായി വനസംരക്ഷണ ജീവനക്കാർക്കുവേണ്ടി കൂടുതൽ സൗകര്യങ്ങളോടെ പുതിയ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം പരിസ്ഥിതി ലോലമേഖലകൾ പുനർനിർവ്വചിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ IA-1000/2003 നമ്പർ വിധിപ്രകാരം പരിസ്ഥിതിലോല മേഖലകൾ നാളിതുവരെ

പുനർനിർവ്വചിച്ചിട്ടില്ല. സുപ്രീംകോടതിവിധിയുടെ പാര 44 (എഫ്)-ൽ പറയുന്നതുപോലെ സംസ്ഥാനത്തെ ഇക്കോസെൻസിറ്റീവ് സോണുകളിൽ ഇളവ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കോടതി പറയുന്ന മാനദണ്ഡങ്ങളിൽ ഉൾപ്പെടുന്ന മേഖലകൾ മിക്കതും ഇപ്പോൾ ജനവാസ മേഖലകളായി മാറിയതിനാൽ പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളെ കുടിയൊഴിപ്പിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്നും വെളിപ്പെടുത്തുമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ F. No. 1-9/2007 WL-1 (pt) നമ്പർ കത്തുപ്രകാരം 09-02-2011-ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരമാണ് ഇക്കോസെൻസിറ്റീവ് സോൺ രൂപീകരിക്കുന്നത്. ആയതുപ്രകാരം ഇക്കോസെൻസിറ്റീവ് സോണിലുൾപ്പെടുന്ന പ്രദേശങ്ങളിൽനിന്നും ജനങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരുന്നില്ല.

**വനവത്കരണ പ്രവർത്തനങ്ങൾ**

100 (2763) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ:

<u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേ, അതിർത്തി തിരിക്കൽ, വനവത്കരണ പ്രവർത്തനങ്ങൾ, വനാതിർത്തിയിൽ താമസിക്കുന്ന സമൂഹത്തെ വനസംരക്ഷണത്തിൽ പങ്കാളികളാക്കൽ എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

വനാതിർത്തികളുടെയും വനപരിധിയിലുള്ള പ്രദേശങ്ങളുടെയും സർവ്വേയ്ക്കും അതിർത്തി തിരിക്കലിനും വനവത്കരണ പ്രവർത്തനങ്ങൾക്കുമായി നടപ്പ് സാമ്പത്തികവർഷം 4406-01-101-99-വനസംരക്ഷണം (വനാതിർത്തി സർവ്വേയും വനസംരക്ഷണവും) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 28 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. വനസംരക്ഷണ- വനവത്കരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് 1988-ലെ ദേശീയ വനനയത്തിന്റെ ഭാഗമാണ്. അതിന്റെ ഭാഗമായി 1988 മുതൽ കേരളത്തിൽ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഇതിനായി വനം ഡിവിഷൻ തലത്തിൽ രൂപീകരിച്ച 50 വനവികസന ഏജൻസികളുടെ കീഴിൽ 427 വനസംരക്ഷണ സമിതികളും (VSSs) 213 ഇക്കോ ഡെവലപ്‌മെന്റ് കമ്മിറ്റികളും (EDCs) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. പ്രസ്തുത VSS/EDC-കളിൽ തദ്ദേശവാസികളായ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിതർ അംഗങ്ങളാണ്. ടി സമിതികളെ വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ വനപരിപാലന പദ്ധതികളിൽ പങ്കാളികളാക്കി വരുന്നു. ഇക്കോ ടൂറിസം പദ്ധതിയിലും പ്രദേശത്തിന്റെ പരിപാലനത്തിനും സംരക്ഷണത്തിനുമായി VSS/EDC അംഗങ്ങളെ ഗൈഡുകളായി നിയോഗിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നടപ്പാക്കുന്ന കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളിൽ 50 ശതമാനം പ്രവർത്തനങ്ങളും VSS/EDC-കൾ വഴിയാണ് നടത്തിവരുന്നത്. ഇതുവഴി വനാശ്രിതരായ VSSC/EDC അംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനും അതിലൂടെ അവരുടെ ജീവിതനിലവാരം ഉയർത്താനും സഹായകരമാകുന്നു. മേൽപദ്ധതികളുടെ നടത്തിപ്പിനായി തൻവർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ഇക്കോ ടൂറിസത്തിനായി 7 കോടി രൂപയും ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിക്കായി 10 കോടി രൂപയും സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കാർബൺ ന്യൂട്രൽ കേരളം

101(2764) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ എത്ര ശതമാനം വൃക്ഷാവരണം ഉണ്ടായിരിക്കണമെന്നാണ് ദേശീയ വനനയം അനുശാസിക്കുന്നതെന്ന് വ്യക്തമാക്കാമോ?

1988-ലെ ദേശീയ വനനയം അനുസരിച്ച് ആകെ ഭൂവിസ്തൃതിയുടെ 1/3 ഭാഗം വനമായോ വൃക്ഷാവരണമായോ ഉണ്ടായിരിക്കണമെന്നാണ് അനുശാസിച്ചിട്ടുള്ളത്. കൂടാതെ മലകളും കുന്നുകളുമായ പ്രദേശങ്ങളിൽ വിസ്തൃതിയുടെ 2/3 ഭാഗം വനമായോ വൃക്ഷാവരണമായോ നിലനിർത്തി മണ്ണൊലിപ്പ്, ലാൻഡ് ഡിഗ്രഡേഷൻ തുടങ്ങിയവ തടയുന്നതിനും ദുർബ്ബലമായ ആവാസവ്യവസ്ഥയുടെ കെട്ടുറപ്പ് ഉറപ്പാക്കുന്നതിനുംവേണ്ടി നിലനിർത്തണം എന്നാണ് ദേശീയ വനനയം അനുശാസിച്ചിട്ടുള്ളത്.

(ബി) വനവൽക്കരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ നടത്തിയിട്ടുള്ള ഇടപെടലുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വനവൽക്കരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 335.20 ലക്ഷം തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് (2021-2022 വർഷം) 46.62 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വൃക്ഷ സമൃദ്ധി പദ്ധതിപ്രകാരം പഞ്ചായത്ത് നഴ്സറികൾവഴി 43 ലക്ഷം തൈകൾ ഉല്പാദിപ്പിച്ചിട്ടുണ്ട്.

(സി) വനേതര ഭൂമിയിൽ വനവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'കാർബൺ ന്യൂട്രൽ കേരളം' എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള 'വൃക്ഷ സമൃദ്ധി' പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'വൃക്ഷസമൃദ്ധി'. വനങ്ങൾക്കുപുറത്ത് പ്രത്യേകിച്ച് സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സജീവ പങ്കാളിത്തംവഴി വൃക്ഷാവരണം വിപുലപ്പെടുത്തുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 'വൃക്ഷസമൃദ്ധി' പദ്ധതിക്ക് കീഴിലുള്ള ഈ ഏകോപിത സ്ഥാപന ക്രമീകരണത്തിൽ തൈകൾ ഉല്പാദിപ്പിച്ച് പരിപാലിക്കുന്നത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ്

പദ്ധതിപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പാണ്. സോഷ്യൽ ഫോറസ്ട്രി വിഭാഗം പദ്ധതിക്ക് വേണ്ടിവരുന്ന എല്ലാ സാങ്കേതിക സഹായങ്ങളും നൽകും. 3 മുതൽ 5 വർഷംവരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം തൈകൾക്ക് തുടർപരിചരണം നടത്തുകവഴി 5 വർഷംകൊണ്ട് ചുരുങ്ങിയത് 80% തൈകളെങ്കിലും മരമായി വളരുമെന്നതാണ് പദ്ധതിയുടെ നേട്ടം. ഈ പദ്ധതിവഴി പ്രതിവർഷം 72 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കും. സംസ്ഥാനത്തൊട്ടാകെയുള്ള പഞ്ചായത്തുകളുടെ 832 നഴ്സറി സൈറ്റുകളിലായി 43 ലക്ഷം വൃക്ഷതൈകൾ ഈ വർഷംതന്നെ പദ്ധതിയിലൂടെ സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭവർഷത്തിൽ (2022-നടീൽ വർഷം) മാത്രം മദർബെഡ് നഴ്സറിക്കാവശ്യമായ യോജിച്ചതും ഗുണമേന്മയുമുള്ള വിത്തുകൾ വനം വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തൈ ഉല്പാദിപ്പിക്കുന്നതിനും ആയത് നട്ട് പരിപാലിക്കുന്നതിനും സ്വയംപര്യാപ്തമാക്കുകയാണ് അന്തിമ ലക്ഷ്യം.

(ഡി) നഗരവനം, വിദ്യാവനം എന്നിവ സൃഷ്ടിക്കുന്നതിനും തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

നഗരവനം, വിദ്യാവനം എന്നിവ സൃഷ്ടിക്കുന്നതിനും തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ അവലോകനം ചെയ്യാറുണ്ട്. കൂടാതെ കേന്ദ്രസർക്കാർ പദ്ധതിയായ നഗർ വൻ യോജന പദ്ധതി വനം വകുപ്പിലെ അവലോകനങ്ങൾക്ക് പുറമെ കേന്ദ്രസർക്കാരും അവലോകനം ചെയ്തുവരുന്നു. വനത്തിന് പുറത്തെ വനവത്കരണത്തിന്റെ ഭാഗമായി 2020-21 വർഷം മുതൽ വനം വകുപ്പ് നഗരവനം, വിദ്യാവനം എന്നീ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 75 വിദ്യാവനങ്ങളും 15 നഗരവനവും സൃഷ്ടിച്ചിട്ടുണ്ട്.

**വയനാട് വന്യജീവി സങ്കേതം വിജ്ഞാപനം**

102(2765) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണ നിയമം വകുപ്പ് 26 A പ്രകാരം പൂർണ്ണ അർത്ഥത്തിൽ വയനാട് വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരള ഫോറസ്റ്റ് ആക്ട് പ്രകാരം 1973-ലാണ് വയനാട് വന്യജീവി സങ്കേതം വിജ്ഞാപനം ചെയ്തിട്ടുള്ളത്. 1991-ൽ 44-ാം ഭേദഗതി നിയമ പ്രകാരമാണ് സെക്ഷൻ 26(എ) വന്യജീവി സംരക്ഷണ

നിയമത്തിലുൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ 1991-നുമുമ്പ് വിജ്ഞാപനം ചെയ്തിട്ടുള്ള വന്യജീവി സങ്കേതങ്ങൾക്ക് സെക്ഷൻ 26(എ) പ്രകാരമുള്ള വിജ്ഞാപനം ആവശ്യമില്ല. ഇക്കാര്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ IA-1000/2003-ന്റെ വിധിപ്രകാരം (ഖണ്ഡിക 38, 39) സാധൂകരിച്ചിട്ടുണ്ട്.

(ബി) കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിച്ച വയനാട് ജില്ലയിലെ 344 ചതുരശ്ര കിലോമീറ്റർ വരുന്ന വനമേഖല 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം വന്യജീവി സങ്കേതമായി പരിഗണിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

G.O.(Ms)182/73/AD നമ്പരായി കേരള ഫോറസ്റ്റ് ആക്റ്റ് പ്രകാരം 30-05-1973-ൽ വിജ്ഞാപനം ചെയ്തിട്ടുള്ള 344.4 ചതുരശ്ര കിലോമീറ്റർ വരുന്ന വയനാട് വന്യജീവി സങ്കേതം 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 66(2) പ്രകാരമാണ് വന്യജീവി സങ്കേതമായി പരിഗണിക്കപ്പെട്ടിട്ടുള്ളത്.

**സ്വാഭാവിക വനം പുനഃസ്ഥാപിക്കൽ**

103(2766) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ പുരോഗതി സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980-കളുടെ തുടക്കംവരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഏകദേശം 27000 ഹെക്ടർവരുന്ന ടി വിദേശ ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേയ്ക്ക് പുനഃസ്ഥാപിക്കാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ടുപിടിപ്പിച്ച് തോട്ടങ്ങളാക്കുന്നതുമാണ് നയരേഖ വിഭാവനം ചെയ്യുന്നത്. സ്വാഭാവിക വന പുനഃസ്ഥാപനത്തിന്റെ ഭാഗമായി ഇതുവരെ 567.56 ഹെക്ടർ സ്ഥലത്തെ വ്യാവസായിക തോട്ടങ്ങൾ സ്വാഭാവിക വനങ്ങളാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## തൃശ്ശൂർ ജില്ലയിലെ സംരക്ഷിത വനമേഖലയോട് ചേർന്നുള്ള പരിസ്ഥിതി ലോല മേഖല സംബന്ധിച്ച്

104(2767) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരക്ഷിത വനമേഖലയോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല മേഖലയാക്കി മാറ്റണമെന്ന സുപ്രീംകോടതി വിധി തൃശ്ശൂർ ജില്ലയിലെ ഏതൊക്കെ വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന വിവരം അറിയിക്കാമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, സംരക്ഷിത വനമേഖലയോട് ചേർന്നുള്ള ഒരു കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോല മേഖലയാക്കിയാൽ ആയതിലുൾപ്പെടാൻ സാധ്യതയുള്ള തൃശ്ശൂർ ജില്ലയിലെ വില്ലേജുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വില്ലേജുകൾ |
|---|---|
| 1 | വരന്തരപ്പിള്ളി |
| 2 | മറ്റത്തൂർ |
| 3 | തിരുവില്വാമല |
| 4 | പീച്ചി |
| 5 | കണ്ണമ്പ്ര |
| 6 | ഇളനാട് |

| | |
|---|---|
| 7 | പങ്കരപ്പിള്ളി |
| 8 | തൊണ്ണൂർക്കര |
| 9 | ആറ്റൂർ |
| 10 | മണലിത്തറ |
| 11 | തെക്കുംകര |
| 12 | പാണംചേരി |
| 13 | കരുമാതറ |

സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ ശേഖരിക്കാൻ സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ മാത്രമെ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖലയെന്ന സുപ്രീംകോടതി നിർദ്ദേശം പ്രാവർത്തികമാക്കിയാൽ തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള സംസ്ഥാനത്തെ

ഏതെല്ലാം വില്ലേജുകളിലെ ജനങ്ങളെ ബാധിക്കാനിടയുണ്ടെന്ന കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ.

**മിയാവാക്കി വനങ്ങൾ**

105(2768) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിയാവാക്കി വനങ്ങൾ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ?

മിയാവാക്കി വനങ്ങൾ എന്ന പദ്ധതി വനം വകുപ്പ് നടപ്പിലാക്കുന്നില്ല. എന്നാൽ ഇതേ തത്വം അടിസ്ഥാനമാക്കി അതിസാന്ദ്ര നഗരവനം, വിദ്യാലയങ്ങളിൽ വിദ്യാവനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ മിയാവാക്കി വനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ള മിയാവാക്കി വനങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

വനം വകുപ്പിന്റെ അനുമതിയോടെ ഉണ്ടാക്കിയ തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, എറണാകുളം ജില്ലയിലെ കാലടി പ്രകൃതിപഠന ക്യാമ്പിനുകീഴിലുള്ള സുവർണ്ണോദ്യാനം ബയോളജിക്കൽ പാർക്ക്, തൃശ്ശൂർ

ജില്ലയിലെ പട്ടിക്കാട് എന്നിവയാണ് സംസ്ഥാനത്ത് വനം വകുപ്പിന് കീഴിലുള്ള മിയാവാക്കി വനങ്ങൾ.

## ഇക്കോസെൻസിറ്റീവ് സോണുകൾ

106(2769) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് എന്തെങ്കിലും നിവേദനങ്ങൾ നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് അയച്ച കത്തുകളുടെയും നിവേദനങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിവേദനങ്ങൾക്ക് കേന്ദ്രസർക്കാർ മറുപടി നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

ടി നിവേദനങ്ങൾക്ക് കേന്ദ്രസർക്കാർ മറുപടി നൽകിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത വിഷയത്തിൽ നിലവിലെ വയനാട് എം.പി. പ്രധാനമന്ത്രിക്ക് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇക്കോ സെൻസിറ്റീവ് സോണുകൾ

107(2770) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നൽകിയ നിവേദനങ്ങളുടെയും കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോണുകൾ സംബന്ധിച്ച് 2022-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് അയച്ച കത്തുകളുടെയും നിവേദനങ്ങളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

## മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളും പ്രത്യേക വന പുനഃസ്ഥാപന നയവും

108(2771) ഡോ. കെ. ടി. ജലീൽ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) സംസ്ഥാനത്ത് തദ്ദേശ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പ്രത്യേക വന പുനഃസ്ഥാപന നയം സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത നയംവഴി എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) സംസ്ഥാനത്ത് കണ്ടുവരുന്ന അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

അധിനിവേശ സസ്യങ്ങളെ ഒഴിവാക്കുന്നതിനായി 2021-22 നബാർഡ് ട്രാഞ്ചെ-XXVII മുഖേന പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിനുവേണ്ടി 621.78 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ഹൈവേ വികസനം**

109(2772) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഹൈവേ വികസനത്തിന്റെ ഭാഗമായി മുറിച്ചുമാറ്റുന്ന മരങ്ങൾക്ക് ബദൽ സംവിധാനമായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കാമോ?

ഹൈവേ വികസനത്തിന്റെ ഭാഗമായി മുറിച്ചുമാറ്റുന്ന മരങ്ങൾക്കുപകരം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി 1:10 എന്ന അനുപാതത്തിൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതി നിലവിലുണ്ട്.

**ഇക്കോ സെൻസിറ്റീവ് മേഖല നിശ്ചയിച്ചുകൊണ്ടിറക്കിയ ഉത്തരവ്**

110(2773) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്കുചുറ്റും മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് 2019 ഒക്ടോബർ 31-ാം തീയതി വനം വകുപ്പ് ഉത്തരവിറക്കിയിരുന്നോ?

സംസ്ഥാനത്ത് സംരക്ഷിത വനമേഖലകൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്കുചുറ്റും മനുഷ്യവാസ കേന്ദ്രങ്ങൾ ഉൾപ്പെടെ പൂജ്യം മുതൽ ഒരു

കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് 2019 ഒക്ടോബർ 31-ാം തീയതി സർക്കാർ ഉത്തരവിറക്കിയിരുന്നു.

(ബി) പ്രസ്തുത സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഒരു കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് മേഖലയായി നിശ്ചയിച്ച് ബഫർസോൺ സംബന്ധിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ മാറ്റംവരുത്താൻ തത്വത്തിൽ അംഗീകാരം നൽകുന്ന ഉത്തരവ് വനം വകുപ്പ് ഇറക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കരട് വിജ്ഞാപന നിർദ്ദേശങ്ങളിൽ മാറ്റംവരുത്താൻ തത്വത്തിൽ അംഗീകാരം നൽകുന്ന സർക്കാർ ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം ചുവടെ ചേർക്കുന്നു.

മനുഷ്യവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഇക്കോ സെൻസിറ്റീവ് സോണുകളുടെ പരിധിയിൽനിന്ന് ഒഴിവാക്കിക്കൊണ്ട് നിലവിലുള്ള വനപ്രദേശങ്ങൾമാത്രം ഉൾപ്പെടുത്തി ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇത് അംഗീകരിക്കില്ല. ഒരു മേഖലയെ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള ലക്ഷ്യത്തെ

മേൽശിപാർശ പൂർണ്ണമായും പരാജയപ്പെടുത്തുന്നതാണ്. സംരക്ഷിത പ്രദേശത്തോട് നിശ്ചിതദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആയി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഇക്കോ സെൻസിറ്റീവ് സോണുകൾ പ്രഖ്യാപിക്കുന്നതിന്റെ ലക്ഷ്യങ്ങളും സംസ്ഥാന പരിസ്ഥിതി സുരക്ഷയും സംരക്ഷണവും നിറവേറില്ല. ഇക്കോ സെൻസിറ്റീവ് സോണിൽ ജനമേഖലകൾ ഉൾപ്പെടുത്തുന്നതിലൂടെ ജനങ്ങളുടെ അടിസ്ഥാന വികസനം അല്ലെങ്കിൽ ഉപജീവനമാർഗ്ഗങ്ങളെയൊന്നും ബാധിക്കില്ല. സംരക്ഷിത വന്യജീവികളുടെയും പരോക്ഷമായി പ്രദേശവാസികളുടെയും ജീവൻ അപകടത്തിലാക്കുന്ന വ്യാവസായിക-വാണിജ്യ പ്രവർത്തനങ്ങൾ മാത്രമാണ് ഈ പ്രദേശങ്ങളിൽ പരിമിതപ്പെടുത്താൻ ശ്രമിക്കുന്നത്.

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ കേരളം അഭിമുഖീകരിച്ച പ്രളയക്കെടുതി പാരിസ്ഥിതിക ദുരന്തമായി വിലയിരുത്തപ്പെട്ടതാണ്. പരിസ്ഥിതി ലോല/ദുർബ്ബലമായ വനമേഖലയുടെ സമീപ പ്രദേശങ്ങളിലെ ഖനനവും അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങളും കെടുതികൾക്ക് ആക്കംകൂട്ടിയിരുന്നു. തുടർന്നുള്ള മൺസൂൺ കാലത്തുണ്ടായ മണ്ണിടിച്ചിലും മറ്റ് വിപത്തുകളും ഇതിന് അടിവരയിട്ടു. അതിനാൽ അനധികൃത നിർമ്മാണം, പുതിയ മലിനീകരണ വ്യവസായങ്ങൾ, ജനവാസ മേഖലകളിൽ

അനിയന്ത്രിതമായ ക്വാറി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് ഇക്കോ സെൻസിറ്റീവ് സോണിനെക്കുറിച്ചുള്ള പുതിയ തീരുമാനങ്ങളെടുക്കേണ്ടതായിവന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ മനുഷ്യജീവൻ നഷ്ടപ്പെടുന്നത് ഉൾപ്പെടെയുള്ള ഗുരുതരമായ പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്നത് കണക്കിലെടുത്താണ് സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും 0 മുതൽ 1 കിലോമീറ്റർ വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 31-10-2019-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2019/വനം പ്രകാരം അംഗീകാരം നൽകിയത്.

(സി) ഉത്തരവിറക്കുന്നതിനുമുമ്പ് പ്രസ്തുത ഉത്തരവുമൂലം ബാധിക്കപ്പെടുന്ന ജനസമൂഹവുമായി ചർച്ച ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

പ്രസ്തുത ഉത്തരവ് കേരളത്തിന്റെ സുസ്ഥിര വികസനവും പാരിസ്ഥിതിക ഭദ്രതയും മുന്നിൽക്കണ്ടും കേന്ദ്രസർക്കാരിന്റെ നിഷ്കർഷകളനുസരിച്ചും പുറപ്പെടുവിച്ച ഒന്നായതിനാൽ ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതല്ല.

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന നയരേഖ**

111 (2774) ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസർവ്വേ റിപ്പോർട്ട് പ്രകാരം രാജ്യത്തെ വനവിസ്തൃതി വർദ്ധിപ്പിക്കാൻ കഴിഞ്ഞ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെടുന്നുണ്ടോ; എങ്കിൽ ഇതിന് അടിസ്ഥാനമായ ഘടകങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉൾപ്പെട്ടിട്ടുണ്ട്. 2019-20 വർഷത്തെ ഭരണ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തെ വനവിസ്തൃതി 11521.993 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തെ ആകെ ഭൂവിസ്തൃതിയുടെ 29.65 ശതമാനമാണ്. അതായത് ദേശീയ ശരാശരിയേക്കാൾ 6.09% കൂടുതലാണ്. 2019-ൽ പ്രസിദ്ധീകരിച്ച ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ 823 ചതുരശ്ര കിലോമീറ്റർ വനമേലാപ്പ് (Forest Cover) വർദ്ധിച്ചതായി പരാമർശിച്ചിട്ടുണ്ട്. ഇത് നിയമാനുസൃതം വനമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾ മാത്രമല്ല മരങ്ങൾ നിറഞ്ഞ മറ്റ് പ്രദേശങ്ങളും ഉൾപ്പെടുന്നതാണ്. സംരക്ഷണ പ്രവർത്തനങ്ങൾ,

തോട്ടങ്ങളുടെ വളർച്ച, വൃക്ഷ മേലാപ്പിന്റെ സാന്ദ്രതയിലെ വർദ്ധനവ് തുടങ്ങിയ ഘടകങ്ങളാണ് ഇതിന് അടിസ്ഥാനം.

(ബി) വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

വനസംരക്ഷണത്തിന്റെ ഭാഗമായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിന് വനഭൂമി റവന്യൂ ഭൂമിയുമായി ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ റവന്യൂ, വനം വകുപ്പുദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തി അതിർത്തി നിർണ്ണയിച്ച് ജണ്ട നിർമ്മാണം നടപ്പാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ഏകദേശം 21200-ഓളം ജണ്ടകൾകൂടി നിർമ്മിക്കാനുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയതിൽ 2021-22 സാമ്പത്തികവർഷം 5934 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.

(സി) സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ

അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സ്വാഭാവിക വനം പുനഃസ്ഥാപിക്കുന്നതിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ)നം.29/2021/വനം പ്രകാരം നയരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ അധീനതയിലുള്ള അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ വിദേശയിനം മരത്തോട്ടങ്ങളെ ഘട്ടംഘട്ടമായിമാറ്റി തദ്ദേശീയ ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഭാഗമായി നബാർഡ്-ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ-XXVI പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം 12.32 കോടി രൂപയുടെ പദ്ധതി തൃശ്ശൂർ വടക്കാഞ്ചേരിയിലും 2021-22 സാമ്പത്തിക വർഷത്തിൽ ട്രാഞ്ചെ - XXVII-ൽ ഉൾപ്പെടുത്തി 35.40 കോടി രൂപ തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം, നെന്മാറ, നിലമ്പൂർ, കാസർഗോഡ്, കോട്ടയം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് തോട്ടങ്ങൾ മാറ്റി തദ്ദേശീയ ഇനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമാക്കുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കൂടാതെ അധിനിവേശ

സസ്യങ്ങളെ ഒഴിവാക്കുന്നതിനായി 2021-22 നബാർഡ് ട്രാഞ്ചെ-XXVII മുഖേന പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയിലുൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിനുവേണ്ടി 621.78 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിൽ സാമൂഹിക വനവൽക്കരണം

112(2775) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കീഴിൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് വരുന്നു. കഴിഞ്ഞവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ, കോളേജുകൾ, എൻ.ജി.ഒ., വിവിധ രാഷ്ട്രീയ സംഘടനകൾ എന്നിവർക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ ആലത്തൂർ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന ആലത്തൂർ കുഴൽമന്ദം,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെന്മാറ ബ്ലോക്കുകളിൽ സാമൂഹിക വനവൽക്കരണ വിഭാഗം വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി ഹരിതകേരളം പദ്ധതി പ്രകാരം ഉല്പാദിപ്പിച്ച തൈകളുടെ വിതരണം, വഴിയോര തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

**കാവ് സംരക്ഷണം**

113(2776) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവ് സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് വനം വകുപ്പ് നടത്തിവരുന്നത്?

കാവുകളുടെ സംരക്ഷണത്തിനായി 14-09-2010-ലെ ജി.ഒ. (ആർ.റ്റി.) നം. 402/2010/വനം, 24-12-2016-ലെ ജി.ഒ. (ആർ.റ്റി) നം. 485/2016/വനം എന്നീ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡപ്രകാരം ഓരോ ജില്ലയിലും വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന 5 കാവുകൾക്ക് ധനസഹായം നൽകിവരുന്നുണ്ട്.

(ബി) 2006 മുതൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം കാവുകളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിൽ ധനസഹായം അനുവദിച്ച കാവുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## പരിസ്ഥിതിലോല പ്രദേശങ്ങൾ

114(2777) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച സുപ്രീംകോടതി വിധി കേരളത്തിലെ ഏതൊക്കെ പ്രദേശങ്ങളെ ബാധിക്കുമെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഒരു കിലോമീറ്റർ ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ ആയതിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.+ 03-06-2022-ലെ സുപ്രീംകോടതി വിധിയെ തുടർന്ന്, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ൽ ചേർന്ന യോഗതീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലുൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ മാത്രമേ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല വന്നുകഴിഞ്ഞാൽ സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളെ ബാധിക്കാനിടയുണ്ടെന്ന കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ.

**ബഫർ സോൺ മേഖലകൾ**

115(2778) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവ അതിരിടുന്ന ബഫർ സോൺ മേഖലകൾ കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലുണ്ടോ എന്ന് വിശദമാക്കാമോ?

ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ എന്നിവ അതിരിടുന്ന ബഫർ സോൺ മേഖലകൾ കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ജില്ലകളിലെ ഏതെല്ലാം പഞ്ചായത്തുകൾ ബഫർ സോൺ പരിധിയിൽ വരുമെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ, ചങ്ങരോത്ത്, പേരാമ്പ്ര, കൂരാച്ചുണ്ട്, പനങ്ങാട്, പുതുപ്പാടി, താമരശ്ശേരി, കട്ടിപ്പാറ എന്നീ പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട്, കാളികാവ്, ചോക്കാട്, അമരമ്പലം, മൂത്തേടം, കരുളായി, വഴിക്കടവ് എന്നീ പഞ്ചായത്തുകളിലും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലും നൂൽപ്പുഴ, നെന്മേനി, പൂതാടി, തിരുനെല്ലി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ പഞ്ചായത്തുകളിലും ഉൾപ്പെട്ട പ്രദേശങ്ങൾ ബഫർ സോൺ പരിധിയിൽ വരുന്നുണ്ട്.

**പരിസ്ഥിതിലോല പ്രദേശങ്ങളുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി**

116(2779) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി കേരളത്തെ എങ്ങനെയാണ് ബാധിക്കുക എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനമോ ചർച്ചകളോ ബോധവൽക്കരണ പരിപാടികളോ സംഘടിപ്പിച്ചിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സുപ്രീംകോടതി വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിന് തീരുമാനിച്ചതിനെ തുടർന്ന് ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന്

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് പൊതുചർച്ചകളോ ബോധവത്കരണ പരിപാടികളോ സംഘടിപ്പിച്ചിട്ടില്ല.

**പുനലൂർ-ആലഞ്ചേരി-മടത്തറ-കൊല്ലയിൽ ഹിൽ ഹൈവേ നിർമ്മാണ പദ്ധതി**

117(2780) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-ആലഞ്ചേരി-മടത്തറ-കൊല്ലയിൽ ഹിൽ ഹൈവേ നിർമ്മാണ പദ്ധതിക്കായി എത്ര ഹെക്ടർ വനഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പുനലൂർ-ആലഞ്ചേരി-മടത്തറ കൊല്ലയിൽ ഹിൽ ഹൈവേ നിർമ്മാണ പദ്ധതിക്കായി വനഭൂമി വിട്ടുനൽകിയിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിക്കായി മുറിച്ചുമാറ്റിയ മരങ്ങളുടെ എണ്ണം അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി വനത്തിനുപുറത്ത് പൊതുസ്ഥലത്തുനിന്ന് 221 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽനിന്നും അനുമതി നൽകിയിട്ടുണ്ട്.

## വനവിസ്തൃതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

118(2781) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വനാതിർത്തിയിലുള്ള പട്ടികേതര കുടുംബങ്ങളുടെ 3.0532 ഹെക്ടർ കൈവശഭൂമി ആർ.കെ.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകിക്കൊണ്ട് വനംവകുപ്പ് ഏറ്റെടുത്ത ഈ പ്രദേശത്ത് ബാഹ്യ ഇടപെടലില്ലാതെ, സ്വാഭാവിക വനമായി സംരക്ഷിച്ച് വന്യജീവികൾക്ക് സ്വതന്ത്ര സഞ്ചാരം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിൽ ആയത് ഗുണകരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതാണ്. കാസർഗോഡ് ജില്ലയിൽ കാസർഗോഡ് റേഞ്ചിൽ സെക്ഷൻ 19 പ്രകാരം 54.6952 ഹെക്ടർ കണ്ടൽപ്രദേശം 21-04-2021-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 16/2021/വനം പ്രകാരം റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. അപ്രകാരം ജില്ലയിൽ വനവിസ്തൃതി 54.69 ഹെക്ടർ വർദ്ധിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് കാഞ്ഞങ്ങാട്

റേഞ്ചുകളിലെ വിവിധ പ്രദേശങ്ങളിലായി 339.55 ഏക്കർ സ്ഥലം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് സാമൂഹ്യ വനവത്കരണ പദ്ധതി നടപ്പിലാക്കിയതെന്ന് പറയാമോ?

കാസർഗോഡ് ജില്ലയിൽ 2018-19 കാലയളവിൽ സാമൂഹ്യ വനവത്കരണ പദ്ധതിയിൽ ഹോസ്ദുർഗ് സോഷ്യൽ ഫോറസ്ട്രി റേഞ്ചിന്റെ കീഴിൽ ചേറ്റുകുണ്ട് തീരപ്രദേശത്ത് ഒരു ഹെക്ടർ സ്ഥലത്ത് 10000 കാറ്റാടി തൈകളും 2020-21 കാലയളവിൽ സി.പി.സി.ആർ.ഐ. (സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യുടെ അധീനതയിലുള്ള ഭൂമിയിൽ 9000 കാറ്റാടി തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ എടനീർ എച്ച്.എച്ച്.ഐ.ബി.എസ്. ഹയർ സെക്കൻഡറി സ്കൂൾ, 2021-22 വർഷത്തിൽ ജി.യു.പി.എസ്., കുട്ടക്കനി, ജി.യു.പി.എസ്. പെരിയ, ജവഹർ നവോദയ വിദ്യാലയം പെരിയ, ജി.എച്ച്.എസ്.എസ്. രാവണേശ്വരം എന്നീ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എസ്.വി.എച്ച്.എസ്.എസ്., മിയാപദവ്; അൻമദീന ഇംഗ്ലീഷ് മീഡിയം സ്കൂൾ, പൈവെളിഗ; ഹോളി ഫാമിലി സ്കൂൾ, കുമ്പള; എസ്.എം.എം.എ.യു.പി. സ്കൂൾ, മുണ്ടിയത്തടുക്ക; ജി.എച്ച്.എസ്.എസ്., പുല്ലൂർ-ഇരിയ എന്നീ

സ്കൂളുകളിൽ കുട്ടിവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഭൂമിയിൽ 2022-23 വർഷത്തിൽ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് നടത്തി കുട്ടിവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഗവൺമെന്റ് താലൂക്ക് ആശുപത്രി, മംഗൽപാടി; ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്കൽ ലിമിറ്റഡ്, സീതാംഗോളി; ഗവൺമെന്റ് മെഡിക്കൽ കോളേജ്, കാസർഗോഡ് എന്നിവിടങ്ങളിലാണ് ഇത്തരത്തിൽ കുട്ടിവനങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

## കൊല്ലം ജില്ലയിൽ വിദ്യാവനം പദ്ധതി

119(2782) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവനം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവിക വനങ്ങളുടെ സദൃശ്യതയോടെ, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്ന ചെറുവനങ്ങളാണ് വിദ്യാവനങ്ങൾ. ചുരുങ്ങിയ ചെലവിൽ വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളിൽ ജൈവവൈവിധ്യ സംരക്ഷണബോധം വളർത്തിയെടുക്കുന്നതിനും വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രായോഗിക പരിശീലനം നൽകുന്നതിനും

ഉദ്ദേശിച്ചാണ് വിദ്യാവനങ്ങൾ നിർമ്മിക്കുന്നത്. ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമായിവരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി വനം വകുപ്പ് പരമാവധി 2 ലക്ഷം രൂപ നൽകുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെയും കോളേജുകളിലെയും ഫോറസ്ട്രി ക്ലബ്ബുകളിലൂടെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും തുടർപരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത്.

(ബി) കൊല്ലം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കൊല്ലം ജില്ലയിലെ താഴെപ്പറയുന്ന സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

1. ഗവൺമെന്റ് ഹൈസ്കൂൾ, ശങ്കരമംഗലം, ചവറ.
2. ബോയ്സ് ആൻഡ് ഗേൾസ് എച്ച്.എസ്.എസ്., തേവലക്കര
3. വി.എച്ച്.എസ്.എസ്., വാളത്തുംഗൽ
4. ഹരിജൻ എൽ.പി.എസ്., കിളിക്കൊല്ലൂർ
5. ജി.എച്ച്.എസ്.എസ്., കുളത്തൂപ്പുഴ
6. ജി.എച്ച്.എസ്.എസ്., പോരുവഴി

7. ദേവീവിലാസം എൻ.എസ്.എസ്.എച്ച്.എസ്.എസ്., പൂവറ്റൂർ

8. സെന്റ് സ്റ്റീഫൻസ് എച്ച്.എസ്., പത്തനാപുരം

9. എ.എം.എം.എച്ച്.എസ്., കരവാളൂർ

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ**

120(2783) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകൾക്ക് കീഴിൽ വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള എത്ര റോഡുകളാണ് നിർമ്മിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാം റേഞ്ചുകളിൽ എവിടെയെല്ലാമാണെന്നും അറിയിക്കാമോ?

നിലമ്പൂർ നോർത്ത്/സൗത്ത് ഡിവിഷനുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിലമ്പൂർ നോർത്ത്: നിലമ്പൂർ നോർത്ത് ഡിവിഷനിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന രണ്ട് റോഡുകളാണുള്ളത്. ആയതിൽ ഒരു റോഡ് നിലമ്പൂർ

റേഞ്ചിലും (ഇരുട്ടുകുത്തി കോളനി മുതൽ വാണിയമ്പുഴ കോളനി വരെ) മറ്റൊന്ന് വഴിക്കടവ് റേഞ്ചിലുമാണുള്ളത് (ആനമാറി-പുഞ്ചക്കൊല്ലി വരെ).

നിലമ്പൂർ സൗത്ത്:- നിലമ്പൂർ സൗത്ത് ഡിവിഷനിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന രണ്ട് റോഡുകളാണുള്ളത്. ഇവ കരുളായി റേഞ്ചിലാണ് വരുന്നത് (പടുക്ക-ഉച്ചക്കുളം കോളനി വരെ, നെടുങ്കയം ആദിവാസി കോളനി വരെ).

(ബി) പ്രസ്തുത റോഡുകളുടെ പേര്, നീളം, നിർമ്മാണ ചെലവ്, പൂർത്തീകരിച്ച തീയതി, ഓരോ റോഡുകളുടെയും ഗുണഭോക്താക്കളുടെയും എണ്ണം എന്നിവ വിശദമാക്കാമോ?

നിലമ്പൂർ നോർത്ത്:- ഇരുട്ടുകുത്തി കോളനി മുതൽ വാണിയമ്പുഴ കോളനി വരെയുള്ള റോഡ് നീളം 1.5 കിലോമീറ്റർ, ഗുണഭോക്താക്കളുടെ എണ്ണം 350, പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വഴിക്കടവ് റേഞ്ചിന്റെ പരിധിയിലുള്ള ആനമാറി-പുഞ്ചക്കൊല്ലി റോഡ് 2700 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനുള്ള അനുമതി വനാവകാശ നിയമം 2006 പ്രകാരം നൽകിയിരുന്നു. വഴിക്കടവ് ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയാണ് ടി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് എന്നതിനാൽ, റോഡിന്റെ നീളം, നിർമ്മാണ ചെലവ്

എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. (ഗുണഭോക്താക്കളുടെ എണ്ണം -280)

നിലമ്പൂർ സൗത്ത്

1. പടുക്ക-ഉച്ചക്കുളം കോളനി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി - 1.80 കിലോമീറ്റർ, 63.30 ലക്ഷം രൂപ - 08-01-2021-ൽ അനുമതി നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂത്തേടം ഗ്രാമപഞ്ചായത്ത് മുഖേനയാണ് ടി പ്രവൃത്തി നടത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തി പൂർത്തിയാക്കിയ തീയതി ലഭ്യമല്ല. 54 ആദിവാസി കുടുംബങ്ങൾ ഗുണഭോക്താക്കളാണ്.

2. നെടുങ്കയം ആദിവാസി കോളനി റോഡ് കോൺക്രീറ്റിംഗ് - 155 മീറ്റർ നീളം, 5 ലക്ഷം രൂപ - 27-07-20-ന് അനുമതി നൽകി. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കരുളായി ഗ്രാമപഞ്ചായത്ത് മുഖേനയാണ് ടി പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ പ്രവൃത്തി പൂർത്തിയാക്കിയ തീയതി ലഭ്യമല്ല. 107 ആദിവാസി കുടുംബങ്ങൾ ഗുണഭോക്താക്കളാണ്.

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണത്തിനായി വനംവകുപ്പ് നൽകിയ സമ്മതപത്രത്തിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) മലപ്പുറം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ വനം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പുതിയ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും വനം വകുപ്പിന്റെ പരിഗണനയിലില്ല.

## കാവും കുളവും പദ്ധതി

121(2784) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവും കുളവും പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് ഫണ്ട് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) 2016 മുതൽ നാളിതുവരെ ഓരോ സ്ഥലത്തും അനുവദിച്ച തുകയും പേരുവിവരവും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) കാവും കുളവും എന്നപേരിൽ പദ്ധതി നിലവിലില്ല. എന്നാൽ കാവുകൾക്ക് ധനസഹായം നൽകുന്നതിന് പദ്ധതി നിലവിലുണ്ട്. 2016 മുതൽ നാളിതുവരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ കാവുകൾക്ക് അനുവദിച്ച ധനസഹായത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## വനാധിഷ്ഠിത ഉപജീവനം

122 (2785) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗത്തിന് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള ജനവിഭാഗത്തിന് മെച്ചപ്പെട്ട ഉപജീവനവും വരുമാനവും ഉറപ്പാക്കുന്നതിനുവേണ്ടി വനാശ്രിതരായ തദ്ദേശവാസികളെ അംഗങ്ങളാക്കി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനസംരക്ഷണ സമിതികൾ/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് അവരെ പങ്കാളികളാക്കി വനപരിപാലന, വനസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഗ്രീൻ ഇന്ത്യ മിഷൻ (GIM) പദ്ധതി, തടിയിതര വനവിഭവങ്ങളുടെ വില്പനയ്ക്കായി വനംവകുപ്പ് ആരംഭിച്ച വിപണന ശൃംഖലയായ വനശ്രീ, കേന്ദ്രസർക്കാർ ഏജൻസിയായ TRIFED-ന്റെയും സംസ്ഥാന സർക്കാരിന്റെയും [75:25 (CSS)] ധനസഹായത്തോടെ ചെറുകിട വനവിഭവങ്ങൾക്ക് താങ്ങുവില നൽകുന്ന MSP for MFP പദ്ധതി, പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) എന്നിവയാണ് ഈ ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കിയിട്ടുള്ള മറ്റ് പദ്ധതികൾ. കൂടാതെ വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെ വനപരിപാലന തത്ത്വത്തിൻകീഴിൽ സംസ്ഥാനത്ത് നിലവിൽ 60 ഇടങ്ങളിൽ വനം വകുപ്പ് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

(ബി) ഔഷധ സസ്യങ്ങളുൾപ്പെടെയുള്ള തടിയിതര ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് അവയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

ഉൽപ്പാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനുംവേണ്ടി നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഔഷധസസ്യങ്ങളുൾപ്പെടെയുള്ള തടിയിതര ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി സംഭരിച്ച് അവയുടെ മൂല്യവർദ്ധനവ് നടത്തി വിപണിയിലെത്തിക്കുന്നതിനായി വിവിധ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസികളുടെ (FDA) കീഴിൽ വനശ്രീ ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ TRIFED (Tribal Co-operative Marketing Development Federation of India Limited)-ന്റെ ധനസഹായത്തോടെ രണ്ട് പദ്ധതികൾകൂടി നടപ്പാക്കിവരുന്നു.

i. ചെറുകിട വനവിഭവങ്ങളുടെ താങ്ങുവില (MSP for MFP- minimum support Price for Minor Forest Produce).

MSP for MFP പദ്ധതിയിലൂടെ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഇരുപത്തിനാലോളം വനവിഭവങ്ങൾക്ക് സുനിശ്ചിതമായ താങ്ങുവില ഉറപ്പാക്കുന്നു. പുതുതായി വിപണന, സംസ്കരണ, സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കാനും നിലവിലെ വിപണന കേന്ദ്രങ്ങൾ നവീകരിക്കാനും സഹായം ലഭിക്കുന്നു.

ii. വൻ ധൻ വികാസ കേന്ദ്ര [Van Dhan Vikas Kendra (VDVK)].

പ്രധാനമന്ത്രി വൻ ധൻ വികാസ യോജന പദ്ധതി (PMVDVY) മുഖേന വനാശ്രിത ഗോത്രസമൂഹങ്ങൾക്ക് ശാസ്ത്രീയമായ വനവിഭവ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ പരിശീലനവും വനവിഭവങ്ങളുടെ മൂല്യവർദ്ധനവിനാവശ്യമായ യന്ത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, മറ്റ് സാധനസാമഗ്രികൾ എന്നിവ വാങ്ങുന്നതിനുള്ള സഹായവും നൽകുന്നു. കേരളത്തിൽ 44 VDVK-കൾ പ്രവർത്തിക്കുന്നുണ്ട്. അംഗങ്ങളായ പതിനായിരത്തോളം വനാശ്രിതർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു.

(സി) അപൂർവ്വ ഔഷധ സസ്യങ്ങളുടെ വംശനാശം തടയുന്നതിനുവേണ്ടി നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പങ്കാളിത്ത വന പരിപാലനത്തിൻ കീഴിൽ സംസ്ഥാനത്ത് ലഭ്യമായതും ആവശ്യമുള്ളതുമായ വിവിധയിനം ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ദേശീയ-സംസ്ഥാന ഔഷധസസ്യ ബോർഡുകളുടെ ധനസഹായം ഉപയോഗപ്പെടുത്തി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾവഴി സംസ്ഥാനത്ത്

നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ദേശീയ വനവൽക്കരണ പരിപാടിയുടെ ഭാഗമായും ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിവഴിയും ഈറ്റയും മുളയും മറ്റ് ഔഷധസസ്യങ്ങളും വച്ചുപിടിപ്പിക്കുന്നതിനുള്ള പരിപാടികൾ വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ തൻവർഷവും തുടർന്നുവരുന്നുണ്ട്.

(ഡി) കേരളത്തിലെ വനമേഖലയിൽ കാണപ്പെടുന്ന എല്ലാത്തരം സസ്യങ്ങളുടെയും ജീൻബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരളത്തിലെ വനം ഡിവിഷനുകളുടെ പ്രവർത്തനങ്ങൾക്കായി വർക്കിംഗ് പ്ലാൻ തയ്യാറാക്കുന്ന സാഹചര്യത്തിൽ ആ മേഖലയിലെ സസ്യങ്ങളുടെ എന്യൂമറേഷൻ സർവ്വേ നടത്തി ഇനങ്ങൾ തിട്ടപ്പെടുത്താറുണ്ടെങ്കിലും വനം മേഖലയിൽ കാണപ്പെടുന്ന എല്ലാത്തരം സസ്യങ്ങളുടെയും ജീൻ ബാങ്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുള്ളതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ഐക്യരാഷ്ട്ര സംഘടനയുടെ റെഡ് ഡാറ്റ ബുക്കിൽ പ്രതിപാദിക്കുന്ന Rare, Endangered, Threatened (RET) എന്നീ വിഭാഗങ്ങളിൽപ്പെടുന്നതും കേരളത്തിലെ വനമേഖലയിൽ കണ്ടുവരുന്നതുമായ തദ്ദേശസസ്യങ്ങളെ വംശനാശ ഭീഷണിയിൽനിന്നും സംരക്ഷിക്കുന്നതിനായി ആയതിന്റെ തൈ ഉല്പാദിപ്പിച്ച്

അതത് മേഖലകളിൽ നട്ടുവളർത്തുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈ നട്ടുവളർത്തുന്ന പദ്ധതി**

123(2786) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ തടി ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 29-09-2012-ലെ സ.ഉ.(സാധാ) നം. 486/2012/വനം പ്രകാരം നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണമനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40

രൂപ നിരക്കിലും 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

(ബി) ചന്ദനമരം സ്വകാര്യ വ്യക്തികൾ നട്ടുവളർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം വിശദമാക്കാമോ?

സ്വകാര്യ വ്യക്തികൾക്ക് അനുമതി കൂടാതെതന്നെ ചന്ദനമരം നട്ടുവളർത്താവുന്നതാണ്.

**ആദിവാസികളെ കുടിയിറക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി**

124(2787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളെ വനത്തിൽനിന്ന് കുടിയിറക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വയനാട്ടിൽ നടപ്പിലാക്കിയത് പരാജയപ്പെട്ടുവെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ആദിവാസികളെ വനത്തിൽനിന്നും കുടിയിറക്കുന്ന പദ്ധതിയൊന്നും വയനാട്ടിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ മനുഷ്യ-വന്യജീവി സംഘർഷം കൂടിയ മേഖലകളിൽ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പരാജയപ്പെട്ടുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് സംബന്ധിച്ച് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനംവകുപ്പിന്റെ കണക്കുപ്രകാരം വനത്തിനുള്ളിലുള്ള ആദിവാസി ഊരുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർക്കുന്നു.+

## കൊടുങ്ങല്ലൂർ മണ്ഡലത്തിലെ വിദ്യാവനം പദ്ധതി

125(2788) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മാളയിൽ ഡോ. പൽപ്പു മെമ്മോറിയൽ സ്കൂളിൽ വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ?

പ്രസ്തുത വിദ്യാവനത്തിൽ വിവിധയിനത്തിലുള്ള 110 വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് അവയ്ക്കോരോന്നിനും ക്യൂ.ആർ. കോഡ് നൽകി പേര് പ്രദർശിപ്പിച്ചിട്ടുണ്ട്. സ്കൂളിലെ ഫോറസ്ട്രി ക്ലബ്ബിലെ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തത്തോടെയാണ് ഈ പരിപാടിയുടെ ആസൂത്രണവും നടത്തിപ്പും നിർവ്വഹിച്ചത്. തുടർന്നുള്ള പരിപാലനവും വിലയിരുത്തലും നിർവ്വഹിക്കുന്നത് ഫോറസ്ട്രി ക്ലബ്ബിലെ വിദ്യാർത്ഥികൾ തന്നെയാണ്.

## ജെ.സി.ബി.-യും ലോറികളും പിടിച്ചെടുത്ത സംഭവം

126(2789) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മുള്ളരിങ്ങാട്-ചാത്തമറ്റം പൊതുമരാമത്ത് റോഡ് പണിക്കായി കൊണ്ടുവന്ന ജെ.സി.ബി.-യും ലോറികളും വനം വകുപ്പുദ്യോഗസ്ഥർ പിടിച്ചെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ചോദ്യം ചെയ്ത ജനപ്രതിനിധികൾക്കെതിരെ വനം വകുപ്പുദ്യോഗസ്ഥർ വ്യാജ പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ചാത്തമറ്റം-ഒറ്റക്കണ്ടം റോഡിന്റെ ഇടതുവശത്തുള്ള 1965, 1968 തേക്ക് തോട്ടങ്ങളിൽ മൂന്ന് ഭാഗങ്ങളിലായി ജെ.സി.ബി. ഉപയോഗിച്ച് അടിക്കാടുകൾ തെളിച്ച് മണ്ണിളക്കി നിരപ്പാക്കിയതിന് കോതമംഗലം വനം ഡിവിഷനിലെ മുള്ളരിങ്ങാട് റേഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 5/2022 നമ്പർ കേസിലെ തൊണ്ടിയായി ഒരു ജെ.സി.ബി. 08-06-22-ൽ വനം വകുപ്പുദ്യോഗസ്ഥർ പിടിച്ചെടുത്തിട്ടുള്ളതാണ്. ഇത് ചോദ്യം ചെയ്തതിന് ജനപ്രതിനിധികൾക്കെതിരെ വനം വകുപ്പുദ്യോഗസ്ഥർ പരാതി നൽകിയിട്ടില്ല. എന്നാൽ സെക്ഷൻ ഓഫീസ് കോമ്പൗണ്ടിൽ സൂക്ഷിച്ചിരുന്ന തൊണ്ടിമുതലായ ജെ.സി.ബി. 09-06-2022-ന് ബലമായും അനധികൃതമായും കടത്തിക്കൊണ്ടുപോയെന്നും ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയെന്നും ആരോപിച്ചുകൊണ്ട് പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റടക്കം 11 പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ ഉൾപ്പെടെയുള്ള 20 പേർക്കെതിരെ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ പോത്താനിക്കാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. ആയത് എഫ്.ഐ.ആർ. നമ്പർ 487/22 ആയി 10-06-2022-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പരാതി വ്യാജമാണോ എന്നത്

തുടരന്വേഷണത്തിലോ ബഹു്മാനപ്പെട്ട കോടതിയിലോ തീരുമാനിക്കപ്പെടേണ്ടതാണ്.

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

വനംവകുപ്പ് രജിസ്റ്റർ ചെയ്ത ഒ.ആർ. 5/2022 നമ്പർ കേസിലെ അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചയും അനാസ്ഥയും കാട്ടിയതായി പ്രഥമദൃഷ്ട്യാ കണ്ടെത്തിയതിനെത്തുടർന്ന് 18-06-22-ലെ സ.ഉ. (സാധാ) നം. 266/2022/F&WLD പ്രകാരം ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറെയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സർക്കാർ സസ്പെൻഡ് ചെയ്തിട്ടുണ്ട്.

**വനം കൈയേറ്റം തടയുന്നതിന് നടപടി**

127(2790) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം കൈയേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വനമേഖലകളിൽ നിരന്തരം ഫീൽഡ് പരിശോധന നടത്തുകയും വനം കൈയേറ്റം നടത്തുന്നവരെ കണ്ടെത്തി വന നിയമപ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിച്ച് ശിക്ഷ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വനഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി വനാതിർത്തികളിൽ ജണ്ടകൾ നിർമ്മിച്ച് വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിച്ച് വരുന്നുണ്ട്. കൂടാതെ വനസംരക്ഷണത്തിന്റെ ഭാഗമായി വനസംരക്ഷണ ജീവനക്കാർക്കുവേണ്ടി കൂടുതൽ സൗകര്യങ്ങളോടെ പുതിയ മോഡൽ ഫോറസ്റ്റ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) എത്ര ഹെക്ടർ വനം കൈയേറ്റം ഒഴിപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര ഹെക്ടർ ഒഴിപ്പിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

ഈ സർക്കാരിന്റെ കാലത്ത് ലഭ്യമായ കണക്കുകൾപ്രകാരം നാളിതുവരെ 13.55 ഹെക്ടർ വനഭൂമി കൈയേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. വനം സർക്കിളുകളിൽനിന്നും ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 01-01-1977-നുശേഷമുള്ള ആകെ 5004.821 ഹെക്ടർ വനഭൂമി കൈയേറ്റം ഇനി

ഒഴിപ്പിക്കാനുണ്ട്. ചില നിക്ഷിപ്ത വനങ്ങളിലും ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ട്രിബ്യൂണലുകളിലും ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുകൾ നടന്നുവരുന്നുണ്ട്. പല കേസുകളിലും തത്സ്ഥിതി തുടരണമെന്നുള്ള ബഹുമാനപ്പെട്ട കോടതികളുടെ നിർദ്ദേശം നിലവിലുള്ളതിനാൽ ഇത്തരം സ്ഥലങ്ങളിൽ സർവ്വേയും അതിർത്തി പുനർനിർണ്ണയവും കൈയേറ്റം ഒഴിപ്പിക്കലും ബന്ധപ്പെട്ട കേസുകളുടെ അന്തിമ വിധിക്കനുസരിച്ചുമാത്രമേ സാധിക്കുകയുള്ളൂ.

## മുല്ലപ്പെരിയാർ മേഖലയിൽ റോഡ് നിർമ്മാണം

128(2791) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ മേഖലയിൽ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റ് വരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കത്ത് എന്നാണ് അയച്ചതെന്നും ഈ റോഡിന്റെ നിർമ്മാണച്ചെലവ് തമിഴ്നാട് സർക്കാർ വഹിച്ചുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ടോ എന്നും ആരാണ് തമിഴ്നാട് സർക്കാരിനുവേണ്ടി കത്തയച്ചതെന്നും അറിയിക്കാമോ?

(എ&ബി) മുല്ലപ്പെരിയാർ മേഖലയിൽ വള്ളക്കടവ് മുതൽ മുല്ലപ്പെരിയാർ ഡാം സൈറ്റുവരെ റോഡ് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിട്ടില്ല. നിലവിലുള്ള കാനന പാത റിപ്പയർ ചെയ്യണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തും പ്രൊപ്പോസലും 16-08-2012-ൽ തമിഴ്നാട് സർക്കാരിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (WRD), പെരിയാർ ഡാം സ്പെഷ്യൽ ഡിവിഷൻ കമ്പം പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽ നൽകിയിരുന്നു. ഈ പ്രൊപ്പോസലിൽ വ്യക്തത വരുത്തി സമർപ്പിക്കുന്നതിന് പെരിയാർ ഈസ്റ്റ് ഡിവിഷൻ ഓഫീസിൽനിന്ന് നൽകിയ നിർദ്ദേശപ്രകാരം 11-06-2015-ൽ ഫോറസ്റ്റ് ക്ലിയറൻസിനായി ഓൺലൈൻ പോർട്ടൽ മുഖേന പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. 30-06-2022-ൽ നൽകിയ കത്തിൽ മേൽ പ്രവൃത്തിക്ക് ആവശ്യമായ ചെലവ് വഹിക്കാൻ സന്നദ്ധമാണെന്ന് തമിഴ്നാട് സർക്കാർ പരാമർശിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത എന്താണെന്നാണ് കത്തിൽ പറഞ്ഞിട്ടുള്ളത്; വിശദാംശം നൽകുമോ?

ശക്തമായ മഴമൂലം റോഡിൽ കുഴികൾ രൂപപ്പെട്ട് ഗതാഗത യോഗ്യമല്ലാതാകുകയും വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുകയും തന്മൂലം തമിഴ്നാട് ഉദ്യോഗസ്ഥർക്ക് കഷ്ടനഷ്ടങ്ങളുണ്ടാകുകയും ചെയ്യുതാണ് റോഡ് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതിന്റെ ആവശ്യകതയെന്ന് പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റോഡിൽ അവസാനമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയതെന്നാണ്; യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതാണോ റോഡ് തകരാൻ കാരണമെന്ന് വിശദമാക്കാമോ?

2019-ലാണ് വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി അവസാനമായി അറ്റകുറ്റപ്പണികൾ നടത്തിയത്. വനം സംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ആവശ്യാനുസരണം അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(ഇ) പ്രസ്തുത കത്തിന്മേൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത റോഡിന്റെ നിർമ്മാണം ഏത് ഓഫീസ് മുഖേനയാണ് നിർവ്വഹിക്കേണ്ടതെന്നും ഇതിന് ആരുടെയൊക്കെ അനുമതി ആവശ്യമാണെന്നും വിശദമാക്കാമോ?

(ഇ&എഫ്) പ്രസ്തുത പ്രൊപ്പോസൽ സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് സ്റ്റേറ്റ് ബോർഡ് ഫോർ വൈൽഡ് ലൈഫ്, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫ്, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം എന്നിവയുടെ അനുമതി ആവശ്യമാണ്. അനുമതി ലഭിക്കുകയാണെങ്കിൽ ടി പ്രവൃത്തി കേരള സംസ്ഥാന മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ പരിശോധനയ്ക്ക് വിധേയമായി യൂസർ ഏജൻസിയായ തമിഴ്നാട് പി.ഡബ്ല്യു.ഡി. (WRD) ആണ് നിർവ്വഹിക്കേണ്ടത്.

**വനം വകുപ്പിലെ ജോലികളുടെ നിർവ്വഹണം**

129(2792) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കൺവീനർ വ്യവസ്ഥയിൽ ചെയ്തിരുന്ന എല്ലാ ജോലികളും കരാർ വ്യവസ്ഥയിലേയ്ക്ക് മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

20-05-2017-ലെ G.O. (Ms) No. 26/2017/F&WLD പ്രകാരം വനം വകുപ്പിൽ കൺവീനർ വ്യവസ്ഥയിൽ ചെയ്തിരുന്ന എല്ലാ ജോലികളും കരാർ വ്യവസ്ഥയിലേയ്ക്ക് മാറിയിട്ടുണ്ട്.

(ബി) കൺവീനർ വ്യവസ്ഥയിൽനിന്നും കരാർ വ്യവസ്ഥയിലേയ്ക്ക് മാറിയത് ഗുണകരമാണോ എന്നകാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കാമോ?

കരാർ വ്യവസ്ഥപ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ മത്സര സ്വഭാവത്തിലുള്ളവയായതിനാൽ കൂടുതൽ സുതാര്യതയും സർക്കാരിന് ധനലാഭവുമുണ്ടായിട്ടുണ്ടെന്നുള്ളത് നേട്ടമാണ്. അതേസമയം പ്ലാന്റിംഗ്, ഫെല്ലിംഗ് തുടങ്ങി സമയബന്ധിതമായി പൂർത്തിയാക്കേണ്ട ജോലികൾ കരാർ സമ്പ്രദായംവഴി നടപ്പിലാക്കുമ്പോൾ സമയക്ലിപ്തത പാലിക്കാൻ കഴിയാതെവരുന്നത് കോട്ടമായി കരുതാം.

(സി) വനം വകുപ്പിലെ തടി/തടിയിതര ഉൽപ്പന്നങ്ങളുടെ ലേലം ഓൺലൈനായിട്ടാണോ നടത്തുന്നത്; നേരിട്ടും ഓൺലൈനായും നടക്കുന്ന ലേലങ്ങളിലെ ലേലത്തുക താരതമ്യം ചെയ്തുനോക്കിയിട്ടുണ്ടോ; എങ്കിൽ ഏതാണ് ലാഭകരമെന്നത് വ്യക്തമാക്കാമോ?

18-03-2014-ലെ G.O. (Rt) No. 132/2014/F&WLD പ്രകാരം 2014 മുതലാണ് തടി/തടിയിതര ഉല്പന്നങ്ങളുടെ ലേലം ഓൺലൈനായി നടത്തുന്നത്. ഓൺലൈൻ ലേലം നടത്തുന്നതുമൂലം നേരിട്ട് നടത്തുന്ന ലേലങ്ങളെ അപേക്ഷിച്ച് ലേലനടപടികൾ കൂടുതൽ സുതാര്യമാക്കാനും

കുറ്റമറ്റതാക്കാനും ലേലക്കാർക്ക് കേരളത്തിനകത്തുനിന്നും പുറത്തുനിന്നും ലേലത്തിൽ പങ്കെടുക്കാൻ കഴിയുന്നതുമൂലം കൂടുതൽ മത്സരാടിസ്ഥാനത്തിൽ ലേലം വിളികൾ നടക്കുകയും ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുകയും ചെയ്യുന്നുണ്ട്. 2014-നുമുമ്പ് നേരിട്ട് നടന്നിട്ടുള്ള ലേലങ്ങളുടെയും 2014-നുശേഷമുള്ള ഓൺലൈൻ ലേലങ്ങളുടെയും വിലകൾ താരതമ്യം ചെയ്യുമ്പോൾ വർഷംതോറും വർദ്ധനവുണ്ടായിട്ടുള്ളതായാണ് കാണുന്നത്.

(ഡി) ഓൺലൈനായി തടിലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ?

M/s. MSTC Limited മുഖേനയാണ് വനം വകുപ്പിൽ 2014 മുതൽ തടി/തടിയിതര ഉല്പന്നങ്ങളുടെ ഓൺലൈൻ ലേലം നടന്നുവരുന്നത്. ഓൺലൈൻ ലേലത്തിൽ പങ്കെടുക്കുന്നവർ M/s. MSTC Limited മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്. ടി രജിസ്ട്രേഷനുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഓൺലൈൻ ലേലനടപടികൾ വിശദമാക്കി കൊടുക്കുന്നതിനും വനംവകുപ്പിലെ എല്ലാ ടിംബർ സെയിൽസ് ഡിവിഷനുകളിലും ഡിപ്പോകളിലും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഫോൺ മുഖേന സംശയ ദൂരീകരണത്തിനുള്ള ഹെൽപ് ഡെസ്ക് സൗകര്യം ടി

ഓഫീസുകളിൽ ലഭ്യമാണ്. കൂടാതെ പത്രം/വിഷ്വൽ മീഡിയ/സോഷ്യൽ മീഡിയ/ബാനർ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകി ഉപഭോക്താക്കളെ ഇ-ലേലത്തിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടിയും ഡിവിഷൻ തലത്തിൽ സ്വീകരിക്കാറുണ്ട്.

## വയനാട് ജില്ലയിലെ വനം വകുപ്പ് ജീവനക്കാർ

130(2793) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനം വകുപ്പിനുകീഴിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

694 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി നൽകുന്നു.+

(ബി) ഇവരിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്നും എത്ര താൽക്കാലിക ജീവനക്കാരുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ഇവരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികാടിസ്ഥാനത്തിൽ മൂന്ന് ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട്. ബാക്കിയുള്ളവർ സ്ഥിരം ജീവനക്കാരാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) ഇവരിൽ പത്ത് വർഷത്തിലധികമായി താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ തസ്തികയും ജോലിചെയ്യുന്ന ഓഫീസും ജോലിചെയ്യുന്ന കാലയളവും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അംഗീകൃത തസ്തികയിൽ താത്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ സേവനകാലാവധി ആറുമാസമാണ്. ആയതിനാൽ വയനാട് ജില്ലയിൽ അംഗീകൃത തസ്തികയിൽ പത്ത് വർഷത്തിലധികമായി താത്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാരില്ല.

**പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തിക**

131(2794) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി.സി.സി.എഫ്.) തസ്തിക സൃഷ്ടിക്കാനുണ്ടായ സാഹചര്യമെന്താണെന്ന് വിശദമാക്കാമോ; വിജിലൻസ് കേസിൽ എഫ്.ഐ.ആർ.-ൽ ഉൾപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന് പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കേസിന്റെ വിശദാംശം നൽകുമോ;

(ബി) വിജിലൻസ് കേസ് നിലനിൽക്കെ ഉദ്യോഗക്കയറ്റം നൽകി പുതിയ തസ്തികയിൽ നിയമിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഭരണപരമായ സൗകര്യം കണക്കിലെടുത്ത് 2016-ലെ IFS (Pay) Rules-ലെ ചട്ടം 12 അനുസരിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി) എന്ന എക്സ്-കേഡർ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ശ്രീ. ഇ. പ്രദീപ് കുമാർ, ഐ.എഫ്.എസ്.-ന് സ്ഥാനക്കയറ്റം നൽകി പ്രസ്തുത തസ്തികയിൽ നിയമിച്ചിട്ടുണ്ട്. അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റത്തിനുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങൾ/ചട്ടങ്ങൾ അനുസരിച്ചാണ് ശ്രീ. ഇ. പ്രദീപ് കുമാർ, ഐ.എഫ്.എസ്.-ന് പി.സി.സി.എഫ്. ഗ്രേഡിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുള്ളത്.

**റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക ഒഴിവ്**

132(2795) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ?

ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ 32 തസ്തികകൾ കാറ്റഗറി 3 (i) (ബി )-യിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) ഈ വർഷം ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയിൽ എത്ര ഒഴിവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കാമോ; കാറ്റഗറി തിരിച്ച് വിവരം ലഭ്യമാക്കാമോ?

ഈ വർഷംഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയിൽ മൂന്ന് ഒഴിവുകൾ കാറ്റഗറി 3 (i) (എ)-യിൽ പ്രതീക്ഷിക്കുന്നുണ്ട്.

## വനംവകുപ്പിൽ ഉയർന്ന പോസ്റ്റുകളിൽ ജൂനിയർ ഐ.എഫ്.എസ്. ഓഫീസർമാർക്കുള്ള ചുമതല

133(2796) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വനം വകുപ്പിൽ ഉയർന്ന പോസ്റ്റുകളിൽ ജൂനിയർ ഐ.എഫ്.എസ്. ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ പേരും തസ്തികയും സഹിതം വ്യക്തമാക്കാമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) വനം വകുപ്പിൽ ഇപ്പോൾ ജോലിചെയ്യുന്ന എല്ലാ ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും പേരും റാങ്കും നിലവിൽ അവർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജോലിചെയ്യുന്ന തസ്തികയും റാങ്കും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയെന്നും കേഡർ-നോൺ കേഡർ തിരിച്ച് വ്യക്തമാക്കാമോ?

വനം വകുപ്പിൽ ഇപ്പോൾ ജോലിചെയ്യുന്ന എല്ലാ ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും പേരും റാങ്കും നിലവിൽ അവർ ജോലിചെയ്യുന്ന തസ്തികയും റാങ്കും ഉൾപ്പെടുന്ന വിശദാംശവും വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന ഐ.എഫ്.എസ്. കേഡർ തസ്തികകളുടെ വിശദാംശവും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## സർക്കാർ ഓഫീസ് വളപ്പുകളിലെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ

134(2797) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വികസന പ്രവർത്തനങ്ങൾക്കായി പാതയോരങ്ങളിലെയും സർക്കാർ ഓഫീസ് വളപ്പുകളിലെയും മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

വികസന പ്രവർത്തനങ്ങൾക്കായി പാതയോരങ്ങളിലും സർക്കാർ ഓഫീസ് വളപ്പിലും നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അപേക്ഷ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭിക്കുന്നമുറയ്ക്ക് 10-02-2010-ലെ സ.ഉ. (സാധാ) നം. 68/2010/വനം പ്രകാരമുള്ള ട്രീ കമ്മിറ്റി പരിശോധന നടത്തി മരം മുറിക്കാൻ അനുമതി നൽകിവരുന്നുണ്ട്.

(ബി) വനം വകുപ്പ് നിർണ്ണയിക്കുന്ന തുക വളരെ അധികമാണെന്നും ഈ തുകയ്ക്ക് ആരുംതന്നെ ലേലത്തിൽ പിടിക്കാൻ തയ്യാറാകുന്നുമില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം വികസന പ്രവർത്തനങ്ങൾക്ക് കാലതാമസം നേരിടുന്നതായും പലതവണ ലേലംചെയ്ത് കുറഞ്ഞവില ഉറപ്പാക്കുന്നതിനാൽ ഖജനാവിൽ നഷ്ടവുമുണ്ടാകുന്ന സാഹചര്യം നിലവിലുണ്ടോ?

വനം വകുപ്പ് നില്പ് മരങ്ങളുടെ അളവ് കണക്കാക്കുന്നത് എൻ.ആർ. നായർ വോളിയം ടേബിൾ പ്രകാരമാണ്. ഇപ്രകാരം മുറിച്ചുമാറ്റേണ്ട മരങ്ങളുടെ തടിക്ക് വനം വകുപ്പ് സീനിയറേജ് റേറ്റ് പ്രകാരം കണക്കാക്കുന്ന വില അധികമാണെന്ന കാരണത്താൽ മരങ്ങൾ ലേലത്തിൽപോകാതെ വരുന്നുവെന്ന് വിവിധ വകുപ്പുകൾ അറിയിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി, റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെട്ട സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായും നാഷണൽ ഹൈവേ വികസനത്തിനായും മരം

മുറിച്ചുനീക്കിയതിനുശേഷം ഷെഡ്യൂൾ റേറ്റ് പ്രകാരം വിലനിർണ്ണയിച്ച് ഡിസ്പോസ് ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

**പന്തപ്ര ആദിവാസികോളനിയിലെ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച്**

135(2798) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് 2 ഏക്കർ വനാവകാശരേഖ നൽകിയെങ്കിലും ഭവന നിർമ്മാണത്തിനുവേണ്ടി 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ചുനീക്കാൻ അനുവാദം കൊടുത്തിട്ടുള്ളുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയാണെന്നിരിക്കെ, കൃഷിചെയ്ത് ഉപജീവനം നടത്തുന്നതിനായി ബാക്കി മരങ്ങൾ മുറിച്ചുനീക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. WP(C) No. 24438/18 & WP(C) No. 24563/18 എന്നീ കേസുകളിൽ, 06-03-2019-ലെ കേരള ഹൈക്കോടതിയുടെ വിധിന്യായത്തിൽ കൂടുതൽ മരങ്ങൾ മുറിക്കാൻ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥ വ്യതിയാനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാൽമാത്രമേ സാധ്യമാകുകയുള്ളൂ.

(സി) പ്രസ്തുത ആദിവാസി കോളനിയിലെ വീടിന് ഭീഷണിയായി നിൽക്കുന്ന നാശകം, വട്ട അടക്കമുള്ള 919 പാഴ്മരങ്ങൾ വെട്ടിമാറ്റുന്നതിനുവേണ്ടി വനം വകുപ്പ് ലിസ്റ്റ് തയ്യാറാക്കിയിട്ടും നാളിതുവരെ പാഴ്മരങ്ങൾ വെട്ടിമാറ്റിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) എന്തുകൊണ്ടാണ് പാഴ്മരങ്ങൾ വെട്ടിമാറ്റാത്തതെന്ന കാര്യം വിശദമാക്കാമോ;

(ഇ) പ്രസ്തുത പാഴ്മരങ്ങൾ അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി&ഇ) പാഴ്മരങ്ങൾ മഴക്കാലത്ത് വീടുകൾക്കുംമറ്റും അപകടഭീഷണി ഉയർത്തുന്നതിനാൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് പ്രകാരം എറണാകുളം ജില്ലാ കളക്ടറുടെ 03-06-22-ലെ DCKM/4135/2022-L-16

ഉത്തരവുപ്രകാരം ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന 919 മരങ്ങളിൽ 885 മരങ്ങൾ മുറിക്കുന്നതിനാവശ്യമായ പരിശോധന നടത്തി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മരങ്ങൾ ലേലം ചെയ്യുന്നതിന് മെറ്റൽ ആൻഡ് സ്റ്റീൽ ട്രേഡിംഗ് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## വന്യജീവിസങ്കേത അതിർത്തി നിർണ്ണയം

136(2799) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനർനിർണ്ണയിക്കുന്നത് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതാണോ; എങ്കിൽ അതിർത്തി പുനർനിർണ്ണയിച്ച് ജനവാസ കേന്ദ്രങ്ങളെ ബഫർസോൺ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

വന്യജീവി സങ്കേതങ്ങളുടെ അതിർത്തി പുനർ നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ചട്ടം 26 എ (3) പ്രകാരം വന്യജീവി സങ്കേതങ്ങളുടെ

അതിർത്തി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച അധികാരം ദേശീയ വന്യജീവി ബോർഡിൽ നിക്ഷിപ്തമാണ്.

(ബി) കേരള ഫോറസ്റ്റ് ആക്ട് പ്രകാരം വന്യജീവി സങ്കേതത്തിന് ഒരു കിലോമീറ്റർ ചുറ്റളവ് പ്രത്യേക സംരക്ഷിത മേഖലയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രഖ്യാപിച്ചിട്ടില്ല.

(സി) വന്യജീവി സങ്കേതത്തിന്റെ ബഫർ സോണിലുൾപ്പെടുന്ന ജനവാസ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനായി നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

ബഫർ സോൺ (ഇക്കോ സെൻസിറ്റീവ് സോൺ) നിശ്ചയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സ്വീകരിച്ചുവരുന്ന നടപടികൾ അന്തിമമായിട്ടില്ലാത്തതിനാൽ നിലവിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല. ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഭേദഗതി വരുത്തി സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസലുകൾ ജനവാസ കേന്ദ്രങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ളതാണ്.

## നെയ്യാർ ബഫർ സോൺ നിർണ്ണയം

137(2800) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി പ്രദേശത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയെത്തുടർന്ന് 08-06-2022-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലുൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ട് ലഭ്യമായിക്കഴിഞ്ഞാൽ

മാത്രമെ സംരക്ഷിത വന മേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല വന്നുകഴിഞ്ഞാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശം ഉൾപ്പെടെയുള്ള സ്ഥലങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസ മേഖലകളെ ബഫർ സോൺ പരിധിയിൽനിന്നും ഒഴിവാക്കുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവായി പ്രഖ്യാപിക്കുന്നതിനായി നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള പ്രൊപ്പോസൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്. അതംഗീകരിച്ച് കിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(സി) നെയ്യാർ വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ നിശ്ചയിക്കുമ്പോൾ ജനവാസകേന്ദ്രം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

ഇതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

03-06-2022-ലെ സുപ്രീംകോടതി വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി 08-06-2022-ന് വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഡ്വക്കേറ്റ് ജനറലിനെക്കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിനും സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്രസർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും ബോദ്ധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ടി യോഗ തീരുമാനപ്രകാരം, ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സുപ്രീംകോടതി വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള

നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ 30-06-2022-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം നിയമനിർമ്മാണ സാധ്യത പരിശോധിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വന്യമൃഗങ്ങളുടെ ആക്രമണം

138(2801) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തെത്തുടർന്ന് കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിൽ തൊഴിലാളികൾക്ക് പുറത്തിറങ്ങി നടക്കുന്നതിനോ ജോലി ചെയ്യുന്നതിനോ കഴിയുന്നില്ലെന്നുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. എന്നാൽ വന്യജീവികളുടെ പ്രത്യേകിച്ചും കാട്ടുപന്നികൾ, കുരങ്ങുകൾ എന്നിവയുടെ ആക്രമണംമൂലം പ്രദേശവാസികൾക്ക് ശാരീരിക പരിക്കുകളുണ്ടായിട്ടുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ തെന്മല, അച്ചൻകോവിൽ ഡിവിഷനുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ആന, കുരങ്ങ്, ചെന്നായ തുടങ്ങിയ മൃഗങ്ങൾ സ്ഥിരമായി കടന്നുവരുന്ന പ്രസ്തുത മേഖലയിൽ സോളാർ ഫെൻസിംഗ്/നെറ്റ് വേലി സ്ഥാപിച്ച് തൊഴിലാളികളെയും കുടുംബങ്ങളെയും സഹായിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

സ്വകാര്യ ഭൂമിയുമായി അതിർത്തി പങ്കിടുന്ന വനമേഖലകളിൽ വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ സൗരോർജ്ജവേലി നിർമ്മിച്ചും ആന കിടങ്ങുകൾ സ്ഥാപിച്ചും കയ്യാല നിർമ്മിച്ചും പരമാവധിയിടങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) കൃഷിനാശം സംഭവിച്ച പ്രസ്തുത പ്രദേശത്തെ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണിക്കുമോ?

സതേൺ സർക്കിളിന്റെ പരിധിയിൽവരുന്ന പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം കൃഷിനാശം സംഭവിച്ചതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ 08-01-2015-ലെ G.O. (Ms) No. 02/2015/F&WLD, 05-04-2018-ലെ G.O. (Ms) No. 17/2018/F&WLD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഓൺലൈൻ അപേക്ഷകൾ ലഭ്യമാകുന്ന

മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി അർഹമായ നഷ്ടപരിഹാരം നൽകിവരുന്നു.

**ബഫർ സോണിലുള്ള നിയന്ത്രണങ്ങൾ**

139(2802) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ രൂപീകരിക്കുന്ന ബഫർ സോണിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 09-02-2011-ലെ F.No.1-9/2007/WL-1(Pt) കത്തുപ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിലുൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഇതോടൊപ്പം മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ബഫർ സോണിലുൾപ്പെടുന്ന ജനസാന്ദ്രതകൂടിയ മേഖലകളെ ഒഴിവാക്കണമെന്ന കേരളത്തിന്റെ നിർദ്ദേശം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ജനസാന്ദ്രതകൂടിയ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി എക്സ്പെർട്ട് കമ്മിറ്റി യോഗങ്ങൾ ചേരുകയും തുടർന്ന് ആവശ്യപ്പെട്ട അധിക വിവരങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസ മേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്ത ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംചോല, ആനമുടിചോല എന്നിവയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. സൈലന്റ്‌വാലി, പറമ്പിക്കുളം തുടങ്ങിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട വിവരങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട്

സമർപ്പിച്ച എല്ലാ പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുന്നത് സംബന്ധിച്ച കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ ഘട്ടത്തിലാണ് സുപ്രീംകോടതി വിധിയുണ്ടാകുന്നത്. അതിനെത്തുടർന്ന് 08-06-2022-ൽ വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് 24-06-2022-ൽ സംസ്ഥാന സർക്കാർ റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി.2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**വനം-വന്യജീവി വകുപ്പുമുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികൾ**

140(2803) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ വനം-വന്യജീവി വകുപ്പുമുഖേന ആവിഷ്കരിച്ച് നടത്തുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിൽ സാമൂഹ്യവനവൽക്കരണ പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. വനത്തിനുപുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഹരിത കേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉല്പാദിപ്പിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, എൻ.ജി.ഒ.-കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യക്തികൾ, പത്രമാധ്യമങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ധർമ്മ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ മുഖാന്തരം അവ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്.

2. വഴിയരികിൽ തണൽ വിരിക്കുന്നതിനായി 'വഴിയോര തണൽ' എന്ന പദ്ധതിയുടെ കീഴിൽ ഈ വർഷം വെളിയനാട്, പട്ടണക്കാട്,

അമ്പലപ്പുഴ ബ്ലോക്കുകളിലെ വിവിധ സ്ഥലങ്ങളിൽ തൈകൾ നട്ട് പരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

3. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗിന്റെ ഭാഗമായി 8 സ്കൂളുകളിൽ ഡിപ്പാർട്ടുമെന്റ് നേരിട്ട് ഈ വർഷം 35000 വലിയ കൂടതൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. പതിമൂന്ന് സ്കൂളുകളിൽ ചെറുവനങ്ങളുടെ മാതൃകയിൽ വൃക്ഷം നടുന്നതിന്റെ ഭാഗമായി 5 സെന്റ് സ്ഥലത്തുവീതം വിദ്യാവനം നട്ട് പരിപാലിച്ചുവരുന്നുണ്ട്.

5. വനേതര ഭൂമിയിൽ വനവത്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി 'വൃക്ഷസമൃദ്ധി' പദ്ധതി നടപ്പിലാക്കിവരുന്നു.

6. കടൽത്തീരത്ത് ഹരിതകവചം തീർത്ത് കടലാക്രമണം തടയുന്നതിന്റെ ഭാഗമായി ചേർത്തല നിയോജകമണ്ഡലത്തിലെ അർത്തുങ്കൽ പ്രദേശത്ത് 70000 കാറ്റാടി തൈകൾ നട്ടുപരിപാലിച്ച് വരുന്നുണ്ട്. കൂടാതെ ആലപ്പുഴ നിയോജകമണ്ഡലത്തിൽപ്പെടുന്ന ചെത്തി മുതൽ മാരാരിക്കുളം വരെ 28000 തൈകളും നട്ടുപരിപാലിച്ചിട്ടുണ്ട്.

7. സ്വകാര്യഭൂമിയിൽ വൃക്ഷം വളർത്തുന്ന ഭൂവുടമകൾക്ക് പ്രോത്സാഹന ധനസഹായം നൽകൽ, കണ്ടൽ വളർത്തുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകൽ എന്നിവ നടത്തിവരുന്നു.

8. കാവ് സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന 5 കാവുടമകൾക്ക് വർഷംതോറും ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നുണ്ട്.

9. ജൈവവൈവിദ്ധ്യ പരിപാലനത്തിൽ മാതൃകാ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നുണ്ട്.

(ബി) വന്യജീവികളുടെയും വിവിധ മത്സ്യയിനങ്ങളുടെയും ഉറവിട കേന്ദ്രമായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിന് ആലപ്പുഴ നിയോജകമണ്ഡലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തണ്ണീർതടങ്ങൾ സംരക്ഷിക്കുന്നതിന് നിലവിൽ വനം വകുപ്പിൽ സാമൂഹ്യവനവത്കരണ വിഭാഗം മുഖേന കേന്ദ്രാവിഷ്കൃത പദ്ധതിയായ Conservation and Management of Mangroves in Vembanad and Kannur regions” വേമ്പനാട്, കണ്ണൂർ റീജിയണുകളിൽ നടപ്പിലാക്കുന്നുണ്ട്.

വേമ്പനാട് റീജിയണിൽ, ആലപ്പുഴ ജില്ലയിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ അധികാരപരിധിയിലുള്ള കണ്ടൽക്കാടുകളാണ് പ്രസ്തുത പദ്ധതിപ്രകാരം സംരക്ഷിക്കപ്പെടുന്നത്. കൂടാതെ കണ്ടൽ/അനുബന്ധ തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയും ഗാർഹികാവശ്യങ്ങൾക്കും മറ്റ് വികസന പ്രവർത്തനങ്ങൾക്കും വേണ്ടി അവ നശിപ്പിക്കപ്പെടാതിരിക്കാൻവേണ്ടി ബോധവത്കരണ പരിപാടികൾ നടത്തുകയും കണ്ടൽ പ്രദേശങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നുണ്ട്. തണ്ണീർത്തടങ്ങളിൽ കാണുന്ന പക്ഷികളുടെ കണക്കെടുപ്പും പെലാജിക് പക്ഷികളുടെ കണക്കെടുപ്പും നടത്തിവരുന്നുണ്ട്. ആലപ്പുഴ ജില്ലയിലെ പുറക്കാട് വില്ലേജിൽപ്പെടുന്ന മനയ്ക്കൽ പാടശേഖരം വനം വകുപ്പ് ഏറ്റെടുത്ത് റിസർവ് വനമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തണ്ണീർത്തടത്തിന്റെ ആരോഗ്യം വിലയിരുത്തുന്നതിനായി വെറ്റ്ലാൻഡ് ഹെൽത്ത് റിപ്പോർട്ട് കാർഡ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിനനുസരിച്ച് തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

തണ്ണീർത്തടത്തിന്റെ ആരോഗ്യം വിലയിരുത്തുന്നതിനായി വെറ്റ്ലാൻഡ് ഹെൽത്ത് റിപ്പോർട്ട് കാർഡ് വനം വകുപ്പ് തയ്യാറാക്കിയിട്ടില്ല.

**വാളയാർ വനമേഖലയിലെ സംരക്ഷണവേലി**

141(2804) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ശല്യം കുറയ്ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള വാളയാർ വനമേഖലയിലെ സംരക്ഷണവേലിയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിലുള്ള പാലക്കാട് ഡിവിഷന് കീഴിലുള്ള വാളയാർ വനമേഖലയിൽ നിലവിൽ 69.64 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 9.5 കിലോമീറ്റർ ഹാംഗിംഗ് ഫെൻസിംഗിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ആകെ എത്ര നീളത്തിലാണ് സംരക്ഷണവേലി നിർമ്മിക്കുന്നതെന്നും ഇതിനായി അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

69.64 കിലോമീറ്റർ ദൂരത്തിലുള്ള സൗരോർജ്ജ വേലിക്കായി 110.39 ലക്ഷം രൂപയും 9.5 കിലോമീറ്റർ ദൈർഘ്യമുള്ള ഹാംഗിംഗ് ഫെൻസിംഗിന്റെ നിർമ്മാണത്തിനായി 53.40 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായുള്ള നഷ്ടപരിഹാരം സംബന്ധിച്ച്**

142(2805) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെമ്പനോട, മുതുകാട്, ചെങ്കോട്ടക്കൊല്ലി, പൂഴിത്തോട്, പേരാമ്പ്ര എസ്റ്റേറ്റ് ഭാഗങ്ങളിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോഴിക്കോട് വനം ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ച് പരിധിയിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ ചെമ്പനോട, മുതുകാട്, ചെങ്കോട്ടക്കൊല്ലി, പൂഴിത്തോട്, പേരാമ്പ്ര എസ്റ്റേറ്റ് ഭാഗങ്ങളിലാണ് കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് കൂടുതലായി കണ്ടുവരുന്നത്. പെരുവണ്ണാമൂഴി റേഞ്ച് പരിധിയിൽ വിവിധ ഭാഗങ്ങളിലായി ആകെ 30.30 കിലോമീറ്റർ പ്രവർത്തനക്ഷമമായ സോളാർ ഫെൻസിംഗ് നിലവിലുണ്ട്. ചെങ്കോട്ടക്കൊല്ലി ഭാഗത്ത് 2 കിലോമീറ്റർ ആന കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്.

പ്രതിരോധ നടപടികൾ വിപുലമാക്കുന്നതിന്റെ ഭാഗമായി പ്ലാനുണ്ടാക്കുകയും പെരുവണ്ണാമൂഴി റേഞ്ചിൽ 18 കിലോമീറ്റർ ഹാംഗിംഗ് സോളാർ ഫെൻസിംഗ് നബാർഡ് സ്കീമിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പംതന്നെ നാട്ടിലിറങ്ങുന്ന കാട്ടാനകളെ വനത്തിലേയ്ക്ക് തുരത്തിയോടിക്കുന്നതിന് എൻ.എം.ആർ. വാച്ചർമാരെ നിയോഗിക്കുകയും വന്യമൃഗശല്യം രൂക്ഷമായ പ്രദേശത്ത് ജനപങ്കാളിത്തത്തോടെ സാമൂഹ്യ മാധ്യമ കൂട്ടായ്മ രൂപീകരിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നുണ്ട്. പെരുവണ്ണാമൂഴി റേഞ്ചിൽ വന്യമൃഗശല്യം രൂക്ഷമായ ചക്കിട്ടപ്പാറ പഞ്ചായത്തിലെ രണ്ടാം ചീളി, താളിപ്പാറ, മാവട്ടം, കരിങ്ങണ്ണി എന്നിവിടങ്ങളിലെ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള റീ ലൊക്കേഷൻ കിഫ്ബി സഹായത്തോടെ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായി നഷ്ടപരിഹാരത്തിന് അപേക്ഷിച്ചിട്ടും ഇതുവരെ ലഭിക്കാത്ത എത്ര കർഷകരുണ്ടെന്നും അവർക്ക് എന്നത്തേയ്ക്ക് ആനുകൂല്യം ലഭിക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായി നഷ്ടപരിഹാരത്തിന് അപേക്ഷിച്ച 132 കർഷകർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതുവരെ ആനുകൂല്യം നൽകാൻ സാധിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്നമുറയ്ക്ക് അവരുടെ ആനുകൂല്യം ഉടൻ നൽകാനാണ് ഉദ്ദേശിക്കുന്നത്.

## കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പ്രദേശങ്ങളിലെ വന്യമൃഗശല്യം

143(2806) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ അടുത്തകാലത്ത് രൂക്ഷമായ വന്യമൃഗശല്യം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വന്യജീവികളുടെ ആക്രമണത്തിൽനിന്നും വനാതിർത്തികളിലുള്ള ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി പ്രസ്തുത മേഖലകളിലെല്ലാം ജീവനക്കാരെയും വാച്ചർമാരെയും നിയോഗിക്കുക,

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സൗരോർജ്ജവേലി സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവി ശല്യം രൂക്ഷമായ കരിമ്പ് കോളനി ഭാഗത്ത് 4 കിലോമീറ്റർ സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്. താമരശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന ദ്രുതകർമ്മസേന കോഴിക്കോട് ഡിവിഷനിൽ നിലവിലുണ്ട്. ഈ ആർ.ആർ.ടി.-യുടെ സഹായത്തോടെ നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ സുരക്ഷിതമായ വനാന്തർഭാഗത്തേയ്ക്ക് കയറ്റിവിടാറുണ്ട്. നാട്ടുകാരുടെ സഹായത്തോടെ വന്യമൃഗശല്യം തടയുന്നതിന് വി.എസ്.എസ്. രൂപീകരണ നടപടികൾ തുടങ്ങിയിട്ടുണ്ട്. ആയതുസംബന്ധിച്ച് തിരുവമ്പാടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ 16-06-2022-ന് ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗതീരുമാനപ്രകാരം നിലമ്പൂർ വനഭാഗത്തോട് ചേർന്നുള്ള കുവാറൻ തോട് ഭാഗത്ത് മുരിങ്ങയിലതോട് മുതൽ മേടപ്പാറ വരെയുള്ള 8 കിലോമീറ്ററിൽ നബാർഡ് സ്കീമിലുൾപ്പെടുത്തി സോളാർ ഫെൻസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

## വന്യജീവി ആക്രമണംമൂലം കൃഷിനാശമുണ്ടായവർക്ക് നഷ്ടപരിഹാരം

144(2807) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശമുണ്ടായവർക്ക് നൽകാനുള്ള നഷ്ടപരിഹാര തുകയിൽ കുടിശ്ശികയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കുടിശ്ശികയുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

പ്രസ്തുത അപേക്ഷകളിൽ പരിശോധന പൂർത്തിയാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നഷ്ടപരിഹാര കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു.

## കാട്ടുപന്നി ശല്യം

145(2808) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മനുഷ്യനും കൃഷിക്കും വലിയ വിപത്തായി മാറിക്കഴിഞ്ഞ കാട്ടുപന്നികൾ ക്രമാതീതമായി വർദ്ധിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തുന്നതിന് തയ്യാറാകുമോ?

ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയുംകുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായൊരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് ശാസ്ത്രീയമായ ഒരു പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താമോ?

ഷെഡ്യൂൾ III-ലുൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് 01-11-2020, 17-06-2021 തീയതികളിൽ അപേക്ഷ നൽകിയിരുന്നതും കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്.

## മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിന് കിഫ്ബി പദ്ധതി

146 (2809) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിലുണ്ടാകുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി കിഫ്ബിയുടെ സഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. വനാതിർത്തിയിലുണ്ടാകുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ തടയുന്നതിനായി വിവിധ വനം ഡിവിഷനുകളിൽ കിഫ്ബിയുടെ സഹായത്തോടെ രണ്ട് ഘട്ടങ്ങളിലായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഒന്നാംഘട്ട പദ്ധതിയിൽ പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം

ഡിവിഷനുകളിലായി 101.50 കിലോമീറ്റർ ദൂരം സൗരോർജ്ജവേലി നിർമ്മാണത്തിനായി 1.83 കോടി രൂപയും വയനാട് വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ 0.41 കിലോമീറ്റർ ദൂരത്തിൽ ആന പ്രതിരോധമതിൽ നിർമ്മാണത്തിനായി 0.57 കോടി രൂപയും 10 കിലോമീറ്റർ ദൂരത്തിൽ റെയിൽ ഫെൻസിംഗ് പ്രവൃത്തികൾ നടത്തുന്നതിനായി 15 കോടി രൂപയും വകയിരുത്തിയിട്ടുള്ളതും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി പുനലൂർ, തെന്മല, തിരുവനന്തപുരം, മണ്ണാർക്കാട്, പാലക്കാട് എന്നീ വനം ഡിവിഷനുകളിലായി 136.70 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മാണത്തിനായി 2.47 കോടി രൂപയും പാലക്കാട് വനം ഡിവിഷനുകീഴിൽ 0.30 കിലോമീറ്റർ ദൂരത്തിൽ ആന പ്രതിരോധമതിൽ നിർമ്മാണത്തിനായി 0.45 കോടി രൂപയും നിലമ്പൂർ സൗത്ത്, വയനാട് സൗത്ത്, വയനാട് നോർത്ത്, വയനാട് വൈൽഡ് ലൈഫ് എന്നീ വനം ഡിവിഷനുകളിലായി 48 കിലോമീറ്റർ ദൂരത്തിൽ ക്രാഷ്ഗാർഡ് സ്റ്റീൽ റോപ്പ് ഫെൻസിംഗ് നിർമ്മാണത്തിനായി 24 കോടി രൂപയും കൂടാതെ തിരുവനന്തപുരം, സൗത്ത് വയനാട്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ

പൂർണ്ണസമ്മതത്തോടുകൂടി മാറ്റിപാർപ്പിക്കൽ പദ്ധതിക്കായി 75.15 കോടി രൂപയും വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പദ്ധതി മുഖേന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിമുഖേന വന്യജീവികൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നില്ല. എന്നാൽ തിരുവനന്തപുരം, സൗത്ത് വയനാട്, കണ്ണൂർ എന്നീ ഡിവിഷനുകളിൽ വനത്തിനുള്ളിൽ താമസിക്കുന്ന കർഷകരടക്കമുള്ള ആദിവാസി ഇതര കുടുംബങ്ങളെ അവരുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമിക്ക് മതിയായ നഷ്ടപരിഹാരം (ഒരു അർഹതപ്പെട്ട കുടുംബത്തിന് 15 ലക്ഷം രൂപ എന്നനിരക്കിൽ) നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ കിഫ്ബി ഫേസ്-II പദ്ധതിയിലൂടെ 75.15 കോടി രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

### മുള്ളൻപന്നികളെ നിയന്ത്രിക്കാൻ നടപടി

147(2810) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുള്ളൻപന്നികൾ ഗ്രാമപ്രദേശങ്ങളിലുൾപ്പെടെ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുള്ളൻപന്നികൾ കൃഷിനശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വ്യാപകമായ തോതിൽ കൃഷിനാശമുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കൃഷി നശിപ്പിക്കുന്ന മുള്ളൻപന്നികളെ നിയന്ത്രിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

മുള്ളൻപന്നി ശല്യം നിയന്ത്രിക്കുന്നതിന് ഫലപ്രദമായ മാർഗ്ഗങ്ങൾ നിലവിലില്ല. മുള്ളൻപന്നി നാശം കുറവുള്ള കൃഷികൾ ചെയ്യുക എന്നതുമാത്രമാണ് ഫലപ്രദം. മുള്ളൻപന്നിമൂലമുണ്ടാകുന്ന കൃഷി നാശങ്ങൾക്കും മറ്റ് നഷ്ടങ്ങൾക്കും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് നിലവിലെ വ്യവസ്ഥകൾപ്രകാരം നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്.

**കാട്ടുപന്നിയുടെ ആക്രമണം**

148(2811) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിസ്ഥലങ്ങളിൽ കാട്ടുപന്നികൾ അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം കൂടിവരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളെയുംകുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായൊരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കാനുള്ള താഴെപ്പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. കാടിനുചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ എന്നിവപോലുള്ള വാണിജ്യവിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാൻ ആരംഭിച്ചിരിക്കുന്നു.

2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധനയുണ്ടായിട്ടുണ്ട്.

3. മനുഷ്യരും വളർത്തുമൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്കിടയാക്കുന്നു.

4. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുന്നു.

5. അധിനിവേശ വിദേശസസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നു.

6. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ പുൽമേടുകളിലുംമറ്റും തോട്ടമായി നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താവിനിമയ വിവരസങ്കേതിക സൗകര്യങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) കാട്ടുപന്നികളെ വെർമിൻ വിഭാഗത്തിൽപ്പെടുത്തണമെന്ന കർഷകരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാനുദ്ദേശിക്കുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഷെഡ്യൂൾ III-ലുൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് 01-11-2020-ലെ ഡി2/126/2020/വനം നമ്പർ സർക്കാർ കത്തുപ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11(1)(ബി) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കാനും നിർദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ, 10-12-2020-ലെ എഫ്.നം. 8-31/2020-ഡബ്ല്യു.എൽ. കത്തുപ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കിനൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തുവന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് 17-06-2021-ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് വീണ്ടും കത്ത് നൽകുകയുണ്ടായി. തുടർന്ന്

കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് വനം വകുപ്പുമന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ "വെർമിൻ" ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നി ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി ആയത് 08-02-2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിക്കാനും കേന്ദ്രസർക്കാരിന്റെ 06-02-2021-ലെ അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളാനും ആവശ്യപ്പെട്ടുകൊണ്ട് 08-02-2022-ലെ സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രസർക്കാർ 07-03-2022-ൽ എഫ്.നം.8-31/2020 WL നമ്പർ കത്തുപ്രകാരം മടക്കി നൽകിയിട്ടുള്ളതുമാണ്.

(സി) വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കുന്നതിന് കർമ്മസേന രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

കൃഷിനാശമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് 28-05-2022, 31-05-2022 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഫലപ്രാപ്തി വിശദമായി വിശകലനം ചെയ്തതിനുശേഷം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; കൃഷിനാശം സംഭവിച്ചവർക്ക് മതിയായ നഷ്ടപരിഹാരം നൽകാൻ തയ്യാറാകുമോ?

കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലാൻ അനുമതി നൽകിവരുന്നുണ്ട്. ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന

കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, നിബന്ധനകളുൾപ്പെടുത്തി ഉത്തരവ് നൽകാവുന്നതിനുള്ള അനുമതി 28-05-2022, 31-05-2022 എന്നീ തീയതികളിലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കൃഷിനാശം സംഭവിച്ചവർക്ക് 08-01-2015-ലെ സ.ഉ. (കൈ) നം. 02/2015/വനം, 05-04-2018-ലെ സ.ഉ. (കൈ) നം. 17/2018/വനം എന്നീ ഉത്തരവുകളിൽ പറയുംപ്രകാരമുള്ള നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

**കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കൽ**

149(2812) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്രസർക്കാരിന്റെ നിലപാട് അറിയിച്ചിരുന്നോ; എങ്കിൽ വ്യക്തമാക്കാമോ?

അറിയിച്ചിരുന്നു. കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 01-11-2020, 17-06-2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ

നൽകിയിരുന്നു. ഈ അപേക്ഷ സംബന്ധിച്ച് ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് 01-11-2020-ൽ ഡി2/126/2020/വനം നമ്പർ കത്ത് പ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പുപ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാദ്ധ്യത പരിഗണിക്കാനും നിർദ്ദേശിച്ചുകൊണ്ട് കേന്ദ്രസർക്കാർ, എഫ്.നം. 8-31/2020-ഡബ്ല്യു.എൽ., 10-12-2020-ലെ കത്തുപ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പുപ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തുവന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് വീണ്ടും 17-06-2021-ന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന്

കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് വനം വകുപ്പുമന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 08-02-2022-ൽ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1)(ബി) വകുപ്പുപ്രകാരമുള്ള നടപടി സ്വീകരിക്കാനും കേന്ദ്രസർക്കാരിന്റെ 06-02-2021-ലെ അഡ്വൈസറി പ്രകാരമുള്ള നിർദ്ദേശങ്ങൾ കൈക്കൊള്ളാനും ആവശ്യപ്പെട്ടുകൊണ്ട് 08-02-2022-ലെ സംസ്ഥാന സർക്കാരിന്റെ അപേക്ഷ കേന്ദ്രസർക്കാർ 07-03-2022-ൽ മടക്കി നൽകിയിട്ടുള്ളതാണ്.

(ബി) ലൈസൻസുള്ളവർക്ക് വനം വകുപ്പിന്റെ അനുമതിയോടെ കാട്ടുപന്നിയെ വെടിവച്ചുകൊല്ലാൻ അനുമതി നൽകിയിട്ടുണ്ടോ?

ഫോറസ്റ്റ് റേഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ അതത് സ്ഥലങ്ങളിൽ തയ്യാറാക്കി

സൂക്ഷിച്ചിട്ടുള്ളതും ആയത് പ്രകാരമുള്ള വ്യക്തികൾക്ക് വനം വകുപ്പിന്റെ അനുമതിയോടെ കാട്ടുപന്നിയെ വെടിവച്ചുകൊല്ലാൻ അനുമതി നൽകിയിട്ടുള്ളതുമാണ്.

## വന്യമൃഗ ഭീഷണി

150(2813) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ചില വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകളിലിറങ്ങി വിനോദസഞ്ചാരികൾക്കും പ്രദേശവാസികൾക്കും ഭീഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തരം പ്രദേശങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ?

അത്തരം പ്രദേശങ്ങളിൽ മുന്നറിയിപ്പ് നൽകുന്നതിനായി താഴെപ്പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ
2. ദ്രുതകർമ്മ സേനയുടെ സേവനം

3. എസ്.എം.എസ്. അലെർട്ട് സംവിധാനം

4. വന്യജീവികളുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനും പ്രദേശവാസികളെ അറിയിക്കുന്നതിനുമായുള്ള വാട്ട്സാപ്പ് കൂട്ടായ്മ.

കൂടാതെ ടി കേന്ദ്രങ്ങൾ സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വന്യമൃഗങ്ങൾ സൈ്വരവിഹാരം നടത്തുന്ന പ്രദേശങ്ങളെക്കുറിച്ചും സ്ഥിരമായി യാത്രചെയ്യുന്ന സഞ്ചാരപാതയെക്കുറിച്ചുമുള്ള വിശദമായ മുന്നറിയിപ്പ് ബന്ധപ്പെട്ട ഗൈഡുകളും സംരക്ഷണ വിഭാഗം ജീവനക്കാരും നൽകിവരുന്നുണ്ട്.

(സി) 2021-ൽ വന്യമൃഗങ്ങൾ എത്ര യാത്രികരെ ആക്രമിച്ച് പരിക്കേൽപ്പിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

2021-ൽ കാട്ടുപന്നി, ആന, പുലി, മാൻ, മയിൽ എന്നീ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ സതേൺ സർക്കിളിലെ തിരുവനന്തപുരം, പുനലൂർ, കോന്നി ഡിവിഷനുകളിൽ 14 പേർക്കും നോർത്തേൺ സർക്കിളിലെ സൗത്ത് വയനാട് ഡിവിഷനിൽ 4 പേർക്കും സെൻട്രൽ സർക്കിളിലെ തൃശ്ശൂർ, മലയാറ്റൂർ, ചാലക്കുടി ഡിവിഷനുകളിൽ 18 പേർക്കുമുൾപ്പെടെ ആകെ 36 യാത്രികർക്ക് പരിക്കേറ്റിട്ടുണ്ട്.

## കാട്ടുപന്നിയുടെ മാംസം ലേലം ചെയ്യൽ

151(2814) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെടിവച്ച് കൊല്ലുന്ന കാട്ടുപന്നിയുടെ മാംസം ലേലം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആവശ്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാട്ടുപന്നി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ III-ൽപ്പെട്ട വന്യമൃഗമാണ്. മനുഷ്യജീവനും കൃഷിക്കും സ്വത്തിനും നാശമുണ്ടാക്കുന്ന പന്നികളുടെ ശല്യം കുറയ്ക്കുന്നതിനുവേണ്ടിയാണ് 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 11 (ബി) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരമനുസരിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പന്നികളെ കൊല്ലുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. വെടിവച്ച് കൊല്ലുന്ന കാട്ടുപന്നികളുടെ മാംസം ലേലം ചെയ്യുന്നത് വന്യജീവി (സംരക്ഷണ) നിയമത്തിലെ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധവും ആയത് വന്യജീവി സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥകളിൽ ഉൾപ്പെടാത്തതുമാണ്.

## പൊൻമുടി യു.പി. സ്കൂളിനുസമീപം പുലിയുടെ കാൽപാദം കണ്ടെന്ന വാർത്ത

152(2815) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽപ്പെട്ട പൊൻമുടി യു.പി. സ്കൂളിനുസമീപം പുലിയുടെ കാൽപാദം കണ്ടെന്ന വാർത്തയും ചിത്രങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, പൊന്മുടി സെക്ഷൻ സ്റ്റാഫുകൾ എന്നിവർ ജനപ്രതിനിധികളുടെയും പ്രദേശവാസികളുടെയും സ്കൂൾ അധികൃതരുടെയും സാന്നിദ്ധ്യത്തിൽ വിശദമായ പരിശോധന നടത്തിയെങ്കിലും പുലി ഇറങ്ങിയത് സ്ഥിരീകരിച്ചിട്ടില്ല. സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്കൂളിനുചുറ്റും മതിൽ നിർമ്മാണം നടത്തുന്നതിനാവശ്യമായ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രദേശത്ത് വനം ഉദ്യോഗസ്ഥരുടെ Day night patrolling ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വാസസ്ഥലങ്ങൾ, സ്കൂൾ പരിസരങ്ങൾ എന്നിവിടങ്ങളിൽനിന്നും വന്യമൃഗങ്ങളെ തുരത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദമാക്കാമോ?

വന്യജീവികൾ ജനവാസ മേഖലയിൽ, പ്രത്യേകിച്ച് സ്കൂൾ പരിസരങ്ങളിൽ പ്രവേശിക്കുന്നത് തടയുന്നതിനായി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നിരന്തരം പട്രോളിംഗ് നടത്തുന്നതിനുപുറമെ ജനജാഗ്രത സമിതികൾ, പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തത്തോടെ പ്രതിരോധ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വന്യമൃഗങ്ങൾ ഭക്ഷണം, കുടിവെള്ളം തുടങ്ങിയവ തേടി ജനവാസ മേഖലയിൽ പ്രവേശിക്കുന്നത് ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ ചെക്ക് ഡാമുകളും കുളങ്ങളും നിർമ്മിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. സോളാർ ഫെൻസിംഗ്, ട്രഞ്ച്, കയ്യാലകൾ എന്നിവയുടെ നിർമ്മാണത്തിലൂടെ വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് പ്രവേശിക്കുന്നത് പ്രതിരോധിക്കാൻ കഴിയുന്നു.

## ഇരിക്കൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

153(2816) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് വ്യാപകമായ സാഹചര്യത്തിൽ കർഷകർക്ക് ഓരോ കൃഷി ഇനത്തിലും ലഭിക്കുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ച് നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 08-01-2015-ലെ സ.ഉ. (കൈ) നം. 02/2015/വനം ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാര നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചുകൊണ്ട് പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യുന്നതിന് 11-03-2022-ൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരികയാണ്.

(ബി) ഇരിക്കൂറിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന ശ്രീകണ്ഠാപുരം സെക്ഷൻ പരിധിയിൽവരുന്ന പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ കാട്ടാനശല്യം തടയുന്നതിനുവേണ്ടി, പയ്യാവൂർ ഗ്രാമപഞ്ചായത്ത്, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ ജില്ലാ പഞ്ചായത്ത് എന്നിവരുടെ നേതൃത്വത്തിൽ

കേരള-കർണ്ണാടക വനാതിർത്തിയിൽക്കൂടി 11.05 കിലോമീറ്റർ ദൂരത്തിൽ ഹാംഗിംഗ് സോളാർ ഫെൻസിംഗ് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഉളിക്കൽ പഞ്ചായത്തിലെ കർണ്ണാടക വനാതിർത്തി പങ്കിടുന്ന വീട്ടിക്കുന്ന് മുതൽ പേരട്ട വരെ 14 കിലോമീറ്റർ ദൂരത്തിൽ സോളാർ വേലി നിർമ്മിച്ചിട്ടുണ്ട്. ഇതിൽ പ്രവർത്തനരഹിതമായ മേഖലകളിലെ വാർഡ് മെമ്പർമാരുമായി ബന്ധപ്പെട്ട് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി സോളാർവേലി പ്രവർത്തനക്ഷമമാക്കുന്ന പ്രവൃത്തിയും നടന്നുവരുന്നുണ്ട്. കൂടാതെ ഉളിക്കൽ പഞ്ചായത്തിലെ ആനപ്പാറ മുതൽ കാലാങ്കി വരെ 5 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലിയും ഉദയഗിരി പഞ്ചായത്തിലെ മധുവനം മുതൽ മാമ്പൊയിൽ വരെ 3 കിലോമീറ്റർ സൗരോർജ്ജ തൂക്കുവേലിയും നബാർഡ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഇത്തരം മേഖലകളിൽ ആന വാച്ചർമാരെ നിയോഗിച്ചുവരുന്നുണ്ട്. പടക്കങ്ങൾ ഉപയോഗിച്ചും നാട്ടിലിറങ്ങുന്ന വന്യജീവികളെ ഓടിച്ചുവരുന്നുണ്ട്. പയ്യാവൂർ-ഉളിക്കൽ മേഖലകളിൽ യഥാസമയം വന്യമൃഗങ്ങളെ ഓടിക്കുന്നതിന് സ്റ്റാഫിന് വാഹനവും നൽകിയിട്ടുണ്ട്.

**വന്യജീവികളുടെ ആക്രമണംമൂലം മരണമടയുന്നവർക്കും**

**പരിക്കേൽക്കുന്നവർക്കുമുള്ള ധനസഹായം**

154(2817) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമടയുന്നവർക്കും പരിക്കേൽക്കുന്നവർക്കും വനംവകുപ്പ് നൽകിവരുന്ന ധനസഹായം എത്രപേർക്ക് അനുവദിച്ചിട്ടുണ്ടെന്ന് തുക സഹിതം അറിയിക്കാമോ?

ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള പാലക്കാട് ഡിവിഷൻ പരിധിയിലെ മലമ്പുഴ നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണംമൂലം മരണമടഞ്ഞവർക്കും പരിക്കേറ്റവർക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ള ധനസഹായ വിവരം ചുവടെ ചേർക്കുന്നു.

| | എണ്ണം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| മരണം | 1 | 10.00 |
| പരിക്ക് | 14 | 3.19 |

**മഞ്ചേരി മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

155(2818) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേരി നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വിഭാഗത്തിൽ പദ്ധതികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല. മൈനർ ഇറിഗേഷൻ വിഭാഗത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

156(2819) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥയും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്; ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ഇരിക്കൂർ മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ പദ്ധതികൾ

157(2820) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളുടെ എന്തെല്ലാം പ്രവൃത്തികൾക്കാണ് നിലവിൽ ഭരണാനുമതിയുള്ളതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ; പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ച പ്രവൃത്തികളൊന്നുംതന്നെയില്ല. മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത ഭരണാനുമതികളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു.+

## വയനാട് ജില്ലയിൽ ജലസേചന പദ്ധതികളിലൂടെ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ്

158(2821) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വയനാട് ജില്ലയിൽ വിവിധ ജലസേചന പദ്ധതികളിലൂടെ കബനി നദിയിലേയും കൈവഴികളിലേയും എത്ര ടി.എം.സി. ജലം ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കാവേരി വാട്ടർ റെഗുലേഷൻ കമ്മിറ്റിക്ക് 2020-21 ജലവർഷത്തിലെ വാട്ടർ അക്കൗണ്ട്സ് തയ്യാറാക്കുന്നതിന്റെ ഭാഗമായി നൽകിയ കണക്കനുസരിച്ച്, കബനി നദീതടത്തിലെ 2020-2021 ജലവർഷത്തിലെ കേരളത്തിലെ ജലത്തിന്റെ ഉപയോഗം താഴെചേർത്തിരിക്കുന്ന പ്രകാരമാണ്.

- കബനി നദീതടത്തിൽനിന്നും 2020-21 ജലവർഷത്തിൽ, കേരളം വിവിധ ആവശ്യങ്ങൾക്കായി (Trans basin diversion ഉൾപ്പെടെ) ഉപയോഗപ്പെടുത്തിയ ജലം -10.40 TMC
- കബനി നദീതടത്തിൽനിന്നും 2020-21 ജലവർഷത്തിൽ, കേരളം ജലസേചനത്തിനായി (Trans basin diversion ഉൾപ്പെടെ) ഉപയോഗപ്പെടുത്തിയ ജലം -6.775 TMC
- കബനി നദീതടത്തിൽനിന്നും 2020-21 ജലവർഷത്തിൽ, കേരളം ജലസേചനത്തിനായി (In-basin utilization മാത്രം കണക്കാക്കി,

Trans basin diversion-ഉം, ബാഷ്പീകരണ നഷ്ടവും കണക്കാക്കാതെ)

ഉപയോഗപ്പെടുത്തിയ ജലം - 2.1317 TMC

ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

കാരാപ്പുഴ ജലസേചന പദ്ധതിക്കായി കബനി നദിയിൽനിന്നും അനുവദിച്ചിട്ടുള്ള 2.8 ടി.എം.സി. ജലത്തിൽ 1.52 ടി.എം.സി. ജലം നിലവിൽ കാരാപ്പുഴ അണക്കെട്ടിൽ സംഭരിച്ച് ആവശ്യാനുസരണം ഉപയോഗപ്പെടുത്തുന്നുണ്ട്. പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്നമുറയ്ക്ക് അനുവദിക്കപ്പെട്ട മുഴുവൻ ജലവും ഉപയോഗപ്പെടുത്താൻ സാധിക്കുന്നതാണ്. ബാണാസുര സാഗർ പദ്ധതിക്കായി 0.84 ടി.എം.സി. ജലം അനുവദിക്കപ്പെട്ടിട്ടുണ്ട്. 2024-ൽ ബാണാസുര സാഗർ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട ജലം ഉപയോഗപ്പെടുത്താൻ സാധിക്കും. കാവേരി ഡിവിഷന് കീഴിൽ വിഭാവനം ചെയ്തിട്ടുള്ള 7 ജലസേചന പദ്ധതികൾ നിലവിൽ വരുമ്പോൾ (കടമാൻതോട് 0.51 ടി.എം.സി., ചൂണ്ടാലി - 1.75 ടി.എം.സി., നൂൽപ്പുഴ-0.49 ടി.എം.സി., കല്ലംപതി - 1.48 ടി.എം.സി., തിരുനെല്ലി - 0.70 ടി.എം.സി., തൊണ്ടാർ - 0.30 ടി.എം.സി., പെരിങ്ങോട്ടുപുഴ - 1.35 ടി.എം.സി.) 6.58 ടി.എം.സി.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലം ഉപയോഗപ്പെടുത്താൻ സാധിക്കും. വയനാട് ജില്ലയിൽ മൈനർ ഇറിഗേഷന്റെ കീഴിലുള്ള വിവിധ ജലസേചന പദ്ധതികളിലൂടെ കബനി നദിയിലെയും കൈവഴികളിലെയും 1.9355 ടി.എം.സി. ജലം ഉപയോഗിക്കാൻ കഴിയുന്നുണ്ട്.

(ബി) മാനന്തവാടി നിയോജക മണ്ഡലത്തിൽ ഇത്തരം പദ്ധതികളിലൂടെ എത്ര ടി.എം.സി. ജലം ഉപയോഗിക്കാൻ കഴിയുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

കാവേരി ഡിവിഷനുകീഴിൽ വിഭാവനംചെയ്ത പദ്ധതികളായ തിരുനെല്ലി (0.70 ടി.എം.സി.), തൊണ്ടാർ (0.30 ടി.എം.സി.), പെരിങ്ങോട്ടുപുഴ (1.35 ടി.എം.സി.) എന്നിവ പ്രാബല്യത്തിൽവരുമ്പോൾ പ്രസ്തുത പദ്ധതികളിലൂടെ മാനന്തവാടി നിയോജകമണ്ഡലത്തിൽ 2.35 ടി.എം.സി. ജലം ഉപയോഗിക്കാൻ കഴിയും. മാനന്തവാടി നിയോജക മണ്ഡലത്തിൽ മൈനർ ഇറിഗേഷന്റെ കീഴിലുള്ള വിവിധ ജലസേചന പദ്ധകളിലൂടെ 0.91 ടി.എം.സി. ജലം ഉപയോഗിക്കുന്നുണ്ട്.

(സി) വയനാട് ജില്ലയിൽ കബനി നദിയിലെ വെള്ളം ഏറ്റവും കൂടുതലുപയോഗിക്കുന്ന താലൂക്ക് ഏതാണെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ കബനി നദിയിലെ വെള്ളം നിലവിൽ ജലസേചനത്തിനായി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് സുൽത്താൻബത്തേരി താലൂക്കിലും കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത് വൈത്തിരി താലൂക്കിലും മൈനർ ഇറിഗേഷൻ പദ്ധതികളിലൂടെ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് മാനന്തവാടി താലൂക്കിലുമാണ്.

## കൊണ്ടോട്ടി മണ്ഡലത്തിലെ വൻകിട, ചെറുകിട ജലസേചന പ്രവൃത്തികൾ

159(2822) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങൾ 2021-22 സാമ്പത്തികവർഷം ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയെന്ന വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വിഭാഗത്തിൽ 4 പ്രവൃത്തികൾക്കും മേജർ ഇറിഗേഷൻ വിഭാഗത്തിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയോജകമണ്ഡലത്തിൽ 2021-22 കാലയളവിൽ ഒരു മെക്കാനിക്കൽ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കവണക്കല്ല് റെഗുലേറ്റർ ഷട്ടറുകളുടെയും ലോക്ക് ഷട്ടറുകളുടെയും ഹോയിസ്റ്റിംഗ് മെക്കാനിസത്തിന്റെയും അറ്റകുറ്റപ്പണികൾക്കും കേടായ പ്ലമ്മർ ബ്ലോക്കും ബെയറിംഗുകളും മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്കുമാണ് 4,50,000/- രൂപയുടെ ഭരണാനുമതി നൽകിയത്. ടി പ്രവൃത്തി 11-02-2022-ന് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 2022-23 സാമ്പത്തികവർഷം ഏതെല്ലാം പ്രൊപ്പോസലുകൾ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും അതിന്റെ അനുമതി ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം മേജർ ഇറിഗേഷൻ വിഭാഗത്തിൽ 6 പ്രവൃത്തികളുടെയും മൈനർ ഇറിഗേഷൻ വിഭാഗത്തിൽ 5 പ്രവൃത്തികളുടെയും പ്രൊപ്പോസൽ പരിഗണനയിലാണ്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ

160(2823) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 2006-2011, 2011-2016, 2016-2021 എന്നീ കാലയളവുകളിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളും നിലവിൽ നടപ്പാക്കുന്ന പദ്ധതികളും ഏതെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) മേൽകാലയളവിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികളൊന്നും തന്നെയില്ല. മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2006-07 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളൊന്നും തന്നെയില്ല. മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ തടയണ നിർമ്മാണം

161(2824) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ മൂഴിക്കൽ തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ വിശദവിവരം ലഭ്യമാക്കാമോ?

തിരൂരങ്ങാടി മണ്ഡലത്തിലെ മൂഴിക്കൽ റെഗുലേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിലെ ഉള്ളടക്കവും എസ്റ്റിമേറ്റ് തുകയുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ?

പ്രസ്തുത ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ നിർദ്ദിഷ്ട റെഗുലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് ആവശ്യമായ മണ്ണിന്റെ ഘടന സംബന്ധിച്ച വിശദവിവരങ്ങൾ, ഹാർഡ് റോക്ക് എത്ര ആഴത്തിലാണ് ലഭ്യമായിരിക്കുന്നത്; പുഴയിലെ ഹൈഡ്രോളിക് വെലോസിറ്റി കാൽക്കുലേഷൻ, ബെഡ് ലെവൽ, ഫ്ലഡ് ലെവൽസ് തുടങ്ങിയ വിവരങ്ങൾ സ്ഥലത്തിന്റെ ടോപ്പോഗ്രാഫിക് സർവ്വേ നടത്തി തയ്യാറാക്കിയ പ്ലാൻ, ക്രോസ് സെക്ഷൻ, ഇൻവെസ്റ്റിഗേഷനുവേണ്ടി പുഴയിലും കരയിലുമായി

നടത്തിയ 10 ബോർഹോൾസ്സുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇവയൊക്കെയാണ് റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 6.7 ലക്ഷം രൂപയാണ്.

(സി) മേൽപ്രവൃത്തിയുടെ പ്രൊപ്പോസൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്നും ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്നും വിശദമാക്കാമോ?

ഡിസൈൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഐ.ഡി.ആർ.ബി. ആവശ്യപ്പെട്ട അധിക കാര്യങ്ങൾ തിരുരങ്ങാടി മൈനർ ഇറിഗേഷൻ സെക്ഷനുകീഴിൽ ഇപ്പോൾ തയ്യാറാക്കികൊണ്ടിരിക്കുകയാണ്. തടസ്സങ്ങളൊന്നും നിലവിലില്ല.

**വരട്ടാർ, ആദിപമ്പ നദികളിലെ മാലിന്യങ്ങൾ നീക്കംചെയ്യാൻ നൽകിയ കരാർ**

162 (2825) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരട്ടാർ, ആദിപമ്പ നദികളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളും മൺതിട്ടകളും നീക്കംചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

വരട്ടാർ, ആദിപമ്പ നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളും മൺതിട്ടകളും യന്ത്രസഹായത്തോടെ നീക്കംചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത നദികളിലെ ചെളി നീക്കംചെയ്യാൻ നൽകിയ കരാർ ഉപയോഗപ്പെടുത്തി വ്യാപകമായ മണൽകടത്ത് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആരോപണത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കംചെയ്യാൻ പദ്ധതി**

163(2826) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ പുഴകളിൽ അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. "റൂം ഫോർ റിവർ" പദ്ധതിപ്രകാരം തിരുവനന്തപുരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ 18-08-2021-ലെ PL 1(B) Mon/23349/2021, മലപ്പുറം ജില്ലാ കളക്ടർ & ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സണിന്റെ 18-03-2022-ലെ DCMPM/3115/2022-DM 4 എന്നീ നടപടിക്രമങ്ങൾ പ്രകാരം കടലുണ്ടി പുഴയിലെയും കൈവഴികളിലെയും ചെളിയും മാലിന്യങ്ങളും നീക്കംചെയ്യാൻ മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷൻ, എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മങ്കട നിയോജക മണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽ ചെറുപുഴയിൽ തോട്ടത്തൊടി ചെക്ക് ഡാമിന്റെ മുകൾഭാഗത്ത് അടിഞ്ഞുകൂടിയ മണ്ണും സിൽറ്റും നീക്കംചെയ്ത് വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ കടലുണ്ടി പുഴയിൽ കൂട്ടിലങ്ങാടി പഞ്ചായത്തിൽ കവളപ്പാറ, പനമ്പറ്റകടവ് എന്നിവിടങ്ങളിൽ പ്രവൃത്തി ഉദ്ദേശിച്ചിരുന്നെങ്കിലും

വാഹനങ്ങളും മെഷിനറികളും എത്താത്ത സ്ഥലമായതിനാൽ ആയത് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതൊക്കെ പുഴകളിൽനിന്നും മണ്ണും മണലും നീക്കംചെയ്യുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ചത് എത്രയാണെന്നും അറിയിക്കാമോ?

കടലുണ്ടി പുഴയിൽനിന്നും എക്കലും മണ്ണും നീക്കംചെയ്യുന്നതിന് ആകെ 63 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മങ്കട നിയോജകമണ്ഡലത്തിൽ കടലുണ്ടി പുഴ, ചെറുപുഴ എന്നീ പുഴകളിൽനിന്നാണ് ചെളിയും മാലിന്യങ്ങളും നീക്കംചെയ്യുന്നത്. പ്രസ്തുത പ്രവൃത്തിക്കായി 1.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**വരട്ടാർ, ആദിപമ്പ നദികളിലെ ചെളി നീക്കംചെയ്യുന്നതിന് കരാർ**

164(2827) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരട്ടാർ, ആദിപമ്പ നദികളിലെ ചെളി നീക്കംചെയ്യുന്നതിന് കരാർ നൽകിയിട്ടുണ്ടോ; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വരട്ടാർ, ആദിപമ്പ നദികളിലെ ചെളി നീക്കംചെയ്യുന്നതിന് കരാർ നൽകിയിട്ടുണ്ട്. കരാറിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) കരാർ അവസാനിച്ചശേഷം പുതുക്കി നൽകിയിട്ടുണ്ടോ; എങ്കിൽ പുതുക്കിയ കരാറിന്റെ പകർപ്പ്/രേഖകൾ നൽകാമോ?

നൽകിയിട്ടുണ്ട്. പുതുക്കിയ കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

## സംസ്ഥാന നദികളിലെ മാലിന്യങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കാനുള്ള നടപടികൾ

165(2828) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികൾ ഏതെല്ലാമെന്നും ഇവയുമായി ബന്ധപ്പെട്ട ഡാമുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കേരളത്തിലെ പ്രധാനപ്പെട്ട 44 നദികളുടെ പേരുവിവരങ്ങളും ഈ നദികളിലും കൈവഴികളിലും സ്ഥിതിചെയ്യുന്ന കേരളത്തിലെ ജലസേചന വകുപ്പിന്റെ പരിധിയിൽവരുന്ന ഡാമുകളുടെയും ബാരേജുകളുടെയും റെഗുലേറ്ററുകളുടെയും വിശദാംശവും അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ നദികളിൽ മണലും ചെളിയും മറ്റ് മാലിന്യങ്ങളും നിറഞ്ഞ് നദികളുടെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുന്നതും പ്രകൃതിക്ഷോഭങ്ങളോ മഴക്കെടുതികളോ ഉണ്ടാകുമ്പോൾ നദികൾ ഗതിമാറി ഒഴുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നദികളിലെ മാലിന്യങ്ങൾ നീക്കാനും സ്വാഭാവികമ നീരൊഴുക്ക് സുഗമമാക്കാനുമായി അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ഉണ്ട്. സംസ്ഥാനത്ത് കാലാകാലങ്ങളിലുണ്ടായ അതിശക്തമായ മഴയും മണ്ണിടിച്ചിലും വെള്ളപ്പൊക്കവുംമൂലം ചെളിയും മണലും എക്കലും മറ്റ് പാഴ്വസ്തുക്കളും നദികളിൽ അടിഞ്ഞുകൂടുകയും തന്മൂലം നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗതിമാറി ഒഴുകിയത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത തടസ്സങ്ങൾ നീക്കംചെയ്യുന്നതിന്റെ ഭാഗമായി ഓരോ നദിയുടെയും ചുമതല ജലസേചന വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും അവരുടെ നേതൃത്വത്തിൽ പ്രാഥമിക വിവരശേഖരണം നടത്തിയിട്ടുമുണ്ട്. കൂടാതെ പ്രളയം കൂടുതലായി ബാധിച്ച നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ

എന്നീ നദികളിൽ അടിഞ്ഞുകൂടിയ എക്കൽ, മണൽ, ചെളി എന്നിവയുടെ അളവ് നിർണ്ണയിക്കാനുള്ള പഠനവും മറ്റ് വിവരശേഖരണവും ജലസേചന വകുപ്പിന് കീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരം നടത്തിയിട്ടുണ്ട്. പഠനത്തിന്റെയും ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് നദികളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 2018-ലെ പ്രളയത്തെത്തുടർന്ന് കേരളത്തിലുണ്ടായ പ്രളയത്തിന്റെ കാരണവും ഭാവിയിൽ ഇവ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി നെതർലാൻഡിൽനിന്നും ജലവിഭവ മേഖലയിൽ പ്രാഗത്ഭ്യമുള്ള ഒരു സംഘം പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയുണ്ടായി. കേരളത്തിൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള പ്രളയത്തിന്റെ തോത് ലഘൂകരിക്കുന്നതിനുവേണ്ടി നെതർലാൻഡിൽ വിജയകരമായി നടപ്പിലാക്കിവരുന്ന 'റൂം ഫോർ റിവർ' ആശയവും Integrated Water Resources Management (IWRM) ആശയവും കേരളത്തിലും നടപ്പിലാക്കാൻവേണ്ട നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നെതർലാൻഡ്സ് സംഘം മുന്നോട്ടുവയ്ക്കുകയും അത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ 44

നദികളിലും അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും മറ്റ് പാഴ്വസ്തുക്കളുടെയും അളവ് കണക്കാക്കുകയും ഇവ നീക്കംചെയ്യുന്നതിനുള്ള ഒരു ആക്ഷൻപ്ലാൻ തയ്യാറാക്കുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നു. 44 നദികളിലായി 30165570 m3 ചെളിയും എക്കലും മണ്ണും കണക്കാക്കിയതിൽ 08-06-2022 വരെ 9266862 m3 നീക്കം ചെയ്തുകഴിഞ്ഞു (30.72%). 31 നദികളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചു.

**തീരസംരക്ഷണ പ്രവൃത്തിക്ക് നീക്കിവച്ച തുക**

166(2829) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ സംസ്ഥാനത്ത് കടൽഭിത്തി, പുഴകളുടെ കര സംരക്ഷണം എന്നിവയ്ക്ക് നീക്കിവച്ച തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

2016-17 മുതൽ സംസ്ഥാനത്ത് കടൽഭിത്തി, പുഴകളുടെ കരസംരക്ഷണം എന്നിവയ്ക്ക് നീക്കിവച്ച തുക സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലവിലെ സർക്കാർ വന്നതിനുശേഷം തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ അനുവദിച്ച മേൽപ്രവൃത്തികളുടെ പേരും അനുവദിച്ച തുകകളും വിശദമാക്കാമോ?

നിലവിലെ സർക്കാർ വന്നതിനുശേഷം തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും പുഴയുടെ സൈഡ് കെട്ടുന്നതിനും അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

## ഹരിത കേരളം മിഷനിലൂടെ നദികളുടെ പുനരുജ്ജീവനം

167(2830) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ ഹരിതകേരളം മിഷനിലൂടെ എത്ര നദികളുടെയും ജലാശയങ്ങളുടെയും പുനരുജ്ജീവനത്തിന് സാധിച്ചെന്ന് അറിയിക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയുടെ വിശദാംശം ജില്ല/താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായത്തോടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും പുനരുജ്ജീവിപ്പിച്ച നദികളുടെയും ജലാശയങ്ങളുടെയും വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

## ചാലിയാർ നദിയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിന് നടപടി

168(2831) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒട്ടേറെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സായ ചാലിയാർ നദിയെ മലിനീകരണത്തിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ചാലിയാർ പുഴയിൽ മലിനീകരണമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ നിലവിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) നദിയിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് തടയാൻ നദി ഒഴുകുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി സമഗ്രമായൊരു സംരക്ഷണ പരിപാടിക്ക് രൂപം നൽകുമോ?

ചാലിയാർ പുഴ മാലിന്യപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ നദിയിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് തടയാൻ നദി ഒഴുകുന്ന പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി സമഗ്രമായൊരു സംരക്ഷണ പരിപാടിക്ക് രൂപം നൽകാവുന്നതാണ്.

(സി) നദിയുടെ ഇരുപാർശ്വവും ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ നദി ഒഴുകുന്ന മലപ്പുറം ജില്ലയിലെ വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിൽ എന്തെല്ലാം തീരസംരക്ഷണ പദ്ധതികൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണത്തിന് പരിഗണനയിലുള്ള തീരസംരക്ഷണ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

## കനാൽ കവറിംഗ് സ്ലാബ്, സൈഡ് റോഡ് എന്നിവയുടെ നിർമ്മാണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

169(2832) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ തഴക്കര ഗ്രാമ പഞ്ചായത്തിലെ മുഴിയത്ത് വരിക്കോലിൽ വടക്കതിൽ കനാൽ കവറിംഗ് സ്ലാബ് നിർമ്മാണത്തിനും സൈഡ് റോഡ് നിർമ്മാണത്തിനും ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് നിരാക്ഷേപപത്രം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിരാക്ഷേപപത്രം നൽകുന്നതിന് പമ്പ ഇറിഗേഷൻ പ്രോജക്ട് സ്വീകരിച്ച നടപടി വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് "MLA ADS/5249 Sri. Arun Kumar M. S., MLA Construction of Muzhiyattu Varikolil Vadakkethil canal with covering slab and construction of side roads" എന്നപേരിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്ട് സർക്കിൾ, പിറവം കാര്യാലയത്തിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, LID & EW Sub Division, Mavelikkara Block Panchayath-ന് നിരാക്ഷേപപത്രം നൽകിയിട്ടുണ്ട് .

## പൊതുകുളങ്ങൾ നവീകരിക്കാൻ പദ്ധതി

170(2833) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. പ്ലാൻ സ്കീമിലെ Renovation of Tanks and Ponds under Harithakeralam, MI Class II, MI Class II Under Harithakeralam എന്നീ ശീർഷകങ്ങളിലുൾപ്പെടുത്തി പൊതുകുളങ്ങൾ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ 2021-22, 2022-23 വർഷങ്ങളിൽ കുളം നവീകരണത്തിന് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ 2021-22 വർഷങ്ങളിൽ കുളം നവീകരണത്തിന് 60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+. 2022-23 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നിലവിൽ കുളം നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടില്ല. എന്നാൽ Renovation of Tanks and Ponds under Harithakeralam എന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശീർഷകത്തിലുൾപ്പെടുത്തി "Renovation of Thottilkattilkulam in Division 23 of Mukkam Municipality, Thiruvambady LA Kozhikode District" - 40.00 Lakhs എന്ന മുൻഗണനാ പട്ടികയിലുൾപ്പെട്ട പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ പുനരുദ്ധാരണം**

171(2834) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ കനാലുകൾ പുനരുദ്ധാരണം നടത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളും കനാൽ അനുബന്ധ സ്ട്രക്ചറുകളും പുനർനിർമ്മിക്കുന്നതിനും/ബലപ്പെടുത്തുന്നതിനുമായി 180 കോടി രൂപയുടെ പ്രൊപ്പോസൽ, പദ്ധതി വിഭാഗം 1, ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 22-02-2022-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷയിൽ ചേർന്ന യോഗം ടി പ്രൊപ്പോസൽ

പരിശോധിക്കുകയും കുറ്റ്യാടി ജലസേചന പദ്ധതിക്കാവശ്യമായ പുനരുദ്ധാരണ പ്രവൃത്തികളിൽ വളരെയധികം പ്രാധാന്യമുള്ളവയെന്നും പ്രാധാന്യം കുറഞ്ഞവയെന്നും തരംതിരിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കാൻ പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ആയതുപ്രകാരം ചീഫ് എഞ്ചിനീയർ സമർപ്പിച്ച 2022-23 വർഷത്തിൽ പൂർത്തീകരിക്കേണ്ട അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികളുടെ 40 കോടി രൂപ ചെലവുവരുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന് അംഗീകാരം നൽകി പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ സാധിക്കുന്നതാണ്. കൂടാതെ മുൻഗണന അടിസ്ഥാനത്തിൽ അഞ്ച് വർഷക്കാലംകൊണ്ട് ചെയ്തുതീർക്കേണ്ട പ്രവൃത്തികൾക്കായി 180 കോടി രൂപ ചെലവ് കണക്കാക്കിയിട്ടുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലുണ്ട്.

(ബി) പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടി വിശദമാക്കാമോ; കനാലുകളുടെ ഏതൊക്കെ ഭാഗങ്ങളിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായിത്തന്നെ നടപ്പിലാക്കാറുണ്ട്. ഒരു വർഷത്തിൽ നവംബർ മുതൽ ഫെബ്രുവരി വരെയുള്ള ചെറിയ കാലയളവിൽ മാത്രമെ പ്രവൃത്തികൾ നടപ്പിലാക്കാൻ സാദ്ധ്യമാകാറുള്ളൂ. വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിൽ ഉൾപ്പെടുന്ന കുറ്റ്യാടി പ്രോജക്ടിന്റെ മെയിൻ കനാൽ, ബ്രാഞ്ച് കനാൽ, ഡിസ്ട്രിബ്യൂട്ടറി കനാൽ എന്നിവിടങ്ങളിലൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്.

(സി) യഥാസമയം കനാൽ പുനരുദ്ധാരണം നടത്താൻ സാധിക്കാത്തതിനെത്തുടർന്ന് ഇക്കഴിഞ്ഞ വേനൽക്കാലത്ത് കുടിവെള്ളക്ഷാമവും കൃഷിനാശവുമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

**മങ്കേരി തോട് നവീകരണം**

172(2835) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേയ്ക്ക് ഭരതപ്പുഴയിൽനിന്നും ജലം

എത്തിച്ചുകൊണ്ടിരുന്ന തോട് നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേയ്ക്ക് വെള്ളമെത്തുന്ന തോട് നവീകരിക്കുന്നതിനുള്ള 250 ലക്ഷം രൂപ തുകവരുന്ന പ്രൊപ്പോസൽ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ Annexure II, Volume II ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി (പേജ് 65, നമ്പർ 708 ആയി) ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സർക്കാരിലേയ്ക്ക് നൽകിയെങ്കിലും ടി പ്രവൃത്തി സർക്കാരിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ Annexure II, Volume II ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ജലത്തിന്റെ ദൗർലഭ്യംമൂലം കർഷകർ ഏറെ ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്രസ്തുത തോട് നവീകരിച്ച് ജലസേചനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തോട്ടിൽനിന്നും മണ്ണും ചെളിയും നീക്കംചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) മേൽവിഷയ പ്രകാരമുള്ള പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതു ഉപയോഗം എന്നിവ പരിഗണിച്ച്

തോട്ടിൽനിന്നും മണ്ണും ചെളിയും നീക്കംചെയ്ത് ആഴംകൂട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ കരസംരക്ഷണം നടത്തി തോട് നവീകരിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ കനാൽ സംരക്ഷണം**

173(2836) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്ത് വാർഡ് 12-ൽ പഞ്ചവടി ജംഗ്ഷൻ നല്ലൂർ കനാൽ സംരക്ഷണഭിത്തി നിർമ്മിച്ച് മുകളിൽ സ്ലാബിട്ട് സംരക്ഷിക്കുന്നതിന് മൈനർ ഇറിഗേഷൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ തെക്കേക്കര പഞ്ചായത്ത് വാർഡ് 12-ൽ പഞ്ചവടി ജംഗ്ഷൻ നല്ലൂർ കനാലിന് സംരക്ഷണഭിത്തി നിർമ്മിച്ച് മുകളിൽ സ്ലാബ് നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനായി ചെങ്ങന്നൂർ കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച് റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ഡാമുകളിലെ ചെളിയും മണലും നീക്കാൻ നടപടി

174(2837) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതൊക്കെ ഡാമുകളിൽനിന്നും ചെളിയും മണലും നീക്കാൻ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കംചെയ്യുന്നതിന് 26-09-2017-ലെ സ.ഉ. (കൈ) നം. 79/17/ജ.വി.വ., 14-05-2019-ലെ സ.ഉ. (കൈ) 14/19/ജ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻപ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ

ടെർമിനേറ്റ് ചെയ്യാൻ 30-05-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയും വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയും ഏൽപ്പിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡുമായി ചർച്ചകൾ നടത്തിവരികയാണ്. കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽവരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കാൻ 30-05-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

## നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയ മണലും എക്കലും നീക്കം ചെയ്യാൻ നടപടി

175(2838) <u>ശ്രീ. സി. കെ ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാമിൽ സംഭരണശേഷിയെ ബാധിക്കുന്നതരത്തിൽ വൻതോതിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും എക്കലും നീക്കംചെയ്യുന്നതിന് പദ്ധതിയുണ്ടോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നെയ്യാർ ഡാമിൽ അടിഞ്ഞുകൂടിയ മണ്ണിന്റെയും ചെളിയുടെയും അളവ് പരിശോധിക്കുന്നതിനായി KERI Peechi മുഖാന്തരം 2019-ൽ സർവ്വേ നടത്തിയിരുന്നു. ആയതിൻപ്രകാരം 12 ശതമാനത്തോളം സംഭരണശേഷിയിൽ കുറവുവന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നെയ്യാർ ഡാമിൽനിന്നും ചെളി നീക്കംചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

(ബി) നെയ്യാർ ഡാമിൽ നടന്നുവരുന്നതും അനുമതി ലഭിച്ചതുമായ വിവിധ പദ്ധതികളുടെ വിശദവിവരം, അടങ്കൽതുക, നിർമ്മാണ പുരോഗതി, നിലവിലെ സ്ഥിതി എന്നിവയുൾപ്പെടെ അറിയിക്കാമോ?

നെയ്യാർ ഡാമിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## അണക്കെട്ടുകളുടെ സുരക്ഷാ പരിശോധന

176(2839) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ സുരക്ഷ സംബന്ധിച്ച് കേരള ഡാം സുരക്ഷാ അതോറിറ്റി പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പരിശോധന നടത്തിയ ഏതെങ്കിലും അണക്കെട്ടുകളിൽ പുനരുദ്ധാരണ നടപടികൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 2021-22 സാമ്പത്തിക വർഷം സംസ്ഥാനത്തുള്ള 42 ഡാമുകളിൽ കേരള ഡാം സേഫ്റ്റി അതോറിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സുരക്ഷാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കാനും കേടുപാടുകൾ തീർക്കാനും വേണ്ടതായ സുരക്ഷാ നിർദ്ദേശങ്ങൾ അതത് ഡാമിന്റെ പരിപാലകർക്കും സർക്കാരിനും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര ഡാം സുരക്ഷാ നിയമം-2021, 30-12-2021 മുതൽ നിലവിൽ വന്നതിനാൽ അതോറിറ്റി ചെയർമാന്റെ ഓഫീസ് കാലാവധി അവസാനിക്കുകയുണ്ടായി. ആയതിനാൽ 30-12-2021 മുതൽ

അതോറിറ്റിയുടെ പതിവ് ഡാം സുരക്ഷാ പരിശോധനകളും യോഗങ്ങളും നിർത്തിവച്ചിരിക്കുകയാണ്. കേന്ദ്ര ഡാം സുരക്ഷാ നിയമം 2021-ൽ നിഷ്കർഷിച്ചിരിക്കുന്നതിൻപ്രകാരം സ്റ്റേറ്റ് കമ്മിറ്റി ഓൺ ഡാം സേഫ്റ്റി (SCDS), സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ (SDSO) എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) അണക്കെട്ടുകളുടെ സുരക്ഷയ്ക്കും പുനരുദ്ധാരണത്തിനും ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെൻറ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന് ലോകബാങ്കിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP)-ന്റെ ആദ്യഘട്ടം (DRIP Phase-I) 2012-ൽ ആരംഭിച്ച് 2021 മാർച്ച് മാസത്തിൽ അവസാനിച്ചു. പ്രാരംഭ പദ്ധതി തുകയായ 360 കോടി രൂപയിൽ 202 കോടി രൂപ 80:20 (80 ശതമാനം ലോകബാങ്ക് ലോൺ വിഹിതം, 20 ശതമാനം സംസ്ഥാന വിഹിതം) എന്ന അനുപാതത്തിലും ബാക്കി തുക 70:30

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(70 ശതമാനം ലോകബാങ്ക് ലോൺ വിഹിതം, 30 ശതമാനം സംസ്ഥാന വിഹിതം) എന്ന അനുപാതത്തിലുമാണ്. പ്രാരംഭ പദ്ധതി തുക പിന്നീട് 327 കോടി രൂപയായി പുതുക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 16 ഡാമുകളാണ് ഉൾപ്പെട്ടിരുന്നത് (മലമ്പുഴ ഡാം, പോത്തുണ്ടി ഡാം, ചുള്ളിയാർ ഡാം, മീങ്കര ഡാം, കാഞ്ഞിരപ്പുഴ ഡാം, മലങ്കര ഡാം, ചിമ്മിനി ഡാം, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ, കല്ലട ഡാം, വാഴാനി ഡാം, പീച്ചി ഡാം, നെയ്യാർ ഡാം, വാളയാർ ഡാം, കുറ്റ്യാടി ഡാം). ഇതിൽ 13 ഡാമുകളുടെ പണി പൂർത്തീകരിച്ചു. ബാക്കിവരുന്ന മൂന്ന് ഡാമുകളിലെ (നെയ്യാർ, കല്ലട, പീച്ചി) ശേഷിക്കുന്ന പണികൾ DRIP Phase-II-ൽ carry over ചെയ്തിട്ടുണ്ട്.

ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB)-ന്റെയും ഇന്റർനാഷണൽ ബാങ്ക് ഫോർ റീ-കൺസ്ട്രക്ഷൻ & ഡെവലപ്മെന്റ് (IBRD)-ന്റെയും സംയുക്ത ധനസഹായത്തോടെ നടപ്പിലാക്കുന്ന DRIP Phase-II & III പദ്ധതികളുടെ മൊത്ത കാലാവധി പത്ത് വർഷമാണ് (2021-2030). ഇത് രണ്ടുവർഷത്തെ ഓവർലാപ്പിംഗ് പിരീഡ് കൂടിയുള്ള 6 വർഷത്തെ കാലാവധിവരുന്ന രണ്ട് ഘട്ടമായാണ് ക്രമീകരിച്ചിരിക്കുന്നത്. പദ്ധതി തുകയുടെ അനുപാതം 70:30 (70 ശതമാനം AIIB-IBRD ലോൺ

വിഹിതം, 30 ശതമാനം സംസ്ഥാന വിഹിതം) എന്ന വിധത്തിലാണ്. 22-07-2020-ലെ G.O. (Rt) No.481/2020/WRD പ്രകാരം 240 കോടി രൂപയുടെ സർക്കാർ ഭരണാനുമതി DRIP രണ്ടാംഘട്ടത്തിന് ലഭിച്ചിട്ടുണ്ട്. 2021-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ച പ്രസ്തുത പദ്ധതിയിൽ മലമ്പുഴ ഡാം, പോത്തുണ്ടി ഡാം, ചുള്ളിയാർ ഡാം, മീങ്കര ഡാം, കാഞ്ഞിരപ്പുഴ ഡാം, മലങ്കര ഡാം, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, കല്ലട ഡാം, നെയ്യാർ ഡാം, വാളയാർ ഡാം, കുറ്റ്യാടി ഡാം, കാരാപ്പുഴ ഡാം, മംഗലം ഡാം, പമ്പാ (മണിയാർ) ബാരേജ് എന്നീ 15 ഡാം/ബാരേജുകളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കുറ്റ്യാടി, കാരാപ്പുഴ എന്നീ ഡാമുകളുടെ പണികൾ നടന്നുവരുന്നു. മണിയാർ, കല്ലട, കാഞ്ഞിരപ്പുഴ, മലങ്കര എന്നീ ഡാമുകളുടെ പണികൾ പ്രാരംഭ ഘട്ടത്തിലാണ്. കൂടാതെ DRIP Phase-I-ൽ പൂർത്തീകരിക്കാൻ സാധിക്കാതെവന്ന പ്രവൃത്തികൾ DRIP Phase-II-ൽ ഏറ്റെടുത്ത് നടത്തിവരുന്നു.

**ബാണാസുര സാഗർ ജലസേചന പദ്ധതിയുടെ പൂർത്തീകരണം**

177(2840) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാണാസുര സാഗർ ജലസേചന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ബാണാസുര സാഗർ പദ്ധതിയുടെ 2730 മീറ്റർ നീളംവരുന്ന പ്രധാന കനാലിന്റെ 2360 മീറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. 5390 മീറ്റർ നീളമുള്ള വെണ്ണിയോട് ശാഖാ കനാലിന്റെ 1336 മീറ്റർ ഭാഗവും 2690 മീറ്റർ നീളമുള്ള പടിഞ്ഞാറെത്തറ ശാഖാ കനാലിന്റെ 379.30 മീറ്റർ ഭാഗവും 3629 മീറ്റർ നീളമുള്ള കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറിയുടെ 750 മീറ്റർ ഭാഗവും ഡൈവെർഷൻ ചേംബറിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ മെമ്പർ, ചെയർമാനായി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം പുതുക്കിയ പദ്ധതിരേഖ തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദവിവരം അറിയിക്കാമോ?

(ബി-ഡി) പൂർത്തീകരിച്ച പ്രവൃത്തികളുടെയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെയും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു+.

(ഇ) പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

2018 മുതലുള്ള പ്രളയങ്ങൾ, വയനാട് ജില്ലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ കാണിക്കുന്ന വിമുഖത, കോവിഡ് മഹാമാരിമൂലമുണ്ടായ ലോക്ഡൗണും സാമ്പത്തിക പ്രതിസന്ധിയും, സ്ഥലമേറ്റെടുക്കുന്നതിൽ നേരിട്ട താമസം, വയനാട് ജില്ലയിലെ പ്രത്യേക കാലാവസ്ഥ, വയനാട് ജില്ലയെ പരിസ്ഥിതിലോല പ്രദേശമായി പരിഗണിച്ചതിനാൽ ക്വാറികളുടെ പ്രവർത്തനം നിർത്തലാക്കിയതുകൊണ്ട് ജില്ലയിലുണ്ടായിട്ടുള്ള നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ് എന്നിവമൂലമാണ് പ്രധാനമായും പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികളുടെ പൂർത്തീകരണത്തിൽ കാലതാമസമുണ്ടായിട്ടുള്ളത്. കാപ്പുംകുന്ന് ഡിസ്ട്രിബ്യൂട്ടറിക്കായി അക്വയർ ചെയ്തഭാഗം 2019-ലെ പ്രളയത്തെത്തുടർന്ന് ഒഴുകിപ്പോയതിനാൽ കനാലിന്റെ ചെയിനേജ് 0 മുതൽ 250 മീറ്റർ വരെയുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുകയും ആയതിന് ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുകയും ചെയ്തിട്ടുണ്ട്.

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ബാണാസുര സാഗർ ജലസേചന പദ്ധതി 2024 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ ലക്ഷ്യംവച്ചുകൊണ്ട് പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ മീനച്ചിലാറിൽ ചെക്ക് ഡാം-കം-കോസ് വേ**

178(2841) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ കാരയ്ക്കാട്-ചങ്ങാടക്കടവ് ഭാഗത്ത് മീനച്ചിലാറിൽ ഒരു ചെക്ക് ഡാം-കം-കോസ് വേ നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയെയും തലപ്പലം പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രസ്തുത ചെക്ക് ഡാം-കം-

കോസ് വേ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയെയും തലപ്പലം പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ചെക്ക് ഡാം-കം-കോസ് വേ നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണ പ്രവൃത്തികൾക്കായി 7,80,000/- രൂപയുടെ എസ്റ്റിമേറ്റ് PRICE 1-ൽ തയ്യാറാക്കിയിരുന്നു. എന്നാൽ PRICE-3 നിലവിൽ വന്നതിനാൽ ആയതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വല്ലാർപാടം ദ്വീപിലെ വെള്ളക്കെട്ടിനുള്ള പദ്ധതി**

179(2842) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) GIDA (Goshree Island Development Authority) തുക വകയിരുത്തിയതും 13-02-2012-ൽ തദ്ദേശസ്വയംഭരണ വകുപ്പ് 17.14 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതും മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയുമായ മുളവുകാട് ഗ്രാമപഞ്ചായത്തിലെ വല്ലാർപാടം

ദ്വീപിനുചുറ്റും പാർശ്വഭിത്തിയും ബണ്ടുറോഡും നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക എത്രയെന്നും പ്രസ്തുത പദ്ധതിയുടെ തുകയ്ക്ക് അനുമതി ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയിൽ 5.04 കോടി രൂപയുടെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ വിഭാഗം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മണ്ണ് പര്യവേക്ഷണം നടത്തി ഫൗണ്ടേഷൻ രൂപകല്പന ചെയ്തശേഷം മാത്രമേ തയ്യാറാക്കാവൂ എന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർകൂടി ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ആയതിനുവേണ്ടി മണ്ണ് പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിക്കുകയും 29.3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എറണാകുളം മേജർ ഇറിഗേഷൻ ഡിവിഷൻ മുഖേന GIDA-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

**വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി. കെട്ടിൽ തടയണ നിർമ്മാണം**

180(2843) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തി അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുള്ള മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി. കെട്ടിൽ തടയണ നിർമ്മിക്കുന്ന പ്രവൃത്തി ഇതുവരെ തുടങ്ങാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(ബി&സി) 2019-20 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് അനുബന്ധം 2, വാല്യം 2-ൽ 100 ലക്ഷം അടങ്കൽ തുകയുടെ ഇരുപത് ശതമാനം തുകയായ 20 ലക്ഷം രൂപ വകയിരുത്തിയിരുന്ന തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ഐ.വി. കെട്ടിൽ ഉപ്പുവെള്ളം ഒഴിവാക്കാനുള്ള

സ്ലൂയിസിന്റെ നിർമ്മാണത്തിനായി ഡി.എസ്. ആർ 2018 പ്രകാരമുള്ള 141 ലക്ഷം രൂപയുടെ പദ്ധതിരേഖയ്ക്ക് 4702-00-101-82-01-00-പി.വി.എം.ഐ.ക്ലാസ്സ്-2 എന്ന ശീർഷകത്തിൽ 15-01-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 31/2022/ജ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറിൽനിന്നും ഡിസൈൻ ലഭ്യമായെങ്കിലും എസ്റ്റിമേറ്റിലെ App-B-യിൽവരുന്ന മെക്കാനിക്കൽ വിഭാഗത്തിന്റെ പ്രവൃത്തികളായ 'shutters and hoisting arrangements' മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ ടി ഡിസൈൻ പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ഡിസൈൻ പരിഷ്കരിച്ച് നൽകുന്നതിന് ചീഫ് എഞ്ചിനീയർ ഐ.ഡി.ആർ.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽനിന്നും പരിഷ്കരിച്ച ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കുറുമാലി പുഴയുടെ വലതുതീരത്തെ പുരയിടം ഇടിഞ്ഞുപോകുന്നതിൽനിന്നും സംരക്ഷിക്കാൻ നടപടി

181(2844) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്ത് വാർഡ് 6-ൽ കുറുമാലി പുഴയുടെ വലതുതീരം സർവ്വേ നമ്പർ ബി.എൽ.32/2 (1130/2)-ൽ 042 സെന്റ് പുരയിടം വ്യാപകമായി ഇടിഞ്ഞുപോകുന്നതിനാൽ വശങ്ങൾ കെട്ടി സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട് "Protecting the right bank of Kurmali river in ward 6 of Varandarappilly Gramapanchayath" എന്ന പ്രവൃത്തിയുടെ 59.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും പരിഗണിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**കടലുണ്ടിപുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണം**

182(2845) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലുണ്ടി പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് മലപ്പുറം

നിയോജകമണ്ഡലത്തിൽനിന്ന് 2020, 2021 വർഷങ്ങളിൽ സമർപ്പിച്ച 20 പ്രപ്പോസലുകളിൽ നാളിതുവരെ എത്രയെണ്ണത്തിന് ഭരണാനുമതി നൽകി; വ്യക്തമാക്കാമോ;

(ബി) അവ ഏതെല്ലാമെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

(എ&ബി) കടലുണ്ടിപ്പുഴയുടെയും വിവിധ തോടുകളുടെയും സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു+.

(സി) പാണക്കാട് ആറുവെട്ടി കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂക്കോട്ടൂർ, പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണഭിത്തി നിർമ്മിക്കാനുള്ള പ്രൊപ്പോസലുകൾക്ക് എത്രയുംവേഗം ഭരണാനുമതി നൽകുമോ; വ്യക്തമാക്കാമോ?

പാണക്കാട് ആറുവെട്ടി കടവ്, മലപ്പുറം താമരക്കുഴി, ആനക്കയം പുത്തൻതോട്, പൂക്കോട്ടൂർ പാലക്കച്ചിറ എന്നിവിടങ്ങളിലെ അപകടാവസ്ഥയിലുള്ള കരകളിൽ സംരക്ഷണ ഭിത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർമ്മിക്കുന്നതിനായുള്ള 5 പ്രവൃത്തികൾ പരിഗണനയിലുണ്ട്. ആയതിൽ "മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 15-ൽ വീട്ടുനമ്പർ 15/1065, 15/1062-ബി, 15/1062-സി താമരക്കുഴിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം" എന്ന പ്രവൃത്തി ആർ.എം.എഫ്. ആയതിനാൽ ജില്ലാ കളക്ടറാണ് ഫണ്ട് അനുവദിക്കുന്നത്. ബാക്കി പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകാവുന്നതാണ്.

## മൂരാട് പുഴയിലെ ബണ്ട് നിർമ്മാണം

183(2846) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ മൂരാട് പുഴയിൽ ബണ്ട് നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേയുടെ പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പുഴയിൽ മൂരാട് ഭാഗത്ത് പാലം നിമ്മാണം നടക്കുന്ന ഭാഗത്ത് ഇരുകരകളിലുമായി 60 മീറ്റർ വീതിയിൽ ബണ്ട് നിർമ്മിച്ചിട്ടുണ്ട്. മധ്യഭാഗത്ത് 80 മീറ്റർ വീതിയിൽ പുഴ

ഒഴുകുന്നുണ്ടെങ്കിലും ഇവിടങ്ങളിലും പൈലിംഗ് യൂണിറ്റുകൾ സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ബണ്ട് നിർമ്മാണം കാരണം മഴക്കാലത്ത് പുഴയിലൂടെയുള്ള ഒഴുക്ക് കുറയുകയും സമീപ പഞ്ചായത്തുകളിൽ വെള്ളപ്പൊക്കമുണ്ടാകുകയും ചെയ്യുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പ്രസ്തുത ബണ്ട് നിർമ്മാണം കാരണം മഴക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകാൻ സാധ്യതയുള്ളതായി കരുതുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുവേണ്ടി മഴക്കാലത്തിന് മുന്നോടിയായി ബണ്ട് പൊളിച്ചുമാറ്റുന്നതിന് വടകര ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 06-05-2022-ലെ കത്ത് പ്രകാരം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (NHAI) കോഴിക്കോട് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് പ്രോജക്ട് ഡയറക്ടർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട് . കൂടാതെ താൽക്കാലിക ബണ്ട് മഴക്കാലത്തിനുമുമ്പേ നീക്കംചെയ്യുന്നതിന് എൻ.എച്ച്.എ.ഐ.-ക്ക് നിർദ്ദേശം നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഇറിഗേഷൻ ഡിവിഷൻ, കോഴിക്കോട് 17-05-2022-ലെ കത്ത് പ്രകാരം ജില്ലാകളക്ടർക്കും കത്ത് നൽകിയിട്ടുണ്ട്.

## തവനൂർ മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം

184(2847) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറെക്കര അഴിമുഖംമുതൽ കൂട്ടായി ആശാൻ പടിവരെ നിർമ്മിച്ചിട്ടുള്ള കടൽഭിത്തി ഇക്കഴിഞ്ഞ കടലാക്രമണത്തിൽ പലഭാഗങ്ങളിൽ തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് .

(ബി) എങ്കിൽ ഇത് പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

തവനൂർ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറെക്കര അഴിമുഖം മുതൽ കൂട്ടായി ആശാൻപടി വരെയുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾക്കായുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പുറത്തൂർ ഗ്രാമപഞ്ചായത്തിലെ നായർതോട് ഭാഗത്ത് CP 1570-ന് വടക്കുഭാഗത്തേയ്ക്ക് 147 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അടിയന്തര പുന:സംഘടനാ പ്രവൃത്തികൾ - എസ്റ്റിമേറ്റ് തുക - 75 ലക്ഷം രൂപ.
2. പുറത്തൂർ ഗ്രാമപഞ്ചായത്തിലെ നായർതോട് ഭാഗത്ത് CP 1569-ന് വടക്കുഭാഗത്തേയ്ക്ക് 100 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അടിയന്തര പുന:സംഘടനാ പ്രവൃത്തികൾ - എസ്റ്റിമേറ്റ് തുക - 49 ലക്ഷം രൂപ.
3. പുറത്തൂർ ഗ്രാമപഞ്ചായത്തിലെ നായർതോട് ഭാഗത്ത് CP 1564-ന് വടക്കുഭാഗത്തേയ്ക്ക് 100 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അടിയന്തര പുന:സംഘടനാ പ്രവൃത്തികൾ - എസ്റ്റിമേറ്റ് തുക - 51 ലക്ഷം രൂപ.

## വാടാനപ്പള്ളി തീരം കടൽക്ഷോഭത്തിൽനിന്നും സംരക്ഷിക്കുന്നതിന് നടപടി

185(2848) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി തീരപ്രദേശത്തെ കടൽക്ഷോഭത്തിൽനിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി തീരപ്രദേശത്തെ കടൽക്ഷോഭത്തിൽനിന്നും സംരക്ഷിക്കുന്നതിന് 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ 9.45 ലക്ഷം രൂപ ചെലവഴിച്ച് 107 മീറ്റർ നീളത്തിൽ കരിങ്കല്ല് ഉപയോഗിച്ചും 76.76 ലക്ഷം രൂപ ചെലവഴിച്ച് 985 മീറ്റർ നീളത്തിൽ പോളിപ്രൊപ്പിലീൻ ബാഗ് ഉപയോഗിച്ചും കടൽത്തീര സംരക്ഷണഭിത്തി നിർമ്മിച്ചിട്ടുണ്ട്. 794 മീറ്റർ നീളത്തിൽ കരിങ്കല്ല് ഉപയോഗിച്ച് കടൽത്തീര സംരക്ഷണഭിത്തി നിർമ്മിക്കുന്ന 835 ലക്ഷം രൂപവരുന്ന 5 പ്രവൃത്തികളുടെയും 170 മീറ്റർ നീളത്തിൽ പോളീപ്രൊപ്പിലീൻ ബാഗ് ഉപയോഗിച്ചുള്ള 22.50 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിയുടെയും പ്രൊപ്പോസൽ തയ്യാറായിട്ടുണ്ട്. മുൻഗണനാക്രമവും ഫണ്ടിന്റെ ലഭ്യതയുമനുസരിച്ചും പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്.

(ബി) പ്രസ്തുത പ്രദേശത്ത് എത്ര മീറ്റർ സംരക്ഷണ ഭിത്തിയാണ് നിർമ്മിക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

(ബി&സി) നിലവിൽ “ Urgent protection to the sea coast using rubble mount for a length of 100m from 60m north of CP1355

towards north in Vadanapilly Grama panchayath amounting to Rs.7.8 lakhs" എന്ന പ്രവൃത്തി പ്രസ്തുത പ്രദേശത്ത് നടപ്പിലാക്കുന്നതിന് ആവശ്യമായ കരിങ്കല്ല് ശേഖരിക്കൽ പുരോഗമിച്ചുവരുന്നു.

## ആലപ്പുഴ മണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടാനുള്ള പ്രവൃത്തികൾ

186(2849) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കടലാക്രമണ ഭീഷണി നേരിടുന്നതിന് വകുപ്പ് നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് ഇനി തയ്യാറാക്കാനുള്ളതെന്നും അവയുടെ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

(എ&ബി) കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരപ്രദേശങ്ങളിൽ ജലസേചന വകുപ്പ് നടത്തിവരുന്ന പദ്ധതികൾക്കുപുറമെ കിഫ്ബിയുടെ ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖേന ആലപ്പുഴ ജില്ലയിലെ കാട്ടൂർ, അമ്പലപ്പുഴ, പതിയാൻകര, ആറാട്ടുപുഴ, വട്ടച്ചാൽ എന്നീ

തീരപ്രദേശങ്ങളിൽ 184.04 കോടി രൂപ ചെലവിൽ ചെന്നൈ ഐ.ഐ.ടി.-യുടെ രൂപകല്പനപ്രകാരം പുലിമുട്ടുകൾ നിർമ്മിച്ചുവരുന്നു. ഇതിൽ ആലപ്പുഴ നിയോജകമണ്ഡലത്തിലെ മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ കാട്ടൂരിൽ (Ch.168.465 km to Ch.171.627 km) 3.16 കിലോമീറ്റർ നീളത്തിലുള്ള തീരദേശ സംരക്ഷണത്തിനുവേണ്ടി 34 പുലിമുട്ടുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ കരാർ തുക 49.04 കോടി രൂപയാണ്. ഏകദേശം 75 ശതമാനത്തോളം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടാതെ ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് 78.34 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ തീരദേശ സംരക്ഷണ പദ്ധതി ടെൻഡർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

## തവനൂർ മൂന്നങ്ങാടിൽ കടൽഭിത്തി നിർമ്മാണം

187(2850) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ തീരദേശത്ത് മൂന്നങ്ങാടി മുതൽ 500 മീറ്ററോളം കടൽതീരത്ത് നാളിതുവരെയായി കടൽഭിത്തി നിർമ്മിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഭാഗത്ത് ഭിത്തി നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തവനൂർ നിയോജകമണ്ഡലത്തിലെ തീരദേശത്ത് മൂന്നങ്ങാടി ഭാഗത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനായി പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി " എ.എസ്.ഇ. മംഗലം ഗ്രാമപഞ്ചായത്തിൽ സി.ഇ.എസ്.സി.പി. 1581-നും സി.ഇ.എസ്.സി.പി. 1585-നും ഇടയിൽ 400 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നിർമ്മാണം - 240 ലക്ഷം രൂപ (ഉദ്ദേശം) " എന്ന ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

## പൊഴിക്കര ബീച്ച് നവീകരണം

188 (2851) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ വകുപ്പിന്റെ നിർവഹണ ചുമതലയിൽ നടന്നുവരുന്ന പരവൂർ നഗരസഭയിലെ പൊഴിക്കര ബീച്ച് നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പരവൂർ നഗരസഭയിലെ പൊഴിക്കര ബീച്ച് നവീകരണ പ്രവൃത്തി അറുപത് ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ എത്രയുംപെട്ടെന്ന് പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കുന്നതാണെന്ന് കാണിച്ച് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്.

## ജലസ്രോതസ്സുകൾ പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിന് ചെലവായ തുക

189(2852) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കാലയളവിൽ എത്ര ജലസ്രോതസുകൾ പൂർണ്ണമായി മാലിന്യ മുക്തമാക്കി; ഇതിന് എത്ര തുക ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ?

ഈ സർക്കാർ കാലയളവിൽ മാലിന്യ മുക്തമാക്കിയ ജലസ്രോതസ്സുകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

**നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

190(2853) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22 വർഷത്തിൽ ഇറിഗേഷൻ വിഭാഗം ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**ജലസ്രോതസുകൾ പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിന് ചെലവായ തുക**

191(2854) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാർ കാലയളവിൽ എത്ര ജലസ്രോതസുകൾ പൂർണ്ണമായി മാലിന്യമുക്തമാക്കി; അതിന് എത്ര തുകവീതം ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാർ കാലയളവിൽ പൂർണ്ണമായി മാലിന്യമുക്തമാക്കിയ ജലസ്രോതസ്സുകളും ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കല്ല്യാശ്ശേരി മണ്ഡലത്തിലെ മുട്ടിൽകാപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

192(2855) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബി. സ്ട്രക്ച്ചർ ഡിസൈൻ തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഐ.ഡി.ആർ.ബി.-യിൽനിന്നും സ്ട്രക്ച്ചർ ഡിസൈൻ തയ്യാറാക്കി നൽകിയിട്ടില്ല. മേൽപ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ച് രൂപകല്പന ലഭിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഐ.ഡി.ആർ.ബി.-യിലേയ്ക്ക് സമർപ്പിച്ചുവെങ്കിലും ആയതിന്മേൽ കൂടുതൽ വിവരം സമർപ്പിക്കാൻ ഐ.ഡി.ആർ.ബി.-യിൽനിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

**കളത്തിൻകടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

193(2856) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന ഏജൻസി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും ജലവിഭവ വകുപ്പ് പദ്ധതികളുടെ എസ്.പി.വി. ആയി പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

ഉണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് ചാലിയാർ പുഴയ്ക്കുകുറുകെ രണ്ട് റെഗുലേറ്റർ നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

നിലമ്പൂർ നിയോജകമണ്ഡലത്തിലെ കളത്തിൻകടവിൽ ചാലിയാറിനുകുറുകെ റെഗുലേറ്റർ-കം-ഫൂട്ട് ബ്രിഡ്ജ് നിർമ്മാണ പദ്ധതി (54 കോടി രൂപ). എടവണ്ണ പഞ്ചായത്തിലെ പന്നിപ്പാറ-പള്ളിമുക്കിൽ ചാലിയാറിനുകുറുകെ റെഗുലേറ്റർ നിർമ്മാണ പദ്ധതി (30 കോടി രൂപ).

(ബി) മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ചാലിയാർ പുഴയ്ക്കുകുറുകെ കളത്തിൻകടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പ്രവൃത്തി പ്രസ്തുത ഏജൻസിയുടെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഡി.പി.ആർ., ഡിസൈൻ എന്നിവ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയെന്നും ഈ തുക അനുവദിക്കാൻ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; ഇതുസംബന്ധിച്ച ഉത്തരവുകളോ നടപടിക്രമങ്ങളോ ആശയവിനിമയങ്ങളോ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി ഏതെങ്കിലും കാരണത്താൽ പരിഗണിക്കേണ്ടതില്ലെന്ന് കിഫ്ബി തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; പദ്ധതിയുടെ ഫയൽ കിഫ്ബി മടക്കി നൽകിയിട്ടുണ്ടോ

എന്നും ന്യൂനതകൾ പരിഹരിച്ച് വീണ്ടും സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാറിനുകുറുകെ കളത്തിൻ കടവിൽ റെഗുലേറ്റർ-കം-ഫൂട്ട് ബ്രിഡ്ജ് കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനായുള്ള പ്രവൃത്തിയുടെ ഡി.പി.ആർ.-ന് 30-10-2018-ലെ സർക്കാർ ഉത്തരവ് നമ്പർ G.O. (Rt) No.780/2018/WRD പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+). നിലമ്പൂർ നിയോജകമണ്ഡലത്തിലെ കളത്തിൻകടവിൽ ഭാഗത്ത് ചാലിയാർ നദിക്ക് കുറുകെ നിർമ്മിക്കുന്ന റഗുലേറ്റർ-കം-ഫൂട്ട് ബ്രിഡ്ജ് പദ്ധതിയുടെ എസ്.പി.വി. ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് 02-08-2019-ൽ സമർപ്പിച്ച ടി പദ്ധതിയുടെ 54 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് കിഫ്ബി പരിശോധിച്ച് അതിലെ ന്യൂനതകൾ വിവരിച്ച് 25-10-2019-ന് ഒരു സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടില്ല. പ്രസ്തുത റെഗുലേറ്റർ-കം-ഫൂട്ട് ബ്രിഡ്ജ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നത് നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലവിലുള്ള ആർ.സി.ബി.കളായ (റെഗുലേറ്റർ-കം-ബ്രിഡ്ജ്) ഓടക്കയം ആർ.സി.ബി.-യുടെയും പൂക്കോട്ടുമന ആർ.സി.ബി.-യുടെയും ഇടയിലായിട്ടാണ്. എന്നാൽ 2019 ആഗസ്റ്റിലെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ നിലമ്പൂർ പ്രദേശത്ത് കനത്ത മഴയാണ് ലഭിച്ചത്. ഇതുമൂലം നിലവിലുള്ള ഈ രണ്ട് ആർ.സി.ബി.-കൾക്ക് വെള്ളപ്പൊക്കംമൂലം കനത്ത നാശനഷ്ടം സംഭവിച്ചു. കൂടാതെ ജനറേറ്റർ മുറി, സമീപത്തെ റോഡ്, നദീതീരം, കാർഷിക ഭൂമി, വീടുകൾ എന്നിവയ്ക്ക് കനത്ത നാശനഷ്ടം സംഭവിക്കുകയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത പ്രദേശത്ത് വീണ്ടുമൊരു റെഗുലേറ്റർ-കം-ബ്രിഡ്ജ് വരുന്നതിൽ പ്രതിഷേധിച്ച് പ്രദേശവാസികൾ പ്രക്ഷോഭം നടത്തുകയും ചെയ്തു. മുൻ ജലസേചന വകുപ്പുമന്ത്രി വിളിച്ചുചേർത്ത അവലോകന യോഗത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പുതന്നെ ചാലിയാർ പുഴയിൽ ഒരു വിശദമായ പഠനം വേണമെന്ന് നിർദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്താവുന്നതാണ്.

(ഇ) പ്രസ്തുത ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണെന്നും ഫയൽ നമ്പരും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പരുമടക്കമുള്ള വിശദാംശവും ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കെ.ഐ.ഐ.ഡി.സി.-യുടെ ഫയൽ നമ്പർ KIIDC/306/KIIFB-RCB/KLTHKVD/2018 ആണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കെ.ഐ.ഐ.ഡി.സി. ഉദ്യോഗസ്ഥരുടെ വിശദാംശം ചുവടെചേർക്കുന്നു.

1. ശ്രീ. തിലകൻ എസ്.,ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (ഫോൺ നമ്പർ: +91 9447332645)
2. ശ്രീമതി ശോഭ കെ. എസ്., ഡെപ്യൂട്ടി ജനറൽ മാനേജർ, ഫോൺ നമ്പർ: +91 9387829772

**ബാവിക്കര പാലം**

194(2857) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര തടയണയ്ക്ക് സമീപം പാലം നിർമ്മിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ; ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുവേണ്ടി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഐ.ഡി.ആർ.ബി.-യിലേയ്ക്ക് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ അനുബന്ധ റോഡുകളുടെ ഡിസൈൻ സംബന്ധിച്ച് കൂടുതൽ വിശദാംശം ലഭ്യമാക്കണമെന്ന ഐ.ഡി.ആർ.ബി.-യുടെ നിർദ്ദേശപ്രകാരം അതുസംബന്ധിച്ച റിപ്പോർട്ട് കീഴ്കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കോരപ്പുഴ അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്യുന്ന പ്രവൃത്തി**

195(2858) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോരപ്പുഴ അഴിമുഖത്ത് ഡ്രഡ്ജിംഗ് നടത്തി അടിഞ്ഞുകൂടിയ മണൽ നീക്കംചെയ്യുന്ന പ്രവൃത്തിയുടെ തൽസ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കോരപ്പുഴയുടെ അഴിമുഖത്ത് നടപ്പിലാക്കുന്ന ഡ്രഡ്ജിംഗ് പ്രവൃത്തിക്കുവേണ്ടി 25-02-2022-ൽ കരാർ ഉടമ്പടി വയ്ക്കുകയും 04-03-2022-ന് സ്ഥലം കൈമാറുകയും ചെയ്തിട്ടുള്ളതാണ്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതിനാൽ ഡ്രഡ്ജ് ചെയ്തെടുക്കേണ്ട മണ്ണിന്റെ ക്വാണ്ടിറ്റി കണക്കാക്കുന്നതിനുവേണ്ടി ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്താൻ ചീഫ് ഹൈഡ്രോഗ്രാഫർ 7,63,084/- രൂപയുടെ ഇൻവോയ്സ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ആവശ്യമായ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(ബി) പ്രവൃത്തി അടിയന്തരമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

04-03-2022-ന് മേൽപ്രവൃത്തിയുടെ site hand over നടപ്പിലാക്കിയതിനുശേഷം 24-03-2022-ന് സ്ഥലം എം.എൽ.എ., വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവർകളുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട് കളക്ടറുടെ സാന്നിദ്ധ്യത്തിൽ ഇറിഗേഷൻ വകുപ്പ് ഓഫീസർമാരും കരാറുകാരനും കോരപ്പുഴ സംയുക്ത സംരക്ഷണസമിതി പ്രതിനിധികളുംകൂടി യോഗംചേർന്ന് പ്രവൃത്തി എത്രയും പെട്ടെന്ന്

നടപ്പിലാക്കാൻവേണ്ട തീരുമാനമെടുത്തിട്ടുണ്ട്. അഴിമുഖത്ത് പ്രവൃത്തി നടപ്പിലാക്കേണ്ടതിനാൽ കാലവർഷം അവസാനത്തോടെ കാലാവസ്ഥ അനുകൂലമാകുന്നതിന് അനുസരിച്ച് ആഗസ്റ്റ്, സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തിട്ടുള്ളതാണ്.

## പരപ്പാൽ തീരസംരക്ഷണം

196(2859) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തി ഡിസൈൻ ചെയ്യുന്നതിന് ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) കാലവർഷവും പ്രകൃതിക്ഷോഭവും കാരണം വലയുന്ന പ്രദേശവാസികൾക്ക് ആയതിന് ശാശ്വതപരിഹാരം കാണുന്നതിന് മേൽവിഷയവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാരിനുള്ള ഐ.ആർ.2/175/20 എന്ന ഫയൽ അടിയന്തരമായി പരിശോധിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. 17-12-2020-ലെ സ.ഉ. (സാധാ) നം.767/2020/ജ.വി.വ. പ്രകാരമാണ് ടി പ്രവൃത്തിക്ക് 12 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ 9.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത്. എന്നാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടുത്തണമെന്നുള്ളതിനാൽ പുതുക്കിയ എസ്റ്റിമേറ്റ്, പ്രൈസ് മുഖാന്തരം തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

## പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈനുവേണ്ടി ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ്

197(2860) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈനുവേണ്ടിയുള്ള ഹൈഡ്രോളിക് മോഡൽ സ്റ്റഡീസ് പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; ഇതുസംബന്ധിച്ച ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) 2020-ൽ ഭരണാനുമതി ലഭിച്ച മേൽപ്രവൃത്തിക്ക് തുക അനുവദിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) മേൽപ്രവൃത്തി നടപ്പിലാക്കാനാവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കാമോ?

(എ-സി) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. 17-12-2020-ലെ സ.ഉ. (സാധാ) നം.767/2020/ജ.വി.വ. പ്രകാരമാണ് ടി പ്രവൃത്തിക്ക് 12 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ 9.3 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത്. എന്നാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടുത്തണമെന്നുള്ളതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് മുഖാന്തരം തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്.

**മോര്യാകാപ്പ് ജലസേചന പദ്ധതി**

198(2861) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാകാപ്പ് ജലസേചന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി അവശേഷിക്കുന്ന നടപടികൾ വിശദമാക്കാമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് " Improvements of Moryakapp (Farmer' s Natural Water Source) at Nannambra Panchayath in Malappuram District - Phase I" എന്നപേരിലുള്ള പ്രവൃത്തി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 03-03-2019-ലെ നടപടിക്രമ നമ്പർ DB3/214/05 പ്രകാരം റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തതാണ്. തുടർന്ന് ഡി.എസ്.ആർ. 2018 പ്രകാരമുള്ള നിരക്ക് നിലവിൽ വന്നിട്ടുള്ളതിനാൽ അതുപ്രകാരം ഡി.പി.ആർ. തയ്യാറാക്കി നൽകാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ പ്രൈസ് 1-ന്റെ അപ്ഡേഷൻ പ്രൈസ്-3 നിലവിൽ വന്നതുകാരണം എസ്റ്റിമേറ്റ് പ്രൈസ് 3-യിൽ തയ്യാറാക്കി സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനും

ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു; എത്ര തുക വീതം; വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2, വോള്യം 2-ൽ ക്രമനമ്പർ 1793 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി മോര്യാകാപ്പ് ജലസേചന പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയുടെ (500 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(സി) പ്രസ്തുത പ്രവൃത്തിക്ക് മുമ്പ് ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയെങ്കിലും ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം അറിയിക്കുമോ; അന്ന് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; ഉണ്ടെങ്കിൽ ആയത് സർക്കാരിൽ സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ?

2019-20 സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2, വോള്യം 2-ൽ ക്രമനമ്പർ 1793 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ

ഉൾപ്പെടുത്തി മോര്യാകാപ്പ് ജലസേചന പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയുടെ (500 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 05-07-2018-ൽ കേരള ഹൈക്കോടതി WA No. 1103/2018 കേസുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 25-03-2019-ലെ ജി.ഒ. (ആർ.ടി) നമ്പർ 212/2019/WRD സർക്കാർ ഉത്തരവ് പ്രകാരം തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഡി.എസ്.ആർ. 2016 പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചുവെങ്കിലും ഡി.പി.ആർ. ലഭിച്ചിരുന്നില്ല. ഇപ്പോൾ ഡി.എസ്.ആർ. 2018 നിലവിൽ വന്നതിനാൽ ഡി.എസ്.ആർ. 2018 പ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് പ്രൈസ് 3-ൽ തയ്യാറാക്കി നൽകുന്നതിനും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ആരെങ്കിലും പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ പരാതിയുടെ ഉള്ളടക്കവും പരാതിക്കാരന്റെ വിവരങ്ങളും വിശദീകരിക്കാമോ?

മോര്യാകാപ്പിലെ പഴയ പ്രവൃത്തിയുടെ കരാർ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനെതിരെ കരാറുകാരൻ കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസല്ലാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ മറ്റ് പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെറുതാഴത്തെ വി.സി.ബി.-കം-ട്രാക്ടർവേ**

199(2862) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതുറ തോടിനുകുറുകെ കണ്ടത്ത് എന്നസ്ഥലത്ത് വി.സി.ബി.-കം-ട്രാക്ടർ വേ നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതുറ തോടിനുകുറുകെ വി.സി.ബി.-കം-ട്രാക്ടർവേ നിർമ്മിക്കുന്നതിന്

സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. ഈ പദ്ധതിക്ക് MI Class II ഹരിതകേരളം സ്കീമിലുൾപ്പെടുത്തി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 10-05-2021-ന് 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികാനുമതി നൽകിയിട്ടില്ലായിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇപ്പോൾ പ്രാബല്യത്തിലുള്ള ഡി.എസ്.ആർ. 2018-ന്റെ നിരക്കിലേയ്ക്ക് പുതുക്കുമ്പോൾ എസ്റ്റിമേറ്റ് തുക 41.10 ലക്ഷം രൂപയായി വർദ്ധിക്കുന്നതാണ്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ പ്രൈസ് 1-ന്റെ അപ്‌ഡേഷൻ പ്രൈസ്-3 നിലവിൽവരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് 3-ൽ തയ്യാറാക്കി പ്രവൃത്തിയുടെ ആവശ്യകത, സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതു ഉപയോഗം എന്നിവ പരിഗണിച്ച് അംഗീകാരം നൽകുന്നതിന്ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

**അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട്**

200(2863) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

അരൂർ നിയോജകമണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് "Restoration of eco system" എന്ന ശീർഷകത്തിലുൾപ്പെടുത്തി 10 പദ്ധതികൾക്ക് 27.30 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. അരൂർ നിയോജകമണ്ഡലത്തിന്റെ ഭാഗങ്ങളായ പാണാവള്ളി, ചേന്നംപള്ളിപ്പുറം, തൈക്കാട്ടുശ്ശേരി, തുറവൂർ എന്നീ പഞ്ചായത്തുകളിലെ വിവിധ വാർഡുകളിലുൾപ്പെട്ട ചെറുതും വലുതുമായ കൃഷിയിടങ്ങളും ജലാശയങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന തോടുകളുടെ ആഴം വർദ്ധിപ്പിച്ച് ജല ആഗമന നിർഗ്ഗമനശേഷി വർദ്ധിപ്പിക്കുന്നതിന് എസ്.ഡി.ആർ.എഫ്. (SDRF) പദ്ധതിയിൽ ഉൾപ്പെടുത്തി ഡീസിൽറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വെള്ളക്കെട്ട് പരിഹരിക്കുന്നതിന് പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ വിശദമാക്കാമോ?

വെള്ളക്കെട്ട് പരിഹരിക്കുന്നതിന് അരൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വൈപ്പിൻ മണ്ഡലത്തിൽ ഡിസാലിനേഷൻ പ്രോജക്റ്റ്

201(2864) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പത്ത് സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ ഡീസാലിനേഷൻ പ്രോജക്ടിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(എ&ബി) കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 06-11-2021-ന് മുനമ്പം ഹാർബർ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ 15 ദിവസത്തിനകം ഡീസാലിനേഷൻ പ്രോജക്ടിന്റെ PER തയ്യാറാക്കാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT)-യോട് നിർദ്ദേശിക്കാൻ തീരുമാനിക്കുകയും ആയതുപ്രകാരം നവംബർ 2021-ൽത്തന്നെ സമർപ്പിക്കുകയും പ്രസ്തുത PER 14-01-2022-ൽ എം.എൽ.എ. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ, പഞ്ചായത്ത് അധികൃതർ, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ പ്രതിനിധികളുമായി ചേർന്ന് ഗൂഗിൾ

മീറ്ററുവഴി അവതരിപ്പിക്കുകയും ചെയ്തു. പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29-01-2022-ലെ തീരുമാനപ്രകാരം മുനമ്പം ഹാർബറിൽ ഡീസാലിനേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്. ഡീസാലിനേഷൻ പദ്ധതി മുന്നോട്ടുപോകുന്നതിന് ടി പദ്ധതിക്ക് വാട്ടർ അതോറിറ്റി കണ്ടെത്തിയ സ്ഥലം വിട്ടുകിട്ടേണ്ടതായിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കുമാത്രമെ മറ്റ് പഠനങ്ങളും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടും തയ്യാറാക്കി ടി ഡീസാലിനേഷൻ പദ്ധതിയുമായി കേരള വാട്ടർ അതോറിറ്റിക്ക് മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

**പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷന്റെ കൈവശമുള്ള ഭൂമി**

202(2865) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ പെരുവണ്ണാമൂഴിയിലുള്ള കുറ്റ്യാടി ഇറിഗേഷന്റെ കൈവശമുള്ള ഭൂമി കേന്ദ്ര റിസർവ് പോലീസ് ക്യാമ്പിനുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് വിട്ടുകൊടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ചക്കിട്ടപ്പാറ വില്ലേജിൽ U/S No. 21-ൽപ്പെട്ടതും ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതുമായ 40 ഏക്കർ ഭൂമി സി.ആർ.പി.എഫ്. ഹെഡ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പ്രതിവർഷം ഏക്കറിന് 100 രൂപ നിരക്കിൽ 30 വർഷക്കാലത്തേയ്ക്ക് 09-04-2013-ലെ ജി.ഒ.(എം.എസ്) നം.134/2013/ആർ.ഡി. പ്രകാരം പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) എത്ര കാലത്തേയ്ക്കാണെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമി വിട്ടുകൊടുത്തതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

09-04-2013-ലെ ജി.ഒ.(എം.എസ്) നം.134/2013/ആർ.ഡി. പ്രകാരം 30 വർഷത്തേയ്ക്ക് പാട്ടക്കരാർ അടിസ്ഥാനത്തിലാണ് 40 ഏക്കർ ഭൂമി വിട്ടുനൽകിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(സി) ഏത് കരാറിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമി വിട്ടുനൽകിയത്; കരാറിന്റെ വ്യവസ്ഥകൾ വിശദമാക്കാമോ; കരാറിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഭൂമി തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

09-04-2013-ലെ ജി.ഒ.(എം.എസ്) നം.134/2013/ആർ.ഡി. പ്രകാരമാണ് ജലസേചന വകുപ്പിന്റെ അധീനതയിലുള്ള 40 ഏക്കർ ഭൂമി സി.ആർ.പി.എഫ്. ഹെഡ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് പാട്ടക്കരാർ അടിസ്ഥാനത്തിൽ വിട്ടുനൽകിയത്. 30 വർഷത്തേയ്ക്ക് പ്രതിവർഷം ഏക്കറിന് 100 രൂപ നിരക്കിൽ 09-04-2013-ലെ ജി.ഒ.(എം.എസ്) നം.134/2013/ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ഭൂമി വിട്ടുനൽകിയിട്ടുള്ളത്. കരാറിലെ വ്യവസ്ഥകളടങ്ങിയ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+. നിലവിൽ ഈ സ്ഥലത്ത് സി.ആർ.പി.എഫ്. -ന്റെ ജംഗിൾ ക്യാമ്പ് മാത്രമാണ് നടന്നുവരുന്നത്.

**സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകൽ**

203(2866) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരസഭയിലെ കീച്ചേരി പ്രദേശത്തെ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ&ബി) മട്ടന്നൂർ നഗരസഭയിലെ കീച്ചേരിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷയിന്മേൽ പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ കുഴൽക്കിണർ നിർമ്മാണം**

204(2867) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വാട്ടർ റീ ചാർജ്ജ് വ്യവസ്ഥയോടെ കർഷകർക്ക് കുഴൽക്കിണർ നിർമ്മിക്കുന്നതിന് നിലവിൽ അനുമതി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഭൂജല വകുപ്പ് കാസർഗോഡ് ഓഫീസിൽനിന്നും കൃഷി ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾക്കായി വാട്ടർ റീ ചാർജ്ജ് വ്യവസ്ഥയോടുകൂടി കുഴൽക്കിണർ നിർമ്മാണത്തിനായി അനുമതി നൽകുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ കാർഷിക ജലസേചനത്തിന് മറ്റ് വഴികളില്ലാതെ കഷ്ടപ്പെടുന്ന കർഷകർക്ക് വാട്ടർ റീ ചാർജ്ജ് വ്യവസ്ഥയോടെ കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ജില്ലയിൽ എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്; വിശദാംശം നൽകാമോ?

പ്രസ്തുത ആവശ്യത്തിനായി 136 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

**ഷൊർണ്ണൂർ മണ്ഡലത്തിലെ കുളങ്ങളും കിണറുകളും റീചാർജ്ജിംഗ്**

205(2868) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റികളിലെയും വാണിയംകുളം, തൃക്കടീരി, വെള്ളിനേഴി, നെല്ലായ, അനങ്ങനടി, ചളവറ ഗ്രാമപഞ്ചായത്തുകളിലെയും പൊതുകുളങ്ങളും കിണറുകളും റീചാർജ്ജ് ചെയ്യുന്നതിന് 2021 നവംബറിൽ ഗ്രൗണ്ട് വാട്ടർ വകുപ്പിന് സ്ഥലം എം.എൽ.എ. നൽകിയ കത്തുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂജല വകുപ്പിന് സ്ഥലം എം.എൽ.എ. നൽകിയ കത്തുമായി ബന്ധപ്പെട്ട ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റികളിലെയും വാണിയംകുളം, തൃക്കടീരി, വെള്ളിനേഴി, നെല്ലായ, അനങ്ങനടി, ചളവറ ഗ്രാമപഞ്ചായത്തുകളിലെയും പൊതുകുളങ്ങളും കിണറുകളും റീചാർജ്ജ് ചെയ്യുന്നതിനായി ലഭിച്ച പ്രൊപ്പോസലുകൾ 2022-23 സാമ്പത്തിക വർഷത്തിലെ ഭൂജല വകുപ്പിന്റെ ഭൂജല സംരക്ഷണവും സംപോഷണവും എന്ന പദ്ധതിയിൽ നടപ്പിലാക്കുന്നതിനായി ഫീസിബിലിറ്റി പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കുഴൽക്കിണർ നിർമ്മാണത്തിലെ കാലതാമസം

206(2869) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ആവശ്യത്തിനായി ഭൂജല വകുപ്പ് മുഖാന്തരം കുഴൽക്കിണർ നിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെറിയ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ വകുപ്പിന്റെ റിഗ്ഗുകളുടെ എണ്ണത്തിനനുസരിച്ച് അധികം കാലതാമസം വരുത്താതെ കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പുതിയ 6 റിഗ്ഗുകൾകൂടി വാങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) കുഴൽക്കിണർ നിർമ്മാണത്തിനായി അനുവദിക്കുന്ന സബ്സിഡി എത്രയാണെന്നും സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഡ്രില്ലിംഗ് ചാർജ്ജിന്റെ 50 ശതമാനം സബ്സിഡി കൃഷി ആവശ്യത്തിനുവേണ്ടിയുള്ള കുഴൽക്കിണർ നിർമ്മാണത്തിന് നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട അപേക്ഷകർ ഇടത്തരം/നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കുന്നുണ്ട്.

**വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

207(2870) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ആഗസ്റ്റ് 15-ഓടെ വാട്ടർ അതോറിറ്റിയുടെ സേവനങ്ങൾ ഡിജിറ്റലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. വാട്ടർ അതോറിറ്റി അതിന്റെ എല്ലാ സേവനങ്ങളും 2022 ആഗസ്റ്റ് 15-നകം ഓൺലൈനായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ കുടിവെള്ളം, സ്വീവേജ് കണക്ഷനുകളെടുക്കൽ, വെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള പേമെന്റ് തുടങ്ങിയവ ഇതിനകംതന്നെ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. മാത്രമല്ല ഉപഭോക്താക്കൾക്ക് ഓഫീസുകളിൽവന്ന് ക്യൂ നിൽക്കാതെ ഓൺലൈൻ മുഖേന വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കേടായ മീറ്റർ മാറ്റിസ്ഥാപിക്കൽ, ഉടമസ്ഥാവകാശ മാറ്റം, കാറ്റഗറി കൺവെർഷൻ, കണക്ഷൻ മാറ്റം തുടങ്ങിയ കണക്ഷനുമായി ബന്ധപ്പെട്ട മറ്റ് സേവനങ്ങൾ ഓൺലൈനായി മാറ്റുന്നതിനുള്ള പ്രവർത്തനം നടക്കുന്നു. ആയത് പരീക്ഷണ ഘട്ടത്തിലാണ്.

(ബി) ഉപഭോക്താവ് ആവശ്യപ്പെടുന്നപക്ഷം മീറ്റർ റീഡിംഗ് നടത്തിയാലുടൻ ബിൽ നൽകുന്നതിന് മീറ്റർ റീഡർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

നൽകിയിട്ടുണ്ട്.

(സി) മീറ്റർ റീഡിംഗ് എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ അറിയിക്കുന്ന സംവിധാനത്തിനൊപ്പം സ്പോട്ട് ബില്ലുകൂടി നൽകാൻ നടപടി സ്വീകരിക്കാമോ?

മീറ്റർ റീഡിംഗ് എസ്.എം.എസ്. മുഖേന ഉപഭോക്താക്കളെ അറിയിക്കുന്ന സംവിധാനത്തോടൊപ്പം സ്പോട്ട് ബില്ലുകൂടി എല്ലാ ഉപഭോക്താക്കൾക്കും നൽകുന്ന സംവിധാനം നിലവിലുണ്ട്.

(ഡി) ഉപഭോക്താക്കൾ പലരും യഥാർത്ഥ ഉടമകളല്ലെന്ന സങ്കീർണ്ണമായ പ്രശ്നം പരിഹരിക്കാൻ സ്പോട്ട് ബില്ലിംഗ് സിസ്റ്റം തിരുവനന്തപുരം നോർത്ത്, സൗത്ത് ഡിവിഷനുകളിൽ വീണ്ടും നടപ്പിലാക്കാമോ?

സ്പോട്ട് ബില്ലിംഗ് സംവിധാനം നിലവിലുള്ളതിനാൽ യഥാർത്ഥ ഉടമയ്ക്ക് ബിൽ സംബന്ധിച്ച വിവരങ്ങൾ അറിയാൻ കഴിയും.

(ഇ) മീറ്റർ റീഡിംഗ് യഥാസമയം നടക്കാത്തതുമൂലം ഉപഭോക്താക്കൾ വൻതുക അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ?

എല്ലാ ഉപഭോക്താക്കൾക്കും കൃത്യമായി ബിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടുണ്ട്. അഥവാ

റീഡിംഗ് എടുക്കാത്തതുമൂലം ബിൽ സംബന്ധമായ എന്തെങ്കിലും പരാതിയുണ്ടായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് പരിഹാരം കാണുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

## വാട്ടർ അതോറിറ്റി ഓഫീസുകളുടെ അധികാരപരിധി പുനഃസംഘടന

208 (2871) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ഓഫീസുകളുടെ ജ്യൂറിസ്ഡിക്ഷൻ പുനഃസംഘടിപ്പിക്കുന്നത് പരിഗണിക്കാമോ;

(ബി) ആയത് നിയോജകമണ്ഡല അടിസ്ഥാനത്തിലോ റവന്യൂ ഡിസ്ട്രിക്ട്, താലൂക്ക് അടിസ്ഥാനത്തിലോ പഞ്ചായത്ത് അടിസ്ഥാനത്തിലോ പുനഃസംഘടിപ്പിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ച് പഠനം നടത്താമോ;

(സി) ജലജീവൻ മിഷനിലുൾപ്പെട്ട് ഭൂരിഭാഗം വീടുകളിലും ജല അതോറിറ്റി മുഖേന വെള്ളമെത്തുന്ന സാഹചര്യത്തിൽ പുനഃസംഘടന അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാമോ?

(എ-സി) കേരള വാട്ടർ അതോറിറ്റിയുടെ സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്ത് അടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.) പ്രസ്തുത സമിതി തയ്യാറാക്കിയ കരട്, ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക്ഷോപ്പിലും ചർച്ച ചെയ്തു. അതിനെ തുടർന്നുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**പൊൻകുന്നം സബ്ഡിവിഷന് പുതിയ കെട്ടിടം**

209(2872) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പൊൻകുന്നത്തെ സബ്ഡിവിഷൻ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നിലവിൽ പൊൻകുന്നം സബ്ഡിവിഷൻ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെയെന്ന് വ്യക്തമാക്കാമോ?

വാട്ടർ അതോറിറ്റിയുടെ പൊൻകുന്നം സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ച് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പൊൻകുന്നം സബ്ഡിവിഷൻ ഓഫീസുകൂടി പ്രവർത്തിക്കത്തക്കരീതിയിൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്ലാനും 72 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷംതന്നെ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പ്ലാൻ write up പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുള്ള വിവിധ പദ്ധതികളിൽ അതോറിറ്റിയുടെ നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള അനുമതിയാണുള്ളത്. പുതിയ കെട്ടിടം പണിയുന്നതിനുള്ള അനുമതിയില്ല. കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള സിവിൽ ഘടനകളുടെ നവീകരണമെന്ന പദ്ധതിയിൽ 2022-23 സാമ്പത്തികവർഷം 500 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിൽ 457.70 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി നൽകിക്കഴിഞ്ഞു. വാട്ടർ അതോറിറ്റിയുടെ

പൊൻകുന്നം സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്ന പഴയ കെട്ടിടം പൊളിച്ച് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പൊൻകുന്നം സബ്ഡിവിഷൻ ഓഫീസുകൂടി പ്രവർത്തിക്കത്തക്ക രീതിയിൽ പുതിയ കെട്ടിടം പണിയുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ ഘടനാപരമായ സ്ഥിരത ഉറപ്പുവരുത്തി കെട്ടിടം നവീകരിച്ചെടുക്കാൻ സാധിക്കുന്നതാണെങ്കിൽ ആ രീതിയിൽ തുടർനടപടി സ്വീകരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഈ സാമ്പത്തിക വർഷംതന്നെ സ്വീകരിക്കുന്നതാണ്.

**റോഡ് വെട്ടിപ്പൊളിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

210(2873) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിന് റോഡുകൾ വെട്ടിപ്പൊളിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

കുടിവെള്ള പൈപ്പ് സ്ഥാപിക്കുന്നതിന് റോഡുകൾ മുറിക്കുന്നതിനായി RoW പോർട്ടൽ, സുഗമ പോർട്ടൽ എന്നിവ മുഖേന പൊതുമരാമത്ത്, നാഷണൽ ഹൈവേ മുതലായ വകുപ്പുകൾക്ക് അപേക്ഷ നൽകുകയും ഡിമാന്റ് നോട്ടീസ് അനുസരിച്ചുള്ള തുക അതാത് ഡിപ്പാർട്ടുമെന്റുകളിൽ അടച്ച് അനുമതി ലഭിക്കുന്ന മുറയ്ക്കുമാണ് (24-02-2022 വരെ) ഭരണാനുമതി

നൽകിയ പ്രവൃത്തികളുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കാറുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ 24-02-2022-ലെ ജി.ഒ. (എം.എസ്)നം.8/2022/പി.ഡബ്ല്യു.ഡി. പ്രകാരമുള്ള മാനദണ്ഡങ്ങളാണ് പൊതുമരാമത്ത് വകുപ്പ് റോഡ് മുറിക്കുന്നതിനായി നിലവിൽ സ്വീകരിച്ചുവരുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ബി) പുതുതായി ടാർ ചെയ്ത പഞ്ചായത്ത് റോഡുകൾ പൊളിക്കുന്നത് നിർത്തലാക്കി പകരം റോഡിന് അടിയിലൂടെ ഹോളുണ്ടാക്കി പൈപ്പുകൾ സ്ഥാപിക്കാൻ സാധിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

Horizontal Directional Drilling (HDD) വഴി റോഡ് പൊളിക്കുന്നത് പരിമിതപ്പെടുത്തി പൈപ്പ് സ്ഥാപിക്കാൻ സാധിക്കും. എന്നാൽ ഇതിനുള്ള ചെലവ് വളരെ കൂടുതലായതിനാൽ NHAI/Railway crossing തുടങ്ങിയവയ്ക്ക് മാത്രമേ നിലവിൽ എച്ച്.ഡി.ഡി. ചെയ്യുന്നുള്ളൂ. പഞ്ചായത്ത് റോഡുകൾ താരതമ്യേന വീതി കുറവായതിനാൽ യന്ത്രസാമഗ്രികൾവച്ച് എച്ച്.ഡി.ഡി. ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. പഞ്ചായത്ത് റോഡുകൾ കൂടുതലും ബി.എം.&ബി.സി. നിലവാരത്തിലുള്ള ടാറിംഗ് അല്ലാത്തതിനാൽ എച്ച്.ഡി.ഡി. ചെയ്യുന്നതിനുള്ള ചെലവുമായി താരതമ്യം ചെയ്യുമ്പോൾ റോഡ് പുനഃസ്ഥാപിക്കുന്നതിനുള്ള തുക കുറവാണ്. എച്ച്.ഡി.ഡി. രീതിയിൽ പൈപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സ്ഥാപിക്കുന്നതിന് സമയദൈർഘ്യം കൂടുതലാണ്. ഈ കാരണങ്ങൾകൊണ്ട് പഞ്ചായത്ത് റോഡുകളിൽ പൈപ്പ് സ്ഥാപിക്കാൻ എച്ച്.ഡി.ഡി. രീതി അവലംബിക്കാറില്ല.

## മങ്കട മണ്ഡലത്തിലെ ജലജീവൻ പദ്ധതി

211(2874) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ ജലജീവൻ പദ്ധതിയിലൂടെ എത്ര വീടുകളിൽ കുടിവെള്ളം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി വിവരങ്ങളും ചെലവഴിച്ച തുകയുടെ വിവരങ്ങളും പഞ്ചായത്തുതിരിച്ച് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ?

മൂർക്കനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി വിപുലീകരണമെന്ന പദ്ധതിയുടെ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ എന്നിവയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഘടകങ്ങളുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും സ്ഥലങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടി പുരോഗമിക്കുന്നു. കുറുവ ഗ്രാമപഞ്ചായത്തിൽ KRWSA മുഖേന നടപ്പിലാക്കിയ ജലജീവൻ പ്രവൃത്തികൾ പൂർത്തീകരിച്ചു.

## നെന്മാറ മണ്ഡലത്തിലെ ജലജീവൻ പദ്ധതി

212(2875) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ജലജീവൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

നെന്മാറ നിയോജകമണ്ഡലത്തിൽ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ള കണക്ഷനുകൾ ഉറപ്പുവരുത്തുന്ന പ്രവൃത്തികൾക്ക് ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി&സി) പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

213(2876) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

തൃപ്പങ്ങോട്ടൂർ, കുന്നോത്തുപറമ്പ എന്നീ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതികൾ സമീപ ആർ.എം.എഫ്. പഞ്ചായത്തുകളായ ന്യൂമാഹി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാങ്ങാട്ടിടം, ചൊക്ലി എന്നീ മൂന്ന് പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതികൾകൂടി ഉൾപ്പെട്ട സംയോജിത കുടിവെള്ള പദ്ധതിയായിട്ടാണ് നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇരിട്ടി മുൻസിപ്പാലിറ്റിയിലെ എടക്കാനത്ത് 20 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി 150 സെന്റ് സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനായി ഇരിട്ടി മുനിസിപ്പൽ ചെയർപേഴ്സനെയും മേൽപ്പറഞ്ഞ 5 പഞ്ചായത്ത് പ്രസിഡന്റുമാരുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റി തുടർനടപടി ആരംഭിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ചതുപോലെ മൊകേരി പഞ്ചായത്തിലും പാട്യം പഞ്ചായത്തിലെ ചെറുവാഞ്ചേരി വില്ലേജിലും പദ്ധതിക്കാവശ്യമായ ഭൂമി ലഭ്യമാക്കാനുള്ള നടപടികൾ പഞ്ചായത്തുതലത്തിൽ നടന്നുവരുന്നുണ്ട്.

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവുമെന്ന് അറിയിക്കാമോ?

തലശ്ശേരി, കുത്തുപറമ്പ സംയോജിത കുടിവെള്ള പദ്ധതിയുടെ നിലവിലെ പുരോഗതിയനുസരിച്ച് 2023 അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## തവനൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി

214(2877) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ നിയോജകമണ്ഡലത്തിലെ തവനൂർ, കാലടി, എടപ്പാൾ, വട്ടംകുളം പഞ്ചായത്തുകളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജലജീവൻ പദ്ധതിയുടെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയായതെന്നും ഇനി പൂർത്തിയാകാനുള്ളതെന്നും വിശദമാക്കാമോ?

തവനൂർ നിയോജകമണ്ഡലത്തിലെ തവനൂർ, കാലടി, എടപ്പാൾ, വട്ടംകുളം എന്നീ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

തവനൂർ പഞ്ചായത്തിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ, 1900 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 191 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 63500 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 55545 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.

കാലടി പഞ്ചായത്തിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ, 1600 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 197 കുടിവെള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ഷനുകൾ നൽകുകയും ചെയ്തു. 40000 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 32982 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.

എടപ്പാൾ പഞ്ചായത്തിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ, 1500 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 124 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 45000 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 30902 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.

വട്ടംകുളം പഞ്ചായത്തിൽ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ഈ പ്രവൃത്തിയിൽ, 1900 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 201 കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തു. 74000 മീറ്റർ പൈപ്പ് ലൈൻ ദീർഘിപ്പിക്കാനുള്ള പ്രവൃത്തിയിൽ 57335 മീറ്റർ പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രവൃത്തി പുരോഗിച്ചുകൊണ്ടിരിക്കുന്നു.

ഈ നാല് പഞ്ചായത്തുകളിലെയും ഗ്രാവിറ്റി മെയിൻ, ഡിസ്ട്രിബ്യൂഷൻ, ജലസംഭരണി എന്നിവയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

## തലശ്ശേരി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പ്രവൃത്തികൾ

215(2878) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയാണെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും അറിയിക്കാമോ?

(എ&ബി) തലശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവ ഏതൊക്കെയാണെന്നും ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങളും വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**തിരുവമ്പാടി മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

216(2879) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ കോടഞ്ചേരി, തിരുവമ്പാടി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിൽ നിലവിലുള്ള പൈപ്പ് ലൈനുകളിൽനിന്നും നൽകാവുന്ന കണക്ഷനുകൾ നൽകിക്കഴിഞ്ഞു. ഈ പഞ്ചായത്തുകളിലെ ശേഷിക്കുന്ന ഗാർഹിക കണക്ഷനുകൾ നൽകുന്നതിനും കൂടരഞ്ഞി, പുതുപ്പാടി എന്നീ പഞ്ചായത്തുകളിൽ കണക്ഷനുകൾ നൽകുന്നതിനുമുള്ള പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ നിലവിലുള്ള പൈപ്പ് ലൈനുകളിൽനിന്നും കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി 2022 സെപ്റ്റംബർ മാസത്തോടെ പ്രവൃത്തികൾ ആരംഭിച്ച് 2024-ഓടുകൂടി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്.

**ബാലുശ്ശേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ**

217(2880) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്?

ജലജീവൻ മിഷൻ പദ്ധതിയിലൂടെ എല്ലാ ഗ്രാമീണ വീടുകൾക്കും 2024-ഓടുകൂടി കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്?

ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിൽ നൽകിയ കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) ഒൻപത് ഗ്രാമപഞ്ചായത്തുകളിലെയും ജലജീവൻ മിഷൻ പ്രവൃത്തികൾ എത്ര ഘട്ടമായാണ് പൂർത്തീകരിക്കാൻ സാധിക്കുക; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ ബാലുശ്ശേരി പഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ 2022 ഡിസംബറിലും ബാക്കിവരുന്ന 8 പഞ്ചായത്തുകളിലെ പ്രവൃത്തികൾ 2024-ഓടുകൂടിയും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**ജലവിഭവ സംരക്ഷണ പദ്ധതികൾ**

218(2881) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ജലവിഭവ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ വിശദമാക്കാമോ; ഇതിനായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ജലവിഭവ സംരക്ഷണത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ജലസംഭരണികളുടെയും ജലസേചന കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തി ചോർച്ച തടഞ്ഞ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ചെറുകിട ജലസംഭരണികളുടെയും ജലസേചന കനാലുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് വാർഷിക പദ്ധതിയിൽ തുക ലഭ്യമാക്കാറുണ്ട്. അത് വിനിയോഗിച്ച് മുൻഗണനാക്രമത്തിൽ അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. പ്രളയാനന്തരം ജലസേചന നിർമ്മിതികൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായി റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (SDRF) എന്നീ സ്കീമുകൾക്കുകീഴിൽ ധനസഹായം നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലോകബാങ്ക് സഹായത്തോടെയുള്ള ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്)-ന്റെ ഒന്നാംഘട്ടത്തിൽ (2012-2021) ഉൾപ്പെടുത്തി ജലസേചന വകുപ്പിന്റെ 16 ഡാം/ബാരേജ്/റെഗുലേറ്ററുകളുടെ (മലമ്പുഴ ഡാം, നെയ്യാർ ഡാം, പീച്ചി ഡാം, വാളയാർ ഡാം, കുറ്റ്യാടി ഡാം, കാഞ്ഞിരപ്പുഴ ഡാം, ചിമ്മിനി ഡാം, മലങ്കര ഡാം, കല്ലട ഡാം, പോത്തുണ്ടി ഡാം, വാഴാനി ഡാം, മീങ്കര ഡാം, ചുള്ളിയാർ ഡാം, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ് മൂലത്തറ റെഗുലേറ്റർ) പുനരുദ്ധാരണവും അടിസ്ഥാനസൗകര്യ വികസനവും നടപ്പിലാക്കിയിരുന്നു. ഇതിൽ ചിമ്മിനി, കല്ലട, കാഞ്ഞിരപ്പുഴ, കുറ്റ്യാടി, മലമ്പുഴ, മീങ്കര, പഴശ്ശി, പോത്തുണ്ടി എന്നീ ഡാമുകളിലെ ചോർച്ച നിയന്ത്രിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി grouting/guniting എന്നിവ നടപ്പിലാക്കിയിരുന്നു. കൂടാതെ, seepage കുറയ്ക്കുന്നതിനായി കാഞ്ഞിരപ്പുഴ, കുറ്റ്യാടി എന്നീ ഡാമുകളിൽ Block Joint Treatment-ഉം Upstream Pointing-ഉം നടപ്പിലാക്കിയിട്ടുണ്ട്. ഡാമുകളുടെ ഷട്ടറുകളുടെ ചോർച്ച തടയുന്നതിനായി മെക്കാനിക്കൽ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. മൂലത്തറ റെഗുലേറ്ററിന്റെയും ഭൂതത്താൻകെട്ട് ബാരേജിന്റെയും ഷട്ടറുകൾ പൂർണ്ണമായും മാറ്റി പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ ഡാമുകളിലെ വിവിധ പരിശോധന സമയത്ത് കണ്ടെത്തുന്ന

അത്യാവശ്യ അറ്റകുറ്റപ്പണികൾ സംസ്ഥാന വാർഷിക ബഡ്ജറ്റിലുൾപ്പെടുത്തിയ തുകയിൽനിന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കിവരുന്നു. പീച്ചി ഡാമിന്റെ കനാലുകളുടെ ചോർച്ച നിയന്ത്രിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വാർഷിക ബഡ്ജറ്റിൽ തുക അനുവദിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയും നീരൊഴുക്ക് സുഗമമാക്കുന്നതിനായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കംചെയ്യുന്ന പ്രവൃത്തികളും ചെയ്തുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ ജലസംഭരണികളുടെ ചോർച്ച കണ്ടെത്തിയാൽ മെയിന്റനൻസ്, പ്ലാൻ ഫണ്ട് തുടങ്ങിയ ഹെഡ്ഡുകളിൽ പ്രവൃത്തികൾ ഉടനടി ചെയ്യിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ പ്രധാന ലക്ഷ്യങ്ങളിലുൾപ്പെട്ടതാണ് പ്രകൃതി വിഭവ പരിപാലനവും അതിന്റെ ഭാഗമായുള്ള മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങളും പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണവും. ഇതിൽ ഉൾപ്പെടുത്തി

പൊതുകുളങ്ങളുടെയും തോടുകളുടെയും നവീകരണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട്. ഇതിനുപുറമേ ചെക്ക് ഡാമുകൾ, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കിണർ റീചാർജ്ജിംഗ്, നീർച്ചാലുകൾ ആരംഭിക്കുന്നിടത്ത് ഗള്ളിപ്ലഗ്ഗിംഗ്, ഗാബിയോൺ തടയണകൾ, ബ്രഷ് വുഡ് തടയണകൾ, ലൂസ് ബൗൾഡർ തടയണകൾ, മൺതടയണകൾ, കോൺക്രീറ്റ് തടയണകൾ, നീർച്ചാലുകളുടെ വശങ്ങൾ ഇടിഞ്ഞുപോകാതെ സംരക്ഷിക്കൽ, മഴക്കുഴികൾ എന്നീ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്നുണ്ട്. ജലസംരക്ഷണ മേഖലയിൽ 2021-22 സാമ്പത്തികവർഷം 150368.63 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി സമഗ്ര നീർത്തട വികസന പരിപാടിയായി “ നീരുറവ്" എന്നപേരിൽ പ്രത്യേകം പരിപാടി ആരംഭിച്ചിട്ടുണ്ട്. ജലവിതരണത്തിന് മുന്നോടിയായുള്ള വാർഷിക അറ്റകുറ്റപ്പണികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തൊഴിലുറപ്പ് പദ്ധതിവഴി നടത്തിവരുന്നു. Room for River പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ 44 നദികളിലെ ചെളി/എക്കൽ നീക്കംചെയ്യുന്ന പ്രവൃത്തി MGNREGS മുഖേനയും വകുപ്പ് നേരിട്ടും നടപ്പിലാക്കിവരുന്നു. പാലക്കാട്

ജില്ലയിലെ എരുത്തേമ്പതി പഞ്ചായത്തിലെ മൂലത്തറ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വലതുകരയിലെ കനാലിൽ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പാക്കിയ മൂങ്കിൽമട കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിൽ ജലസംഭരണത്തിനായുള്ള ഭാഗത്ത് അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് മാറ്റാനും ഇരുകരകളിലെയും കാടുവെട്ടൽ പ്രവൃത്തികൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അവശ്യനടപടികൾ സ്വീകരിച്ചുവരുന്നു.

## മഞ്ചേശ്വരം മണ്ഡലത്തിലെ ജലജീവൻ പദ്ധതി

219(2882) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവൃത്തികളെല്ലാംതന്നെ 2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി**

220(2883) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പഞ്ചായത്ത് തലത്തിൽ ലക്ഷ്യമിട്ടതും അനുവദിച്ചതുമായ കണക്ഷനുകളുടെ പട്ടിക ലഭ്യമാക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും 100% ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് ജലജീവൻ മിഷനിൽ ഭരണാനുമതി നൽകിയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശവും പദ്ധതികളുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇതുസംബന്ധിച്ച് കോട്ടയം കളക്ടറേറ്റിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ ഏതെല്ലാം നടപ്പിലാക്കിയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകൾക്കായി ജലജീവൻ പദ്ധതിയിൽ ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് 100 സെന്റ് സ്ഥലവും ജലസംഭരണികൾ നിർമ്മിക്കുന്നതിനായി പ്രസ്തുത പഞ്ചായത്തുകളിൽ യഥാക്രമം 10, 8, 15 സെന്റുവീതം സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തണമെന്ന കളക്ടറുടെ യോഗതീരുമാനം അനുസരിച്ച് ലാൻഡ് അക്വിസിഷൻ നടപടി ത്വരിതപ്പെടുത്തുകയും നിലവിൽ വാല്യുവേഷൻ നടപടി സ്വീകരിച്ചുവരികയുമാണ്.

(സി) പൊതുമരാമത്ത് പാലങ്ങളുടെ മുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അറിയിപ്പ് ലഭിച്ചത്; പ്രസ്തുത തടസ്സങ്ങൾക്ക് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത്?

പൊതുമരാമത്ത് പാലങ്ങളുടെ മുകളിലൂടെ പൈപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുള്ളതിനാൽ ഇതുസംബന്ധിച്ച യോഗങ്ങളിൽ പൊതുമരാമത്ത് വകുപ്പ് തടസ്സം അറിയിച്ചിട്ടുണ്ട്. മണിമലയ്ക്കുള്ള കുടിവെള്ള വിതരണ ലൈൻ മണിമലയാറിനുകുറുകെ

കെ.എസ്.ടി.പി. പദ്ധതിപ്രകാരം പുതിയ പാലത്തിലൂടെ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നതാണ്. പുതിയ പാലത്തിന്റെ നിർമ്മാണം കെ.എസ്.ടി.പി. ഒഴിവാക്കിയതിനാൽ കെ.എസ്.ടി.പി.-ക്ക് പഴയ പാലത്തിലൂടെ പൈപ്പ് ലൈനിടാൻ സാധ്യമല്ലെന്നും കേരള ജല അതോറിറ്റി സ്വന്തം ഉത്തരവാദിത്വത്തിൽ അത് ചെയ്യണമെന്നും അറിയിച്ചിട്ടുണ്ട്. പാലത്തിന് മുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭിക്കാത്തതിനാൽ മണിമലയാറിനുകുറുകെ വെള്ളത്തിനടിയിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി പ്രാരംഭഘട്ടത്തിലാണ്. മണിമലയാറിൽ പാറയുടെ സാന്നിധ്യം കൂടുതലുള്ളതിനാൽ നീരൊഴുക്ക് കുറയുന്ന സമയത്തുമാത്രമേ വർക്ക് സാധ്യമാകൂ. ആയതിനാൽ അടുത്ത വേനൽ ആരംഭിക്കുന്നതിന് മുമ്പായി ടെണ്ടർ നടപടി പൂർത്തീകരിച്ച് തുടക്കത്തിൽത്തന്നെ പൈപ്പ് ലൈൻ സ്ഥാപിച്ച് വേനൽക്കാലത്ത് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്ന നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഇത് വളരെ ബുദ്ധിമുട്ടുള്ളതും സമയമെടുക്കുന്നതുമായ ജോലിയായതിനാൽ പ്രസ്തുത ബ്രിഡ്ജ് പുനഃസ്ഥാപിക്കാൻ പോകുന്ന സാഹചര്യത്തിൽ പാലത്തിന്റെ pier-നുമുകളിൽ സ്റ്റീൽ ഫ്രെയിം ചെയ്ത് 200 മില്ലീമീറ്റർ പൈപ്പ്

കൊണ്ടുപോകാനുള്ള അനുമതി ലഭിച്ചാൽ വേഗത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം സാധ്യമാക്കാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം നിലവിൽ കൊടുത്ത കണക്ഷനുകളിൽ അടിയന്തരമായി വെള്ളമെത്തിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

നിലവിൽ സ്ഥാപിക്കപ്പെട്ട കണക്ഷനുകളിലെ മണിമലയിലുള്ള 800 വീടുകളിൽ ശുദ്ധജലമെത്തിക്കാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു. ബാക്കിയുള്ളവ മണിമലയാറിന് കുറുകെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതോടുകൂടി ജലവിതരണം സാധ്യമാകുന്നതാണ്. നിലവിൽ കൊടുത്തിരിക്കുന്ന കണക്ഷനുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന് പ്രതിബന്ധമായി നിൽക്കുന്ന പഴയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനും പി.ഡബ്ല്യു.ഡി. പ്രവൃത്തികൾമൂലം നഷ്ടപ്പെട്ട പൈപ്പ് ലൈനുകൾ പുനഃസ്ഥാപിക്കുന്നതിനും മണിമലയാറിന് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം താഴെപ്പറയുന്ന പഞ്ചായത്തുകളിൽ കൊടുത്തിരിക്കുന്ന ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

പള്ളിക്കത്തോട് - 5, 6, 7, 8 വാർഡുകളിൽ 400 ഗാർഹിക ശുദ്ധജല കണക്ഷനുകൾ ചാർജ്ജ് ചെയ്ത് കുടിവെള്ളം നൽകിവരുന്നു.

വാഴൂർ - പതിനൊന്നാം വാർഡിൽ 650-ൽ 100 ഗാർഹിക കണക്ഷനുകൾ ചാർജ്ജ് ചെയ്ത് ശുദ്ധജലം നൽകിവരുന്നു.

വെള്ളാവൂർ - 40 ഗാർഹിക ശുദ്ധജല കണക്ഷനുകൾ ചാർജ്ജ് ചെയ്ത് ശുദ്ധജലം നൽകിവരുന്നു. ശേഷിക്കുന്ന കണക്ഷനുകൾ 2, 3 പാക്കേജുകൾ പൂർത്തിയാകുമ്പോൾ ശുദ്ധജലം നൽകാവുന്നതാണ്.

ചിറക്കടവ് - 200 ഗാർഹിക ശുദ്ധജല കണക്ഷനുകൾ ചാർജ്ജ് ചെയ്ത് ശുദ്ധജലം നൽകിവരുന്നു.

**പാല നിയോജകമണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതി**

221(2884) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല നിയോജകമണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

രാമപുരം ഉൾപ്പെടെയുള്ള 13 പഞ്ചായത്തുകൾക്ക് (കടനാട്, രാമപുരം, മേലുകാവ്, മൂന്നിലവ്, മീനച്ചിൽ, ഭരണങ്ങാനം, തലപ്പലം, തലനാട്, തിടനാട്, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, കൂട്ടിക്കൽ, തീക്കോയി) 100

ശതമാനം പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുവേണ്ടി മലങ്കര ഡാമിനെ സ്രോതസ്സാക്കി സമഗ്ര കുടിവെള്ള പദ്ധതി ജലജീവൻ മിഷൻ പദ്ധതിയിൽ ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നു. എന്നാൽ നാലാമത് SWSM അപെക്സ് കമ്മിറ്റിയിൽ ഈ പദ്ധതി പുനഃപരിശോധിക്കാനും പദ്ധതിയുടെ മറ്റ് സാദ്ധ്യതകൾ പരിശോധിച്ച് പുതുക്കിയ ഡി.പി.ആർ. ഭരണാനുമതിക്കായി സമർപ്പിക്കാനും നിർദ്ദേശിച്ചു. ഇതുപ്രകാരം ഈ പദ്ധതിയിലുൾപ്പെട്ട രാമപുരം, കടനാട്, മേലുകാവ്, മൂന്നിലവ് എന്നീ 4 പഞ്ചായത്തുകളെയുൾപ്പെടുത്തി മലങ്കര ഡാമിനെ സ്രോതസ്സാക്കി ഒരു സമഗ്ര പദ്ധതി വിഭാവനം ചെയ്യാനും മറ്റ് 9 പഞ്ചായത്തുകൾക്കുവേണ്ടി മീനച്ചിലാർ, മണിമലയാർ എന്നീ ആറുകളെ സ്രോതസ്സാക്കി പദ്ധതി വിഭാവനം ചെയ്യാനും തീരുമാനിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് രാമപുരം, കടനാട്, മേലുകാവ്, മൂന്നിലവ് എന്നീ പഞ്ചായത്തുകൾക്കായി മലങ്കര ഡാം സ്രോതസ്സായി 417.28 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മീനച്ചിൽ, ഭരണങ്ങാനം, തലപ്പലം, തിടനാട് എന്നീ പഞ്ചായത്തുകൾക്കായി മീനച്ചിലാർ

സ്രോതസ്സായി വിഭാവനം ചെയ്ത 303.78 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ജില്ലാ ശുചിത്വ സമിതിയിൽ അംഗീകരിച്ചിട്ടുണ്ട്. തലനാട് പഞ്ചായത്തിനുവേണ്ടി തയ്യാറാക്കിയ 55 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കും ജലജീവൻ മിഷനിലുൾപ്പെടുത്തി അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ?

പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആദ്യമേ ആരംഭിക്കുന്നതിനായി പഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകുന്നമുറയ്ക്ക് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ യോഗങ്ങൾ കൂടിയും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പേരാമ്പ്ര മണ്ഡലത്തിലെ ജലജീവൻ മിഷൻ**

222(2885) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തിയുടെ പുരോഗതി പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം ഗ്രാമീണ റോഡുകളിലുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 മുതൽ ഭരണാനുമതി നൽകിയ പദ്ധതികളിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ തുകയുംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. നിർവ്വഹണത്തിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം ഗ്രാമീണ റോഡുകളിലുണ്ടായ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അണക്കെട്ടുകളുടെ സംഭരണശേഷി ഉയർത്തൽ

223(2886) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**ശ്രീമതി ഉമ തോമസ്**: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് മണലും ചെളിയും നീക്കംചെയ്യാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വേനൽക്കാലത്ത് ജലക്ഷാമം നേരിടുന്നതിനും ഒരുപരിധിവരെ പ്രളയം നിയന്ത്രിക്കുന്നതിനും ഗുണകരമായിത്തീരുന്ന ഈ പദ്ധതി വിഭാവനം ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രളയകാല ദുരനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) സംസ്ഥാനത്തെ അണക്കെട്ടുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുന്നതിനുവേണ്ടി 26-09-2017-ലെ സ.ഉ. (കൈ) നം. 79/17/ജ.വി.വ., 14-05-2019-ലെ സ.ഉ. (കൈ) നം. 14/19/ജ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്.

ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാറടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മംഗലം ഡാമിന്റെ ജലസംഭരണികളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തികൾ 17-12-2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാൻ 30-05-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയും വാളയാർ, മീൻകര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെയും ഏൽപ്പിച്ചിട്ടുണ്ട്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡുമായി ചർച്ചകൾ നടത്തിവരികയാണ്. കേരള വാട്ടർ

അതോറിറ്റിക്ക് കീഴിൽവരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കാൻ 30-05-2022-ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

**പുഴകളുടെ സംരക്ഷണം**

224(2887) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരിക്കപ്പെട്ട നദികൾ, പുഴകൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും മാലിന്യ മുക്തമാക്കുന്നതിനും വെള്ളപ്പൊക്ക കെടുതികളിൽനിന്ന് സംരക്ഷിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ പുഴകളും നദികളും പൊതുവിൽ വിവിധതരത്തിലുള്ള മാലിന്യപ്രശ്നങ്ങൾ നേരിടുന്നുവെന്നത് ഉൾക്കൊണ്ടുകൊണ്ട് അവ മാലിന്യമുക്തമാക്കുന്നതിനും ഒഴുക്ക് സുഗമമാക്കുന്നതിനും വെള്ളപ്പൊക്ക കെടുതികളിൽനിന്നും സംരക്ഷിക്കുന്നതിനും വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന ഏജൻസികൾ - ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയാണ്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോതനുസരിച്ച് പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. ഇത് ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം മലിനീകരണ തോത് കുറച്ച് ജലം കുളിക്കുന്നതിന് ഉപയോഗ്യമാകുന്ന രീതിയിലാക്കുന്നതിന് വേണ്ടിയുള്ള ആക്ഷൻപ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് നൽകിയിട്ടുണ്ട്. മേൽസൂചിപ്പിച്ച നദീഭാഗങ്ങൾ മാലിന്യ മുക്തമാക്കുന്നതിനും സുഗമമായ ഒഴുക്ക് സാധ്യമാക്കുന്നതിനും മുൻഗണനാടിസ്ഥാനത്തിൽ അംഗീകൃത ആക്ഷൻപ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2) 2018, 2019 വർഷങ്ങളിലെ പ്രളയാനന്തരം നദികളുടെ അടിത്തട്ടിലും കരകളിലും നീരൊഴുക്കിലും മാറ്റം സംഭവിച്ചിട്ടുണ്ട്.

ഇതിനൊപ്പം എക്കൽ, മണ്ണ്, മണൽ, മറ്റ് പാഴ്വസ്തുക്കൾ എന്നിവ അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെടുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഇത് കണക്കിലെടുത്ത്, കേരളത്തിലെ 44 നദികളുടെയും ചുമതല ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും നിലവിലെ സ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നദികളിൽ അടിഞ്ഞുകൂടിയ ചെളിയും എക്കലും മറ്റ് മാലിന്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെയും ജലസേചന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും നീക്കംചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. ഇതിനോടകം 31 നദികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുകയും ബാക്കി നദികളിൽ പ്രവൃത്തി പുരോഗമിച്ചും വരുന്നു. ഇതുവഴി ജലത്തിന്റെ ഒഴുക്ക് സുഗമമാകുകയും അതുവഴി വെള്ളപ്പൊക്ക കെടുതികൾ ഒരുപരിധിവരെ ലഘൂകരിക്കുന്നതിനും സാധിക്കും.

3) ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി'- യുടെ ഭാഗമായി നദീതടത്തിനകത്തുവരുന്ന ചെറുനീർത്തടങ്ങളെ ആധാരമാക്കി "സംയോജിത നീർത്തട പ്ലാനുകൾ" റിഡ്ജ്-ടു-വാലി സമീപനത്തോടുകൂടി തയ്യാറാക്കിയതിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനുള്ള

മുൻഗണനാപട്ടിക നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന ബഡ്ജറ്റിലെ ഹരിതകേരളം ശീർഷകത്തിൽ ലഭ്യമാകുന്ന തുക വിനിയോഗിച്ച് ജലസ്രോതസ്സുകൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പുമുഖേന നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമേ ജനപങ്കാളിത്തത്തോടുകൂടി സന്നദ്ധപ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചുവരുന്നു. "ഇനിഞാനൊഴുകട്ടെ" എന്നപദ്ധതി ഇതിനുദാഹരണമാണ്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാറുണ്ട്. "സംയോജിത നീർത്തട പ്ലാനുകളുടെ" അടിസ്ഥാനത്തിൽ ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അധികജലം സംഭരിക്കാനോ/ഉൾക്കൊള്ളാനോ സാധ്യമാകുകയും ഒരുപരിധിവരെ വെള്ളപ്പൊക്കക്കെടുതികൾ നിയന്ത്രിക്കാനുമാകും. ഫണ്ടിന്റെ ലഭ്യതയും മുൻഗണന ക്രമവുമനുസരിച്ച് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

4) "മാലിന്യ രൂക്ഷതാ ലഘൂകരണം" ലക്ഷ്യമിട്ട് നദികളിലെ ജലലഭ്യത വർദ്ധിപ്പിച്ച് ആയത് സ്ഥായിയായി നിലനിർത്തുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി തടയണകൾ/റെഗുലേറ്ററുകൾ എന്നിവ

നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ജലസേചന വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. ഇതുവഴി നദികളിൽ ലഭ്യമാകുന്ന അധിക സംഭരണശേഷി പ്രയോജനപ്പെടുത്തി അവയെ ചെറുസംഭരണികളായി പരിണമിപ്പിച്ച് പ്രളയജലം ഉൾക്കൊള്ളുന്നതുവഴി വെള്ളപ്പൊക്ക കെടുതികൾ കുറച്ച് സമീപ പ്രദേശങ്ങളെ സംരക്ഷിക്കാനുമാകുന്നു.

(ബി) ഇതിനായി റൂം ഫോർ റിവർ, തെളിനീരൊഴുകും കേരളം തുടങ്ങിയ പദ്ധതികൾ നവകേരള കർമ്മപദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതികളുടെ കീഴിൽ ഏതെല്ലാം നദികൾ, പുഴകൾ, തോടുകൾ, ജലാശയങ്ങൾ എന്നിവ ഉൾപ്പെടുന്നുണ്ടെന്ന വിശദാംശം നൽകുമോ; പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്താമോ?

(ബി&സി) 2018-ലെ പ്രളയാനന്തരം ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നെതർലാൻഡ് സന്ദർശിക്കുകയും അവിടെ പ്രളയത്തെ തടയാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ വിലയിരുത്തുകയും ഇത് മാതൃകാപരമാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അവ കേരളത്തിൽ നടപ്പിലാക്കാൻ

ധാരണയായിട്ടുണ്ട്. “ റൂം ഫോർ റിവർ” എന്നപേരിൽ പൈലറ്റ് പദ്ധതിയായി കുട്ടനാട് പ്രദേശം തെരഞ്ഞെടുക്കുകയും വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചെന്നൈ, ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയ ദ്രവമാലിന്യ പരിപാലന സംവിധാനങ്ങളൊരുക്കി സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളെയും മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതാണ് "തെളിനീരൊഴുകും നവകേരളം" പദ്ധതിയുടെ പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ എല്ലാത്തരം ജലസ്രോതസ്സുകളെയും മാലിന്യ മുക്തമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ജലസ്രോതസ്സുകളിലെ ജലഗുണനിലവാരം പരിശോധിച്ച് മലിനീകരണത്തിന് കാരണമാകുന്ന ഘടകങ്ങളെ കണ്ടെത്തുകയും ജലസ്രോതസ്സുകളിലേയ്ക്ക് ആയതിന്റെ ഒഴുക്കില്ലാതാക്കുകയും മലിനീകരിക്കപ്പെട്ട ജലം ശാസ്ത്രീയമായി ശുദ്ധീകരിച്ച് ഉപയോഗ യോഗ്യമാക്കുന്നതിന് തദ്ദേശസ്ഥാപനതലത്തിൽ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കി സംസ്ഥാനത്തെ ജലാശയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ ഏതെല്ലാം നദികളെയും ജലാശയങ്ങളെയും പുഴകളെയുമാണ് മാലിന്യ മുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതെന്നും

സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പ്രധാന നദികളായ നെയ്യാർ, കരമന, വാമനപുരം, മാമം, അയിരൂർ എന്നീ നദികളെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിനുള്ള ഡീസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാമം, നെയ്യാർ എന്നീ നദികളിലും അവയുടെ കൈവഴികളിലും നീരൊഴുക്കിന് തടസ്സമായി അടിഞ്ഞുകൂടി കിടന്നിരുന്ന മണ്ണും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ അച്ചൻകോവിലാർ, മണിമലയാർ, പമ്പയാർ, വേമ്പനാട്ടുകായൽ എന്നിവയും അനുബന്ധ തോടുകളും മാലിന്യ മുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

## വാട്ടർ അതോറിറ്റി പുനഃസംഘടന

225(2888) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പൊതുമേഖല സ്ഥാപനമാണോ സ്വയംഭരണ സ്ഥാപനമാണോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കൃത്യമായ നിലപാട് അറിയിക്കാമോ?

1986-ലെ 198610540/Leg. C2/84/Law-ഓർഡർ നമ്പർ Kerala Water Supply and Sewerage Act അനുസരിച്ച് കേരള വാട്ടർ അതോറിറ്റിക്ക് "an autonomous authority" എന്ന നിർവ്വചനമാണ് നൽകിയിട്ടുള്ളത്.

(ബി) ജല അതോറിറ്റിയിൽ റീ-സ്ട്രക്ച്ചറിംഗിന് നടപടി സ്വീകരിക്കുന്നത് സർക്കാർ നിർദ്ദേശമനുസരിച്ചാണോ; ഇതിനായി എന്തെങ്കിലും മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ?

ജല അതോറിറ്റിയിലെ റീ-സ്ട്രക്ച്ചറിംഗ് നടപടികൾക്കായി സർക്കാർ നിർദ്ദേശമൊന്നും നിലവിലില്ല. അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യൂ ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ പ്രസ്തുത സമിതി തയ്യാറാക്കിയ കരട്, ജീവനക്കാരുടെ സംഘടനകളുമായും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക്ഷോപ്പിലും ചർച്ച ചെയ്യുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) കെ.ഡബ്ല്യു.എ.-യിലെ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ അറിയിക്കാമോ; ഇത് നികത്തുന്നതിന് സർക്കാർതലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഒഴിവുകളുടെ വിവരങ്ങളും അത് നികത്താൻ സ്വീകരിച്ചുവരുന്ന നടപടികളും അനുബന്ധമായി ചേർക്കുന്നു.+

**കുന്നത്തുനാട് മണ്ഡലത്തിലെ പൈപ്പ് മാറ്റൽ**

226(2889) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നതുമൂലം കുടിവെള്ള പ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കാലപ്പഴക്കംചെന്ന പൈപ്പുകൾ പൊട്ടുന്നതുമൂലം കുടിവെള്ള പ്രശ്നങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ എവിടെയെല്ലാം കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി വാഴക്കുളം, കിഴക്കമ്പലം, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിലെ എ.സി. പൈപ്പ് മാറ്റിയിടുന്നതിനായി 1700 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. കൂടാതെ രാജർഷി ജംഗ്ഷൻ മുതൽ കരിമുകൾ, അമ്പലമേട് വരെ 251 ലക്ഷം രൂപയും മീമ്പാറ മുതൽ പൂതൃക്ക വരെ 142 ലക്ഷം രൂപയും രാമമംഗലം മുതൽ ചൂണ്ടി വരെ 1334 ലക്ഷം രൂപയും ചൂണ്ടി ഓഫീസ് മുതൽ ചൂണ്ടി ജംഗ്ഷൻ വരെയുള്ള 98 ലക്ഷം രൂപയും ഉൾപ്പെടെ പൈപ്പ് മാറ്റിയിടുന്ന പ്രവൃത്തികൾക്കായി ആകെ 3525 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിൽ നിലവിൽ എവിടെയെല്ലാം പൈപ്പുകൾ മാറ്റിസ്ഥാപിക്കേണ്ടതായിട്ടുണ്ടെന്ന് അറിയിക്കാമോ; ആയതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പെരുങ്ങോട്, വടവുകോട് റോഡിൽ ഏകദേശം 1564 മീറ്റർ പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇതിനായി 47.3 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. അഞ്ചാം മൈൽ പാലം - കുറുപ്പുംപടി, നീലിമല റോഡ്, ഡബിൾ പാലം - കല്ലേട്ടി ചെങ്ങറ റോഡ്, പട്ടിമറ്റം - മാവിൻചുവട് റോഡ്, കൊട്ടുവേലിപ്പടവ് എസ്.സി. കോളനി റോഡ് എന്നിവിടങ്ങളിലേയ്ക്കായി 3500 മീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 27.98 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിലെ കാലപ്പഴക്കംചെന്ന 32400 മീറ്റർ വിതരണ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പുത്തൻകുരിശ്, പൂതൃക്ക, തിരുവാണിയൂർ എന്നീ പഞ്ചായത്തുകളിലേയ്ക്ക് ജലജീവൻ മിഷനിലുൾപ്പെടുത്തി പുതിയ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ജലസംഭരണി, വിതരണ ശൃംഖല, കുടിവെള്ള കണക്ഷനുകൾ എന്നിവയെല്ലാം പുതിയതായി സ്ഥാപിക്കാനുള്ള പദ്ധതിക്ക് 15707.64 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഐക്കരനാട്, മഴുവന്നൂർ, കുന്നത്തുനാട് എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതിയിൽപ്പെടുത്തി

ടി ജലശുദ്ധീകരണശാല, ഉന്നതതല ജലസംഭരണികൾ എന്നിവ നിർമ്മിച്ചും പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിച്ചും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിക്കുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനുവേണ്ട സർവ്വേ പ്രവൃത്തിക്കുള്ള ടെണ്ടർ ക്ഷണിക്കുകയും സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കാലപ്പഴക്കംചെന്ന പൈപ്പുകൾ അടിയന്തരമായി മാറ്റിസ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലേയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള ജലജീവൻ മിഷൻ പ്രവൃത്തികൾ, സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ, നിക്ഷേപ പ്രവൃത്തികൾ എന്നിവമുഖേന കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റിസ്ഥാപിച്ച് കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി**

227(2890) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണോ കടന്നുപോകുന്നതെന്ന് അറിയിക്കാമോ; എങ്കിൽ അത് മറികടക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നത്; വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. 2021-22 സാമ്പത്തിക വർഷം കേരളാ വാട്ടർ അതോറിറ്റിയുടെ നഷ്ടം (പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം) 529.20 കോടി രൂപയാണ്. നിലവിലുള്ള താരിഫ് അനുസരിച്ച് 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിനുംവരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതും ശമ്പളം, പെൻഷൻ, വൈദ്യുതി ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ് (പലിശയുൾപ്പെടെ) എന്നിവയ്ക്ക് അനുസൃതമായി കുടിവെള്ള ചാർജ്ജിൽ വർദ്ധനവ് വരുത്താത്തതും കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു.

പൊതുജനങ്ങൾക്ക് അധികബാധ്യതയുണ്ടാക്കാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് താഴെ പരാമർശിക്കുന്ന കർമ്മപദ്ധതികൾ തയ്യാറാക്കി നിർവ്വഹിച്ചുവരുന്നു.

1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.
2. കാലപ്പഴക്കം വന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുക.
3. വിതരണശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area)-കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക.
4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോ മീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.
5. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണം സംവിധാനം നിയന്ത്രിക്കുക.
6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.
7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നതനിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

വിതരണശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുക. കുടിവെള്ള പദ്ധതികളുടെ റിംഗ് ഫെൻസ്ഡ് അവലോകനത്തിലൂടെ ഇവയുടെ കാര്യക്ഷമതയും ഇതിൽനിന്നുള്ള വരവുചെലവ് താരതമ്യപഠനവും നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിക്കാവുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കുടിശ്ശികയായ 2022 കോടി രൂപ പിരിച്ചെടുക്കുന്നതിനായി ഊർജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ 2022-23 വാർഷിക കർമ്മപദ്ധതി പ്രകാരം 32.96 ലക്ഷം കണക്ഷനുകൾ നൽകാനാണുദ്ദേശിക്കുന്നത്. ഇതുവഴി വാട്ടർ അതോറിറ്റിക്ക് വരുമാന വർദ്ധനവുണ്ടാകുകയും കടുത്ത സാമ്പത്തിക പ്രതിസന്ധി തരണംചെയ്യാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് വെള്ളക്കരം ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

വാട്ടർ ചാർജ്ജ് ഉയർത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല. നിലവിലെ സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുന്നതിലേയ്ക്കായി വരുമാന വർദ്ധനവ് അനിവാര്യമായതിനാൽ നിരക്ക് വർദ്ധനവ് പരിഗണിക്കേണ്ടതായിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദമാക്കുന്ന നടപടി**

228(2891) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമായി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉപഭോക്താക്കളുടെ സൗകര്യാർത്ഥം വാട്ടർ അതോറിറ്റിയിൽ കുടിവെള്ളത്തിനും മലിനജല നിർമ്മാർജ്ജനത്തിനുമുള്ള കണക്ഷനുകൾ നൽകുന്നതിനും വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനും ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കണക്ഷനുകൾ നൽകുന്നതുമായി ബന്ധപ്പെട്ട അനുബന്ധ സേവനങ്ങൾ ഓൺലൈൻവഴി നൽകുന്നതിനുവേണ്ട നടപടികൾ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ ഓൺലൈൻവഴി സ്വീകരിക്കുന്നതിനായി "അക്വാലൂം" സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ ടോൾ ഫ്രീ നമ്പറായ 1916 വഴി പരാതികൾ

സ്വീകരിക്കുകയും പരാതി പരിഹാരത്തിനായി അവയെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും ചെയ്യുന്നുണ്ട്. ജലവിതരണത്തിൽ തടസ്സം നേരിടുന്ന സാഹചര്യങ്ങൾ ഉപഭോക്താവിനെ എസ്.എം.എസ്. മുഖേന മുൻകൂട്ടി അറിയിക്കുന്നുണ്ട്. ബില്ലുകളും അതിന്റെ രസീതും എസ്.എം.എസ്. ആയി ഉപഭോക്താവിന് നൽകുന്നുണ്ട്. ഈ സംവിധാനങ്ങളിലൂടെയുള്ള സേവനങ്ങൾ ലഭ്യമാക്കിയിരിക്കുന്നതിനാൽ തന്നെ ഉപഭോക്താവിന് വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽ നേരിട്ട് ഹാജരാകേണ്ട ആവശ്യം വരുന്നില്ല.

(ബി) അതോറിറ്റിയുടെ പ്രവർത്തനം പൗരാവകാശരേഖ പ്രകാരം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

അതോറിറ്റിയുടെ പ്രവർത്തനം പൗരാവകാശരേഖ പ്രകാരം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി അതോറിറ്റിയുടെ പ്രധാനപ്പെട്ട എല്ലാ സേവന മേഖലകളും ഡിജിറ്റലൈസ് ചെയ്ത് ഓൺലൈൻ സമ്പ്രദായത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(സി) ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

പരാതി ലഭ്യമായാൽ ആവശ്യമായ പരിശോധനകൾ നടത്തി എത്രയും വേഗം പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 1916 എന്ന ടോൾ ഫ്രീ നമ്പർവഴി ഉപഭോക്താക്കൾക്ക് പരാതി നൽകുന്നതിന് സംവിധാനമൊരുക്കിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറി "അക്വാലൂം" എന്ന വെബ്സൈറ്റ് വഴി പരാതി രജിസ്റ്റർ ചെയ്യാനും രജിസ്റ്റർ ചെയ്ത പരാതികളുടെ സ്റ്റാറ്റസ് അറിയാനും കഴിയും.

(ഡി) വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പ് മേലധികാരികൾക്കും ഡിവിഷൻ തലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട്. കൂടാതെ എല്ലാ വകുപ്പ് മേലധികാരികൾക്കും കൺസോളിഡേറ്റഡ് ബിൽ തയ്യാറാക്കി ഹെഡ് ഓഫീസിൽനിന്നും നൽകിവരുന്നു. നോട്ടീസ് നൽകിയിട്ടും വാട്ടർ ചാർജ്ജ് കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കണക്ഷൻ വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ ഗാർഹികേതര വ്യാവസായിക

കണക്ഷനുകളാണ് വിച്ഛേദിക്കുന്നത്. വിച്ഛേദിച്ചിട്ടും കുടിശ്ശിക അടയ്ക്കാത്ത കണക്ഷനുകളിലെ കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവരുന്നു. ദീർഘകാല കുടിശ്ശികയുള്ള ഗാർഹികേതര കണക്ഷനുകളിലെ ഉപഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം നിയമാനുസൃതം പരമാവധി ഇളവുകൾ നൽകിവരുന്നു.

**വാട്ടർ കണക്ഷനുകളുടെ എണ്ണം**

229(2892) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി നാളിതുവരെ എത്ര ഗാർഹിക കണക്ഷനുകളും ഗാർഹികേതര കണക്ഷനുകളും നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര ഗാർഹിക, ഗാർഹികേതര കണക്ഷനുകളാണുള്ളതെന്ന് അറിയിക്കാമോ?

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു.+

**പൈപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി**

230 (2893) ശ്രീ. എ. പി. അനിൽ കുമാർ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പിന്റെ അറ്റകുറ്റപ്പണികൾക്കായി പൊളിക്കുന്ന പി.ഡബ്ല്യു.ഡി. ഉൾപ്പെടെയുള്ള മറ്റ് ഏജൻസികളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് പ്രസ്തുത ഏജൻസിയുടെ അനുവാദം ആവശ്യമായതിനാൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടി വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈപ്പുലൈനുകളിലുണ്ടാകുന്ന ലീക്കുകൾ അടിയന്തരമായി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചുകൊണ്ട് ലീക്കുകൾ തീർത്ത് റോഡുകൾ താൽക്കാലികമായി കോൺക്രീറ്റ് ചെയ്ത് നൽകാറുണ്ട്. റോഡ് മുറിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽനിന്ന് അനുമതി ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി ഒരു ഓൺലൈൻ പോർട്ടൽ (RoW പോർട്ടൽ) സംവിധാനം നിലവിലുണ്ട്. മഴക്കാലം, മണ്ഡല തീർത്ഥാടനകാലം തുടങ്ങിയ സീസണുകളിലും കരാർ പരിപാലനത്തിന് കീഴിലുള്ള റോഡുകളിലും റോഡ്

മുറിക്കുന്നതിനുള്ള അനുമതി ലഭിക്കാറില്ല. തുടർച്ചയായി അപേക്ഷ സമർപ്പിച്ചെങ്കിലും അനുമതി ലഭ്യമാകാത്തവയ്ക്ക് അനുമതി ലഭിക്കുവാൻ വകുപ്പുതല ഇടപെടലുകൾ നടത്തുന്നു. റോഡ് മുറിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗങ്ങൾ നടത്തിവരുന്നു. കൂടാതെ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾകൂടി വിവിധ റോഡുകളിലെ അനുമതിക്കായി ശ്രമിക്കാറുണ്ട്. 24-02-2022-ലെ ജി.ഒ. (എം.എസ്) നം.8/2022/പി.ഡബ്ല്യൂ.ഡി. വന്നതിനുശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക്, ആ പ്രവൃത്തികൾ ചെയ്യുന്നതോടൊപ്പംതന്നെ റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്താനുള്ള നടപടികൾ കെ.ഡബ്ല്യൂ.എ. സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്ത് റോഡുകളിൽ ജെ.ജെ.എം. പ്രവൃത്തികൾക്കായി പൈപ്പ് സ്ഥാപിച്ച് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്തവിധം താൽക്കാലികമായി റോഡ് പുനഃസ്ഥാപിക്കാറുണ്ട്.

(ബി) പൈപ്പുകൾ പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയെ

ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; വ്യക്തമാക്കാമോ?

24-02-2022-ലെ ജി.ഒ. (എം.എസ്) നം.8/2022/പി.ഡബ്ല്യു.ഡി. വന്നതിനുശേഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് ആ പ്രവൃത്തികൾ ചെയ്യുന്നതിനോടൊപ്പംതന്നെ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്താനുള്ള നടപടികൾ കെ.ഡബ്ല്യു.എ. സ്വീകരിച്ചുവരുന്നുണ്ട്. പൈപ്പുകൾ പൊട്ടുന്നതുമൂലം തകരാറിലാകുന്ന ബി.എം.&ബി.സി. നിലവാരത്തിലുള്ള റോഡുകളിൽ ചുരുങ്ങിയതോതിൽ അതേനിലയിൽ പുനരുദ്ധാരണം നടത്താനായി കരാറുകാരെ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. കാര്യമായ നിപുണതയില്ലെന്നുള്ളതും ഈ ഉത്തരവ് നടപ്പിലാക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങളാണ്. ഇത് പരിഹരിക്കുന്നതിനായി കെ.ഡബ്ല്യു.എ.-യും പി.ഡബ്ല്യു.ഡി.-യുമായി ചേർന്ന് ഉന്നതതല യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നുണ്ട്. എന്നിരുന്നാലും ചെറിയൊരു ഭാഗം റോഡ് മുറിച്ചാൽ റെസ്റ്റോറേഷൻ പാച്ച് വർക്കായോ താത്കാലികമായി സിമന്റ് കോൺക്രീറ്റ് ചെയ്തോ നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ പൂർത്തീകരിച്ചുവരുന്നു.

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി

231(2894) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം ഓരോഘട്ടത്തിലുമായി ആകെ എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുവെന്ന് പഞ്ചായത്തുതിരിച്ച് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ചെലവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ പഞ്ചായത്തുതിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

## കുന്നംകുളം മണ്ഡലത്തിലെ അമൃത് കുടിവെള്ള പദ്ധതികൾ

232(2895) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുന്നംകുളം നിയോജകമണ്ഡലത്തിൽ അമൃത് മിഷൻ മുഖേന നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കാമോ; അവയുടെ പുരോഗതി അറിയിക്കാമോ?

പാറ, ചട്ടുകുളം എന്നീ ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം, 3 എം.എൽ.ഡി. ജലശുദ്ധീകരണ ശാല, 2.5 കിലോമീറ്റർ റോ വാട്ടർ പമ്പിംഗ് മെയിൻ (ചട്ടുകുളം മുതൽ നിർദ്ദിഷ്ട കുറുക്കൻ പാറ ജലശുദ്ധീകരണശാല വരെ), കുറുക്കൻപാറയിൽ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഓവർഹെഡ് റിസർവോയർ, 3 കിലോമീറ്റർ ശുദ്ധജലവിതരണ മെയിൻ പൈപ്പ് ലൈൻ, 15 കിലോമീറ്റർ ജലവിതരണ പൈപ്പ് ലൈൻ, 2760 ഗാർഹിക കണക്ഷനുകൾ എന്നിവയുൾപ്പെടെ ആകെ 16.06 കോടി രൂപയുടെ പദ്ധതികൾ 05-07-2022-ൽ ചേർന്ന അമൃത് സംസ്ഥാനതല ഉന്നതാധികാര സമിതി പരിഗണിച്ചു. തുടർന്ന് അമൃത് 2.0-യുടെ കേന്ദ്ര അപ്പക്സ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### നെയ്യാറ്റിൻകര നഗരസഭയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

233(2896) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എത്ര കോടി രൂപയാണ് ട്രീറ്റ്മെന്റ് പ്ലാന്റിനും അനുബന്ധ പൈപ്പ് ലൈൻ നീട്ടുന്നതിനുമായി വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ എല്ലാ വീടുകളിലേയ്ക്കും കുടിവെള്ളം ലഭ്യമാക്കുകയെന്ന ഉദ്ദേശത്തോടെ തടയണ, കിണറും പമ്പ് ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ, പുതിയ ജലശുദ്ധീകരണശാല, പമ്പുസെറ്റുകൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ട്രാൻസ്ഫോർമർ, മറ്റനുബന്ധ ഘടകങ്ങൾ എന്നിവയുൾപ്പെടെയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും അർബൻ അഗ്ലോമറേഷനിലുൾപ്പെടുത്തി ഈ പദ്ധതിക്ക് 21.68 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ആയതിന്റെ ടെണ്ടർ നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റിന് അന്തിമരൂപം നൽകുന്നതിന് ജലശുദ്ധീകരണശാല, തടയണ എന്നിവ

നിർമ്മിക്കുന്നതിനുള്ള സ്ഥലത്തെ മണ്ണ് പരിശോധന റിപ്പോർട്ട് കിട്ടേണ്ടതുണ്ട്. ജലശുദ്ധീകരണശാല നിർമ്മിക്കേണ്ട സ്ഥലത്തെ മണ്ണ് പരിശോധന പൂർത്തിയായിട്ടുണ്ടെങ്കിലും തടയണ നിർമ്മിക്കുന്ന സ്ഥലത്തെ മണ്ണ് പരിശോധന കനത്ത മഴയെത്തുടർന്ന് നെയ്യാറിൽ വെള്ളം കൂടുതലായതിനാൽ തടസ്സപ്പെട്ടിരിക്കുകയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകി 2022 ഡിസംബറിൽ ദർഘാസ് നടപടികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കായംകുളത്ത് വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ്

234(2897) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കേന്ദ്രമാക്കി വാട്ടർ അതോറിറ്റിയുടെ ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളത്ത് പുതിയ ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതിനായുള്ള ആവശ്യം വർക്കിന്റെയും കണക്ഷനുകളുടെയും ജലജീവൻ മിഷൻ മുഖേന നൽകാനുദ്ദേശിക്കുന്ന കണക്ഷനുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടുക്ക് ഡിവിഷൻ ഓഫീസുകളുടെ റീ-അറേഞ്ച്മെന്റ്

നടത്തുമ്പോൾ പരിഗണിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ തീരുമാനപ്രകാരം സർക്കിൾ ഓഫീസുകൾ റവന്യു ജില്ലയുടെ അടിസ്ഥാനത്തിലും ഡിവിഷൻ ഓഫീസുകൾ മൂന്നോ നാലോ നിയമസഭാ മണ്ഡലത്തിന്റെ അടിസ്ഥാനത്തിലും സെക്ഷൻ ഓഫീസുകൾ മൂന്നോ നാലോ പഞ്ചായത്തടിസ്ഥാനത്തിലും കണക്ഷനുകളുടെ അടിസ്ഥാനത്തിലുമാണ് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കേരള വാട്ടർ അതോറിറ്റി എം.ഡി. ചെയർമാനായി രൂപീകരിച്ച സമിതി തയ്യാറാക്കിയ കരട്, ജീവനക്കാരുടെ സംഘടനകളുമായും ഉയർന്ന ഉദ്യോഗസ്ഥരുടെ വർക്ക്ഷോപ്പിലും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലെ അഭിപ്രായങ്ങൾ പരിഗണിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

**ആലുവ ചൂർണ്ണിക്കര പൈപ്പ് ലൈൻ റോഡിന്റെ പുനരുദ്ധാരണം**

235(2898) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ചൂർണ്ണിക്കര പഞ്ചായത്തിന്റെ പരിധിയിൽവരുന്ന പൈപ്പ് ലൈൻ റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുള്ള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ കാര്യാലയത്തിലെ

കെ.ഡബ്ല്യൂ.എ./ജെ.ബി./പി.3/സ്റ്റേറ്റ്പ്ലാൻ/02/2020 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ആലുവ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ആലുവ മുനിസിപ്പാലിറ്റിയിലൂടെയും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലൂടെയും കടന്നുപോകുന്ന പൈപ്പ് ലൈൻ റോഡ് പുനരുദ്ധരിക്കുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അൻവർ സാദത്തിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ആലുവ മുതൽ ചൂർണ്ണിക്കര പഞ്ചായത്തിലുൾപ്പെടുന്ന കുന്നത്തേരി-ഷാപ്പുംപടി വരെ 2.5 കിലോമീറ്റർ നീളത്തിൽ ടൈൽ വിരിക്കുന്നതിനും ക്രോസ് ബാറുകൾ സ്ഥാപിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി 220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സ്റ്റേറ്റ് പ്ലാൻ 2022-23-ലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേന്ദ്ര കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ പൈപ്പ് ലൈൻ റോഡ് ഇന്റർലോക്ക് ടൈൽ പാകുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ എൻ.ഒ.സി. അനിവാര്യമാണ്. ബന്ധപ്പെട്ട ഫയൽ രേഖകളനുസരിച്ച് മുമ്പ് ഇതിൽ തുടർനടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര കാര്യാലയത്തിലെ സെക്രട്ടറിയുടെ വിഭാഗത്തിലായതിനാൽ നിവേദനത്തിന്മേൽ പ്രസ്തുത യൂണിറ്റിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ വിഷയത്തിൽ കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; സമർപ്പിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കൊച്ചി കോർപ്പറേഷനിലേയ്ക്കും അനുബന്ധ പഞ്ചായത്തിലേയ്ക്കും കുടിവെള്ള വിതരണം നടത്താൻ ആലുവ ജലശുദ്ധീകരണശാല മുതൽ പൈപ്പ് ലൈൻ വിന്യസിക്കാൻ 20 കിലോമീറ്റർ നീളത്തിലും ശരാശരി 18 മീറ്റർ വീതിയിലും ജല അതോറിറ്റി പൊന്നുംവിലയ്ക്ക് വാങ്ങിയിട്ടുള്ള സ്ഥലമാണ് പൈപ്പ് ലൈൻ റോഡ്. 50 വർഷത്തിലേറെ പഴക്കമുള്ള 900 എം.എം., 1050 എ.എം. കാസ്റ്റ് അയൺ പമ്പിംഗ് മെയിൻ, 2002 കാലയളവിൽ സ്ഥാപിച്ച 1200 എം.എം. എം.എസ്. പമ്പിംഗ് മെയിൻ എന്നിവ പ്രസ്തുത റോഡിലൂടെ കടന്നുപോകുന്നു. ആയതിനാൽ ഭാരവണ്ടികൾ പൈപ്പ് ലൈനിന് മുകളിലൂടെ കയറിയിറങ്ങുന്നത് വൻ അപകടങ്ങൾക്ക് വഴിയൊരുക്കും. കാലപ്പഴക്കംചെന്ന അതിമർദ്ദ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിരിക്കുന്ന റോഡായതിനാൽ ഭാരവണ്ടികളുടെ ഗതാഗതംമൂലം പൈപ്പുകൾക്ക് സംഭവിച്ചേയ്ക്കാവുന്ന ഏതൊരുതരത്തിലുള്ള ആഘാതവും

പരിസരവാസികളുടെ ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്നതുകൂടാതെ പൈപ്പ് വെള്ളത്തെമാത്രം ആശ്രയിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകാത്ത അവസ്ഥയുമുണ്ടാകും. 6 ടൺ ഭാരം മാത്രമാണ് ടി റോഡിൽ കയറ്റാവുന്ന പരമാവധി ഭാരപരിധി. പൈപ്പ് ലൈൻ റോഡ് ജല അതോറിറ്റിയുടെ പൈപ്പ് ലൈൻ പരിശോധനകൾക്ക് മാത്രമായി നിർമ്മിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും ആലുവ നിയോജകമണ്ഡലത്തിൽ വരുന്ന ആലുവ മുതൽ ചൂർണ്ണിക്കര പഞ്ചായത്തിലെ കുന്നത്തേരി-ഷാപ്പുംപടി വരെയുള്ള റോഡിൽ (2.57 കിലോമീറ്റർ) ഇന്റർലോക്ക് ടൈലിട്ട് പുനരുദ്ധാരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി 220 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേന്ദ്ര കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. പൈപ്പ് ലൈൻ റോഡ് ഇന്റർലോക്ക് ടൈൽ പാകുന്നതിന് കേരള ജല അതോറിറ്റിയുടെ ബോർഡിന്റെ എൻ.ഒ.സി. അനിവാര്യമാണ്. സെക്രട്ടറിയുടെ വിഭാഗത്തിലെ ഫയൽ നമ്പർ 9325/DM1(SU)/2017/KWA അനുസരിച്ച് ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന പൈപ്പ്ലൈൻ റോഡിൽ ടൈൽ പാകുന്നതിന് നിബന്ധനകൾക്ക് വിധേയമായി 06-07-2020-ലെ

മാനേജിംഗ് ഡയറക്ടറുടെ 9325/DM1(SU)/2017/KWA നമ്പർ നടപടിക്രമം പ്രകാരം നിരാക്ഷേപപത്രം അനുവദിച്ച് ഉത്തരവായിരുന്നതിനാൽ 31-08-2021-ലെ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിവേദനത്തിൽ പരാമർശിച്ചിട്ടുള്ള ഭൂമിയിൽനിന്നും വ്യത്യസ്തമാണോ എന്നതുസംബന്ധിച്ച് വ്യക്തത വരുത്താനാവശ്യപ്പെട്ട് 13-04-2022-ൽ മധ്യമേഖല ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ വരുന്ന ഭാഗത്തിന്റെ മാത്രമാണ് കേരള വാട്ടർ അതോറിറ്റിയുടെ ബോർഡിന്റെ എൻ.ഒ.സി. നൽകിയതെന്നും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തുപ്രകാരമെടുത്ത എസ്റ്റിമേറ്റ് ആലുവ മുനിസിപ്പാലിറ്റിയുടെയും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലൂടെയും പോകുന്ന പൈപ്പ് ലൈൻ റോഡ് ടൈൽ വിരിക്കുന്നതിനായുള്ളതാണെന്നും 16-06-2022-ന് മധ്യമേഖല ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ, തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി പ്രസ്തുത റോഡ് കടന്നുപോകുന്ന വില്ലേജുകൾ, താലൂക്ക്, സർവ്വേ നമ്പർ എന്നിവകൂടി ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ 01-06-2022-ന് മധ്യമേഖല ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി വിവരങ്ങൾകൂടി ലഭ്യമാക്കി കേരള ജല അതോറിറ്റിയുടെ ബോർഡിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള

തുടർനടപടി സ്വീകരിച്ചുവരുന്നു. ആയതിനാലാണ് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം നേരിടുന്നതെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ 07-04-2022-ന് എം.എൽ.എ. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന് എത്രയുംവേഗം മറുപടി ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകാമോ?

07-04-2022-ന് എം.എൽ.എ. ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ റോഡിൽ ഇന്റർലോക്ക് ടൈൽ പാകുന്നതിന് ജല അതോറിറ്റിയുടെ ബോർഡിന്റെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിക്കാവുന്നതാണ്.

## വിളപ്പിൽ കുടിവെള്ള പദ്ധതി

236(2899) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോയെന്നും പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകുമെന്നും വിശദമാക്കാമോ?

വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി തടയണ, കിണറും പമ്പ് ഹൗസും, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഉപരിതല ജലസംഭരണി മറ്റനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു പദ്ധതി വിഭാവനം ചെയ്യുകയും 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. കാവടിക്കടവിലെ കിണറും പമ്പ് ഹൗസും, റോ വാട്ടർ പമ്പിംഗ് മെയിൻ തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചീലപ്പാറയിലെ ജലശുദ്ധീകരണശാലയുടെ നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലുമാണ്. കാവടിക്കടവിൽ കരമന നദിക്ക് കുറുകെയുള്ള തടയണ നിർമ്മാണം നേരത്തെതന്നെ പൂർത്തിയാക്കിയിരുന്നു. ചീലപ്പാറ ഉപരിതല ജലസംഭരണി മുതൽ പേയാട് ജംഗ്ഷൻ വരെ പ്രധാന ജലവാഹിനി കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ജലശുദ്ധീകരണശാല മുതൽ കാവിൻപുറം ജലസംഭരണിവരെ പ്രധാന ജലവാഹിനി കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും

പൂർത്തിയായിക്കഴിഞ്ഞു. പമ്പുസെറ്റുകൾ, ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതി 2022 സെപ്റ്റംബർ ആദ്യവാരത്തോടുകൂടി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ജലശുദ്ധീകരണശാലയിൽ നിന്നുള്ള ബാക്ക്‌വാഷ് വാട്ടർ ഒഴുക്കികളയുന്നതിനുള്ള ഓടയുടെ നിർമ്മാണം മുൻസമ്മതപ്രകാരം വിളപ്പിൽ പഞ്ചായത്ത് നടപ്പിലാക്കേണ്ടതുണ്ട്.

**കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്**

237(2900) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് പുരോഗതി വിശദമാക്കാമോ; ഈ പ്രോജക്ട് എന്ന് പൂർത്തീകരിക്കാൻ കഴിയും; ഈ പദ്ധതിയിലുൾപ്പെട്ട അരശുംമൂട്-കുഴിവിള സ്ട്രെച്ച് എപ്പോൾ പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്?

തിരുവനന്തപുരം നഗരസഭയുടെ അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന പദ്ധതിയാണ് കഴക്കൂട്ടം മുതൽ മുട്ടത്തറ വരെയുള്ള സ്വീവറേജ് പദ്ധതി. കഴക്കൂട്ടം ടെക്നോപാർക്ക് മുതൽ തുടങ്ങുന്ന ടി പദ്ധതി പല പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. അവ വിവിധ ഘട്ടങ്ങളിലായി

പുരോഗമിക്കുന്നു. പ്രോജക്ടിന്റെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+ 2022 ഡിസംബർ മാസത്തോടെ ഈ പ്രോജക്ട് പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അരശുംമൂട് - കുഴിവിള സ്വീവറേജ് വർക്ക് 26% പൂർത്തിയായിരുന്നു. എന്നാൽ, പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാത്തതിനാൽ കരാർ കമ്പനിയായ വർദ്ധമാൻ എഞ്ചിനീയറിംഗ് വർക്സിനെ ഒഴിവാക്കി കരാർ കമ്പനിയുടെ നഷ്ടോത്തരവാദിത്വത്തിൽ ബാക്കി പ്രവൃത്തികൾ ചെയ്യാൻ ദർഘാസുകൾ ക്ഷണിച്ചു. കരാറുകാർ പങ്കെടുക്കാത്തതിനാൽ ടി പ്രവൃത്തിയെ നാലായി വിഭജിച്ച് വീണ്ടും ദർഘാസുകൾ ക്ഷണിക്കുകയും കരാറുകൾ ലഭ്യമാക്കുകയും ചെയ്തു. അവയിൽ ഒന്നാമത്തെഭാഗം 13 ശതമാനവും രണ്ടാമത്തെ ഭാഗം 3 ശതമാനവും മൂന്നാമത്തെ ഭാഗം 17 ശതമാനവും നാലാമത്തെ ഭാഗം 13 ശതമാനവും പൂർത്തിയായി. മുഴുവൻ ഭാഗവും 2022 ഒക്ടോബർ മാസത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) അമൃത് II പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയുടെ എത്ര വാർഡുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്?

അമൃത് 2.0 പദ്ധതിയിൽ തിരുവനന്തപുരം നഗരസഭയുടെ കീഴിൽ സ്വീവറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി 15 വാർഡുകളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടിവെള്ള പദ്ധതിയിൽ എല്ലാ ഭവനങ്ങളിലും പൈപ്പിലൂടെ ശുദ്ധജലം എത്തിക്കുന്നതിനായി 100 വാർഡുകളും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ ജലാശയങ്ങളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്ത് ജലാശയങ്ങളുടെ സ്വാഭാവിക ആഴം നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ജലാശയങ്ങളിൽ അടിഞ്ഞുകിടക്കുന്ന എക്കലും മണലും നീക്കം ചെയ്ത് ജലാശയങ്ങളുടെ സ്വാഭാവിക ആഴം നിലനിർത്തുന്നതിന് ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു. അതിശക്തമായ മഴയും മണ്ണിടിച്ചിലും വെള്ളപ്പൊക്കവുംമൂലം ചെളിയും മണലും എക്കലും മറ്റ് പാഴ്വസ്തുക്കളും നദികളിൽ അടിഞ്ഞുകൂടുകയും തന്മൂലം നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ നദിയുടെയും ചുമതല ജലസേചന വകുപ്പിനുകീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും അവരുടെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച് പ്രാഥമിക വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പ്രളയം കൂടുതലായി ബാധിച്ച നദികളായ അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികളിൽ അടിഞ്ഞുകൂടിയ എക്കൽ, മണൽ, ചെളി എന്നിവയുടെ അളവ്

നിർണ്ണയിക്കാനുള്ള പഠനവും മറ്റ് വിവരശേഖരണവും ജലസേചന വകുപ്പിനുകീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരം നടത്തിയിട്ടുണ്ട്. പഠനത്തിന്റെയും സമാഹരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നദികളുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കാനുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ചുവരുന്നു. 44 നദികളിലായി 30165570.66 M3 എക്കലും മണ്ണും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ 30-06-2022 വരെ 9266862.82 M3 നീക്കം ചെയ്തിട്ടുണ്ട്. 31 നദികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് സ്വാഭാവിക ആഴം നിലനിർത്തിയിട്ടുണ്ട്. ബാക്കി നദികളിലെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ഡി) 2016-21 കാലത്ത് ജലാശയങ്ങൾ വൃത്തിയാക്കുന്നതിന് വാങ്ങിയ സിൽറ്റ് പുഷർ ഏതൊക്കെ ജലാശയങ്ങൾ വൃത്തിയാക്കാൻ ഉപയോഗിച്ചുവെന്ന് വിശദമാക്കാമോ?

2016-21 കാലത്ത് സിൽറ്റ് പുഷർ വാങ്ങിയിട്ടില്ല.

**തവനൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

238(2901) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകൾക്കുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തവനൂർ നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്, പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകൾക്കുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

1. പദ്ധതിയുടെ ഭാഗമായി റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

2. ജലശുദ്ധീകരണശാല സ്ഥാപിക്കുന്ന തൃപ്രങ്ങോട് പഞ്ചായത്തിലെ അന്നാശ്ശേരി ഭാഗത്ത് പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം അതിരുകൾ തിരിച്ച് കൈമാറേണ്ടതുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്തേയ്ക്ക് 4 മീറ്റർ വീതിയിൽ വഴിയും ലഭ്യമാകേണ്ടതുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

3. പുറത്തൂർ പഞ്ചായത്തിൽ ഉപരിതല ജലസംഭരണി സ്ഥാപിക്കുന്ന സ്ഥലം പഞ്ചായത്തിൽനിന്നും കൈമാറികിട്ടേണ്ടതുണ്ട്. ഈ കാര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്യാനാകും.

**കായംകുളം നഗരസഭ പ്രദേശത്ത് പുതിയ പൈപ്പ് ലൈനുകൾ**

239(2902) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരസഭ പ്രദേശത്ത് വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലാണെന്നതും ഇതുമൂലം പലപ്പോഴും കുടിവെള്ള വിതരണം തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കായംകുളം മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് മുന്നോടിയായുള്ള സർവ്വേ പ്രവൃത്തിക്ക് സ്റ്റേറ്റ് പ്ലാൻ 2022-23-ൽ 9.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി കായംകുളം മുനിസിപ്പാലിറ്റിയിൽ 2215 മീറ്റർ പൈപ്പ്

ലൈൻ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് 45.3 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഡി.എൽ.പി.സി. പ്രകാരം പൈപ്പ് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി പൈപ്പ് സപ്ലൈ & ലേയിംഗ് ആയി ചെയ്യുന്നതിന് എസ്റ്റിമേറ്റ് പുനർനിർണ്ണയം ചെയ്ത് ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. കായംകുളം നിയോജകമണ്ഡലത്തിലെ കായംകുളം മുനിസിപ്പാലിറ്റിയിലെ കുടിവെള്ള വിതരണ വിപുലീകരണ പദ്ധതിക്കായി അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിനായി 19.697 കോടി രൂപയുടെ പദ്ധതികൾ രൂപീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ ടാങ്ക്, കാലപ്പഴക്കം ചെന്ന പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ, 4400 കുടിവെള്ള കണക്ഷനുകൾ നൽകൽ, പത്തിയൂർ പ്ലാന്റിന്റെ നവീകരണം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ചങ്ങലപ്പാലം കുടിവെള്ള പദ്ധതി**

240(2903) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി, വൈക്കം നിയോജകമണ്ഡലങ്ങൾക്ക് വേണ്ടിയുള്ള ചങ്ങലപ്പാലം കുടിവെള്ള പദ്ധതിയിലെ ജലവിതരണം തടസ്സപ്പെടുന്നത്

സംബന്ധിച്ച് 9-7-2021-ൽ ഡബ്ല്യു.എസ്./ബി 3/170/2021 നമ്പർ പ്രകാരം നൽകിയിരുന്ന നിവേദനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ആയതുസംബന്ധിച്ച് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

(എ&ബി) പ്രസ്തുത പരാതി 09-07-2021-ലെ 159/VIP/MWRD/2021 നമ്പരായി കേരള ജല അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതാണ്. പിറവം-കക്കാട് ഹൈ ടെൻഷൻ ലൈനിലെ പ്രസരണ തടസ്സത്തെത്തുടർന്നാണ് വെള്ളൂർ - വെളിയന്നൂർ ശുദ്ധജല പദ്ധതിയിലെ ജലവിതരണം തടസ്സപ്പെടുന്നത്. ആയത് പരിഹരിക്കുന്നതിനുവേണ്ടി കുറവിലങ്ങാട് ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും ഡെഡിക്കേറ്റ് ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട കടുത്തുരുത്തി എം.എൽ.എ. മുന്നോട്ടുവച്ചതനുസരിച്ച് കെ.എസ്.ഇ.ബി. കുറവിലങ്ങാട് സെക്ഷനോട് ടി പ്രവൃത്തിക്കായി എസ്റ്റിമേറ്റ് നൽകാൻ 28-06-2021-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ ജല അതോറിറ്റി, പി.എച്ച്. സബ്ഡിവിഷൻ, കടുത്തുരുത്തി, ആവശ്യപ്പെടുകയുണ്ടായി. എന്നാൽ

ആയതിനുള്ള എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.-യിൽനിന്നും ജല അതോറിറ്റിയുടെ ഓഫീസിൽ ലഭ്യമായിട്ടില്ല. കൂടാതെ നിലവിൽ കേരള സർക്കാർ മുൻകയ്യെടുത്ത് തുറന്ന വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ ഫീഡറിൽനിന്ന് ഡെഡിക്കേറ്റ് ഫീഡർ വെള്ളൂർ ജലശുദ്ധീകരണശാലയിലേയ്ക്ക് ലഭ്യമാക്കാനുള്ള സാധ്യതയും പരിശോധിക്കുന്നുണ്ട്. ഇത് പ്രാവർത്തികമായാൽ ഈ പ്രവൃത്തിയുടെ മതിപ്പുചെലവ് കുറയാനും സാധ്യതയുണ്ട്. ഇതുസംബന്ധിച്ച് മാനേജിംഗ് ഡയറക്ടർ 04-07-2022-ൽ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

## ആലപ്പുഴയിലെ ജലഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ

241(2904)<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ജലഗുണനിലവാര പരിശോധനയ്ക്കായി അംഗീകൃത കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ ജലഗുണനിലവാര പരിശോധനയ്ക്കായി വഴിച്ചേരിയിലെ കേരള വാട്ടർ അതോറിറ്റി

കോമ്പൗണ്ടിൽ ഒരു ഉപജില്ലാ ലാബ് സ്ഥാപിച്ചിട്ടുണ്ട്. സമീപപ്രദേശമായ ആലിശ്ശേരിയിൽ ജില്ലാ ലാബും പ്രവർത്തിക്കുന്നുണ്ട്. രണ്ട് ലാബിനും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സഹായത്തോടെ ജലഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഹരിത കേരള മിഷന്റെ ഭാഗമായി ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക പരിശോധന ലാബുകൾ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ടുപയോഗപ്പെടുത്തി ആറ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കെ.ഐ.ഐ.ഡി.സി. പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതിക്കായി 09-02-2022-ലെ ഉത്തരവ് നമ്പർ ED/3413/21 പ്രകാരം 10,00,000 രൂപ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 07-03-2022-ലെ ഉത്തരവ് നമ്പർ KIIDC/485/2021-PE4 പ്രകാരം 10,00,000 രൂപ സാങ്കേതിക അനുമതി നൽകി പദ്ധതി ടെണ്ടർ ചെയ്തു. 7,98,974.68 രൂപയാണ് പ്രസ്തുത പദ്ധതിയുടെ കരാർ തുക.

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പ്രസ്തുത സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നാലുമാസമാണ് പദ്ധതി പൂർത്തീകരണ കാലാവധി.

(സി) പ്രസ്തുത കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

പുതിയ ലാബുകൾ സ്ഥാപിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായത്തിനായി നവകേരളം കർമ്മ പദ്ധതിയിൽനിന്നുള്ള പദ്ധതിനിർദ്ദേശം റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പരിഗണനയിലാണ്.

**പയ്യന്നൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി**

242(2905) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സ്റ്റേറ്റ്പ്ലാൻ 2017-18-ലുൾപ്പെട്ട പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണറിന്റെ നിർമ്മാണ പ്രവൃത്തിക്ക് 29-04-2020-ന് പ്രവർത്തനാനുമതി നൽകിയെങ്കിലും കിണർ നിർമ്മിക്കുന്നതിനുവേണ്ടി

പാറ പൊട്ടിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രവൃത്തിയാരംഭിക്കാൻ സാധിച്ചില്ല. തുടർന്ന് 25-11-2021-ൽ ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 03-01-2022-ന് പ്രവൃത്തി ആരംഭിച്ചു. പക്ഷേ നാട്ടുകാരുടെ എതിർപ്പുമൂലവും ചപ്പാരപ്പടവ് പഞ്ചായത്തിന്റെ സ്ഥലം കയ്യേറി എന്നാരോപിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രവൃത്തി നിർത്തിവയ്ക്കാനുള്ള സ്റ്റോപ്പ്മെമ്മോ നൽകിയിരുന്നതിനാലും പ്രവൃത്തി താത്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. പ്രവൃത്തി ഇതുവരെ പുനരാരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 11-01-2022-നുചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി എത്രയുംപെട്ടെന്ന് പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണത്തിൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെയും പരിസരവാസികളുടെയും എതിർപ്പ് രൂക്ഷമായതിനാലും

നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത് തടയുന്നതിനാലും തൊഴിലാളികൾക്ക് താമസസൗകര്യങ്ങൾ നിഷേധിക്കുന്നതിനാലും ദീർഘകാലത്തേയ്ക്ക് പോലീസ് സംരക്ഷണത്തിൽ പ്രവൃത്തികൾ കൊണ്ടുപോകുന്നത് ബുദ്ധിമുട്ടാണെന്ന് കോൺട്രാക്ടർ അറിയിച്ചിരുന്നു. ചപ്പാരപ്പടവ് പഞ്ചായത്തിൽ കാട്ടാമ്പള്ളിയിൽ കെ.ഐ.ഐ.ഡി.സി. (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ) നിർമ്മിക്കുന്ന ആർ.സി.ബി. (റെഗുലേറ്റർ-കം-ബ്രിഡ്ജ്)-യുടെ പ്രവൃത്തി പുനരാരംഭിച്ചാൽ മാത്രമേ കിണറിന്റെ പ്രവൃത്തിയുമായി സഹകരിക്കുയുള്ളുവെന്ന് ചപ്പാരപ്പടവ് പഞ്ചായത്തധികൃതരും നാട്ടുകാരും അറിയിച്ചിരുന്നു. കിഫ്ബിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന ആർ.സി.ബി.-യുടെ നിർമ്മാണപ്രവൃത്തി 07-11-2019-ന് ആരംഭിച്ചെങ്കിലും കരാറുകാരൻ അംഗീകരിച്ച എഗ്രിമെന്റ് ഷെഡ്യൂൾ അനുസരിച്ചുള്ള റിംഗ് ബണ്ട് നിർമ്മിക്കാത്തതിനാൽ പ്രവൃത്തി മുന്നോട്ടുപോകാൻ സാധിച്ചില്ല. 2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തെത്തുടർന്നുണ്ടായ എം.എഫ്.എൽ. (Maximum Flood Level) അടിസ്ഥാനമാക്കി റെഗുലേറ്ററിന്റെ ഡിസൈൻ പുതുക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടു. എന്നാൽ പുഴയുടെ ഇരുകരകളിലെയും സ്ഥലപരിമിതിയും പുഴയുടെ നിലവിലെ വീതിയും

കണക്കിലെടുത്ത് കെ.ഐ.ഐ.ഡി.സി. രൂപകല്പനയിൽ ആവശ്യമായ ഭേദഗതി വരുത്തി അതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക സമിതിയുടെ അനുമതി ലഭ്യമാക്കി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എഗ്രിമെന്റ് വയ്ക്കുന്നതിനും ബാങ്ക് ഗ്യാരണ്ടി പുതുക്കുന്നതിനും കരാറുകാരനോട് ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ കോടതിയെ സമീപിച്ചു. തുടർന്ന് കോടതി അനന്തര നടപടികൾ സ്റ്റേ ചെയ്യുകയുണ്ടായി. കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ അന്തിമവിധി ലഭിച്ചാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

### പൂഞ്ഞാർ മണ്ഡലത്തിലെ ജലജീവൻ മിഷൻ

243(2906) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്നതിന്റെ വിവരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പദ്ധതിപ്രകാരം പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

നിലവിൽ പൂഞ്ഞാർ പഞ്ചായത്തിൽ ഭരണാനുമതി നൽകുന്നതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ശുദ്ധജല പദ്ധതിക്കായി ജലസ്രോതസ്സ് അപര്യാപ്തമായ പഞ്ചായത്തുകളായ തീക്കോയി, പൂഞ്ഞാർ, തെക്കേക്കര, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ള പദ്ധതി വിഭാവനം ചെയ്യുന്നതിനുവേണ്ടി സ്ഥലപരിശോധന പുരോഗമിക്കുന്നു. ഭരണാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

## വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതി

244(2907) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടിവെള്ള പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ, വിളവൂർക്കൽ ഗ്രാമപഞ്ചായത്തുകൾക്കും കോവളം നിയോജകമണ്ഡലത്തിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിനുംവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിക്ക് ഒന്നാംഘട്ടത്തിൽ 3862.49 ലക്ഷം രൂപയുടെ ഭരണാനുമതിയും രണ്ടാംഘട്ടത്തിൽ 1024 ലക്ഷം രൂപയുടെ ഭരണാനുമതിയും നബാർഡിന്റെ സാമ്പത്തിക സഹായത്താൽ നൽകിയിരുന്നു. ഈ പദ്ധതിയുടെ ആദ്യഘട്ടമായി ജലശുദ്ധീകരണശാലയുടെ നിർമ്മാണവും പുതിയ പമ്പിംഗ് മെയിനുകളുടെയും പമ്പുസെറ്റുകളുടെയും പ്രവൃത്തികളും പൂർത്തിയാക്കി 2014-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചൂഴാറ്റുകോട്ട ജലശുദ്ധീകരണ ശാലയിൽനിന്ന് ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളിലെത്തിച്ച് നിലവിലുള്ള ജലവിതരണ ശൃംഖലവഴി പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭ്യമാക്കുകയും ചെയ്തു. പിടാരത്തെയും പൂവടയിലെയും ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികളും ജലവിതരണ ശൃംഖല സ്ഥാപിക്കൽ പ്രവൃത്തികളും പൂർത്തീകരിച്ച് ഭാഗികമായി ഇരുപഞ്ചായത്തുകളിലും ശുദ്ധജലവിതരണം

നടത്തിവരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ബാലരാമപുരം പഞ്ചായത്തിൽ ശുദ്ധജലവിതരണം നടത്തുന്നതിനായി വണിഗർ തെരുവിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിരുന്നു. ടി ഉപരിതല ജലസംഭരണിയിലേയ്ക്ക് ശുദ്ധജലം എത്തിക്കേണ്ടത് മൊട്ടമൂട് ജലസംഭരണിയിൽ നിന്നുമാണ്. ഇതിനായി മൊട്ടമൂട് മുതൽ ഉപരിതല ജലസംഭരണിവരെ റെയിൽവേ ക്രോസ്സിംഗ് ഒഴികെയുള്ള ഭാഗങ്ങളിൽ പൈപ്പ് ലൈനും സ്ഥാപിച്ചിരുന്നു. അതേസമയം സിവിൽ കേസ് കാരണം മൊട്ടമൂടിലെ ജലസംഭരണികളുടെയും പമ്പുഹൗസിന്റെയും നിർമ്മാണ പ്രവൃത്തികൾ നടത്താനായിട്ടില്ല. ഭാഗികമായി കമ്മിഷൻ ചെയ്ത ഈ പദ്ധതിയിൽനിന്നും ഇപ്പോൾ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ പൂർണ്ണമായും ജലവിതരണ സംവിധാനം ഒരുക്കുന്നതിനും എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം എത്തിച്ച് നൽകുന്നതിനുംവേണ്ടി ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി 7067 കണക്ഷനുകൾ നൽകുന്നതിനായി 3570.23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 100 കുടുംബങ്ങൾക്ക് കണക്ഷൻ നൽകിക്കഴിഞ്ഞു. ഈ പദ്ധതി 30-06-2023-ഓടുകൂടി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ

പൂർണ്ണമായ ജലവിതരണ സംവിധാനമൊരുക്കുന്നതിനും എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം എത്തിച്ചുനൽകുന്നതിനും ജലജീവൻ മിഷൻ പദ്ധതിപ്രകാരം 12378 കണക്ഷനുകൾ നൽകുന്നതിനുമായി 4312.45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1020 കണക്ഷനുകൾ നൽകിക്കഴിഞ്ഞു. 30-06-2023-ഓടുകൂടി ഈ പ്രവൃത്തിയും പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. മേൽപ്പറഞ്ഞ രണ്ട് ജെ.ജെ.എം. പദ്ധതിയും പൂർത്തീകരിക്കുന്നതിന് ജലസംഭരണിയും പമ്പുഹൗസും നിർമ്മിക്കേണ്ടത് മൊട്ടമൂടിലെ സ്ഥലത്താണ്. എന്നാൽ ആയത് സംബന്ധിച്ച് കോടതി വ്യവഹാരമുള്ളതിനാൽ കോടതിയുടെ അന്തിമതീരുമാനം ഉണ്ടാകേണ്ടതുണ്ട്. കൂടാതെ വിതരണശൃംഖല സ്ഥാപിക്കുന്നതിനായി റെയിൽവേ, ദേശീയപാത അധികൃതർ എന്നിവരുടെ അനുമതി ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## മത്സ്യഫെഡിൽ കരാർ ദിവസവേതന ജോലി

245(2908) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് വർഷക്കാലയളവിനുള്ളിൽ മത്സ്യഫെഡിൽ കരാർ ദിവസവേതന അടിസ്ഥാനത്തിൽ എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ ആറ് വർഷത്തിനുള്ളിൽ മത്സ്യഫെഡിൽ കരാറടിസ്ഥാനത്തിൽ 137 പേരും ദിവസവേതന അടിസ്ഥാനത്തിൽ 186 പേരും ഓഖി ആശ്രിതരിൽ 35 വനിതകളും അപ്രന്റീസ് ട്രെയിനി/പീസ് റെയ്റ്റ് - 6 പേരുമുൾപ്പെടെ 364 പേരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ബി) മത്സ്യസംഭരണം, വിൽപ്പന എന്നിവയുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര കോടി രൂപയുടെ ക്രമക്കേടുകൾ നടത്തിയിട്ടുണ്ടെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാരായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളി സംഭരിക്കുന്ന മീൻ വിറ്റ പണം ബാങ്കിൽ അടയ്ക്കുന്നതിൽ 103.29 ലക്ഷം രൂപയുടെ ക്രമക്കേട് നടന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. കൊല്ലം മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസിംഗ് സെന്ററിന്റെ 2020-21, 2021-22 വർഷങ്ങളിലെ കണക്കുകളിൽ പൊരുത്തക്കേട് കണ്ടെത്തുകയും ടി വർഷങ്ങളിലെ

കണക്കുകളിൽ അന്തിപ്പച്ചയിൽ നിന്നുള്ള വില്പന വിലയും ബാങ്കിലടച്ച തുകയും തമ്മിൽ 93.75 ലക്ഷം രൂപയുടെ വ്യത്യാസം കണ്ടെത്തിയിരുന്നു. അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള സ്ഥിരം ജീവനക്കാരനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും അക്കൗണ്ടന്റ് തസ്തികയിലുള്ള താൽക്കാലിക ജീവനക്കാരനെ സർവ്വീസിൽനിന്നും നീക്കംചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാൻമാർക്കെതിരെ ക്രിമിനൽ നടപടിക്രമമനുസരിച്ചുള്ള നിയമനടപടികൾ സ്വികരിക്കുന്നതിന്റെ ഭാഗമായി പോലീസിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ടി കാലയളവിലെ മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ മാനേജർക്ക് മേൽനോട്ട വീഴ്ച സംഭവിച്ചതായി ബോധ്യപ്പെടുകയും സ്ഥിരം ജീവനക്കാരിയായ മാനേജരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും കൂടാതെ മേൽനോട്ട വീഴ്ച സംഭവിച്ചതായി ബോദ്ധ്യപ്പെട്ട ഡെവലപ്മെന്റ് ഓഫീസർ, പ്രോജക്ട് ഓഫീസർമാർ എന്നീ തസ്തികകളിലുള്ള കരാർ ജീവനക്കാരെ സർവ്വീസിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡ് കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് ഇതുവരെ 8 പേർക്കെതിരെ നടപടി

സ്വീകരിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ കോഴഞ്ചേരി ഫിഷ് ബൂത്തിൽ മത്സ്യഫെഡ് ഇന്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ടിൽ കോഴഞ്ചേരി ഫിഷ് ബൂത്തിലെ ക്യാഷ്/ബാങ്ക് എന്നിവയിൽ 9,53,668/- രൂപയുടെ കുറവ് കണ്ടെത്തിയതിനെത്തുടർന്ന്, ഫിഷ് ബൂത്ത് നടത്തിപ്പിന്റെ ചുമതലയുള്ള സ്വയംസഹായ ഗ്രൂപ്പിലെ ഒരംഗത്തിനെതിരെ കേസെടുക്കുന്നതിന് പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

(സി) മത്സ്യഫെഡിന്റെ അന്തിപ്പച്ച പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതിയെന്താണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി മത്സ്യഫെഡിന്റെ 10 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ വിവിധ ജില്ലകളിൽ ആരംഭിക്കുന്നതിനായി സർക്കാർ പോർട്ടലായ GeM വഴി 5 വാഹനങ്ങൾ വാങ്ങുകയും വില്പനശാല സജ്ജീകരിക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യഫെഡിലെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഫിഷറീസ്

ഡയറക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ട്.

## കടലോര സംരക്ഷണ പദ്ധതി

246(2909) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലും തീരപ്രദേശങ്ങളും പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കി കടലിന്റെയും കടലോരത്തിന്റെയും സ്വാഭാവികാവസ്ഥ വീണ്ടെടുക്കുന്നതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ കടലും തീരപ്രദേശങ്ങളും പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കി കടലിന്റെയും കടലോരത്തിന്റെയും സ്വാഭാവിക ആവാസവ്യവസ്ഥ വീണ്ടെടുക്കുന്നതിനായി 'ശുചിത്വ സാഗരം സുന്ദര തീരം' എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ 2022 ജൂൺ 8-ന് ആരംഭിച്ചിട്ടുണ്ട്. കടലും തീരപ്രദേശവും പ്ലാസ്റ്റിക്

മുക്തമാക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങളിൽനിന്ന് കടലിനെയും തീരപ്രദേശത്തെയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുക, ഫലപ്രദമായ മാലിന്യ സംസ്കരണ നടപടികളിലൂടെ പരിസ്ഥിതി സംരക്ഷണം ഉറപ്പാക്കുക, സമുദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തോത് കുറയ്ക്കുക, പ്ലാസ്റ്റിക്മൂലമുണ്ടാകുന്ന വിവിധ മാരകമായ പ്രശ്നങ്ങളിൽനിന്ന് ജലജീവികളെ സംരക്ഷിക്കുക, സംസ്ഥാനത്തെ എല്ലാ ബീച്ചുകളും മാലിന്യമുക്തമാക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ ഫലപ്രദമായി പുനരുപയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുക, ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനത്തിലൂടെ ജനങ്ങളുടെ ആരോഗ്യവും ക്ഷേമവും സംരക്ഷിക്കുക, റീസൈക്ലിംഗ്, പുനരുപയോഗ മേഖലകളിലെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

(ബി) പ്രസ്തുത പദ്ധതി മത്സ്യസമ്പത്തിന്റെ സംരക്ഷണവും മത്സ്യത്തൊഴിലാളികളുടെ തൊഴിൽസുരക്ഷയും സാധ്യമാക്കുന്നതിന് എത്രത്തോളം സഹായകരമാണെന്ന് വിശദമാക്കാമോ?

വിവിധങ്ങളായ ജലാശയങ്ങളിലൂടെയും വേലിയേറ്റം, വേലിയിറക്കം തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങളിലൂടെയും മനുഷ്യൻ അലക്ഷ്യമായി

വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തീരക്കടലിലെത്തി അടിഞ്ഞുകൂടി തീരക്കടലിന്റെ ആവാസവ്യവസ്ഥയെ തകിടംമറിക്കുകയും കടൽ ജീവികളുടെ നിലനിൽപ്പിന് ഭീഷണിയാവുകയും ചെയ്യുന്നു. കടലിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെയും വരുമാനത്തെയും തൊഴിൽ സുരക്ഷിതത്വത്തെയും ഈ അവസ്ഥ ഗുരുതരമായി ബാധിക്കുന്നു. ജലാശയങ്ങളിലെത്തിച്ചേരുന്ന പ്ലാസ്റ്റിക്കുകൾ കാലക്രമേണ ചെറുകണങ്ങളായി രൂപാന്തരപ്പെട്ട് ജലജീവികളുടെ ശരീരത്തിലൂടെ അവ മനുഷ്യശരീരത്തിലെത്താനും ഗുരുതര ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാനും കാരണമാകും. സ്വാഭാവികമായും മത്സ്യത്തൊഴിലാളികളാകും ഈ ഗുരുതര സാഹചര്യത്തിന്റെ ആദ്യ ഇര. തീരദേശത്ത് കൊതുകുജന്യ രോഗങ്ങളും മറ്റ് സാംക്രമിക രോഗങ്ങളും പടർന്നുപിടിക്കുന്നതിന് പ്ലാസ്റ്റിക് മലിന്യങ്ങളും ഒരു പ്രധാന കാരണമാകുന്നുണ്ട്. ഇങ്ങനെ സമുദ്ര ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമായി മാറുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കടൽത്തീരത്തുനിന്നും തീരക്കടലിൽനിന്നും നീക്കംചെയ്താൽ കാലക്രമത്തിൽ തീരക്കടലിലെ സ്വാഭാവിക ആവാസവ്യവസ്ഥ വീണ്ടെടുക്കുന്നതിനും അതുവഴി മത്സ്യസമ്പത്ത് വർദ്ധിക്കുന്നതിനും കാരണമാകും. മത്സ്യലഭ്യത കൂടുന്നതിനനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിക്കുകയും

സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും മത്സ്യവർദ്ധനവിന് ആനുപാതികമായി മത്സ്യത്തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിക്കുകയും തൊഴിൽ സുരക്ഷ സാദ്ധ്യമാകുകയും ചെയ്യും.

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

247(2910) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനകളുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ഇതിൽ മത്സ്യഫെഡുമായി ബന്ധപ്പെട്ട കണ്ടെത്തലുകളുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള മത്സ്യഫെഡിന്റെ അമ്പലപ്പുഴ വ്യാസാസ്റ്റോറിൽ നടന്ന സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ റിപ്പോർട്ടിലെ

പ്രധാന ശിപാർശകളും ആയതിന്മേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു.+

**സൗരോർജ്ജ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ്**

248(2911) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് പുത്തൻകടപ്പുറത്ത് തീരദേശ വികസന കോർപ്പറേഷൻ നിർമ്മിച്ച സൗരോർജ്ജ ഫിഷ് ഡ്രൈയിംഗ് യൂണിറ്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുത്തൻകടപ്പുറത്ത് ഒരു സൗരോർജ്ജ ഫിഷ് ഡ്രൈയിംഗ് യൂണിറ്റ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നിർമ്മാണം പൂർത്തീകരിച്ച് 06-06-2016-ന് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു. സൗരോർജ്ജ ഡ്രൈ ഫിഷ് യൂണിറ്റ് ആരംഭിക്കുന്നതിന് 2018-ൽ ചാവക്കാട് മുൻസിപ്പൽ ചെയർമാന്റെ നേതൃത്വത്തിൽ യോഗംചേർന്ന് തീരദേശവികസന കോർപ്പറേഷനുമായി കരാറുണ്ടാക്കി. ടി കെട്ടിടം സാഫിന് കൈമാറണമെന്ന് നിശ്ചയിച്ചിരുന്നു. സാഫ് ഇതിലേയ്ക്കായി 23 വനിതകൾക്ക് പരിശീലനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നൽകിയിരുന്നെങ്കിലും പദ്ധതിയുടെ നിർവ്വഹണപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ അവർ മറ്റ് തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട് കൊഴിഞ്ഞുപോകുകയുമാണുണ്ടായത്. കൂടാതെ ഡ്രൈ ഫിഷ് യൂണിറ്റ് പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളുണ്ടോ എന്ന് പരിശോധിക്കുകയും ചുറ്റുമതിൽ കെട്ടുന്നത് ആവശ്യകതയായി കണ്ടെത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിച്ചിട്ടില്ലാത്തതും ടി യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത യൂണിറ്റിൽ മത്സ്യം ശുചിയാക്കി ഉണക്കിയെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ യൂണിറ്റ് ആരംഭിച്ചിരുന്നോ; വിശദവിവരം അറിയിക്കുമോ?

പ്രസ്തുത യൂണിറ്റിൽ മത്സ്യം ശുചിയാക്കി ഉണക്കിയെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി സാഫ് 23 മത്സ്യത്തൊഴിലാളി വനിതകളെ തെരഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതി സമയബന്ധിതമായി പ്രവർത്തന സജ്ജമാകാത്തതിനാൽ പരിശീലനം ലഭിച്ച അംഗങ്ങൾ മറ്റ് സംരംഭങ്ങളിലേർപ്പെടുകയും കൊഴിഞ്ഞുപോകുകയും താല്പര്യമുള്ള

അംഗങ്ങൾക്ക് സാഫ് നടപ്പിലാക്കുന്ന തീരമൈത്രി പദ്ധതിയിൽ സൂക്ഷ്മ തൊഴിൽസംരംഭക യൂണിറ്റുകൾ അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

**തീരദേശമേഖലകളുടെ വികസനത്തിനുള്ള കിഫ്ബി പദ്ധതികൾ**

249(2912) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ മേഖലകളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബിവഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തീരദേശമേഖലകളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഫിഷറീസ് വകുപ്പുവഴി 2016 മുതൽ തീരദേശ വികസനവുമായി ബന്ധപ്പെട്ട് എത്ര റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 2016 മുതൽ ഇതുവരെ 2000 റോഡുകളുടെ പ്രവൃത്തികൾക്ക് 88,364.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 1336 റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ബാക്കി റോഡുകളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റോഡ് പ്രവൃത്തികൾക്കായി 2016 മുതൽ 592.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## മത്സ്യഫെഡിലെ ജീവനക്കാർ

250(2913) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിലെ ആകെ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ; അതിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്നും എത്ര കരാർ ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

മത്സ്യഫെഡിലെ ആകെ ജീവനക്കാരുടെ എണ്ണം 921 ആണ്. 176 സ്ഥിരം ജീവനക്കാരും 374 കരാർ ജീവനക്കാരുമാണുള്ളത്.

(ബി) മത്സ്യഫെഡിൽ താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ?

മത്സ്യഫെഡിലെ 15 തസ്തികകളിലായി നിലവിലുള്ള 192 ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തെങ്കിലും മതിയായ ജീവനക്കാരെ ലഭ്യമാക്കുന്നതിലുള്ള കാലതാമസം കാരണം താത്കാലിക ജീവനക്കാരെ നിയമിക്കേണ്ടതായിവന്നു. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.), ഐ.എം.ജി. എന്നീ സർക്കാർ ഏജൻസികൾ മുഖേന ടെസ്റ്റ് നടത്തിയും വെബ്സൈറ്റ്, പത്രമാധ്യമങ്ങൾ എന്നിവ മുഖേന പരസ്യം നൽകി അഭിമുഖം നടത്തിയും മാനദണ്ഡങ്ങൾ പാലിച്ച് താത്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നു.

**മത്സ്യഫെഡിലെ അഴിമതി**

251(2914) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ അന്തിപ്പച്ച എന്നപേരിൽ മത്സ്യഫെഡ് ആരംഭിച്ച മീൻവില്പനയിൽ വൻസാമ്പത്തിക അഴിമതി നടന്നതായി മത്സ്യഫെഡ് ഓഡിറ്റ് വിഭാഗം കണ്ടെത്തുകയുണ്ടായോ?

മത്സ്യഫെഡ് ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ മാനേജരുടെ റിപ്പോർട്ടിൽ, കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിന്റെ 2020-

21, 2021-22 വർഷങ്ങളിലെ കണക്കുകളിൽ പൊരുത്തക്കേട് കണ്ടെത്തിയതിനെത്തുടർന്ന് മത്സ്യഫെഡ് അക്കൗണ്ട്സ് വിഭാഗം പരിശോധന നടത്തുകയും അന്തിപ്പച്ചയിൽനിന്നുള്ള വില്പന വിലയും ബാങ്കിലടച്ച തുകയും തമ്മിൽ 93.75 ലക്ഷം രൂപയുടെ വ്യത്യാസം കണ്ടെത്തുകയുമുണ്ടായി.

(ബി) ഇതുസംബന്ധിച്ച് മത്സ്യത്തൊഴിലാളികൾ പോലീസിൽ പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ കേസ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

മത്സ്യത്തൊഴിലാളികൾ പോലീസിൽ പരാതി നൽകിയിട്ടില്ല.

(സി) മത്സ്യവില്പനയുമായും വാങ്ങലുമായും ബന്ധപ്പെട്ട് മറ്റേതെങ്കിലും സ്ഥലങ്ങളിൽ സമാനമായ അഴിമതികൾ വകുപ്പ് കണ്ടെത്തുകയുണ്ടായോ?

മത്സ്യഫെഡിന്റെ കോഴഞ്ചേരി ഫിഷ് ബൂത്തിൽ മത്സ്യഫെഡ് ഇന്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ക്യാഷ്/ബാങ്ക് എന്നിവയിൽ 9,53,668/- രൂപയുടെ കുറവ് കണ്ടെത്തിയിട്ടുണ്ട്.

(ഡി) മത്സ്യഫെഡിൽ രാഷ്ട്രീയ നിയമനം നേടിയ ജീവനക്കാരാണോ ഈ തട്ടിപ്പുകൾ നടത്തുന്നതിന് നേതൃത്വം നൽകിയത്; വിശദാംശം നൽകാമോ?

മത്സ്യഫെഡിന്റെ ശക്തികുളങ്ങര കോമൺ പ്രീ-പ്രോസസ്സിംഗ് സെന്റർ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പണാപഹരണവുമായി ബന്ധപ്പെട്ട് 8 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കംചെയ്യുകയും സ്ഥിരംജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റ് ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31-5-2022-ന് അവസാനിച്ചമുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. കോമൺ പ്രീ- പ്രോസസ്സിംഗ് സെന്റർ (സി.പി.സി.)-ന്റെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു പി. എസ്., പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ് ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ ജില്ലാ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിലെ

ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

## മത്സ്യഫെഡ് അഴിമതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്

252(2915) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യഫെഡിൽ നടന്ന തട്ടിപ്പിനെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മത്സ്യഫെഡിലെ ക്രമക്കേട് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

## മത്സ്യഫെഡ് ഓഡിറ്റ് റിപ്പോർട്ട്

253(2916) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ മത്സ്യഫെഡ് ചെയർമാൻ ശമ്പളവും മറ്റ് അലവൻസുകളുമായി കൈപ്പറ്റിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2016 മുതൽ 2021 വരെ മത്സ്യഫെഡ് ചെയർമാൻ ഓണറേറിയം ഇനത്തിൽ 9,67,143/- രൂപയും അലവൻസ് (ടി.എ.) ഇനത്തിൽ 4,11,461/- രൂപയും കൈപ്പറ്റിയിട്ടുണ്ട്.

(ബി) ഈ കാലയളവിലെ മത്സ്യഫെഡ് ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

2016 മുതൽ 2021 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**മത്സ്യഫെഡ് ഔട്ട്‍ലെറ്റുകൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാൻ നടപടി**

254(2917) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിലുള്ള മത്സ്യഫെഡ് ഔട്ട്‍ലെറ്റുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡിന്റെ ഔട്ട്ലെറ്റുകൾ കുന്നിക്കോട്, റാന്നി, തൊടുപുഴ, പൈക, ചടയമംഗലം, കുരിയച്ചിറ എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) കേടുവരാത്തതും ഗുണമേന്മയുള്ളതുമായ മത്സ്യങ്ങൾ മത്സ്യഫെഡ് ഔട്ട്ലെറ്റുകൾവഴി വിതരണം നടത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ലാന്റിംഗ് സെന്ററുകൾ/ഹാർബറുകളിൽനിന്നും മത്സ്യം നേരിട്ട് ശേഖരിച്ച് മത്സ്യസംഭരണ കേന്ദ്രങ്ങളിലെത്തിച്ച് അവിടെനിന്നും ഗുണമേന്മ ഉറപ്പാക്കി മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ, സഹകരണ സംഘം/ബാങ്കിന്റെ ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾവഴി വിപണനം ചെയ്തുവരുന്നു. ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ മത്സ്യം ഫിഷ്മാർട്ടുകൾക്ക് എത്തിക്കുന്നതിനായി പഫ് ഇൻസുലേഷനോടുകൂടിയ 5 വാഹനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അന്നന്നുള്ള മത്സ്യം അന്നന്നുതന്നെ എത്തിക്കുന്നതിനായി 10 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു.

(സി) മത്സ്യഫെഡ് കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് അറിയിക്കാമോ?

കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട്‌ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജകമണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ്‌മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജകമണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ്‌മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ്‌മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## മത്സ്യഫെഡിലെ ക്രമക്കേടുമായി ബന്ധപ്പെട്ട അന്വേഷണം

255(2918) ശ്രീമതി ഉമ തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എം. വിൻസെന്റ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസംഭരണ വിതരണ കേന്ദ്രമായ കൊല്ലം ശക്തികുളങ്ങരയിലെ കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിൽ നടന്നതായി പറയപ്പെടുന്ന തട്ടിപ്പിന് മത്സ്യ ഇടപാടുകളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ച കാരണമായിട്ടുണ്ടെന്ന് ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശക്തികുളങ്ങരയിലെ കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്ന മാനേജർ ഇൻചാർജ്ജ് (മത്സ്യഫെഡ് ജില്ലാ മാനേജർമാർ) ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും യഥാസമയം ഉണ്ടാകേണ്ടിയിരുന്ന പരിശോധനകളും മേൽനോട്ട ചുമതലകളും നിർവ്വഹിക്കുന്നതിലുണ്ടായ വീഴ്ചയാണ് ക്രമക്കേട് യഥാസമയം കണ്ടെത്താൻ കഴിയാതിരുന്നതിന് കാരണമെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തട്ടിപ്പിൽ താൽക്കാലിക ജീവനക്കാരനായ അക്കൗണ്ടന്റിനെ പിരിച്ചുവിടുകയും സ്ഥിരം ജീവനക്കാരനായ ജൂനിയർ അസിസ്റ്റന്റിനെ സസ്പെൻഡ് ചെയ്യുകയും ചെയ്തുകൊണ്ട് അഴിമതി മൂടിവയ്ക്കാനാണ് ശ്രമിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ശക്തിപകരുന്നതാണോ പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളെന്ന് വ്യക്തമാക്കാമോ?

ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് കുറ്റക്കാർക്കെതിരെ കർശന നടപടിയെടുത്തിട്ടുണ്ട്. ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിലെ അക്കൗണ്ട്സ് കൈകാര്യം ചെയ്തിരുന്ന താത്കാലിക ജീവനക്കാരനായിരുന്ന ശ്രീ. എം. മഹേഷിനെ സർവ്വീസിൽനിന്നും നീക്കംചെയ്യുകയും സ്ഥിരംജീവനക്കാരനായ ശ്രീ. കെ. അനിമോനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. കൂടാതെ, കരാർ ജീവനക്കാരനായ ശ്രീ. സി. മണിയപ്പനെ കരാർ കാലാവധി 31-5-2022-ന് അവസാനിച്ചമുറയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല കോമൺ പ്രീ-പ്രോസസ്സിംഗ് സെന്ററിന്റെ മാനേജർ ചുമതല വഹിച്ചിരുന്ന ശ്രീമതി ലിസി അഗസ്റ്റിനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും ശ്രീമതി നീതു പി. എസ്., പ്രോജക്ട് ഓഫീസർ (കരാർ), ശ്രീ. സഞ്ജയ് ഖാൻ, ഡെവലപ്മെന്റ്

ഓഫീസർ (കരാർ), ശ്രീ. എസ്. അനീഷ്, പ്രോജക്ട് ഓഫീസർ (ദിവസവേതനം) എന്നിവരെ സർവ്വീസിൽനിന്ന് പിരിച്ചുവിടുകയും നിലവിലെ മാനേജർ ഡോ. എം. നൗഷാദിനോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിലെ തട്ടിപ്പിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ മത്സ്യഫെഡ് മത്സ്യമാർക്കറ്റുകൾ

256(2919) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എവിടെയെല്ലാമാണ് മത്സ്യഫെഡ് മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ എടപ്പാൾ, കോട്ടയ്ക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (തേഞ്ഞിപ്പാലം) എന്നിവിടങ്ങളിൽ സഹകരണ ബാങ്കുമായുള്ള ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ, പെരിന്തൽമണ്ണ, കൊടൂർ എന്നീ സ്ഥലങ്ങളിൽ ഫിഷ്മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിയോജകമണ്ഡല അടിസ്ഥാനത്തിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജകമണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ്മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജകമണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ്മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ്മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതിപ്രകാരം ഒരു മത്സ്യമാർക്കറ്റിനായി ഏകദേശം എത്രതുകയാണ് മത്സ്യഫെഡ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടുകൂടി ഹൈജീനിക് ഫ്രഷ് ഫിഷ് റീട്ടെയിലിംഗ് എന്ന പദ്ധതിയിൽ ഫിഷ്മാർട്ട് സ്ഥാപിക്കുന്നതിന് മാർട്ടൊന്നിന് 10 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്.

(ഡി) മങ്കട നിയോജകമണ്ഡലത്തിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിനായി മത്സ്യഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മങ്കട നിയോജകമണ്ഡലത്തിൽ മത്സ്യമാർട്ട് സ്ഥാപിക്കുന്നതിനായി മങ്കട പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അന്തിപ്പച്ച പദ്ധതിയിലെ അഴിമതി**

257(2920) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തിപ്പച്ച പദ്ധതിയിലെ അഴിമതി പുറത്തുവന്നതിനെത്തുടർന്ന് പരിശോധന നടത്തുന്നതിനായി പ്രത്യേക ഓഡിറ്റ് സംഘത്തെ

നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത ഓഡിറ്റ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അന്തിപ്പച്ച പദ്ധതിയിലെ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് മത്സ്യഫെഡ് ധനകാര്യ വിഭാഗത്തിലെ അക്കൗണ്ട്സ് ഓഫീസറുടെ നേതൃത്വത്തിൽ പ്രത്യേക സംഘം പരിശോധന നടത്തി റിപ്പോർട്ട് 03-06-2022-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അഴിമതിയിലുൾപ്പെട്ട മുഴുവനാളുകളെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിന് ഓഡിറ്റ് നടപടികൾ പര്യാപ്തമാണോ; മത്സ്യഫെഡിലെ അഴിമതി സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്താൻ തയ്യാറാകുമോ; വിശദാംശം നൽകാമോ?

മത്സ്യഫെഡിന്റെ ഓഡിറ്റ് നടപടികൾക്ക് പുറമെ ഫിഷറീസ് വകുപ്പ് ഡയറക്ടർ അന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് ഇതുവരെ എട്ടുപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുമുണ്ട്.

(സി) മത്സ്യഫെഡിൽ കോടിക്കണക്കിന് രൂപയുടെ ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിന് താത്കാലിക ജീവനക്കാരെ ചുമതലപ്പെടുത്തുന്നതിലൂടെ അഴിമതി നടക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

മത്സ്യഫെഡിലെ അഴിമതി തടയുന്നതിന് ചുവടെച്ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. പണമിടപാടുകൾ നടത്തുന്നതിന് പരമാവധി സ്ഥിരം ജീവനക്കാരെമാത്രം നിയോഗിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
2. ജീവനക്കാർ കുറവുള്ള സ്ഥലങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
3. നേരിട്ടുള്ള പണമിടപാടുകൾ കുറച്ച് ഓൺലൈൻ/ക്യൂ.ആർ. (QR) കോഡ്/കാർഡ് സ്വയിപ്പിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.
4. ബാങ്കുകൾ നേരിട്ട് യൂണിറ്റുകളിൽനിന്ന് പണം സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

5. മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഒരു ടോട്ടൽ ഓട്ടോമേഷൻ സംവിധാനത്തിന്റെ സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് നടന്നുവരുന്നു.

മത്സ്യഫെഡ് ഭരണസമിതിയുടെ സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സി.എ. പാസ്സായ ഉദ്യോഗസ്ഥനെയോ ഓഡിറ്റ് പരിജ്ഞാനമുള്ള ഓഡിറ്റ് ഓഫീസറെയോ പുറമെനിന്ന് നിയോഗിക്കാനും സി.എ./സി.എം.എ. (ഇന്റർമീഡിയറ്റ്) ട്രെയിനികളെക്കൂടി വിനിയോഗിച്ച് പ്രത്യേകമായ പരിശോധന സംവിധാനം ഏർപ്പാടാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഓഡിറ്റേഴ്സ് ഓഫ് ഇൻഡ്യ പോലുള്ള സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

## മത്സ്യലഭ്യത ഉറപ്പുവരുത്താൻ നടപടി

258(2921) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്തിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതരത്തിൽ വിവിധ മത്സ്യയിനങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി ചെയ്യുകയും 2018-ൽ പുതിയ റൂൾ നിലവിൽ വരികയും ചെയ്തു. അതുപ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലുപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലുപ്പം നിശ്ചയിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർവരെ നീളമുള്ളതും 250 എച്ച്.പി. വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽനിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമ ലംഘനങ്ങൾക്ക്

വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും മത്സ്യബന്ധന വലനിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലുപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. മത്സ്യപ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനായി കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യലഭ്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത്

2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ട് വർഷങ്ങളിൽ കടൽ മത്സ്യലഭ്യതയിൽ കുറവുവന്നിട്ടുണ്ട്. 2021-22 സാമ്പത്തികവർഷത്തിൽ മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. ഇടയ്ക്കുള്ള രണ്ടുവർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാനകാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. ഓഖിപോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരുപരിധിവരെ കാരണമായി മാറിയിട്ടുണ്ട്.

## അന്തിപ്പച്ച മത്സ്യവിതരണ സംവിധാനം

259(2922) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നമാക്കിമാറ്റി പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ വിൽക്കുന്നതിലൂടെ മത്സ്യമേഖലയ്ക്ക് വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യമൊരുക്കിയിട്ടുണ്ടോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾവഴി വിവിധ മത്സ്യയിനങ്ങൾ വിവിധ സാങ്കേതികവിദ്യകളുടെ സഹായത്തോടെ സംസ്കരിച്ച് മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങളാക്കി ഉപഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പദ്ധതികൾ മത്സ്യമേഖലയിലെ വരുമാന വർദ്ധനവ് ലഭിക്കുന്നതിന് സാഹചര്യമൊരുക്കിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി വനിതകൾക്ക് ആ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് പ്രസ്തുത പ്ലാന്റിൽനിന്നും സൗരോർജ്ജ ഡ്രയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ ഡ്രിഷ് കേരള എന്ന ബ്രാന്റിൽ വിപണിയിലെത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം

നൽകിയ വനിതകൾ മുഖേനയാണ് ഉല്പന്ന നിർമ്മാണം പ്ലാന്റിൽ നടത്തിവരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽനിന്നും വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലെറ്റ്, പീര തുടങ്ങിയ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്നപേരിൽ ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപ്പച്ച തുടങ്ങിയ യൂണിറ്റുകൾവഴി വിപണനം ചെയ്തുവരുന്നു. ടി പ്ലാന്റുവഴി കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാന്റ് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻ തോടിൽനിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന യൂണിറ്റ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെയും CTCRI-യുടെയും സാങ്കേതിക

സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. മേൽപദ്ധതികളിൽ കൂടുതൽ മത്സ്യത്തൊഴിലാളി സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്.

(സി) അന്തിപ്പച്ച എന്നപേരിൽ മായംചേർക്കാത്ത മത്സ്യം വിതരണംചെയ്യുന്നതിന് നിലവിൽ എവിടെയൊക്കെയാണ് സംവിധാനമൊരുക്കിയിട്ടുള്ളത്?

തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം എന്നീ ജില്ലകളിലായി മത്സ്യഫെഡിന്റെ 10 അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ അന്തിപ്പച്ച മൊബൈൽ യൂണിറ്റുകൾ വിവിധ ജില്ലകളിൽ ആരംഭിക്കുന്നതിനായി 5 വാഹനങ്ങൾ വാങ്ങി വില്പനശാല സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാവപ്പെട്ട മത്സ്യത്തൊഴിലാളി സ്ത്രീകളെ മറയാക്കി വ്യാപകമായ ക്രമക്കേടുകൾ നടത്തുന്നുവെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉണ്ട്. ഇതിനെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥതല മോണിറ്ററിംഗ് സംവിധാനം മത്സ്യഫെഡ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു വെബ്പോർട്ടലും ആപ്പുംവഴി സാങ്കേതിക

സഹായത്തോടെ (ഓൺലൈൻ മോണിറ്ററിംഗ്) പണമിടപാടുകൾ എന്നിവ അറിയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**മത്സ്യ ഗുണനിലവാരവും മാർക്കറ്റ് ശുചിത്വവും ഉറപ്പാക്കാൻ പദ്ധതി**

260(2923) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾക്ക് ഗുണനിലവാരമുള്ള പച്ചമത്സ്യം ലഭ്യമാക്കുന്നതിനാവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഫിഷറീസ് വകുപ്പിനുകീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമെൻ (സാഫ്) മുഖേന 2 മുതൽ 5 വരെ അംഗങ്ങളടങ്ങുന്ന വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് 9 തീരദേശ ജില്ലകളിലും പച്ചമത്സ്യ വിപണന സ്റ്റാളുകൾ നടത്തിവരുന്നു. കൂടാതെ മത്സ്യബന്ധന വിപണന രംഗങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്താൻ പുതിയ സാങ്കേതികവിദ്യകളുടെ പിൻബലത്തിൽ മൂല്യവർദ്ധിത ഉല്പന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി ചേർന്ന് മത്സ്യത്തൊഴിലാളി വനിതകൾക്കായുള്ള ശീതീകരണ സംവിധാനത്തോടുകൂടിയ 20 മത്സ്യവിപണന കിയോസ്കുകൾ വിതരണം ചെയ്തിട്ടുണ്ട്. കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ 44 ഗുണഭോക്താക്കൾ ഇതിലെ അംഗങ്ങളാണ്. കൊച്ചിൻ ഷിപ്‌യാർഡ് ലിമിറ്റഡിന്റെ സി.എസ്.ആർ. ഫണ്ടുപയോഗിച്ച് CIFT രൂപകല്പന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് ആധുനീകരിച്ച എയർകണ്ടീഷൻ ചെയ്ത ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾവഴിയും ഫിഷ്‌ലാന്റിംഗ് സെന്ററുകളിൽനിന്നും നേരിട്ടും ഗുണമേന്മയുള്ള മത്സ്യം സംഭരിച്ച് വൃത്തിയാക്കി ഫിഷ്മാർട്ടുകൾവഴി വിപണനം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ധനസഹായത്തോടെ 53 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. കൂടാതെ

മത്സ്യഫെഡിന്റെ 'തീരത്തിൽ നിന്ന് മാർക്കറ്റിലേയ്ക്ക്' എന്നപദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് നേരിട്ടെത്തിക്കുന്നതിന് 'അന്തിപ്പച്ച' എന്ന നാമധേയത്തിൽ 10 മൊബൈൽ യൂണിറ്റുകളും പ്രവർത്തിപ്പിക്കുന്നു. കൂടാതെ സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്ന് 60 ഫ്രാഞ്ചൈസി ഫിഷ്ബൂത്തുകളും പ്രവർത്തിക്കുന്നു.

(ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനുള്ള പദ്ധതികളുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) വിവിധ ജില്ലകളിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനും ശുചിത്വം ഉറപ്പാക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മുഖേന ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ധനസഹായം നൽകിയിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റിലും ശുചിത്വം ഉറപ്പാക്കുന്നതിനായി പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, മലിനജല സംസ്കരണ യൂണിറ്റ് എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥല ലഭ്യതയനുസരിച്ച് ഓരോ മത്സ്യമാർക്കറ്റിലും സജ്ജമാക്കുന്നതാണ്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലെറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പുവരുത്തുന്നുണ്ട്. മത്സ്യഫെഡ് വഴി കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിലെ അരൂർ എന്നീ മത്സ്യമാർക്കറ്റുകൾ നവീകരിച്ചിട്ടുണ്ട്.

## മത്സ്യ ഉപഭോഗത്തിലും ലഭ്യതയിലും സ്വയംപര്യാപ്തത

261(2924) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ദൈനംദിന ആവശ്യത്തിനുവേണ്ടുന്ന മത്സ്യത്തിന്റെ അളവും സംസ്ഥാനത്തുനിന്നുള്ള മത്സ്യലഭ്യതയുടെ അളവും എത്രയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ദിനംപ്രതി ഏകദേശം 2054.79 മെട്രിക് ടൺ മത്സ്യം ആവശ്യമായി വരുന്നതായി കണക്കാക്കപ്പെടുന്നു. അതുപ്രകാരം വർഷംതോറും 7.5 ലക്ഷം മെട്രിക് ടണ്ണിന്റെ മത്സ്യ ആവശ്യകതയുണ്ട്. ഇതുകൂടാതെ വർഷംതോറും 1.48 ലക്ഷം മെട്രിക് ടൺ മത്സ്യം സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്നുണ്ട്. അങ്ങനെ വർഷംതോറും 8.98 ലക്ഷം മെട്രിക് ടൺ മത്സ്യ ആവശ്യകതയാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്തെ അവസാന 5 വർഷത്തെ വാർഷിക മത്സ്യലഭ്യത (marine + inland) ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2017-18 | 6.73 ലക്ഷം മെട്രിക് ടൺ |
| 2018-19 | 8.02 ലക്ഷം മെട്രിക് ടൺ |
| 2019-20 | 6.80 ലക്ഷം മെട്രിക് ടൺ |
| 2020-21 | 6.16 ലക്ഷം മെട്രിക് ടൺ |
| 2021-22 | 8.27 ലക്ഷം മെട്രിക് ടൺ |

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും ദിനംപ്രതി കേരളത്തിലെത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും ഇത്തരത്തിൽ

സംസ്ഥാനത്തെത്തുന്ന മത്സ്യങ്ങളിലെ മായം ചേർക്കൽ തടയാൻ ഫിഷറീസ് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കാമോ?

അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്ക് എത്തുന്ന മത്സ്യത്തിന്റെ ഏകദേശ അളവ് ഒരു വർഷം 2.18 ലക്ഷം മെട്രിക് ടണ്ണാണെന്ന് കണക്കാക്കിയിട്ടുണ്ട്. അതായത് ദിനംപ്രതി ഏകദേശം 600 ടൺ മത്സ്യമാണ് അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് എത്തുന്നത്. സംസ്ഥാനത്തിന് പുറത്തുനിന്ന് വില്പനയ്ക്കായി എത്തുന്ന മത്സ്യത്തിൽ രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനും ത്വരിത പരിശോധന നടത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ/മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധന നടത്തിവരുന്നു.

(സി) ഇത്തരത്തിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ എത്ര തോതിലുള്ള മത്സ്യം നശിപ്പിച്ചുവെന്നും

എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്നൊരു പദ്ധതിക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാനവ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റുകൾവഴി സംസ്ഥാനത്തേയ്ക്കെത്തുന്നത് ഉൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് ശക്തമായ ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. രാസപദാർത്ഥങ്ങൾ കലർന്നതോ കേടായതോ ആയ മത്സ്യം കണ്ടെത്തുകയാണെങ്കിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 സെക്ഷൻ 38 (4) പ്രകാരം ഭക്ഷ്യസുരക്ഷാ ഓഫീസർക്ക് ടി മത്സ്യം നശിപ്പിക്കാവുന്നതാണ്. ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഭക്ഷ്യയോഗ്യമല്ലാത്ത 23514 കിലോഗ്രാം മത്സ്യം നശിപ്പിച്ചിട്ടുണ്ട്. 'ഓപ്പറേഷൻ മത്സ്യ'യുമായി ബന്ധപ്പെട്ട് ശേഖരിച്ച 13 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ ലാബുകളിലേയ്ക്ക് അയച്ചിട്ടുണ്ട്.

സുരക്ഷിതമല്ലെന്ന ലാബ് റിപ്പോർട്ടുകൾ ലഭിക്കുന്നപക്ഷം കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് മത്സ്യ ഉപഭോഗത്തിന് അനുസൃതമായി മത്സ്യോത്പാദനം നടത്തുവാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ മത്സ്യഉപഭോഗത്തിലും ലഭ്യതയിലും സംസ്ഥാനം എപ്പോൾ സ്വയംപര്യാപ്തത കൈവരിക്കുമെന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## മത്സ്യസമ്പത്ത് വർദ്ധന സംബന്ധിച്ച ശാസ്ത്രീയ പഠനം

262(2925) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രോളിംഗ് നിരോധന സമയത്ത് മത്സ്യസമ്പത്ത് ഫലപ്രദമായി വർദ്ധിക്കുന്നുണ്ടോ എന്ന് ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേന്ദ്രസർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ. ആണ് ഇതുമായി ബന്ധപ്പെട്ട് ശാസ്ത്രീയപഠനം നടത്തുന്നത്. ഐ.സി.എ.ആർ.-സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കടൽ മത്സ്യബന്ധനത്തെ പതിവായി നിരീക്ഷിക്കുകയും സ്റ്റോക്ക് സ്റ്റാറ്റസിനായി ഡാറ്റ വിശകലനം ചെയ്യുകയും ചെയ്തുവരുന്നുണ്ട്. ലാൻഡിംഗ് വർദ്ധിക്കുന്നില്ലെങ്കിലും കനത്ത മത്സ്യബന്ധന സമ്മർദ്ദങ്ങൾക്കിടയിലും നമ്മുടെ മത്സ്യവിഭവശേഷി സമൃദ്ധവും സുസ്ഥിരവുമാണെന്ന് ഫലങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഇത് പ്രധാനമായും മത്സ്യബന്ധന നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതും പ്രത്യേകിച്ച് തീരപ്രദേശത്ത് നടപ്പിലാക്കുന്ന സീസണൽ മത്സ്യബന്ധന നിരോധനവും (Trawl Ban) കാരണമാണെന്ന് സി.എം.എഫ്.ആർ.ഐ. വ്യക്തമാക്കിയിട്ടുണ്ട്.

## മത്സ്യലഭ്യതയിലുണ്ടായ ഇടിവ്

263(2926) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോവർഷം കഴിയുംതോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2019-20, 2020-21, 2021-22 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തുനിന്നും എത്ര ടൺ മത്സ്യമാണ് ലഭിച്ചത്; വ്യക്തമാക്കാമോ?

(എ&ബി) കാലാവസ്ഥാ വ്യതിയാനവുംമറ്റുംമൂലം സമുദ്രമത്സ്യ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ അപേക്ഷിച്ച് 2021-22 വർഷം വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ കേരള തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന് ശോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഇതര സംസ്ഥാന ബോട്ടുകൾ കേരളത്തിന്റെ തീരപ്രദേശത്ത് ചെറുമീനുകളടക്കം പിടിച്ച് മത്സ്യബന്ധനത്തിന് ശോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഓൺലൈൻ മത്സ്യവിപണി

264(2927) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഓൺലൈൻ മത്സ്യവിപണി പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

ഫിഷറീസ് വകുപ്പിന് കീഴിലുള്ള സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന നടപ്പിലാക്കുന്ന പദ്ധതികളിലെ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ഓൺലൈൻ വിപണിയിലെത്തിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോവിഡ് മഹാമാരിയും തുടർന്നുവന്ന ലോക്ഡൗണുകളും തീരദേശ മത്സ്യത്തൊഴിലാളി വനിതകൾ നടത്തിവരുന്ന സാഫ് യൂണിറ്റുകളുടെ സംരംഭങ്ങളെ സാമൂഹികമായും സാമ്പത്തികമായും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട യൂണിറ്റുകളെ സാമ്പത്തിക തകർച്ചയിൽനിന്ന് കരകയറ്റുന്നതിന് സാഫ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ ജനങ്ങൾ കൂടുതൽ ആശ്രയിച്ചിരുന്നത് ഓൺലൈൻ സംവിധാനങ്ങളെയാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാഫ് സംരംഭങ്ങളുടെ സുസ്ഥിരമായ നിലനിൽപ്പിനായി യൂണിറ്റുകളെ ഓൺലൈൻ മാർക്കറ്റിംഗ് ആൻഡ് സെയിൽ സംവിധാനത്തിലേയ്ക്ക്

കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാഫിലെ 125 യൂണിറ്റുകളെ ആദ്യഘട്ടത്തിൽ വാട്ട്സാപ്പ്, ഫെയ്സ് ബുക്ക് എന്നീ സോഷ്യൽ മീഡിയയിൽ ലിങ്ക് ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത യൂണിറ്റ്/ഉല്പന്നങ്ങൾക്ക് രജിസ്ട്രേഷൻ, ലൈസൻസ്, ക്യൂ.ആർ. കോഡ് എന്നിവ ലഭ്യമാക്കി. ഓൺലൈൻ മാർക്കറ്റിംഗ് ആൻഡ് സെയിലിന് ആവശ്യമായ സ്റ്റാൻഡേർഡ് ക്വാളിറ്റി, പ്രോഡക്ട് സാമ്പിൾ ടെസ്റ്റിംഗ്, പാക്കിംഗ്, പ്രോഡക്ട് ലേബൽ, ഡിസൈൻ, സ്റ്റോറേജ് എന്നിവ ചെയ്തുവരുന്നു. പ്രോഡക്ട് പ്രൊമോഷനാവശ്യമായ പരസ്യം, ഓൺലൈൻ പോസ്റ്റർ, ഷോർട്ട് വീഡിയോസ് തുടങ്ങിയവ തയ്യാറാക്കിവരുന്നു. ടി സംവിധാനത്തിലെ യൂണിറ്റുകൾക്ക് അനുയോജ്യമായ ഡെലിവറി പാർട്ട്ണർമാരെ ജില്ലകൾ അതത് പ്രദേശങ്ങളിൽനിന്നുതന്നെ കണ്ടെത്തുകയും ഉല്പന്നങ്ങൾ ഹോം ഡെലിവറി ചെയ്യുന്നതിന് അവരുമായി ലിങ്കേജുണ്ടാക്കുകയും ചെയ്തുവരുന്നു. തീരമൈത്രി ഓൺലൈൻ മാർക്കറ്റിംഗ് ആൻഡ് സെയിൽസ് ആപ് രൂപീകരിച്ച് ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളുടെ മുഴുവൻ ഉല്പന്നങ്ങളും അടുത്തഘട്ടത്തിൽ സാഫ് ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മത്സ്യഫെഡ് കേരളത്തിലുടനീളം 113 ഫിഷ്മാർട്ടുകളും ഫ്രാഞ്ചൈസി

മാർട്ടുകളും നടത്തിവരുന്നു. ഇതിലൂടെ പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള മത്സ്യവും മത്സ്യോല്പന്നങ്ങളും ന്യായമായ വിലയ്ക്ക് നൽകിവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം കോർപ്പറേഷൻ പരിധിക്കുള്ളിൽ മത്സ്യഫെഡ് ഫ്രഷ് ഫിഷ് എന്നപേരിൽ ഒരു ഓൺലൈൻ മത്സ്യവിപണന പദ്ധതി നടത്തിവരുന്നു. ഇതനുസരിച്ച് മത്സ്യഫെഡ് ഫ്രഷ് മീൻ എന്ന വെബ്സൈറ്റിലൂടെയോ ഇതേപേരിലുള്ള മൊബൈൽ ആപ്ലിക്കേഷൻ വഴിയോ താല്പര്യമുള്ള ഉപഭോക്താക്കൾക്ക് രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെ മത്സ്യവും മത്സ്യോല്പന്നങ്ങളും ഓൺലൈനിലൂടെ വാങ്ങാവുന്നതാണ്. വെബ്സൈറ്റും മൊബൈൽ ആപ്ലിക്കേഷനും ഉപയോഗിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ടെലിഫോൺ മുഖേന ഓർഡറുകൾ നൽകി മത്സ്യം വീട്ടുപടിക്കൽ ലഭ്യമാക്കാവുന്നതാണ്. തിരുവനന്തപുരത്തിനു പുറമെ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലും മത്സ്യഫെഡ് ഓൺലൈൻ വ്യാപാരം ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) തുറമുഖങ്ങളിൽനിന്നും മത്സ്യം വാങ്ങി വിപണിയിൽ എത്തിക്കുന്നതിന് മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## സ്ത്രീ സൗഹൃദ മത്സ്യവിപണന മാർക്കറ്റുകൾ

265(2928) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യവിപണന സംസ്കരണ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. മത്സ്യവിപണന രംഗത്ത് സ്ത്രീ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഓരോ മത്സ്യമാർക്കറ്റുകളും നിർമ്മിക്കുമ്പോൾ പ്രാഥമിക സൗകര്യം ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തുന്നുണ്ട്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം ടോയ്‌ലെറ്റ് സംവിധാനം എന്നിവ ഓരോ മത്സ്യമാർക്കറ്റുകളിലും ഉൾക്കൊള്ളിച്ചുകൊണ്ടാണ് നിർമ്മാണം നടത്തുന്നത്. കൂടാതെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മൂല്യവർദ്ധിത മത്സ്യോല്പന്ന സംസ്കരണവും നിർമ്മാണവും മേഖലയിൽ തൊഴിലവസരം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു മൂല്യവർദ്ധിത മത്സ്യോല്പാദന പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേനയാണ് മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ നിർമ്മാണം നടത്തിവരുന്നത്.

മത്സ്യവിപണന സംസ്കരണ മേഖലയിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി, സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽനിന്നും മുക്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി, പലിശരഹിത വായ്പ നൽകിക്കൊണ്ട് സാഫ് മുഖേന 3R/JLG Project എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീരദേശ മേഖലയിൽ മത്സ്യവില്പനയും അനുബന്ധ തൊഴിൽ ചെയ്യുന്നവരുമായ 4660 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും കൊള്ളപ്പലിശക്കാരുടെ ചൂഷണം

ഒരുപരിധിവരെ തടയുന്നതിനും ഔദ്യോഗിക ബാങ്കിംഗ് സംവിധാനവുമായി ബന്ധിപ്പിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചു. 4660 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള ബാങ്കുമായി ബന്ധിപ്പിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 932 ജെ.എൽ.ജി.-കൾ ആരംഭിച്ചിട്ടുണ്ട്. 466 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ടായി ഉപയോഗിച്ചുവരുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് 100 ശതമാനമാണ്. തിരിച്ചടവ് പൂർത്തിയാക്കുന്ന യൂണിറ്റുകൾക്ക് ടി തുക വീണ്ടും അനുവദിക്കുന്നു. 2022-23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 100 ജെ.എൽ.ജി. യൂണിറ്റുകൾ ആരംഭിക്കുന്നു. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ മത്സ്യവിപണന തൊഴിലാളികൾ പൊതുഗതാഗത മാർഗ്ഗങ്ങളിൽ നേരിടുന്ന അവഗണനയും യാത്രാക്ലേശവും മുന്നിൽകണ്ട് ഹാർബറിൽനിന്നും മാർക്കറ്റുകളിലേയ്ക്കും തിരിച്ചും സൗജന്യയാത്രയ്ക്കായി കെ.എസ്.ആർ.ടി.സി.-യുമായി ചേർന്ന് സമുദ്ര ബസ് സർവ്വീസ് ആരംഭിച്ചു.

(ബി) മത്സ്യവിപണന മാർക്കറ്റുകൾ കൂടുതൽ സ്ത്രീ സൗഹൃദമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കിഫ്ബി ധനസഹായത്തോടെ സംസ്ഥാനമൊട്ടാകെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി അംഗീകാരം നൽകിയിട്ടുണ്ട്. ഓരോ മത്സ്യമാർക്കറ്റുകളിലും പ്രാഥമിക സൗകര്യമൊരുക്കുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തിയാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. കച്ചവടക്കാർക്ക് പ്രത്യേകിച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വിശ്രമിക്കുന്നതിനായി വിശ്രമമുറി, ലോക്കർ സംവിധാനം എന്നിവ മാർക്കറ്റുകളിൽ നിലവിലുള്ള സ്ഥല സൗകര്യമനുസരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും മാർക്കറ്റുകളിൽ പ്രത്യേകം ടോയ്‌ലെറ്റ് സൗകര്യം ഉറപ്പുവരുത്തുന്നതാണ്.

## മണ്ണെണ്ണവില വർദ്ധനവ്

266(2929) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയുടെ വില ഉയരുന്നതും ലഭ്യതക്കുറവുംമൂലം മത്സ്യബന്ധനത്തിനായി മണ്ണെണ്ണ വാങ്ങി മത്സ്യത്തൊഴിലാളികൾ കടക്കെണിയിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മണ്ണെണ്ണയുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൂടുതൽ വില നൽകി മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തിയാലും ഇതിന്റെ നേട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ദൈനംദിനം മണ്ണെണ്ണയ്ക്ക് വില വർദ്ധിക്കുന്നതിനാൽ മത്സ്യത്തൊഴിലാളികൾക്ക് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ലൈസൻസികളെ ഉപയോഗിച്ച് മണ്ണെണ്ണ വിതരണം ചെയ്യുന്നതൊഴിവാക്കി മത്സ്യഫെഡ് മുഖേന കുറഞ്ഞ വിലയ്ക്ക് മണ്ണെണ്ണ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാന സർക്കാർ ധനസഹായത്താൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മത്സ്യഫെഡ് മുഖേന, വെള്ള മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡിയിൽ വിതരണം ചെയ്തുവരുന്നു. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻക്ഷമതയുടെ അടിസ്ഥാനത്തിൽ 10

എച്ച്.പി. വരെ 140 ലിറ്ററും 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ 150 ലിറ്ററും 15 എച്ച്.പി.-ക്കുമുകളിൽ 190 ലിറ്ററും മണ്ണെണ്ണയാണ് പ്രതിമാസം സംസ്ഥാന സർക്കാർ സബ്സിഡി നിരക്കിൽ അനുവദിക്കുന്നത്. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. ആയാണ് അനുവദിക്കുന്നത്. കേന്ദ്രസർക്കാരിൽനിന്നും സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ചതോതിൽ ലഭ്യമാക്കുന്നതിനും മത്സ്യഫെഡ്ഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി അംഗീകരിക്കുന്നതിനും കേന്ദ്രസർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടും രണ്ട് കാര്യങ്ങളിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

267(2930) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഫിഷിംഗ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന

സൗകര്യങ്ങളും ആവാസ വ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടിയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ വിവിധ ഫിഷിംഗ് ഹാർബറുകളുടെയും തുറമുഖങ്ങളുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും ഉപജീവന സൗകര്യങ്ങളും ആവാസവ്യവസ്ഥയും നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി ബാധിത മേഖയിലെ അർഹരായ മത്സ്യബന്ധന-മത്സ്യേതര വിഭാഗത്തിലെ തൊഴിലാളികൾക്ക് തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി ഉപജീവന ആഘാത നിർണ്ണയ കമ്മിറ്റി (LIAC)-യെയും ഇതിന്മേലുള്ള അപ്പീലുകൾ പരിഗണിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായി ഉപജീവന ആഘാത നിർണ്ണയ അപ്പീൽ കമ്മിറ്റി (AC LIAC)-യെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതി ബാധിത പ്രദേശത്തുനിന്നും ലഭ്യമായ അപേക്ഷകളും അപ്പീലുകളും പരിഗണിച്ച് അർഹരായവർക്ക് സർക്കാർ അംഗീകാരത്തോടെ

ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങളിലായി നാളിതുവരെ ആകെ 99.94 കോടി രൂപ ജീവനോപാധി നഷ്ടപരിഹാരമായി 2640 പദ്ധതി ബാധിതർക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി വിതരണം ചെയ്തിട്ടുണ്ട്. എറണാകുളം ജില്ലയിൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ, തൊഴിലുപകരണങ്ങൾ, ചെമ്മീൻവാറ്റ് കൃഷി എന്നിവ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 2,05,39,735/- രൂപയുടെ നഷ്ടപരിഹാര പാക്കേജിന് സർക്കാർ അംഗീകാരം നൽകിയിരുന്നു. ആയതുപ്രകാരം റെയിൽ കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി നൽകേണ്ട 27,42,500/- രൂപയും റോഡ് കണക്ടിവിറ്റിമൂലം നൽകേണ്ട നഷ്ടപരിഹാരമായ 68,76,610/- രൂപയിൽ 36,87,193/- രൂപയും കൊച്ചിൻ പോർട്ട് ട്രസ്റ്റിൽനിന്നും എറണാകുളം ജില്ലാ കളക്ടർ മുഖേന എറണാകുളം മേഖല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുവദിച്ച് നൽകിയിരുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിന് അർഹരായവർ 416 പേരാണ്. പൂർണ്ണമായും നീക്കംചെയ്യപ്പെടുന്ന 1, 2, 3

തരം ഊന്നി വലകൾക്ക് യഥാക്രമം വലയൊന്നിന് 87,500/-, 72,500/-, 57,500/- രൂപവീതവും നീട്ടുവല, വീശുവല, വട്ടവല എന്നിവയ്ക്ക് 8,750/- രൂപയും കണക്കാക്കി 179 ഗുണഭോക്താക്കൾക്ക് 24,58,250/- രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖവുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതിക്കായി പുല്ലൂർക്കോണം ടൗൺഷിപ്പിൽ 13.25 ഹെക്ടറും തെന്നൂർക്കോണം ടൗൺഷിപ്പിൽ 10.33 ഹെക്ടറും ഭൂമി സർക്കാർ അക്വയർ ചെയ്തിട്ടുണ്ട്. പുല്ലൂർക്കോണം സൈറ്റിൽ 553 താമസക്കാർക്ക് 4 സെന്റുവീതം ഭൂമിയും തെന്നൂർക്കോണം സൈറ്റിൽ 420 പേർക്ക് 4 സെന്റുവീതം ഭൂമിയും 7 പേർക്ക് 2 സെന്റുവീതം ഭൂമിയും നൽകിയിട്ടുണ്ട്. പുല്ലൂർക്കോണം സൈറ്റിൽ 517-ഉം തെന്നൂർക്കോണം - സൈറ്റിൽ 400-ഉം കുടുംബങ്ങൾക്ക് 4 സെന്റ് വീതമുള്ള വസ്തുവിൽ മത്സ്യഫെഡുവഴി വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത വീടുകളിലേയ്ക്കെല്ലാംതന്നെ ഗതാഗതത്തിനായി റോഡ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇത്തരം നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വ്യവസ്ഥ തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ളവരുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിനായുള്ള വ്യവസ്ഥ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി വില നൽകി സ്ഥലമേറ്റെടുത്തപ്പോൾ ടി സ്ഥലങ്ങളിൽ താമസിക്കുന്ന വീടുണ്ടായിരുന്ന വീട്ടുടമസ്ഥർക്ക്, സ്ഥല വിലയ്ക്കുപുറമെ നിലവിലെ പി.ഡബ്ല്യു.ഡി. നിരക്കും അതിന്റെ അൻപത് ശതമാനവും ഉൾപ്പെട്ട തുക കെട്ടിട വിലയായും പുനരധിവാസമായി 5 സെന്റ്വീതം സ്ഥലവും നൽകിയിട്ടുണ്ട്.

(സി) തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തീരപ്രദേശത്തെ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ വിഭാഗത്തിലുമുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷാ മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായുള്ള ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2,450 കോടി രൂപ അടങ്കൽതുക വരുന്ന പ്രസ്തുത പദ്ധതി വ്യക്തിഗത ഭവനനിർമ്മാണവും ഫ്ലാറ്റ് നിർമ്മാണവും വിഭാവനം ചെയ്യുന്നു.

തുറമുഖ നിർമ്മാണത്തിന് സ്ഥലം വിട്ടുകൊടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനർഗേഹം പദ്ധതിയിൽ പ്രത്യേകമായി പരിഗണിച്ചിട്ടില്ല.

**സുനാമി കോളനികളുടെ പുനരുദ്ധാരണം**

268(2931) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാട്ടുപുഴ, തൃക്കുന്നപ്പുഴ പഞ്ചായത്തുകളിലെ സുനാമി കോളനികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളുടെ പുനരുദ്ധാരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി പ്രത്യേക നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

(എ-സി) ഉണ്ട്. സുനാമി കോളനികൾ റവന്യൂ വകുപ്പ് നിർമ്മിച്ച് കൈമാറിയിട്ടുള്ളവയാണ്. മത്സ്യത്തൊഴിലാളികൾ അധികമായി അധിവസിക്കുന്ന കോളനികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം

ശേഖരിച്ച് ക്രോഡീകരിച്ചുവരുന്നു. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ**

269(2932) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കാലാകാലങ്ങളിൽ അനുവദിക്കുന്ന ആനുകൂല്യങ്ങൾക്ക് സമാനമായ തുകയാണ് ഫിഷറീസ് വകുപ്പും മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് അനുവദിച്ചുവരുന്നത്. പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസാനുകൂല്യം പരിഷ്കരിക്കുന്നമുറയ്ക്ക് ഫിഷറീസ് വകുപ്പും സമാന തുക അനുവദിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനവുമായി ബന്ധപ്പെട്ട് നൽകുന്ന ലംപ്സംഗ്രാന്റ് യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകാനുള്ള ലംപ്സം ഗ്രാന്റ് യഥാസമയം നൽകിവരുന്നുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള ചികിത്സാ പദ്ധതി

270 (2933) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. രാജഗോപാലൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് അഞ്ചുവർഷത്തെ തുടർചികിത്സാ സഹായം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ചികിത്സാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിപ്രകാരം ഏതെല്ലാം രോഗങ്ങൾക്ക് എത്ര തുകവരെ സഹായം ലഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഒരുപോലെ സഹായം ലഭ്യമാകുമോ; വിശദാംശം നൽകാമോ?

(എ&ബി) മാരകരോഗം ബാധിച്ച മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തുടർചികിത്സാ സഹായം ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ചികിത്സാ സഹായ പദ്ധതിയായി തീരാരോഗ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങളും തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+ 2022-23 മുതൽ സാന്ത്വനതീരം എന്നപേരിലാണ് പദ്ധതി തുടർന്ന് നടപ്പാക്കുന്നത്.

(സി) മത്സ്യത്തൊഴിലാളി അനുബന്ധ തൊഴിലാളി അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇൻഷ്വറൻസ് തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളിൽ അംഗത്വമെടുത്തിട്ടുള്ള അനുബന്ധ തൊഴിലാളികൾക്കും അപകടമരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 മുതൽ 5 ലക്ഷത്തിൽനിന്നും 10 ലക്ഷം രൂപയായി ഇൻഷ്വറൻസ് പരിരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ഡി) മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടാൽ കുടുംബത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരം യഥാസമയം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ചില ക്ലെയിമുകൾ അനുവദിക്കുന്നതിന് കാലതാമസമുണ്ടാകുമ്പോൾ ഇൻഷ്വറൻസ് കമ്പനിയുമായി ബന്ധപ്പെട്ട് തീർപ്പാക്കാറുണ്ട്. ദീർഘകാലമായി അനുവദിക്കാൻ കാലതാമസമുണ്ടായ കേസുകളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച് പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 28-12-2021, 16-01-2022 തീയതികളിൽ ഇപ്രകാരം അദാലത്ത് സംഘടിപ്പിച്ചിരുന്നു. 146 പേർക്ക് അദാലത്തിലൂടെ 14.21 കോടി രൂപ അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇൻഷ്വറൻസ് കമ്പനികൾ മുഖേന മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ക്ലെയിം ആനുകൂല്യം കാലതാമസം കൂടാതെ ലഭിക്കുന്നതിനായി മത്സ്യഫെഡ് യഥാസമയം ഇടപെടൽ നടത്തുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്കായി ഇൻഷ്വറൻസ് പദ്ധതി**

271(2934) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തങ്ങൾ ഏറെ ബാധിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് സമഗ്രമായൊരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ അനുബന്ധ തൊഴിലാളികളെയും തീരദേശവാസികളെയുംകൂടി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ

ത്തൊഴിലാളികൾക്കും അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗത്വമെടുത്തിട്ടുള്ള അനുബന്ധ തൊഴിലാളികൾക്കും തീരദേശവാസികൾക്കും ഇൻഷ്വറൻസ് കമ്പനി മുഖേന മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. കൂടാതെ മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി, മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു.

**നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്തെ രണ്ടാംഘട്ട ഭവന പദ്ധതി**

272(2935) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര പൊഴിയൂർ തീരദേശത്തെ വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്കായി രണ്ടാംഘട്ട ഭവന പദ്ധതിയിലുൾപ്പെടുത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയാണ് ഫിഷറീസ് വകുപ്പ് നിലവിൽ നടപ്പാക്കിവരുന്ന ഭവന പദ്ധതി. പൊഴിയൂർ തീരദേശത്ത് കൊല്ലങ്കോട് മത്സ്യഗ്രാമത്തിൽ 139-ഉം പരുത്തിയൂർ മത്സ്യഗ്രാമത്തിൽ 227-ഉം ഉൾപ്പടെ 366 ഗുണഭോക്താക്കളെ 2 മത്സ്യഗ്രാമങ്ങളിലായി പുനർഗേഹം പദ്ധതിയുടെ ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. അതിൽ 123 കുടുംബങ്ങളെ പുനർഗേഹം പദ്ധതിപ്രകാരം കാരോട് നിർമ്മിച്ച ഫ്ലാറ്റിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. വ്യക്തിഗത ഭവനനിർമ്മാണ പദ്ധതിയിൽ 4 കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടുണ്ട്. പുനർഗേഹം പദ്ധതിയുടെ ഭാഗമായി കാരോട് രണ്ടാംഘട്ടമായി നിർമ്മിക്കുന്ന 24 ഫ്ലാറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരികയാണ്. 50 മീറ്ററിനുപുറത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ലൈഫ് മിഷൻ ഭവന പദ്ധതിയാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. ഇതുപ്രകാരം കുളത്തൂർ പഞ്ചായത്തിലെ 66 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന്

ധനസഹായം അനുവദിച്ചതിൽ 55 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

273(2936) ശ്രീമതി ഉമ തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

2010-ൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (NIRD), ഹൈദരാബാദ് നടത്തിയ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്താകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിതരുമായിരുന്നു.

(ബി) തീരശോഷണംമൂലം ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

തീരശോഷണംമൂലം ഭവനരഹിതരായ 192 കുടുംബങ്ങൾക്ക് മുട്ടത്തറയിൽ ഫ്ലാറ്റ് നിർമ്മിച്ചും 125 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ ധനസഹായം അനുവദിച്ചും പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ തീരദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി പുനർഗേഹം എന്ന 2450 കോടി രൂപയുടെ ബൃഹത് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുയോജ്യമായ വാസഗൃഹം നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ ഭവന രഹിതരായവർക്കായി ലൈഫ് പദ്ധതി മുഖേന വാസഗൃഹം നിർമ്മിച്ച് നൽകിവരുന്നു. ലൈഫ് പദ്ധതിപ്രകാരം ഭവന

പദ്ധതിക്ക് അർഹരാണെന്ന് കണ്ടെത്തിയ 5744 പേരിൽ 3447 പേർ കരാറിലേർപ്പെട്ട് ഭവനനിർമ്മാണം ആരംഭിക്കുകയും 1325 വനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്കുള്ള ട്രോളിംഗ് നിരോധനകാലത്തെ പദ്ധതികൾ

274 (2937) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനത്തെ തുടർന്ന് വരുമാനം നിലച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ആശങ്ക അകറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇവർക്കായി സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ട്രോളിംഗ് നിരോധനത്തെ തുടർന്ന് വരുമാനം നിലച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക സൗജന്യചികിത്സാ പദ്ധതികളൊന്നും നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ മാരകരോഗങ്ങളായ ഹൃദ്രോഗം, വൃക്ക രോഗം, ക്യാൻസർ, തലച്ചോറിലെ ട്യൂമർ, തളർവാതം, ചികിത്സിച്ച് ഭേദമാക്കാവുന്ന മാനസിക രോഗം എന്നിവ പിടിപെട്ട് കഷ്ടതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനായി മാരകരോഗ ചികിത്സാ പദ്ധതി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്.

2021-22 വർഷം മുതൽ മാരകരോഗ തുടർചികിത്സാ പദ്ധതി 'തീരാരോഗ്യം'-ഉം നടപ്പിലാക്കുന്നുണ്ട്. ഓപ്പൺ ഹാർട്ട് സർജറി കഴിഞ്ഞുള്ള ചികിത്സ, ഡയാലിസിസ്, കരൾ രോഗം, ക്യാൻസർ, തളർവാതം/കിടപ്പുരോഗികൾ, മത്സ്യത്തൊഴിലാളികളുടെ ഓട്ടിസം/ഭിന്നശേഷി കുട്ടികളുടെ ചികിത്സ, ഗർഭാശയ സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്ക് പദ്ധതിപ്രകാരം തുടർചികിത്സയ്ക്ക് ധനസഹായം ലഭിക്കും. 2022-23 വർഷം മുതൽ സാന്ത്വനതീരം എന്നപേരിൽ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും 90 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ട്രോളിംഗ് നിരോധനത്തെ തുടർന്ന് ഏറെ ദുരിതത്തിലായ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ട്രോളിംഗ് നിരോധനകാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ നൽകുന്നുണ്ട്.

## പുനർഗേഹം പദ്ധതി

275 (2938) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനർഗേഹം പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുക വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 20908 കുടുംബങ്ങളാണ് സംസ്ഥാനത്താകെ തീരദേശത്തെ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. പുനർഗേഹം പദ്ധതിയിൽ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 8235 ഗുണഭോക്താക്കൾ മാറിതാമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതിൽ 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. 2122 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളതും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളതുമാണ്. ജില്ലതിരിച്ചുള്ള പദ്ധതി പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.+ പദ്ധതിപ്രകാരം 276 ഫ്ലാറ്റ്/ അപ്പാർട്ട്മെന്റുകൾ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 342 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച 250 കോടി രൂപയും ഫിഷറീസ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ച 16 കോടി രൂപയും ചേർത്ത് ആകെ 266 കോടി രൂപ അനുവദിച്ചിരുന്നു. അതിൽ 265.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ പദ്ധതി

276(2939) ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോളിംഗ് നിരോധനകാലത്ത് മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ആശ്വാസമായി നിശ്ചിത തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം 4,500 രൂപ അനുവദിക്കുന്നുണ്ട്. ഇതിൽ 3,000 രൂപ സർക്കാർ ധനസഹായമാണ്.

(ബി) കോവിഡ്, ലോക്ഡൗൺ, ഇന്ധനവില വർദ്ധനവ് അടക്കമുള്ള പ്രതിസന്ധികളിൽപ്പെട്ട് ഉപജീവനം പ്രതിസന്ധിയിലായ

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ആശ്വാസ പദ്ധതികൾ പ്രഖ്യാപിച്ച് നടപ്പിലാക്കാനും നിലവിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

മത്സ്യബോർഡ് മുഖേന 2021-22 വർഷം കോവിഡ്-19 രണ്ടാം തരംഗംമൂലം മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുണ്ടായ തൊഴിൽനഷ്ടംമൂലമുള്ള സാമ്പത്തികനഷ്ടം ലഘൂകരിക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 1,000 രൂപവീതം ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

**മത്സ്യവിപണന മേഖലയിലെ തൊഴിലാളികൾക്കുള്ള പദ്ധതികൾ**

277(2940) ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിപണന മേഖലയിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കായി ഏതെങ്കിലും തരത്തിലുള്ള സഹായ പദ്ധതികൾ

നിലവിലുണ്ടോ എന്നും മത്സ്യത്തൊഴിലാളി എന്ന നിർവ്വചനത്തിൽ അവർ ഉൾപ്പെടുന്നുണ്ടോ എന്നും അറിയിക്കാമോ?

മത്സ്യമേഖലയിലെ മത്സ്യ അനുബന്ധ തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട് 1999 പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വാർദ്ധക്യകാല പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, അനുബന്ധ തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം, പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്, രോഗ ചികിത്സാ പദ്ധതി, അനുബന്ധത്തൊഴിലാളികളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ പദ്ധതി, കുടുംബ സംവിധാന പദ്ധതി, ഉന്നതവിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി, ബോർഡിന്റെ പ്രത്യേക ധനസഹായം, പ്രത്യേക പദ്ധതികളായ തണൽ, കോവിഡ്-19 പാൻഡമിക് അസിസ്റ്റൻസ്, തീരാരോഗ്യം (2021-22) എന്നിവ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യ വ്യാപാരത്തിൽ ഏർപ്പെടുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

മത്സ്യ വ്യാപാരത്തിൽ ഏർപ്പെടുന്നവർക്ക് രജിസ്ട്രേഷനോ ലൈസൻസോ നിലവിൽ ആവശ്യമില്ല. എന്നാൽ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം 2021 നടപ്പിൽ വരുന്നതോടെ മത്സ്യവ്യാപാരവുമായി ബന്ധപ്പെട്ട സംഭരണം, ഗതാഗത സൗകര്യം എന്നിവയ്ക്ക് പെർമിറ്റ് നിഷ്കർഷിക്കുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ അനുവദിക്കാൻ നടപടി**

278(2941) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനത്തെ തുടർന്ന് പ്രതിസന്ധിയിലായിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പലിശരഹിത വായ്പ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ട്രോളിംഗ് കാലയളവിൽ പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ചുള്ള ഇതര മത്സ്യബന്ധന രീതിക്ക് നിരോധനമില്ല. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ട്രോളിംഗ് കാലയളവിൽ 4,500 രൂപ ധനസഹായം

നൽകുന്നുണ്ട്. ഇതിൽ 3,000 രൂപ സർക്കാർ വിഹിതമാണ്. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC), ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC) എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി 2018-19 വർഷം മുതൽ മത്സ്യഫെഡ് വഴി പലിശരഹിത വായ്പ നൽകിവരുന്നു.

(ബി) ഡീസൽ, വല, റോപ്, എൻജിൻ ഓയിൽ തുടങ്ങിയവയുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ മത്സ്യബന്ധന മേഖല നേരിടുന്ന ഇത്തരം പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മത്സ്യബന്ധന വള്ളങ്ങളിൽ ഉപയോഗിക്കുന്ന ഔട്ട്ബോർഡ് മോട്ടോറുകളുടെ ചരക്ക് സേവന നികുതി 28 ശതമാനത്തിൽനിന്നും 5 ശതമാനമാക്കി കുറച്ചതുവഴി ഔട്ട്ബോർഡ് എഞ്ചിനുകളുടെ വിലയിൽ 8,000 മുതൽ 43,000 രൂപവരെ കുറവ് വന്നിട്ടുണ്ട്. മത്സ്യഫെഡ് വഴി

വില്പന നടത്തുന്ന റോപ്പ്, വല തുടങ്ങിയവയ്ക്ക് ഈ സാമ്പത്തികവർഷം വിലവർദ്ധന വരുത്തിയിട്ടില്ല. പെട്രോളിയം ഉല്പന്നങ്ങളുടെ വില നിർണ്ണയിക്കുന്നതിനുള്ള അധികാരം ഓയിൽ കമ്പനികളിലും കേന്ദ്രസർക്കാരിലും നിക്ഷിപ്തമാണ്. ഡീസലിന്റെ വില്പനവിലയിൽ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ലിറ്ററിന് 50 രൂപയുടെ വർദ്ധന വന്നിട്ടുണ്ട്. മത്സ്യഫെഡ് വഴി വില്പന നടത്തുന്ന ഓയിലുകൾക്ക് ഈ സാമ്പത്തിക വർഷം നാമമാത്രമായ വിലവർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ.

## ട്രോളിംഗ് നിരോധനം

279(2942) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രോളിംഗ് നിരോധനംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ കാലയളവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ട്രോളിംഗ് നിരോധനംമൂലം തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ

നൽകുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4,500 രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 3,000 രൂപ സർക്കാർ വിഹിതവും 1,500 രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ പുനർഗേഹം പദ്ധതി

280(2943) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർഗേഹം പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേപ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ മാറ്റിപ്പാർപ്പിക്കുന്ന കുടുംബങ്ങൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

സർവ്വേപ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ 343 കുടുംബങ്ങൾ തീരപ്രദേശത്ത് 50 മീറ്റർ വേലിയേറ്റ പരിധിക്കുള്ളിൽ താമസിക്കുന്നുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങളിൽ മാറിതാമസിക്കാൻ സമ്മതം പ്രകടിപ്പിച്ചിട്ടുള്ളതും പുനർഗേഹം പദ്ധതിയിൽ അപേക്ഷ

സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങൾ എത്രയെന്നും അവരെ മാറ്റിപ്പാർപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

പുനർഗേഹം പദ്ധതിപ്രകാരം മാറിതാമസിക്കാൻ 65 കുടുംബങ്ങളാണ് സമ്മതം അറിയിച്ചത്. അതിൽ പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതുമായ കുടുംബങ്ങളുടെ എണ്ണം 61 ആണ്. ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച് പദ്ധതി ഗുണഭോക്താവായതിനുശേഷം കുടുംബങ്ങൾ സുരക്ഷിത മേഖലയിൽ കണ്ടെത്തിയ ഭൂമിയുടെ അനുയോജ്യത ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം പരിശോധിച്ച് ഉറപ്പുവരുത്തുകയും ശേഷം ഭൂമിയുടെ ലീഗൽ സ്ക്രൂട്ടിണി പൂർത്തിയാക്കി ബാധ്യതകളില്ലെന്ന് ഉറപ്പുവരുത്തുകയും ശേഷം ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല പർച്ചേസിംഗ് കമ്മിറ്റിയിൽ ടി ഭൂമിയുടെ വിലനിർണ്ണയം നടത്തി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനസഹായം അനുവദിക്കുകയും ചെയ്യുന്നു. ജില്ലാതല അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച 61 കുടുംബങ്ങളിൽ 32

കുടുംബങ്ങൾ വ്യക്തിഗത ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുകയും ആയതിൽ 26 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ബാക്കിയുള്ള കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

മാറിതാമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള കുടുംബങ്ങളിൽ ശേഷിക്കുന്ന കുടുംബങ്ങൾക്കായി സുരക്ഷിത മേഖലയിൽ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

**കീരംപാറ പുന്നേക്കാട് മൾട്ടിസ്പീഷീസ് ഇക്കോഹാച്ചറി**

281(2944) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കീരംപാറ പുന്നേക്കാട് മൾട്ടിസ്പീഷീസ് ഇക്കോ ഹാച്ചറിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ കീരംപാറ കൂരികുളം ഭൂതത്താൻകെട്ട് ഹാച്ചറിയിൽ, ഹാച്ചറി കെട്ടിടം, നഴ്സറി കുളങ്ങൾ, റിയറിംഗ് കുളം, ബ്രൂഡ് മത്സ്യക്കുളം എന്നിവയുൾപ്പെടുന്ന ഒന്നാംഘട്ട നിർമ്മാണ

പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ പരിപാലിച്ച് വില്പന നടത്തിവരുന്നു. നാളിതുവരെ ആകെ 52.26 ലക്ഷത്തോളം മത്സ്യക്കുഞ്ഞുങ്ങളെ പരിപാലിച്ച് വില്പന നടത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം 10.50 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ട് മത്സ്യ വിത്തുല്പാദന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) നിലവിൽ എത്ര തുകയുടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രസ്തുത ഹാച്ചറിയിൽ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത ഹാച്ചറിയിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് നടപ്പിലാക്കുന്നതെന്നും ഇതിനായി എത്ര തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) പുതുതായി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും വിശദമാക്കാമോ?

(ബി-ഇ) നിലവിൽ ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ XXV-ൽ ഉൾപ്പെടുത്തി 1120 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ഓവർഹെഡ് വാട്ടർ ടാങ്ക്, ബ്രൂഡ് സ്റ്റോക്ക് പോണ്ട്, റിയറിംഗ് പോണ്ട്, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 6.94 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. അതിൽ 24 നഴ്സറി റിയറിംഗ് കുളങ്ങളും മാതൃമത്സ്യങ്ങളെ പരിപാലിക്കുന്നതിനുള്ള ഒരു എർത്തേൺ കുളവും ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി എഗ്രിമെന്റ് വച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 18 മാസംകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഗുരുവായൂർ പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്റർ

282(2945) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിലെ യൂട്ടിലിറ്റി സെന്റർ വർഷങ്ങൾക്കുമുമ്പ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ചാവക്കാട് പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്റർ നിർമ്മാണം പൂർത്തീകരിച്ച് തുടർനടത്തിപ്പിനും പരിപാലനത്തിനുമായി 30-01-2015-ന് ചാവക്കാട് മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു. പ്രകൃതിക്ഷോഭത്താലും നിരന്തരം കടൽ കയറുന്നതിനാലും നിലവിൽ ഉപയോഗശൂന്യമാണ്. ടി കെട്ടിടം കടലിലേയ്ക്ക് ചരിഞ്ഞാണ് നിൽക്കുന്നത്. കെട്ടിടത്തിന്റെ മുൻവശം ഭാഗികമായി തകരുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത യൂട്ടിലിറ്റി സെന്ററിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ കടൽക്കരയിൽനിന്നും മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

യൂട്ടിലിറ്റി സെന്ററിന്റെ കോൺക്രീറ്റ് അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച് മുൻസിപ്പാലിറ്റിയാണ് നടപടി സ്വീകരിക്കേണ്ടത്.

(ഡി) പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിനെ മിനി ഹാർബറായി ഉയർത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പുത്തൻകടപ്പുറം ഫിഷ്‌ലാന്റിംഗ് സെന്ററിനെ മിനിഹാർബറായി ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## മത്സ്യത്തൊഴിലാളി സബ്സിഡി സംബന്ധിച്ച് ലോകവ്യാപാര സംഘടനയുടെ നിർദ്ദേശം

283(2946)ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകവ്യാപാര സംഘടനയുടെ പന്ത്രണ്ടാമത് മന്ത്രിതല യോഗത്തിലെ കരട് രൂപരേഖയിൽ സുസ്ഥിര കടൽ വിഭവ വിനിയോഗം ഉറപ്പാക്കാനെന്ന പേരിൽ മത്സ്യത്തൊഴിലാളികൾക്ക് അംഗരാജ്യങ്ങൾ നൽകുന്ന സബ്സിഡിയും സാമ്പത്തിക ആനുകൂല്യവും

നിർത്തലാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ലോകവ്യാപാര സംഘടനയുടെ പന്ത്രണ്ടാമത് മന്ത്രിതല യോഗത്തിൽ അംഗീകരിച്ച കരട് രൂപരേഖ സംബന്ധിച്ച് ഔദ്യോഗികമായ വിവരങ്ങൾ വകുപ്പിന് ലഭ്യമായിട്ടില്ല. എന്നാൽ WTO വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 17-06-22-ലെ മന്ത്രിതല യോഗതീരുമാനത്തിൽനിന്നും മനസ്സിലാകുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആർട്ടിക്കിൾ 3.1 പ്രകാരം നിയമവിരുദ്ധമായും റിപ്പോർട്ട് ചെയ്യപ്പെടാത്തതും നിയന്ത്രിക്കപ്പെടാത്തതുമായ മാർഗ്ഗങ്ങളിലൂടെ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക്/യാനങ്ങൾക്ക് സബ്സിഡി നൽകുന്നത് തടയണമെന്നതാണ് പൊതുവായ തീരുമാനം.

2. ആർട്ടിക്കിൾ 3.8 പ്രകാരം വികസ്വര രാജ്യങ്ങളിലും Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖല (EEZ)-യ്ക്കുള്ളിൽ രണ്ട് വർഷത്തേയ്ക്ക് മേൽപ്പറഞ്ഞ ആർട്ടിക്കിൾ 3.1, ആർട്ടിക്കിൾ 10 എന്നിവ പ്രകാരമുള്ള തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്.

3. ആർട്ടിക്കിൾ 4.1 പ്രകാരം ഏതെങ്കിലുമൊരു പ്രത്യേക സ്പീഷീസിൽപ്പെട്ട മത്സ്യം അതിന്റെ പിടിച്ചെടുക്കാവുന്ന അളവിനേക്കാൾ കൂടുതൽ പിടിക്കുന്ന (Over Fished stocks) തരം മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്ക് സബ്സിഡി അനുവദിക്കാൻ പാടില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ആർട്ടിക്കിൾ 4.4 പ്രകാരം വികസ്വര രാജ്യങ്ങളിലും Least Developed രാജ്യങ്ങളിലും പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിൽ രണ്ട് വർഷത്തേയ്ക്ക് ഈ തീരുമാനം നടപ്പിലാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. സാധാരണ രണ്ട് വർഷത്തിലൊരിക്കലാണ് WTO-യുടെ മന്ത്രിതല യോഗം നടക്കാറുള്ളത്. നിലവിൽ ഇന്ത്യയുൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ EEZ-ൽ മന്ത്രിതലയോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് രണ്ട് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുള്ളതുകൊണ്ട് മത്സ്യമേഖലയിൽ ഇതിനകം ഉയർന്നുവന്നിട്ടുള്ള ആശങ്കകൾക്ക് താൽക്കാലിക ശമനമുണ്ടായിട്ടുണ്ട്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ ശക്തമായ എതിർപ്പിനെ തുടർന്നാണ് 2 വർഷത്തേയ്ക്ക് ഇങ്ങനെയൊരു തീരുമാനമുണ്ടായതെന്നാണ് മനസ്സിലാക്കുന്നത്.

(ബി) ചെറുകിട മത്സ്യത്തൊഴിലാളികളെ സാരമായി ബാധിക്കുന്ന പ്രസ്തുത നിർദ്ദേശത്തോട് സർക്കാരിന്റെ സമീപനം എന്താണെന്ന് അറിയിക്കാമോ?

സമൂഹത്തിൽ ഏറ്റവുമധികം പിന്നാക്കാവസ്ഥയിൽ ഇപ്പോഴും നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇനിയും തുടരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇക്കാര്യം കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ലോകവ്യാപാര സംഘടനയുടെ പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിലപാടിനെക്കുറിച്ച് അറിവുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളുടെ എതിർപ്പിന്റെ ഫലമായിട്ടാണ് വികസ്വര രാജ്യങ്ങളുടെ പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ളിൽ WTO-യുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് 2 വർഷത്തേയ്ക്ക് ഒഴിവാക്കേണ്ടിവന്നതെന്നാണ് മനസ്സിലാക്കുന്നത്.

## മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപടികൾ

284(2947) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ മത്സ്യലഭ്യതയിൽ വലിയതോതിലുള്ള കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണമെന്തെന്ന് കണ്ടെത്താൻ പഠനം നടത്തുകയുണ്ടായോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. കേന്ദ്രസർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ. ഇതുസംബന്ധിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുണ്ട്. വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, അശാസ്ത്രീയ മത്സ്യബന്ധനം, വിദേശ ട്രോളറുകളുടെ കടന്നുകയറ്റം, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് ശോഷണം സംഭവിക്കുന്നുവെന്ന് സി.എം.എഫ്.ആർ.ഐ.-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഖിപോലുള്ള പ്രകൃതിദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരുപരിധിവരെ കാരണമായി മാറിയിട്ടുണ്ട്.

കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവയും മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതും മത്സ്യലഭ്യത കുറയുന്നതിന് കാരണമായിട്ടുണ്ട്. 2021-22 വർഷം 6.02 ലക്ഷം ടൺ സമുദ്രമത്സ്യം ലഭിച്ചിട്ടുണ്ട്.

(ബി) മത്സ്യലഭ്യതയിലെ കുറവുമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും ഉതകുന്നതരത്തിൽ കെ.എം.എഫ്.ആർ. ആക്ടും റൂളും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിനുമുകളിൽ നീളവും 250 എച്ച്.പി.-

ക്കുമുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനുംമറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരളാ തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. മത്സ്യപ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിനായി കടലിൽ കൃത്രിമ ആവാസ വ്യവസ്ഥയായ കൃത്രിമപാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കി.

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

285(2948) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി.സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കെടുതിയും മത്സ്യദൗർലഭ്യവും ഇന്ധന വിലവർദ്ധനവും ഉൾപ്പെടെയുള്ള പ്രതിസന്ധികൾ ഉപജീവനമാർഗ്ഗം മുടക്കിയതോടെ മത്സ്യത്തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) പെർമിറ്റുള്ള വള്ളങ്ങൾക്ക് സബ്സിഡി നിരക്കിൽ ഒരു മാസത്തേയ്ക്ക് ലഭിക്കുന്ന മണ്ണെണ്ണ ഒരാഴ്ച കടലിൽ പോകാൻപോലും തികയുകയില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സബ്സിഡി നിരക്കിൽ കൂടുതൽ മണ്ണെണ്ണ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉണ്ട്. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് എഞ്ചിൻ ക്ഷമതയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നിശ്ചിത അളവ് മണ്ണെണ്ണ ലിറ്ററിന് 25 രൂപ സബ്സിഡി നിരക്കിൽ മത്സ്യഫെഡ് മുഖേന നൽകിവരുന്നുണ്ട്. ഇത് 10 എച്ച്.പി. വരെ - 140 ലിറ്ററും 10 എച്ച്.പി. മുതൽ 15 എച്ച്.പി. വരെ - 150 ലിറ്ററും 15 എച്ച്.പി.-ക്ക് മുകളിൽ - 190 ലിറ്ററുമാണ്. 2018-ൽ പ്രാബല്യത്തിൽവന്ന കെ.എം.എഫ്.ആർ. റൂളിൽ മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഫീസുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും യാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന രജിസ്ട്രേഷൻ/

ലൈസൻസ് ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണെന്ന് മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ഫിഷറീസ് മന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഫീസുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ ഇതിനുപുറമേ കേന്ദ്രസർക്കാർ അനുവദിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ സിവിൽ സപ്ലൈസ് വകുപ്പുവഴി 10 എച്ച്.പി. വരെയുള്ളവയ്ക്ക് 129 ലിറ്ററും 10 മുതൽ 15 എച്ച്.പി. വരെ 136 ലിറ്ററും 15 എച്ച്.പി.-ക്കുമുകളിൽ 180 ലിറ്ററും പ്രതിമാസ മണ്ണെണ്ണയുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ അനുവദിച്ചുവരുന്നു. കേന്ദ്ര സർക്കാരിൽനിന്നും അനുവദിച്ചുനൽകുന്ന സബ്സിഡി രഹിത മണ്ണെണ്ണ വർദ്ധിച്ച തോതിൽ ലഭ്യമാക്കുന്നതിനും മത്സ്യഫെഡിനെ മണ്ണെണ്ണയുടെ മൊത്തവിതരണക്കാരായി അംഗീകരിക്കുന്നതിനും നിരന്തരം ആവശ്യപ്പെട്ടിട്ടും രണ്ട് കാര്യങ്ങളിലും അനുകൂല പ്രതികരണം കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല.

(സി) കേരളത്തിലെ ബോട്ടുകളിലൂടെ ഡീസൽ ഇനത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തിന് പ്രതിദിനം വലിയ നികുതി വരുമാനമുണ്ടായിട്ടും മത്സ്യബന്ധന മേഖലയ്ക്ക് അയൽ സംസ്ഥാനങ്ങളുടെ മാതൃകയിൽ ഡീസൽ സബ്സിഡി നൽകുവാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഡീസൽ സബ്സിഡി അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഡീസൽ എഞ്ചിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന മെക്കനൈസ്ഡ് യാനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഡീസൽ സബ്സിഡി അനുവദിച്ചുവന്നിരുന്നുവെങ്കിലും കേന്ദ്രസർക്കാർ പിന്നീട് ടി സബ്സിഡി ബി.പി.എൽ. വിഭാഗങ്ങൾക്ക് മാത്രമായി ചുരുക്കി. കേരളത്തിലെ ഭൂരിപക്ഷം ബോട്ടുടമകളും ഈ വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ സബ്സിഡി അനുവദിക്കുന്നില്ല.

(ഡി) സംസ്ഥാനത്തെ ബോട്ടുകൾക്കുള്ള ലൈസൻസ് ഫീസ് അയൽ സംസ്ഥാനങ്ങളിൽ ഈടാക്കുന്നതിനേക്കാൾ വളരെ ഉയർന്നതാണെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ലൈസൻസ് ഫീസ് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

2018-ൽ പ്രാബല്യത്തിൽവന്ന കെ.എം.എഫ്.ആർ. റൂളിൽ മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഫീസുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നുവെങ്കിലും യാനങ്ങൾക്ക്

ഏർപ്പെടുത്തിയിരിക്കുന്ന രജിസ്ട്രേഷൻ/ ലൈസൻസ് ഫീസുകൾ മത്സ്യത്തൊഴിലാളികൾക്ക് താങ്ങാൻ കഴിയുന്നതിനേക്കാളും അപ്പുറമാണെന്ന് മത്സ്യമേഖലയിലെ വിവിധ സംഘടനകൾ അന്നത്തെ ഫിഷറീസ് വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ചനടത്തുകയും മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ/ലൈസൻസ് ഫീസുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ രജിസ്ട്രേഷൻ/ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വളത്തിനും മറ്റുമായി ചെറുമത്സ്യങ്ങളെ ഉപയോഗിക്കുന്നത് തടയാൻ നടപടി

286(2949) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത വള്ളങ്ങൾ, പ്രത്യേകിച്ച് ഇൻബോർഡ് വള്ളങ്ങൾ വലിയതോതിൽ ചെറുമത്സ്യങ്ങളെ പിടിച്ച് വളത്തിനും മറ്റുമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ട്രോളിംഗ് നിരോധനകാലത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പരമ്പരാഗത വള്ളങ്ങൾ, പ്രത്യേകിച്ച് ഇൻബോർഡ് വള്ളങ്ങൾ ചെറുമത്സ്യങ്ങളെ പിടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും കോസ്റ്റൽ പോലീസും സംയുക്തമായി കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾ കടലിൽവച്ചും ഹാർബറിലും ലാൻഡിംഗ് സെന്ററിലുംവച്ച് പിടികൂടി കെ.എം.എഫ്.ആർ. ആക്ടിലെയും കെ.എം.എഫ്.ആർ. റൂളിലെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഇമ്പൗണ്ട് ചെയ്ത് ഉയർന്ന പിഴ അടക്കമുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനുംമറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത്

നടപ്പിലാക്കുകയും ചെയ്തുവരുന്നു. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെറുമത്സ്യങ്ങളെ പിടിക്കുന്നതുകൊണ്ടുള്ള ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

**മത്സ്യബന്ധന മേഖലയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ**

287(2950) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് മത്സ്യബന്ധന മേഖലയ്ക്കായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സമുദ്ര സുരക്ഷയ്ക്കായി മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്നും നിയോജകമണ്ഡലം തിരിച്ച് അറിയിക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കായി മുൻസർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നുമുള്ള വിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

(എ-സി) വിശദാംശ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## മത്സ്യബന്ധന മേഖലയിലെ അനഭിലഷണീയ പ്രവർത്തനങ്ങൾക്കെതിരെ നടപടി

288(2951) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്ത് കൊള്ളയടിക്കാനും അവ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കാനുമായി പ്രവർത്തിക്കുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഘങ്ങൾ മത്സ്യവില വർദ്ധിപ്പിച്ച് അനധികൃത ലാഭം കൊയ്യുവരുന്നതും ആയത് തീരദേശ മേഖലയെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മത്സ്യത്തൊഴിലാളികളെയും മത്സ്യവിപണന മേഖലയെയും പ്രതികൂലമായി ബാധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എങ്കിൽ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ മത്സ്യബന്ധനങ്ങൾ കേന്ദ്ര, സംസ്ഥാന നിയമങ്ങൾക്ക് വിധേയമായി മാത്രമാക്കുന്നതിനും കോസ്റ്റൽ പോലീസ്, ഫിഷറീസ് വകുപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നിയമലംഘനം നടത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും ഫൈനുകൾ ഈടാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-സി) മത്സ്യസമ്പത്ത് കൊള്ളയടിക്കാനും അവ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമല്ലാതാക്കാനുമായി പ്രവർത്തിക്കുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എം.എഫ്.ആർ. ആക്ടിന് വിധേയമായാണ് സംസ്ഥാനത്ത് മത്സ്യബന്ധനം നടക്കുന്നത്. അനധികൃത മത്സ്യബന്ധനങ്ങൾ നിയന്ത്രിക്കുന്നതിനും തടയുന്നതിനും ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റുമായി ചേർന്ന് ശക്തമായ നടപടി കൈക്കൊണ്ടിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ടിന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കാനും

കടൽ പട്രോളിംഗ് ശക്തമാക്കാനും കെ.എം.എഫ്.ആർ. ആക്ട് ലംഘിച്ച് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നതടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിക്കാനും എല്ലാ തീരദേശ ജില്ലാ ഓഫീസർമാർക്കും ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കടൽ പട്രോളിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി 9 തീരദേശ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനില്ലാതിരുന്ന 4 ജില്ലകളായ ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിൽ പുതുതായി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ച് പ്രവർത്തിച്ചു തുടങ്ങുകയും ടി ജില്ലകളിലും പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

**മത്സ്യവിഭവ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ**

289(2952) ശ്രീ. എച്ച്. സലാം:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിഭവ സംരക്ഷണത്തിലും പരിപാലനത്തിലും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെകൂടി പങ്കാളിത്തം ഉറപ്പാക്കുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ എന്ന് അറിയിക്കാമോ?

സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി സംസ്ഥാനതല/ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. വില്ലേജുതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം സർക്കാരിന്റെ പരിഗണനയിലാണ്. ടി മൂന്ന് കൗൺസിൽ സംവിധാനങ്ങളിലും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ/മേഖലയുടെ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്. ആയതിന്റെ ടേംസ് ഓഫ് റഫറൻസ് അന്തിമമായി (ജില്ലാതല/വില്ലേജുതല) അംഗീകരിക്കുന്നമുറയ്ക്ക് ടി കൗൺസിലുകളുടെ പ്രവർത്തനം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകും. അങ്ങനെ മത്സ്യവിഭവ സംരക്ഷണ പരിപാലന കാര്യങ്ങളിൽ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നതാണ്.

(ബി) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യ ആവാസ വ്യവസ്ഥ സൃഷ്ടിക്കാൻ കൃത്രിമ പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രയോജനം വിലയിരുത്തിയിരുന്നോ; പ്രസ്തുത പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ?

കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി മത്സ്യ ആവാസ വ്യവസ്ഥ സൃഷ്ടിക്കാൻ കൃത്രിമ പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രയോജനം വിലയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വിവിധ മത്സ്യഗ്രാമങ്ങളിൽ കൃത്രിമ പാരുകൾ സ്ഥാപിച്ച് 11 മുതൽ 12 മാസങ്ങൾക്കുശേഷം പാരുകൾ സ്ഥാപിച്ച പ്രദേശത്തെ അണ്ടർ വാട്ടർ പഠനം നടത്തി അവസ്ഥ വിലയിരുത്തിവരുന്നു. ഇതുവരെയുള്ള പഠനം സൂചിപ്പിക്കുന്നത് ചുവടെ ചേർക്കുന്നു.

- കടൽ അടിയൊഴുക്ക്, ബോട്ടം ഷിഫ്റ്റിംഗ് എന്നിവമൂലം പാരുകൾ ആവാസ വ്യവസ്ഥയ്ക്കനുസൃതമായി വിന്യസിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്.

- റീഫ് മോഡ്യൂളുകളിൽ ധാരാളമായി, സൂക്ഷ്മ ജന്തുക്കൾ, സസ്യപ്ലവങ്ങൾ, ജന്തു പ്ലവങ്ങൾ, കടൽ ചെടികൾ എന്നിവ രൂപപ്പെട്ടതായി കാണാൻ സാധിച്ചു.
- വാണിജ്യ പ്രാധാന്യമുള്ള ഭക്ഷ്യ മത്സ്യങ്ങളായ ബാരക്കുട, കാരാഞ്ചിഡ്സ്, ട്രവള്ളി, കാറ്റ്ഫിഷ്, ഈലുകൾ എന്നിവ ധാരാളമായി കാണാൻ കഴിഞ്ഞു.
- കൃത്രിമ പാര് പ്രദേശത്ത് സമുദ്ര അലങ്കാര മത്സ്യങ്ങളുടെ ഒരു കലവറതന്നെ സൃഷ്ടിക്കപ്പെട്ടു.

വാണിജ്യ പ്രാധാന്യമുള്ള മത്സ്യങ്ങൾക്കുവരെ അനുയോജ്യമായ ഒരു പ്രജനന കേന്ദ്രമായി കൃത്രിമ പാര് പ്രദേശം മാറുന്നതായാണ് ഓരോ അണ്ടർ വാട്ടർ പഠനവും സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ കടലിൽ സ്ഥാപിക്കപ്പെട്ട കൃത്രിമ ആവാസവ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനില്പിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതായി പഠനം തെളിയിച്ചു. 2022-23 വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ നടപടി

290(2953) <u>ശ്രീ. ടി. ജെ. വിനോദ്</u>:

ശ്രീമതി കെ. കെ. രമ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും കടലിന്റെ അടിത്തട്ടിലെ മത്സ്യക്കുഞ്ഞുങ്ങളെ അശാസ്ത്രീയമായി കോരിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

അശാസ്ത്രീയ മത്സ്യബന്ധനംവഴി ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി ചെറുമത്സ്യങ്ങളുടെയും മത്സ്യസമ്പത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന, ജില്ലാതല ഫിഷറീസ് മാനേജ്മെന്റ്

കൗൺസിലുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വില്ലേജുതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ രൂപീകരണം പരിഗണനയിലാണ്. സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ 9 തീരദേശ ജില്ലകളിലും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു.

(സി) അശാസ്ത്രീയമായ മത്സ്യബന്ധനം മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുകയും തന്മൂലം തീരദേശമേഖല വറുതിയിലാവുകയും ചെയ്തകാര്യം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. അശാസ്ത്രീയ മത്സ്യബന്ധനം, വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാ വ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി കാരണങ്ങളാൽ മത്സ്യസമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സി.എം.എഫ്.ആർ.ഐ.-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓഖി, പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളും മത്സ്യസമ്പത്ത് കുറയുന്നതിന് ഒരുപരിധിവരെ കാരണമായി മാറിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ.

നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ.എം.എഫ്.ആർ. റൂൾ നടപ്പാക്കുകയും ചെയ്യുകവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം ടണ്ണായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള രണ്ടുവർഷങ്ങളിൽ (2019-20, 2020-21) കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതുകാരണം കടൽ മത്സ്യലഭ്യതയിൽ കുറവുണ്ടായെങ്കിലും 2021-22 വർഷത്തിൽ മത്സ്യലഭ്യത 6.02 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

**തീരദേശ പരിപാലന പ്ലാനിന് അനുമതി ലഭിക്കാൻ നടപടി**

291(2954) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നഗരസ്വഭാവമുള്ള നൂറ്റിയെഴുപത്തിയഞ്ച് പഞ്ചായത്തുകളെ നഗരങ്ങൾക്ക് ബാധകമായതും കൂടുതൽ ഇളവുകളുള്ളതുമായ സോൺ രണ്ടിലേയ്ക്ക് മാറ്റണമെന്ന സംസ്ഥാനത്തിന്റെ ശിപാർശ കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) തീരദേശ പരിപാലന പ്ലാനിന് അന്തിമ അനുമതി ലഭിക്കുന്നത് വൈകുംതോറും നിയമപരമായി നടപ്പിലാക്കാൻ കഴിയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിലാകുന്നു എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എത്രയും വേഗം നടപടിക്രമങ്ങൾ പൂർത്തീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-സി) കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 18-01-2019-ലാണ് തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പുറപ്പെടുവിച്ചത്. വിജ്ഞാപനപ്രകാരം സംസ്ഥാനങ്ങൾ തീരദേശ പരിപാലന മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇങ്ങനെ അംഗീകരിക്കപ്പെടുന്ന പ്ലാനിന്റെ അടിസ്ഥാനത്തിലായിരിക്കണം മേഖലയിലെ വിവിധ വികസന പരിപാലന നടപടികൾ. ദേശീയ ഭൗമ പഠന കേന്ദ്രമാണ് (നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് - NCESS) കേരള കോസ്റ്റൽ

സോൺ മാനേജ്മെന്റ് അതോറിറ്റിക്കുവേണ്ടി തീരമേഖല പരിപാലന പ്ലാൻ തയ്യാറാക്കിയത്. ദേശീയ ഭൗമപഠന കേന്ദ്രവും കേരള സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയും ചേർന്ന് സംസ്ഥാന തീരദേശ പരിപാലന മാനേജ്മെന്റ് പ്ലാനും 9 തീരദേശ ജില്ലകളുടെയും കോട്ടയം ജില്ലയുടെയും ജില്ലാതല തീരദേശ പരിപാലന മാനേജ്മെന്റ് പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. കോവിഡുമൂലം 2021-ൽ മാത്രമാണ് പ്ലാൻ തയ്യാറാക്കി വിവിധ വകുപ്പുകളിൽനിന്നും പൊതുജനങ്ങളിൽനിന്നും നിർദ്ദേശങ്ങൾക്കായി പ്രസിദ്ധപ്പെടുത്തിയത്. ലഭ്യമായ പ്ലാൻ പരിശോധിക്കാനും മത്സ്യമേഖലയ്ക്കു് അനുയോജ്യമായവ പ്ലാനിൽ ഉൾക്കൊള്ളിക്കാനുള്ള റിപ്പോർട്ട് സമർപ്പിക്കാനും Dr. K. V. Thomas, Chief Scientist & Head, Coastal Process Division (Retired) NCESS ചെയർമാനായ 10 അംഗങ്ങളുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. കമ്മിറ്റി 22-07-2021-ൽ മത്സ്യത്തൊഴിലാളി നേതാക്കൾ, കർഷക പ്രതിനിധികൾ, മത്സ്യമേഖലയിലെ തത്പര കക്ഷികൾ, മത്സ്യത്തൊഴിലാളി സംഘടനാ നേതാക്കൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ചർച്ച നടത്തി മത്സ്യമേഖലയിലെ നിർദ്ദേശങ്ങൾ പരിശോധിച്ച് ക്രോഡീകരിച്ച് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനായി കേരള കോസ്റ്റൽ സോൺ മനോജ്മെന്റ്

അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ഫിഷറീസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നും പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് CRZ നോട്ടിഫിക്കേഷന് അനുസൃതമായവ ഉൾക്കൊള്ളിച്ചുള്ള പ്ലാൻ തയ്യാറാക്കുന്ന നടപടി കേരള സംസ്ഥാന തീരപരിപാലന അതോറിറ്റി മുഖേന പുരോഗമിച്ചുവരുന്നു. അതുവരെ 2011-ലെ CRZ വിജ്ഞാപനത്തിന്റെ വ്യവസ്ഥകളും 2011-ലെ തീരദേശ പരിപാലന പ്ലാനുമായിരിക്കും സംസ്ഥാനത്ത് ബാധകം. ഇതിന്റെ അടിസ്ഥാനത്തിൽ CRZ അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി

292(2955) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യകേരളം പദ്ധതിയുടെ

പുരോഗതി വിശകലന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന സുഭിക്ഷ കേരളം ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ പുരോഗതി ഫിഷറീസ് വകുപ്പുമന്ത്രി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് അവലോകനം നടത്തിയിട്ടുണ്ട്. മേഖലാതലത്തിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ ജില്ലാ ഓഫീസർമാരും പദ്ധതി അവലോകനം നടത്തിവരുന്നുണ്ട്.

(ബി) എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യകൃഷി എന്ന ആശയം ഉൾക്കൊണ്ടുകൊണ്ട് നടപ്പിലാക്കുന്ന മത്സ്യകൃഷി വ്യാപന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) ചെറുകിട മത്സ്യകർഷകർക്ക് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ചെറുകിട മത്സ്യകർഷകർക്ക് ആവശ്യാനുസരണം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭാഗമായി നടപ്പ് സാമ്പത്തികവർഷം കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നഴ്സറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്തം വകയിരുത്തലിൽ 1000 ലക്ഷം രൂപ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായും 500 ലക്ഷം രൂപ കർഷകർക്ക് വീട്ടുവളപ്പിൽ മത്സ്യവിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമാണ് വകയിരുത്തിയിട്ടുള്ളത്. മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മത്സ്യവിത്തുകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നലക്ഷ്യത്തോടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സംസ്ഥാനത്തെ പരമ്പരാഗത ശുദ്ധജലമത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനും ഇവയെ വാണിജ്യാടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത ശുദ്ധജലമത്സ്യ ഇനങ്ങളുടെ സംരക്ഷണത്തിനായി ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനുംവേണ്ടി ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിനായി കഴിഞ്ഞ സാമ്പത്തികവർഷം 300 ലക്ഷം രൂപയുടെ പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, നാരൻചെമ്മീൻ, പൂമീൻ തുടങ്ങിയ 366.50 ലക്ഷം മത്സ്യ/ ചെമ്മീൻകുഞ്ഞുങ്ങളെ സംസ്ഥാനത്തെ 93 ഇടങ്ങളിലെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്

തുടങ്ങിയ റിസർവോയറുകളിൽ വംശനാശ ഭീഷണി നേരിടുന്നവ ഉൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട 18.76 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുവേണ്ടി 150 ലക്ഷം രൂപ അടങ്കൽ തുകവരുന്ന പദ്ധതി നടപ്പിലാക്കി. പരമ്പരാഗത മത്സ്യങ്ങളുടെ വ്യാപനത്തിനായി നടപ്പുവർഷം 500 ലക്ഷം രൂപയുടെ പിന്നാമ്പുറ മത്സ്യവിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കാനും ലക്ഷ്യമിടുന്നു.

## പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

293(2956) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ?

സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും

ആയതനുസരിച്ച് വിവിധ മത്സ്യ കൃഷിരീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ തദ്ദേശീയ മത്സ്യ ഇനങ്ങളായ വരാൽ, കാരി, കൂരി, കല്ലേമുട്ടി, കരിമീൻ എന്നിവയുടെ കൃഷിയും നടത്തിവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

(ബി) പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്വീകാര്യത ഉറപ്പുവരുത്തുന്നതിനും പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ വിപണിയിൽ പരിചയപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും സ്വീകാര്യത ഉറപ്പുവരുത്തുന്നതിനുമായി ഓരോ ജില്ലയിലും ഫിഷറീസ് വകുപ്പ്, അഡാക്, മത്സ്യഫെഡ്, സാഫ് തുടങ്ങിയ ഏജൻസികളുടെ സ്റ്റാളുകൾമുഖേന പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾകൊണ്ടുള്ള വിഭവങ്ങൾ തയ്യാറാക്കി പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിയോജകമണ്ഡല അടിസ്ഥാനത്തിൽ ഇത്തരം പ്രചാരണങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പ്രാദേശികമായി ലഭ്യമാകുന്ന മത്സ്യയിനം അനുസരിച്ച് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പ്രചാരണപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പരിപാടികൾ ഏകോപിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്.

(ഡി) മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഉൾനാടൻ മത്സ്യോൽപ്പാദനത്തിലെ കുറവ്

294(2957)ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിലെ ആകെ മത്സ്യോല്പാദനത്തിന്റെ എഴുപത് ശതമാനവും ഉൾനാടൻ മേഖലയിൽനിന്നും ലഭിക്കുമ്പോൾ കേരളത്തിന്റെ സംഭാവന മുപ്പത് ശതമാനത്തിൽത്താഴെ മാത്രമാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) 2015-16 വരെയുള്ള കാലയളവിൽ ഉൾനാടൻ മത്സ്യോല്പാദനത്തിൽ മികച്ച നേട്ടം കൈവരിച്ച സംസ്ഥാനം പിന്നീട് പുറകോട്ടുപോയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

1997 മുതൽ 2001 വരെയുള്ള കാലഘട്ടത്തിലാണ് സംസ്ഥാനം ഉൾനാടൻ മത്സ്യകൃഷിയിലൂടെ മികച്ച നേട്ടം കൈവരിച്ചിട്ടുള്ളത്. 2015-16 വർഷം 2.1 ലക്ഷം മെട്രിക് ടൺ ആയിരുന്ന മത്സ്യോല്പാദനം 2021-22 വർഷം 2.25 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. 2016 മുതലുള്ള കാലഘട്ടത്തിൽ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലാശയങ്ങളുടെ മലിനീകരണം, ജലാശയങ്ങളുടെ ശോഷണം, അണക്കെട്ടുകളുടെ/തടയണകളുടെ/ബണ്ടുകളുടെ നിർമ്മാണം,

കണ്ടൽക്കാടുകളുടെ തിരോധാനം, വർദ്ധിച്ച തോതിലുള്ള മണൽവാരൽ, ജലസസ്യങ്ങളുടെ വ്യാപനം, മത്സ്യരോഗങ്ങൾ, വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം, കാലാവസ്ഥാ വ്യതിയാനം എന്നിവയാണ് ഉൾനാടൻ മത്സ്യോല്പാദനം കുറയാനുണ്ടായ കാരണങ്ങൾ.

(സി) പ്രസ്തുത പിന്നാക്കാവസ്ഥയ്ക്ക് കാരണം സംസ്ഥാനത്തെ ഉൾനാടൻ ജലവിഭവശേഷി ഉപയോഗിക്കുന്നതിലുണ്ടായ വീഴ്ചയാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) ഉൾനാടൻ മത്സ്യോല്പാദനത്തിലുണ്ടായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തികവർഷം ജലകൃഷി വികസനത്തിനായി 98 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 20 ഇനം കൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി മത്സ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വിവിധ

പദ്ധതികൾ നടപ്പിലാക്കി പൂർത്തീകരിച്ചു. നടപ്പ് സാമ്പത്തികവർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുകവരുന്ന നൂതന പദ്ധതികളായ ബയോഫ്ലോക് മത്സ്യകൃഷി രീതി, റീസർക്കുലേറ്ററി അക്വാകൾച്ചർ, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര റിയറിംഗ് യൂണിറ്റുകൾ എന്നിവ നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തികവർഷം അഡാക് മുഖേന പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപയുടെയുമുൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. കൂടാതെ നടപ്പ് സാമ്പത്തികവർഷം 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. 2021-22 സാമ്പത്തികവർഷം പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. 2021-22 സാമ്പത്തികവർഷം 150 ലക്ഷം അടങ്കൽ തുകയുടെ

റിസർവോയർ; ഫിഷറീസ് പദ്ധതിയുടെ ഭാഗമായി 8 റിസർവോയറുകളിൽ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതികൾ കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിനായി 98.73 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകവഴി സംസ്ഥാനത്തിന്റെ ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

**ജനകീയ മത്സ്യകൃഷി**

295(2958) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി വിതരണം ചെയ്തുവരുന്ന ആസാം വാള മത്സ്യങ്ങൾക്ക് വില്പന സാധ്യത വളരെ കുറവാണെന്നും വില തീരെ ലഭിക്കാത്തതാണെന്നുമുള്ള കർഷകരുടെ വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കേരളത്തിന് പൊതുവെ കടൽമത്സ്യങ്ങൾ പ്രിയമുള്ളതുകൊണ്ട് ശുദ്ധജല മത്സ്യങ്ങൾക്ക് വിപണിമൂല്യം കുറവാണ്. ആയതിനാൽ ശുദ്ധജല മത്സ്യകർഷകരുടെ മത്സ്യങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.

(ബി) ആസാം വാള മത്സ്യക്കുഞ്ഞുങ്ങൾക്കുപകരം രോഹു, കട്‌ല, തിലോപ്പി തുടങ്ങിയയിനം മത്സ്യക്കുഞ്ഞുങ്ങളെ ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി മത്സ്യകർഷകരുടെ താത്പര്യത്തിനും ആവശ്യത്തിനുമനുസരിച്ചുള്ള മത്സ്യ വിത്തിനങ്ങളെയാണ് നൽകിവരുന്നത്. ആസാം വാളയ്ക്കുപകരമായി കർഷകർ മറ്റിനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനുവദിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2021-ൽ ആസാം വാള മത്സ്യകൃഷി നടത്തിയവരും 16-10-2021-ലെ അതിതീവ്രമഴമൂലം ബണ്ട് പൊട്ടിയതിനെത്തുടർന്ന് മത്സ്യകൃഷിക്കായി സ്ഥാപിച്ചിരുന്ന കാലുകളും നെറ്റും തകർന്ന് മത്സ്യങ്ങൾ ഒഴുകിപ്പോയതിനെത്തുടർന്ന് വലിയ നഷ്ടം സംഭവിച്ചവരുമായ കർഷകർക്ക് ധനസഹായം അനുവദിക്കുമോ എന്ന് വെളിപ്പെടുത്താമോ?

മത്സ്യ കർഷകർക്കുണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഫാം ടൂറിസത്തിൽ മത്സ്യകൃഷിയുടെ സാധ്യതകൾ**

296(2959) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ടൂറിസത്തിൽ മത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ച് ഫിഷറീസ് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വിശദമായ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഉൾനാടൻ മത്സ്യകൃഷിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം വകുപ്പുമായി സഹകരിച്ച് ഫിഷറീസ് ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. മത്സ്യഫെഡുവഴി എറണാകുളം ജില്ലയിലുള്ള ഞാറക്കൽ, മാലിപ്പുറം ഫാമുകളിലും കോട്ടയം ജില്ലയിലെ പാലായ്ക്കരി ഫാമിലും നിലവിൽ അക്വാടൂറിസം പദ്ധതി നടപ്പിലാക്കിവരുന്നു.

ഈ ഫാമുകൾ സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് ബോട്ടിംഗ് നടത്തുന്നതിനും ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്നതിനും ഫ്ലോട്ടിംഗ് റസ്റ്റോറന്റിൽ ഭക്ഷണം കഴിക്കുന്നതിനും ഫാമിൽത്തന്നെ വളർത്തുന്ന ശുദ്ധമായ മത്സ്യവിഭവങ്ങൾ ആസ്വദിക്കുന്നതിനുമുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പ് 2018 സാമ്പത്തികവർഷത്തിൽ ഒരു ലക്ഷത്തിൽപ്പരം സന്ദർശകരിലൂടെ രണ്ട് കോടിയിലധികം രൂപയുടെ വരുമാനം നേടാനായിട്ടുണ്ട്.

(ബി) കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലകളിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; വിശദാംശം നൽകാമോ?

കൃഷി, ഫിഷറീസ്, ടൂറിസം എന്നീ വകുപ്പുകളുമായി സഹകരിച്ച് ഫാം ടൂറിസം മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്. കണ്ണൂർ ജില്ലയിലെ എരഞ്ഞോളി, കൊല്ലം ജില്ലയിലെ ആയിരംതെങ്ങ്, തൃശ്ശൂർ ജില്ലയിലെ പൊയ്യ, ചെങ്ങന്നൂരിലെ കുതിരവട്ടം ചിറ ഫാമുകളിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ലക്ഷ്യമിടുന്നു.

(സി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ കാർഷിക ഗവേഷണ സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിലെ കാർഷിക ഗവേഷണ സർവ്വകലാശാലയിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ മത്സ്യം വാങ്ങുന്നതിന് ഫാം ടൂറിസം മത്സ്യകൃഷി പോലുള്ള പദ്ധതികൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് ഗ്രാന്റ് അനുവദിക്കുമോ?

മത്സ്യഫെഡിന്റെ എറണാകുളം ജില്ലയിലുള്ള ഞാറക്കൽ, മാലിപ്പുറം ഫാമുകളിലും കോട്ടയം ജില്ലയിലെ പാലായ്ക്കരി ഫാമിലും ഉല്പാദിപ്പിക്കുന്ന ശുദ്ധവും ഗുണനിലവാരവുമുള്ള മത്സ്യങ്ങൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ വിതരണം ചെയ്തുവരുന്നുണ്ട്. അതുപോലെ വകുപ്പിന്റെ കീഴിലുള്ള അഡാക്കിന്റെ ഫാമുകളിൽനിന്നും മത്സ്യങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. മത്സ്യവകുപ്പിന്റെ കീഴിലുള്ള ഫാമുകളിലും മത്സ്യഫെഡിന്റെ ഫാമുകളിലും ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്

ഫിഷറീസ് വകുപ്പുവഴി ഫണ്ട് അനുവദിച്ചുവരുന്നു. എന്നാൽ മറ്റ് വകുപ്പുകൾ ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കുന്നതിന് അതാത് വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്.

**മത്സ്യകൃഷി പ്രോത്സാഹന പദ്ധതികൾ**

297(2960) ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ ആവശ്യകതയും ഉല്പാദനവും തമ്മിൽ പ്രതിവർഷം രണ്ട് ലക്ഷം ടണ്ണിന്റെ വിടവുള്ളതിനാൽ മത്സ്യകൃഷിയുടെ പ്രാധാന്യം പരിഗണിച്ച് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മത്സ്യകൃഷിയുടെ പ്രാധാന്യം പരിഗണിച്ച് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ

നടപ്പിലാക്കി പൂർത്തീകരിച്ചുവരികയും ചെയ്യുന്നു. 2020-21 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽതുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷി രീതികളും അഡാക് മുഖേന ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതിവഴി 3.2 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ കൃഷിരീതികളായ ബയോഫ്ളോക്, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. അഡാക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത്

നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ഈ പദ്ധതികൾക്കുപരി 2022-23 സാമ്പത്തിക വർഷം മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും പിന്നാമ്പുറ വിത്തുല്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) 2025-ഓടെ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിനായി മത്സ്യവിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടത്തുന്ന പ്രവർത്ത നങ്ങളിൽ പുരോഗതിയുണ്ടോ എന്ന് വ്യക്തമാക്കാമോ?

2025-ഓടെ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം ഇരട്ടിയാക്കാൻ ഉദ്ദേശ്യമുണ്ട്. 2016-ൽ നിലവിലുണ്ടായിരുന്ന സർക്കാർ ഹാച്ചറികളുടെയും ഫാമുകളുടെയും ഉല്പാദനക്ഷമത 2.44 കോടി മത്സ്യവിത്തുകൾ മാത്രമായിരുന്നു. കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും പുതിയ ഹാച്ചറികളും മത്സ്യവിത്ത് ഫാമുകളും സ്ഥാപിക്കാനും വേണ്ട നടപടി കൈക്കൊണ്ടതിന്റെ ഫലമായി മത്സ്യവിത്ത് ഹാച്ചറികളുടെ ഉല്പാദനക്ഷമത 7 കോടി രൂപയിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി സർക്കാർ ഹാച്ചറികളിലെ മത്സ്യ വിത്തുല്പാദനം

2016-17 സാമ്പത്തികവർഷം 195.10 ലക്ഷം രൂപയിൽനിന്നും 2021-22 സാമ്പത്തികവർഷം 601.96 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. മത്സ്യവിത്തുകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തികവർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 47.70 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പ് സാമ്പത്തികവർഷം കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നഴ്സറികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി 1500 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. മൊത്തം വകയിരുത്തലിൽ 1000 ലക്ഷം രൂപ പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനായി നടന്നുവരുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായും 500 ലക്ഷം രൂപ കർഷകർക്ക് വീട്ടുവളപ്പിൽ മത്സ്യവിത്തുല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമാണ്

വകയിരുത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

മതിയായ അളവിൽ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലനോട് എന്നീ കാർപ്പ് ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് ഉല്പാദനശേഷി വർദ്ധിപ്പിച്ചു. കൂടാതെ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് 18.80 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതും ഇടുക്കി ജില്ലയിലെ ചെങ്കുളത്തും കോട്ടയം ജില്ലയിലെ പള്ളത്തും 1490 ലക്ഷം രൂപ അടങ്കൽതുക വരുന്ന രണ്ട് മത്സ്യവിത്ത് ഹാച്ചറികൾ സ്ഥാപിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. മേൽപ്പറഞ്ഞ ഹാച്ചറികൾ പൂർത്തിയാകുമ്പോൾ ഉൾനാടൻ വിഭവങ്ങളിൽനിന്നുള്ള മത്സ്യവിത്ത് ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

(സി) അണക്കെട്ടുകളിലും ജലസംഭരണികളിലും പൊതുകുളങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കൽ സാധ്യമായിട്ടുണ്ടോ എന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അണക്കെട്ടുകളിലും ജലസംഭരണികളിലും പൊതുകുളങ്ങളിലും മത്സ്യകൃഷി വ്യാപിപ്പിക്കാൻ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി. ഇതനുസരിച്ച് സംസ്ഥാനത്തെ 7235 പൊതുകുളങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം നടപ്പിലാക്കി. അണക്കെട്ടുകളിലും ജലസംഭരണികളിലും മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി അഡാക് മുഖേന ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതിവഴി 3.2 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായി. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബയോഫ്ലോക് മത്സ്യകൃഷി**

298(2961) <u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>:

ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതനവും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നതും പരിസ്ഥിതി സൗഹൃദവും കുറഞ്ഞ ചെലവിൽ പോഷകമൂല്യമേറിയ മത്സ്യലഭ്യത സുസ്ഥിരമായി ഉറപ്പാക്കുന്നതുമായ ബയോഫ്ലോക് മത്സ്യകൃഷിയുടെ സാധ്യതകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

നൂതനവും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്നതും പരിസ്ഥിതി സൗഹൃദവും കുറഞ്ഞ ചെലവിൽ പോഷകമൂല്യമേറിയ മത്സ്യലഭ്യത സുസ്ഥിരമായി ഉറപ്പാക്കുന്നതുമായ ബയോഫ്ലോക് മത്സ്യകൃഷി യൂണിറ്റുകൾ സുഭിക്ഷ കേരളം പദ്ധതിവഴി വ്യാപകമാക്കുന്നതിന് മുന്നോടിയായി പ്രസ്തുത പദ്ധതിയുടെ സാധ്യതാപഠനം നടത്തുന്നതിന് ഫിഷറീസ് വകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ 21.84 ലക്ഷം അടങ്കൽതുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ആയതനുസരിച്ച് 13 ബയോഫ്ലോക് ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ സ്ഥാപിച്ച് ആയതിന്റെ സാധ്യതകൾ പഠിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ യൂണിറ്റിന്റെയും

പ്രവർത്തനം, പുരോഗതി, ജലഗുണനിലവാരത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, ഉണ്ടാകാൻ സാധ്യതയുള്ള രോഗങ്ങൾ, ഉല്പാദനം, ചെലവുകൾ തുടങ്ങിയവയെക്കുറിച്ച് ഈ ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾവച്ച് പഠനം നടത്തുകയും കുഫോസ്, കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള സി.ഐ.എഫ്.ഇ. എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രസ്തുത യൂണിറ്റുകൾ പഠനവിധേയമാക്കുകയും ചെയ്തിരുന്നു. ആയതിന്റെ ഫലങ്ങൾക്ക് അനുസൃതമായി ഒരു സാങ്കേതിക മാർഗ്ഗരേഖ പുറത്തിറക്കുകയും ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബയോഫ്ലോക് മത്സ്യകൃഷിയുടെ അടിസ്ഥാന തത്വങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കുറഞ്ഞ സ്ഥലത്തുനിന്ന് കൂടുതൽ ഉല്പാദനം ലഭിക്കുന്നതാണ് ബയോഫ്ളോക് മത്സ്യകൃഷി. മത്സ്യ വിസർജ്ജ്യത്തിലൂടെയും മറ്റ് അവശിഷ്ടങ്ങളിലൂടെയും ജലത്തിൽ കലരുന്ന അമോണിയയെ ഹെറ്ററോട്രോഫിക് ബാക്ടീരിയകളുടെ സഹായത്തോടെ കാർബൺ സ്രോതസുകളെ ഉപയോഗപ്പെടുത്തി മത്സ്യത്തിനാവശ്യമായ തീറ്റയായി മാറ്റുന്ന അതിനൂതന കൃഷിരീതിയാണ് ബയോഫ്ളോക് മത്സ്യകൃഷി.

ജലത്തിന്റെ ഉപയോഗവും മത്സ്യത്തീറ്റയുടെ അളവും പരമാവധി കുറയ്ക്കാൻ സാധിക്കുന്നു എന്നുള്ളതാണ് ഈ കൃഷിരീതിയുടെ സവിശേഷത. ഉയർന്ന വളർച്ചാനിരക്കും മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗപ്രതിരോധശേഷിയും ഈ കൃഷിരീതിയുടെ മറ്റ് സവിശേഷതകളാണ്. മത്സ്യങ്ങളെ അതിസാന്ദ്രതയിൽ കൃഷി ചെയ്യുന്നതുകൊണ്ട് മറ്റ് കൃഷിരീതികളെ അപേക്ഷിച്ച് പരിമിത സൗകര്യത്തിൽനിന്നും ഉയർന്ന ഉല്പാദനക്ഷമതയും ഈ കൃഷിരീതിയിലുണ്ടാകുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയിൽ ഒരു യൂണിറ്റിന്റെ ശരാശരി പ്രവർത്തനച്ചെലവ് എത്രയാണെന്നും അവയുടെ എത്ര ശതമാനം സബ്സിഡി ലഭിക്കുമെന്നും അറിയിക്കാമോ?

സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 20m3 ബയോഫ്ലോക് മത്സ്യകൃഷി യൂണിറ്റിന്റെ പ്രവർത്തന ചെലവ് 1.38 ലക്ഷം രൂപയാണ്. ഇതിൽ 92,000/- രൂപ അടിസ്ഥാന വികസനത്തിനും 46,000 രൂപ പ്രവർത്തന ചെലവുമാണ്. യൂണിറ്റ് തുകയായ 1.38 ലക്ഷം രൂപയുടെ 40 ശതമാനം ധനസഹായമായി നൽകിവരുന്നു.

(ഡി) കുറഞ്ഞ ജല-വിനിയോഗ-വിനിമയ നിരക്കും സ്ഥലവിസ്തൃതിയും ഉയർന്ന ഉല്പാദനക്ഷമതയുമുള്ള ജൈവസുരക്ഷ ഉറപ്പുള്ള പ്രസ്തുത പദ്ധതി

കൂടുതൽ പേർക്ക് തൊഴിലും വരുമാനവും ലഭിക്കത്തക്കവിധം വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു. 2021-22 സാമ്പത്തികവർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി പുതുതായി 1850 ബയോഫ്ലോക് യൂണിറ്റുകൾ സ്ഥാപിച്ചു. 2020-21 സാമ്പത്തികവർഷം സ്ഥാപിച്ച 1995 യൂണിറ്റുകൾക്കും ധനസഹായവും നൽകിവരുന്നു. ഇതിനുപുറമെ 2020-21 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 358 ബയോഫ്ലോക് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയുടെ ഭാഗമായി 400 ബയോഫ്ലോക് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭ്യമായതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരുന്നു. ഇതിനുപുറമെ 2022-23 സാമ്പത്തികവർഷം ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി 2630 ബയോഫ്ലോക് യൂണിറ്റികൾക്ക് ധനസഹായം നൽകാൻ ലക്ഷ്യമിടുന്നു.

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനം

299(2962) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുംവരുന്നു. കൂടാതെ 2020-21 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷി രീതികളും അഡാക് മുഖേന ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപ ചെലവിലും റീബിൽഡ് കേരള

പദ്ധതിവഴി 3.2 കോടി രൂപ ചെലവിലും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം 78.90 കോടി രൂപ അടങ്കൽതുക വരുന്ന വിവിധ കൃഷിരീതികളായ ബയോഫ്ളോക്, ആർ.എ.എസ്., ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരുന്നു. അഡാക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കുപരി 2022-23 സാമ്പത്തികവർഷം മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും പിന്നാമ്പുറ വിത്തുല്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

ഉൾനാടൻ മത്സ്യകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം ഓരോ കൃഷി രീതിക്കനുസൃതമായി പുതിയതായി സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായം നൽകുന്നു. കൂടാതെ മുൻവർഷങ്ങളിൽ സ്ഥാപിച്ച യൂണിറ്റുകൾക്ക് ഓപ്പറേഷൻ കോസ്റ്റിന്റെ 20 ശതമാനവും ധനസഹായമായി നൽകുന്നു. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിപ്രകാരം തെരെഞ്ഞെടുത്ത ഗുണഭോക്താക്കളായ ജനറൽ വിഭാഗത്തിൽപ്പെട്ട മത്സ്യ കർഷകർക്ക് യൂണിറ്റ് തുകയുടെ 40% ധനസഹായവും വനിതകൾക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മത്സ്യകർഷകർക്കും യൂണിറ്റ് തുകയുടെ 60% ധനസഹായവും നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ മത്സ്യകർഷകർക്ക് നൽകുന്ന സാമ്പത്തിക സഹായത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കൂടുതൽ സ്ഥലങ്ങളിലും ജലസേചന ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിസർവോയറുകളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

2021-22 സാമ്പത്തികവർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായിച്ചേർന്ന് പടുതാക്കുളത്തിലെ മത്സ്യകൃഷി, ബയോഫ്ളോക് മത്സ്യകൃഷി എന്നീ ഘടക പദ്ധതികൾക്കായി ഫിഷറീസ് വകുപ്പ് വിഹിതമായി 704.40 ലക്ഷം രൂപ വകയിരുത്തുകയും അതനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള 7235 പൊതുകുളങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കി. റിസർവോയറുകളിൽ മത്സ്യകൃഷി വ്യാപനത്തിനായി 2020-21 സാമ്പത്തികവർഷം അഡാക് മുഖേന പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപ ചെലവിലും റീബിൽഡ് കേരളയിലുൾപ്പെടുത്തി 3.2 കോടി രൂപ ചെലവിലും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷി നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. 2021-22 സാമ്പത്തികവർഷം അഡാക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്രസർക്കാരിന്റെ അംഗീകാരം

ലഭ്യമായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടി സ്വീകരിച്ചിട്ടുണ്ട്.

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

300(2963) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഫിഷറീസ് വകുപ്പ് നടത്തിയ സർവ്വേപ്രകാരം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കേണ്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുടുംബങ്ങളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ പദ്ധതി ഗുണഭോക്താക്കളിൽ എത്രപേരുടെ ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നും എത്രപേരുടെ ഭവനനിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ-സി) ഫിഷറീസ് വകുപ്പിന്റെ സർവ്വേപ്രകാരം വൈപ്പിൻ നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി സുരക്ഷിത

മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കേണ്ടതായ 382 കുടുംബങ്ങളാണുള്ളത്. അതിൽ 39 ഗുണഭോക്താക്കൾ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറിത്താമസിക്കാൻ സമ്മതമറിയിച്ചിട്ടുണ്ട്. സുരക്ഷിത മേഖലയിൽ കണ്ടെത്തിയ 31 ഗുണഭോക്താക്കളുടെ ഭൂമിയുടെ വില ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി അംഗീകരിച്ച് നൽകിയിട്ടുണ്ട്. 24 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമി രജിസ്റ്റർ ചെയ്യുകയും 23 ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 16 ഗുണഭോക്താക്കളുടെ ഭവനം പൂർത്തീകരിച്ചിട്ടുണ്ട്.

## പരവൂർ ചില്ലയ്ക്കൽ ഫിഷ് ലാൻഡിംഗ് സെന്റർ

301(2964) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ ചില്ലയ്ക്കൽ തീരപ്രദേശത്ത് നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചെ 26-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ചില്ലയ്ക്കലിൽ ഒരു ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 855.21 ലക്ഷം രൂപയുടെ അനുമതി നൽകിയിരുന്നു. പ്രസ്തുത ലാൻഡിംഗ് സെന്റർ കോസ്റ്റൽ റെഗുലേഷൻ സോണിന്റെ പരിധിയിൽ വരുന്നതിനാൽ സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി സി.ആർ.ഇസഡ്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM)-ന് പദ്ധതി റിപ്പോർട്ട്, പ്ലാൻ, പദ്ധതി പ്രദേശത്തിന്റെ വിശദാംശം എന്നിവ സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ചുവരുന്നു.

**മത്സ്യകേരളം പദ്ധതി**

302(2965) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകേരളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായാണ് മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയത്. 13-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി

നടപ്പിലാക്കിവരുന്ന ജനകീയ മത്സ്യകൃഷിയുടെ വിശദാംശം ചുവടെചേർക്കുന്നു.

സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തികവർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് വിവിധ മത്സ്യകൃഷി രീതികൾ നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. കൂടാതെ 2020-21 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 53.925 കോടി രൂപ അടങ്കൽതുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ളോക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യകൃഷി രീതികളും അഡാക് മുഖേന ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 16 കോടി രൂപയുടെയും റീബിൽഡ് കേരള പദ്ധതിവഴി 3.2 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 490 കൂടുകളിൽ മത്സ്യകൃഷിയും നടപ്പിലാക്കി പൂർത്തീകരിച്ചുവരുന്നു. പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തികവർഷം 78.90 കോടി രൂപ അടങ്കൽതുക വരുന്ന വിവിധ കൃഷിരീതികളായ ബയോഫ്ളോക്, ആർ.എ.എസ്., ഓരുജല കൂടുകൃഷി, കുളങ്ങളിലെ ഓരുജല കൃഷി,

പിന്നാമ്പുറങ്ങളിലെ അലങ്കാരമത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാരമത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. അഡാക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്കും കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് ഉപരിയായി 2022-23 സാമ്പത്തികവർഷം മത്സ്യകൃഷി വികസന പ്രവർത്തനങ്ങൾക്കായി 66.62 കോടി രൂപയും പിന്നാമ്പുറ വിത്തുൽപ്പാദന യൂണിറ്റുകൾക്കായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷിയിലുൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിൽ എക്സ്റ്റൻസീവ്/സെമി ഇന്റൻസീവ് മത്സ്യകൃഷി, ശുദ്ധജല കൂടുകൃഷി, ബയോഫ്ലോക് മത്സ്യകൃഷി, പടുത കുളങ്ങളിലെ മത്സ്യകൃഷി എന്നിവ നടപ്പിലാക്കി. ആയതിന്റെ വിശദാംശം ചുവടെചേർക്കുന്നു.

| മത്സ്യകൃഷി | ഹെക്ടർ/യൂണിറ്റ് |
|---|---|
| എക്സ്റ്റൻസീവ് മത്സ്യകൃഷി | 9.136 ഹെക്ടർ |
| സെമി ഇന്റൻസീവ് മത്സ്യകൃഷി | 3.588 ഹെക്ടർ |
| ശുദ്ധജല കൂട് മത്സ്യകൃഷി | 1 യൂണിറ്റ് ഹെക്ടർ |
| ബയോഫ്ലോക് മത്സ്യകൃഷി | 2 യൂണിറ്റ് |
| പടുത മത്സ്യകൃഷി | 16 യൂണിറ്റ് (0.128 ഹെക്ടർ) |

കൂടാതെ പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 2 യൂണിറ്റ് (100 m3) റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്.

(സി) വംശനാശഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വംശനാശഭീഷണി നേരിടുന്ന തദ്ദേശീയ മത്സ്യങ്ങളുടെ പ്രജനനത്തിനായി 2022-23 വർഷത്തിൽ 463 ലക്ഷം രൂപയുടെ ഒരു സമഗ്ര പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട ജലാശയങ്ങളിൽ 2 ഹെക്ടർ വിസ്തീർണ്ണമുള്ള 5 മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ അഷ്ടമുടി, വേമ്പനാട് കായൽ എന്നിവയിൽ നിലവിൽ സ്ഥാപിച്ചിട്ടുള്ള 45 മത്സ്യ/കക്ക സങ്കേതങ്ങളുടെ പരിപോഷണവും വിഭാവനം ചെയ്യുന്നു. ഇതുവഴി കരിമീൻ, കക്ക തുടങ്ങിയവയുടെ പ്രജനനത്തിനും സംരക്ഷണത്തിനും

സാധിക്കുന്നതാണ്. ഇതിനുപുറമെ അശാസ്ത്രീയ മത്സ്യബന്ധനം തടയാൻ പട്രോളിംഗ്, സ്വാഭാവിക മത്സ്യസമ്പത്ത് പരിപോഷിക്കാൻ റാഞ്ചിംഗ്, ബോധവത്കരണ പരിപാടികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണം**

303(2966) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് ഫിഷ് ലാൻഡിംഗ് സെന്റർ പൂർണ്ണരീതിയിൽ ഉപയുക്തമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ 12.552 സെന്റ് ഭൂമി ഏറ്റെടുക്കൽ നടപടികൾ ലാൻഡ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ മുഖേന സ്വീകരിച്ചുവരികയാണ്. അക്വിസിഷൻ നടപടികൾ പൂർത്തീകരിച്ചതിന്

ശേഷംമാത്രമേ ഫിഷ് ലാൻഡിംഗ് സെന്റർ പൂർണ്ണരീതിയിൽ ഉപയുക്തമാക്കുന്നതിന് സാധ്യമാകുകയുള്ളൂ.

(ബി) ഇതുസംബന്ധിച്ച് 13-03-2022-ന് സമർപ്പിച്ച പരാതിയെത്തുടർന്ന് മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിലെ ബി2/77/2022 നമ്പർ ഫയലിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉണ്ട്. 05-07-2022-ൽ ലഭ്യമായിട്ടുള്ള പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനത്തിനായി കൂടുതൽ ഭൂമി വിട്ടുനൽകുമെന്ന് ഭൂവുടമകൾ സമ്മതിച്ചിട്ടുണ്ടോ; പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഫിഷ് ലാൻഡിംഗ് സെന്ററിന്റെ വികസനത്തിനായി കൂടുതൽ ഭൂമി വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത 8.575 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായശേഷം ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി വിശദമാക്കാമോ?

സ്ഥലമെടുപ്പ് പൂർത്തിയായശേഷം ഫിഷ് ലാൻഡിംഗ് സെന്ററിലേയ്ക്കുള്ള റോഡ്, പാർക്കിംഗ് ഏരിയ, ഡ്രെയിനേജ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

**പുനർഗേഹം പദ്ധതി**

304(2967) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിപ്രകാരം എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

വകുപ്പ് നടത്തിയ സർവ്വേപ്രകാരം അരൂർ നിയോജകമണ്ഡലത്തിൽ വേലിയേറ്റ രേഖയിൽനിന്ന് 50 മീറ്ററിനുള്ളിൽ 378 കുടുംബങ്ങളാണ് അധിവസിക്കുന്നത്. 16 ഗുണഭോക്താക്കൾ നിലവിൽ പദ്ധതിപ്രകാരം മാറിത്താമസിക്കാൻ സമ്മതമറിയിച്ചിട്ടുണ്ട്. 11 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് ഭൂമി കണ്ടെത്തുകയും 10 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുമുണ്ട്. അതിൽ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പുനർഗേഹം പദ്ധതിപ്രകാരം ഏതെല്ലാം ആനുകൂല്യങ്ങളാണ് പ്രസ്തുത നിയോജകമണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് ഭൂമി വില 6 ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപയുമടക്കം പരമാവധി 10 ലക്ഷം രൂപയാണ് വ്യക്തിഗത ഭവനനിർമ്മാണത്തിന് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക 4 ലക്ഷം രൂപയോടുചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്. ഗുണഭോക്താവ് 2 സെന്റിൽ കുറയാത്ത ഭൂമിയും 400 സ്ക്വയർഫീറ്റിൽ കുറയാത്ത വാസയോഗ്യമായ ഭവനവും വാങ്ങുന്നപക്ഷം 10 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നതാണ്. പദ്ധതിപ്രകാരം ഭൂമി വാങ്ങുന്ന ഗുണഭോക്താവിന് ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ്, മുദ്രവില എന്നിവ ഒഴിവാക്കി നൽകിയിട്ടുണ്ട്. ഗുണഭോക്താവ് നിലവിൽ താമസിക്കുന്ന ഭൂമി അതേനിലയിൽ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. ടി സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതിയില്ല. ഗുണഭോക്താക്കൾ ഒരുമിച്ചുചേർന്ന് റസിഡന്റ് ഗ്രൂപ്പായി എല്ലാ ഗ്രൂപ്പ്

അംഗങ്ങളുടെയും പേരിൽ ഭൂമി വാങ്ങാവുന്നതും പ്രസ്തുത ഭൂമിയിൽ ഫ്ലാറ്റ്/അപ്പാർട്ട്മെന്റ് നിർമ്മിക്കാവുന്നതുമാണ്. പദ്ധതി സഹായം ഓരോ ഗുണഭോക്താവിനും പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്.

## തേവര ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ നവീകരണം

305(2968) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിലെ തേവരയിൽ ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തേവര ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ അപകടാവസ്ഥയെക്കുറിച്ചുള്ള പരാതിയിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

നിലവിൽ ടി സ്കൂളിലെ പഠനാവശ്യത്തിന് ഉപയോഗിക്കുന്ന ക്ലാസ്സ് മുറികളും (എച്ച്.എസ്., വി.എച്ച്.എസ്.എസ്.) ലാബ്, ലൈബ്രറി, ഓഫീസ്, ഹോസ്റ്റൽ, മെസ്സ് ഹോൾ, അടുക്കള എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങളും പൂർണ്ണമായും പ്രവർത്തനക്ഷമമാണ്. കൂടാതെ സ്കൂൾ നവീകരണവുമായി

ബന്ധപ്പെട്ട് തീരദേശ വികസന കോർപ്പറേഷൻ മെസ്സ് ഹാൾ, അടുക്കള, ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സോളാർ ഹൈമാസ്റ്റ് ലൈറ്റ് തുടങ്ങിയവയുടെ പെയിന്റിംഗ് വർക്ക്, സീലിംഗ് വർക്ക് എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ, കൊച്ചി നഗരസഭയുടെ നേതൃത്വത്തിൽ ക്ലാസ്സ് റൂം/സ്റ്റാഫ് റൂം പെയിന്റിംഗ്, മറൈൻ ടെക്നോളജി ലാബിന്റെ നവീകരണ പ്രർത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. എന്നാൽ സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി തേവര ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ കോമ്പൗണ്ടിൽ കൊച്ചി കോർപ്പറേഷൻ പണി കഴിപ്പിച്ചിട്ടുള്ള കെട്ടിട സമുച്ചയം ഉപയോഗയോഗ്യമാക്കുന്നതിലേയ്ക്ക് കൊച്ചി കോർപ്പറേഷൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കോർപ്പറേഷനിൽനിന്ന് തുടർനടപടി സ്വീകരിക്കുന്ന മുറയ്ക്ക് ടി കെട്ടിടവും ഉപയോഗപ്രദമാക്കുന്നതാണ്.

(ബി) പ്രസ്തുത സ്കൂൾ നവീകരണത്തിനായി നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എല്ലാ മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂൾ

അടിസ്ഥാനസൗകര്യ വികസനത്തിന് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി സമർപ്പിച്ച റിപ്പോർട്ടിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

13-ാം ധനകാര്യ കമ്മീഷൻ മുഖേന ഭരണാനുമതി ലഭിച്ച പദ്ധതി ഉപേക്ഷിക്കുകയും സുനാമി ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ പുനരുദ്ധാരണ സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തുകയും ചെയ്തു. കൊച്ചി കോർപ്പറേഷനിൽനിന്നും കെട്ടിടത്തിന്റെ സ്കെച്ചും പ്ലാനുമുൾപ്പെടെ സ്ട്രക്ചറൽ & ഫൗണ്ടേഷൻ ഡീറ്റയിൽസ്, സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ ലഭ്യമാക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല.

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

306(2969) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കിവരുന്ന പദ്ധതികളും നടപ്പിലാക്കാൻ വിഭാവനം ചെയ്ത പദ്ധതികളും വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## കുന്നത്തുനാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ

307(2970) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾ

308(2971) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തർക്കംമൂലം സ്ഥലവും വീടും ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം വില്ലേജിൽ പുനർഗേഹം പദ്ധതിയിൽ സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട തർക്കംമൂലം സ്ഥലവും വീടും ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

1. ബദറു, ചാലിൽ, കടപ്പുറം
2. അഷ്റഫ്, പുതിയ വീട്ടിൽ, കടപ്പുറം
3. ഫാത്തിമ, കറുപ്പം വീട്ടിൽ, കടപ്പുറം
4. മൊയ്തീൻ കുഞ്ഞ്, പൊള്ളത്തായി, കടപ്പുറം
5. സുലേഖ, പൊള്ളത്തായി, കടപ്പുറം
6. ബക്കർ, സ്രങ്കിന്റകത്ത്, കടപ്പുറം

7. ബുഷറ, വല്ലങ്കി, കടപ്പുറം

(ബി) പ്രസ്തുത തർക്കം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**മാവേലിക്കര മണ്ഡലത്തിൽ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ് അനുവദിച്ച പദ്ധതികൾ**

309(2972) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഫിഷറീസ് വകുപ്പുവഴി മത്സ്യകൃഷിക്കായി മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ ആകെ തുകയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ശുദ്ധജല മത്സ്യകൃഷി (JMK 2021-22) - 10.5 ഹെക്ടർ | 16,00,000/- രൂപ |
| 2 | ഒരു നെല്ലും ഒരു മീനും (JMK 2021-22) - 8000 ഹെക്ടർ | 24,00,000/- രൂപ |
| 3 | നൂതന മത്സ്യകൃഷി (RAS, BIOFLOC)- 20 | 25,50,000/-രൂപ |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | |
|---|---|---|
| | യൂണിറ്റ് | |

2021-22 കാലയളവിൽ മത്സ്യകൃഷിക്കായി 65,50,000/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും ഫിഷറീസ് വകുപ്പുവഴി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് എന്നിവ മുഖേനയും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**പ്രകൃതിക്ഷോഭങ്ങൾ തടയാനുള്ള പ്രവർത്തനങ്ങൾ**

310(2973) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളുടെ വിസ്തൃതി എത്രയെന്നും ആയതിൽ കടലാക്രമണ/അതിരൂക്ഷ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശ വിസ്തൃതി എത്രയെന്നും പ്രസ്തുത പ്രദേശങ്ങളിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുവെന്നും വ്യക്തമാക്കാമോ?

9 തീരദേശ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന തീരദേശത്തിന്റെ വിസ്തൃതി 5829 സ്ക്വയർ കിലോമീറ്ററാണ്. അതിൽ രൂക്ഷ-അതിരൂക്ഷ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കടലാക്രമണ ഭീതി നിലനിൽക്കുന്ന പ്രദേശങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രദേശങ്ങളെ വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ ഏതുരീതിയിൽ ബാധിക്കുമെന്നും ഈ സർക്കാർ കാലയളവിൽ എത്രപേർക്ക് ഈവിധം കിടപ്പാടം നഷ്ടപ്പെട്ടുമെന്നതും ഉൾപ്പെടെയുള്ള എന്തെല്ലാം കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

വേലിയേറ്റം, വേലിയിറക്കം ഉൾപ്പെടെയുള്ള പ്രകൃതിക്ഷോഭങ്ങൾ നിമിത്തം പ്രസ്തുത സ്ഥലത്തെ ഭവനങ്ങൾക്ക് പൂർണ്ണമായോ ഭാഗികമായോ നാശനഷ്ടവും സ്ഥാവരജംഗമ വസ്തുക്കൾക്ക് നഷ്ടവും സംഭവിക്കുന്നുണ്ട്. മത്സ്യബന്ധന യാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും നാശനഷ്ടം സംഭവിക്കുകയും ചെയ്യുന്നു. ഈ സമയങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ വരുന്നതിനാൽ വരുമാന നഷ്ടമുണ്ടാകുകയും ചെയ്യുന്നു. ഈ സർക്കാർ കാലയളവിൽ ആലപ്പുഴ, മലപ്പുറം ജില്ലകളിലെ 30 ഭവനങ്ങൾ പൂർണ്ണമായും നഷ്ടപ്പെടുകയും കോഴിക്കോട് ജില്ലയിലെ 6 ഭവനങ്ങൾക്ക് ഗുരുതര കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൊല്ലം ജില്ലയിൽ 21 പേരുടെ മത്സ്യബന്ധന യാനം, മത്സ്യബന്ധന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപകരണങ്ങൾ എന്നിവയ്ക്ക് പൂർണ്ണമായോ/ഭാഗികമായോ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) തീരദേശ ജനതയെ ബാധിക്കുന്ന ഇത്തരം അവസ്ഥയ്ക്ക് ശാശ്വതപരിഹാരം കാണാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

തീരദേശത്ത് വേലിയേറ്റരേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന തുടർച്ചയായി കടലാക്രമണ ഭീഷണി നേരിടുന്ന മുഴുവൻ കുടുംബങ്ങളെയും മാറ്റി സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം 3313 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില നിർണ്ണയം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 2594 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭവനനിർമ്മാണം ആരംഭിച്ച 2122 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ആദ്യ ഗഡുവും 1435 ഗുണഭോക്താക്കൾ പദ്ധതി ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയിട്ടുണ്ട്. പദ്ധതിപ്രകാരം നിർമ്മാണം പൂർത്തീകരിച്ച 276 ഫ്ലാറ്റുകൾ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളതും 898 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ വിവിധ

ഘട്ടങ്ങളിലുമാണ്. കൂടാതെ അപകടത്തിൽപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്കും എഞ്ചിനുകൾക്കും 2018 മുതൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ പ്രീമിയം തുകയുടെ 90 ശതമാനവും സർക്കാർ സബ്സിഡിയാണ്. കാലാവസ്ഥാ മുന്നറിയിപ്പുമൂലം തുടർച്ചയായി മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെവരുന്ന സന്ദർഭങ്ങളിൽ ഒരു ദിവസത്തേയ്ക്ക് 200 രൂപവീതം കണക്കാക്കി അനുവദിച്ചുനൽകിയിരുന്നു. കൂടാതെ മൺസൂൺ കാലത്ത് മത്സ്യബന്ധന ദിനങ്ങൾ കുറയുന്നതിനാലും ട്രോൾ ബാൻ കാലമായതിനാലും ടി സമയങ്ങളിൽ സഹായമായി സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ 4,500 രൂപ ഗഡുക്കളായി വിതരണം ചെയ്തുവരുന്നു.

## തിരൂരങ്ങാടിയിൽ ഹാർബർ എഞ്ചിനീയറിംഗ് മുഖേനയുള്ള പ്രവൃത്തികൾ

311(2974) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേനയുള്ള റോഡ് നവീകരണവുമായി ബന്ധപ്പെട്ട റൂൾസ് ആൻഡ് റെഗുലേഷൻസ് എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) 15-02-2019-ലെ സ.ഉ. (സാധാ) നം. 127/2019/മ.തു.വ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിലാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണം, നിലവാരം ഉയർത്തൽ, അറ്റകുറ്റപ്പണികൾ മുതലായ പ്രവൃത്തികൾ ചെയ്യുന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിഗ് വകുപ്പ് മുഖേന ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി; വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂരങ്ങാടി മണ്ഡലത്തിലെ അരയൻ കടപ്പുറം ജുമാ മസ്ജിദ് റോഡിന് 15-11-2021-ലെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ.ഉ. (സാധാ) നം. 665/2021/ മ.ത്ു.വ. പ്രകാരം 13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും നഗരസഭയിൽനിന്നും ലാൻഡ് അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ ഭരണാനുമതി റദ്ദ് ചെയ്തിട്ടുണ്ട്. ആലുങ്കൽ ഫിഷ് ലാൻഡിംഗ് സെന്റർ അപ്രോച്ച് റോഡും സംരക്ഷണഭിത്തി നിർമ്മാണ പ്രവൃത്തികളുമായി 26-10-2021-ലെ സ.ഉ. (സാധാ) നം. 604/2021 മ.ത്ു.വ. പ്രകാരം 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കൂട്ടായി അഴിമുഖത്തെ മിനി ഹാർബർ നിർമ്മാണം

312(2975) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ഹാർബറിൽ കടലിൽനിന്നും മത്സ്യവുമായി തിരിച്ചെത്തുന്ന വള്ളങ്ങൾ അഴിമുഖത്തിനടുത്ത് തിരൂർ പൊന്നാനി പുഴയിലാണ് നങ്കൂരമിടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ദേശീയ ജലപാതയ്ക്കുവേണ്ടി പ്രൊപ്പോസൽ ചെയ്ത ഈ പുഴയിൽ മറ്റ് ജലയാനങ്ങൾക്ക് മാർഗ്ഗതടസ്സമാകുന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കുട്ടായി അഴിമുഖത്ത് ഒരു മിനി ഹാർബർ നിർമ്മിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

(ബി&സി) മറ്റ് ജലയാനങ്ങൾക്ക് മാർഗ്ഗതടസ്സമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികൾ**

313(2976) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ജില്ലയിൽ പുതുതായി പ്രൊപ്പോസൽ സമർപ്പിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പുതുതായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.

**പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി**

314(2977) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) റീ ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ എൺവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കി സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതിന് കേരള

കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എൺവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കി സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് സമർപ്പിച്ച അപേക്ഷയ്ക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

സി.ആർ.ഇസഡ്. അനുമതിക്കായുള്ള അപേക്ഷ കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 26-02-2022-ൽ നടന്ന 120-ാം മീറ്റിംഗിൽ പരിഗണിക്കുകയും 2011 സി.ആർ.ഇസഡ്. വിജ്ഞാപനത്തിലെ Clause 3 (IV)(b)-ൽ നിഷ്കർഷിച്ചിട്ടുള്ളപ്രകാരം അംഗീകൃത ഏജൻസി സൂക്ഷ്മപരിശോധന നടത്തി ഹൈഡ്രോളിക് മോഡലിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് നിർദ്ദേശം നൽകാൻ തീരുമാനിക്കുകയുമുണ്ടായി. തുടർന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സാങ്കേതിക റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 02-04-2022-ൽ നടന്ന 121-ാം യോഗം പരിശോധിക്കുകയും 2019 ഏപ്രിലിൽ റിപ്പോർട്ട്

തയ്യാറാക്കിയതാണെന്നും റിപ്പോർട്ടിന്റെ ഉദ്ദേശ്യം 1.5 കിലോമീറ്ററിൽ നിർദ്ദേശിച്ചിരിക്കുന്ന മിനി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണമാണെന്നും നിരീക്ഷിക്കുകയും കണ്ണൂരിലെ പുതിയങ്ങാടിയിൽ ബ്രേക്ക് വാട്ടർ (വടക്കും തെക്കും), നദീതീരസംരക്ഷണ ഭിത്തികളുടെ നിർമ്മാണം, റോഡ് രൂപീകരണം എന്നിവ ഉൾപ്പെടുന്ന റിവർ ട്രെയിനിംഗ് ജോലികൾക്കാണ് കേരള തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്നതിനാൽ നിർദ്ദിഷ്ട പ്രവർത്തനത്തിനായി പരിശോധിച്ച് മാത്തമാറ്റിക്കൽ മോഡലിംഗ് റിപ്പോർട്ട് സമർപ്പിക്കാൻ അംഗീകൃത ഏജൻസി ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മോഡൽ സ്റ്റഡി റിപ്പോർട്ട് കേരള കോസ്റ്റൽ സോൺ മനേജ്മെന്റ് അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

**മഞ്ചേശ്വരത്തെ തീരദേശ റോഡുകൾ**

315(2978) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച തീരദേശ റോഡുകളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## ഹരിപ്പാട് തീരദേശ റോഡുകളുടെ നിർവ്വഹണം

316(2979) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള ആറാട്ടുപുഴ-കാർത്തികപ്പള്ളി പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്ന പിള്ളക്കടവ് മുതൽ ധന്യ ഓഡിറ്റോറിയം വരെയുള്ള റോഡ്, കന്നുകാലിപ്പാലം-തപസ്യ ജംഗ്ഷൻ റോഡ്, കുമാരപുരം പഞ്ചായത്തിലെ വാർഡ് 8, 9, 10 കടന്നുപോകുന്ന ചെമ്പംപടിക്കൽ-ഉണിക്കാന്ത്ര റോഡ് എന്നീ വർക്കുകളുടെ നിർവ്വഹണ പുരോഗതി അറിയിക്കാമോ?

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ പിള്ളക്കടവ് മുതൽ ധന്യ ഓഡിറ്റോറിയം വരെയുള്ള റോഡിന് 76.90 ലക്ഷം രൂപയ്ക്ക് ഭരണാനുമതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾക്കുശേഷം കരാറിലേർപ്പെട്ട് 04-02-2022-ൽ കരാറുകാരന് സൈറ്റ് കൈമാറിയിരുന്നുവെങ്കിലും ക്വാറിയിൽനിന്നുള്ള മെറ്റീരിയൽസിന്റെ ലഭ്യതക്കുറവുമൂലവും റോഡ് പൊളിച്ച് ഡബ്ല്യു.എം.എം. പ്രവൃത്തി ഏർപ്പാടാക്കിയാലും മഴയ്ക്കുമുമ്പ് ടാറിംഗ് പ്രവൃത്തികൾ തീർക്കാൻപറ്റാത്ത സാഹചര്യമുണ്ടാകുമെന്നതിനാലും നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 1650 മീറ്റർ നീളത്തിൽ വെറ്റ് മിക്സ് മെക്കാഡം വിരിച്ച് ടാറിംഗ് ചെയ്യുന്നതും ചപ്പാത്ത് നിർമ്മിക്കുന്നതുമാണ് ടി പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. മഴക്കാലം കഴിഞ്ഞാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. കരുവാറ്റ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 15-ലെ കന്നുകാലിപ്പാലം തപസ്യ ജംഗ്ഷൻ - ബ്രദേഴ്സ് കടവ് റോഡിന് 72.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടിക്കുശേഷം കരാറിലേർപ്പെട്ട് 05-04-2022-ന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. 1350 മീറ്റർ നീളം റോഡ് വെറ്റ് മിക്സ് മെക്കാഡം വിരിച്ച് ടാറിംഗ് ചെയ്യുന്നതിനും കൾവർട്ട്, റീട്ടെയ്നിംഗ് വാൾ മുതലായവ നിർമ്മിക്കുന്നതിനുമുള്ള പ്രവൃത്തികളാണ് ടി പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ക്വാറിയിൽനിന്നുള്ള മെറ്റീരിയൽസിന്റെ ലഭ്യതക്കുറവുമൂലവും മഴ ആരംഭിച്ചതിനാൽ റോഡ് പൊളിച്ചിടുന്നത് അഭികാമ്യമല്ലാത്തതിനാലും

നിലവിൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. മഴ മാറിയാലുടൻ പ്രവൃത്തി നടപ്പിലാക്കുന്നതാണ്. 14-05-2020-ലെ സ.ഉ. (സാധാ) നം. 253/2020/മ.ഉ.വ. പ്രകാരം ഭരണാനുമതി നൽകിയ കുമാരപുരം പഞ്ചായത്തിലെ ചെമ്പൻ പടിക്കാവ്-കുരിശ്ശുംമൂട്-വാലേൽക്കടവ് റോഡും കുമാരപുരം പഞ്ചായത്തിലെ വാർഡ് 8, 9, 10 കടന്നുപോകുന്ന ചെമ്പംപടിക്കൽ-ഉണ്ണിക്കാന്ത്ര റോഡും ഒന്നുതന്നെയാണ്. 82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കുമാരപുരം പഞ്ചായത്തിലെ ചെമ്പൻപടിക്കാവ്-കുരിശ്ശുംമൂട് ജംഗ്ഷൻ റോഡിന്റെ നിർമ്മാണ പ്രവൃത്തിയിൽ റീട്ടെയ്നിംഗ് വാൾ, ഡ്രെയിൻ, ഫില്ലിംഗ്, 1740 മീറ്റർ നീളത്തിലുള്ള റോഡ് വെറ്റ് മിക്സ് മെക്കാഡം വിരിച്ച് ടാറിംഗ് മുതലായ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. ടി പ്രവൃത്തിയുടെ സൈറ്റ് 31-12-2020-ൽ കരാറുകാരന് കൈമാറിയിട്ടുള്ളതും വെറ്റ് മിക്സ് മെക്കാഡം വരെയുള്ള പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വെറ്റ് മിക്സ് മെക്കാഡം പ്രവൃത്തി 20-05-2022-ൽ പൂർത്തീകരിച്ചെങ്കിലും മഴ തുടങ്ങിയ സാഹചര്യത്തിൽ ടാറിംഗ് പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിന് സാധിച്ചിട്ടില്ല. ടാറിംഗിനാവശ്യമായ മെറ്റീരിയൽസ് കരാറുകാരൻ സൈറ്റിൽ ശേഖരിച്ചിട്ടുണ്ട്. മഴ മാറി റോഡ് പ്രതലം ഉണങ്ങിയതിനുശേഷം ടാറിംഗ്

പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്. കൂടാതെ റോഡിന്റെ വെറ്റ് മിക്സ് മെക്കാഡം ചെയ്ത ചില ഭാഗങ്ങളിൽ വാഹന ഗതാഗതംമൂലം ഇളകിപ്പോകുന്ന മെറ്റൽ, റോളർ ഉപയോഗിച്ച് ഉറപ്പിക്കുന്നതിനുള്ള നിർദ്ദേശവും കരാറുകാരന് നൽകിയിട്ടുണ്ട്.

(ബി) ഉണിക്കാന്ത്ര റോഡ്, നിർമ്മാണത്തിനായി കുത്തിപ്പൊളിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കുന്നതിന് കർശന നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ടാർ ചെയ്യുന്നതിനുള്ള വസ്തുക്കൾ സൈറ്റിൽ ശേഖരിച്ചിട്ടുണ്ട്. മഴ മാറി പ്രതലം ഉണങ്ങിയാലുടൻ ടാറിംഗ് നടത്തി റോഡ് ഗതാഗതയോഗ്യമാക്കുന്നതാണ്.

**പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് നിർമ്മാണം**

317(2980) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കെ.എസ്.എഫ്.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിന്റെ സിവിൽ, ഇലക്ട്രിക്കൽ, എച്ച്.വി.എ.സി. ജോലികൾ 53 ശതമാനം പൂർത്തിയായിട്ടുണ്ട്. തിയേറ്റർ കെട്ടിടത്തിന്റെ കോൺക്രീറ്റിംഗ് പൂർത്തിയായിട്ടുണ്ട്. അഗ്നിശമന നിയമപ്രകാരമുള്ള ജലസംഭരണികളുടെ നിർമ്മാണം, ഫ്ലോർ ടൈലിംഗ്, പെയിന്റിംഗ്, ലിഫ്റ്റിന്റെ പണികൾ തുടങ്ങിയവ പൂർത്തീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ വർഷം ഡിസംബർ മാസത്തോടെ തിയേറ്റർ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കലാകാരന്മാർക്കുള്ള പെൻഷൻ

318(2981) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കലാകാരന്മാർക്കുള്ള പെൻഷൻ വാങ്ങുന്ന പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അറിയിക്കാമോ;

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ഗുണഭോക്താക്കളുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 9 കലാകാരന്മാർക്കാണ് സാംസ്കാരിക വകുപ്പിൽനിന്നും കലാകാര പെൻഷൻ അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 6 കലാകാരന്മാർ |
| മേലാറ്റൂർ ഗ്രാമപഞ്ചായത്ത് | 1 കലാകാരൻ |
| പുലമന്തോൾ ഗ്രാമപഞ്ചായത്ത് | 1 കലാകാരൻ |
| ഏലംകുളം ഗ്രാമപഞ്ചായത്ത് | 1 കലാകാരൻ |

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും കലാകാര പെൻഷൻ വാങ്ങുന്നവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിലാണ് സൂക്ഷിക്കുന്നത്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ ലഭ്യമല്ല. മലപ്പുറം ജില്ലയിൽ 68 പേർക്ക് പെൻഷനും ഒരു ഫാമിലി പെൻഷനും ബോർഡ് നൽകിവരുന്നു.

## ആമ്പല്ലൂരിലെ തിയേറ്റർ സമുച്ചയ നിർമ്മാണം

319 (2982) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടുകൂടി കെ.എസ്.എഫ്.ഡി.സി. പുതുക്കാട് നിയോജകമണ്ഡലത്തിലെ ആമ്പല്ലൂരിൽ നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിലെ ആമ്പല്ലൂരിൽ നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ, എച്ച്.വി.എ.സി. ജോലികൾ 46 ശതമാനം പൂർത്തിയായിട്ടുണ്ട്. അഗ്നിശമന നിയമപ്രകാരമുള്ള ജലസംഭരണിയുടെ നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, ഫ്ളോർ & വാൾ ടൈലിംഗ്, പെയിന്റിംഗ്, ലിഫ്റ്റിന്റെ പണികൾ എന്നിവ പൂർത്തിയാകാനുണ്ട്.

(ബി) 2020 ജനുവരിയിൽ ആരംഭിച്ച പ്രസ്തുത തിയേറ്റർ സമുച്ചയ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനും ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഈ വർഷം ഡിസംബറോടെ തിയേറ്റർ നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കെ.ജി. സുബ്രഹ്മണ്യം സാംസ്കാരിക നിലയം

320(2983) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിൽ കെ.ജി. സുബ്രഹ്മണ്യം സ്മാരക സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് ജന്മഗൃഹത്തോടുചേർന്ന് 4 ഏക്കർ സ്ഥലം കൂത്തുപറമ്പ് നഗരസഭ കണ്ടെത്തിയെങ്കിലും ഇതുസംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരികനിലയം സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ലളിതകലാ അക്കാദമിയുമായി ചേർന്ന് റവന്യൂ, പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ച് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾക്ക് വേഗം കൂട്ടുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

(എ-സി) കൂത്തുപറമ്പിൽ കെ.ജി. സുബ്രഹ്മണ്യം സ്മാരക സാംസ്കാരിക നിലയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭ കണ്ടെത്തിയ സ്ഥലം

അനുയോജ്യമാണോ എന്ന് പരിശോധിക്കുന്നതിനും വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനും സ്മാരക നിർമ്മാണത്തിനായി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനും ഭരണാനുമതിക്കും തുക അനുവദിച്ചുകിട്ടുന്നതിനും മറ്റുമായി വിവിധ സർക്കാർ വകുപ്പുകളെ സമീപിക്കുന്നതിലേയ്ക്കായി കൂത്തുപറമ്പ് നഗരസഭ സെക്രട്ടറി ലളിതകലാ അക്കാദമി സെക്രട്ടറിക്ക് കത്തയച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നേരിട്ട് ഇടപെടുന്നതിന് ലളിതകലാ അക്കാദമിക്ക് പരിമിതികളുള്ളതിനാൽ നഗരസഭതന്നെ പൊതുമരാമത്ത്, റവന്യൂ വകുപ്പുകളെ നേരിട്ട് സമീപിക്കുന്നതിന് അക്കാദമി നിർദ്ദേശം നൽകിയിരുന്നു. ആർട്ട് ഗാലറി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അക്കാദമിയുടെ സാങ്കേതികമായ എല്ലാ സഹകരണവും വാഗ്ദാനം ചെയ്തിരുന്നു. ഗാലറി നിർമ്മാണവുമായി ബന്ധപ്പെട്ട ഡിസൈൻ ഡ്രോയിംഗ്, ഗാലറിയുടെ സാങ്കേതികമായ കാര്യങ്ങൾ, പ്രദർശിപ്പിക്കുന്ന ചിത്രങ്ങളുടെ ക്യൂറേഷൻ എന്നിവ സംബന്ധിച്ച് ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിന് ചർച്ചകൾ നടത്തുന്നതിനായി സൗകര്യപ്രദമായ ദിവസം നിശ്ചയിച്ച് അറിയിക്കുന്നതിനായി ലളിതകലാ അക്കാദമി, നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

## വി. ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയം

321(2984) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് യാക്കരയിലെ വി. ടി. ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

2023 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത സ്മാരക സമുച്ചയത്തിൽ എന്തെല്ലാം സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

നാടിന്റെ കലാ-സാംസ്കാരികരംഗം ചലനാത്മകമാക്കാനുതകുന്ന സാംസ്കാരിക പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്. ഈ പദ്ധതി രാജ്യത്ത് ഇദംപ്രഥമമാണെന്ന് കരുതുന്നു. നൃത്ത, സംഗീത നാടകങ്ങൾ, നാടോടി അനുഷ്ഠാന കലാരൂപങ്ങൾ, ചിത്രശില്പ രചനകൾ തുടങ്ങിയ എല്ലാവിധ കലാസാഹിത്യ പ്രവർത്തനങ്ങൾക്കും ഒരു സജീവ പ്രയോഗകേന്ദ്രമായി ഈ സമുച്ചയം മാറുന്നതാണ്. മാനുഷികത,

സാഹോദര്യം, ജനാധിപത്യം തുടങ്ങിയ മൂല്യങ്ങളിലധിഷ്ഠിതമായ കേരളത്തിന്റെ തനത് സാംസ്കാരിക മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനും ഈ സാംസ്കാരിക സമുച്ചയം ഉതകുന്നതാണ്.

**നാട്ടരങ്ങ് പദ്ധതി**

322(2985) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ അത്താണിക്കൽ കേന്ദ്രീകരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന നാട്ടരങ്ങ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതി നടപ്പിലാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനവും നിർവ്വഹണ ഏജൻസിയും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വിഭാവനം ചെയ്യുന്ന ഘടകങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

സാംസ്കാരിക വകുപ്പും നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ഒരു നാട്ടരങ്ങ് പദ്ധതിയിൽ തുറന്ന സ്റ്റേജ്,

ചെറിയ ചമയമുറി, ഗാർഡൻ, ഇരിപ്പിടങ്ങൾ എന്നീ പദ്ധതി ഘടകങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**ചെമ്പകശ്ശേരി വിശ്വം സ്മാരക നിർമ്മാണം**

323(2986) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെന്മാറ നിയോജകമണ്ഡലത്തിൽ ചെമ്പകശ്ശേരി വിശ്വം സ്മാരകം നിർമ്മിക്കുന്നതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ചെമ്പകശ്ശേരി വിശ്വം സ്മാരകം നിർമ്മിക്കുന്നതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

**ഗിരീഷ് പുത്തഞ്ചേരിയുടെ സ്മാരകം**

324(2987) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത സിനിമ ഗാനരചയിതാവും കവിയും തിരക്കഥാകൃത്തുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണയ്ക്കായി സ്മാരകം നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗിരീഷ് പുത്തഞ്ചേരിയുടെ സ്മാരകം നിർമ്മിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട ബാലുശ്ശേരി എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി സംബന്ധമായ വിവരങ്ങൾ, ആവശ്യമായി വരുന്ന ചെലവുകൾ, ആയത് വിനിയോഗിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ഉള്ളിയേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

**അറബിക്കുളം നവീകരണം**

325(2988) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒ. വി. വിജയന്റെ സ്മാരകമായ, മലമ്പുഴ നിയോജകമണ്ഡലത്തിലെ തസ്രാക്കിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ അറബിക്കുളം നവീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഇതുസംബന്ധമായ പ്രൊപ്പോസലൊന്നും സാംസ്കാരിക വകുപ്പിൽ ലഭിച്ചിട്ടില്ല. അറബിക്കുളം നവീകരണത്തിന്റെ പ്രാഥമികഘട്ടം പൂർത്തിയാക്കാൻ പാലക്കാട് ജില്ലാ പഞ്ചായത്ത് 20 ലക്ഷം രൂപ അനുവദിച്ചിരുന്നുവെന്നും ഈ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഒ. വി. വിജയൻ സ്മാരക സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നവീകരണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തികൾക്കായി ബഹുമാനപ്പെട്ട മലമ്പുഴ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 30 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി സമിതി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയം

326(2989) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കായംകുളം കൃഷ്ണപുരം സാംസ്കാരിക കേന്ദ്രത്തിൽ തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പി.എസ്.റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

## പത്മഭൂഷൻ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായുള്ള വാദ്യകലാ കേന്ദ്രം

327(2990) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവാദ്യ കുലപതി പത്മഭൂഷൻ കുഴൂർ നാരായണമാരാരുടെ സ്മരണയ്ക്കായി തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിൽ വാദ്യകലാ കേന്ദ്രം സ്ഥാപിക്കുന്നകാര്യം പരിഗണിക്കുമോ?

അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പത്മഭൂഷൻ കുഴൂർ നാരായണമാരാർ ഫൗണ്ടേഷന്റെ പ്രവർത്തനത്തിനുള്ള ഗ്രാന്റിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അപേക്ഷ സാംസ്കാരിക വകുപ്പ് ഡയറക്ടർതലത്തിൽ പരിശോധനയിലാണ്.

**മൊഗ്രാലിൽ മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രം**

328(2991) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ആസ്ഥാനമായി പ്രവർത്തിക്കുന്ന മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിൽ എവിടെയെല്ലാമാണ് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിക്ക് കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് മാത്രമാണ് ഉപകേന്ദ്രം പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത അക്കാദമിയുടെ ഉപകേന്ദ്രമോ മറ്റനുബന്ധ സ്ഥാപനമോ 2006-2011 കാലയളവിൽ മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മൊഗ്രാലിൽ പ്രവർത്തിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

അക്കാദമിക്ക് കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ ഉപകേന്ദ്രം പ്രവർത്തിച്ചിരുന്നു. 2006-11-ൽ മോയിൻകുട്ടി വൈദ്യർ സ്മാരകമായിരുന്ന കാലത്ത് അന്നത്തെ കമ്മിറ്റി തീരുമാനപ്രകാരമാണ് ഉപകേന്ദ്രം സ്ഥാപിച്ചത്. ഇതുസംബന്ധമായി ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി) ഇശൽ ഗ്രാമം എന്നറിയപ്പെടുന്ന മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മൊഗ്രാലിൽ മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ ഒരു ഉപകേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധമായി മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരുന്ന, പ്രാരംഭഘട്ടത്തിലാണ്.

(ഡി) സ്കൂൾ ഓഫ് മാപ്പിള ആർട്സ് നിലവിൽ കാസർഗോഡ് ജില്ലയിലെ ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

സ്കൂൾ ഓഫ് മാപ്പിള ആർട്സ് സംവിധാനം നിലവിൽ അക്കാദമിയിൽ മാത്രമാണുള്ളത്. മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി**

329(2992) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക അടിസ്ഥാനത്തിലുള്ള തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പ്രാദേശിക അടിസ്ഥാനത്തിലുള്ള തനത് കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് 2018 മുതൽ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 613 കലാകാരന്മാർ സംസ്ഥാന വ്യാപകമായി വിവിധ കലാരൂപങ്ങളിൽ സൗജന്യ സാമൂഹ്യ കലാപരിശീലനം നൽകിവരുന്നു. തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് വേണ്ടത്ര സജ്ജീകരണങ്ങളില്ലാത്ത ഇടങ്ങളിൽ തുറന്ന സ്റ്റേജ് നിർമ്മിച്ചുനൽകുന്ന നാട്ടരങ്ങ് പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. റൂറൽ ആർട്ട് ഹബ്ബ് പദ്ധതിവഴി കേരളത്തിലെ പൈതൃക കരകൗശല ഗ്രാമങ്ങളിലെ കലാ-കരകൗശല വിദഗ്ധർക്ക് സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. കേരള ഫോക്‌ലോർ അക്കാദമി ഗ്രാമ സന്ധ്യകൾ എന്നപേരിൽ ഗ്രാമങ്ങളിൽ പ്രഭാഷണങ്ങളും കലാ അവതരണങ്ങളും ചെയ്തുവരുന്നുണ്ട്. മാപ്പിള കലകൾ സജീവമാക്കുന്നതിനുപുറമെ പാടിപ്പറയൽ, ചവിട്ടുകളി, ചീനിമുട്ട്, മുട്ടുംവിളി തുടങ്ങിയ പ്രാദേശിക കലകളുടെ വളർച്ചയ്ക്കും പ്രോത്സാഹനത്തിനും മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയും പ്രവർത്തിച്ചുവരുന്നു.

(ബി) കോങ്ങാട് നിയോജകമണ്ഡലത്തിലെ കഥകളി, പൊറാട്ട് നാടകം കലാകാരന്മാരെയും പ്രസ്തുത കലാരൂപങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പൊറാട്ട് നാടകം ഉൾപ്പെടെയുള്ള നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം പൊറാട്ട് കലാകാരന്മാർക്ക് പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും അവശ കലാകാരന്മാരുടെ ചികിത്സയ്ക്കായി പരമാവധി 25,000 രൂപവരെ ധനസഹായവും കേരള ഫോക്‌ലോർ അക്കാദമി അനുവദിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെയുള്ള കഥകളി കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കേരള കലാമണ്ഡലവും കേരള സംഗീത നാടക അക്കാദമിയും സ്വീകരിച്ചുവരുന്നുണ്ട്.

(സി) സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന കലാഗ്രാമം പദ്ധതി വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കലാഗ്രാമം പദ്ധതി സാംസ്കാരിക വകുപ്പിൽ നിലവിലില്ല. എന്നാൽ ഈ സാമ്പത്തികവർഷം മുതൽ പൈതൃകഗ്രാമം എന്നപേരിൽ ഒരു പദ്ധതി

സാംസ്കാരിക വകുപ്പുവഴി നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി ആരംഭദിശയിലാണ്. കൂടാതെ കലാ-കരകൗശല വിദഗ്ദ്ധർക്ക് പ്രോത്സാഹനം നൽകി ഗ്രാമീണ കലാകേന്ദ്രം പദ്ധതി വകുപ്പുവഴി നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിക്ക് നടപ്പു സാമ്പത്തികവർഷം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രം**

330(2993) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രത്തിന്റെ പ്രവർത്തനം വിശദമാക്കാമോ?

കോട്ടയം വെള്ളാവൂർ നാടൻ കലാഗ്രാമം കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 17-02-2021-ന് കെട്ടിടത്തിന്റെ ഉദ്ഘാടനം നടന്നു. 2021 നവംബർ 20-ാം തീയതി മുതൽ പരിശീലനം ആരംഭിച്ചു. ഒന്നാംഘട്ടത്തിൽ നാടൻപാട്ട് പരിശീലനം മാത്രമാണ് നൽകിയിരുന്നത്. പ്രസ്തുത പരിശീലന പരിപാടി കുട്ടികളുടെ പരീക്ഷയുടെ

സമയത്ത് ഹാജർനില കുറഞ്ഞതുകൊണ്ട് 2022 ഫെബ്രുവരി 20-ന് താൽക്കാലികമായി അവസാനിപ്പിച്ചു. നിർമ്മാണ പ്രവൃത്തി ഏൽപ്പിച്ച കെൽ എന്ന സ്ഥാപനം അവസാനഘട്ട പ്രവൃത്തികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിലേയ്ക്കാവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് രണ്ട് സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്രസ്തുത സ്ഥാപനത്തിൽ പഠന ക്ലാസുകൾ, പരീശീലന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കാമോ?

പഠന ക്ലാസുകൾ, പരിശീലന പരിപാടികൾ എന്നിവ പുനരാരംഭിക്കുന്നതിന് സമയബന്ധിത പ്രോജക്ടിലേയ്ക്ക് വിവിധ വിഷയങ്ങളിലെ പരിശീലന അദ്ധ്യാപകരുടെയും സ്ഥാപന നടത്തിപ്പിനുവേണ്ടിയുള്ള തസ്തികകളിലേയ്ക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ടെന്നും ആഗസ്റ്റ് ആദ്യവാരത്തോടെ ക്ലാസുകൾ ആരംഭിക്കുന്നതിനുവേണ്ട

ഏർപ്പാടുകൾ ചെയ്യുന്നതാണെന്നും കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**കുന്ദമംഗലം ഉമ്പായി മ്യൂസിക് അക്കാദമി**

331(2994) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്ത് ഉമ്പായി മ്യൂസിക് അക്കാദമി ആരംഭിക്കുന്നതിന് സർക്കാർ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഉമ്പായി മ്യൂസിക് അക്കാദമിക്ക് അനശ്വര ഗായകൻ ഉമ്പായിയുടെ സ്മരണാർത്ഥം ഉമ്പായി മ്യൂസിക് അക്കാദമി എന്നപേരിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുക നടപ്പ് സാമ്പത്തിക വർഷത്തെ 2205-00-102-08-57 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ അധിക ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഈ തുക റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മ്യൂസിക് അക്കാദമി കെട്ടിടം നിർമ്മിക്കുന്നതിനായി കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്നാണെന്ന് അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

(ബി&സി) ഇക്കാര്യങ്ങൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**സാംസ്കാരിക സംഘടനകൾക്കുള്ള ധനസഹായം**

332(2995) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഓരോന്നിനും എത്രതുക ബഡ്ജറ്റ് വിഹിതമായി ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഉടമസ്ഥതയിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക സംബന്ധിച്ച വിശദവിവരങ്ങളും വിവിധ സാംസ്കാരിക സ്ഥാപനങ്ങൾക്ക് 2021-22, 2022-23 വർഷം ബഡ്ജറ്റ് വിഹിതമയി അനുവദിച്ച പദ്ധതി/പദ്ധതിയേതര തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഇക്കാലയളവിൽ വിവിധ സാംസ്കാരിക സംഘടനകൾക്ക് ഏതെല്ലാം പദ്ധതികൾ മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; ആയതിനായി എത്രതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള സാംസ്കാരിക സംഘടനകൾക്ക് പദ്ധതി വിഹിതമായി അനുവദിച്ച തുക സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് സർക്കാർതലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സ്ഥാപനങ്ങൾ യഥാസമയം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാറുണ്ട്. കൂടാതെ, ടി കാര്യാലയത്തിലെ ആഭ്യന്തര ഓഡിറ്റ് വിഭാഗം തുകയുടെ വിനിയോഗം സംബന്ധിച്ച് പരിശോധനയും നടത്തിവരുന്നുണ്ട്.

**കലാ സാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ**

333(2996) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിൽ കലാസാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശാദാംശം നൽകാമോ;

(ബി) പ്രസ്തുത ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. സാംസ്കാരിക വകുപ്പിൽനിന്ന് കലാസാംസ്കാരിക പ്രവർത്തകർക്ക് ചികിത്സാ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയിൽ

അധികരിക്കാത്തവർക്കാണ് അർഹത. ബന്ധപ്പെട്ട റവന്യൂ അധികാരിയിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, ഗവൺമെന്റ് ഡോക്ടറുടെ സാക്ഷ്യപത്രം, ചികിത്സാ ചെലവ് സംബന്ധിച്ച ഒറിജിനൽ ബില്ലുകൾ, വൗച്ചറുകൾ എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകരുടെ കുറഞ്ഞ പ്രായപരിധി 50 വയസ്സാണ്. വയസ്സ് തെളിയിക്കുന്നതിന് ആവശ്യമായ രേഖ (ആധാറിന്റെ പകർപ്പ്/ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്/സ്കൂൾ അഡ്മിഷൻ എക്സ്ട്രാക്ട്) സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. ഈ പദ്ധതിപ്രകാരം ഒരുപ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. ആവശ്യമായ രേഖകൾ ഹാജരാക്കുന്നവരുടെ അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്കുശേഷം യോഗ്യതയ്ക്കനുസരിച്ച് തുക അനുവദിക്കുകയും ചെയ്യുന്നു. മൂന്നുവർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച 'കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം'- ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000 രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിത്സാ

ധനസഹായം അനുവദിച്ചുവരുന്നു. ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1,50,000 (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചുവരുന്നു. ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷ ക്ഷേമനിധി പദ്ധതിപ്രകാരമുള്ള 9-ാം നമ്പർ ഫാറത്തിലാണ് പൂരിപ്പിച്ച് നൽകേണ്ടത്. അവശ സിനിമാ കലാകാരന്മാർക്കും സാങ്കേതിക വിദഗ്ദ്ധർക്കും തിയേറ്ററിൽനിന്നുള്ള സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കിയ തുകയിൽനിന്നും പരമാവധി 25,000 രൂപവരെ ചികിത്സാ ധനസഹായമായി ചലച്ചിത്ര അക്കാദമിയിൽനിന്നും നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട ചലച്ചിത്ര സംഘടനയുടെയോ പ്രവർത്തിച്ച സിനിമകളുടെ

നിർമ്മാതാവിന്റെയോ സംവിധായകന്റെയോ സാക്ഷ്യപത്രം, ആശുപത്രി രേഖകളുടെയും ബില്ലുകളുടെയും പകർപ്പുകൾ, സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡ് എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ**

334(2997) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ ചുവടെ ചേർക്കുന്നവയാണ്.

(i) യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഭാരതത്തിന്റെ ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ചൂഷണത്തിനെതിരെയും മറ്റുതരത്തിലുമുള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടി ശിപാർശ ചെയ്യുകയും ചെയ്യുക.

(ii) യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉല്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ ശിപാർശകൾ നൽകുകയും ചെയ്യുക.

(iii) യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുംവേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക.

(iv) പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിനുവേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക.

(v) യുവാക്കൾക്ക് തൊഴിലവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക.

(vi) യുവാക്കളുടെ, പ്രത്യേകിച്ചും ദുർബ്ബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലുംപെടുന്നവരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ സർക്കാരിനെ ഉപദേശിക്കുക.

(vii) യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക.

(viii) അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക.

(ix) യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്ന പ്രശ്നങ്ങളിന്മേൽ സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടിക്ക് ശിപാർശ ചെയ്യുകയും ചെയ്യുക.

(x) പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം, നിയമ സാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

(xi) അതത് സമയം അതിന്റെ പരിഗണനയ്ക്കയയ്ക്കുന്ന മറ്റ് വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക.

(ബി) സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെ വിശദാംശം ലഭ്യമാക്കാമോ?

സ്ത്രീധന പീഡനങ്ങളിലും ഗാർഹിക പീഡനങ്ങളിലും ഇരയാക്കപ്പെട്ട വ്യക്തികളുടെ കുടുംബങ്ങളെ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും സന്ദർശിക്കുകയും ആവശ്യമായ നിയമസഹായവും ധാർമ്മിക പിന്തുണയും നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിഷയത്തിലിടപെട്ട് നിയമ നടപടികൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ വിഷയത്തിൽ കമ്മീഷനിൽ ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04-10-2021-ന് എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽവച്ച് മെഗാ അദാലത്ത് സംഘടിപ്പിക്കുകയുണ്ടായി. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമം തടയുക എന്ന ലക്ഷ്യത്തോടെ വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ ഇരിങ്ങാലക്കുട ഗവൺമെന്റ് ഹോസ്പിറ്റലിൽ

പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ സഖി വൺ സ്റ്റോപ് സെന്റർ എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് " International Day for Elimination of all Kind of Violence Against Women" -ന്റെ ഭാഗമായി 2021 നവംബർ 25 മുതൽ ഡിസംബർ 10 വരെ തൃശ്ശൂർ ജില്ലയിലെ നെടുപുഴ ഗവൺമെന്റ് വിമൻസ് പോളിടെക്നിക് കോളേജിൽവച്ച് വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ചുകൊണ്ട് സംവാദം, സൗഹൃദ നടത്തം എന്നിവ കമ്മീഷൻ സംഘടിപ്പിച്ചു. കേരള സംസ്ഥാന യുവജന കമ്മീഷനും മാർഗ്രിഗോറിയസ് കോളേജ് ഓഫ് ലോ-യും സംയുക്തമായി " Reproductive Choice of Women: A Fundamental Rights" എന്ന വിഷയത്തിൽ കോൺഫറൻസ് സംഘടിപ്പിച്ചു. സ്കൂൾ/കോളേജ് കരിക്കുലത്തിൽ ജെൻഡർ എഡ്യൂക്കേഷൻ ഉൾപ്പെടുത്തണമെന്ന ശിപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും യുവജന കമ്മീഷൻ നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജനകമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തികവർഷ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ശമ്പളം, മറ്റ് പദ്ധതികൾ എന്നിങ്ങനെ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായും ശമ്പള ഇനത്തിലും മറ്റിനങ്ങളിലും അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ഡി) ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീപീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതീയുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ നടപ്പ് സാമ്പത്തികവർഷം 'സ്ത്രീധനത്തിനെതിരെ ബോധവത്കരണ ക്യാമ്പയിൻ, നിയമപരമായ പിന്തുണ, കൗൺസിലിംഗ്" എന്നീ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

10.00 a.m]

## II അടിയന്തരപ്രമേയം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം

മി. സ്പീക്കർ: 2022-23 ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുക വെട്ടിക്കുറച്ചതും സാമ്പത്തിക വർഷം ആരംഭിച്ച് മൂന്നുമാസം പിന്നിട്ടിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതി രൂപീകരിക്കാത്തതുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ നജീബ് കാന്തപുരം, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി സംബന്ധിച്ച് 04-06-2022-ന് സർക്കാർ പുറത്തിറക്കിയ 1376, 05-07-2022-ലെ 1602 എന്നീ നമ്പർ ഉത്തരവുകളിലൂടെ 2022-23 ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക വെട്ടിക്കുറച്ചുവെന്നാണ് ബഹുമാന്യരായ നജീബ് കാന്തപുരം, അൻവർ സാദത്ത്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നിവർ നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവയെ ശാക്തീകരിക്കുന്നതിനും നിയമസഭാംഗങ്ങൾ കാണിക്കുന്ന താത്പര്യം അഭിനന്ദനീയമാണ്. ആ നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം സംബന്ധിച്ച് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകാൻ കാണിച്ച താത്പര്യത്തെ സ്വാഗതം ചെയ്യുകയാണ്. ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്ത് ജനകീയാസൂത്രണത്തിന് തുടക്കമിട്ട അധികാര വികേന്ദ്രീകരണ പ്രക്രിയയും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയും 25 വർഷം പൂർത്തിയാക്കുന്ന ഈ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണം കൂടിയാണ്. ഇപ്രാവശ്യത്തെ പ്രധാന പ്രത്യേകതയുമിതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖകൾ 19-4-2022-ലെ 84/22, 86/22 എന്നീ നമ്പർ ഉത്തരവുകൾപ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന വികസന പരിപ്രേക്ഷ്യവും വികസന മുൻഗണനകളും കണക്കിലെടുത്ത് പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖകൾ പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലേയ്ക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇത്തരത്തിൽ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പൊതുസമീപനവും മുൻഗണനയും നിശ്ചയിച്ചതിനുശേഷമാണ് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗരേഖ തയ്യാറാക്കിയത്. അതുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ വാർഷിക പദ്ധതി രൂപീകരണം ആരംഭിക്കുന്നതിന് സ്വാഭാവികമായ കാലതാമസമുണ്ടായത്. ഓരോ പഞ്ചവത്സര പദ്ധതിയുടെയും ആദ്യവർഷം ഇത്തരത്തിൽ ഒഴിവാക്കാനാകാത്ത കാലതാമസമുണ്ടായിട്ടുണ്ട്. പദ്ധതി രേഖ പുറപ്പെടുവിച്ചതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സബ്സിഡി, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയും 28-5-2022-ലെ 115/2022 നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെല്ലാം അതിവേഗത്തിൽ വാർഷിക പദ്ധതി തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓരോ തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റെയും വികസന കാഴ്ചപ്പാട് വ്യക്തമാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിക്കുക, വികസനരേഖ തയ്യാറാക്കുക, ഗ്രാമസഭകൾ വിളിച്ചുചേർക്കുക, വികസന സെമിനാറുകൾ നടത്തുക തുടങ്ങിയ പദ്ധതി രൂപീകരണ പ്രക്രിയകൾ പൂർത്തീകരിച്ചതിനുശേഷം ഡി.പി.സി. അംഗീകാരത്തിനായി പൂർണ്ണ വാർഷിക പദ്ധതികൾ സമർപ്പിച്ചുവരികയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനിവാര്യമായി ഏറ്റെടുക്കേണ്ട പദ്ധതികളും സ്പിൽ ഓവർ പ്രോജക്ടുകളും കേന്ദ്ര ധനകാര്യ കമ്മീഷന്റെ ഗ്രാന്റുപയോഗിച്ച് 2022-23 വർഷം നടത്തുന്ന നിർവ്വഹണ പ്രക്രിയയും 2022 ഏപ്രിൽ മുതൽ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ മൂന്നുമാസത്തെ  കാലതാമസമുണ്ടായെന്ന ആക്ഷേപം വസ്തുതാപരമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന വികസനേതര ആവശ്യങ്ങൾക്ക് ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ്. 2021-22 മുതൽ അഞ്ച് വർഷത്തേയ്ക്കുള്ള ഫണ്ട് നിശ്ചയിക്കുന്നതിനുള്ള ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ വിവിധ റിപ്പോർട്ടുകളായി പല സന്ദർഭങ്ങളിൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ച്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതം വിഭജിച്ച് അനുവദിക്കുന്നതിൽ കാലതാമസമുണ്ടാകാതിരിക്കാനും പദ്ധതി രൂപീകരണ പ്രക്രിയ വൈകാതിരിക്കുന്നതിനുമായി മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ താൽക്കാലിക ക്രമീകരണം ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത് കാലതാമസം വരാതിരിക്കാനുള്ള മുൻകരുതലെന്ന രീതിയിൽ നിർവ്വഹിച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈ ക്രമീകരണമാണ് 04-06-2022-ലെ 1376-ാം നമ്പർ സർക്കാർ ഉത്തരവിലൂടെ നൽകിയിട്ടുള്ളത്. ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം നിശ്ചയിക്കുന്നതുവരെയുള്ള താൽക്കാലിക ക്രമീകരണം മാത്രമാണ് ഇപ്രകാരം ഏർപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ കമ്മീഷന്റെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വിഹിതം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ ബഡ്ജറ്റ് വിഹിതം സർക്കാർ അനുവദിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള റോഡ്, റോഡിതര

മെയിന്റനൻസ് ഗ്രാന്റുകൾ വെട്ടിക്കുറച്ചുവെന്നതാണ് മറ്റൊരു ആക്ഷേപമായി ഉന്നയിച്ചിരിക്കുന്നത്. എന്നാൽ ഇത്തരത്തിൽ ഒരു വെട്ടിക്കുറവും വരുത്തിയില്ലെന്നതാണ് യാഥാർത്ഥ്യം. 2022-2023-ലെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റുകൾ വിഭജിച്ച് നൽകിയിരിക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയുടെ സ്ഥിതിവിവര കണക്കുകൾ അടിസ്ഥാനമാക്കിയാണ്. എന്നാൽ ധനകാര്യ കമ്മീഷൻ പരിഗണിച്ചിട്ടുള്ള സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഈ വർഷം അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും സംഘടനകളിൽനിന്നും ഒട്ടേറെ പരാതികൾ ലഭിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ആയത് പരിശോധിച്ച് കണക്കുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം വന്നേയ്ക്കുമെന്നതിനാലാണ് മുൻവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിന് ആധാരമാക്കിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഈ വർഷത്തെ വിഹിതം നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ഇപ്രകാരം സംസ്ഥാന ബഡ്ജറ്റിൽ മെയിന്റനൻസ് ഗ്രാന്റിനത്തിൽ വകയിരുത്തിയ മൊത്തം തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഭജിച്ച്

നൽകിയിട്ടുണ്ട്. ഇപ്രകാരം ക്രമീകരണം ഏർപ്പെടുത്തിയതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മെയിന്റനൻസ് പദ്ധതി യഥാസമയം തയ്യാറാക്കി സമർപ്പിക്കാൻ സാധിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുമായി താരതമ്യം ചെയ്യുമ്പോൾ 2022-23 വർഷത്തിൽ വർദ്ധിപ്പിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആറാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം സംസ്ഥാനത്തിന്റെ മെയിന്റനൻസ് ഫണ്ട് വിഹിതം തനത് നികുതി വരുമാനത്തിന്റെ 6 ശതമാനത്തിൽനിന്നും 6.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2021-22-ൽ വികസന ഫണ്ട് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനമായിരുന്നത് 2022-23-ൽ 26.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ സംസ്ഥാന സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടും അധികാരവും നൽകി ശാക്തീകരിക്കുകയാണ് ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് യാതൊരുവിധ പ്രതിസന്ധിയും നിലവിലില്ല.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സങ്കീർണ്ണമായ ഭരണ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. അധികാര വികേന്ദ്രീകരണം അട്ടിമറിക്കാൻ

ഈ സർക്കാർ നടത്തുന്ന ലജ്ജാകരമായ ഇടപെടലുകൾ പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും ജനങ്ങൾക്കുമുമ്പിൽ അപമാനിതരാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികത്തിന്റെ മഹത്വം പറഞ്ഞുകൊണ്ടാണ് സംസാരിച്ചത്. എന്നാൽ ഈ 25-ാം വാർഷികത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ അധികാരങ്ങളും വെട്ടിക്കുറച്ച് അവയെ നോക്കുകുത്തിയാക്കുന്ന നിലപാടിലേയ്ക്ക് സർക്കാർ തരംതാഴുന്നുവെന്ന് രേഖാമൂലം നമുക്ക് പറയാൻ സാധിക്കും. സംസ്ഥാന ബഡ്ജറ്റിൽ അനുബന്ധം IV പ്രകാരം അനുവദിക്കുന്ന തുകയ്ക്കനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുന്നത്. അതിനുമുമ്പ് ഒട്ടേറെ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. ബഡ്ജറ്റ് വിഹിതം അടിസ്ഥാനമാക്കിയാണ് ഗ്രാമസഭകളും വികസന സെമിനാറുകളും ചേർന്ന് പദ്ധതിക്ക് രൂപം നൽകുന്നത്. എന്നാൽ പൊതുവിഭാഗം സാധാരണ വിഹിതത്തിലും പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതിയിലുമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ബഡ്ജറ്റിൽ നീക്കിവച്ച തുകയുടെ മൂന്നിലൊന്ന് മാത്രമാണ് വിഭജിച്ച് നൽകിയതെന്നാണ് അനുബന്ധം IV-ന്റെ 256-ാം പേജിൽ വ്യക്തമാക്കിയിട്ടുള്ളത്. അനുവദിച്ച പ്ലാൻ ഫണ്ടിന്റെ

മൂന്നിരട്ടി തുകയാണ് സാധാരണഗതിയിൽ പദ്ധതിയായി കൊണ്ടുവരാറുള്ളത്. ഇതുപ്രകാരം പദ്ധതി തയ്യാറാക്കുന്നതിന് അനുബന്ധം IV-ൽ വിവരിച്ച തുകയുടെ മൂന്നിരട്ടിയാണ് കണക്കാക്കേണ്ടത്. ബഡ്ജറ്റിൽ മെയിന്റനൻസ് ഗ്രാന്റ് പൂർണ്ണമായും വിഭജിച്ച് നൽകിയിട്ടുമുണ്ട്. എന്നാൽ പ്ലാൻ ഫണ്ടും മെയിന്റനൻസ് ഗ്രാന്റും കൃത്യമായി വിശദീകരിച്ച ബഡ്ജറ്റിനെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് 04-06-2022-ലെ 1376-ാം നമ്പർ ഉത്തരവും 05-07-2022-ലെ 1602-ാം നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളത്. കേരളത്തിന്റെ ബഡ്ജറ്റ് തട്ടിപ്പായിരുന്നുവെന്നതാണ് ഈ രണ്ട് ഉത്തരവുകളും വ്യക്തമായി ബോദ്ധ്യപ്പെടുത്തുന്നത്. അതായത് ബഡ്ജറ്റിൽ കൃത്യമായി നീക്കിവച്ച തുക രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ച് സർക്കാർ തിരിച്ച് പിടിച്ചതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പൂർണ്ണമായും ഭരണസ്തംഭനത്തിലേയ്ക്ക് കൊണ്ടുപോയിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി സന്തോഷപൂർവ്വം ഈ ചർച്ചയെ സ്വാഗതം ചെയ്ത് സംസാരിക്കുകയുണ്ടായി. പക്ഷേ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റിനോടെങ്കിലും ഇക്കാര്യം ചോദിച്ചിരുന്നെങ്കിൽ ഇത്തരമൊരു വിശദീകരണമായിരിക്കില്ല ഇന്ന് സഭയിൽ നൽകുക എന്നാണ് എനിക്ക് പറയാനുള്ളത്. 2022-23 സാമ്പത്തിക വർഷം ആരംഭിച്ച് മൂന്ന് മാസം

പിന്നിട്ടിട്ടും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അന്തിമ വാർഷിക പദ്ധതിക്ക് ഇതുവരെ അംഗീകാരം നൽകിയിട്ടില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. മാർച്ച് 31-നമുമ്പായി അംഗീകാരം നേടി ഏപ്രിൽ ഒന്നിന് പദ്ധതി പ്രവർത്തനം ആരംഭിക്കുന്ന രീതി ഇത്തവണ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാന സർക്കാരിന്റെ 2022-23 ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുക ഓരോരോ കാരണങ്ങൾ പറഞ്ഞ് സർക്കാർ തിരിച്ചുപിടിച്ചുകൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ജനകീയാസൂത്രണം അല്ലെങ്കിൽ അധികാര വികേന്ദ്രീകരണമെന്ന് പറയുന്ന അടിസ്ഥാന സ്വപ്നങ്ങളെയാണ് സർക്കാർ അട്ടിമറിച്ചുകൊണ്ടിരിക്കുന്നത്. ഇത് വളരെ ഗൗരവമായി കാണേണ്ടതുണ്ട്. 04-06-2022-ലെ 1376-ാം നമ്പർ ഉത്തരവിലൂടെ സാധാരണ വിഹിതത്തിൽനിന്നും തുക വെട്ടിക്കുറച്ച സർക്കാർ, 05-07-2022-ലെ 1602-ാം നമ്പർ ഉത്തരവിലൂടെ റോഡിതര മെയിന്റനൻസ് ഗ്രാന്റുകളും ചുരുക്കിയിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി നൽകിയ വിശദീകരണം ഒട്ടും ആശാസ്യമല്ലെന്ന് ഓർമ്മിപ്പിക്കാൻകൂടി ഈ അവസരം വിനിയോഗിക്കുകയാണ്. ബഡ്ജറ്റ് വിഹിതം കണക്കാക്കിയാണ് ഗ്രാമസഭകളും വികസന സെമിനാറുകളും ചേർന്ന് പദ്ധതികൾക്ക് രൂപം

നൽകുന്നത്. പക്ഷേ, ഇന്ന് ആ ഭരണസമിതികളെല്ലാം ജനങ്ങൾക്കുമുമ്പിൽ അപമാനിതരായി നിൽക്കുന്ന സാഹചര്യമാണുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതിയുടെ ഡാറ്റ എൻട്രി നടത്തുന്ന ഘട്ടത്തിലാണ് ഓരോ തദ്ദേശസ്ഥാപനത്തിനും അനുവദിച്ച കോടിക്കണക്കിന് തുക വെട്ടിക്കുറച്ച വിവരം അറിയുന്നത്. അന്തിമമായി പ്രഖ്യാപിച്ച പദ്ധതി ഉപേക്ഷിക്കുന്നതിന് പ്രാദേശിക ഭരണകൂടങ്ങൾക്ക് സാധിക്കുന്നതെങ്ങനെയാണ്; ഇതിൽ സർക്കാരിന് എന്ത് ന്യായീകരണമാണുള്ളത്? ഫണ്ടിന്റെ അപര്യാപ്തത മാത്രമല്ല വിഷയം. ബഡ്ജറ്റിനെയും സർക്കാർ ഉത്തരവിനെയും വിശ്വസിച്ച് തയ്യാറാക്കിയ പദ്ധതികൾ ഉപേക്ഷിക്കേണ്ടിവരുന്ന ഗുരുതരമായ സാഹചര്യമാണുള്ളത്. പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണാധികാരികൾ. അവരുടെ വിഷയം പരിഹരിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. മാത്രമല്ല, അംഗീകാരം വൈകിയ സാഹചര്യത്തിൽ സർക്കാരിന്റെ പദ്ധതി പ്രവർത്തനങ്ങൾക്ക് പന്ത്രണ്ട് മാസം പൂർണ്ണമായി ലഭ്യമാക്കുകയും വേണം. ഇതെല്ലാം ബഹുമാന്യനായ മന്ത്രി അംഗീകരിച്ചാൽത്തന്നെ സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാൻ കഴിയുന്നത് എങ്ങനെയാണ്; ഏതെങ്കിലും തരത്തിലുള്ള മാറ്റം കൊണ്ടുവന്നാൽത്തന്നെ എത്ര സമയമാണ്

പദ്ധതി നടപ്പിലാക്കാൻ ലഭിക്കുന്നത്? ഗ്രാമപഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ ഈ വർഷത്തെ എക്സ്പെൻഡിച്ചർ പൂർത്തിയാക്കാൻ കഴിയാതെ വരികയും അടുത്ത വർഷം സർക്കാരിന് കൂടുതൽ വെട്ടിപ്പിടിക്കാൻ അവസരം ലഭിക്കുകയും ചെയ്യുന്ന സാഹചര്യമാണുണ്ടാകാൻ പോകുന്നത്. ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ പഞ്ചായത്ത് രാജ് ആക്ട് നടപ്പാക്കാൻ മുൻകയ്യെടുത്തത് രാജീവ് ഗാന്ധിയാണ്. നമുക്ക് അഭിമാനിക്കാവുന്ന നിയമമാണ് പഞ്ചായത്ത് രാജ് ആക്ട്. യഥാർത്ഥത്തിൽ ജനങ്ങളുടെ കൈകളിലേയ്ക്ക് അധികാരം ലഭിക്കുകയെന്ന ഗ്രാമസ്വരാജിന്റെ സ്വപ്നമാണ് അദ്ദേഹം കണ്ടത്. അത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയാണ് ഏറ്റവും ശ്രദ്ധേയമായ ഈ നിയമം നിർമ്മിച്ചത്. ആ സ്വപ്നം കേരളത്തിൽ സാക്ഷാത്കരിക്കാൻ ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെയും നേതൃത്വത്തിലുള്ള രണ്ട് ഗവൺമെന്റുകൾ വളരെ ഫലപ്രദമായ നടപടി കൈക്കൊള്ളുകയുണ്ടായി. 1994-ൽ ശ്രീ. സി. ടി. അഹമ്മദ് അലിയാണ് കേരളത്തിൽ പഞ്ചായത്ത് രാജ് ബിൽ അവതരിപ്പിച്ചതെന്ന് നിങ്ങൾ ഓർക്കണം. അതാണ് ഇതിന്റെ മാഗ്നാകാർട്ട. അതിനുശേഷം കൃഷിവകുപ്പിന്റെ അനുബന്ധ സ്ഥാപനങ്ങളെയും മറ്റ് ഘടകസ്ഥാപനങ്ങളെയും

പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കുന്ന നിയമം കൊണ്ടുവന്നത് ശ്രീ. പി.കെ.കെ. ബാവ കേരളത്തിന്റെ മന്ത്രിയായിരുന്ന സമയത്താണ്. അവിടെനിന്നും ഞങ്ങൾ അധികാര വികേന്ദ്രീകരണത്തിലേയ്ക്ക് വന്നു. ഡോ. എം. കെ. മുനീർ മന്ത്രിയായിരുന്ന സമയത്ത് പഞ്ചായത്ത് ഭരണസമിതിപോലെ ഗ്രാമതലത്തിലും വാർഡുതലത്തിലും ഭരണസമിതികൾ രൂപീകരിക്കാൻ നിയമം കൊണ്ടുവന്നു. നിങ്ങളാകട്ടെ അധികാരം കവർന്നെടുക്കുന്ന നടപടിയാണ് സ്വീകരിച്ചത്. അധികാരം ജനങ്ങൾക്ക് എന്ന അടിസ്ഥാന ആശയത്തിന് എന്നും നിങ്ങൾ എതിരാണ്. കേന്ദ്രീകൃത ജനാധിപത്യത്തിനാണ് നിങ്ങൾ ശ്രമിച്ചത്. പാർട്ടി കേന്ദ്രീകൃത വികസന സമീപനമാണ് നിങ്ങൾ കൈക്കൊണ്ടിട്ടുള്ളത്. ഞങ്ങൾ ജനങ്ങൾക്ക് അധികാരം നൽകാനാണ് ആഗ്രഹിച്ചത്. ഗവൺമെന്റിന്റെ കൈയിൽ കാശില്ലാത്തതുകൊണ്ടാണെങ്കിൽ അക്കാര്യം പറയണം, ഈ സർക്കാർ പാപ്പരാണെങ്കിലോ ഖജനാവ് കാലിയാണെങ്കിലോ അതും പറയണം. കാരണം, കേരളം ശ്രീലങ്കയായി മാറാതിരിക്കാൻ നമുക്ക് കൂട്ടായി ആലോചിക്കാം. ഇക്കാര്യത്തിൽ വിദഗ്ദ്ധാഭിപ്രായം പറയാനും ഉപദേശം നൽകാനും സാധിക്കുന്ന ഒട്ടേറെ സാമാജികർ ഞങ്ങളുടെ കൂടെയുണ്ട്. അവരോട് ഉപദേശം തേടണം. അല്ലെങ്കിൽ നാളെ ക്ലിഫ് ഹൗസിലെ

നീന്തൽ കുളം ജനങ്ങൾ കയ്യേറിയാൽ നമുക്കെല്ലാവർക്കും നാണക്കേടാണ്. ആ സാഹചര്യം നിങ്ങളുണ്ടാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. 1994-ൽ ശ്രീ. സി. ടി. അഹമ്മദ് അലിയും അതിനുശേഷം ശ്രീ. പി. കെ. കെ. ബാവയും ഡോ. എം. കെ. മുനീറും നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണം എങ്ങനെയാണ് നിങ്ങൾ തിരിച്ചുപിടിച്ചത്? മുൻപ് വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരുന്നു. അത് നിങ്ങൾ തിരിച്ചുപിടിച്ചില്ലേ; അതുപോലെ ഓരോ പഞ്ചായത്തിലും മദ്യശാലകൾ തുടങ്ങാൻ പഞ്ചായത്തിന് അധികാരമുണ്ടായിരുന്നു. അതും നിങ്ങൾ തിരിച്ചുപിടിച്ചില്ലേ; എന്താണ് കാരണം? നിങ്ങൾക്ക് ജനങ്ങളുടെ വികാരമല്ല പ്രധാനം. വ്യവസായ സ്ഥാപനങ്ങൾ കൊണ്ടുവരുമ്പോഴും അതല്ല പ്രധാനമെന്ന് നിങ്ങൾ പറയുകയുണ്ടായി. അതുപോലെ പദ്ധതി മാർഗ്ഗരേഖയിൽ ഫണ്ട് വിനിയോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം യു.ഡി.എഫ്. സർക്കാർ എന്നും നൽകിയിട്ടുണ്ടെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ നിബന്ധനകളുടെ ശൃംഖലയാണ്. അങ്ങനെയാണ് നിങ്ങൾ ലൈഫ് പദ്ധതി

അട്ടിമറിച്ചത്. ജനങ്ങൾക്ക് വീട് നിർമ്മിക്കാൻവേണ്ടിയുള്ള സംവിധാനമാണ് ഞങ്ങളൊരുക്കിയത്. എന്നാൽ നിങ്ങൾ ജനങ്ങൾക്ക് കടലാസിൽ വീട് നിർമ്മിച്ചുകൊടുത്താണ് അതിനെ അട്ടിമറിച്ചതെന്ന് പറയാതിരിക്കാൻ കഴിയില്ല. ഞാൻ ഒരു പഞ്ചായത്ത് മെമ്പറായിരുന്ന ആളാണ്, എനിക്ക് കാര്യങ്ങൾ കൃത്യമായി അറിയാം. പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരുന്ന കാലത്ത് ആവശ്യമുള്ളവർക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ കഴിയുമായിരുന്നു. ഇപ്പോൾ ഏതെങ്കിലുമൊരു പഞ്ചായത്തിൽ അർഹരായ ആളുകൾക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ച് നൽകുന്നുണ്ടോ; കടലാസ്സിലേയുണ്ടാകുന്നുള്ളൂ. അതുകൊണ്ട് വളരെ ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്കെല്ലാം ഞാൻ ആദ്യംതന്നെ കൃത്യമായ മറുപടി നൽകിയിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ ലജ്ജാകരമായ നിലപാടാണ് സ്വീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. യഥാർത്ഥത്തിൽ ലോകത്തിനുതന്നെ മാതൃകയാകുംവിധം ജനകീയാസൂത്രണ പദ്ധതി

നടപ്പിലാക്കുന്നതിന് നേതൃത്വം നൽകിയത് സഖാവ് ഇ. കെ. നായനാരുടെ ഗവൺമെന്റായിരുന്നുവെന്ന കാര്യം നിങ്ങൾ മറക്കരുത്. ആ ഗവൺമെന്റാണ് അധികാരം/പണം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി പ്രാദേശിക ഗവൺമെന്റുകൾക്ക് രൂപം നൽകുകയും അതിനാവശ്യമായ പ്രവർത്തനം നടത്തുകയും ചെയ്തത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറച്ചിരിക്കുന്നുവെന്ന് പറയുന്നത് അടിസ്ഥാനപരമായി തെറ്റാണ്. അതുപോലെ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായതിനെത്തുടർന്നാണ് ഇതുസംബന്ധിച്ച് കൃത്യമായ നിലപാട് സ്വീകരിക്കണമെന്ന് തീരുമാനിച്ചത്. കാരണം കഴിഞ്ഞ പ്രാവശ്യത്തെ കണക്ക് പരിശോധിച്ചപ്പോൾ, മെയിന്റനൻസ് ഗ്രാന്റിനത്തിൽ ബഡ്ജറ്റ് വിഹിതമായി മലപ്പുറം ജില്ലാ പഞ്ചായത്തിന് 29.42 കോടി രൂപയാണ് ലഭിച്ചത്. എന്നാൽ ഇത്തവണ അത് 6.71 കോടി രൂപയായി കുറഞ്ഞു. എറണാകുളം ജില്ലാപഞ്ചായത്തിന് കഴിഞ്ഞ പ്രാവശ്യം 61.04 കോടി രൂപ ലഭിച്ച സ്ഥാനത്ത് ഇപ്പോൾ 10.57 കോടി രൂപയാണ് ലഭിച്ചത്. തിരുവനന്തപുരം ജില്ലാപഞ്ചായത്തിന് കഴിഞ്ഞ പ്രാവശ്യം 47.05 കോടി രൂപ ലഭിച്ച സ്ഥാനത്ത് ഇപ്പോൾ 2.12 കോടി രൂപ മാത്രമാണ് ലഭിച്ചത്. ഭൂരിപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മെയിന്റനൻസ് ഗ്രാന്റ്

കുറഞ്ഞ സാഹചര്യത്തിലാണ് ഇപ്രകാരം വിഭജിച്ച് നൽകിയത് പുനഃപരിശോധിക്കാൻ സർക്കാർ തീരുമാനിച്ചത്. ഇപ്രകാരം പുനഃക്രമീകരിക്കുമ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ച മൊത്തം വിഹിതമായ 1849.65 കോടി രൂപയിൽ യാതൊരു കുറവും വരാതെ പൂർണ്ണമായും ലഭിക്കുന്നതാണ്. അതായത് മെയിന്റനൻസ് ഗ്രാന്റിനത്തിൽ കഴിഞ്ഞ പ്രാവശ്യത്തെ തോതനുസരിച്ചുതന്നെ ഇപ്രാവശ്യവും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കുമെന്നാണ് നേരത്തെ പറഞ്ഞ രണ്ട് ഉത്തരവിന്റെയും സാരാംശം.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട മന്ത്രി മെയിന്റനൻസ് ഗ്രാന്റിനെ സംബന്ധിച്ച് പറഞ്ഞു. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ റോഡിന്റെ പേരുണ്ടെങ്കിൽ മാത്രമേ ഭരണാനുമതി നൽകാനും എം.എൽ.എ. ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ ലഭ്യമാക്കാനും സാധിക്കുകയുള്ളൂ. ഒരു ബ്ലോക്ക് പഞ്ചായത്തിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള ഒരു റോഡിന്റെ പ്രൊപ്പോസൽ വച്ചാൽ, കഴിഞ്ഞ വർഷംവരെ അതിന് പദ്ധതിയിൽ പണം നീക്കിവയ്ക്കുമായിരുന്നു. എന്നാൽ പുതിയ ഉത്തരവിൽ ജില്ലാ പഞ്ചായത്തിന്റെയോ ബ്ലോക്ക് പഞ്ചായത്തിന്റെയോ ആസ്തി

രജിസ്റ്ററിൽ പ്രസ്തുത റോഡിന്റെ പേരുണ്ടെങ്കിൽ മാത്രമേ ഫണ്ട് ചെലവഴിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ആസ്തി രജിസ്റ്റർ പൂർണ്ണമാകണമെന്നുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. സ്വാഭാവികമായും ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്റർ കൃത്യമായി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്താനുള്ള സമയം വേണം. എന്നാൽ അതുവരെ കാത്തിരിക്കാൻ സാധിക്കില്ല. മെയിന്റനൻസ് ഗ്രാന്റ് കുറഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ബില്ലുൾപ്പെടെ കൊടുത്തുതീർക്കാൻ സാധിക്കില്ലെന്ന പ്രായോഗിക പ്രശ്നമുണ്ടായപ്പോൾ മലപ്പുറം ജില്ലാ പഞ്ചായത്തിന്റെയുൾപ്പെടെയുള്ള ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയുണ്ടായി. അതിൻപ്രകാരം 2021-22 വർഷത്തെ അനുപാതം അടിസ്ഥാനപ്പെടുത്തിയ ഫണ്ടുതന്നെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കത്തക്ക രീതിയിൽ സർക്കാർ തീരുമാനമെടുത്തു. അതുകൊണ്ട് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും നഷ്ടംവരുന്ന പ്രശ്നമില്ല. ആസ്തി വികസന ഫണ്ട് കഴിഞ്ഞ പ്രാവശ്യത്തേതുപോലെ എല്ലാവർക്കും ലഭിക്കുമെന്നാണ് ഇതു സംബന്ധിച്ച്

ച്ചൂണ്ടിക്കാണിക്കാണിക്കാനുള്ളത്.

യു.ഡി.എഫ്. ഭരണകാലത്താണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആരംഭിച്ചത്. അതിന്റെ 2012-2013-ലെ ആദ്യവാർഷിക പദ്ധതി അംഗീകാര നടപടി സ്വീകരിച്ച് പൂർണ്ണമായും പുറത്തിറക്കിയത് 2012 സെപ്റ്റംബർ 24-നായിരുന്നുവെന്ന് പ്രമേയാവതാരകൻ മറക്കാതിരിക്കണം. 2012 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകിയതെന്നും അങ്ങ് മറക്കാൻ പാടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണ പ്രക്രിയ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് 2017 ജൂലൈ മാസത്തിനകം പൂർത്തീകരിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യപൂർണ്ണ വർഷത്തെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ 2022 ഏപ്രിൽ മാസത്തിൽ പുറപ്പെടുവിച്ചു. ജൂലൈ മാസത്തോടെ നടപടിക്രമങ്ങൾ പൂർത്തിയാകുമെന്ന് മാത്രമല്ല, അനിവാര്യമായ പ്രോജക്ടുകളും സ്പിൽ ഓവർ പ്രോജക്ടുകളും ഏപ്രിൽ മാസംതന്നെ ആരംഭിക്കുകയും ചെയ്തിരുന്നു. ധനകാര്യ കമ്മീഷൻ ഫണ്ട് ഇനത്തിലുള്ള പ്രോജക്ടുകളുടെ നടപടിക്രമങ്ങൾ കഴിഞ്ഞ ജനുവരി മാസത്തിൽത്തന്നെ തുടങ്ങുകയും ഏപ്രിൽ മാസം നിർവ്വഹണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട്, പദ്ധതിവിഹിതം എന്നിവയെ

സംബന്ധിച്ചുള്ള വർദ്ധനവാണ് അടുത്തതായി ചൂണ്ടിക്കാണിക്കാനുള്ളത്. 2021-22 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക 7180 കോടി രൂപയായിരുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം ഇത് 8048 കോടി രൂപയായി വർദ്ധിച്ചു. എന്നാൽ ഇതെല്ലാം കുറയ്ക്കുകയാണെന്ന തെറ്റിദ്ധാരണയുണ്ടാക്കുന്നത് എന്തിനാണെന്ന് എനിക്കറിയില്ല. 2011-2016-ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും പദ്ധതി അടങ്കലായി ശരാശരി 24 ശതമാനം മാത്രമാണ് പ്രദേശിക സർക്കാരുകൾക്ക് നൽകിയിരുന്നതെന്ന കാര്യം അങ്ങ് മറക്കരുത്. അന്നത്തെ മന്ത്രിമാരെയും ഗവൺമെന്റിനെയും ശ്ലാഘിക്കുന്നതിൽ നിങ്ങൾക്ക് അധികാരവും അവകാശവുമുണ്ട്. പക്ഷേ വസ്തുതാപരമായി പരിശോധിക്കുമ്പോൾ 24 ശതമാനം മാത്രമാണ് അന്ന് അനുവദിച്ചിരുന്നത്. 2016 മുതൽ 2021 വരെയുള്ള എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 25 ശതമാനമായി അത് വർദ്ധിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് ആകെ 19788 കോടി രൂപയാണ് പ്രാദേശിക സർക്കാരുകൾക്ക് വികസന ഫണ്ടിനത്തിൽ നീക്കിവച്ചതെങ്കിൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 33130 കോടി രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചുവെന്നതാണ് സത്യം. അതിനാൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ട് നൽകിയില്ലെന്ന വിശദീകരണം ശരിയല്ല. പാർട്ടി കേന്ദ്രീകരണംപോലെ എല്ലാം കേന്ദ്രീകരിക്കുകയാണെന്ന് പറഞ്ഞു, ഒരിക്കലും അങ്ങനെയല്ല. വികേന്ദ്രീകരണത്തിനുവേണ്ടി നിലനിൽക്കുന്ന ഒരു പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനം. എല്ലാകാലത്തും പ്രാദേശിക ഗവൺമെന്റുകളെന്ന രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ എല്ലാ പിന്തുണയും സഹായവും നൽകി കക്ഷി രാഷ്ട്രീയത്തിനതീതമായി ഒത്തൊരുമിച്ച് പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു സംവിധാനമാണ് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തിരിച്ചെടുത്ത അധികാരങ്ങൾ സംബന്ധിച്ച് എന്താണ് പറയാനുള്ളത്?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഒരു അധികാരവും തിരിച്ചെടുത്തിട്ടില്ലെന്നുമാത്രമല്ല, കൂടുതൽ അധികാരം നൽകുകയാണ് ചെയ്തത്. കോവിഡ്-19 ഉൾപ്പെടെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളെ ലോകം അഭിമുഖീകരിച്ചപ്പോൾ സംസ്ഥാനത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതിനെ ഫലപ്രദമായി നേരിടുകയും കഴിഞ്ഞ ആറ് വർഷക്കാലവും ജനങ്ങളെ ചേർത്തുനിർത്തി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്തപ്പോൾ അതിന്റെ ഉപകരണമായി ഉപയോഗിച്ചത് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയായിരുന്നുവെന്നത് സത്യമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ സമീപനംതന്നെ താഴെതലത്തിൽ അധികാരങ്ങളും അവകാശങ്ങളും നൽകുകയെന്നുള്ളതാണ്. ജനകീയാസൂത്രണത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. കേരളം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് 'ജനകീയാസൂത്രണം'. ആ പദ്ധതി പിന്നോട്ടല്ല മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. കേരളം ശ്രീലങ്കയെപോലെ ആയിപ്പോകുമെന്നൊരു തെറ്റിദ്ധാരണ അവതരിപ്പിക്കുകയുണ്ടായി. രണ്ടും തമ്മിൽ താരതമ്യമൊന്നുമില്ല. കേരളം ശ്രീലങ്കയാകുകയല്ല ചെയ്യുക. കേരളം ഇതേ വികസന പാതയിലൂടെ മുന്നോട്ടുപോയാൽ പത്തിരുപത് വർഷം കഴിയുമ്പോൾ ലോകത്തിലെ ഏറ്റവും വികസിതമായ നാടിന്റെയൊപ്പം നല്ലനിലയിൽത്തന്നെ മുന്നോട്ടുപോകുന്ന തലത്തിലേയ്ക്ക് ഉയർന്നുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിങ്ങൾക്ക് അതിൽ ഭയമുണ്ടെന്ന്

എനിക്കറിയാം. ആര് ഭയപ്പെട്ടാലും കേരളം ലോകത്തിന് മാതൃകയാകുന്ന രീതിയിൽ വികസിതമായ സമൂഹത്തിന്റെയൊപ്പം എത്തുന്നതാണ്. കാരണം പാവപ്പെട്ട ജനവിഭാഗങ്ങളെ ഗുണമേന്മയുള്ള ജീവിതം നയിക്കാൻ പ്രാപ്തമാക്കിയ നാട് കേരളമാണ്. മറ്റൊരു ഇന്ത്യൻ സംസ്ഥാനവുമില്ല. എന്താണ് കേരള മോഡൽ; കേരളത്തിന് കൊമ്പുണ്ടോ എന്നെല്ലാം നിങ്ങൾ ചോദിക്കാറുണ്ടല്ലോ? അതിനുള്ള കൃത്യമായ മറുപടി ഞാൻ പറയാം. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗം, പിന്നാക്ക സമുദായം, മുന്നാക്കസമുദായത്തിലെ പിന്നാക്ക ജനവിഭാഗം, കർഷത്തൊഴിലാളികൾ, കൃഷിക്കാർ, ചെത്തുതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ, കശുവണ്ടിത്തൊഴിലാളികൾ, കയർ തൊഴിലാളികൾ ഉൾപ്പെടെയുള്ള സംഘടിതരും അസംഘടിതരുമായ ലക്ഷക്കണക്കിന് മനുഷ്യരുടെ ജീവിതം ഗുണമേന്മയുള്ളതാക്കാൻ ശ്രമിച്ച ഇൻഡ്യയിലെ തുരുത്താണ് കേരളമെന്ന കാര്യം ആരും മറക്കാൻ പാടില്ല. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഓരോ ദിവസം കഴിയുമ്പോഴും മുന്നോട്ട് കുതിക്കുകയാണ്. ഓരോ നിമിഷവും മുന്നേറാൻ സാധിക്കണമെങ്കിൽ നവീകരണ പ്രക്രിയ അതുപോലെ തുടരാനും അതിന് അടിസ്ഥാനമായ ശാസ്ത്രസാങ്കേതികവിദ്യ ഫലപ്രദമായി വിന്യസിപ്പിക്കാനും

കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിദാരിദ്ര്യം ഇല്ലാതാക്കൽ, വാതിൽപ്പടി സേവനം തുടങ്ങിയ പദ്ധതികളെല്ലാം നടപ്പിലാക്കുന്നുണ്ട്. ഇവയെല്ലാം പൂർണ്ണമായി നടപ്പിലാക്കിവരുമ്പോൾ പുതിയൊരു കേരളത്തെയാണ് ലോകത്തിനുമുമ്പിൽ അവതരിപ്പിക്കാനാകുക. അതിന് നിങ്ങളുടെയെല്ലാം പരിപൂർണ്ണമായ പിന്തുണയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏറ്റവും ശ്രദ്ധേയമായ രീതിയിലുള്ള പ്രാദേശിക ഗവൺമെന്റുകളാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന് ലൈഫ് ഉൾപ്പെടെയുള്ള എല്ലാ പദ്ധതികളും ഫലപ്രദമായും ജനോപകാരപ്രദമായും കൈകാര്യം ചെയ്യുമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് നിർത്തുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. ഡി. സതീശൻ)</u>: സർ, ഈ

പോക്കുപോയാൽ കേരളത്തെ ശ്രീലങ്കയല്ല സ്വിറ്റ്സർലാൻഡാക്കി മാറ്റുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയാതിരുന്നത് ഞങ്ങളുടെയൊക്കെ ഭാഗ്യമായി കണക്കാക്കുകയാണ്. ഏപ്രിൽ 1-ാം തീയതി തുടങ്ങി മാർച്ച് 31-ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷത്തിൽ നാല് ക്വാർട്ടറുകളുണ്ട്. പത്തുകൊല്ലം മുമ്പുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പാസ്സാക്കിയിരുന്നത് മൂന്ന് ക്വാർട്ടറുകൾ കഴിഞ്ഞിട്ടാണ്. അതായത്, ആ സാമ്പത്തിക വർഷത്തിലെ ജനുവരി മാസത്തിലാണ് പാസ്സാക്കിയിരുന്നത്. അതുകൊണ്ട് പദ്ധതി പ്രവർത്തനത്തിനുവേണ്ടി മൂന്നുമാസം മാത്രമാണ് ലഭിച്ചിരുന്നത്. ഇക്കാര്യം മൂന്നുപ്രാവശ്യം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. 2011-ൽ അധികാരത്തിൽവന്ന ഉമ്മൻ ചാണ്ടി സർക്കാർ മുൻ സാമ്പത്തിക വർഷത്തിന്റെ മാർച്ച് 31-ന് മുമ്പുതന്നെ പദ്ധതികൾ അംഗീകരിക്കുകയും ഏപ്രിൽ 1 മുതൽ തുടങ്ങുന്ന പുതിയ സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുകയും ചെയ്യുന്ന സാഹചര്യമുണ്ടാക്കി. അതുവഴി പദ്ധതി പ്രവർത്തനത്തിന് ഒരു വർഷം പൂർണ്ണമായി ലഭ്യമാക്കി. അതാണ് ഈ സർക്കാർ ഇപ്പോൾ ഇല്ലാതാക്കിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിലെ അന്തിമ വാർഷിക പദ്ധതിക്ക് ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ഇപ്പോൾ നാല്

മാസം തികയാൻ പോകുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എന്തുപറഞ്ഞാണ് ഇതിനെ ന്യായീകരിക്കുന്നത്? അതുപോലെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് കാലതാമസമുണ്ടായി. അവ തയ്യാറാക്കേണ്ടത് 2022 ജനുവരി മാസത്തിലായിരുന്നു. എന്നാൽ അത് ജനുവരിയിലും ഫെബ്രുവരിയിലും മാർച്ചിലും ഏപ്രിലിലും തയ്യാറാക്കിയില്ല. ഏപ്രിൽ മാസത്തിൽ ഭാഗികമായി പൂർത്തിയാക്കി, സബ്സിഡി മാർഗ്ഗരേഖ പുറത്തിറക്കിയത് മേയ് മാസത്തിലാണ്. പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ തയ്യാറാക്കുന്നതിലുണ്ടായ സർക്കാരിന്റെ കെടുകാര്യസ്ഥതയും കഴിവില്ലായ്മയുമാണ് പദ്ധതി പ്രവർത്തനത്തിന് നാല് മാസം നഷ്ടമാകാനുള്ള പ്രധാന കാരണം. സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായ ഗുരുതരമായ വീഴ്ച ഞങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക ഓരോ കാരണം പറഞ്ഞ് വെട്ടിച്ചുരുക്കുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിന്റെ അനുബന്ധം IV ആണിത് (ബഡ്ജറ്റ് ഡോക്യുമെന്റ് ഉയർത്തിക്കാട്ടി). This is also a part of the Budget document. 04-06-2022-ലെ 1376-ാം നമ്പർ ഉത്തരവിൽ പറയുന്നത് എന്താണ്? 2022-23-ലെ ബഡ്ജറ്റ് വിഹിതം പരിഗണിക്കാതെ 2021-22-ലെ ബഡ്ജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി നിർവ്വഹിക്കണമെന്നാണ്

പറയുന്നത്. ഇത് കേട്ടുകേൾവിയുള്ളതാണോ; എന്ത് വിചിത്രമായ കാര്യമാണ്. നിയമസഭ പാസ്സാക്കിയ ബഡ്ജറ്റാണിത്. അതിന്റെ ഭാഗമാണ് ഈ ഡോക്യുമെന്റ്. ഇതിലാണ് ഈ വർഷത്തെ വിഹിതം മുഴുവൻ നിശ്ചയിച്ചിരിക്കുന്നത്. ബഡ്ജറ്റും അതിന്മേലുള്ള ധനവിനിയോഗ ബില്ലും സഭ പാസ്സാക്കിയതാണ്. ഇത് നിയമസഭയെ അവഹേളിക്കുന്നതിന് തുല്യമാണ്. പിന്നെ എന്ത് പവിത്രതയാണ് ബഡ്ജറ്റിനുള്ളത്? കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിനെ അടിസ്ഥാനമാക്കി ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി ഉത്തരവിട്ടതിലൂടെ ധനകാര്യ വകുപ്പിനെതിരെ രൂക്ഷമായ വിമർശനമാണ് നടത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം നിശ്ചയിച്ചിരിക്കുന്നതിൽ ഗുരുതര ക്രമക്കേടുകളുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ബഡ്ജറ്റ് ഡോക്യുമെന്റ് ധനകാര്യ വകുപ്പ് തയ്യാറാക്കിയതാണ്. ഓരോ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും നൽകേണ്ട തുക സംബന്ധിച്ച് ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾപ്രകാരം ധനകാര്യ വകുപ്പ് തയ്യാറാക്കിയ ബഡ്ജറ്റ് ഡോക്യുമെന്റിലെ അനുബന്ധം IV-ലെ വിവരങ്ങൾ മുഴുവൻ തെറ്റായതിനാൽ അദ്ദേഹം മുൻവർഷത്തെ ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കാൻ ഉത്തരവിറക്കി. അതിന് അങ്ങേയ്ക്ക് നിയമപരമായി അവകാശമില്ല. ഈ

ഉത്തരവ് നിയമവിരുദ്ധമാണ്. 2021-22-ലെ അലോക്കേഷൻ അനുസരിച്ച് ഈ വർഷത്തെ പ്ലാൻ തയ്യാറാക്കണമെന്ന് പറയുന്നത് നിയമവിരുദ്ധമാണ്. ഈ വർഷത്തെ അലോക്കേഷൻ അനുസരിച്ചാണ് പാസ്സാക്കേണ്ടത്. അതിൽ ക്രമക്കേടുണ്ടെങ്കിൽ തിരുത്തണമായിരുന്നു. ഇക്കാര്യം ധനകാര്യ വകുപ്പുമന്ത്രിയുടെ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഡ്ജറ്റ് അലോക്കേഷനിലൊന്നും മാറ്റം വരുത്തുന്നില്ല. എറണാകുളം, മലപ്പുറം ജില്ലാ പഞ്ചായത്തുൾപ്പെടെയുള്ള പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റിൽവന്ന കുറവ് പരിഹരിക്കുന്നതിനാവശ്യമായ നിലപാടാണ് സ്വീകരിച്ചത്. അല്ലാതെ ബഡ്ജറ്റ് മൊത്തം മാറ്റുകയല്ല ചെയ്തത്. 2021-22-ലെ ബഡ്ജറ്റിന്റെ ഭാഗമായി അനുവദിച്ച മെയിന്റനൻസ് ഗ്രാന്റ് ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിന് നിലപാട് സ്വീകരിക്കുന്നതിനുള്ള താല്ക്കാലിക സംവിധാനം മാത്രമാണിത്. ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും കൃത്യമായി പഞ്ചായത്തുകൾക്ക് നൽകുകതന്നെ ചെയ്യും.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞത് വസ്തുതാപരമായി തെറ്റാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. കാരണം, മെയിന്റനൻസ് ഗ്രാന്റും ധനകാര്യ കമ്മീഷന്റെ ഗ്രാന്റും 2022-23-ലെ ബഡ്ജറ്റ് അനുസരിച്ചാണ്

നൽകുന്നത്. വികസന ഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളുടെ കാര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയ്യാറാക്കണമെന്നാണ് ഉത്തരവിൽ പറഞ്ഞത്. അങ്ങ് പറഞ്ഞതും ഈ ഉത്തരവും തെറ്റാണ്. ഇത് ഭരണഘടനാ വിരുദ്ധവും നിയമവിരുദ്ധവും നിയമസഭയെ അവഹേളിക്കുന്നതുമാണ്. 05-07-2022-ലെ 1602-ാം നമ്പർ ഉത്തരവിൽ റോഡ്, റോഡിതര മെയിന്റനൻസ് ഗ്രാന്റുകൾ വൻതോതിൽ വെട്ടിക്കുറച്ചുകൊണ്ടുള്ള കാര്യങ്ങളാണ് പറയുന്നത്. ഒരു കോടി മുതൽ നാല് കോടി രൂപവരെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കാര്യത്തിൽ കുറവുവന്നിട്ടുണ്ട്. അനുബന്ധം IV അനുസരിച്ച്, പഞ്ചായത്തുകൾ ബഡ്ജറ്റ് വിഹിതം കണക്കാക്കി ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ എന്നിവ കൂടി അന്തിമ പദ്ധതിയും എസ്റ്റിമേറ്റും തയ്യാറാക്കി, ഡാറ്റ എൻട്രി നടത്തുന്ന ഘട്ടത്തിലാണ് ഈ ഉത്തരവിറങ്ങുന്നത്. ഈ അന്തിമ പദ്ധതി മുഴുവനമില്ലാതെയായി. പഞ്ചായത്തുമായി ബന്ധമുള്ളവരാണ് എം.എൽ.എ.-മാർ; മേയർ ആയിരുന്നവരും ഇവിടെയുണ്ട്. നിങ്ങളെല്ലാം ശ്രദ്ധിക്കണം. ഇതെല്ലാം ഒരു പ്രക്രിയയാണ്. വികസന സെമിനാർ,

വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ ഇതെല്ലാം കൂടി ഡാറ്റ എൻട്രി ചെയ്യുന്ന സമയത്താണ് ഈ ഉത്തരവിറങ്ങിയതും പദ്ധതി ഇല്ലാതായതും. തയ്യാറാക്കിയ പദ്ധതിയിൽ എസ്.സി./എസ്.ടി., ജനറൽ വിഭാഗങ്ങളിൽ വലിയ തുകയുടെ കുറവുവരുന്ന സാഹചര്യമുണ്ടായി. സുലേഖ സോഫ്റ്റ്‌വെയറാണ് ഡാറ്റ എൻട്രിക്ക് ഉപയോഗിക്കുന്നത്. അത് ആദ്യം ഓപ്പൺ ചെയ്തില്ല; പിന്നീടത് ഓപ്പൺ ചെയ്ത് എല്ലാം ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കും പദ്ധതിയിൽ വലിയ മാറ്റമുണ്ടായി. അതായത് ഇനിയും കാലതാമസമുണ്ടാകുകയാണ്. പഴയതുപോലെ നാല് ക്വാർട്ടറിൽ രണ്ടോ മൂന്നോ ക്വാർട്ടറുകൾ കഴിഞ്ഞാലും പദ്ധതി നടത്താൻ സാധിക്കില്ല. നിങ്ങളുടെ കൈയിൽ പണമില്ലാത്തത് മറച്ചുവച്ചുകൊണ്ടാണ് ഈ അഭ്യാസം മുഴുവൻ കാണിക്കുന്നത്. നിങ്ങൾ ബഡ്ജറ്റ് അലോക്കേഷൻ നൽകാൻ തയ്യാറല്ല. ഇനി നൽകിയാലും കണക്കിൽ കാണിച്ചാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയില്ല. അത് ഉറപ്പുവരുത്തികൊണ്ട് പദ്ധതി നടപ്പിലാക്കാതിരിക്കാൻവേണ്ടി സർക്കാർ ചെയ്യുന്ന കാര്യങ്ങളാണിത്. അതുപോലെ ഈ വർഷം നടപ്പിലാക്കാത്ത പദ്ധതി അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യും. പക്ഷേ നിങ്ങൾ എന്താണ് ചെയ്തത്? അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിലേയ്ക്ക് അത്

മാറ്റുകയാണ് ചെയ്തത്. അങ്ങനെ ചെയ്യാറുണ്ടോ? അപ്പോൾ ഒരു കോടി രൂപയിലെ 20 ലക്ഷം രൂപ പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ അടുത്ത വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്താൽ ഒരു കോടി ഇരുപത് ലക്ഷം രൂപ സർക്കാർ കൊടുക്കണം. അതിനുപകരം ഇപ്പോൾ ഒരു കോടി രൂപ മാത്രമേ കൊടുക്കുകയുള്ളൂ. അല്ലെങ്കിൽ അടുത്ത വർഷത്തെ ബഡ്ജറ്റിലേയ്ക്ക് കൊടുക്കാൻ പറയും. അപ്പോൾ ഇതിൽനിന്നും രക്ഷപ്പെടുകയും ചെയ്യും. പദ്ധതിയിൽ വ്യാപകമായ വെട്ടിക്കുറവുണ്ടാകുകയാണ്. യഥാർത്ഥത്തിൽ ക്യാരി ഓവർ ചെയ്യുന്ന തുകകൂടി കണക്കാക്കിയാണ് പെർഫോമൻസ് നോക്കേണ്ടത്. എന്നാൽ നിങ്ങൾ പദ്ധതിച്ചെലവ് കൂടുതലാണെന്ന് കാണിക്കാൻ പുതിയൊരു രീതി കൊണ്ടുവന്നിരിക്കുകയാണ്. സമയക്കുറവുമൂലം അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇതെല്ലാം ജനങ്ങളെ കബളിപ്പിക്കുന്ന പരിപാടിയാണ്.

എൽ.ഡി.എഫ്. ഗവൺമെന്റ് അധികാര വികേന്ദ്രീകരണം ഉയർത്തിപ്പിടിച്ചെന്നാണ് നിങ്ങൾ പറയുന്നത്. ഇപ്പോൾ പഞ്ചായത്തിന് ചെയ്യാൻ സാധിക്കുന്നതെന്താണ്? 95 ശതമാനം നിർബന്ധിത വകയിരുത്തലാണ്. പഞ്ചായത്തുകൾക്ക് ഓപ്ഷനില്ല. എന്തിനാണ് ഗ്രാമസഭകളും വർക്കിംഗ് ഗ്രൂപ്പുകളും കൂടുന്നത്? നിങ്ങൾ

നിബന്ധനകളുണ്ടാക്കിക്കൊടുക്കുകയാണ്. ലോക്കൽ പ്ലാനിംഗല്ലേ അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത? ഓരോ പഞ്ചായത്തിന്റെയും കാര്യങ്ങൾ പ്രാദേശികമായി ആസൂത്രണം ചെയ്യണം. തൃക്കാക്കര മുനിസിപ്പാലിറ്റിയുടെ സ്ഥിതിയായിരിക്കില്ല ബഹുമാനപ്പെട്ട മന്ത്രിയുടെ മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ സ്ഥിതി. രണ്ടും വ്യത്യസ്തമാണ്. ഭൂമിശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവുമായ പ്രത്യേകതകളെല്ലാം മനസ്സിലാക്കിയിട്ടല്ലേ ലോക്കൽ പ്ലാനിംഗ് നടത്തേണ്ടത്. ഇവിടെ ലോക്കൽ പ്ലാനിംഗിന്റെ പ്രസക്തിയെന്താണ്? കഴിഞ്ഞ രണ്ട് വർഷങ്ങളായി ഈ സർക്കാർ പുറപ്പെടുവിച്ച മുഴുവൻ ഉത്തരവുകളും ഞാൻ പരിശോധിച്ചു. ഈ ഉത്തരവുകളെല്ലാം അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത തകർത്തുകൊണ്ട് ഇവിടെനിന്ന് കടിഞ്ഞാണിടുകയും നിബന്ധനകളുണ്ടാക്കുകയും അടിച്ചേൽപ്പിക്കുകയും ചെയ്യുകയെന്ന തന്ത്രവുമായാണ് പോകുന്നത്. പഞ്ചായത്തിന്റെ ഭരണ സമിതിക്കുപോലും പ്രസക്തിയില്ലാത്ത തരത്തിലേയ്ക്ക് അധികാര വികേന്ദ്രീകരണ നിയമത്തിന്റെ പൂർണ്ണമായ ലംഘനമാണ് നടന്നുകൊണ്ടിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം കുറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലെ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ഒരു വാർത്ത

പത്രത്തിലുണ്ട്; "മലപ്പട്ടം പഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കാതായിട്ട് മൂന്ന് മാസം. അവധി ദിവസങ്ങളിൽ കൂലിപ്പണിയെടുത്ത് ജീവനക്കാർ. മലപ്പട്ടം പഞ്ചായത്ത് ജീവനക്കാരനായ ബാബു കോൺക്രീറ്റ് കട്ടിംഗ് ജോലിക്കിടെ...." അതിന്റെ ഫോട്ടോയുമുണ്ട് (പത്രകട്ടിംഗ് ഉയർത്തിക്കാണിച്ചു). കോൺക്രീറ്റ് കട്ടിംഗിന് പോകുന്ന പഞ്ചായത്ത് ജീവനക്കാരൻ. നിങ്ങളുടെ ഭരണത്തിൽ അധികാര വികേന്ദ്രീകരണവും സങ്കൽപ്പവും ആകാശം മുട്ടിനിൽക്കുകയാണെന്ന് വിശദീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ നിയോജകമണ്ഡലത്തിലെ പഞ്ചായത്ത് ജീവനക്കാരൻ മൂന്ന് മാസം ശമ്പളം ലഭിക്കാതെ കോൺക്രീറ്റ് കട്ടിംഗ് മെഷീനുമായി ജോലിക്ക് പോകുകയാണ്. എന്തൊരു പരിതാപകരമായ അവസ്ഥയാണിത്. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കഴുത്ത് ഞെരിച്ച് കൊല്ലുന്ന, അധികാര വികേന്ദ്രീകരണ സംവിധാനങ്ങളെയും മഹിതമായ ആശയത്തെയും ഇല്ലാതാക്കുന്ന ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. മുമ്പ് രാജീവ് ഗാന്ധി പഞ്ചായത്ത് രാജ് നിയമം കൊണ്ടുവന്നപ്പോൾ ബി.ജെ.പി.യുടെ കൂടെക്കൂടി രാജ്യസഭയിൽ എൽ.ഡി.എഫ്. അതിനെ പരാജയപ്പെടുത്തിയതാണ്. അതിനുശേഷം നരസിംഹറാവു ഗവൺമെന്റ് രണ്ടാമത് അധികാരത്തിൽ

വന്നതിനുശേഷമാണ് രാജ്യസഭയിലൂടെ നിയമം പാസ്സാക്കി കൊണ്ടുവന്നത്. ഇവിടെ എ.കെ. ആന്റണി ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ പ്രമേയാവതാരകനായ ശ്രീ. നജീബ് കാന്തപുരം പറഞ്ഞതുപോലെ വെളുപ്പാൻ കാലംവരെയിരുന്ന് നിയമസഭ പാസ്സാക്കിയതാണ് ഈ നിയമം. അതിനുശേഷം നിങ്ങൾ എത്രയോ ഉത്തരവുകളിലൂടെ പ്രാദേശിക സർക്കാരുകളുടെ അധികാരം കവർന്നെടുക്കുകയും ഇവിടെനിന്നും തീരുമാനങ്ങളെടുത്ത് അവരുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തുകളിൽ പരിതാപകരമായ സ്ഥിതിയാണ്. ഫണ്ടില്ല, പദ്ധതിയില്ല, പദ്ധതി തുകയില്ല; എല്ലാം വെട്ടിക്കുറച്ചു. എത്ര കോടി രൂപയുടെ കുറവാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായിരിക്കുന്നതെന്ന് നിങ്ങളുടെ പഞ്ചായത്തുകളിലെ പ്രസിഡന്റുമാരോടും മുനിസിപ്പാലിറ്റി ചെയർമാൻമാരോടും അന്വേഷിക്കൂ. പണമില്ലാത്തതിന് ഉത്തരവിറക്കി ജനങ്ങളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും കബളിപ്പിക്കുകയാണ്. ഗുരുതരമായ വിഷയമാണിത്. സാമ്പത്തിക പ്രതിസന്ധിയുടെ ഏറ്റവും വലിയ തെളിവായി ഞാനിതിനെ ചൂണ്ടിക്കാട്ടുന്നു. ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ കഴിയാത്തവിധം പ്രതിസന്ധിയിലാണ്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വളരെ ഗുരുതരമായ പ്രശ്നമെന്ന നിലയിലാണ് ഈ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന് പറഞ്ഞത്. പഞ്ചായത്ത് അല്ലെങ്കിൽ ലോക്കൽ ബോഡികൾ ഗവൺമെന്റുകളാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്, കോവിഡ്-19 കാലയളവിലും അതിനുശേഷവും നിങ്ങൾ അവർക്ക് ധാരാളം ജോലി കൊടുത്തു. എല്ലാ ജോലിയും അവർ ചെയ്യണമെന്ന് പറഞ്ഞു. അധികച്ചെലവുകൾ നിരവധിയുണ്ടാക്കി. എന്നാൽ അവർക്കുള്ള വരുമാനം വെട്ടിക്കുറച്ചുവെന്നത് ഒരു യാഥാർത്ഥ്യമാണ്. വെട്ടിക്കുറവ് വരുത്തിയിട്ടില്ല, ക്രമീകരണമാണ് നടത്തിയതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. വെട്ടിക്കുറവിന്റെ പുതിയ പേര് ക്രമീകരണമെന്നാണെങ്കിൽ അതിപ്പോൾ ചെയ്തിരിക്കുകയാണ്. ഫലത്തിൽ ഫണ്ട് കുറഞ്ഞതിനാൽ അവർക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഇത് വളരെ വ്യക്തമായി കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളത്തിലെ ലോക്കൽ ബോഡികൾ മുഴുവൻ പറയുന്ന കാര്യമാണ്. അവർക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഇങ്ങനെ

നോക്കുകുത്തിയായിരുന്നിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിക്കണം. അതുപോലെ അവിടെ ആവശ്യത്തിന് ജീവനക്കാരില്ല. കൂടാതെ പഞ്ചായത്തുകളുടെ പല അധികാരങ്ങളും എടുത്തുമാറ്റി. നിലവിലുള്ള അധികാരം പ്രയോഗിക്കണമെങ്കിൽ ഫണ്ട് വേണ്ടേ? അധികാര വികേന്ദ്രീകരണം നടത്തിയെന്ന് ഒരു ഗവൺമെന്റ് അഭിമാനപൂർവ്വം പറഞ്ഞിട്ട് ഫണ്ടില്ലാതാക്കുകയും അനുവദിച്ച തുക വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെക്കുറിച്ച് കൺഫ്യൂഷനുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇതുസംബന്ധിച്ച് വീണ്ടും പരിശോധിക്കണം. ലോക്കൽ ബോഡികൾക്ക് മൊത്തത്തിൽ വലിയ സാമ്പത്തിക കുറവ് വന്നിട്ടുണ്ട്. എല്ലാവരും അതാണ് ചർച്ച ചെയ്യുന്നത്. അതുമൂലം പദ്ധതി നിർവ്വഹണം പ്രയാസമായിരിക്കുകയാണ്. അത് പ്രതിസന്ധിതന്നെയാണ്. ഒരു ഗവൺമെന്റ് നിലച്ച മട്ടാണ്, ഒരു ഗുണവുമില്ല. അതുകൊണ്ട് ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. നമ്മുടെ സാമ്പത്തിക സ്ഥിതി മോശമായി വരികയാണെന്നുള്ളത് നമ്മൾ ചർച്ച ചെയ്യണ്ടേ? ലോക്കൽ ബോഡി ഒരു ഗവൺമെന്റാണ്. കേരള ഗവൺമെന്റിന് പണമില്ലെന്ന പ്രശ്നംതന്നെ ഗൗരവമായി ചർച്ച ചെയ്യേണ്ട കാര്യമാണ്. ചർച്ച ചെയ്യാതെ മാറ്റിവച്ച് വലിയ ആശങ്കയുണ്ടാക്കുന്ന

സ്ഥിതിയിലെത്തിയതിനുശേഷം പിന്നെയൊന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾത്തന്നെ വികസന കാര്യങ്ങൾക്കും നിത്യച്ചെലവുകൾക്കും ഫണ്ടില്ല. വികസന കാര്യങ്ങൾ പലതും മുടങ്ങുകയാണ്. പൊതുമരാമത്ത് വർക്കുകളായാലും ഇറിഗേഷനായാലും ബാക്കി ഏതായാലും ഫണ്ടിന്റെ കുറവ് സീരിയസ്സായി ബാധിക്കുന്നുണ്ട്. ലോക്കൽ ബോഡീസിന്റെ പ്രവർത്തനമാണ് ഇപ്പോൾ നിലച്ചിരിക്കുന്നത്. അതുകൊണ്ടിത് ഗൗരവമുള്ള പ്രശ്നം തന്നെയാണ്. ഗവൺമെന്റ് ആ ഒരു ഗൗരവത്തിൽ കണ്ട് വിഷയങ്ങൾ ചർച്ച ചെയ്യുന്നതാണ് നല്ലത്. അല്ലാതെ എല്ലാം ക്രമീകരണമാണെന്ന് പറഞ്ഞതുകൊണ്ടുമാത്രം കാര്യങ്ങൾ നേരെ പോകില്ല. ഗവൺമെന്റ് ഇതിന്റെ ഗൗരവം ഉൾക്കൊണ്ടിട്ടില്ലെന്നുള്ളതുകൊണ്ടാണ് ചർച്ചയ്ക്ക് വിസമ്മതിക്കുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. പി. ജെ. ജോസഫ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ സ്തംഭിച്ചിരിക്കുകയാണ്. ഏപ്രിൽ മാസത്തിൽ പ്രവർത്തനം തുടങ്ങേണ്ടതാണ്. പക്ഷേ, അന്തിമ വാർഷിക പദ്ധതി രൂപീകരിക്കാൻ

കഴിഞ്ഞിട്ടില്ല. ഇനി എന്ന് രൂപീകരിക്കുമെന്ന് പറയാനും കഴിയില്ല. അതുപോലെ സർക്കാർ ഉത്തരവുകളിലൂടെ അവരുടെ ഫണ്ട് വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രളയവും കോവിഡ്-19-ഉം അടക്കമുള്ള എല്ലാ കാര്യങ്ങളിലും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ ഉത്തരവാദിത്വമാണ് നൽകിയത്. അതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭംഗിയായി നിർവ്വഹിച്ചു. ജൽ ജീവൻ മിഷന്റെ 15 ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനിടയിലാണ് സർക്കാർ മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടെയുള്ളവ വെട്ടിക്കുറച്ച സമീപനം സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതല്ല ഗ്രൗണ്ട് റിയാലിറ്റി. ഇതുവരെ പദ്ധതികൾ ആരംഭം കുറിക്കാൻ കഴിഞ്ഞിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കഴുത്തുഞെരിക്കുന്ന സമീപനം സർക്കാരിന്റെ

ഭാഗത്തുനിന്നുമുണ്ടാകരുത്. അവർക്ക് സ്വതന്ത്രമായ പ്രവർത്തനത്തിനുള്ള സാഹചര്യം കേരളത്തിലുണ്ടാകണം. ഏറ്റവും ഗുരുതരമായൊരു വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

ശ്രീമതി കെ. കെ. രമ: സർ, ബഡ്ജറ്റിൽ തുക വകയിരുത്തിയതിനുശേഷം, പദ്ധതികൾ പ്രഖ്യാപിച്ച് ഗ്രാമസഭകളിലും വികസന സെമിനാറുകളിലുമെല്ലാം അവതരിപ്പിച്ചതിനുശേഷമാണ് ഫണ്ടില്ലാത്തൊരു സാഹചര്യമുണ്ടായിരിക്കുന്നത്. ഇത് പഞ്ചായത്തുകളുടെ സേവന മേഖലയിലും ഉത്പാദന മേഘലയിലുമൊക്കെയുള്ള പ്രവർത്തനങ്ങൾക്ക് പ്രതിസന്ധി സൃഷ്ടിക്കുകയാണ്. സ്ട്രീറ്റ് ലൈറ്റുകളും റോഡുകളും കുടിവെള്ളവുമുൾപ്പെടെയുള്ള പദ്ധതികൾ പ്രഖ്യാപിച്ചതിനുശേഷം നടത്താൻ കഴിയാതെ തലയിൽ മുണ്ടിട്ട് നടക്കേണ്ട ഗതികേടിലാണ് പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ. ഗുരുതരമായ ഈ പ്രതിസന്ധി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

**10.48 a.m]**

**III ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര തൊഴിൽനിയമങ്ങൾ പ്രാബല്യത്തിലാക്കുന്നതിനെതിരെ നടപടി

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ നയങ്ങളുടെ തുടർച്ചയായിട്ടാണ് തൊഴിൽ മേഖലയിലെ 29 നിയമങ്ങൾ റദ്ദ് ചെയ്തത്. 2019, 2020 എന്നീ വർഷങ്ങളിലായി കൊണ്ടുവന്ന നാല് ലേബർ കോഡുകൾ പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമത്തിലാണ് കേന്ദ്രസർക്കാർ. കോർപ്പറേറ്റുകളുടെ താത്പര്യത്തെ മുൻനിർത്തിയാണ് നിയമങ്ങളിൽ ഇത്തരത്തിലുള്ള മാറ്റം വരുത്താൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതെന്നത് നാം പ്രത്യേകമായി ശ്രദ്ധിക്കണം. ഈ നാല് കോഡുകൾക്കും ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി കേന്ദ്രസർക്കാർ സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. തൊഴിലെന്നത് കൺകറന്റ് ലിസ്റ്റിലുൾപ്പെട്ട വിഷയമായതിനാൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും നിയമമുണ്ടാക്കാം. കോഡിലെ വ്യവസ്ഥകൾ പലതും സാർവ്വദേശീയതലത്തിൽ തൊഴിലാളികൾക്ക്

അംഗീകാരം ലഭിക്കുന്ന ILO (International Labour Organization)-യുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് തയ്യാറാക്കിയിരിക്കുന്നത്. പാർലമെന്റിന്റെ ഭാഗമായ ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ ആരാഞ്ഞിരുന്നു. 29 നിയമങ്ങൾ റദ്ദ് ചെയ്ത് കൊണ്ടുവന്ന ലേബർ കോഡിനെതിരായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമീപനം നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ലേബർ കോഡ് റദ്ദ് ചെയ്യുന്നതിനുള്ള നിലപാട് സ്വീകരിക്കണമെന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേന്ദ്രത്തിനുമുമ്പിൽ ഉന്നയിച്ചിട്ടുള്ളത്. ഈ നിയമങ്ങൾ പ്രാബല്യത്തിലാകുന്നതോടുകൂടി ട്രേഡ് യൂണിയനുകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യവും കൂട്ടായി വിലപേശുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന അവസ്ഥയുമുണ്ടാകും. ഇന്ത്യയിലെ അസംഘടിത മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾക്ക് ഇപ്പോഴും സാമൂഹ്യ സുരക്ഷ ലഭ്യമല്ല. ഇതിനുള്ള അവകാശങ്ങളെല്ലാം നിഷേധിക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങളെത്തിച്ചേരുന്നത്. നൂറ് ജീവനക്കാർ വരെയുള്ള സ്ഥാപനം അടച്ചുപൂട്ടുകയോ ലേ ഓഫ് ചെയ്യുകയോ തൊഴിലാളികളെ ഒഴിവാക്കുകയോ ചെയ്യണമെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ മുൻകൂർ

അനുവാദം വാങ്ങണമെന്ന നിലവിലെ വ്യവസ്ഥ ഇല്ലാതാകുകയാണ്. 300 തൊഴിലാളികളെവരെ ഒഴിവാക്കുന്നതിനോ ലേ ഓഫ് ചെയ്യുന്നതിനോ ഒരുതരത്തിലും ഗവൺമെന്റിന്റെ അനുവാദം വാങ്ങേണ്ടതില്ല. അതായത് ഉടമകൾക്ക് ഇഷ്ടാനുസരണം കാര്യങ്ങൾ നിർവ്വഹിക്കാമെന്ന നിലപാടാണ് ഈ നിയമത്തിന്റെ ഭാഗമായി വരുന്നത്.

ജോലിസമയം സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. മേയ്ദിന പോരാട്ടത്തിന്റെ അടിസ്ഥാനം എട്ട് മണിക്കൂർ ജോലിയെന്നുള്ളതാണ്. അതൊക്കെ സാർവ്വത്രികമായി തൊഴിലാളികൾ അംഗീകരിച്ചിട്ടുണ്ട്. തൊഴിൽസമയം കുറച്ചുകൊണ്ടുവരുന്ന ആധുനിക യുഗത്തിൽ, അതിനുപകരം പന്ത്രണ്ട് മണിക്കൂറാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയാണ്. വ്യവസായങ്ങളുടെ നിലനിൽപ്പും ഉത്പാദനക്ഷമതയും തൊഴിലാളികളുടെകൂടി ഭാഗമാണെന്നും അവരുടെ അവകാശവും താത്പര്യവുമാണെന്നും പരിഗണിച്ചുകൊണ്ടുള്ള നിലപാടാണ് സ്വീകരിക്കേണ്ടത്. ഈ ഉത്തരവാദിത്വം നിറവേറ്റണമെങ്കിൽ നമ്മുടെ നാട്ടിൽ സമാധാനപരമായ തൊഴിലന്തരീക്ഷം നിലനിർത്തണം. എന്നാൽ ഈ അവകാശങ്ങളെല്ലാം എടുത്തുമാറ്റുന്ന നിലയിലേയ്ക്കാണ് കാര്യങ്ങളെത്തുന്നത്. സ്കിൽഡ്, അൺ സ്കിൽഡ്, സെമി സ്കിൽഡ്, ഹൈലി

സ്കിൽഡ് എന്നിങ്ങനെ നാല് മേഖലകളായി തിരിച്ച് കൂലിവ്യവസ്ഥ കൊണ്ടുവരുന്നതിനുള്ള നിലപാടിലേയ്ക്കാണ് പോകുന്നത്. കേരളത്തിൽ 87 മേഖലകളിൽ മിനിമം വേതനം അനുവദനീയമാണ്. ആ അവകാശംപോലും ഇല്ലാതാകുന്ന സാഹചര്യത്തിൽ കേരളത്തിലെ തൊഴിലാളികൾക്ക് ആശ്വാസമായി നിൽക്കുന്നത്, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. കേന്ദ്രനിയമത്തിന്റെ ഭാഗമായി ഈ പ്രയാസകരമായ സ്ഥിതിയിൽനിന്ന് കേരളത്തിലെ തൊഴിലാളികളെ രക്ഷിക്കുന്നതിന് കേരള ഗവൺമെന്റ് ഇടപെടുകയും ഈ നിയമങ്ങൾക്ക് ചട്ടങ്ങൾ രൂപപ്പെടുത്തുന്ന സമയത്ത് തൊഴിലാളികൾക്ക് പരമാവധി സംരക്ഷണം ലഭിക്കത്തക്ക നിലയിലുള്ള നിലപാടുകൾ സ്വീകരിക്കുകയും വേണം. ഈ പ്രശ്നങ്ങളിന്മേൽ സംസ്ഥാന ഗവൺമെന്റിന്റെ അടിയന്തരശ്രദ്ധ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, മുൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണൻ ഉന്നയിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷൻ കേന്ദ്ര തൊഴിൽ നിയമങ്ങളെ ക്രോഡീകരിക്കാൻ ശിപാർശ നൽകുകയും തുടർന്ന്, കേന്ദ്രസർക്കാർ 29 തൊഴിൽ നിയമങ്ങളെ Code on Wages,

2019; Industrial Relations Code, 2020; Occupational Safety, Health and Working Conditions Code, 2020; Code on Social Security, 2020 എന്നിങ്ങനെ നാലായി ക്രോഡീകരിച്ച് പാർലമെന്റിൽ അവതരിപ്പിക്കുകയും ആയതിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, നിലവിൽ കോഡുകൾ പ്രാബല്യത്തിൽ വന്നിട്ടില്ല. ഇതിനായി കേന്ദ്രസർക്കാർ പ്രത്യേക വിജ്ഞാപനമിറക്കുന്നതായിരിക്കുമെന്ന് പ്രസ്തുത കോഡുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. 2022 ജൂലൈ മാസത്തിൽ പ്രസ്തുത കോഡുകൾ നിലവിൽവരുമെന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്ന് ഇതുവരെ ഔദ്യോഗിക അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല. കോഡുകളുടെ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ അഭിപ്രായം ആരായുകയും ആറ് തവണ സംസ്ഥാന ലേബർ സെക്രട്ടറിയുടെ നേതൃത്വത്തിൽ തൊഴിൽവകുപ്പുദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെത്തുടർന്ന് കേന്ദ്രസർക്കാർ പ്രസ്തുത കോഡുകൾക്കുമേൽ ചട്ടം രൂപീകരിക്കാൻ സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. സംസ്ഥാന സർക്കാർ പ്രസ്തുത കരട് ചട്ടം രൂപീകരിക്കാൻ തൊഴിൽ വകുപ്പിനെ ഏൽപ്പിക്കുകയുണ്ടായി. ലേബർ

കമ്മീഷണറുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ നിലവിലുള്ള അവകാശങ്ങൾ പരമാവധി സംരക്ഷിക്കാൻ ശ്രമിച്ചുകൊണ്ടും കോഡുകൾക്ക് വിരുദ്ധമാകാതെയും കരട് ചട്ടം തയ്യാറാക്കി വിവിധ പരിശോധനകൾക്കുശേഷം നിയമ വകുപ്പിന് സമർപ്പിച്ചു. നിയമ വകുപ്പ് പ്രസ്തുത നാല് കരട് ചട്ടങ്ങളും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ചട്ടങ്ങളുടെ കരടിന്മേൽ പൊതുജനങ്ങളുടെ ആക്ഷേപങ്ങളും അഭിപ്രായങ്ങളും അറിയിക്കുന്നതിന് 2022 മേയ് 31 വരെ സമയം അനുവദിച്ചിട്ടുണ്ടായിരുന്നു. ചട്ടങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ ട്രേഡ് യൂണിയനുകൾ, തൊഴിലുടമ സംഘടനകൾ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. തൊഴിലെന്നത് ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിലുൾപ്പെട്ട വിഷയമായതിനാൽ കേന്ദ്രസർക്കാരിനും സംസ്ഥാന സർക്കാരുകൾക്കും ഈ വിഷയത്തിൽ നിയമം നിർമ്മിക്കാൻ അധികാരമുണ്ടെന്ന് നമുക്കറിയാം. കേന്ദ്ര നിയമമായതിനാൽ തൊഴിലാളികൾക്കനുകൂലമായ വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾക്കൊള്ളിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ടെങ്കിലും അതിനുള്ളിൽനിന്നുകൊണ്ട് തൊഴിൽ സുരക്ഷയും തൊഴിലാളി താത്പര്യവും സംരക്ഷിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ട്. അന്തർദ്ദേശീയ തൊഴിൽ

സംഘടനയിൽ ഇൻഡ്യ അംഗമാണ്. ഐ.എൽ.ഒ.-യുടെ പ്രമാണങ്ങൾ പലതും ഇതിനകം നമ്മുടെ രാജ്യം അംഗീകരിക്കുകയും അതിനനുസൃതമായി നിരവധി നിയമങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇരുപത്തിയൊമ്പത് തൊഴിൽ നിയമങ്ങളെ ക്രോഡീകരിച്ച് പാർലമെന്റ് പാസ്സാക്കിയ നാല് തൊഴിൽ കോഡുകളിന്മേലുള്ള ചില വ്യവസ്ഥകൾ അന്തർദ്ദേശീയ തൊഴിൽ സംഘടന അംഗീകരിച്ച പ്രമാണങ്ങൾക്ക് നിരക്കാത്തതാണ്. വ്യവസായ സൗഹൃദമാക്കുന്നതിനോടൊപ്പം തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നാണ് സംസ്ഥാന സർക്കാരിന്റെ നയം. എന്നാൽ, തൊഴിലാളികളുടെ ന്യായമായ ചില അവകാശങ്ങൾ ലംഘിക്കപ്പെടുന്ന രീതിയിലാണ് ലേബർ കോഡുകൾ നിർമ്മിക്കുന്നതെന്നത് വ്യക്തമാണ്. ലേബർ കോഡുകളുടെ പരിശോധനാവേളയിൽ പാർലമെന്റിന്റെ ലേബർ സ്റ്റാൻഡിംഗ് കമ്മിറ്റി കേരള സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ തൊഴിലാളി താത്പര്യം സംരക്ഷിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണ് സംസ്ഥാന സർക്കാർ നൽകിയത്. പാർലമെന്റ് പാസ്സാക്കിയ ലേബർ കോഡുകളുടെ വ്യവസ്ഥകളിൽ തൊഴിലാളികൾക്ക് ട്രേഡ് യൂണിയൻ രൂപീകരിക്കാനും കൂട്ടായ വിലപേശൽ നടത്താനുമുള്ള അവകാശങ്ങൾ ഹനിക്കുന്നുവെന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. അസംഘടിത

മേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ ഏർപ്പെടുത്തുന്നതും ട്രേഡ് യൂണിയനുകൾ രൂപീകരിക്കാനുള്ള അവകാശങ്ങൾ പരിമിതപ്പെടുത്തുന്നതും സംബന്ധിച്ച ആശങ്ക നിലനിൽക്കുന്നുണ്ട്. നൂറ് ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളെ പിരിച്ചുവിടാനോ ലേ ഓഫ് ചെയ്യാനോ നിലവിലുള്ള തൊഴിൽതർക്ക നിയമമനുസരിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വേണമായിരുന്നു. എന്നാൽ പുതിയ കോഡിൽ 300 പേർവരെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളെ പിരിച്ചുവിടാനോ ലേ ഓഫ് ചെയ്യാനോ സർക്കാരിന്റെ മുൻകൂർ അനുമതി വേണ്ടെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നിലവിലെ നിയമമനുസരിച്ച് തൊഴിലാളികളെ പിരിച്ചുവിടുന്നതിന് 30-90 ദിവസം മുമ്പ് നോട്ടീസ് നൽകണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ പുതിയ തൊഴിൽ കോഡുകൾ പരിശോധിച്ചപ്പോൾ ഇക്കാര്യത്തിൽ വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് കാണാൻ കഴിയും. 8 മണിക്കൂർ ജോലി, 8 മണിക്കൂർ വിശ്രമം, 8 മണിക്കൂർ വിനോദം എന്ന് രാജ്യാന്തരതലത്തിൽ അംഗീകരിച്ച രീതിയാണ് ഇൻഡ്യയിൽ ഇതുവരെ തുടർന്നുപോന്നിട്ടുള്ളത്. എന്നാൽ ഇതിന് കടകവിരുദ്ധമായാണ് ജോലിസമയം 12 മണിക്കൂർ വരെയാക്കി ഉയർത്താനുള്ള വ്യവസ്ഥ കോഡിലുൾപ്പെടുത്തിയിട്ടുള്ളത്. തൊഴിലാളികളുടെ

ന്യായമായ അവകാശങ്ങളെ ചവിട്ടി മെതിച്ചുകൊണ്ട് തൊഴിൽസമാധാനം സൃഷ്ടിക്കാനാവില്ല. അതേസമയം വ്യവസായങ്ങളുടെ നിലനിൽപ്പും ഉത്പാദനക്ഷമതയും തങ്ങളുടെകൂടി താത്പര്യമാണെന്ന് തൊഴിലാളികൾക്കുകൂടി മനസ്സിലാക്കി അത്തരത്തിൽ നല്ലൊരു തൊഴിലാളി-തൊഴിലുടമ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചാൽ മാത്രമെ ഏതൊരു രാജ്യത്തും വികസനം സാധ്യമാകുകയുള്ളൂ. തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും നല്ല തൊഴിൽ സാഹചര്യങ്ങളുമൊരുക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്രസർക്കാർ പാസ്സാക്കിയ തൊഴിൽ കോഡുകളിലെ തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ പരമാവധി ലഘൂകരിക്കുന്നതിന് സംസ്ഥാന ചട്ടങ്ങളിൽ ആവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്. സംസ്ഥാന ചട്ടങ്ങൾ കൊണ്ടുവരുന്നതിന് മുന്നോടിയായി സംസ്ഥാനത്തെ തൊഴിലാളി/തൊഴിലുടമ പ്രതിനിധികളുടെയും തൊഴിൽ നിയമ വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയുന്നതിനായി തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റും സംസ്ഥാന തൊഴിൽ വകുപ്പും വെവ്വേറെ ശിൽപ്പശാലകൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ശിൽപ്പശാലകളിൽനിന്നും ഉയർന്നുവന്ന

അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമുൾപ്പെടുത്തി നിയമപരിധിയിൽ നിന്നുകൊണ്ട് സംസ്ഥാന ചട്ടങ്ങളിൽ തൊഴിലാളി താത്പര്യം സംരക്ഷിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരുന്നതിന് ശ്രമിക്കുന്നതാണെന്ന് ഈ അവസരത്തിൽ അറിയിക്കുന്നു. കൂടാതെ, ഓരോ കോഡുകളെയും സമഗ്രമായി അപഗ്രഥിക്കുന്നതിനായി സംസ്ഥാനത്തെ തൊഴിലാളി/തൊഴിലുടമ പ്രതിനിധികളുടെയും തൊഴിൽ നിയമ വിദഗ്ദ്ധരുടെയും പ്രത്യേക യോഗങ്ങൾ ചേരുന്നതിനാവശ്യമായ നിർദ്ദേശവും തൊഴിൽ വകുപ്പിന് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം നിലനിൽക്കുന്നുണ്ട്. സംതൃപ്തരായ തൊഴിലാളികളുണ്ടെങ്കിൽ മാത്രമെ മെച്ചപ്പെട്ട തൊഴിലന്തരീക്ഷം നിലനിർത്താൻ കഴിയുകയുള്ളൂ. അതോടൊപ്പം തൊഴിലുടമകളുടെ ന്യായമായ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതായിട്ടുണ്ട്. സംസ്ഥാനത്ത് മെച്ചപ്പെട്ട തൊഴിലന്തരീക്ഷം നിലനിർത്തുന്നതിനാവശ്യമായ വ്യവസ്ഥകൾ നിയമത്തിന്റെ പരിധിയിൽനിന്നുകൊണ്ട് ഉൾപ്പെടുത്തി തൊഴിൽ കോഡുകൾ സംബന്ധിച്ച സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഈ അവസരത്തിൽ അറിയിക്കുകയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ലേബർ കോഡിന്റെ പ്രശ്നത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടിന് കേരളത്തിലെ മുഴുവൻ തൊഴിലാളികളുടെയും പിന്തുണ ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. 87 മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച് പ്രാവർത്തികമാക്കിയിട്ടുണ്ട്. അതുപോലെ പേമെന്റ് ഓഫ് ബോണസ് ആക്ടിന്റെ പരിധി കണക്കാക്കാതെ തൊഴിലാളികൾക്ക് ബോണസ് നൽകുന്നൊരു സംസ്ഥാനമാണ് കേരളം. തൊഴിലാളിയുടെ മിനിമം വേതനവും ബോണസും സംരക്ഷിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇന്ന് കേരളത്തിലെ തൊഴിലാളികൾക്ക് ബോണസ്, മിനിമം വേതനം തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പുതിയ നാല് ലേബർ കോഡുകൾ വന്നതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ റദ്ദാക്കാൻ കേരള സർക്കാർ ഉദ്ദേശിച്ചിട്ടില്ല. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന നിലപാട് തന്നെയായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. തൊഴിലാളി വിരുദ്ധ നിലപാടിനോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ലെന്ന്

കേന്ദ്രസർക്കാരിന് നൽകിയ റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ടെന്ന കാര്യവും സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

(2) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

ശ്രീ. എ. പി. അനിൽ കുമാർ: സർ, പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ സന്തോഷത്തിൽ കൂട്ടുകാരികൾക്കൊപ്പം കൂൾബാറിൽനിന്നും വാങ്ങിക്കഴിച്ച ഷവർമയിൽനിന്നും ഭക്ഷ്യവിഷബാധയേറ്റ് കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ പതിനാറുകാരി ദേവനന്ദ മരണപ്പെട്ട വാർത്ത അങ്ങേയറ്റം വേദനയോടുകൂടിയാണ് നമ്മളെല്ലാവരും കേട്ടത്. സമാനസംഭവം ഏതാനും വർഷങ്ങൾക്കുമുൻപ് തിരുവനന്തപുരത്തുമുണ്ടായി. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലെ സ്കൂളുകളിലും കഴിഞ്ഞ അദ്ധ്യയന വർഷം ആരംഭിക്കുന്ന സമയത്ത് നിരവധി കുട്ടികൾ ഭക്ഷ്യവിഷബാധയേറ്റ് ആശുപത്രിയിലായത് പത്രങ്ങളിൽ വായിച്ചതാണ്. കൊച്ചുകുട്ടികൾ പഠിക്കുന്ന അങ്കണവാടികളിൽപോലും ഭക്ഷ്യവിഷബാധയുണ്ടാകുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കൂടുതൽ ഭക്ഷ്യവസ്തുക്കളെത്തുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പഴം, പച്ചക്കറി, മത്സ്യം, മാംസം തുടങ്ങിയ ഉത്പന്നങ്ങളാണ് ഇതിൽ പ്രധാനം. ഇതിലൊക്കെ മാരകമായ

വിഷാംശമുണ്ടെന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനും തടയുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമമായി ഇടപെടുന്നില്ലെന്നത് അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വീഴ്ച കാരണമാണ് ഭക്ഷ്യോത്പന്നങ്ങളിൽ വ്യാപകമായ മായം ചേർക്കൽ നടക്കുന്നതെന്നാണ് എല്ലാവരും ചൂണ്ടിക്കാണിക്കുന്നത്. ഭക്ഷ്യവിഷബാധയേറ്റ് മരണം സംഭവിക്കുന്ന വാർത്തകൾ വരുമ്പോൾ മാത്രമാണ് ഭക്ഷ്യസുരക്ഷാ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യവിഭാഗവും ഉണർന്നു പ്രവർത്തിക്കുന്നതും വലിയ രീതിയിലുള്ള ഇടപെടലുണ്ടാകുകയും പരിശോധന നടത്തുകയും ചെയ്യുന്നത്. പക്ഷേ, രണ്ടോ മൂന്നോ മാസം കഴിയുമ്പോഴേയ്ക്കും അതെല്ലാം അവസാനിക്കുന്നു. തുടർന്നും നടപടി സ്വീകരിക്കുന്നതിന് മറ്റൊരു മരണമോ ദുരന്തമോ ഉണ്ടാകുന്നതുവരെ കാത്തിരിക്കേണ്ട സ്ഥിതിയാണുള്ളത്. റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും കൂൾബാറുകളിലും ഗുണനിലവാരമുള്ള ഭക്ഷണങ്ങൾ നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഭക്ഷ്യസുരക്ഷാ വകുപ്പിനുമുണ്ട്. ആരോഗ്യമേഖലയിൽ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് സർക്കാർ

ആലോചിക്കുകയാണ്. പക്ഷേ, ഇവിടേയ്ക്ക് വരുന്നവരിൽ ഭൂരിഭാഗവും ഫാസ്റ്റ് ഫുഡും അതുപോലെ വിഷാംശം കലർന്ന ഭക്ഷണവും കഴിച്ച് രോഗികളായവരാണ്. കാൻസർ രോഗത്തിനുപോലും കാരണമാകുന്നത് ഇത്തരം ഭക്ഷണരീതിയാണെന്ന് പറയുന്നു. അതുകൊണ്ട് ഇവ തടയുന്നതിന് ശക്തമായ നടപടിയുണ്ടാകണം. അത്തരം കാര്യങ്ങൾ ഏറ്റെടുക്കുന്നതിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് വീഴ്ചയുണ്ടായി എന്ന് റിപ്പോർട്ട് ചെയ്തത് സി.&എ.ജി. ആണ്. അഞ്ചുവർഷത്തിലൊരിക്കലെങ്കിലും ഒരു സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്താത്ത സാഹചര്യമാണ് കേരളത്തിലുള്ളതെന്ന അമ്പരിപ്പിക്കുന്ന കാര്യങ്ങളാണ് റിപ്പോർട്ടിലുള്ളത്. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണുണ്ടായിട്ടുള്ളത്. പക്ഷേ ജീവനക്കാരുടെ അപര്യാപ്തത കാരണം പൂർണ്ണമായും അവരെ കുറ്റപ്പെടുത്താൻ കഴിയാത്ത സാഹചര്യവുമുണ്ട്. നിലവിൽ ഭക്ഷ്യോത്പന്നങ്ങളുടെ ഗുണനിലവാരമുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് മൂന്ന് ലാബുകളാണുള്ളത്. മൂന്നുകോടിയിലധികം ജനങ്ങൾ സംസ്ഥാനത്തുണ്ട്. ഒരു കോടി ജനങ്ങൾക്ക് ഒരു ലാബ് എന്ന രീതിയിലാണ് കാര്യങ്ങൾ ചെയ്യുന്നത്. അതോടൊപ്പം

ഉദ്യോഗസ്ഥരുടെ എണ്ണത്തിലും കുറവുണ്ട്. സംസ്ഥാനത്ത് ധാരാളം സ്ഥാപനങ്ങളുണ്ടെങ്കിലും ഒരു നിയോജകമണ്ഡലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ വകുപ്പുദ്യോഗസ്ഥനാണുള്ളത്. അവർക്ക് സഞ്ചരിക്കാനുള്ള വാഹനങ്ങളുമില്ല. മൂന്ന് നിയോജകമണ്ഡലങ്ങൾക്കായി വാടകയ്ക്കെടുത്ത ഒരു വാഹനം മാത്രമാണുള്ളത്. ഇതിലെല്ലാം വലിയ രീതിയിലുള്ള വീഴ്ച സംഭവിക്കുകയാണ്. കൂടാതെ നിയമനങ്ങൾ നടത്തുന്ന കാര്യത്തിലും അനാസ്ഥയുണ്ട്. 39 സർക്കിൾ ഓഫീസുകളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഇത് വളരെ ഗൗരവത്തോടെ കാണേണ്ട കാര്യമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്തുകയും അതിനനുസരിച്ച് ഉദ്യോഗസ്ഥരെ നിയമിക്കുകയും വേണം. ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ ഉടൻ നിയമനം നടത്തണം. അത്തരം കാര്യങ്ങളിലുണ്ടാകുന്ന വീഴ്ച ഇന്ന് കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെയാണ് ബാധിക്കുന്നത്. ദേവനന്ദമാർ ഇനിയുണ്ടാകാതിരിക്കണമെങ്കിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുകളുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, രോഗം വന്നാൽ ഏറ്റവും മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് നാമെല്ലാവരും പ്രാധാന്യം നൽകുന്നവരാണ്. എന്നാൽ രോഗം വരാതെയിരിക്കാൻ അതിലും പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് പലരും മറന്നുപോകുന്നു. നമ്മുടെ ലക്ഷ്യം രോഗം വരാതെ നോക്കുകയെന്നതാണ്. ജനങ്ങൾക്ക് രോഗപ്രതിരോധശേഷി ഉണ്ടാക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയെന്നതാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം. ഇതിലേറ്റവും പ്രധാനമാണ് ശുദ്ധമായ ആഹാരം. ഭക്ഷണത്തിൽ മായം കലർത്തുന്നത് ക്രിമിനൽ കുറ്റമാണ്. ആഹാരത്തിൽ മായം കലർത്തുന്നവർക്കും വൃത്തിഹീനമായി ഭക്ഷണം പാകം ചെയ്യുന്നവർക്കും വിളമ്പുന്നവർക്കുമെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുകയാണ്; അത് കർശനമായി തുടരുകയും ചെയ്യും. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും അതുവഴി ജനങ്ങൾക്ക് സുരക്ഷിതമായ ഭക്ഷണം ലഭ്യമാക്കുന്നതിനുമായി ഊർജ്ജിതമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമേ ഉത്സവ സീസണുകളിലും വിശേഷാവസരങ്ങളിലും മഴക്കാലം, വേനൽക്കാലം തുടങ്ങി

പകർച്ചവ്യാധി വ്യാപന സാദ്ധ്യതയുള്ള സന്ദർഭങ്ങളിലും ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധന വകുപ്പ് നടത്തിവരുന്നു. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/അഡ്ജ്യൂഡിക്കേഷൻ നടപടി സ്വീകരിക്കുന്നുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യോത്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവർക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC (ഫുഡ് സേഫ്റ്റി ട്രെയിനിംഗ് ആൻഡ് സർട്ടിഫിക്കേഷൻ) ട്രെയിനിംഗ് കോവിഡ് പശ്ചാത്തലത്തിലും നൽകുകയും രണ്ടായിരത്തിലധികം സർട്ടിഫിക്കറ്റുകൾ ഈ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'Safe and Nutritious Food @ School' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 'സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് ' എന്ന പദ്ധതി പഞ്ചായത്തുകളിലെ എല്ലാ ഭക്ഷ്യസംരംഭകരെയും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം

വളർത്തുന്നതിനും സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. കേരളത്തിലെ ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം 6 ജില്ലകൾക്കാണ് പുതുതായി മൊബൈൽ ഭക്ഷ്യ പരിശോധനാ ലാബുകൾ അനുവദിച്ചത്. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. പൊതുജനങ്ങളിൽനിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ എന്നിവ ഈ മൊബൈൽ ലാബുകളിൽ വേഗത്തിൽ പരിശോധിക്കാനും ഓരോ ജില്ലയിലെയും പല പ്രദേശങ്ങളിൽ ഈ ലാബുകളുടെ സേവനം ലഭ്യമാക്കാനും കഴിയും. കൂടാതെ ഐ.ഇ.സി. (Information, Education and Communication) പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ഈ ലാബുകൾ ഉപയോഗിച്ചുവരുന്നു. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യസംരംഭകരും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. ലൈസൻസോ രജിസ്ട്രേഷനോ എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള

നോട്ടീസ് നൽകിയശേഷം പിഴ ചുമത്തുകയോ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയോ ചെയ്യുന്നുണ്ട്. ലൈസൻസ് നേടുന്നതുവരെ സ്ഥാപനങ്ങളുടെ പ്രവർത്തനം തടയുന്ന നടപടികളും സ്വീകരിച്ചുവരുന്നു. ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നേടുന്നതിന് വകുപ്പ് മുഖേന പ്രത്യേകം മേളകളും സംഘടിപ്പിക്കുന്നുണ്ട്. ശുചിത്വമില്ലാത്ത ഭക്ഷണം വിളമ്പുന്ന ഹോട്ടലുകൾക്കെതിരെ ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ എന്നിവ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ഗുരുതമായ വീഴ്ച വരുത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ക്യാമ്പയിൻ ജനകീയ പങ്കാളിത്തത്തോടുകൂടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 'ഓപ്പറേഷൻ മത്സ്യ', 'ഓപ്പറേഷൻ ജാഗറി' തുടങ്ങിയ പ്രത്യേക പരിശോധനാ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2022 ഏപ്രിൽ മാസത്തിലാണ് ഈ ക്യാമ്പയിൻ ആരംഭിച്ചത്. കാസർഗോഡ് ജില്ലയിൽ

പത്താം ക്ലാസ് വിദ്യാർത്ഥിനി ഷവർമ കഴിച്ച് മരിച്ച ദൗർഭാഗ്യകരമായ സംഭവമുണ്ടായത് 2022 മേയ് മാസത്തിലാണ്. പത്ത് വർഷംമുമ്പും സമാനമായ സംഭവമുണ്ടായിരുന്നു. ഈ രണ്ട് സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ ഭക്ഷ്യവിഷബാധ പെട്ടെന്നുണ്ടാകാവുന്ന ഒരു ഭക്ഷ്യവസ്തു എന്നനിലയിൽ ഷവർമ പാചകം ചെയ്യുന്നതിലും വിതരണം ചെയ്യുന്നതിലും ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കെത്തുന്ന മത്സ്യം, മാംസം എന്നിവയുടെ പരിശോധനയും ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾവഴി സംസ്ഥാനത്തേയ്ക്കെത്തുന്ന മത്സ്യം ഉൾപ്പടെ പരിശോധിക്കുന്നതിന്  ശക്തമായ ക്രമീകരണങ്ങളും രഹസ്യ സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മുതൽ ജൂൺവരെ ആറായിരത്തോളം പരിശോധന നടത്തുകയും 2961 സർവ്വയലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 139 വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്കെതിരെ നോട്ടീസ് നൽകുകയും കേടായ 28492 കിലോഗ്രാം മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഷവർമ വിൽക്കുന്ന 5976 സ്ഥാപനങ്ങളിൽ, ഈ കാലഘട്ടത്തിൽ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 225 സ്ഥാപനങ്ങൾ കണ്ടെത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന 168 സ്ഥാപനങ്ങളുടെ

പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ഹൈജീൻ റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ ഭക്ഷണശാലകളെ വേർതിരിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിൽ 527 ഭക്ഷണശാലകൾ റേറ്റ് ചെയ്തത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഈ റേറ്റിംഗിൽപ്പെടാത്ത ഭക്ഷണശാലകൾ ഗുണനിലവാരം പുലർത്തുന്നില്ല എന്നാണ് അർത്ഥം. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീ. എ. പി. അനിൽ കുമാർ: സർ, അങ്കണവാടികളിലും വിദ്യാലയങ്ങളിലും നൽകുന്ന ഭക്ഷണസാധനങ്ങളും ശബരിമലയിൽ കൊടുക്കുന്ന പ്രസാദവുമൊക്കെ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് സി.&എ.ജി. റിപ്പോർട്ടിൽ പറയുന്നുണ്ട്. സി.&എ.ജി. കണ്ടെത്തി ഗവൺമെന്റിനുമുന്നിൽ സമർപ്പിച്ച ഇത്തരത്തിലുള്ള ഒട്ടനവധി നിർദ്ദേശങ്ങൾ ഏറ്റെടുത്ത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി വീണാ ജോർജ്: സർ, ശബരിമലയുമായി ബന്ധപ്പെട്ട് ഇത്തരം പരിശോധനകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ആധുനികരീതിയിലുള്ള ഭക്ഷ്യ പരിശോധനാ ലാബിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. നിലവിൽ തിരുവനന്തപുരം,

+ അനുബന്ധമായി ചേർക്കുന്നു.

എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ അനലറ്റിക്കൽ ലാബുകളുണ്ട്. കൂടാതെ കണ്ണൂരിലെ കൂത്തുപറമ്പിൽ റീജിയണൽ അനലറ്റിക്കൽ ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശാസ്ത്രീയവും ആധുനിക രീതിയിലുള്ളതുമായ ലാബുകൾ വേണമെന്നുള്ളതാണ് സർക്കാർ നിലപാട്. മൊബൈൽ ലാബുകളുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. അങ്കണവാടികളിലൂൾപ്പെടെ ശുദ്ധവും ആരോഗ്യകരവുമായ ഭക്ഷണം നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പൊതുജനങ്ങളുടെകൂടി പങ്കാളിത്തം ഇതിലുണ്ട്. 18004251125 എന്ന ടോൾഫ്രീ നമ്പർ എല്ലാ ഭക്ഷണശാലകളിലും റെസ്റ്റോറന്റുകളിലും പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഈ നമ്പരിൽ വിളിച്ച് പരാതി പറയാം. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ സജ്ജമാക്കിയ ഗ്രീവൻസ് പോർട്ടലിലൂടെയും നേരിട്ട് പരാതി നൽകാം. ബഹുമാനപ്പെട്ട അംഗം നേരത്തെ സർട്ടിഫിക്കേഷന്റെ കാര്യം പറഞ്ഞിരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ ഭക്ഷണശാലകളും വർഷത്തിലൊരിക്കൽ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകണമെന്നും അത് ഭക്ഷണശാലകളിൽ പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

11.13 a.m]

## IV ക്രമപ്രശ്നം

ചട്ടവിരുദ്ധമായി സബ്മിഷനുകൾ അനുവദിക്കുന്നതുസംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്മിഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഏത് ചോദ്യത്തിനും എന്ത് പ്രശ്നത്തിനും മറുപടി പറയാൻ മടിയില്ലാത്ത സർക്കാരാണിതെങ്കിലും ചട്ടവിരുദ്ധമായ കാര്യങ്ങൾ സഭയിൽ അനുവദിക്കപ്പെട്ടാൽ പിന്നീടത് കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടും. കീഴ്വഴക്കം അവകാശമാണെന്ന വാദം പിന്നീട് എല്ലാ ഘട്ടത്തിലും ഉയരാനിടയുള്ളതുകൊണ്ടാണ് ഇതുന്നയിക്കുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ 304 (2) (i)-ാം ഉപചട്ടം നോട്ടീസിനെ സംബന്ധിച്ചുള്ളതാണ്. അതിൽ പറയുന്നത്, " കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ അത് പരാമർശിക്കാൻ പാടില്ലാത്തതും" എന്നാണ്. പ്രതിപക്ഷനേതാവ് സബ്മിഷന് നൽകിയ നോട്ടീസിൽ ഒരു കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തലും കോൺസുലേറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളുമാണ് പരാമർശിച്ചിരിക്കുന്നത്. ഇന്ത്യൻ

ഭരണഘടനയുടെ ആർട്ടിക്കിൾ 246-ലെ ഏഴാം ഷെഡ്യൂളിലെ ഒന്നാം ലിസ്റ്റിലെ പത്താമത്തെ ഇനത്തിൽ വിദേശകാര്യവും പതിനൊന്നാമത്തെ ഇനത്തിൽ കോൺസുലേറ്റ്, നയതന്ത്ര, വ്യാപാര ബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച വിഷയങ്ങളുമാണ് പറയുന്നത്. പൂർണ്ണമായും ഭരണഘടനാപരമായും കേന്ദ്രസർക്കാരുമായും ബന്ധപ്പെട്ട കാര്യങ്ങളാണ് നോട്ടീസിൽ പരാമർശിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാന സർക്കാരുമായി പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു കാര്യവും നോട്ടീസിൽ പരാമർശിക്കാൻ പാടില്ലെന്ന ചട്ടം നിലനിൽക്കെ പൂർണ്ണമായും കേന്ദ്രത്തിന്റെ അധികാരത്തിലുള്ളതാണെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു കാര്യം സബ്മിഷനായി ഉന്നയിക്കാൻ അനുമതി നൽകുകവഴി ചട്ടം ലംഘിക്കപ്പെടാൻ സാധ്യതയുണ്ടാകുകയും കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യും. ഏതുകാര്യത്തിനും മറുപടി പറയാൻ മടിയില്ലാത്ത സർക്കാരാണിതെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇക്കാര്യം വളരെ ഗൗരവമായി ചെയർ പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടത്തിലെ 304 (2) (i)-ൽ "കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ അത്

പരാമർശിക്കാൻ പാടില്ലാത്തതും" എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചുകഴിഞ്ഞു. അതിന്റെ തുടർച്ചയായി " അതേ സമ്മേളനകാലത്തിൽ ചർച്ച ചെയ്തതോ സമ്മേളനകാലത്ത് ഈ ചട്ടത്തിൻപ്രകാരം ഒരംഗം നേരത്തെ ഉന്നയിച്ച സംഗതിക്ക് സാരവത്തായുള്ളതോ ആയ ഒരു സംഗതിയെ സംബന്ധിച്ചായിരിക്കുവാൻ പാടില്ലാത്തതും" എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ വിഷയം അടിയന്തരപ്രമേയ നോട്ടീസ് നൽകി ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനോട് കൂട്ടിച്ചേർക്കുമ്പോൾ ഒരു കാരണവശാലും ഈ സബ്മിഷൻ അനുവദനീയമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും തിരുവല്ല അംഗവും ഇവിടെ ഉന്നയിച്ച രണ്ട് ക്രമപ്രശ്നങ്ങളും നിലനിൽക്കുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ യൂണിയൻ ലിസ്റ്റിൽപ്പെട്ട ഒരു കാര്യമല്ല ഞാൻ നൽകിയ നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിലുള്ള ഒരു കാര്യമാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. അതായത് സി.ബി.ഐ. അന്വേഷണം വേണമെന്നാണ്. ബഹുമാനപ്പെട്ട തിരുവല്ല അംഗം പറഞ്ഞതുപോലെയല്ല, ഇത് സമീപകാലത്തുണ്ടായ കാര്യമാണ്. വിദേശകാര്യ വകുപ്പുമന്ത്രിയുടെ പരാമർശം സംബന്ധിച്ച വിഷയം നിയമസഭ

ചർച്ച ചെയ്തതല്ല. നിയമസഭ സ്വർണ്ണക്കടത്ത് സംബന്ധിച്ച് ചർച്ച ചെയ്തതിനുശേഷമാണ് വിദേശകാര്യ വകുപ്പുമന്ത്രിയുടെ പരാമർശമുണ്ടായത്.

മി. സ്പീക്കർ: അങ്ങയുടെ നോട്ടീസിൽ വിദേശകാര്യ വകുപ്പുമന്ത്രി വെളിപ്പെടുത്തിയ പ്രോട്ടോകോൾ ലംഘനമടക്കമുള്ള ക്രമക്കേടുകളെന്ന് പറയുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിയിലുള്ള ഒരു കാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ നോട്ടീസ് നൽകിയത്. നേരത്തെ ചർച്ച ചെയ്ത കാര്യം ആവർത്തിച്ചുവെന്നാണ് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞത്. ഇപ്പോൾ സഭയിൽ കൊണ്ടുവന്ന വിഷയം പുതിയൊരു സംഭവമാണ്. വിദേശകാര്യ വകുപ്പുമന്ത്രിയുടെ വെളിപ്പെടുത്തലിനെത്തുടർന്ന് ഉത്ഭവിച്ച ഒരു കാര്യമാണ് ഞാൻ നോട്ടീസിൽ കൊടുത്തിരിക്കുന്നത്. അതുകൊണ്ടാണ് തിരുവല്ല അംഗം പറഞ്ഞ കാര്യം നിലനിൽക്കുന്നതല്ലെന്ന് സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ യൂണിയൻ ലിസ്റ്റിൽപ്പെട്ട ഒരു കാര്യവും ഞാൻ നോട്ടീസിൽ സൂചിപ്പിച്ചിട്ടില്ല.

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ടും ഇത് സഭയുടെ ഭാവിക്ക് നല്ലൊരു

കാര്യമാകുമെന്നുള്ളതുകൊണ്ടുമാണ് ഞാൻ സൂചിപ്പിക്കുന്നത്. ചട്ടം വളരെ വ്യക്തമാണ്. യാതൊരു തരത്തിലുള്ള ആശയക്കുഴപ്പത്തിനുമിടയില്ല. ചട്ടം 304 (2)-ൽ പറയുന്നത്, " (1)-ാം ഉപചട്ടപ്രകാരം ഒരു നോട്ടീസ് സ്വീകാര്യമാകാവുന്നതിന് അത് താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്" എന്നാണ്. ചട്ടം വളരെ വ്യക്തമാണ്. ഒരുതരത്തിലുള്ള ആശയക്കുഴപ്പവും അതിനകത്തില്ല. ചട്ടം 304 (2) (i)-ൽ "കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ അത് പരാമർശിക്കാൻ പാടില്ലാത്തതും" എന്നാണ് പറയുന്നത്. അതും വളരെ വ്യക്തമാണ്. എന്നാൽ നോട്ടീസിൽ പറയുന്നത് യു.എ.ഇ. കോൺസുലേറ്റ് കേന്ദ്രീകരിച്ച് എന്നാണ്. കോൺസുലേറ്റുകൾ, നയതന്ത്ര കാര്യാലയങ്ങൾ എന്നുള്ളത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിലെ ലിസ്റ്റ് ഒന്നിലെ പതിനൊന്നാമത്തെ ഇനമാണ്. അകത്തുള്ളതാകാം പുറത്തുള്ളതാകാം. അത് കേന്ദ്രാധിഷ്ഠിതമാണ്. അതുപോലെ പ്രോട്ടോകോൾ ലംഘനമടക്കമുള്ള ക്രമക്കേടുകളെന്നും നോട്ടീസിൽ പറഞ്ഞിട്ടുണ്ട്. പ്രോട്ടോകോൾ ലംഘനം എന്നുള്ളത് പത്താമത്തെ ഇനമായ വിദേശകാര്യവുമായി ബന്ധപ്പെട്ടതാണ്. അത്തരം കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ അധികാരപരിധിയിൽപ്പെട്ടതാണ്. നോട്ടീസ് പ്രകടമായും പ്രത്യക്ഷത്തിലും ചട്ടത്തിന്റെ ലംഘനമാണ്. ഇത്

അനുവദിക്കപ്പെട്ടാൽ കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടുകയും ഭാവിയിൽ ഇതൊരു അവകാശമായി മാറുകയും ചെയ്യും. ചട്ടം എന്താണെങ്കിലും കീഴ്വഴക്കമുണ്ടെന്നാണ് സഭയിൽ എല്ലാവരും ഉന്നയിക്കുന്ന വാദം. കീഴ്വഴക്കം എപ്പോഴും ചട്ടത്തിന് താഴെ മാത്രമേ നിൽക്കുകയുള്ളൂ. പുതിയൊരു അനുമതി നൽകിയാൽ അത് നാളെ കീഴ്വഴക്കമായി വ്യാഖ്യാനിക്കപ്പെടും. ഈ നോട്ടീസ് പ്രകടമായി ചട്ടവിരുദ്ധമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുകയാണ്. ഇവിടെ ഏത് ചോദ്യത്തിനും മറുപടി പറയാൻ മടിയൊന്നുമില്ല, എന്നാലും ഇത് ചൂണ്ടിക്കാണിക്കുകയാണെന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. തിരുവനന്തപുരത്തെ ദുബായ് കോൺസുലേറ്റ് പിരിച്ചുവിടണമെന്നാവശ്യപ്പെട്ടല്ല ഞാൻ നോട്ടീസ് നൽകിയിരിക്കുന്നത്. അങ്ങനെ ആവശ്യപ്പെട്ടാൽ അത് യൂണിയൻ ലിസ്റ്റിൽ വരും. The State Government is competent to recommend a CBI investigation in a case, which happened in Kerala. There are inter-state ramifications in this case. So the Government is competent to issue an order for CBI investigation in this case. My demand is only to confine the powers of the State; not in the Union List. I am not saying anything included

in the Union List. It is very clear.

<u>മി. സ്പീക്കർ</u>: ചർച്ച അനന്തമായി നീണ്ടുപോകേണ്ട.

<u>ശ്രീ. പി. രാജീവ്</u>: സർ, മലയാളത്തിലെ ചട്ടങ്ങളാണ് ഞാനിവിടെ ഉദ്ധരിച്ചത്. ഇത് വളരെ വ്യക്തമാണ്. നോട്ടീസിലെഴുതിയതിൽ പിശക് വന്നിട്ടുണ്ടെങ്കിൽ അതാദ്യം സമ്മതിക്കണം. നോട്ടീസ് പ്രകടമായി ചട്ടത്തിന് വിരുദ്ധമാണ്. ചട്ടവിരുദ്ധമായ ഒരു നോട്ടീസിന് അനുമതി നൽകുന്നത് സഭയിൽ തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും. അത് ഒരു കാരണവശാലും അംഗീകരിക്കാൻ പാടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കൺകറന്റ് ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, യൂണിയൻ ലിസ്റ്റ് എന്നൊക്കെയുണ്ടെങ്കിലും അതിലുൾപ്പെട്ട ഏതെങ്കിലും ഒരു പദം പ്രയോഗിച്ചതുകൊണ്ട് അതുമായി ബന്ധപ്പെട്ട വിഷയം ആയിക്കൊള്ളണമെന്നില്ല. സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാരപരിധിയിലുള്ള കാര്യത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആവശ്യപ്പെടുന്നത്. അതുകൊണ്ട് ഈ ക്രമപ്രശ്നം നിലനിൽക്കുകയില്ലെന്നാണ് എന്റെയും അഭിപ്രായം.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ക്രമപ്രശ്നത്തിന് നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട

വ്യവസായ വകുപ്പുമന്ത്രി, ശ്രീ. മാത്യു ടി. തോമസ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി.ഡി. സതീശൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങളെയെല്ലാം കേൾക്കുകയുണ്ടായി. നോട്ടീസുതന്നെ അംഗീകരിക്കാമോയെന്ന കാതലായ പ്രശ്നമാണ് ഇതിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഉന്നയിച്ചത്. 'കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ അത് പരാമർശിക്കാൻ പാടില്ലാത്തതും' എന്നാണ് നോട്ടീസ് സ്വീകരിക്കുന്നതിനെക്കുറിച്ച് ചട്ടത്തിൽ പറയുന്നത്. കോൺസുലേറ്റ് തുടങ്ങിയ കാര്യങ്ങൾ കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽ വരാത്ത സംഗതിയാണ്. നോട്ടീസിന് സാങ്കേതികമായ പ്രശ്നമുണ്ടെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. രണ്ടാമത്തേത്, ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ചതുപോലെ ഈ വിഷയം നേരത്തെ അടിയന്തരപ്രമേയമായി ചർച്ച ചെയ്തതാണ്. ഈ രണ്ട് സംഗതികളുടെ അടിസ്ഥാനത്തിൽ പ്രസക്തമാണ് ക്രമപ്രശ്നം എന്നതുകൊണ്ട് സബ്മിഷൻ അനുവദിക്കുന്നില്ല. .......(ബഹളം)......... എല്ലാവരും ഇരിക്കൂ.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ചെയറാണ് ഇതുസംബന്ധിച്ച് പറയേണ്ടത്. ചട്ടത്തിന്റെ പ്രകടമായ ഒരു ലംഘനം ചൂണ്ടിക്കാണിച്ചാൽ ചെയറിന് അത് കണക്കിലെടുക്കാതിരിക്കാനാകില്ല. നമുക്ക് ഇഷ്ടമുള്ള ഒരു

കാര്യം ചെയറിൽ നിന്നുവന്നാൽ ഡെസ്കിലടിക്കാം. ഇഷ്ടമില്ലാത്ത കാര്യമാണെങ്കിൽ അത് സർക്കാരിനെ സഹായിക്കലാണെന്ന് വ്യാഖ്യാനിക്കാം. അത് നേരത്തെയുള്ള റൂളിംഗിൽ പറഞ്ഞിട്ടുണ്ട്. ചെയറിലിരിക്കുന്ന ആളുകൾ പലപ്പോഴും അത് കേൾക്കേണ്ടിവരുന്നവരാണ്. അതിനെ ആ നിലയിലേ എടുക്കുന്നുള്ളൂ. പക്ഷേ, പ്രധാനപ്പെട്ട പ്രശ്നം, കഴിഞ്ഞ ദിവസം ഈ സഭയിലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ അനുചിതമായ ഒരു നടപടിയെ ചൂണ്ടിക്കാണിച്ചതും ബഹുമാനപ്പെട്ട മന്ത്രി അതിനെ അംഗീകരിച്ചതും. അത് സ്വാഭാവികമായും വരും. എല്ലാ സമയത്തും നമുക്കെല്ലാവർക്കും ഇഷ്ടപ്പെടുന്ന നിലയിൽ തീരുമാനമെടുക്കാൻ കഴിയില്ല. പക്ഷേ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ചട്ടം ഉദ്ധരിച്ചുകൊണ്ടാണ് ക്രമപ്രശ്നം ഉന്നയിച്ചത്. ചട്ടം ഒരിക്കൽകൂടി വായിക്കാം. "കേരള സർക്കാരിന്റെ പ്രാഥമിക പരിഗണനയിൽപ്പെടാത്ത ഒരു സംഗതിയെ അത് പരാമർശിക്കാൻ പാടില്ലാത്തതും" എന്നാണ്. ഒരിക്കൽ ഇത് അനുവദിച്ചാൽ പിന്നീട് അതൊരു കീഴ്വഴക്കമാണെന്ന പ്രശ്നം വരും. അടിയന്തരപ്രമേയത്തിൽ വിശദമായി ചർച്ച ചെയ്ത ഒരു വിഷയം കൂടിയാണിത്. അങ്ങേയ്ക്ക് ഇത് നന്നായറിയാം. അതിനപ്പുറമുള്ള കാരണങ്ങളിലേയ്ക്ക് പോകുന്നത് ചെയറിന്റെ ഉത്തരവാദിത്വമല്ല, ചെയറിന്റെ

പരിധിയിൽ വരുന്ന കാര്യവുമല്ല. ശ്രീ. കെ. ആൻസലന് സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല, ഇതുവരെ ചോദ്യം ചെയ്തിട്ടില്ല, ഇനി ചോദ്യം ചെയ്യുകയുമില്ല. പക്ഷേ, ഇവിടെ നടന്നതൊരു നാടകമാണ്. സംസ്ഥാനത്തുണ്ടായ ഗൗരവതരമായൊരു വിഷയം ചർച്ച ചെയ്യാതിരിക്കാനാണ് ശ്രമിക്കുന്നത്. ആരാണ് സ്വർണ്ണം കൊണ്ടുവന്നത്; ആരാണ് ഇത് കടത്തിയതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം ഇവിടെ ചോദിച്ചു. .....(ബഹളം)..... ആ ചോദ്യത്തിന് മറുപടി പറയാൻ കിട്ടിയിരിക്കുന്ന അവസരംപോലും ഉപയോഗിക്കുന്നില്ല. .....(ബഹളം).... Let me complete. .....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്, എല്ലാവരും ഇരിക്കു. പ്രതിപക്ഷനേതാവ് ആവശ്യപ്പെടുമ്പോൾ മൈക്ക് തരാറുണ്ട്. അങ്ങ് ചെയറുമായി സഹകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹളമുണ്ടാക്കുമ്പോൾ ഞാൻ എങ്ങനെയാണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: എല്ലാവരും ഇരിക്കു..... അടുത്ത അംഗത്തിന്റെ പേര്

വിളിച്ചശേഷമാണ് അങ്ങേയ്ക്ക് വീണ്ടും അവസരം തന്നത്. .....(ബഹളം).... സബ്മിഷൻ ഉന്നയിക്കാൻ റൂളിംഗ് നൽകിയതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യമന്ത്രി ഇതിനെ ഭയപ്പെടുന്നതിനാൽ ഈ വിഷയം ചർച്ച ചെയ്യാതിരിക്കാനാണ് ബഹുമാന്യനായ സ്പീക്കർ അംഗീകരിച്ച് ലിസ്റ്റ് ചെയ്ത സബ്മിഷൻ റിമൂവ് ചെയ്തത്. ഗവൺമെന്റ് മന:പൂർവ്വം ഒളിച്ചോടുകയാണ്. ഇവിടെ ചർച്ച ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഞങ്ങൾ ഈ വിഷയം സഭയ്ക്ക് പുറത്ത് ചർച്ച ചെയ്യും. .....(ബഹളം).....

('നയതന്ത്ര ബാഗേജിലൂടെയുള്ള സ്വർണ്ണക്കടത്തിൽ സി.ബി.ഐ. അന്വേഷണം' എന്ന സബ്മിഷന് അവതരണാനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭ വിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**11.25 a.m]**

**V സബ്മിഷൻ**

(1)സർക്കാർ സ്കൂൾ ബസ്സുകളുടെ ആവർത്തന ചെലവ്

ശ്രീ. കെ. ആൻസലൻ: സർ, സർക്കാർ സ്കൂൾ ബസ്സുകളിലെ ഡ്രൈവർമാരെ സംബന്ധിച്ച വിഷയമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്.

കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി ലക്ഷക്കണക്കിന് കുട്ടികളാണ് ഈ രംഗത്തേയ്ക്ക് മടങ്ങിവന്നിട്ടുള്ളത്. ഇന്ന് എല്ലാ സ്കൂളുകളിലും വാഹനങ്ങളുടെ ആവശ്യമുണ്ട്; പഴയതുപോലെ കുട്ടികൾ നടന്നല്ല വരുന്നത്. എം.പി./എം.എൽ.എ. ഫണ്ടുകൾ, മറ്റ് ഫണ്ടുകൾ എന്നിവ മുഖാന്തരം സ്കൂളുകൾക്ക് വാങ്ങിക്കൊടുത്ത വാഹനങ്ങൾ ഇന്ന് ഉപയോഗിക്കാൻ കഴിയാത്തവിധം ചില പ്രതിസന്ധികൾ നേരിടുകയാണ്. ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും വില വർദ്ധന, ഇൻഷ്വറൻസ്, നികുതി വർദ്ധന എന്നിവയുടെ ഭാഗമായി ഡ്രൈവർമാർക്ക് ശമ്പളം കൊടുക്കുന്ന അധികബാദ്ധ്യത പി.ടി.എ. കമ്മിറ്റികളും സ്കൂൾ അധികൃതരും ഏറ്റെടുത്തുവരികയാണ്. എന്നാൽ ചില ഘട്ടങ്ങളിൽ ഇത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഡ്രൈവർമാർക്ക് മാന്യമായ ശമ്പളം കൊടുക്കാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. ഇതൊരു പൊതു പ്രശ്നമാണ്. എല്ലാ സ്കൂളുകളും ഈ പ്രശ്നം അഭിമുഖീകരിക്കുകയാണ്. അതുകൊണ്ട് ഡ്രൈവർമാർക്ക് ശമ്പളം നൽകുന്നതിനായി ഒരു നിശ്ചിത തുകയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. എല്ലാ സ്കൂളുകളും വലിയതോതിലുള്ള പ്രശ്നങ്ങളാണ് നേരിടുന്നത്. ഈ പ്രശ്നത്തിൽ

ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. കെ. ആൻസലൻ ഉന്നയിച്ച കാര്യം ഗൗരവപൂർണ്ണമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. എം.പി.-യുടെ പ്രാദേശിക വികസന പരിപാടി, എം.എൽ.എ.-യുടെ പ്രത്യേക വികസനഫണ്ട് തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായും സർക്കാർ സ്കൂളുകൾക്ക് വാഹനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വാഹനങ്ങളുടെ ഇന്ധനച്ചെലവ്, ഡ്രൈവർമാരുടെ വേതനം, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ പി.ടി.എ. വഹിക്കണമെന്ന നിബന്ധനയോടെയാണ് ഇവ വാങ്ങി നൽകിയിട്ടുള്ളത്. ഇത്തരം ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ലെന്ന് 19-04-2022-ലെ ഉത്തരവിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഖണ്ഡിക 8.6(17)-ലും വ്യക്തമാക്കിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ വികസന, ക്ഷേമ ചുമതലകൾ സർക്കാർ കൈമാറുന്ന വികസന ഫണ്ട്, തനത് ഫണ്ടിലെ മിച്ചം തുക എന്നിവ ഉപയോഗിച്ചാണ്

നിർവ്വഹിക്കുന്നത്. ഈ അടുത്തകാലത്തായി ദുരന്തനിവാരണമടക്കമുള്ള പല പുതിയ ചുമതലകളും ഏറ്റെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധിതമായിട്ടുണ്ട്. ജൽ ജീവൻ മിഷൻ പ്രോജക്ടിന്റെ 15 ശതമാനം വിഹിതം, ലൈഫ് മിഷൻ വായ്പാ തിരിച്ചടവ് തുടങ്ങിയ ബാദ്ധ്യതകളുമുണ്ട്. ഈ സാഹചര്യത്തിൽ പുതിയ ബാദ്ധ്യതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമേൽ കൊണ്ടുവരുന്നത് അഭികാമ്യമല്ല. സ്കൂൾ ബസ്സുകളുടെ ആവർത്തനച്ചെലവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകുകയാണെങ്കിൽ ഇപ്പോൾ പി.ടി.എ.-യുടെ നേതൃത്വത്തിൽ ഫണ്ട് സമാഹരിക്കുന്ന രീതി ക്രമേണയില്ലാതാകും. മാത്രമല്ല, തദ്ദേശസ്വയംഭരണ സ്ഥാപനം ഈ ബാദ്ധ്യതകൂടി ഏറ്റെടുക്കേണ്ടി വരികയാണെങ്കിൽ നിലവിൽ ചെയ്തുവരുന്ന അനിവാര്യ ചുമതലകളുടെ നിർവ്വഹണത്തെയും അതിന്റെ ഗുണമേന്മയെയും ബാധിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാരുടെ വേതനം, ഇന്ധച്ചെലവുകൾ, മറ്റ് ആവർത്തനച്ചെലവുകൾ എന്നിവ ഇപ്പോൾ ചെയ്തുവരുന്നതുപോലെ പി.ടി.എ.-യുടെ നേതൃത്വത്തിൽ സമാഹരിക്കുന്ന രീതി തന്നെയായിരിക്കും അഭികാമ്യം.

(2) <u>തിരുവമ്പാടിയിലെ ഭൂവുടമകൾ നേരിടുന്ന പ്രയാസങ്ങൾ</u>

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, മലയോര മേഖലയായ കട്ടിപ്പാറ, താമരശ്ശേരി, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കാരശ്ശേരി, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിലെ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പുതുപ്പാടി, കോടഞ്ചേരി, കുമരനെല്ലൂർ, കൊടിയത്തൂർ, തിരുവമ്പാടി വില്ലേജുകളിൽ റവന്യൂ രേഖകളിൽ 'തോട്ടഭൂമി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി സ്വീകരിക്കാത്തതും കൈവശരേഖ നൽകാത്തതും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതുമായും ബന്ധപ്പെട്ട് നൂറുകണക്കിന് കുടുംബങ്ങളാണ് പ്രയാസമനുഭവിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ കുമരനെല്ലൂർ വില്ലേജിൽ മരഞ്ചാട്ടി, പാറത്തോട്, ചുണ്ടത്തുംപൊയിൽ, കുന്തൻചാരി എന്നീ പ്രദേശങ്ങളിൽ വർഷങ്ങളായി താമസിക്കുന്ന മൂവായിരത്തിലധികം കുടുംബങ്ങൾക്ക് കെട്ടിടനമ്പർ, കൈവശരേഖ, നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അനുമതി എന്നിവ ലഭിക്കുന്നില്ല. നേരത്തെ നികുതി സ്വീകരിക്കാത്ത സാഹചര്യമുണ്ടായപ്പോൾ മുൻ എം.എൽ.എ. ശ്രീ. ജോർജ് എം. തോമസിന്റെ നേതൃത്വത്തിൽ ജനകീയ പ്രക്ഷോഭം നടത്തിയാണ് നികുതി സ്വീകരിച്ചത്. കോടഞ്ചേരി വില്ലേജിലെ കളപ്പുറം ഭാഗത്തും സമാന

സാഹചര്യമാണ് നിലനിൽക്കുന്നത്. കോടഞ്ചേരി വില്ലേജിലെ ശാന്തിനഗർ പ്രദേശത്ത് 1968-ലെ മന്ത്രിസഭാ തീരുമാനപ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ ഇറക്കിയ ഉത്തരവുപ്രകാരം 53 വർഷങ്ങൾക്കുമുൻപ് എല്ലാവിധ റവന്യൂ രേഖകളുമുള്ള ഭൂമി വാങ്ങിയ 125 കുടുംബങ്ങൾ ഇന്നുവരെയില്ലാതിരുന്ന പ്രയാസം നേരിടുകയാണ്. കഴിഞ്ഞ രണ്ടുമാസംവരെ യാതൊരു നിയന്ത്രണവുമില്ലാതിരുന്ന ഭൂമി 'തോട്ടഭൂമി' ആണെന്ന് ചൂണ്ടിക്കാട്ടി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നിഷേധിക്കുകയാണ്. വർഷങ്ങളായി അവിടെ താമസിക്കുന്ന ചെറുകിട കൃഷിക്കാരുടെയും സാധാരണക്കാരുടെയും ഭൂമിക്ക് ആവശ്യമായ രേഖകൾ നൽകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനും മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ ശാശ്വത പരിഹാരമുണ്ടാക്കുന്നതിനും സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പൊതുസമൂഹത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നൊരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. റവന്യൂ രേഖകളിൽ തോട്ടഭൂമിയെന്ന് രേഖപ്പെടുത്തിയതിനാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത പ്രശ്നം കോഴിക്കോട്ടും മറ്റ് പല ജില്ലകളിലുമുള്ളതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 81 പ്രകാരം ഭൂപരിധിയിൽ ഇളവനുവദിക്കപ്പെട്ട ഭൂമി തുണ്ടുകളായി മുറിച്ചുവിറ്റ് തരംമാറ്റുന്നത് സംബന്ധിച്ച് ഫയൽ ചെയ്യപ്പെട്ട വിവിധ കേസ്സുകളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി കൈമാറ്റങ്ങൾ സാധൂകരിക്കുന്നുണ്ടെങ്കിലും ഇളവനുവദിക്കപ്പെട്ട ഭൂമി തരംമാറ്റുന്നതിനെതിരെ റവന്യൂ അധികൃതർക്ക് നടപടി സ്വീകരിക്കാമെന്നും ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 87 പ്രകാരം ഭൂമി തരംമാറ്റിയ ഭൂവുടമകൾക്കെതിരെ മിച്ചഭൂമി കേസ് ആരംഭിച്ച് തീരുമാനമെടുക്കുകയാണ് വേണ്ടതെന്നും വിധി പുറപ്പെടുവിച്ചു. ഈ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഭൂമിയുടെ തരംമാറ്റൽ നിരുത്സാഹപ്പെടുത്തുന്നതിനായി കേരള ഭൂപരിഷ്കരണ നിയമപ്രകാരം ഇളവനുവദിച്ച ഭൂമിയിൽ മറ്റാവശ്യങ്ങൾക്കായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ വൈദ്യുതി കണക്ഷനെടുക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും സംസ്ഥാന വൈദ്യുതി ബോർഡിലേയ്ക്കും സർട്ടിഫിക്കറ്റുകൾ നൽകാൻ പാടില്ലെന്ന് കാണിച്ച് 25-02-2015-ലെ LB/9515/2009 നമ്പർ അർദ്ധ ഔദ്യോഗിക കത്തുപ്രകാരം ലാൻഡ് റവന്യൂ ബോർഡ് സെക്രട്ടറി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകി. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് തിരുവമ്പാടി

നിയോജകമണ്ഡലത്തിലെ കക്കാട്, കുമരനെല്ലൂർ പ്രദേശങ്ങളിൽ പ്രസ്തുത ആവശ്യങ്ങൾക്ക് റവന്യൂ അധികാരികൾ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്നതെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചതായി ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് നൽകിയിട്ടുണ്ട്. ലാൻഡ് ബോർഡ് സെക്രട്ടറിയുടെ മേൽസൂചിപ്പിച്ച നിർദ്ദേശം ജനങ്ങൾക്ക് പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്ന് വ്യാപകമായ പരാതികൾ ഉയർന്ന സാഹചര്യത്തിൽ 06-01-2016-ൽ അത് പരിഹരിക്കാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം ചേരുകയുണ്ടായി. യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ മേൽപ്പറഞ്ഞ അർദ്ധ ഔദ്യോഗിക കത്തിലെ 11-ാം ഖണ്ഡിക പിൻവലിക്കണമെന്നും തുടർനടപടി സ്വീകരിക്കണമെന്നും സർക്കാർ 03-02-2016-ലെ 79256/N3/2015/റവന്യൂ നമ്പർ കത്തുപ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. സർക്കാരിന്റെ നിർദ്ദേശപ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 2015-ലെ അർദ്ധ ഔദ്യോഗിക കത്തിലെ 'സർട്ടിഫിക്കറ്റുകൾ/പെർമിറ്റുകൾ നൽകരുത്' എന്ന ഭാഗം പിൻവലിക്കുകയും ആ വിവരം ലാൻഡ് ബോർഡ് സെക്രട്ടറി എല്ലാ ജില്ലാ കളക്ടർമാരെയും അറിയിക്കുകയുമുണ്ടായി. എന്നാൽ 25-02-2015-ലെ

LB/9515/2009 നമ്പർ അർദ്ധ ഔദ്യോഗിക കത്തിലെ 11-ാം ഖണ്ഡികയിലെ നിർദ്ദേശം ഇപ്പോഴും നിലനിൽക്കുന്നുവെന്ന ധാരണയിലാണ് കോഴിക്കോട് ജില്ലാ കളക്ടറും മറ്റ് ചില ഉദ്യോഗസ്ഥരും ഈ നടപടികൾ സ്വീകരിച്ചുവരുന്നതെന്ന് കാണുന്നു. 03-02-2016-ലെ 79256/N3/2015/ റവന്യൂ നമ്പർ കത്തിലെ നിർദ്ദേശം ഒരിക്കൽക്കൂടി എല്ലാ ജില്ലാ കളക്ടർമാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ഇക്കാര്യത്തിൽ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുമെന്നും ലാൻഡ് ബോർഡ് സെക്രട്ടറി സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, നികുതി അടയ്ക്കുക എന്നുപറഞ്ഞാൽ ഒരു കാരണവശാലും അത് ഭൂമിയുടെ അവകാശമാകില്ല. ടൈറ്റിലിൽ തൊടാനാകില്ല. നമ്മൾ ഉപയോഗിക്കുന്ന ഭൂമിയുടെ ടാക്സ് അടയ്ക്കൽ മാത്രമാണ് അതെന്ന് സഭ മുഴുവൻ മനസ്സിലാക്കേണ്ടതാണ്. ജനങ്ങളുടെ പ്രയാസം പരിഹരിക്കുന്നതിന് ഒരിക്കൽക്കൂടി ഇക്കാര്യം വിശദമായി പരിശോധിച്ച് ബന്ധപ്പെട്ടവർക്ക് ആവശ്യമായ സ്പഷ്ടീകരണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഭൂപരിഷ്കരണ നിയമപ്രകാരം ഇളവനുവദിച്ചിട്ടുള്ളതല്ലാത്ത ഭൂമി റവന്യൂ രേഖകളിൽ തോട്ടമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്ന കാരണത്താലാണ് നിർമ്മാണ

പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(3) അഗതി കേന്ദ്രങ്ങളിലേയ്ക്കുള്ള സൗജന്യ ഭക്ഷ്യവസ്തുക്കൾ പുനഃസ്ഥാപിക്കൽ

ശ്രീ. പി. എസ്. സുപാൽ: സർ, കേരളത്തിലെ 1800-ലധികം വൃദ്ധസദനങ്ങളടക്കമുള്ള അഗതി കേന്ദ്രങ്ങളിലേയ്ക്ക് സൗജന്യ നിരക്കിൽ നൽകിവന്നിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണം കേന്ദ്രസർക്കാർ നിർത്തലാക്കിയതിനെതിരെ സംസ്ഥാനം അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. സമൂഹത്തിന്റെ പിന്തുണയോടുകൂടിയാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. കോവിഡ് കാലത്ത് വലിയ പ്രതിസന്ധിയാണ് ഇത്തരം സ്ഥാപനങ്ങൾ നേരിട്ടതെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. ബാലഭവനുകളും അഭയഭവനുകളുമടക്കമുള്ള അഗതി കേന്ദ്രങ്ങളിലേയ്ക്ക് പൊതുവിതരണ വകുപ്പ് സൗജന്യമായി നൽകിയിരുന്ന അരിയുടെയും ഗോതമ്പിന്റെയും വിതരണം നിലവിൽ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. വെൽഫെയർ സ്കീമിൽപ്പെടുത്തിയാണ് അരിയും ഗോതമ്പുമെല്ലാം കേന്ദ്രത്തിൽനിന്നും ലഭിച്ചിരുന്നത്. പ്രസ്തുത വെൽഫെയർ സ്കീമിൽനിന്നും കേന്ദ്രവിഹിതം ഉണ്ടാകില്ലെന്നതരത്തിലാണ് ഇപ്പോൾ അറിയിപ്പ് ലഭിച്ചിരിക്കുന്നത്.

ഭക്ഷ്യവസ്തുക്കൾ സൗജന്യ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന ഏകദേശം 1800-ലധികം സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. ഭിന്നശേഷിക്കാരുടെ താമസ കേന്ദ്രങ്ങൾ, ബാലഭവനുകൾ, അഭയ ഭവനുകൾ, പാലിയേറ്റീവ് കെയർ സെന്ററുകൾ എന്നിവിടങ്ങളിൽ കഴിയുന്ന നിരാലംബരായ ആയിരക്കണക്കിനുപേരുടെ അന്നമാണ് കേന്ദ്രസർക്കാർ ഇതിലൂടെ മുടക്കുന്നത്. കേരളത്തിലെ അഗതി കേന്ദ്രങ്ങളിലേയ്ക്ക് സൗജന്യ നിരക്കിൽ നൽകിവന്നിരുന്ന ഭക്ഷ്യവസ്തുക്കളുടെ വിതരണം നിർത്തലാക്കിയ കേന്ദ്ര തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട പുനലൂർ അംഗം സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഈ വിഷയം വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. മന്ത്രിമാരും ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാരും ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ മുതലായ ക്ഷേമസ്ഥാപനങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ മറ്റ്

പിന്നാക്കവിഭാഗക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്കുമാണ് വെൽഫെയർ സ്കീം പ്രകാരം ഭക്ഷ്യധാന്യങ്ങൾ നൽകിവരുന്നത്. പ്രസ്തുത സ്ഥാപനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 10.50 കിലോഗ്രാം അരി 5.65 രൂപ നിരക്കിലും 4.50 കിലോഗ്രാം ഗോതമ്പ് 4.15 രൂപ നിരക്കിലുമാണ് നൽകിവരുന്നത്. സംസ്ഥാനത്ത് അംഗീകാരമുള്ള ക്ഷേമസ്ഥാപനങ്ങൾക്കാണ് കേന്ദ്രസർക്കാരിന്റെ ദർപ്പൺ സോഫ്റ്റ്‌വെയർവഴി വെൽഫെയർ പെർമിറ്റ് അനുവദിച്ചിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിലെ ആദ്യ അലോട്ട്മെന്റിനുശേഷം നാളിതുവരെ വെൽഫെയർ സ്കീമിൽ കേന്ദ്രസർക്കാർ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടില്ല. മന്ത്രിയെന്ന നിലയിൽ ഞാൻ നേരിട്ട് ഈ വിഷയം പലതവണ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഏറ്റവും അവസാനമായി 2022 ഫെബ്രുവരി 26-ന് ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിന് കത്ത് നൽകുകയുമുണ്ടായി. ഇതിന് മറുപടിയായി കേന്ദ്രമന്ത്രിയുടെ 2022 മാർച്ച് 23-ലെ കത്ത് സംസ്ഥാനത്തിന് ലഭിച്ചിരുന്നു. പലവിധമായ സാങ്കേതിക തടസ്സങ്ങളാണ് കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പട്ടിണി മാറ്റുന്നതിനായി സംസ്ഥാന സർക്കാർ ടി കാലയളവിൽ 2837.885 മെട്രിക് ടൺ അരിയും

736.027 മെട്രിക് ടൺ ഗോതമ്പും വിതരണം ചെയ്തിട്ടുണ്ട്. ഇതിലൂടെ സംസ്ഥാനത്തിന് 1,65,00,000/- രൂപയുടെ അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ വൃദ്ധസദനങ്ങൾ, അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ, കന്യാസ്ത്രീ മഠങ്ങൾ തുടങ്ങിയ അംഗീകാരമുള്ള വെൽഫെയർ സ്ഥാപനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ തുടർന്നും അനുവദിക്കണമെന്ന് തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. വെൽഫെയർ സ്കീം പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ അനുവദിക്കുന്നതുവരെ ടൈഡ് ഓവർ വിഹിതമായി സംസ്ഥാനത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് മുൻപ് നൽകിയിരുന്ന തോതിൽ ഈ മാസം മുതൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതാണ്. ടൈഡ് ഓവർ വിഹിതമായി കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന ഗോതമ്പ് നിർത്തലാക്കിയ സാഹചര്യത്തിൽ പകരം അരി നൽകുന്നതാണ്.

(4) <u>മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന തൃശ്ശൂർ ജില്ലയിലെ രണ്ട് ആശുപത്രികളിലൊന്നാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രി. ഈ വകുപ്പിനുകീഴിലുള്ള

സംസ്ഥാനത്തെ ഏക നെഞ്ചുരോഗാശുപത്രി കൂടിയാണിത്. ഈ ആശുപത്രിയോടൊപ്പം ഒരു ആയുർവ്വേദ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള 53000 തൊഴിലാളികളും അവരുടെ ആശ്രിതരും ഈ ആശുപത്രിയിൽ ചികിത്സയ്ക്കായി വിവിധ സമയങ്ങളിൽ എത്തുന്നുണ്ട്. നിലവിൽ 110 കിടക്കകളും 90-ഓളം ജീവനക്കാരുമാണ് അവിടെയുള്ളത്. കിടക്കകളുടെ എണ്ണവും വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയുർവ്വേദ വിഭാഗത്തിൽ നിലവിലുള്ള 20 കിടക്കകൾ 30 കിടക്കകളായി വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്, അത് നടപ്പാക്കണം. ഈ ആശുപത്രിയിൽ 5 കിടക്കകളോടുകൂടിയ ഒരു ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായി. ഇത് പ്രവർത്തിപ്പിക്കാൻ 4 ഡയാലിസിസ് ടെക്നീഷ്യന്മാർ ആവശ്യമാണ്. ടെക്നീഷ്യന്മാരുൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കേണ്ടതുണ്ട്. ഇപ്പോൾ ആശുപത്രിയിലെ ഒരു കുളത്തിൽനിന്നാണ് ദൈനംദിനാവശ്യങ്ങൾക്കുള്ള വെള്ളമെടുക്കുന്നത്. ഈ കുളത്തിനടുത്തുകൂടി കനാലുകളും മറ്റും ഒഴുകുന്നുണ്ട്, ഇത് കുളത്തിലെ വെള്ളം മലിനമാക്കുന്നു. വേനൽക്കാലത്ത് കുളം വറ്റിപ്പോകുന്ന നിലയുമുണ്ട്. ആയതിനാൽ

ഇ.എസ്.ഐ. ആശുപത്രിയിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന് തൊട്ടടുത്താണ് മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രി. മെഡിക്കൽ കോളേജിനായി വാട്ടർ അതോറിറ്റി രൂപപ്പെടുത്തുന്ന കുടിവെള്ള പദ്ധതികളിൽ ഈ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ജൽ ജീവൻ പദ്ധതിയിൽ ഈ ആശുപത്രിയെ ഉൾപ്പെടുത്താവുന്നതാണ്. നിലവിലുള്ള വാട്ടർ അതോറിറ്റി ലൈനിൽനിന്നും 200 മീറ്റർ പൈപ്പ്ലൈൻ വലിച്ച് വെള്ളം ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലേബർ ഡിപ്പാർട്ടുമെന്റിന് മുന്നിലുണ്ട്. ഇത് ഉടൻ അനുവദിക്കുകയാണെങ്കിൽ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും. സമീപത്ത് സ്ഥിതിചെയ്യുന്ന പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയെ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. നെഞ്ചുരോഗാശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയാക്കിയാൽ തൊഴിലാളികൾക്ക് കൂടുതൽ ഗുണം ചെയ്യും. നിലവിൽ ഈ ആശുപത്രിയിൽ ജനറൽ മെഡിസിനും പൾമണറി വിഭാഗവും ആയുർവ്വേദ വിഭാഗവും മാത്രമാണ് പ്രവർത്തിക്കുന്നത്. 110 കിടക്കകളുള്ള ഈ ആശുപത്രിയെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കൂടുതൽ

സ്പെഷ്യലിസ്റ്റുകളെ നിയമിക്കുന്നതുവഴി രോഗികൾക്ക് സേവനം നൽകുന്നതിന് കഴിയും. ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അഞ്ച് ഫീഡിംഗ് ഡിസ്പെൻസറികളടങ്ങുന്ന മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 54102 തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ചികിത്സ തേടുന്നുണ്ട്. നിലവിൽ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ അലോപ്പതി വിഭാഗത്തിൽ 90 കിടക്കകളും ആയുർവ്വേദ വിഭാഗത്തിൽ 20 കിടക്കകളുമുൾപ്പെടെ 110 കിടക്കകളാണുള്ളത്. പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി നാല് ഡയാലിസിസ് ടെക്നീഷ്യന്മാരുടെ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലെ ആയുർവ്വേദ വിഭാഗത്തിൽ നിലവിലുള്ള 20 കിടക്കകൾ 30 കിടക്കകളായി ഉയർത്തുന്നതിന് 31-05-2018-ൽ നടന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചു. ആയതിലേയ്ക്കാവശ്യമായ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. അലോപ്പതി വിഭാഗത്തിൽ നിലവിലുള്ള 90 കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന

വിഷയം ഇപ്പോൾ പരിഗണനയിലില്ല. ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി നിലവിൽ പാലക്കാട് ഇ.എസ്.ഐ. ആശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയാണ്. പ്രസ്തുത ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, അനസ്തേഷ്യോളജി എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. മുളങ്കുന്നത്തുകാവ് ആശുപത്രിയിൽ നിലവിൽ ജനറൽ മെഡിസിൻ, പൾമണോളജി, റേഡിയോളജി, ദന്തൽ വിഭാഗങ്ങൾ മാത്രമാണുള്ളത്. മുളങ്കുന്നത്തുകാവ് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സ കുറവായതിനാൽ ഷൊർണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറി പാലക്കാട് ഇ.എസ്.ഐ. ആശുപത്രിയുടെ ഫീഡിംഗ് ഡിസ്പെൻസറിയായി തുടരുന്നതാണ് അഭികാമ്യം. ജൽ ജീവൻ പദ്ധതി ഉപയോഗിച്ച് പൈപ്പ്ലൈൻ കണക്ഷൻ മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിലേയ്ക്ക് എത്തിച്ചുനൽകണമെന്ന് ആശുപത്രി സൂപ്രണ്ട് കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ഇ.എസ്.ഐ. കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്. വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇ.എസ്.ഐ. ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട എം.എൽ.എ.-യും അവിടത്തെ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാരവാഹികളുമായി ചേർന്ന് ഒരു യോഗം സംഘടിപ്പിക്കാമെന്നുള്ള കാര്യംകൂടി അറിയിക്കുകയാണ്.

## (5) സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നത് സംബന്ധിച്ച് പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടത്തിന്റെ ഭാഗമായി ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് കടന്നുവരുന്ന കാലമാണിത്. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് വലിയ പരിശ്രമമാണ് നടത്തിവരുന്നത്. സംസ്ഥാനത്തെ ചില എൽ.പി., യു.പി. സ്കൂളുകൾ ഇന്നനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ് ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് സ്വന്തമായി ഭൂമിയില്ലെന്നുള്ളത്. സംസ്ഥാനത്തെ 105 സ്കൂളുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സ്വകാര്യ/വാടക ഭൂമിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്കൂളുകളിലെ ഭൗതികസൗകര്യം മെച്ചപ്പെടുത്താൻ സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ സാധിക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. കെട്ടിട ഉടമസ്ഥരിൽ പലരും

സ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിനാവശ്യമായ മെയിന്റനൻസ് നടത്തുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ കന്നൂർ ജി.യു.പി. സ്കൂൾ കെട്ടിടം നിലവിൽ അൺഫിറ്റായി പ്രഖ്യാപിച്ചതിനാൽ കുട്ടികളെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റേണ്ട സാഹചര്യമുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ ബാലുശ്ശേരി ജി.എൽ.പി. സ്കൂൾ, ഉള്ള്യേരി ജി.എൽ.പി. സ്കൂൾ, പള്ളിയോത്ത് ജി.എൽ.പി. സ്കൂൾ, ഉണ്ണികുളം ജി.എം.എൽ.പി. സ്കൂൾ തുടങ്ങിയവ സ്വന്തമായി സ്ഥലമില്ലാത്തതുകൊണ്ട് വലിയ പരിമിതിയാണ് നേരിടുന്നത്. മികവാർന്ന വിദ്യാഭ്യാസം നൽകുന്നതിനായി പ്രാഥമിക വിദ്യാലയങ്ങളിൽ മികച്ച ഭൗതിക സൗകര്യമൊരുക്കേണ്ടതുണ്ട്. 2019-ലെ ബഡ്ജറ്റിൽ ഭൂമിയില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. വിദ്യാലയങ്ങൾക്ക് ഭൂമിയില്ലാത്ത പ്രശ്നം പരിഹരിക്കുന്നതിനായി കിഫ്ബിയിലുൾപ്പെടുത്തി പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥല പരിമിതമായതോ ആയ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി ഫണ്ട് അനുവദിക്കുന്നതിന് ഒരു

പദ്ധതി രൂപീകരിക്കണമെന്ന് 2019-ലെ ബഡ്ജറ്റ്, ഖണ്ഡിക 104-ൽ സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന പ്രഖ്യാപനം നടന്നിട്ടില്ല. പ്രസ്തുത പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് അർഹമായ സ്കൂളുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. കന്നൂർ ഗവൺമെന്റ് യു.പി. സ്കൂൾ ഭാഗികമായി സ്വകാര്യ ഭൂമിയിൽ വാടക നൽകിയാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത സ്കൂൾ പ്രവർത്തിച്ചുവരുന്ന വാടകക്കെട്ടിടത്തിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാൽ നടപ്പുവർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായില്ല. സ്വകാര്യ ഭൂമിയിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത സ്കൂൾ കെട്ടിടത്തിന് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പരിമിതികളുള്ളതിനാൽ സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശ്രമം നടത്തിയിരുന്നു. എന്നാൽ പ്രസ്തുത ഭൂമി അഞ്ച് വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതിനാലും ആയതിന്റെ പേരിൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാലും ഭൂമിയേറ്റെടുക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഉള്ള്യേരി വില്ലേജിൽ കന്നൂർ ദേശത്ത് റീസർവ്വേ 18/3-ൽപ്പെട്ട 60 സെന്റ് സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ

പരിശോധിച്ചുവരുന്നു. ഫിറ്റ്നസില്ലാത്ത കെട്ടിടങ്ങളിൽ സ്കൂൾ പ്രവർത്തിക്കാൻ പാടില്ലെന്ന വ്യവസ്ഥ കർശനമായി പാലിച്ചുകൊണ്ട് നിലവിൽ പ്രസ്തുത സ്കൂളിലെ ക്ലാസ്സുകൾ ഫിറ്റ്നസ് ലഭ്യമായ മറ്റ് കെട്ടിടങ്ങളിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ അദ്ധ്യയനം നടത്തിവരികയാണ്. സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലം അപര്യാപ്തമായതോ ആയ സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്ന പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും പ്രസ്തുത ഫണ്ട് കിഫ്ബിയിലൂൾപ്പെടുത്തി അനുവദിക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

## (6) പള്ളിമുക്ക്-ഇളമ്പള്ളൂർ മേൽപ്പാലം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ ഗുരുതരമായ ഗതാഗതക്കുരുക്കുമായി ബന്ധപ്പെട്ട പ്രശ്നം രണ്ടാമത്തെ തവണയാണ് ഞാൻ ഈ സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2021 ജൂൺ മാസത്തിലെ സമ്മേളനത്തിലും ഈ വിഷയം അവതരിപ്പിച്ചിരുന്നു. കുണ്ടറയിലെ ഗതാഗതക്കുരുക്ക് ഗതാഗത പ്രശ്നം എന്നതിനപ്പുറത്തേയ്ക്ക് മനുഷ്യാവകാശ പ്രശ്നമായി മാറിയിരിക്കുകയാണ്. കാരണം അവിടത്തെ റെയിൽവേ ഗേറ്റിനപ്പുറത്താണ് ആശുപത്രി, ഫയർ സ്റ്റേഷൻ, പോലീസ് സ്റ്റേഷൻ തുടങ്ങിയവ

പ്രവർത്തിക്കുന്നത്. ഗുരുതരമായ രോഗികളുമായി വരുന്ന ആംബുലൻസുകൾ റെയിൽവേ ഗേറ്റിനപ്പുറത്ത് കുടുങ്ങിക്കിടക്കുന്നതുമൂലം രോഗികളുടെ ജീവൻ അപായപ്പെടുന്ന അവസ്ഥപോലുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. 39.86 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി ആർ.ബി.ഡി.സി.കെ. (Roads and Bridges Development Corporation of Kerala)-യെ ചുമതലപ്പെടുത്തി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സ്ഥലമെടുപ്പിന് നടപടികൾ ആരംഭിച്ചതാണ്. 25-07-2020-ൽ 447 കോടി രൂപയുടെ കിഫ്ബി പ്രോജക്ട് വന്നതുകാരണമാണ് ഈ പദ്ധതി തൽക്കാലം ഫ്രീസ് ചെയ്യപ്പെട്ടത്. കിഫ്ബി പ്രോജക്ട് കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്)-യുടെ ചുമതലയിലാണെന്നും അവർ ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുകയാണെന്നും കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മന്ത്രി പോസിറ്റീവായിത്തന്നെ മറുപടി നൽകിയിരുന്നു. കിഫ്ബിയും നിയോജകമണ്ഡലത്തിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടുത്തി നിരന്തരമായി റിവ്യൂ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലത്തുനിന്ന്

ആരംഭിക്കുന്ന 1,000 കോടി രൂപയുടെ റോഡ് വികസന പദ്ധതിയിൽ ഇത് ക്ലബ്ബ് ചെയ്യുകയാണെന്നാണ് അവസാനം അറിയാൻ കഴിഞ്ഞത്. എന്നാൽ ഇവിടെ അത്തരം കാലതാമസങ്ങൾ സഹിക്കാൻ കഴിയില്ല. കാരണം എന്റെ നിയോജകമണ്ഡലത്തിലെ ജനതയാകെ ഈ ഗതാഗതക്കുരുക്കിൽ ശ്വാസംമുട്ടുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിനും അറിവുള്ളതാണ്, അങ്ങും അതുവഴി സഞ്ചരിക്കുന്നയാളാണ്. ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും കൊല്ലത്തുള്ള എല്ലാവർക്കുമറിയാവുന്ന കാര്യമാണ് കുണ്ടറയിലെ ഗതാഗതക്കുരുക്ക്. മണിക്കൂറുകളോളമാണ് ജനങ്ങൾ ഇതിൽപ്പെട്ട് വലയുന്നത്. റെയിൽവേ മേൽപ്പാലത്തിന്റെ General Arrangement Drawing (GAD) 19-12-2017-ൽ അപ്രൂവ് ചെയ്തിട്ടുള്ളതാണ്. 40 കോടി രൂപയുടെ എ.എസ്.-ഉം ഉണ്ട്. പള്ളിമുക്കിലും ഇളമ്പള്ളൂരിലും മുക്കടയിലുമാണ് മേൽപ്പാലത്തിന്റെ ആവശ്യമുള്ളത്. എ.എസ്. ലഭിച്ചതിന്റെ നിർമ്മാണമെങ്കിലും അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ വിഷയത്തിൽ ഞാനും ബഹുമാനപ്പെട്ട എൻ. കെ. പ്രേമചന്ദ്രൻ, എം.പി.യും അങ്ങേയ്ക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടിയുണ്ടാകണമെന്ന്

അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. പി. സി. വിഷ്ണുനാഥ്, അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ കുണ്ടറ-പള്ളിമുക്ക് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. ഈ വിഷയം മുൻപ് ചർച്ച ചെയ്തതും വളരെ പോസിറ്റീവായ സമീപനം സ്വീകരിച്ചിട്ടുള്ളതും തുടർന്നും അങ്ങനെ ചെയ്യുന്നതുമാണ്. പ്രസ്തുത ആർ.ഒ.ബി.-ക്ക് 27-09-2016-ൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയതിന്റെ ഭാഗമായി ദേശീയപാതാ വിഭാഗം ഭാഗികമായി സർവ്വേ നടപടികൾ നടത്തിയിരുന്നു. 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിലവിലുള്ള കൊല്ലം-ചെങ്കോട്ട പാത നവീകരണത്തിനുള്ള പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. എല്ലാവർക്കും സ്വീകാര്യമായ ആ പദ്ധതി കിഫ്ബി ഫണ്ടുപയോഗിച്ചാണ് നിർമ്മിക്കുന്നത്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട യോഗം മന്ത്രിതല സാന്നിദ്ധ്യത്തിൽ ചേർന്ന് പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തിരുന്നു. കിഫ്ബി പ്രവൃത്തിയിലെ ഭാഗങ്ങൾ, കുണ്ടറ-പള്ളിമുക്ക് ആർ.ഒ.ബി. പ്രവൃത്തിയുമായി ഓവർലാപ് ചെയ്യുമെന്നതുകൊണ്ട് ഡിസൈൻ

വിഭാഗത്തിന് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കൈമാറി തുടർനടപടി സ്വീകരിച്ചുവരികയാണ്. ഓവർലാപ്പിംഗ് വന്നാൽ ഒരേ വർക്ക് രണ്ട് പദ്ധതികളിൽ വരുന്ന പ്രശ്നമുണ്ട്. ഇളമ്പള്ളൂർ മേൽപ്പാലം നിലവിൽ പരിഗണനയിലില്ല. പക്ഷേ അദ്ദേഹം ശ്രദ്ധയിൽപ്പെടുത്തിയ വിഷയം വളരെ ഗൗരവമുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമായി ഒരു ചർച്ച നടത്താം. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഒരു യോഗം വിളിച്ചുചേർത്ത് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നത് സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. അതുപോലെ കുണ്ടറയിൽ മാത്രമല്ല എല്ലാ സ്ഥലത്തും ഗതാഗതക്കുരുക്കുണ്ട് എന്നതൊരു വസ്തുതയാണ്. ഭാവി കേരളം നേരിടാൻ പോകുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് ഗതാഗതക്കുരുക്ക്. രാജ്യത്തെ ഏറ്റവും കൂടുതൽ വാഹനപ്പെരുപ്പവും ജനസാന്ദ്രതയും കേരളത്തിലാണെന്നതാണ് അതിന് കാരണം. ഇതിനനുസരിച്ച് ചില കാര്യങ്ങളിൽ എല്ലാവരും ഒത്തൊരുമിച്ച് പോകണമെന്നുകൂടി പ്രത്യേകം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

## (7) തിരുവല്ല-മല്ലപ്പള്ളി റോഡ് റീ-ടാറിംഗ്

ശ്രീ. മാത്യു ടി. തോമസ്: സർ, തിരുവല്ലയും മല്ലപ്പള്ളിയും എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് താലൂക്ക് കേന്ദ്രങ്ങളാണ്. ഇവയെ തമ്മിൽ

ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ്. എന്റെ അഭ്യർത്ഥനയനുസരിച്ച് 2016-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പ്രസ്തുത റോഡ് നവീകരണം ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും കിഫ്ബി പദ്ധതിയായി ഏറ്റെടുക്കുകയും ചെയ്തു. 83 കോടി രൂപയുടെ പ്രോജക്ടാണ് തയ്യാറാക്കിയത്. 2016-ൽ ഇത് പ്രഖ്യാപിച്ചെങ്കിലും സ്ഥലമെടുപ്പ് നടപടികൾക്കായി കാലതാമസം നേരിടുകയാണ്. കിഫ്ബി പദ്ധതികളുടെ സ്ഥലമെടുപ്പിനുവേണ്ടി കായംകുളത്ത് ഇപ്പോൾ ഒരു യൂണിറ്റ് തുടങ്ങിയെങ്കിലും അവിടെ ഒരു സർവ്വേയറെയുള്ളൂ. അതുകൊണ്ട് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നോട്ടിഫിക്കേഷൻ നൽകാൻ ഒരു വർഷംകൂടി വേണ്ടിവരും. ഈ റോഡിൽ സാധാരണ ചെയ്യുന്ന പി.ഡബ്ല്യൂ.ഡി. റിപ്പെയർ വർക്കുകളുമായി ബന്ധപ്പെട്ട് കുഴികളടയ്ക്കുകയല്ലാതെ റീ-ടാറിംഗ് നടക്കുന്നില്ല. അതിനാൽ റോഡ് വളരെ പരിതാപകരമായ അവസ്ഥയിലാണ്. കിഫ്ബി പദ്ധതിയുടെ എസ്.പി.വി. ആയ RICK (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്)-നെക്കൊണ്ട് അത് ചെയ്യാൻ സാധിക്കില്ലെങ്കിൽ മറ്റെന്തെങ്കിലും സംവിധാനം ആലോചിച്ച് പ്രസ്തുത റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കണം. എന്നാൽ അത് ചെയ്യുന്നതിനുമുമ്പ് അത്യാവശ്യമായി റോഡ് റീ-ടാറിംഗ് നടത്തി

ഗതാഗതയോഗ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതുമായ റോഡുകൾ ഗതാഗതയോഗ്യമാക്കാനുള്ള നടപടികളുമായി ബന്ധപ്പെട്ട വിഷയമാണ്. ഈ വിഷയം രണ്ട് സമ്മേളനങ്ങൾക്കുമുമ്പ് ഗൗരവമായി ചർച്ച ചെയ്തതാണ്. എന്നാൽ അതിൽ പോസിറ്റീവായ കുറേയേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കിഫ്ബിയുമായി നടത്തിയ ചർച്ചകൾക്കുശേഷം ഇത്തരം റോഡുകളിൽ താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തേണ്ടതിന്റെ അനിവാര്യത കൃത്യമായി ബോധ്യപ്പെടുത്താനും അവയ്ക്ക് തുക അനുവദിക്കാനും സാധിച്ചു. സഭയിലൂടെ ഉയർന്നുവന്ന ചർച്ചയും വികാരവുമായിരുന്നു അത്. കിഫ്ബി ഈ വിഷയത്തിൽ വളരെ പോസിറ്റീവായ നിലപാട് പിന്നീട് സ്വീകരിച്ചു. ശ്രീ. മാത്യു ടി. തോമസ് പറഞ്ഞ പ്രവർത്തനം നടത്തിയിട്ടുള്ളത് KRFB-PMU (Kerala Road Fund Board-Project Management Unit) വഴിയാണ്. തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ നവീകരണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി

ഉത്തരവിറക്കിയതുമാണ്. അതിന്റെ പ്രവൃത്തി നിർവ്വഹണ ചുമതല RICK-നാണ്. റോഡിന്റെ നിലവിലെ സാഹചര്യം പരിശോധിച്ച് ഗതാഗതയോഗ്യമാക്കാനുള്ള നടപടി ആലോചിക്കണമെന്നും കിഫ്ബിയുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർനടപടി കൈക്കൊള്ളണമെന്നും RICK എം.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(8) തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ്

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് കിഫ്ബിയുടെ ഫുൾ ഡെപ്ത് റെക്ലമേഷൻ (എഫ്.ഡി.ആർ.) സാങ്കേതികവിദ്യ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കണമെന്നാണ് എന്റെ സബ്മിഷൻ. ദേശീയപാത 66-ൽനിന്നും സംസ്ഥാനപാതയായ പരപ്പനങ്ങാടി-അരീക്കോട് റോഡിൽനിന്ന് കാലിക്കറ്റ് എയർപോർട്ടിലേയ്ക്കും കോഴിക്കോട് സർവ്വകലാശാലയിലേയ്ക്കുമുള്ള റിംഗ് റോഡാണ് തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ്. സംസ്ഥാനപാതയിൽ ഗതാഗതതടസ്സമുണ്ടാകുമ്പോൾ എയർപോർട്ടിലേയ്ക്കും സർവ്വകലാശാലയിലേയ്ക്കുമെത്താനുള്ള പ്രധാന റോഡാണിത്. പ്രസ്തുത റോഡ് നവീകരണത്തിനായി 2017-ൽ 10 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിച്ചെങ്കിലും കിഫ്ബിയുടെ സ്റ്റാൻഡേർഡ്

ഇല്ലെന്ന കാരണത്താൽ റോഡ് നവീകരണം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിയുടെ നിർവ്വഹണ ചുമതല KRFB-യ്ക്കാണ്. പ്രസ്തുത റോഡിന്റെ പ്രാധാന്യം മനസ്സിലാക്കി കിഫ്ബിയുടെതന്നെ എഫ്.ഡി.ആർ. പദ്ധതിപ്രകാരം തോട്ടശ്ശേരിയറ-ഇല്ലത്തുമാട്-പാത്തിക്കുഴി റോഡ് നവീകരിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുകയും സ്ഥലലഭ്യതയിലെ പോരായ്മ കാരണം പ്രവൃത്തിയിലേയ്ക്ക് കടക്കാതിരിക്കുകയും ചെയ്ത റോഡിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷൻ ഉന്നയിച്ചത്. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ പല നിയോജകമണ്ഡലങ്ങളിലുമുണ്ട്; സഭയിൽ ഈ വിഷയം മുമ്പ് ചർച്ച ചെയ്തതുമാണ്. നേരത്തെ ഉന്നയിച്ച സബ്മിഷനുകളുടെ മറുപടിയിലും ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടി. പൊതുമരാമത്ത് വകുപ്പിലെ കിഫ്ബി പ്രവൃത്തികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് സഭയിൽത്തന്നെ അംഗങ്ങൾ നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. പൊതുമരാമത്ത് വകുപ്പുദ്യോഗസ്ഥരും കിഫ്ബി ഉദ്യോഗസ്ഥരും ചേർന്ന് ഇത്തരം പരാതികൾ പരിഹരിക്കുമെന്ന് സഭയിൽ ഉറപ്പുനൽകിയതിന്റെ

ഭാഗമായി ഇതുമായി ബന്ധപ്പെട്ട യോഗങ്ങൾ കൃത്യമായി നടന്നുവരുന്നു. കിഫ്ബി പോസിറ്റീവായ സമീപനം സ്വീകരിച്ചതിലൂടെ ഒട്ടനവധി കാര്യങ്ങളിൽ നമുക്ക് മുന്നേറ്റമുണ്ടാക്കാനായി. കിഫ്ബി സാമ്പത്തികാനുമതി നൽകുകയും എന്നാൽ പ്രവൃത്തി ആരംഭിക്കാൻ കഴിയാതിരിക്കുകയും ചെയ്ത റോഡുകൾ ഫുൾ ഡെപ്ത്ത് റെക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉയർന്ന നിലവാരത്തിലേയ്ക്ക് പുനർനിർമ്മിക്കാനുള്ള പദ്ധതി ആരംഭിച്ച വിവരം സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. പഴയ റോഡിളക്കി പൊടിച്ച് അതിൽ സിമെന്റ് മിക്സ് ചെയ്ത് 20 സെന്റീമീറ്റർ കനത്തിലും 25 സെന്റീമീറ്റർ കനത്തിലുമായി രണ്ട് ലെയറാക്കുകയും അതിന് മുകളിൽ 3 സെന്റീമീറ്റർ കനത്തിൽ ബി.സി. (ബിറ്റുമിനസ് കോൺക്രീറ്റ്)-യും ചെയ്യുന്നതിലൂടെ ആകെ 48 സെന്റീമീറ്റർ കനത്തിലാണ് എഫ്.ഡി.ആർ. സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നത്. ഈ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് 30 റോഡുകൾ പുനർനിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ പ്രവൃത്തികൾക്ക് ടെണ്ടർ നടപടികളാരംഭിച്ചു. നിലവിലുള്ള റോഡുകളിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് റോഡ് പുനർനിർമ്മിക്കുന്ന രീതിയെ പോസിറ്റീവായിക്കണ്ട് പ്രോത്സാഹിപ്പിക്കണം. ബഹുമാനപ്പെട്ട അംഗം

ചൂണ്ടിക്കാണിച്ച റോഡ്, കിഫ്ബിയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ച പദ്ധതിയാണ്. ഇത്തരം പദ്ധതികളെക്കൂടി എഫ്.ഡി.ആർ. സാങ്കേതികവിദ്യയിലൂടെ പുനർനിർമ്മിക്കണമെന്ന് കിഫ്ബിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 44 റോഡുകൾ ഇത്തരത്തിൽ നവീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇക്കാര്യത്തിലും കിഫ്ബിയുടെ അനുകൂല തീരുമാനം പ്രതീക്ഷിക്കുകയാണ്. പ്രസ്തുത റോഡ് താൽക്കാലികമായി അറ്റകുറ്റപ്പണി നടത്താൻ തുക അനുവദിച്ചിട്ടുണ്ടെന്ന വിവരം പ്രത്യേകം അറിയിക്കുകയാണ്.

## (9) പേപ്പതി-പാഴൂർ റോഡിന്റെ അലൈൻമെന്റും എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണവും

ശ്രീ. അനൂപ് ജേക്കബ്: സർ, പിറവം-എറണാകുളം സംസ്ഥാനപാതയിൽ പാഴൂർ മുതൽ പേപ്പതി വരെയുള്ള രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള റോഡിൽ അപകടകരമായ വളവുകളുള്ളതിനാൽ അപകടങ്ങളുണ്ടാകുന്നത് പതിവാണ്. അതിനാൽ വളവുകൾ നിവർത്തി പുതിയ അലൈൻമെന്റിൽ റോഡ് സ്ട്രെയിറ്റൻ ചെയ്യണമെന്നതാണ് എന്റെ ആവശ്യം. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ തുടർനടപടികളുണ്ടാകാത്തതിനാലാണ് സബ്മിഷനായി ഈ വിഷയം സഭയിൽ ഉന്നയിക്കുന്നത്. സംസ്ഥാനപാതയിൽ

അപകടകരമായ വളവുകൾ നിലനിൽക്കുന്നത് ആശാസ്യമല്ല. ഇതിന് ആൾട്ടർനേറ്റീവ് അവിടെയുണ്ട്, അതിനായുള്ള സാഹചര്യവുമുണ്ട്. നാറ്റ്പാക് ഇതുമായി ബന്ധപ്പെട്ട് പ്രാഥമിക ഇൻവെസ്റ്റിഗേഷൻ നടത്തിയതല്ലാതെ തുടർനടപടിയുണ്ടായിട്ടില്ല. അതോടൊപ്പം പിറവം ടൗണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി എക്സൈസ് കടവ് പാലം നിർമ്മിക്കുന്നതിനും നടപടിയുണ്ടാകണം. അതിനുവേണ്ട നിവേദനം നൽകിയപ്പോൾ തണ്ണീർത്തടമായതിനാൽ കൃഷി വകുപ്പിൽനിന്നും പരിവർത്തനാനുമതി ലഭിക്കണമെന്നാണ് പൊതുമരാമത്ത് വകുപ്പ് മറുപടി നൽകിയത്. അത് ഫെബ്രുവരി മാസത്തിൽ ലഭിച്ച മറുപടിയാണ്. അതിന്മേലും തുടർനടപടിയുണ്ടായിട്ടില്ല. പ്രസ്തുത പാലത്തിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. പേപ്പതി-പാഴൂർ റോഡിലെ വളവുകൾ നിവർത്തി പുതിയ അലൈൻമെന്റിൽ റോഡുകൾ നിർമ്മിക്കണമെന്നും എക്സൈസ് കടവ് പാലം പൂർത്തിയാക്കാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തൃപ്പൂണിത്തുറ-മൂവാറ്റുപുഴ റോഡിന്റെ

ഭാഗമായ പേപ്പതി-പാഴൂർ റോഡിലെ വളവുകളും കയറ്റവും കുറയ്ക്കണമെന്ന ആവശ്യമാണ് ശ്രീ. അനൂപ് ജേക്കബ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കേണ്ടതുണ്ട്. 14.98 ലക്ഷം രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിന് ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. സാമ്പത്തിക ലഭ്യത പരിശോധിച്ച് എക്സൈസ് കടവ് പാലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**12.01 p.m]**

## VI റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും ആനുകാലിക റിപ്പോർട്ടും

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

## 2. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലും അഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**12.02 p.m]**

## VII ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ

ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2022-2023 | | | | |
|---|---|---|---|---|---|---|
| | | 18.03.2022-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XXX | ഭക്ഷ്യം | 643,40,34,000 | 44,47,56,000 | 1286,80,66,000 | 88,95,13,000 | 1375,75,79,000 |
| XXXI | മൃഗ സംരക്ഷണം | 278,90,55,000 | 15,84,34,000 | 557,81,10,000 | 31,68,67,000 | 589,49,77,000 |
| XXXII | ക്ഷീര വികസനം | 54,55,55,000 | 17,63,35,000 | 109,11,09,000 | 35,26,70,000 | 144,37,79,000 |

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയേയും മൃഗസംരക്ഷണം എന്ന

XXXI-ാം നമ്പർ ധനാഭ്യർത്ഥനയേയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്റ്റ് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: താഴെപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർത്ഥന നമ്പർ XXX – ഭക്ഷ്യം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ഡോ. മാത്യു കുഴൽനാടൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സപ്ലൈകോ ഗോഡൗണുകളിൽനിന്നും റേഷനരി ഉൾപ്പെടെയുള്ളവ കരിഞ്ചന്തയിലേയ്ക്ക് കടത്തുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിതരണ രംഗത്തെ ഓൺലൈൻ സേവനങ്ങൾ കാര്യക്ഷമമായി നടപ്പാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റേഷൻ വിതരണ സംവിധാനത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്കൂളുകൾക്കും അങ്കണവാടികൾക്കും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ ഗുണമേന്മ പരിശോധിക്കാൻ

നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ റേഷൻ കടകൾവഴി

വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻകടകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലും സഞ്ചരിക്കുന്ന റേഷൻ കടകളുടെ സേവനം ഉറപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പട്ടികവിഭാഗങ്ങൾക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിൽ റേഷൻ വ്യാപാരികൾ വീഴ്ച വരുത്തുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭക്ഷ്യസാധനങ്ങൾ, ഭക്ഷ്യഎണ്ണ, നിർമ്മിത ഉല്പന്നങ്ങൾ എന്നിവയുടെ അനിയന്ത്രിതമായ വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായതായും ആയത് തടഞ്ഞ് നിർത്തുന്നതിനും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനും നടപടികൾ സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധന തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിനും അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പര്യാപ്തമായ രീതിയിൽ വിപണി ഇടപെടൽ നടത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുവിപണിയിലെ വിലക്കയറ്റം

തടയാൻ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും ഭക്ഷ്യസാധനങ്ങൾ അനധികൃതമായി കടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1375,75,79,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഉപഭോക്താക്കളുടെ സംരക്ഷണത്തിനായി ഉപഭോക്തൃ ഫോറങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XXXI – മൃഗസംരക്ഷണം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. സണ്ണി ജോസഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മാംസ ഉൽപ്പന്നങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ മേഖലയിൽ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മാംസ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് മാംസ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ

നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പാൽ, മുട്ട, ഇറച്ചി തുടങ്ങിയവയുടെ ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷിക നയത്തിലെ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിക്കുന്ന ശിപാർശകൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിൽ

പ്രഖ്യാപിച്ച ബഡ്ജറ്റ് പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷകഭവനങ്ങളുടെ ജിയോ മാപ്പിംഗ് പൂർത്തീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണവകുപ്പിൽ സംരംഭകത്വം, അടിസ്ഥാനസൗകര്യ വികസനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയ്ക്കായി കർമ്മപദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പക്ഷിപ്പനി ബാധയെ തുടർന്ന് ചത്തുപോയതും കൊന്നൊടുക്കിയതുമായ താറാവുകളുടെയും കോഴികളുടെയും ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗചികിത്സയുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനും മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിനും രാത്രികാല സേവനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാത്രികാല അടിയന്തര മൃഗചികിത്സാ സേവനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എല്ലാ താലൂക്കുകളിലും വെറ്ററിനറി പോളിക്ലിനിക്കുകൾ സ്ഥാപിച്ച് ആധുനിക രീതിയിൽ മൃഗചികിത്സാ സംവിധാനം ഒരുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി മൃഗചികിത്സാ സംവിധാനം പരിഷ്കരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വെറ്ററിനറി സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി സമയബന്ധിത നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും വെറ്ററിനറി ആംബുലൻസ് സൗകര്യം ഏർപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കന്നുകാലി സെൻസസിന്റെ ഭാഗമായി വസ്തുനിഷ്ഠമായ വിവരശേഖരണം നടത്താൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ സ്ഥിതി വിവരക്കണക്കും സാമ്പിൾ സർവ്വേയും സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 589,49,77,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. സിദ്ദിഖ്
2. ഡോ. മാത്യു കുഴൽനാടൻ
3. ശ്രീ. പി. സി. വിഷ്ണുനാഥ്
4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

## ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കാലിത്തീറ്റയുടെ വില വർദ്ധിച്ചതുകാരണം ക്ഷീരകർഷകർ അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവയുടെ മിനറൽ മാപ്പിംഗ് നടത്തുന്നതിനും പോഷക സമൃദ്ധമായ തീറ്റ സമ്പ്രദായം, ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ക്ഷീരവികസനം എന്ന

XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് തീറ്റപ്പുൽ കൃഷിയിടങ്ങളുടെ വിസ്തൃതി വളരെ കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വ്യാവസായികമായി തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനനുയോജ്യമായ കൃഷി മാതൃകകൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർമാർക്കും നോമിനേറ്റഡ് അംഗങ്ങൾക്കും വോട്ടവകാശം നൽകി മിൽമയുടെ മേഖലാ ഭരണസമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000

രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ക്ഷീര കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷകർക്ക് ആവശ്യമായ വൈക്കോൽ ലഭ്യമാക്കുന്നതിനും കാലിത്തീറ്റ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീര വികസന മേഖലയിൽ സ്വയംപര്യാപ്തതയും വൈവിദ്ധ്യവൽക്കരണവും ആധുനികവൽക്കരണവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീര കർഷകരെ സഹായിക്കുന്നതിനായി വീട്ടുപടിക്കൽ ചികിത്സാ യൂണിറ്റുകൾ (മൊബൈൽ ടെലി വെറ്ററിനറി) ആരംഭിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീര കർഷകർക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ട ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീര വികസന മേഖലയിൽ ചെറുകിട ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രാഥമിക ക്ഷീര സംഘങ്ങളുടെ വിറ്റുവരവിന്മേൽ ആദായ നികുതി ഏർപ്പെടുത്തിയ നടപടികൾ തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മിൽക്ക് ഷെഡ് പദ്ധതിയുടെ ഭാഗമായി നല്ലയിനം പശുക്കളെ സർക്കാർ ഗ്യാരന്റിയോടെ വാങ്ങുന്നതിനുള്ള സംവിധാനമൊരുക്കുന്നതിൽ പരാജയപ്പെട്ടതായും പദ്ധതിയുടെ ഭാഗമായ കർഷകർ വഞ്ചിക്കപ്പെടാനിടയായതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,37,79,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഉമ തോമസ്
2. ശ്രീ. സണ്ണി ജോസഫ്
3. ശ്രീ. സനീഷ്കുമാർ ജോസഫ്
4. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
5. ശ്രീ. ടി. ജെ. വിനോദ്

6. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

7. ശ്രീ. റോജി എം. ജോൺ

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്ന് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയേയും അനുകൂലിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയെ ഈ അവസരത്തിൽ അഭിനന്ദിക്കുകയുമാണ്. ഇന്നത്തെ മലയാള മനോരമ ദിനപ്പത്രത്തിലെ എഡിറ്റോറിയൽ പേജിൽ, 'നിരാലംബരുടെ വയറ്റത്തടിക്കുന്നു- അഗതികൾക്കും അനാഥമന്ദിരങ്ങൾക്കും പാലിയേറ്റീവ് കെയർ സെന്ററിലെ അശരണർക്കുമൊക്കെ നൽകിയിരുന്ന ഭക്ഷ്യാനുകൂല്യം നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു' എന്നൊരു വാർത്തയുണ്ടായിരുന്നു. എന്നാൽ ഇത്തരത്തിലുണ്ടാകുന്ന ബാധ്യത കേരള സർക്കാർ ഏറ്റെടുക്കുമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പി. എസ്. സുപാൽ

അവതരിപ്പിച്ച സബ്മിഷന് മറുപടിയായാണ് അദ്ദേഹം ഇക്കാര്യം സൂചിപ്പിച്ചത്. ഇതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ സമീപനവും കരുതലും.

(അദ്ധ്യക്ഷവേദയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ)

കേരളത്തിലെ ജനങ്ങളെ, പ്രത്യേകിച്ച് നിരാലംബരെ ചേർത്തുപിടിക്കാൻ സർക്കാർ കാണിക്കുന്ന ഔത്സുക്യത്തെ അഭിനന്ദിക്കാതിരിക്കാൻ നിവൃത്തിയില്ല. കേരളത്തിൽ 1965-ൽ നിലവിൽവന്ന പൊതുവിതരണ സമ്പ്രദായം (പി.ഡി.എസ്.) വളരെ മാതൃകാപരമായാണ് മുന്നോട്ടുപോയിക്കൊണ്ടിരുന്നത്. എന്നാൽ  നവ ഉദാരവത്കരണ നയങ്ങൾ നിലവിൽ വന്നതോടെ അത് ടാർജറ്റഡ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (റ്റി.ഡി.എസ്.) ആയി മാറുകയും എ.പി.എൽ., ബി.പി.എൽ. തരംതിരിവുകളിലൂടെ ഏകദേശം 55 ശതമാനം ഉപഭോക്താക്കൾ റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽനിന്നും പുറത്താവുകയും ചെയ്തു. 2013-ൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം (എൻ.എഫ്.എസ്.എ.) നിലവിൽ വന്നതോടെ സംസ്ഥാനങ്ങൾക്ക് ലഭിച്ചിരുന്ന റേഷൻ വിഹിതം വീണ്ടും വെട്ടിക്കുറച്ചു. ആ അനുഭവംകൂടി നാം മനസ്സിലാക്കണം. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ പ്രതികൂലമായി ബാധിക്കാവുന്ന ഒരു നിയമമാണത്. 2011-2016

കാലഘട്ടത്തിൽ അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിനെ ശക്തമായി എതിർക്കുന്നതിനോ സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനോ പരിശ്രമിച്ചില്ലെന്ന് മാത്രമല്ല മുൻഗണനാക്രമം അനുസരിച്ചുള്ള ലിസ്റ്റും തയ്യാറാക്കിയില്ല. 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റാണ് അക്കാര്യത്തിൽ സമീപനം സ്വീകരിച്ചതും തുടർന്ന് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിക്കൊണ്ട് മുൻഗണനാക്രമമനുസരിച്ച് ലിസ്റ്റ് തയ്യാറാക്കുകയും റേഷൻ വിഹിതം പുനഃസ്ഥാപിക്കുകയും ചെയ്തത്. ഇതെല്ലാം നമ്മൾ മനസ്സിലാക്കണം. എൻ.എഫ്.എസ്.എ. നിലവിൽവന്നതിനുശേഷം കേരളത്തിൽ 43 ശതമാനം പേർക്കായി മുൻഗണനാനുകൂല്യങ്ങൾ പരിമിതപ്പെട്ടു. എന്നാൽ ബീഹാറിൽ 85.12 ശതമാനവും മദ്ധ്യപ്രദേശിൽ 80.10 ശതമാനവും ഉത്തർപ്രദേശിൽ 79.56 ശതമാനവും പേർക്കാണ് മുൻഗണനാനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. കേരളം എത്രമാത്രം അവഗണിക്കപ്പെടുന്നുവെന്നതിന്റെ തെളിവാണിത്. കേന്ദ്രസർക്കാർ വിഹിതം വർദ്ധിപ്പിക്കാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഈയൊരു പശ്ചാത്തലത്തിൽ കേരളത്തിലെ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് ഇതൊക്കെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് വിലയിരുത്തേണ്ടതാണ്. ഈ സന്ദർഭത്തിലും വിശപ്പുരഹിത

കേരളം സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞുവെന്നുള്ളത് ചെറിയ കാര്യമല്ല. കോവിഡ് മഹാമാരി ലോകത്താകമാനം വ്യാപിച്ചിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. പല തരത്തിലും ഈ ഗവൺമെന്റ് നടത്തിയ നടപടികളെ വിമർശിക്കുന്നുണ്ട്. പക്ഷേ, കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ എൺപത്തിയഞ്ച് ലക്ഷത്തോളംവരുന്ന കുടുംബങ്ങളിൽ 13 പ്രാവശ്യം ഭക്ഷ്യക്കിറ്റ് എത്തിക്കാൻ മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചു. ആവശ്യമായ ഘട്ടങ്ങളിൽ ഈ ഗവൺമെന്റ് അത് തുടരുകയും ചെയ്തു. വിശപ്പുരഹിത കേരളം സൃഷ്ടിക്കുന്നതിൽ വിജയം കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. അതുസംബന്ധിച്ച കണക്കുകൾ ലഭ്യമാണ്. കേന്ദ്രസർക്കാർ പുറത്തുവിട്ട സൂചികപ്രകാരം ഏറ്റവും കുറവ് പട്ടിണിയുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. എന്നാൽ ഇന്ത്യയുടെ പൊതുസ്ഥിതി അതല്ലെന്നത് മനസ്സിലാക്കണം. ലോകത്തുള്ള നൂറ്റിപ്പതിമൂന്നോളം രാജ്യങ്ങളുടെ കണക്കെടുക്കുമ്പോൾ ഇന്ത്യ 101-ാം സ്ഥാനത്ത് നിൽക്കുകയാണ്. വളരെ പരിതാപകരമായ അവസ്ഥയിൽ ഇന്ത്യ നിൽക്കുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായ ഒരു സംസ്ഥാനമായി കേരളത്തിന് മാറാൻ കഴിഞ്ഞു. സ്വിറ്റ്സർലാൻഡാകാൻ കേരളം വെമ്പൽ കൊള്ളുന്നുവെന്ന് നേരത്തെ പ്രതിപക്ഷനേതാവ് കളിയാക്കിക്കൊണ്ട്

പറയുമ്പോൾ ഈ യാഥാർത്ഥ്യങ്ങൾ മറന്നുപോകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സ്കാന്റിനേവിയൻ രാജ്യങ്ങളുടെ രൂപത്തിൽ ആഹ്ലാദകരമായ സമൂഹത്തെ വാർത്തെടുക്കാനുള്ള പരിശ്രമത്തിലാണ് ഈ ഗവൺമെന്റ്. ഏത് വകുപ്പുകൾ പരിശോധിച്ചാലും അതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് കാണാൻ കഴിയും. എന്തിനാണ് നിങ്ങൾ അതിനെ മറച്ചുവയ്ക്കുന്നത്; ഏതെല്ലാം തരത്തിലുള്ള ദ്രോഹങ്ങളാണ് കേന്ദ്രസർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്? മണ്ണെണ്ണയ്ക്ക് ഏറ്റവും ഉയർന്ന വിലയാണ് ഈടാക്കുന്നത്. ഇപ്പോൾ ഒരു ലിറ്റർ മണ്ണെണ്ണയുടെ വില 102 രൂപയിൽ എത്തിനിൽക്കുകയാണ്. നമ്മുടെ നാട്ടിലെ മത്സ്യത്തൊഴിലാളികളും മണ്ണെണ്ണ ഉപഭോക്താക്കളുമെല്ലാം കഷ്ടപ്പെടുകയാണ്. ഇത്തരത്തിൽ കേന്ദ്രസർക്കാർ ശത്രുതാ മനോഭാവമാണ് സ്വീകരിക്കുന്നത്. അതിനെ അതിജീവിച്ചാണ് നമുക്ക് മുന്നോട്ടുപോകേണ്ടിവരുന്നതെന്നുള്ളത് മറന്നുപോകരുത്. ഗോതമ്പിന്റെ കാര്യമെടുത്താലും സ്ഥിതി വ്യത്യസ്തമല്ല. റേഷൻ കടകൾവഴി മൂന്നും നാലും മാസത്തിലൊരിക്കൽ മണ്ണെണ്ണ ലഭിക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറിയിരിക്കുന്നു. ഈ അവസ്ഥയിലും കേരളത്തിലെ ജനങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിലപാടുകളുമായി

മുന്നോട്ടുപോകുന്നുവെന്നുള്ളതാണ് ഗവൺമെന്റിന്റെ നേട്ടം. അതിന് വകുപ്പിനെ ആവർത്തിച്ച് അഭിനന്ദിക്കുകയാണ്. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി കൈവശം വച്ചിരുന്ന മുൻഗണനാ റേഷൻകാർഡുകൾ പിഴയോ ശിക്ഷയോ കൂടാതെ സറണ്ടർ ചെയ്യുന്നതിനുള്ള അവസരം ഗവൺമെന്റ് നൽകി. അക്കാര്യത്തിൽ നല്ല റിസൾട്ടാണ് ലഭിച്ചത്. 14701 എ.എ.വൈ. (അന്ത്യോദയ അന്നയോജന) കാർഡുകൾ (മഞ്ഞ), 90798 പി.എച്ച്.എച്ച്. (പ്രയോറിറ്റി ഹൗസ്ഹോൾഡ്) കാർഡുകൾ (പിങ്ക്), 66813 എൻ.പി.എസ്. (നോൺ-പ്രയോറിറ്റി സബ്സിഡി) കാർഡുകൾ (നീല) എന്നിവയുൾപ്പെടെ 172312 കാർഡുകൾ സർക്കാരിലേയ്ക്ക് ജനങ്ങൾ സ്വമേധയാ സറണ്ടർ ചെയ്തു. അതിന്റെ ഭാഗമായി 153482 കുടുംബങ്ങൾക്ക് കാർഡ് തരംമാറ്റി നൽകാൻ കഴിഞ്ഞുവെന്നുള്ളതാണ് ഗവൺമെന്റിന്റെ നേട്ടം. കൂടാതെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ലക്ഷം മുൻഗണനാകാർഡുകളും നൽകി. അങ്ങനെ ഈ സർക്കാർ 229680 പുതിയ റേഷൻ കാർഡുകൾ (സറണ്ടർ ചെയ്ത റേഷൻ കാർഡുകൾ കൂടാതെ) വിതരണം ചെയ്തുവെന്ന കാര്യം മനസ്സിലാക്കണം. ജനങ്ങളെ സഹായിച്ചുകൊണ്ട് ഏത് പ്രതിസന്ധിയെയും അതിജീവിക്കാനുള്ള കർമ്മ പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുവെന്നതിന്റെ തെളിവാണിത്. എന്നാൽ ഇതൊന്നും

കണ്ടില്ലെന്ന് നടിച്ച് ഗവൺമെന്റിനെതിരെ ആക്ഷേപം ചൊരിഞ്ഞുനിൽക്കുകയാണ് പ്രതിപക്ഷം. പ്രതിപക്ഷത്തിന്റെ കള്ളത്തരങ്ങൾ അനുദിനം വെളിച്ചത്ത് വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ ആർ.എസ്.എസ്.-ബി.ജെ.പി. ബന്ധം കൂടുതൽ സുവ്യക്തമാക്കുന്ന വിവരങ്ങൾ പുറത്തുവരികയാണ്. സി.പി.ഐ.(എം.)-നെ ആക്ഷേപിക്കാൻ വ്യാജ പ്രചരണങ്ങൾ നടത്തുകയാണ്. ഒരു സ്വപ്ന സുരേഷിന്റെ ചുറ്റും കറങ്ങി അതിൽനിന്നും ആരോപണങ്ങൾ ഉയർത്തിയെടുക്കുകയാണ് അവരുടെ ലക്ഷ്യം. കേന്ദ്രസർക്കാരിന് ഈ സംസ്ഥാനത്തോടുള്ള ശത്രുതാ മനോഭാവത്തിന്റെ ഗൗരവം മനസ്സിലാക്കി അതിനെതിരെ പ്രതികരിക്കാതെ അവരുമായി കൂട്ടുകൂടുകയാണ് ചെയ്യുന്നത്. തെരഞ്ഞെടുപ്പുകളിൽ ജയിക്കുന്നതിനായി ഇത്തരം കൂട്ടരുടെ ബാന്ധവം രഹസ്യമായും പരസ്യമായും എല്ലാകാലത്തും സൃഷ്ടിച്ചെടുത്തതിന്റെകൂടി ഭാഗമാണിത്. അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് ഇതെല്ലാം. ആർ.എസ്.എസ്.-ലേയ്ക്കും ബി.ജെ.പി.-യിലേയ്ക്കും വേണ്ടിവന്നാൽ പോകുമെന്ന് പരസ്യമായി പ്രഖ്യാപിച്ച ഒരു നേതാവ് നയിക്കുന്ന പാർട്ടിയാണ് അവരുടേത്. ആ പാർട്ടിയുടെ ഇന്നത്തെ പ്രതിപക്ഷനേതാവ്, അവരുടെ തിണ്ണനിരങ്ങി വോട്ടുപിടിക്കാൻ പോയ വാർത്തകൾ

തെളിവുസഹിതം അവർതന്നെ പുറത്തുവിട്ടിരിക്കുകയാണ്, അതാണ് ഇന്നത്തെ അവസ്ഥ. നിങ്ങളിൽ ആരാണ് ആദ്യം ബി.ജെ.പി.-യിലേയ്ക്കും ആർ.എസ്.എസ്.-ലേയ്ക്കും ചേക്കേറുന്നതെന്നത് സംബന്ധിച്ച് നിങ്ങളുടെ തർക്കംമാത്രമേ ബാക്കിയുള്ളൂ. നിങ്ങൾ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമായി രഹസ്യവും പരസ്യവുമായ ബന്ധത്തിലൂടെയാണ് മുന്നോട്ടുപോകുന്നതെന്ന് എല്ലാവർക്കും മനസ്സിലായി. നമ്മുടെ നാടിന്റെ മതേതര താത്പര്യത്തെയും വികസന സങ്കൽപ്പത്തെയും മുന്നോട്ടുള്ള പ്രയാണത്തെയുമാണ് അത് നശിപ്പിക്കുന്നതെന്ന് നിങ്ങൾ മറന്നുപോകരുത്. കേന്ദ്രസർക്കാർ നടത്തുന്ന തെറ്റായ നയങ്ങൾക്കെതിരെ ഒന്നിച്ചുപോരാടാൻ സന്നദ്ധത പ്രകടിപ്പിക്കാതെ നിങ്ങൾ ജനങ്ങളെ പറ്റിക്കുകയാണ്. അധികാരത്തിനുവേണ്ടി മുസ്ലീം ലീഗ് അതിന് കൂട്ടുനിൽക്കുകയാണ്. പക്ഷേ നിങ്ങളെ വിശ്വസിച്ചുനിൽക്കുന്ന ഒരു സമൂഹത്തെ എത്ര കാലം പറ്റിക്കാൻ കഴിയുമെന്നുകൂടി ആലോചിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

ഒന്നുരണ്ടുകാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിന് അനുവദിക്കുന്ന അരി, പൊതുവിദ്യാഭ്യാസ വകുപ്പുമായി ചർച്ച ചെയ്ത് റേഷൻ കടകൾവഴി വിതരണം ചെയ്യാൻ കഴിഞ്ഞാൽ നല്ലയിനം

അരി കുട്ടികൾക്ക് ലഭിക്കുന്നതിന് ഉപകരിക്കുമെന്ന ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. എൻ.എഫ്.എസ്.എ. നിർദ്ദേശിക്കുന്നതുപ്രകാരം ബ്ലോക്ക്-താലൂക്ക് തലത്തിൽ ശാസ്ത്രീയ രീതിയിലുള്ള ഗോഡൗണുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളിലും ഈ കാലഘട്ടത്തിൽ അഭിവൃദ്ധി കൈവരിച്ചിട്ടുണ്ട്. പാലുൽപ്പാദന രംഗത്തെ പ്രതിസന്ധികൾ പരിഹരിച്ച് ഏകദേശം സ്വയംപര്യാപ്തതയിലെത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. അതുപോലെ രോഗ നിരീക്ഷണത്തിലും നിർണ്ണയത്തിലും പരിശോധനയിലും വിവിധയിനം വാക്സിനുകൾ ഉത്പാദിപ്പിച്ച് മുന്നോട്ടുപോകാൻ ഗവൺമെന്റിന് കഴിയുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പാലോട് IAH&VB (Institute Of Animal Health And Veterinary Biologicals) എന്ന സ്ഥാപനത്തിലൂടെ വാക്സിനുകൾ ഉത്പാദിപ്പിക്കുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിലാണ്. അതിന് മൃഗസംരക്ഷണ വകുപ്പിനെ അഭിനന്ദിച്ചും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയുക്തം എതിർക്കുകയാണ്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ നാൽപ്പത്തിരണ്ട് ലക്ഷം രൂപ ചെലവാക്കി കാലിത്തൊഴുത്ത് നിർമ്മിക്കുന്നുവെന്നത് മാത്രമാണ് ഈ വകുപ്പിന് സന്തോഷിക്കാൻ സാധിക്കുന്ന ഒരേയൊരു കാര്യം. അതിൽ പുളകിതനായാണ് ഞാനിപ്പോൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നത്. തൊഴുത്ത് നിർമ്മിച്ചുകഴിഞ്ഞാൽ നല്ലയിനം പശുക്കളെ വളർത്തി അവയുടെ അമർച്ച കേട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിന് തുടർന്നും കുളമ്പുരോഗത്തിനുള്ള സൗജന്യ കുത്തിവയ്പ് ക്ലിഫ് ഹൗസിൽനിന്ന് തുടങ്ങാം. ആവശ്യമെങ്കിൽ എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിൽനിന്ന് കോടനാട് കുള്ളൻ, കുട്ടനാട് കുള്ളൻ തുടങ്ങിയ നല്ലയിനം പശുക്കളെ സൗജന്യമായി നൽകുകയും ചെയ്യാം. അധികാരം വിട്ടൊഴിയുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊണ്ടുപോകാൻ ഒരു പശുക്കുട്ടിയെങ്കിലുമുണ്ടാകട്ടെയെന്ന് കരുതിയാണ് പശുക്കളെ സൗജന്യമായി നൽകാമെന്ന് പറയുന്നത്.

കാർഷികമേഖലയിൽ ഒരു ശതമാനം വളർച്ച കൈവരിക്കണമെങ്കിൽ മൃഗസംരക്ഷണമേഖലയിൽ 2.25% വളർച്ച കൈവരിക്കണം. കാർഷികമേഖലയിൽ ഒരു ശതമാനം വളർച്ച കൈവരിക്കുന്നതിനേക്കാൾ എളുപ്പമാണ് മൃഗസംരക്ഷണമേഖലയിൽ 2.25% വളർച്ച

കൈവരിക്കുകയെന്നത്. പക്ഷേ മൃഗസംരക്ഷണ-ക്ഷീരവികസന മേഖലകളിലെ സാധ്യതകളെ സംസ്ഥാന ഗവൺമെന്റ് വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ലെന്നതാണ് പരമപ്രധാനം. 1960-കളിൽ ഇൻഡോ-സ്വിസ് പ്രോജക്ട് പ്രകാരം സങ്കര പ്രജനനം വഴിയുണ്ടായ നേട്ടം തുടർന്നുകൊണ്ടുപോകാൻ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കഴിഞ്ഞില്ലെന്നുള്ളത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേകം പരിശോധിക്കണം. കർഷക ആത്മഹത്യകളുമായി ബന്ധപ്പെട്ട് ഹൈദരാബാദിലെ National Institute of Agricultural Extension Management നടത്തിയ പൊതുപഠനത്തിൽ ക്ഷീര-മൃഗസംരക്ഷണ മേഖലയിൽനിന്നുള്ള ആത്മഹത്യയുടെ എണ്ണം കുറവാണെന്നും കൃഷിയുമായി ബന്ധപ്പെട്ട മേഖലയിലാണ് കൂടുതൽ ആത്മഹത്യകൾ നടക്കുന്നതെന്നും കണ്ടെത്തി. അതുകൊണ്ട് മൃഗസംരക്ഷണ മേഖലയ്ക്ക് പ്രാധാന്യം നൽകിയാൽ നമുക്ക് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാൻ കഴിയും. ഞാനൊരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. കാർഷിക മേഖലയിൽ കൃഷിക്കാരന് ഒരു വർഷം ലഭിക്കുന്നത് 120 തൊഴിൽ ദിനങ്ങൾ മാത്രമാണ്. കാരണം മഴയും മറ്റ് പ്രകൃതിക്ഷോഭങ്ങളും കാരണം കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നില്ല. എന്നാൽ മൃഗസംരക്ഷണമേഖലയിൽ ഒരു

വർഷം 365 തൊഴിൽ ദിനങ്ങൾ ലഭിക്കുമെന്നുള്ള കാര്യം മറക്കരുത്. നിർഭാഗ്യവശാൽ, മൃഗസംരക്ഷണമേഖലയിൽ പ്രത്യേകിച്ച് കന്നുകാലി, ഇറച്ചിക്കോഴി വളർത്തലുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമ്മൾ വേണ്ടത്ര പഠനങ്ങൾ നടത്തുന്നില്ല. അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും ഫണ്ട് വാങ്ങിയെടുക്കുന്ന കാര്യത്തിലും നമുക്ക് പാകപ്പിഴകൾ സംഭവിക്കുന്നുണ്ടെന്നുള്ളതും യാഥാർത്ഥ്യമാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിയാൽ പാവപ്പെട്ട കർഷകർക്ക് ഒരു വർഷം 3,000-4,000 കോടി രൂപവരെ സബ്സിഡി ഇനത്തിൽ നൽകാൻ സാധിക്കും. മൃഗാശുപത്രികൾ ഏറ്റവും കൂടുതലുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികളുണ്ടെങ്കിലും ഫലപ്രദമായ ചികിത്സയ്ക്കുവേണ്ടി കർഷകൻ നെട്ടോട്ടമോടേണ്ട അവസ്ഥയാണ് നിലവിലുള്ളത്. ബ്ലോക്ക്-പഞ്ചായത്ത് അടിസ്ഥാനത്തിൽ മൃഗാശുപത്രികളിൽ രാത്രികാലങ്ങളിലും ചികിത്സാ സൗകര്യമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിലും അതെല്ലാം കടലാസ്സിലൊതുങ്ങി നിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും വലിയ പ്രശ്നം കാലിത്തീറ്റയുടെ വിലവർദ്ധനവാണ്. കഴിഞ്ഞ മുപ്പത് വർഷത്തിനുള്ളിൽ കാലിത്തീറ്റയുടെ വിലയിൽ 255% വർദ്ധനവുണ്ടായി. പക്ഷേ പാലിന്റെ

വിലയിൽ 60% വർദ്ധനവ് മാത്രമേയുണ്ടായുള്ളൂ. അതായത് നമ്മുടെ ഉത്പാദന ചെലവ് വർദ്ധിക്കുകയും വരുമാനം കുറയുകയും ചെയ്യുന്ന സാഹചര്യമാണ്. അതോടൊപ്പം പാലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നില്ലെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. കൂടാതെ കൃഷിക്കാരുമായി ബന്ധപ്പെട്ട് ക്ലസ്റ്റർ അടിസ്ഥാനത്തിലോ കമ്മ്യൂണിറ്റി അടിസ്ഥാനത്തിലോ പുതിയ പദ്ധതികൾ ആരംഭിക്കുന്നില്ലെന്നുള്ളതും പ്രധാനപ്പെട്ട കാര്യമാണ്. നാൽപ്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിലിൽ കേന്ദ്രസർക്കാർ ക്ഷീരമേഖലയ്ക്കെതിരായ തീരുമാനം സ്വീകരിച്ചിരുന്നു. മുൻപ് പാൽ, തൈര്, മോര്, ലെസി തുടങ്ങിയവയ്ക്കൊന്നും ജി.എസ്.ടി. ഉണ്ടായിരുന്നില്ല. പക്ഷേ, ഐസ്ക്രീം, പനീർ തുടങ്ങിയവയ്ക്ക് ചെറിയ തോതിലുണ്ടായിരുന്നു. നമ്മുടെ നാട്ടിലെ പല ആളുകളും തൈര്, മോര്, ലെസി മുതലായവ വിറ്റാണ് ജീവിക്കുന്നത്. ഇപ്പോൾ ഇവയ്ക്കൊക്കെ അഞ്ച് ശതമാനം ജി.എസ്.ടി. ചുമത്തുന്ന നിലയിലേയ്ക്ക് വന്നപ്പോൾ സ്വാഭാവികമായും പാവപ്പെട്ട കർഷകന്റെ വരുമാനം കുറയുമെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപോലെ ക്ഷീരോൽപ്പാദന മെഷിനറികൾക്കുണ്ടായിരുന്ന 12% ജി.എസ്.ടി. 18

ശതമാനമായി വർദ്ധിപ്പിച്ചു. ഇക്കാരണങ്ങളാൽ പാലിന്റെ ഉത്പാദന ചെലവ് വർദ്ധിക്കുകയും വൻകിട കോർപ്പറേറ്റുകൾ കടന്നുവരികയും ചെയ്യുന്നതോടെ ഈ മേഖല ശോഷിക്കുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. കാർഷിക സർവ്വകലാശാലയെ കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫിഷറീസ് സർവ്വകലാശാല എന്നിങ്ങനെ മൂന്നായി വിഭജിച്ചതാണ് മറ്റൊരു പ്രതിസന്ധി. ഈ സർവ്വകലാശാലകളിലെ ഒരു വർഷത്തെ മൊത്തം ചെലവ് നൂറ് കോടിയിലധികം രൂപയാണ്. ഇവയെല്ലാം ഏകോപിപ്പിച്ചാൽ വികസനം ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന് മാത്രമല്ല പാഴാക്കിക്കളയുന്ന ഈ നൂറ് കോടി രൂപ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകാൻ ഉപയോഗിച്ചാൽ വലിയ കാര്യമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ വിദേശ കാർഷിക സർവ്വകലാശാലകളിൽ 25000 കുട്ടികളാണ് പഠിക്കുന്നത്. എന്നാൽ നമ്മുടെ മൂന്ന് സർവ്വകലാശാലകളിലുംകൂടി രണ്ടായിരം കുട്ടികൾ മാത്രമേ പഠിക്കുന്നുള്ളൂ. പി.എച്ച്.ഡി. വരെ പഠിക്കുന്നുവെന്നല്ലാതെ മറ്റുകാര്യങ്ങൾ ഒന്നുംതന്നെയില്ല. ഒരു ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. ജൈവ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു വ്യക്തി ചാണകത്തെക്കുറിച്ച് അന്വേഷിക്കാൻ എവിടെ

പോകണം? ചാണകത്തിനുവേണ്ടി വെറ്ററിനറി സർവ്വകലാശയിലും തീറ്റപ്പുല്ലിനുവേണ്ടി കാർഷിക സർവ്വകലാശാലയിലും മത്സ്യത്തിനുവേണ്ടി ഫിഷറീസ് സർവ്വകലാശാലയിലും പോയി അന്വേഷിക്കണം. അതുകൊണ്ട് ഇവയെല്ലാം ഏകോപിപ്പിച്ച് മികച്ച രീതിയിലുള്ള ഒരു സർവ്വകലാശാലയാക്കുന്നത് ഏറ്റവും പ്രയോജനപ്രദമായിരിക്കുമെന്ന് സൂചിപ്പിക്കുകയാണ്. മുൻപ് കൃഷിയെന്ന് പറയുന്നത് ഒരു സംസ്കാരമായിരുന്നു. ഇന്നത് കാർഷിക ബിസിനസ്സായി മാറിയിരിക്കുകയാണ്. അതുകൊണ്ട് Ready-to-cook, Ready-to-eat, e-market, e-commerce എന്നിവയ്ക്കൊക്കെ പ്രാധാന്യം നൽകി മുന്നോട്ടുപോകണം. 2011-2016-ൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ വെറ്ററിനറി സർവ്വകലാശാല എന്തായിരുന്നുവെന്നും ഇപ്പോൾ അതെന്താണെന്നും ആലോചിക്കണം. അന്നത്തേക്കാൾ മോശമാണ് ഇപ്പോഴത്തെ അവസ്ഥ. നിങ്ങളോട് ഇതൊക്കെ പറഞ്ഞിട്ട് യാതൊരു കാര്യവുമില്ലെന്ന് എനിക്കറിയാം. അതുകൊണ്ട് പ്രതിപക്ഷമായ ഞങ്ങളോടുതന്നെ പറയുന്നത്, നിങ്ങൾ വെറുതെ പിണറായി വിജയൻ ഗവൺമെന്റിനെ ആക്ഷേപിക്കരുതെന്നാണ്. കാരണം പറയുന്നതെല്ലാം ചെയ്യുന്ന ഗവൺമെന്റാണിത്. അതിന് ചില ഉദാഹരണങ്ങൾ പറയാം. 'എയർ കേരള

പദ്ധതി' നടപ്പിലാക്കുമെന്ന് നിങ്ങൾ പറഞ്ഞു, അത് നടപ്പിലാക്കിയല്ലോ; ഇനി എന്തിന് നിങ്ങളെ വിമർശിക്കണം. നിങ്ങൾ സീ-പ്ലെയിൻ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞു, അത് നടപ്പിലാക്കിയല്ലോ; കൊക്കോണിക്സ് ലാപ്ടോപ് വരുമ്പോൾ ആപ്പിൾ കമ്പനി പൂട്ടുമെന്ന് പറഞ്ഞു, ആപ്പിൾ കമ്പനി പൂട്ടിപ്പോയി; എരുമേലിയിൽ വിമാനത്താവളം വരുമെന്ന് പറഞ്ഞു, ഇപ്പോൾ രണ്ട് വിമാനത്താവളങ്ങൾ വന്നു; കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ വരുമെന്ന് പറഞ്ഞു, വയനാട്ടിലും ഇടുക്കിയിലും നാലെണ്ണം വന്നു; രണ്ട് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുമെന്ന് 2017-ൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു, വെറും എട്ടുമാസംകൊണ്ട് അതിനെ ലാഭത്തിലാക്കി; ആലപ്പുഴ ജില്ലയെ സ്വിറ്റ്സർലാൻഡാക്കുമെന്ന് പറഞ്ഞു, 80 ശതമാനം ഭാഗത്തെ സ്വിറ്റ്സർലാൻഡും ബാക്കിയുള്ളതിനെ സിഡ്നിയുമാക്കി; കെ-ഫോൺ പദ്ധതി നടപ്പിലാക്കുമെന്നും അംബാനിയെ കെട്ടുകെട്ടിക്കുമെന്നും പറഞ്ഞു. അംബാനി ഒടുവിൽ 'ആത്മഹത്യ' ചെയ്തു; വെള്ളപ്പൊക്ക പരിഹാരത്തിനായി 'റൂം ഫോർ ദ റിവർ' പ്രോജക്ട് നടപ്പിലാക്കുമെന്ന് പറഞ്ഞു, ഇപ്പോൾ വെള്ളപ്പൊക്കം എന്താണെന്നുപോലും അറിയാത്ത അവസ്ഥയായി; നോക്കുകൂലി നിർത്തലാക്കുമെന്ന് പറഞ്ഞു, സി.ഐ.ടി.യു.-വിനെ പിരിച്ചുവിട്ടു;

75 രൂപയ്ക്ക് ചിക്കൻ തരുമെന്ന് പറഞ്ഞു, ഇപ്പോൾ ചിക്കൻ കഴിച്ച് കഴിച്ച് നമ്മൾ മുട്ടയിടാൻ തുടങ്ങി; മദ്യവർജ്ജനം നടപ്പിലാക്കുമെന്ന് പറഞ്ഞു, ഒരു തുള്ളി മദ്യം മണത്തുനോക്കാൻപോലും ലഭിക്കാത്ത അവസ്ഥയിലായി; സർക്കാർ ആശുപത്രികളെല്ലാം ലോകോത്തര മികവിന്റെ കേന്ദ്രങ്ങളാക്കുമെന്ന് പറഞ്ഞു, ശ്രീ. ജോ ബൈഡൻ ഇന്നലെ വന്ന് മൂലക്കുരുവിന് ചികിൽസിച്ചിട്ട് അമേരിക്കയിലേയ്ക്ക് തിരികെപ്പോയി. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അനാഥാലയങ്ങളും അഗതി മന്ദിരങ്ങളുമുൾപ്പെടെയുള്ള സ്ഥാപനങ്ങളിലേയ്ക്ക് സൗജന്യമായി നൽകിയിരുന്ന ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ നിഷേധിച്ച സാഹചര്യത്തിലും സംസ്ഥാനത്ത് അത് തുടർന്നും നൽകുമെന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ഇന്ന് രാവിലെ സബ്മിഷന് മറുപടിയായി പ്രഖ്യാപിച്ചതിനെ വളരെയേറെ സന്തോഷത്തോടെ ഞാൻ സ്വാഗതം ചെയ്യുകയും ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്യുന്നു. എന്റെ ബഹുമാന്യനായ സുഹൃത്ത് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഭക്ഷ്യവകുപ്പിനെക്കുറിച്ചാണ് പറയാൻ തുടങ്ങിയതെങ്കിലും പൂർണ്ണമായും അതൊഴിവാക്കിക്കൊണ്ടാണ്

സംസാരിച്ചത്. കാരണം, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന ഉത്തമബോധ്യം അദ്ദേഹത്തിനുണ്ടെന്ന് ഞാൻ കരുതുകയാണ്. അദ്ദേഹം പൂർണ്ണമായും കേന്ദ്രീകരിച്ചത് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളിലാണ്. അത് നല്ല കാര്യമാണ്. പക്ഷേ, എപ്പോഴും ഫലിതം പറയുന്ന പ്രത്യേകത അദ്ദേഹത്തിനുള്ളതുകൊണ്ട്, പല കാര്യങ്ങളും അതിനുവേണ്ടി വിനിയോഗിച്ചതല്ലാതെ ഈ വകുപ്പുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകാനോ ഏതെങ്കിലും തരത്തിൽ വിമർശിക്കാനോ അത് ഉപകരിച്ചില്ലെന്നാണ് എനിക്ക് തോന്നുന്നത്.

നവകേരള സൃഷ്ടിക്കായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരമാണെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഏറ്റവും വലിയ പ്രകൃതിദുരന്തങ്ങളും പ്രളയവും കോവിഡുമെല്ലാമുണ്ടായത്. ആ കാലഘട്ടത്തിൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങളെ ചേർത്തുപിടിക്കാനും അവരുടെ രക്ഷയ്ക്കാവശ്യമായ നടപടി സ്വീകരിക്കാനും ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവർക്കുമറിയാം. കേന്ദ്രസർക്കാർ ദേശീയ ഭക്ഷ്യഭദ്രതാ നിയമം പാസ്സാക്കിയെങ്കിലും

അന്നത്തെ യു.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി ആരംഭിക്കാതിരുന്നതും 2016-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ഏറെ ശ്രമകരമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി അത് നടപ്പാക്കിയതും ഇ-പോസ് മെഷീനുൾപ്പെടെ സ്ഥാപിച്ച് മെച്ചപ്പെട്ട രീതിയിൽ റേഷൻ കടകളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് നടപടി സ്വീകരിച്ചതുമെല്ലാം നമുക്കറിയാം. അതിന്റെ തുടർച്ചയെന്ന നിലയ്ക്കാണ് തുടർഭരണം ലഭിച്ച എൽ.ഡി.എഫ്. സർക്കാർ ഈ വകുപ്പ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നതെന്നതും നമുക്കറിയാവുന്ന കാര്യമാണ്. 12 തവണ ഭക്ഷ്യക്കിറ്റുകൾ നൽകുന്നതിനായി 5,600 കോടി രൂപയാണ് കഴിഞ്ഞ സർക്കാർ ചെലവഴിച്ചത്. ഈ സർക്കാർ കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ ഒരു പ്രാവശ്യം ഭക്ഷ്യക്കിറ്റ് നൽകി. അങ്ങനെ 13 പ്രാവശ്യം കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി. തകർന്ന ജീവിതങ്ങളെ പഴയ പ്രൗഢിയിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് ദുരന്തനാളുകളിലെല്ലാം സർക്കാർ സ്വീകരിച്ചത്. ഇത് കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്ന അവസ്ഥയിലാണ് തുടർഭരണം ഇപ്പോൾ എത്തിനിൽക്കുന്നതെന്നും

എല്ലാവർക്കുമറിയാം. ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി നടപടികൾ സ്വീകരിച്ചു. കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാനും വിലക്കയറ്റം നിയന്ത്രിക്കാനും നടപടി സ്വീകരിച്ചു. മുൻഗണനാ കാർഡുകളുടെ കാര്യത്തിൽ ഈ സർക്കാർ വന്നതിനുശേഷം സ്വീകരിച്ച നടപടിയെക്കുറിച്ച് ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. തെരുവോരങ്ങളിൽ കഴിയുന്നവരുൾപ്പെടെയുള്ള അർഹരായവർക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയത് ഈ സർക്കാർ വന്നതിനുശേഷമാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ പരിശോധിച്ചാൽ ഏതാണ്ട് 254000-ൽപ്പരം ആളുകൾക്ക് റേഷൻ കാർഡുകൾ അനുവദിച്ചെന്ന് കാണാൻ കഴിയും. ബി.പി.എൽ. പട്ടികയിലുൾപ്പെട്ട അനർഹർ സ്വയം ബോധ്യപ്പെട്ട് പിന്മാറണമെന്ന് സർക്കാർ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 176000-ത്തോളംപേർ പിൻവാങ്ങിയതിലൂടെ 153000 അർഹരായവർക്ക് പുതുതായി റേഷൻ കാർഡുകൾ നൽകാനുള്ള സാഹചര്യം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്. അതുപോലെ മുഴുവൻ ഓഫീസുകളും ഇ-ഓഫീസാക്കി മാറ്റുന്നതിനുള്ള സംവിധാനങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് മാതൃകാപരമായ രീതിയിലുള്ള പ്രവർത്തനമാണ് സർക്കാർ കാഴ്ചവച്ചിരിക്കുന്നത്.

ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലുമുള്ള സ്ഥിതിയെക്കുറിച്ച് സൂചിപ്പിച്ചു. ഇന്ത്യയിൽ ഏതാണ്ട് 30 കോടിയോളം ജനങ്ങൾ പട്ടിണി കിടക്കുന്ന സാഹചര്യമുള്ളപ്പോൾ കേരളത്തിലാരും പട്ടിണി കിടക്കാൻ പാടില്ലെന്ന രീതിയിൽ സംസ്ഥാനത്ത് പുതുതായി 54-ഓളം സുഭിക്ഷ ഹോട്ടലുകൾ നടപ്പിലാക്കിക്കൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ നെല്ല് സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിന് ഈ കാലയളവിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2020-21-ൽ 7.65 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചെങ്കിൽ, 2021-22-ൽ 7.456 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞു. മാത്രമല്ല കിലോയ്ക്ക് 28 രൂപ നൽകിയാണ് നെല്ല് സംഭരിക്കുന്നത്. ഭക്ഷ്യധാന്യ സബ്സിഡിക്കായി ഈ വർഷം 238.4 കോടി രൂപയാണ് അനുവദിച്ചത്. 2019-ൽ 200 കോടി രൂപയാണ് അനുവദിച്ചത്. 2021 ആഗസ്റ്റ് വരെ സംസ്ഥാനത്ത് 90 ലക്ഷത്തിലധികം റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും. നേരത്തെ എൺപത്തിയേഴ് ലക്ഷത്തി ചില്വാനം ആയിരുന്നത് 90.7 ലക്ഷമായി ഇപ്പോൾ വർദ്ധിച്ചു. അർഹരായ മുഴുവൻ ആളുകളെയും കണ്ടെത്തി, അവർ എവിടെ താമസിക്കുന്നവരാണെങ്കിലും വീട്ടുനമ്പർ ഇല്ലെങ്കിൽപ്പോലും അവരെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി

സ്വീകരിച്ചതിന്റെ ഫലമായിട്ടാണിത് വർദ്ധിച്ചത്.

സിവിൽ സപ്ലൈസ് മേഖലയിൽ പ്രത്യേകിച്ച് മാവേലി സ്റ്റോറുകളുൾപ്പെടെയുള്ളവ നടത്തുന്ന അത്ഭുതകരമായ രീതിയിലുള്ള പ്രവർത്തനത്തെ നമുക്ക് ചുരുക്കിക്കാണാൻ കഴിയില്ല. 826 മാവേലി സ്റ്റോറുകൾ, 94 സൂപ്പർ സ്റ്റോറുകൾ, 522 സൂപ്പർ മാർക്കറ്റുകൾ, 39 പീപ്പിൾസ് ബസാറുകൾ, 6 ഹൈപ്പർ മാർക്കറ്റുകൾ, 21 മൊബൈൽ മാവേലി സ്റ്റോറുകൾ, ഒരു ഇൻ ആൻഡ് ഔട്ട് വില്പനശാല, 96 മെഡിക്കൽ സ്റ്റോറുകൾ, 11 പെട്രോൾ പമ്പുകൾ, 4 എൽ.പി.ജി. ഔട്ട്ലെറ്റുകൾ തുടങ്ങിയവയിലൂടെ പൊതുവിതരണരംഗത്തുള്ള വിലക്കയറ്റത്തെ നിയന്ത്രിക്കാനാവശ്യമായ മാതൃകാപരമായ പ്രവർത്തനം നടത്തി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മുന്നോട്ടുപോകുകയാണ്. 2016-ൽ നിശ്ചയിച്ച വിലയിൽനിന്ന് നയാപൈസയുടെ വർദ്ധനവ് പോലുമില്ലാതെ 13 ഇനം അവശ്യസാധനങ്ങൾ ഇപ്പോഴും അനുവദിച്ചുകൊണ്ടിരിക്കുന്നുവെന്ന കാര്യവും ഓർക്കേണ്ടതാണ്. 2016-ൽനിന്ന് 2021-ൽ എത്തിയപ്പോൾ ഈ സാധനങ്ങളിൽ പലതിനും വില വർദ്ധിച്ചെങ്കിലും അത് സബ്സിഡൈസ് ചെയ്തുകൊണ്ടാണ് സർക്കാർ നൽകുന്നത്. 35 ഇനം സാധനങ്ങൾക്ക് പൊതുവിപണിയേക്കാൾ 10% മുതൽ 20% വരെ വില കുറച്ചുകൊടുക്കാനുള്ള നടപടിയും ഇക്കാലഘട്ടത്തിൽ

സ്വീകരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ അയൽ സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന പാലിന്റെ അളവ് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത് സ്വയംപര്യാപ്തതയിലേയ്ക്കെത്താൻ പോകുന്നുവെന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. പാലിൽനിന്നും പാൽപ്പൊടിയുൾപ്പെടെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ സർക്കാർ പുതിയ തീരുമാനവുമായി മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി ഫാക്ടറിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്ത് അധികമായി ഉത്പാദിപ്പിക്കുന്ന പാലിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനമുണ്ടാകുകയാണ്. കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ പശുവിനെ വളർത്തുന്നുണ്ട്. അതോടൊപ്പം 3.97 ലക്ഷത്തോളം ആളുകൾ ക്ഷീര സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ട്. 3635 പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെയൊക്കെ ഭാഗമായി 21.17 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്.

കൂടാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ലാത്തവിധത്തിൽ ഏറ്റവും കൂടുതൽ വില പാലിന് ലഭ്യമാക്കുന്ന സംസ്ഥാനമാണ് കേരളമെന്നത് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അതുകൊണ്ട് കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ അടിയന്തര ശ്രദ്ധ പതിയേണ്ട ഒരുഘട്ടമെന്ന നിലയിൽ മൃഗഡോക്ടർമാരുടെ കുറവുകളുള്ള സ്ഥലങ്ങളിൽ അവരെ നിയമിക്കാനുള്ള സംവിധാനമുണ്ടാക്കണം. ആവശ്യമായ ഡോക്ടർമാരെ ലഭിച്ചില്ലെങ്കിൽ കരാറടിസ്ഥാനത്തിലെങ്കിലും നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ഈ മേഖലയിൽ നിലവിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അവ പരിഹരിച്ച് മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളാണ് ഇന്ന് ചർച്ച ചെയ്യപ്പെടുന്നത്. അതിലേയ്ക്ക് വരുന്നതിനുമുമ്പ് നമുക്കെല്ലാവർക്കും ജിജ്ഞാസയുള്ളൊരു കാര്യം പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് മറ്റൊന്നുമല്ല, 2022

ജ്ജൂൺ മാസം 30-ന് സി.പി.ഐ.(എം.) സംസ്ഥാന കമ്മിറ്റി ഓഫീസായ എ.കെ.ജി. സെന്ററിലേയ്ക്ക് സ്ഫോടക വസ്തു എറിഞ്ഞതുമായി ബന്ധപ്പെട്ട കേസിനെക്കുറിച്ചാണ്. ആ സംഭവം നടന്ന് 12 ദിവസമായിട്ടും പ്രതികൾ ആരാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വീരപ്പൻ അല്ലെങ്കിൽ റിപ്പർ ചന്ദ്രനാണോ അത് ചെയ്തത്? റിപ്പർ ചന്ദ്രനെവരെ കീഴടക്കിയ പോലീസാണ് നമ്മുടേത്. ഏറ്റവും ഗൗരവമേറിയ കാര്യം അതല്ല; രാത്രിയിൽ നടന്ന സംഭവമായതിനാൽ പ്രതികളെ പിടികൂടാൻ സമയമെടുക്കുമെന്നാണ് ഈ സംഭവവുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം പറഞ്ഞത്. എന്ത് വിരോധാഭാസമാണിത്? നമ്മുടെ സംസ്ഥാനത്ത് രാത്രികാലങ്ങളിൽ വലിയ കവർച്ചകളും ബാങ്ക് കൊള്ളകളും നടന്നിട്ടുണ്ട്. എല്ലാ കവർച്ചകളും മോഷണങ്ങളും നടക്കുന്നത് രാത്രികാലത്താണ്. അപ്പോൾ ഇതുപോലെയുള്ള കുറ്റകൃത്യങ്ങൾ രാത്രിയിൽ നടന്നാൽ നമ്മുടെ പോലീസ് പ്രതികളെ പിടികൂടില്ലെന്നതാണോ നയമെന്ന് സർക്കാർ വ്യക്തമാക്കേണ്ടതാണ്. പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയാണ് ഇതുസംബന്ധിച്ച് പറഞ്ഞത്. കഴിഞ്ഞദിവസം പെരുന്നാളായിരുന്നു. മുംബൈയിൽ താമസിക്കുന്ന ഞങ്ങളുടെ നാട്ടുകാരായ ധാരാളം ആളുകൾ

എല്ലാ വർഷവും പെരുന്നാളിന് വരാറുണ്ട്. പക്ഷേ ഇപ്രാവശ്യം അവരാരും നാട്ടിലെത്തിയില്ല. എന്തുകൊണ്ടാണ് വരാത്തതെന്ന് ഞാനവരോട് വിളിച്ചുചോദിച്ചപ്പോൾ  വിമാനത്തിലും ട്രെയിനിലും ബസ്സിലും വരാൻ ടിക്കറ്റ് ലഭിക്കുന്നില്ലെന്നാണ് അവർ പറഞ്ഞത്. ഈ പെരുന്നാളിനുമാത്രം അങ്ങനെ സംഭവിച്ചത് എന്തുകൊണ്ടാണെന്ന് ഞാൻ അവരോട് ചോദിച്ചു? അധോലോക പ്രവർത്തനങ്ങളുടെയും കൊള്ളക്കാരും മോഷ്ടാക്കളുമൊക്കെയുൾപ്പെടുന്ന അധോലോക സംഘങ്ങളുടെയും നാടാണ് മുംബൈ എന്ന് നമുക്കറിയാം. അവർ അതൊക്കെ മതിയാക്കിയിരിക്കുമ്പോഴാണ്, രാത്രിയിൽ എന്തുസംഭവിച്ചാലും കേരളത്തിൽ കേസ്സെടുക്കില്ലെന്ന ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രസ്താവന കേട്ടത്. അപ്പോൾ എല്ലാം മതിയാക്കിയ ആ മോഷ്ടാക്കളും അധോലോക സംഘങ്ങളും കേരളത്തിലേയ്ക്ക് വരാൻ ബസ്സുകളിലും വിമാനത്തിലും ട്രെയിനിലും ടിക്കറ്റെടുത്തപ്പോൾ സാധാരണക്കാരായ ആളുകൾക്ക് പെരുന്നാൾ ആഘോഷിക്കാൻ നാട്ടിൽ വരാൻ സാധിക്കാത്ത സ്ഥിതിയായി. വളരെ ഗൗരവമായ കാര്യമാണിത്. നമ്മുടെ നാട്ടിൽ രാത്രികാലത്ത് ബാങ്ക് കവർച്ചയും മോഷണവും നടന്നാൽ പ്രതികളെ പിടികൂടാൻ കഴിയില്ലേ; എന്താണിത്? ആളുകളെ തലയ്ക്കടിച്ച് കൊന്നിരുന്ന റിപ്പർ ചന്ദ്രനെപ്പോലും

കീഴടക്കിയ പോലീസാണ് നമ്മുടേത്. പക്ഷേ രാത്രിയിൽ ഒരു സംഭവം നടന്നാൽ പ്രതികളെ പിടികൂടാൻ പറ്റില്ലെന്നാണിപ്പോൾ പറയുന്നത്.

രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിലേറിയപ്പോൾ ഇവർ വളരെയധികം സന്തോഷിക്കുകയാണ്. ഇതുസംബന്ധിച്ച് ഞങ്ങൾ നേരത്തെ പറഞ്ഞത് ഇപ്പോഴും ആവർത്തിക്കുന്നു. കൊറോണയും കിറ്റുമാണ് നിങ്ങളെ അധികാരത്തിലെത്തിച്ചതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ നിങ്ങളെ അധികാരത്തിലെത്തിച്ചവരെ ഒരിക്കലും മറക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്; നന്ദികേട് പാടില്ല. റേഷൻ കടയുടമകളോടുള്ള നിങ്ങളുടെ അനീതിയും ക്രൂരതയും ഒരിക്കലും സഹിക്കാൻ കഴിയില്ല. കോവിഡിന്റെ സമയത്ത് എല്ലാ വീടുകളിലേയ്ക്കും ഭക്ഷ്യകിറ്റുകളെത്തിച്ച വകയിൽ 11 മാസത്തെ കമ്മീഷനാണ് റേഷൻ കടയുടമകൾക്ക് നൽകാനുള്ളത്. ഇതുമായി ബന്ധപ്പെട്ട കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിവരെയെത്തിയിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. കമ്മീഷൻ നൽകാത്തത് എന്തുകൊണ്ടാണെന്ന് മറുപടിയിൽ വ്യക്തമാക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. റേഷൻ കടയുടമകളുടെ ദയനീയാവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. ഇപ്പോൾ

റേഷൻ കടയിൽനിന്നും 45 ക്വിന്റൽ സാധനങ്ങൾ വിറ്റാൽ അവർക്ക് കിട്ടുന്ന അടിസ്ഥാന കമ്മീഷൻ 18,000 രൂപയാണ്, കൂടാതെ ഓരോ ക്വിന്റലിനും 2.20 രൂപ വച്ച് കമ്മീഷൻ കിട്ടും. ഈ കമ്മീഷൻ തുകയിൽനിന്നാണ് അവർ വാടകയും വൈദ്യുതി ചാർജ്ജും സെയിൽസ്മാന് ശമ്പളവും നൽകുന്നത്. മാത്രമല്ല, നഗരങ്ങളിൽ ഒരു മുറി കെട്ടിടം വാടകയ്ക്കെടുക്കണമെങ്കിൽപ്പോലും 10,000 രൂപ കൊടുക്കണം. മണ്ണെണ്ണയും അരിയും ഒന്നിച്ച് സൂക്ഷിക്കാൻ സാധിക്കാത്തതുകൊണ്ട് രണ്ട് മുറികൾ ആവശ്യമായിവരും. ഇരുപതിനായിരവും ഇരുപത്തയ്യായിരവും രൂപ വാടക നൽകിയാൽ മാത്രമേ നഗരത്തിൽ മുറികൾ ലഭിക്കുകയുള്ളൂ. എന്നാൽ അവർക്ക് കിട്ടുന്ന കമ്മീഷൻ 18,000 രൂപയാണ്. ചില റേഷൻ കടയുടമകൾക്ക് അതുപോലും ലഭിക്കുന്നില്ല. കാരണം ഏത് റേഷൻ കടയിൽനിന്ന് വേണമെങ്കിലും സാധനങ്ങൾ വാങ്ങാമെന്ന പുതിയൊരു നിയമം സർക്കാർ കൊണ്ടുവന്നിരിക്കുകയാണ്. ആളുകൾ കാർ പാർക്കിംഗിനും മറ്റും സൗകര്യമുള്ള സ്ഥലത്തുപോയി സാധനങ്ങൾ വാങ്ങുന്നതിനാൽ ചില റേഷൻ കടകളിൽ കച്ചവടം തീരെയില്ല. അവർ വാടകപോലും സ്വന്തം കീശയിൽനിന്നും നൽകേണ്ട അവസ്ഥയിലാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുന്ന മറ്റൊരു

കാര്യം, ചില ഉപഭോക്താക്കൾക്ക് റേഷൻകടയിൽനിന്നും പച്ചരിയാണ് വേണ്ടതെങ്കിൽ മറ്റുചിലർക്ക് പുഴക്കലരിയായിരിക്കും ആവശ്യമുള്ളത്. പക്ഷേ ഇതുരണ്ടും വാങ്ങിയാൽ മാത്രമേ റേഷൻ സാധനം ലഭ്യമാകൂ എന്നാണ് റേഷൻ കടയുടമകൾ പറയുന്നത്. അക്കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ കഴിയുമോയെന്നതിനെക്കുറിച്ച് ചിന്തിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്.

എ.പി.എൽ., ബി.പി.എൽ. കാർഡുകളെ സംബന്ധിച്ചാണ് അടുത്തതായി പറയാനുള്ളത്. കുറേയാളുകൾക്ക് ബി.പി.എൽ. കാർഡുകൾ നൽകിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഞാനും സമ്മതിക്കുന്നുണ്ട്. പക്ഷേ കഴിഞ്ഞ ദിവസം നാട്ടിൽ ചെന്നപ്പോൾപ്പോലും ജനപ്രതിനിധികളായ ഞങ്ങളുടെയടുത്ത് കാൻസർ രോഗികളും സ്വന്തമായി വീടോ സ്ഥലമോ വരുമാനമോ ഇല്ലാത്തതുമായ ഒരുപാട് പാവപ്പെട്ടയാളുകൾ വന്നു. എന്നാൽ അവരെയൊക്കെ എ.പി.എൽ. വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മന്ത്രിയോട് പറഞ്ഞാൽ ചിലതൊക്കെ ചെയ്തുതരുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ വീണ്ടും ഒരു പഠനം നടത്തി പാവപ്പെട്ടയാളുകളെ സഹായിക്കുന്നതിനുവേണ്ടി ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കാലാകാലങ്ങളായി

സപ്ലൈകോയുടെ തൊഴിലാളികൾ പായ്ക്ക് ചെയ്തിരുന്ന സാധനങ്ങളിലെ ചില ഇനങ്ങൾ ഇപ്പോൾ റെയ്ഡ്കോയ്ക്ക് കൈമാറിയിരിക്കുകയാണ്. അതെന്തുകൊണ്ടാണെന്ന് എനിക്കും ബഹുമാനപ്പെട്ട മന്ത്രിക്കുമറിയാം. പായ്ക്കിംഗ് റെയ്ഡ്കോയിലേയ്ക്ക് മാറ്റിയത് സാധാരണക്കാർക്ക് വലിയ നഷ്ടമാണ്. സപ്ലൈകോ തൊഴിലാളികൾ പായ്ക്ക് ചെയ്ത് വിൽക്കുന്ന 100 ഗ്രാം ജീരകത്തിന് 26.50 രൂപയാണെങ്കിൽ റെയ്ഡ്കോ വഴി പായ്ക്ക് ചെയ്ത് വിൽക്കുന്നതിന് 43 രൂപയാണ് ഈടാക്കുന്നത്. പിന്നെന്തിനാണ് റെയ്ഡ്കോയ്ക്ക് നൽകിയത്? സി.പി.ഐ.(എം.)-ന്റെ കീഴിലുള്ള സ്ഥാപനമാണ് റെയ്ഡ്കോ. നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഒരു സി.പി.ഐ.-ക്കാരനായതുകൊണ്ടാകാം. അപ്പോൾ മസിൽ പവറാണ് കാരണം; ആർക്കാണോ ശക്തിയുള്ളത് അവർ വിജയിക്കുന്നുവെന്നതാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഉച്ചഭക്ഷണത്തിൽനിന്നും ഭക്ഷ്യവിഷബാധയേറ്റ് ധാരാളം കുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. ഈ സംസ്ഥാനത്ത് അത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അഗതികൾക്കുള്ള റേഷൻ വിഹിതം കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുന്നു. എന്നാൽ അത് മുടങ്ങില്ലെന്നാണ് എന്റെ

പ്രിയപ്പെട്ട സുഹൃത്ത് ശ്രീ. പി. എസ്. സുപാൽ അവതരിപ്പിച്ച സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സൂചിപ്പിച്ചതുപോലെയാകാതിരിക്കട്ടെ മന്ത്രിയുടെ ഉറപ്പെന്നാണ് അക്കാര്യത്തിലെനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: യെസ്.....പ്ലീസ്......കൺക്ലൂഡ്...

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കുറേക്കാലമായി മണ്ണെണ്ണ ലഭിക്കുന്നില്ല. അങ്ങ് സബ്മിഷന് മറുപടി പറഞ്ഞതുപോലെ അക്കാര്യത്തിലും ഉറച്ച തീരുമാനമെടുക്കണം. കേന്ദ്രസർക്കാർ ഒരുതുള്ളി മണ്ണെണ്ണ തന്നില്ലെങ്കിൽപ്പോലും സംസ്ഥാന സർക്കാർ നൽകുമെന്നുള്ള ധീരമായ നിലപാട് അങ്ങെടുക്കണം. മറുപടി പ്രസംഗത്തിൽ അതുസംബന്ധിച്ച് പറയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി ശക്തിയായി എതിർക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. എ.കെ.ജി. സെന്റർ ആക്രമണത്തിലെ പ്രതികളെ പിടികൂടാൻ കാലതാമസം വരുന്നുവെന്നാണ് ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചത്. 'കാള പെറ്റു' എന്നുപറയുമ്പോൾ കയറെടുക്കുന്ന ഗവൺമെന്റല്ല

ഇത്. യഥാർത്ഥ പ്രതികളെ കണ്ടെത്താനുള്ള ശ്രമത്തിലാണെന്നതിൽ ഒരു സംശയവും വേണ്ട; പ്രതികളെ കണ്ടെത്തും. അതുപോലെ കേരളത്തിൽ പെരുന്നാളാഘോഷിക്കാൻ വരുന്നയാളുകൾക്ക് സുരക്ഷിതത്വമില്ലെന്ന് പറഞ്ഞു. ശ്രീ. പിണറായി വിജയന്റെ പ്രത്യേക പോലീസ് സംവിധാനം അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഏർപ്പെടുത്തുന്നതിന് തീരുമാനമെടുക്കുമെന്നതിൽ യാതൊരു സംശയവും വേണ്ട.

ഭക്ഷ്യസുരക്ഷാ സംവിധാനവുമായി ബന്ധപ്പെട്ട് കേരളം ലോകത്തിന് മാതൃകയാണ്. പി.ഡി.എസ്. സംവിധാനം ശക്തമായി നടപ്പിലാക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 1943-ൽ ബംഗാളിൽ രാജ്യം നേരിട്ട ഏറ്റവും വലിയ ഭക്ഷ്യക്ഷാമം അരങ്ങേറി. അതിനുശേഷം 1965-ലാണ് പി.ഡി.എസ്. സംവിധാനം ഇന്ത്യയിൽ നടപ്പിലാക്കിയത്. ഈ സംവിധാനം ഏറ്റവും ഫലപ്രദമായി ഇപ്പോൾ നടപ്പിലാക്കുന്ന ഒരു സംസ്ഥാനം കേരളമാണ്. എന്നാൽ ഏറ്റവും കുറച്ച് പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്ന ഒരു സംസ്ഥാനമാണ് ഗുജറാത്ത്. 600 മില്ലിഗ്രാം സാധനംപോലും വിതരണം ചെയ്യാത്തൊരു സംസ്ഥാനമാണ് ഗുജറാത്ത് എന്നുകാണുമ്പോഴാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ സുരക്ഷാ-പൊതുവിതരണ സംവിധാനങ്ങൾ അങ്ങേയറ്റം ശ്ലാഘിക്കപ്പെടുന്നത്. 2016-ൽ

അധികാരത്തിൽ വന്ന ഇടതുപക്ഷ ഗവൺമെന്റ് മാവേലി സ്റ്റോറിലൂടെ നൽകിയിരുന്ന 13 ഇന ഭക്ഷ്യ സാധനങ്ങളുടെ വില നയാപൈസ പോലും വർദ്ധിപ്പിക്കാതെയാണ് നാളിതുവരെയും തുടർന്നുകൊണ്ടിരിക്കുന്നത്. ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യരെ പൊതുസംവിധാനങ്ങളിലൂടെ സഹായിക്കുന്നതിനോടൊപ്പം വിലവർദ്ധനവ് തടയുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 13 തവണകളിലായി 11.5 കോടി കിറ്റുകൾ നൽകിയതിന് 5,600 കോടി രൂപയാണ് ചെലവഴിച്ചത്. ഇവിടെ ചില ആളുകൾക്ക് കിറ്റ് എന്നുകേട്ടാൽ കാറ്റ് പോകുന്ന അവസ്ഥയാണ്. പ്രളയം, കോവിഡ് തുടങ്ങിയവയിൽനിന്ന് കരകയറാൻ എന്തുചെയ്യണമെന്നറിയാതെ നിൽക്കുന്ന നമ്മുടെ നാട്ടിലെ പാവപ്പെട്ട മനുഷ്യർക്ക് ഭക്ഷ്യക്കിറ്റ് കൊടുത്തുകൊണ്ടിരുന്നപ്പോൾ അത് കൊടുക്കരുത്, അന്നം മുടക്കണം എന്നുപറഞ്ഞ് കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ കോടതിയെ സമീപിച്ചവരാണ് കോൺഗ്രസ്സുകാർ. അത് സർക്കാരിന്റെ നയമാണെന്നും തടയാൻ കഴിയില്ലെന്നും കോടതി പറഞ്ഞത് നമ്മൾ കണ്ടതാണ്. 'നമ്മുടെ സംസ്ഥാനത്ത്, അരിയില്ലാതെ ചക്ക തിന്ന് ജീവിക്കുന്ന ആദിവാസികൾ' എന്ന വാർത്ത ഇന്നലെയും മിനിഞ്ഞാന്നുമായി മനോരമയെപ്പോലെയുള്ള ചില മാധ്യമങ്ങളിൽ വന്നിരുന്നു. സാധാരണ

മഴക്കാലമാകുമ്പോൾ നമ്മൾ ചക്ക കഴിക്കാറില്ലേ? അതുപോലെ പെരുനാട് പഞ്ചായത്തിലെ മഞ്ഞത്തോട് പ്രദേശത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകൾ ചക്ക കഴിക്കുന്ന ഫോട്ടോയെടുത്തിട്ട്, കേരളത്തിലെ ആദിവാസികൾ ഇപ്പോൾ അരിയില്ലാതെ ചക്കമാത്രം കഴിച്ച് ദിവസങ്ങളോളം കഴിയുകയാണെന്ന നിലയിലുള്ള അവാസ്തവമായ വാർത്ത വന്നു. ഇതുസംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പും ജില്ലാ സപ്ലൈ ഓഫീസും വളരെ വ്യക്തമായി അന്വേഷണം നടത്തി. അവിടത്തെ ജില്ലാ കളക്ടർ ആ വാർത്ത നിഷേധിച്ചു. മാത്രമല്ല, ഞങ്ങൾക്ക് അരികിട്ടുന്നില്ലെന്ന് ഒരിക്കലും പറഞ്ഞിട്ടില്ലെന്നാണ് ഫോട്ടോയിലുള്ള ഓമന എന്ന സഹോദരി മാധ്യമങ്ങളോട് വ്യക്തമാക്കിയത്. എല്ലാ മാസവും അവിടെ കൃത്യമായി വാതിൽപ്പടി സേവനം നടക്കുന്നുണ്ടെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ ഗവൺമെന്റ് വന്നതിനുശേഷം വാതിൽപ്പടി സേവനത്തിന്റെ ഭാഗമായി 115 ആദിവാസി ഊരുകളിലും സഞ്ചരിക്കുന്ന റേഷൻ കടകളിലൂടെ എല്ലാമാസവും 35 കിലോ അരി കൃത്യമായി നൽകുന്നുണ്ട്. എന്നാൽ നമുക്ക് ലഭിക്കേണ്ട ഭക്ഷ്യവിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതിനെതിരെ കേരളത്തിലെ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സ് എന്തുചെയ്തു? ഇരട്ടത്താപ്പാണ് ഇവർ

സ്വീകരിക്കുന്നത്. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ നമുക്ക് കേന്ദ്രത്തിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിൽ കുറവ് വന്നിരിക്കുകയാണ്. അതിനെതിരെ എന്ത് നടപടിയാണ് കോൺഗ്രസ് സ്വീകരിച്ചത്? അതിൽ ഒരു തരത്തിലും പ്രതികരിക്കാതെ, സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസനങ്ങളെ അട്ടിമറിക്കുകയാണ് ഇവരുടെ ലക്ഷ്യമെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. പല്ലും നഖവും ഉപയോഗിച്ച് ഭരണപക്ഷത്തെ ആക്രമിക്കുന്ന പ്രതിപക്ഷനേതാവ് ആർ.എസ്.എസ്.-ന്റെ സഹായത്തോടുകൂടിയാണ് ഇതിനാവശ്യമായ ഊർജ്ജം സംഭരിക്കുന്നതെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. പറവൂരിൽ 1996-ലെ തോൽവിക്കുശേഷം, 2006-ൽ ആർ.എസ്.എസ്സുമായി രഹസ്യ കൂടിക്കാഴ്ച നടത്തി വോട്ട് അഭ്യർത്ഥിക്കുകയും അവരുടെ സഹായത്തോടുകൂടി വിജയിക്കുകയും ചെയ്തുവെന്ന് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തില്ലേ? ജയിക്കാൻവേണ്ടി എന്തും ചെയ്യാമെന്ന നയമാണ് നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ ചെയ്യുന്നത്. വി. ഡി. സതീശൻ എന്നാൽ വിനായക് ദാമോദർ സതീശൻ എന്ന നിലയിലാണ് ഇപ്പോൾ പത്രങ്ങളിൽ വരുന്നത്. 2013-ൽ അദ്ദേഹം തൃശ്ശൂരിൽ നടന്ന ആർ.എസ്.എസ്.-ന്റെ

അനുബന്ധ സംഘടനയായ ഭാരതീയ വിചാരകേന്ദ്രത്തിന്റെ ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ട് നിലവിളക്ക് കൊളുത്തുന്ന ഫോട്ടോയുൾപ്പെടെ പത്രങ്ങളിൽ വന്നിരിക്കുകയാണ്. ഇവരുടെ സമീപനമെന്താണ്? ആർ.എസ്.എസ്/ബി.ജെ.പി.യുമായി ചേർന്നുകൊണ്ട് കേരളത്തിന്റെ വികസന സാധ്യതകളെ അട്ടിമറിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടപ്പിലാക്കുന്നത്. ഇപ്പോൾ യൂത്ത് കോൺഗ്രസ്സുകാരെ വിശ്വസിക്കാൻ കഴിയാത്ത അവസ്ഥയാണ്. ഞാൻ പാലക്കാട് നിന്നാണ് വരുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പഠന ക്ലാസ്സ് - ചിന്തൻ ശിബിരം പാലക്കാട് നടന്നു. അവിടെവച്ച് ദളിത് പെൺകുട്ടിയായ പുഷ്പലത നാഷണൽ യൂത്ത് കോൺഗ്രസ് സെക്രട്ടറിക്ക് ഒരു പരാതി കൊടുത്തു. ഇംഗ്ലീഷിലെഴുതിയ ആ പരാതിയുടെ കോപ്പി ഇപ്പോൾ എല്ലാ പത്രങ്ങളിലും മാധ്യമങ്ങളിലും സോഷ്യൽ മീഡിയകളിലും പ്രചരിക്കുന്നുണ്ട്, ഞാനത് വായിക്കാം... “ I am a KSU activist from my childhood. I have a complaint against Vivek H Nair, State Executive Member of Youth Congress. Before a long time Vivek H. Nair misbehaved like a fraud attitude. Now I am participating Yuva Chintan Shibir. Yesterday (02-07-2022) evening, when I went to the

wash room Vivek H Nair said that please co-operate with him for sexual abuse and bed share." Very shame. " I strongly rejected that. He already attended the state camp after his heavy drunk of alcohol and at the same time he abused all the lady youth congress members with bad language.' ...(ബഹളം).... ഇത് ഞാൻ പറഞ്ഞതല്ല, പത്രങ്ങളിൽ വന്നതാണ്, സോഷ്യൽ മീഡിയയിൽ വൈറലാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ...... യൂത്ത് കോൺഗ്രസ്സ് ക്യാമ്പിലുണ്ടായ ഇത്തരമൊരു പരാതിയെ സംബന്ധിച്ച്, അങ്ങനെയൊരു പരാതിയില്ലെന്ന് യൂത്ത് കോൺഗ്രസ്സിന്റെ ഭാരവാഹിയായ പെൺകുട്ടി പറഞ്ഞതായും അങ്ങനെ പരാതിയുണ്ടെങ്കിൽ അത് ഹാജരാക്കണമെന്നും മാധ്യമങ്ങളോടുതന്നെ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റും ഈ സഭയിലെ അംഗവുമായ ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതാണ്. ഇല്ലാത്ത ഒരു പരാതിയുടെ പേരിൽ, പരാതിയില്ലെന്ന് പെൺകുട്ടി പറഞ്ഞതിനുശേഷവും യൂത്ത് കോൺഗ്രസ്സിന്റെ പേരിൽ അക്കാര്യം ഉന്നയിക്കുന്നത് സഭാരേഖയിലുണ്ടാകാൻ പാടില്ല, റൂൾ 307 പ്രകാരം അത് എക്സ്പഞ്ച് ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: പരിശോധിച്ച് ചെയ്യാം.*

ശ്രീമതി ശാന്തകുമാരി കെ.: സർ, ഈ പരാതി ഞാൻ തയ്യാറാക്കിയതല്ല. ഇത് കൊടുത്തത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു പെൺകുട്ടിയാണ്. കോൺഗ്രസ്സുകാർ യൂത്ത് വിംഗിനോട് അല്ലെങ്കിൽ ചെറുപ്പക്കാരോട്/പെൺകുട്ടികളോട് കാണിക്കുന്നത് ഇതാണ്. എന്തുകൊണ്ടാണ് വിവേക് എച്ച്. നായരെ പുറത്താക്കിയത്? മാനം രക്ഷിക്കാൻ വേണ്ടിയാണ്. ഇങ്ങനെയുള്ള സമീപനമാണ് യൂത്ത് കോൺഗ്രസ്സിനും കേരളത്തിലെ കോൺഗ്രസ്സിനുമെങ്കിൽ ഇവരുടെ ലക്ഷ്യം എന്താണ്? ഇവർക്ക് എന്ത് രാഷ്ട്രീയ മുദ്രാവാക്യമാണുള്ളത്? കേരളത്തിലെ പ്രധാന പ്രതിപക്ഷമെന്നും ക്രിയാത്മക പ്രതിപക്ഷമെന്നും സമൂഹത്തോട് പറയുമെങ്കിലും അവരുടെ ഉള്ളിലിരുപ്പിതാണ്. ശ്രീ. പിണറായി വിജയന്റെ പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കുമെന്നാണ് ഇതുസംബന്ധിച്ച് ഞങ്ങൾക്ക് പറയാനുള്ളത്. കേരളത്തിലെ ദളിത് പെൺകുട്ടികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമഗ്രമായ അന്വേഷണം ഉണ്ടാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം. 12430/ഇ.ബി./2022/നി.സെ. തീയതി 12-07-2022) രേഖയിൽ നിലനിർത്തി.

കഴിഞ്ഞ ഗവൺമെന്റ് വിവിധ മേഖലകളുമായി ബന്ധപ്പെട്ട് നിരവധി നേട്ടങ്ങൾ കൈവരിച്ചു. അതെല്ലാം കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചതുകൊണ്ടാണ് 99 സീറ്റിന്റെ ഭൂരിപക്ഷത്തിൽ രണ്ടാമതും ഞങ്ങൾ അധികാരത്തിൽ വന്നത്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് വലിയ നേട്ടമാണുണ്ടായത്. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിക്കുന്ന നയമുണ്ട്. അതിൽനിന്ന് വ്യത്യസ്തമായി ക്ഷീരമേഖലയെക്കൂടി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. അതുപോലെ പഞ്ചായത്തുകൾ സംസ്ഥാന ഗവൺമെന്റുമായി സഹകരിച്ച് നടപ്പിലാക്കിയിരുന്ന എ.ബി.സി. (Animal Birth Control) പദ്ധതി ഇപ്പോൾ നിലച്ചുപോയിരിക്കുകയാണ്. 2017-ൽ ഞാൻ പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളെയും ബന്ധപ്പെടുത്തി ആദ്യം ആരംഭിച്ച പദ്ധതിയാണിത്. എന്റെ നിയോജകമണ്ഡലത്തിലെ മങ്കര പഞ്ചായത്തിൽ കഴിഞ്ഞദിവസം 19 വയസ്സുള്ള ശ്രീലക്ഷ്മി എന്ന പെൺകുട്ടി പേവിഷബാധയേറ്റ് മരിക്കുകയുണ്ടായി. വളരെ ഗൗരവമായ വിഷയമാണ്. അതുകൊണ്ട് പേവിഷബാധ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും തെരുവ് നായ്ക്കളുടെ പ്രജനനമുൾപ്പെടെ നിയന്ത്രിക്കുന്നതിനും നടപടി

സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് ഈ ഘട്ടത്തിൽ സൂചിപ്പിക്കാനുള്ളത്. സംസ്ഥാന ഗവൺമെന്റ് കഴിഞ്ഞ 6 വർഷക്കാലമായി തുടർന്നുകൊണ്ടുപോകുന്ന, ലോകത്തിന് മാതൃകയായ നേട്ടങ്ങൾ ആവർത്തിക്കുന്നതിനുവേണ്ടി ഈ വർഷം മുന്നോട്ടുവച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷാംഗം എൽദോസ് പി. കുന്നപ്പിള്ളിൽ പ്രസംഗിച്ചപ്പോൾ ക്ഷീരവികസനത്തെക്കുറിച്ചും മൃഗസംരക്ഷണ വകുപ്പിനെക്കുറിച്ചും കുറേയേറെ കാര്യങ്ങൾ പറഞ്ഞു. ഈ ഗവൺമെന്റിന്റെ ആദ്യവർഷത്തെ വികസന മുന്നേറ്റത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച പുസ്തകത്തിൽ (ഒരു പുസ്തകം ഉയർത്തിക്കാണിക്കുന്നു.) കാണുന്ന ഫോട്ടോ ബഹുമാനപ്പെട്ട അംഗത്തിന്റേതല്ലേ; മുഖ്യമന്ത്രിയുടെയും മന്ത്രി ജെ. ചിഞ്ചുറാണിയുടെയും ചിത്രങ്ങളുൾപ്പെട്ട 56 പേജുള്ള പ്രസിദ്ധീകരണത്തിൽ കാണുന്നത് പ്രിയപ്പെട്ട എൽദോസ് പി. കുന്നപ്പിള്ളിൽ അല്ലേ? മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും നേട്ടങ്ങളെ പ്രശംസിച്ചുകൊണ്ടുമുള്ള പ്രസിദ്ധീകരണത്തിന്റെ 26, 27 പേജുകളിൽ അദ്ദേഹത്തിന്റെ ഫോട്ടോ സഹിതം ചേർത്തുകൊണ്ട് എഴുതിയിരിക്കുന്നത്

ഞാൻ കാണിക്കാം.

ശ്രീമതി സി. കെ. ആശ: സർ, ഇവിടെ മൂന്ന് ചിത്രങ്ങൾ കാണുന്നുണ്ട്, ഇതിൽ ഏതിനെക്കുറിച്ചാണ് പറയുന്നത്?

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ പറഞ്ഞത്, ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെയും കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെയും ഒപ്പംകാണുന്ന അദ്ദേഹത്തിന്റെ ചിത്രത്തെക്കുറിച്ചാണ്. മൃഗസംരക്ഷണ വകുപ്പിനെക്കുറിച്ച് സംസാരിക്കുമ്പോൾ കേരള കാർഷിക സർവ്വകലാശാല പിരിച്ചുവിടണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ഇതിൽ എന്ത് പോയിന്റ് ഓഫ് ഓർഡറാണുള്ളത്?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒരു ഭരണപക്ഷാംഗം സംസാരിക്കുമ്പോൾ, തൊട്ടടുത്തിരിക്കുന്ന അംഗം ബഹുമാനപ്പെട്ട സ്പീക്കറുടെ അനുമതിയില്ലാതെ മൈക്ക് ലഭ്യമാകാതെതന്നെ സ്വയം എഴുന്നേറ്റ് പ്രസംഗിച്ചതും അച്ചടിക്കപ്പെട്ട ഫോട്ടോയിൽ ഏതാണ് പരാമർശിച്ച വ്യക്തിയെന്ന് ചോദിച്ചതും സാമാജികനെന്ന രീതിയിൽ വ്യക്തിപരമായി എന്നെ ചോദ്യംചെയ്യുന്നതാകയാലും അംഗം മൈക്ക് മാറി ഉപയോഗിക്കുന്നത് തെറ്റായ കീഴ്വഴക്കമാണ് എന്നതിനാലും ചെയർ ഇക്കാര്യം

പരിശോധിക്കണം.

മി. ചെയർമാൻ: ശ്രീ. ജോബ് മൈക്കിൾ, താങ്കൾക്ക് പ്രസംഗം തുടരാം.

ശ്രീ. ജോബ് മൈക്കിൾ: സർ, കേരള കാർഷിക സർവ്വകലാശാല എന്തിനാണെന്ന് ചോദിച്ച ബഹുമാനപ്പെട്ട അംഗത്തോട് ഞാൻ മറ്റൊരു കാര്യം ചോദിക്കട്ടെ; 1972 ഫെബ്രുവരി 1-ാം തീയതി തൃശ്ശൂരിൽ കേരള കാർഷിക സർവ്വകലാശാല സ്ഥാപിക്കാൻ മുൻകയ്യെടുത്തത് അന്നത്തെ കോൺഗ്രസ് നേതാവും നമ്മുടെ പ്രിയപ്പെട്ട ലീഡറുമായിരുന്ന കെ. കരുണാകരൻ ആയിരുന്നുവെന്നത് അങ്ങ് മറന്നുപോയോ? അങ്ങയുടെ പാർട്ടിക്കും അങ്ങേയ്ക്കും എല്ലാവരെയും പിരിച്ചുവിടുന്ന പ്രവണതയാണുള്ളത്. 1957-ൽ അന്നത്തെ ഗവൺമെന്റിനെ പിരിച്ചുവിട്ടു, പിന്നീട് ഞങ്ങളെയും പിരിച്ചുവിട്ടിട്ടുണ്ട്. പൊതുവിതരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം നടത്തുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഒരു വാക്കുകൊണ്ടെങ്കിലും അങ്ങ് പ്രശംസിക്കേണ്ടതായിരുന്നു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സംസ്ഥാനത്ത് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുന്നത്. സ്ഥിരമായ താമസരേഖയില്ലാതെ തെരുവിലും പുറമ്പോക്കിലും ജീവിക്കുന്നവരുൾപ്പെടെയുള്ളവർക്ക് ആധാർ കാർഡ് പരിഗണിച്ചുകൊണ്ട് സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ നൽകി.

ഭക്ഷ്യവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ, ബഹുമാനപ്പെട്ട മന്ത്രി എല്ലാ മാസവും നടത്തുന്ന ഫോൺ-ഇൻ-പരിപാടി തുടങ്ങിയവ പ്രശംസിക്കപ്പെടേണ്ടതാണ്. സംസ്ഥാനത്തെ ഏതൊരാൾ വിളിച്ചുപറയുന്ന പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുന്നതിൽ കാണിക്കുന്ന തീഷ്ണതയും അർഹതയില്ലാത്ത 172000-ത്തിലധികം ആളുകൾ കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യിച്ച് അർഹരായ 153000-ത്തിൽപ്പരം ആളുകൾക്ക് പുതിയതായി മുൻഗണനാ കാർഡ് നൽകിയ നടപടിയും അഭിനന്ദനാർഹമാണ്. ഭിന്നശേഷിക്കാർക്കും പാവപ്പെട്ടവർക്കുംവേണ്ടി ഇന്നുരാവിലെ അദ്ദേഹം സഭയിൽ ഒരു പ്രസ്താവന നടത്തിയിരുന്നു; കേന്ദ്രസർക്കാർ എതിർത്താലും സംസ്ഥാന ഗവൺമെന്റ് ബാദ്ധ്യത ഏറ്റെടുത്തുകൊണ്ട് അവർക്കുള്ള സൗജന്യ ഭക്ഷ്യവിതരണം നടപ്പാക്കുമെന്നുള്ള അങ്ങയുടെ പ്രസ്താവനയെ ഞാൻ അഭിനന്ദിക്കുകയാണ്. അഗതികളായ കന്യാസ്ത്രീകൾക്ക് റേഷൻ സാധനങ്ങൾ അനുവദിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. സിവിൽ സപ്ലൈസ് മുഖാന്തരം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ മില്ലുടമകളും ഏജന്റുമാരും ചേർന്നുകൊണ്ട് വിളവെടുപ്പ് സമയത്ത് നെൽകർഷകരോട് കാണിക്കുന്ന

അനീതി അവസാനിപ്പിക്കണം. ഏജന്റുമാർ സംരക്ഷിക്കപ്പെടുകയും പാവപ്പെട്ട നെൽകർഷകർ വളരെയധികം ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് വിളവെടുപ്പ് സമയത്തുതന്നെ നെൽകർഷകരുടെ യോഗം വിളിച്ചുകൂട്ടി അവരുടെ നെല്ല് ന്യായമായ വിലയ്ക്ക് സംഭരിക്കുന്നതിന് സാഹചര്യമുണ്ടാക്കണം. ഇക്കാര്യത്തിൽ കഴിഞ്ഞ സീസണിലെ അങ്ങയുടെ ഇടപെടലിനെ ഞാൻ അഭിനന്ദിക്കുകയാണ്, ആ ഇടപെടൽകൊണ്ട് പാവപ്പെട്ട നെൽകർഷകർക്ക് കുറെയേറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. നെല്ലിന്റെ ഹാൻഡ്ലിംഗ് ചാർജ്ജ് 12.5 രൂപയിൽനിന്നും 150 രൂപയാക്കി ഉയർത്തുന്നതിനും നെല്ലിന്റെ തറവില വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റിന്റെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയും അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കേരളത്തെ വികസിത സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ജനങ്ങളുടെ

ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ജീവനോപാധികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒട്ടേറെ പദ്ധതികൾ വിഭാവന ചെയ്തുകൊണ്ടാണ് ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചത്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് ലോകത്തിന് മാതൃകയായ നടപടികളും നിലപാടുകളും സ്വീകരിച്ച് മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ ഇന്ത്യയിലുള്ളവർ മാത്രമല്ല, അമേരിക്ക, കാനഡ, ബ്രിട്ടൻ, ജർമ്മനി, ജപ്പാൻ തുടങ്ങിയ വിദേശ രാജ്യങ്ങളിൽ ജീവിക്കുന്ന മലയാളികളും ദിനംപ്രതി മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടിരിക്കുകയാണ്. പ്രതിപക്ഷത്തു നിന്നും ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു, ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്ന് സരസമായി കാര്യങ്ങൾ അവതരിപ്പിക്കുന്ന ആളാണെങ്കിലും ഇന്നത്തെ പ്രസംഗത്തിൽ ആ രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ വിഷയദാരിദ്ര്യം അനുഭവപ്പെട്ടുവെന്ന് ബോധ്യമായി. അദ്ദേഹം ചില കാര്യങ്ങൾ പരാമർശിച്ചുവെങ്കിലും അതിനെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുമായും വകുപ്പുകളുമായും കൂട്ടിച്ചേർക്കാൻ കഴിഞ്ഞില്ല. കേന്ദ്രവും കേരളവും ഒരുമിച്ച് ഭരിച്ചവരാണ് കോൺഗ്രസുകാർ. ആ ഭരണത്തിലൊക്കെ മുസ്ലീംലീഗിന്റെ ആളുകളുമുണ്ടായിരുന്നു. ആ കാലഘട്ടങ്ങളിൽ വിലക്കയറ്റത്തെ നിങ്ങൾ ന്യായീകരിച്ചത്

എങ്ങനെയാണ്? വിലക്കയറ്റമെന്നത് കേരളത്തിന്റെയോ ഇന്ത്യയുടെയോ മാത്രം പ്രതിഭാസമല്ലെന്നും അതൊരു ആഗോള പ്രതിഭാസമാണെന്നും പറഞ്ഞ് ന്യായീകരിച്ച ആളുകൾ പല വിഷയങ്ങളും ഇവിടെ പരാമർശിച്ചെങ്കിലും ഇന്ന് വിലക്കയറ്റമെന്ന വാക്ക് ഉപയോഗിക്കാൻ അവർക്ക് കഴിഞ്ഞില്ല. ലോകവും രാജ്യവുമൊക്കെ കടുത്ത വിലക്കയറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിലും 13 നിത്യോപയോഗ സാധനങ്ങൾ 2016-ലെ വിലയ്ക്ക് വാങ്ങാൻ കേരളത്തിൽ ഇന്നും കഴിയുന്നുണ്ട്. അതൊരു പ്രധാന നേട്ടമല്ലേ? അതിന്റെ എല്ലാ കണക്കുകളും പറഞ്ഞാൽ ഒരുപക്ഷേ യു.ഡി.എഫ്.-കാർ മോഹാലസ്യപ്പെട്ടുമെന്നതിനാൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഭക്ഷ്യ-പൊതുവിതരണവുമായി ബന്ധപ്പെട്ട് മാതൃകാപരമായ കാര്യങ്ങളാണ് ഇപ്പോൾ നടക്കുന്നത്. ഇക്കാര്യങ്ങളിൽ മുൻപ് നമുക്ക് ആശങ്കയുണ്ടായിരുന്നില്ലേ? യു.ഡി.എഫ്. ഭരിച്ചിരുന്നപ്പോൾ റേഷൻ കടകളുടെ മുന്നിൽ എഴുതിവച്ചിരുന്നത് എന്തായിരുന്നു? റേഷൻ കടകളിൽ സാധനം വാങ്ങാൻ വരുന്നവർക്ക് ഇരിക്കാൻ ബഞ്ച് നൽകണം, കുടിക്കാൻ വെള്ളം കൊടുക്കണം, വിശ്രമിക്കാനുള്ള കേന്ദ്രം വേണം എന്നായിരുന്നു എഴുതിവച്ചത്. ഇരിക്കാൻ ബഞ്ചും കുടിക്കാൻ വെള്ളവും വിശ്രമിക്കാൻ സൗകര്യവും

ആവശ്യമാണെന്നല്ലാതെ ആ കാലഘട്ടത്തിൽ അവശ്യസാധനങ്ങൾ നൽകിയിരുന്നില്ല. എന്നാൽ ഇന്ന് കേരളത്തിലെവിടെയും അർഹതപ്പെട്ടയാളുകൾക്ക് റേഷൻ സംവിധാനത്തിലൂടെ സാധനങ്ങൾ വാങ്ങാനുള്ള അനുകൂല സ്ഥിതിയുണ്ട്. എത്ര യൂണിറ്റ് അരി ലഭ്യമാകാനുണ്ട്, മറ്റ് ഭക്ഷ്യധാന്യങ്ങൾ എത്ര അളവിലുണ്ട് തുടങ്ങിയ കാര്യങ്ങളൊക്കെ ജനങ്ങൾക്ക് മുൻകൂട്ടി അറിയാൻ കഴിയും. കമ്പ്യൂട്ടർവത്കരണത്തിലൂടെ, റേഷൻ സംവിധാനം അവകാശമാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും ഉറപ്പുവരുത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിച്ചതിന് സർക്കാരിനെ പ്രകീർത്തിക്കണ്ടേ? നെല്ലിന്റെ വിലയുമായി ബന്ധപ്പെട്ട കാര്യം ശ്രീ. ജോബ് മൈക്കിൾ ഇവിടെ സൂചിപ്പിച്ചു. പാലക്കാട്ടുകാർ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാകാലത്തും ബഹുമാനപ്പെട്ട മന്ത്രിമാരുമായി ചർച്ച ചെയ്യുകയും മന്ത്രിമാർ അത്തരം വിഷയങ്ങളിൽ ഇടപെടുകയും അനുകൂല പ്രതികരണങ്ങളുണ്ടാകുകയും ചെയ്യാറുണ്ട്. 28 രൂപ കൊടുത്ത് ഒരു കിലോഗ്രാം നെല്ല് വാങ്ങുന്നു, എന്നാൽ അതിൽനിന്നും 1 കിലോഗ്രാം അരിയുണ്ടാക്കാൻ കഴിയില്ല. 1.50-1.75 കിലോഗ്രാം നെല്ലുണ്ടെങ്കിലേ ഒരു കിലോഗ്രാം അരിയുണ്ടാക്കാൻ കഴിയുകയുള്ളൂ. അപ്പോൾ നെല്ലിന് എത്രരൂപ

നൽകണം? എന്നാൽ റേഷൻ സംവിധാനത്തിലൂടെ 10.60 രൂപയ്ക്കും സൗജന്യമായി നൽകേണ്ടവർക്ക് അങ്ങനെയും അരി ലഭ്യമാക്കുന്നുണ്ട്. പൊതുമാർക്കറ്റിൽ 25 രൂപയ്ക്ക് മട്ട അരി ലഭ്യമാകുന്നുണ്ട്. ഉയർന്ന വില കൊടുത്ത് നെല്ല് സംഭരിച്ചുകൊണ്ട് നെൽകൃഷിക്കാരെ രക്ഷിക്കുകയും അതേസമയം സൗജന്യമായും ഭാഗികമായ വിലയ്ക്കും ഉപഭോക്താക്കൾക്ക് അരി ലഭ്യമാക്കുകയും ചെയ്യാൻ കഴിയുന്നത് ഗവൺമെന്റിന്റെ ഇടപെടലിന്റെ ഫലമാണ്. അതോടനുബന്ധിച്ചാണ് ലക്ഷോപലക്ഷം ആളുകൾക്ക് അതിന്റെ ഗുണഫലം ലഭ്യമായത്. കിറ്റിന്റെ വിഷയമെല്ലാം രണ്ടാമത് വരുന്നതാണ്, കിറ്റിന്റെ അനുഭവംകൂടി ഇതിൽ കൂട്ടിച്ചേർക്കുമ്പോൾ പ്രതീക്ഷിക്കാത്തവിധം ഇടതുപക്ഷത്തിന് മുന്നേറ്റമുണ്ടായി എന്നത് ഇപ്പോഴും നിങ്ങളെ ഞെട്ടിക്കുന്ന കാര്യമാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും ഗവൺമെന്റും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളെ ശ്ലാഘിക്കാത്തവരായി ആരുമില്ല.

മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതിനെക്കുറിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചു. അതുപോലെ ഗോതമ്പ് വിഹിതം ആരാണ് ഇല്ലാതാക്കിയത്; അർഹതപ്പെട്ടവർക്ക് ഗോതമ്പും മണ്ണെണ്ണയും

നിഷേധിക്കപ്പെട്ടതിന്റെ ചെറിയൊരു ഉത്തരവാദിത്വം അപ്പുറത്തിരിക്കുന്നവർക്കുമില്ലേ? ഭരണപക്ഷത്തിന് മാത്രമാണോ ഇതിന്റെ ഉത്തരവാദിത്വം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിയുൾപ്പെടെ 18-ഓളം അംഗങ്ങൾ ഇവിടെനിന്നും ജയിച്ചില്ലേ; ഇതുസംബന്ധിച്ച് അവരാരെങ്കിലും എവിടെയെങ്കിലും ശബ്ദിച്ചതായി ഞങ്ങൾ കേട്ടില്ല. അപ്പോഴും അതിന്റെ ഉത്തരവാദിത്വം ഇടതുപക്ഷക്കാരുടെ തലയിലിരിക്കട്ടെ എന്ന നിലപാട് സ്വീകരിക്കുന്നത് ഗുണകരമല്ല. ഭരണപക്ഷത്തുണ്ടായിരുന്നവർ പ്രതിപക്ഷത്തും പ്രതിപക്ഷത്തുണ്ടായിരുന്നവർ ഭരണപക്ഷത്തുംവരുന്നത് സ്വാഭാവികമാണ്. അത് ജനങ്ങളാണ് തീരുമാനിക്കുന്നതെന്ന കാര്യം നമ്മൾ മറന്നുപോകരുത്. എന്തെങ്കിലും വിഷയങ്ങളുണ്ടാകുമ്പോൾ ബഹുമാന്യരായ ഉമ്മൻ ചാണ്ടിയുടെയും എ. കെ. ആന്റണിയുടെയും പേര് പറയും. അതിലൊന്നും ഞങ്ങൾക്ക് തർക്കമില്ല. ആ ഗവൺമെന്റുകളുമായി ബന്ധപ്പെട്ട നിയമനടപടികളുടെയും പദ്ധതികളുടെയും ഭാഗമായുണ്ടായ പ്രചോദനം നിങ്ങൾ ത്രാസിന്റെ ഒരു തട്ടിൽവയ്ക്കണം. സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഭരണകാലം മുതൽ സഖാവ് ഇ. കെ. നായനാർ ഗവൺമെന്റ്, സഖാവ് വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ്, നിലവിലെ ഗവൺമെന്റ് വരെയുള്ളത് മറ്റേ തട്ടിലുംവച്ച്

പരിശോധിച്ചാൽ ത്രാസിന്റെ ഏത് ഭാഗത്താണ് തൂക്കം കൂടുതലെന്ന് ഞങ്ങൾ പറയാതെതന്നെ നിങ്ങൾക്ക് മനസ്സിലാകും. നിങ്ങളിടപെട്ട് ചില കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നതിൽ ഞങ്ങളാരും തർക്കിക്കുന്നില്ല. പക്ഷേ ആര് ചെയ്തു; ആരാണ് കൂടുതൽ ചെയ്തത്; ആരാണ് കേരളത്തെ ഇന്നത്തെ രീതിയിലേയ്ക്ക് മാറ്റാൻ ശ്രമിച്ചത് എന്ന് പറയുമ്പോൾ സ്വയം വിമർശനപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യണം. കേന്ദ്രഭരണം കൂടുതൽ കാലം കോൺഗ്രസ്സിന്റെ കൈകളിലായിരുന്നു. രാജ്യത്തിന്റെ പൊതുവായ അവസ്ഥയെ താരതമ്യം ചെയ്യുന്ന ഗ്രാഫിൽ കേരളം അതിൽ നിന്നെല്ലാം വ്യത്യസ്തമായി ഹൈ റെയ്ഞ്ചിലാണ് നിൽക്കുന്നത്. നിങ്ങൾമാത്രം ഭരിച്ച ആന്ധ്രാപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളുമായി ഇടതുപക്ഷം ഇടയ്ക്കിടയ്ക്ക് ഭരിച്ച കേരളത്തെ താരതമ്യം ചെയ്യുമ്പോഴാണ് അതിന്റെ വ്യത്യാസം മനസ്സിലാകുന്നത്. ഇക്കാര്യങ്ങൾ അളന്ന് തിട്ടപ്പെടുത്തുമ്പോൾ ഇടതുപക്ഷക്കാരന്റെ പങ്കിനെ നമ്മൾ വിസ്മരിക്കരുത്.

രണ്ടാം പിണറായി വിജയൻ ഗവൺമെന്റ് ജനക്ഷേമകരമായ ഒട്ടേറെ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര വികസനത്തെയും മറ്റ് കാര്യങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. ജനങ്ങളുടെ നിത്യവരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ക്ഷീരകർഷകരെയും അതുമായി ബന്ധപ്പെട്ട

സ്ഥാപനങ്ങളെയും സഹായിക്കാൻ ധാരാളം നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മഹാഭൂരിപക്ഷം ആളുകൾക്കും കാർഷിക മേഖലയിലേയ്ക്കോ ക്ഷീരമേഖലയിലേയ്ക്കോ കടന്നുവരാൻ താത്പര്യമുള്ളതിന് കാരണം അവരെ സംരക്ഷിക്കാനുള്ള ഗവൺമെന്റുള്ളതാണ്. ഉത്പാദിപ്പിക്കുന്ന പാൽ ന്യായമായ വിലയ്ക്കെടുക്കാനും സംസ്കരിക്കാനുമുള്ള സംവിധാനവും പശുക്കൾക്ക് രോഗം വന്നാൽ ചികിത്സിക്കാനുള്ള സംവിധാനവും സംസ്ഥാനത്ത് നിലവിലുണ്ട്. മറ്റുരീതിയിലുള്ള സംവിധാനങ്ങൾ പൂർണ്ണമായിട്ടില്ലെങ്കിലും അതുമായി മുന്നോട്ടുപോകുമ്പോൾ ഗവൺമെന്റ് ചെയ്ത ഗുണകരമായ കാര്യങ്ങൾ പ്രതിപാദിച്ചുകൊണ്ട് വിമർശിക്കുന്നതിൽ കുഴപ്പമില്ല. ഭക്ഷ്യ-പൊതുവിതരണം, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ചകളാണ് നടക്കുന്നത്. ഏകദേശം 14600 റേഷൻ കടകളും പതിനായിരക്കണക്കിന് ന്യായവില ഷോപ്പുകളുമാണ് സംസ്ഥാനത്തുള്ളത്. ഇന്ത്യാരാജ്യത്ത് വേറെ എവിടെയാണ് ഇത്രയും സംവിധാനങ്ങളുള്ളത്? വിലക്കയറ്റം പിടിച്ചുനിർത്താനുള്ള നടപടികളുടെ ഭാഗമായാണിത് ആരംഭിച്ചത്. ഈ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ വിലക്കയറ്റം

പിടിച്ചുനിർത്താനാകില്ലായിരുന്നു. വിലക്കയറ്റം പിടിച്ചുനിർത്താനാവശ്യമായ നടപടിയുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ജനങ്ങളെ ചേർത്തുപിടിച്ച് നടത്തുന്ന പ്രവൃത്തികളെയും ക്ഷീരവികസനം, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളെയും ഞാൻ ശ്ലാഘിക്കുകയാണ്. ക്ഷീരസംഘങ്ങളുടെ ബൈലാ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടെന്നാണ് പറഞ്ഞത്. ക്ഷീര സംഘങ്ങളിലെ അംഗത്വത്തിനായി 180 ദിവസം പാൽ അളക്കണമെന്നും 500 ലിറ്റർ പാൽ വേണമെന്നുമാണ് ഭേദഗതിയിൽ പറയുന്നത്. അഞ്ചൂറ് ലിറ്റർ പാൽ വേണമെന്നത് നിലനിർത്തിക്കോട്ടെ. എന്നാൽ 180 ദിവസം പാൽ അളക്കണമെന്നതിൽ ഇളവുകൾ വരുത്താൻ കഴിയുമെങ്കിൽ പരിശോധിക്കണം. മറ്റൊന്ന്, ചില ക്ഷീര സംഘങ്ങൾ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലങ്ങളിൽ ചിലത് കൃഷിഭൂമിയാണ്. വേറെ ഭൂമി കിട്ടാനുമില്ല. അതുകൊണ്ട് കൃഷിഭൂമി തരംമാറ്റിക്കൊണ്ട് കെട്ടിടം നിർമ്മിക്കാനാവശ്യമായ അനുവാദത്തിനായി ചില സംഘങ്ങൾ അപേക്ഷിച്ചിട്ടുണ്ട്. പക്ഷേ അനുമതി ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയും ക്ഷീരവികസന വകുപ്പും ഇക്കാര്യം പരിശോധിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ രണ്ടാം ഗവൺമെന്റിന്റെ ഒന്നാം വാർഷികവുമായി

ബന്ധപ്പെട്ട് പുറത്തിറക്കിയ നൂറ് ദിന കർമ്മ പരിപാടി ഓരോന്നായി വായിച്ചുനോക്കി ആ പദ്ധതികൾ നാടിന് പ്രയോജനപ്രദമാണെങ്കിൽ തുറന്നുപറയുന്നതിന് നിങ്ങൾ മടിക്കരുത്. അത് തുറന്നുപറഞ്ഞുകൊണ്ട് ഗവൺമെന്റിനെ വിമർശിക്കാനാണെങ്കിൽ വിമർശിക്കണമെന്നുമാത്രം അഭ്യർത്ഥിക്കുന്നു. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും കേരളത്തിന്റെ മുന്നോട്ടുള്ള ജൈത്രയാത്രയ്ക്ക് ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ചുനിൽക്കണം. കേരളീയ സമൂഹത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് ഞങ്ങളും നിങ്ങളുമൊക്കെ പ്രവർത്തിക്കുന്നതെന്നുള്ള ബോധത്തോടുകൂടി, എല്ലാ കാര്യത്തെയും വിമർശിക്കുകയെന്ന നിലപാട് നിങ്ങൾ പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു, നമസ്കാരം.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ബഹുമാന്യയായ കോങ്ങാട് അംഗം യൂത്ത് കോൺഗ്രസ് ക്യാമ്പിലില്ലാത്ത പരാതിയെക്കുറിച്ച് പറയുകയുണ്ടായി. സ്വന്തമായി കോടതിയും പീഡന തീവ്രത അളക്കുന്ന മെഷീനുമൊന്നും ഇല്ലാത്തൊരു പാർട്ടിയായതുകൊണ്ട് ഞങ്ങൾക്ക് അത്തരത്തിലുള്ള പരാതി ലഭിച്ചാൽ അതിന്മേൽ വ്യവസ്ഥാപിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള

എല്ലാ സൗകര്യങ്ങളും യൂത്ത് കോൺഗ്രസ്സും കോൺഗ്രസ്സുമൊക്കെ ചെയ്യാൻ പ്രതിജ്ഞാബദ്ധമാണെന്ന് കെ.പി.സി.സി. പ്രസിഡന്റും യൂത്ത് കോൺഗ്രസ് പ്രസിഡന്റും പ്രതിപക്ഷനേതാവും പറഞ്ഞിട്ടുണ്ട്. ബഹുമാന്യയായ അംഗം പാലക്കാട് ജില്ലയിൽനിന്നാണ് വരുന്നത്. അത്തരത്തിലുള്ള ആളുകളെയൊക്കെ കോർപ്പറേഷന്റെ തലപ്പത്തിരുത്തുന്ന നടപടികളൊന്നും ഞങ്ങളുടെ പാർട്ടി സ്വീകരിക്കില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പ്രിയപ്പെട്ട ശ്രീ. എ. എൻ. ഷംസീർ, അങ്ങ് ബഹളം വയ്ക്കേണ്ട. എത്രയൊക്കെ ബഹളംവച്ചാലും എത്രയൊക്കെ മണിയടിച്ചാലും അങ്ങയുടെ സ്ഥാനം എപ്പോഴും എവിടെയായിരിക്കുമെന്ന് ഞങ്ങൾക്കെല്ലാവർക്കുമറിയാം. ബഹുമാന്യനായ പി. എ. മുഹമ്മദ് റിയാസിന്റെ പുറകിലത്തെ സീറ്റുമാത്രമേ താങ്കൾക്ക് എന്നുമുണ്ടാകുകയുള്ളൂ. അതുകൊണ്ട് താങ്കൾ ബഹളം വയ്ക്കാതെ അവിടെയിരുന്ന് കേൾക്കൂ.

കോൺവെന്റുകളിലും ആശ്രമങ്ങളിലും താമസിക്കുന്ന സന്യസ്തർക്കുള്ള റേഷൻ വിഹിതം സർക്കാർ വെട്ടിക്കുറച്ചുവെന്ന വാർത്തകളാണ് ഇപ്പോൾ പുറത്തുവരുന്നത്. ഇവർക്ക് പ്രതിമാസം രണ്ട് കിലോ അരിക്കൊപ്പം നൽകിയിരുന്ന ആട്ട ഇനി ലഭിക്കുകയില്ല. ഇതുസംബന്ധിച്ച ഉത്തരവ് താലൂക്ക് സപ്ലൈ ഓഫീസുകളിൽ എത്തിയെന്നാണ് അറിയാൻ സാധിച്ചത്.

സംസ്ഥാനത്തുള്ള അഭയ ഭവനങ്ങൾ, ബാലഭവനങ്ങൾ, വൃദ്ധ സദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങളെ ഇത് ഗുരുതരമായി ബാധിക്കും. നോൺപ്രയോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിലാണ് സന്യസ്തരെയും വൈദികരെയും സർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രതിമാസം രണ്ട് കിലോ അരിയും ഒരു കിലോ ആട്ടയുമാണ് ലഭിച്ചിരുന്നത്. ഇപ്പോൾ ആട്ട വിഹിതം ഇല്ലാതാക്കിയിരിക്കുകയാണ്. പഞ്ചസാര, മണ്ണെണ്ണ, ഉത്സവ സീസണിലുള്ള ഭക്ഷ്യകിറ്റ് എന്നിവയൊന്നും ഇവർക്ക് പലപ്പോഴും ലഭിക്കുന്നില്ലെന്നതും യാഥാർത്ഥ്യമാണ്. സർക്കാരിന്റെ ക്ഷേമ പെൻഷനുൾപ്പെടെയുള്ള പല ആനുകൂല്യങ്ങളും സന്യസ്തർക്ക് നിഷേധിക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഇത് കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. സർക്കാർ അതിന് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തണം. കാസർഗോഡ് ദേവനന്ദ എന്ന പെൺകുട്ടി ഭക്ഷ്യ വിഷബാധയേറ്റ് മരണപ്പെട്ട സംഭവം രാവിലെ ശ്രദ്ധക്ഷണിക്കലായി അവതരിപ്പിക്കുകയുണ്ടായി. അത് ഞെട്ടലോടുകൂടിയാണ് കേരളം കേട്ടത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. സംസ്ഥാനത്ത് നാലോളം സ്കൂളുകളിലും അങ്കണവാടികളിലുമുണ്ടായ ഭക്ഷ്യവിഷബാധയിൽ നിരവധി കുട്ടികളാണ് ആശുപത്രിയിലായതെന്ന്

നമുക്കറിയാം. കായംകുളം ടൗൺ ഗവൺമെന്റ് യു.പി. സ്കൂളിലെ ഉച്ചഭക്ഷണത്തിൽനിന്നാണ് ഭക്ഷ്യവിഷബാധയേറ്റത്. ഇതിനെത്തുടർന്ന് ഇരുപതോളം കുട്ടികളെയാണ് താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ജില്ലയായ തിരുവനന്തപുരത്തെ വെങ്ങാനൂർ സർക്കാർ സ്കൂളിൽ ഭക്ഷ്യസുരക്ഷാ വിഭാഗം നടത്തിയ പരിശോധനയിൽ അരിയിൽനിന്നും പുഴുവിനെ കണ്ടെത്തി. ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി മന്ത്രിമാരും ജനപ്രതിനിധികളും സ്കൂളുകളിൽപോയി ഭക്ഷണം കഴിക്കണമെന്ന് സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. വളരെ ദയനീയമായ കാഴ്ച നമ്മൾ കാണാനിടയായി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നൽകിയ ഉച്ചഭക്ഷണത്തിൽനിന്നും തലമുടി ലഭിച്ചതൊക്കെ കേരളം ചർച്ച ചെയ്തതാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് കാര്യമായ ഇടപെടൽ നടത്തണം. എന്താണ് ഇവിടെ സംഭവിച്ചത്? സ്കൂൾ തുറക്കുന്നതിനുമുമ്പായി കൃത്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തേണ്ടതായിരുന്നു. എന്നാൽ ആ സമയത്ത് ഭക്ഷ്യവകുപ്പുമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമൊക്കെ തൃക്കാക്കരയിലെ വീടുകളിൽ സന്ദർശനം നടത്തുകയായിരുന്നു. അതുകൊണ്ട് സ്കൂളുകൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

ഉറപ്പുവരുത്താനുള്ള ഒരു ക്രമീകരണവും ഏർപ്പെടുത്താൻ സാധിച്ചില്ല. തൃക്കാക്കര സന്ദർശനത്തിൽ പ്രയോജനമുണ്ടായില്ലെന്നത് വേറെ കാര്യം. തൃക്കാക്കരയിൽ ഒരു ജൂനിയർ മാൻഡ്രേക്കിനെ ആഘോഷത്തോടുകൂടി സി.പി.ഐ.(എം.)-ഉം എൽ.ഡി.എഫ്.-ഉം വേദിയിലേയ്ക്ക് ഷാൾ അണിയിച്ച് സ്വീകരിച്ചു. അന്നുതുടങ്ങിയ ശനിദശയാണിത്. നിങ്ങളത് കാര്യമായൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ആ ശനിദശ ഇപ്പോൾ എവിടെയാണ്? എ.കെ.ജി. സെന്റർവരെ എത്തിനിൽക്കുകയാണ്. പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസുവരെ ആക്രമിക്കപ്പെട്ടിരിക്കുന്നു. ഭീകരമായ ശബ്ദത്തോടെയായിരുന്നുവെന്നും കെട്ടിടംതന്നെ കുലുങ്ങിയെന്നും ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ മാധ്യമങ്ങൾക്കുമുന്നിൽ പറഞ്ഞിട്ട് ഇപ്പോൾ രണ്ടാഴ്ച കഴിഞ്ഞില്ലേ; ഇപ്പോൾ അതിന്റെ അവസ്ഥയെന്താണ്? കേരളത്തിലെ ജനങ്ങൾ ഓരോ ദിവസവും വൈകുന്നേരം ചോദിച്ചുകൊണ്ടിരിക്കുന്ന ചോദ്യമാണ്, 'കിട്ടിയോ' എന്ന്? എല്ലാവരും ചോദിക്കുന്ന ചോദ്യമാണ്. 'ഇപ്പോൾ കിട്ടും' എന്നാണ് മറുപടി. ഒരു സിനിമയിൽ കുതിരവട്ടം പപ്പു 'ഇപ്പോൾ ശരിയാക്കിത്തരാം' എന്ന് പറയുന്നതുപോലെയാണ് സർക്കാരിന്റെ ഭാഗത്തുനിന്നും മറുപടി വന്നുകൊണ്ടിരിക്കുന്നത്. സ്വാമി സന്ദീപാനന്ദഗിരിയുടെ ആശ്രമം ആക്രമിച്ച കേസ് തെളിവില്ലാത്തതുകൊണ്ട്

അവസാനിപ്പിക്കുന്നുവെന്ന വാർത്തകൾ കഴിഞ്ഞ ദിവസം പുറത്തുവന്നിരിക്കുകയാണ്. അപ്പോൾ ഇതെല്ലാം യാദൃശ്ചികമായോ ബോധപൂർവ്വമായോ നടക്കുന്ന സംഭവങ്ങളാണോ എന്നത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. എ.കെ.ജി. സെന്റർ ആക്രമണം രാത്രിയിൽ നടന്നതായതുകൊണ്ട് പ്രതിയെ പിടികൂടാൻ കഴിഞ്ഞില്ലെന്നാണ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറി പറയുന്നത്. രാത്രിയിൽ അക്രമമോ കൊള്ളയോ എന്ത് നടത്തിയാലും പ്രതിയെ കേരള പോലീസ് പിടിക്കില്ലെന്ന സൂചനയാണ് സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ സെക്രട്ടറി നൽകിയിരിക്കുന്നത്. അത് വളരെ ഗൗരവമായ വിഷയമാണ്. അതുകൊണ്ട് ഈ വിഷയം ഞങ്ങൾ വളരെ ഗൗരവത്തോടെ കാണുകയാണ്. സി.പി.ഐ.(എം.) ഓഫീസ് ആക്രമിച്ച പ്രതിയെ എത്രയുംവേഗം പിടിക്കാനുള്ള ആർജ്ജവം ആഭ്യന്തര വകുപ്പ് കാണിക്കണം. അല്ലെങ്കിൽ മുഖ്യമന്ത്രിയുടെ കസേരയിൽ ആരെങ്കിലും വാഴ കൊണ്ടുവച്ചാൽ ഞങ്ങളെ കുറ്റം പറയരുതെന്നാണ് പറയാനുള്ളത്. ഇന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനായി കൊണ്ടുവന്ന വിഷയം ലിസ്റ്റ് ചെയ്തെങ്കിലും അവതരിപ്പിക്കാൻ സാധിച്ചില്ല. വളരെ ഗൗരവമായ വിഷയമാണ് ഇവിടെ വന്നിരിക്കുന്നത്. കേന്ദ്ര വിദേശകാര്യമന്ത്രി വളരെ

ഗൗരവമായ പ്രസ്താവന നടത്തിയിരിക്കുകയാണ്. യു.എ.ഇ. കോൺസുലേറ്റിൽ നടക്കാൻ പാടില്ലാത്തത് നടന്നു, പ്രോട്ടോക്കോൾ ലംഘനം നടന്നു, എല്ലാ കാര്യങ്ങളെക്കുറിച്ചും കേന്ദ്രത്തിന് വ്യക്തമായ ധാരണയുണ്ട്. ഇത്രയും ഗുരുതരമായ വെളിപ്പെടുത്തലുകളുണ്ടായിട്ടും അതുസംബന്ധിച്ച് കൃത്യമായ അന്വേഷണം നടക്കണ്ടേ? മുഖ്യമന്ത്രിയെ യു.എ.ഇ. കോൺസുലേറ്റ് ജനറൽ കണ്ടത് പ്രോട്ടോക്കോൾ ലംഘിച്ചാണോ; ഔദ്യോഗിക ആവശ്യത്തിനല്ലാതെ അദ്ദേഹം മുഖ്യമന്ത്രിയെ കണ്ടത് എന്തിനാണ്; അങ്ങനെ ഏത് ആവശ്യമാണ് മുഖ്യമന്ത്രിക്കും കോൺസുലേറ്റ് ജനറലിനുമുള്ളത്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടേണ്ടതല്ലേ? ആർക്കാണ് സ്വർണ്ണം കൊടുത്തത്; ആരാണ് സ്വർണ്ണം കൊണ്ടുവന്നത്; ആറൻമുള കണ്ണാടി എന്തിനാണ് ഡിപ്ലോമാറ്റിക് ചാനൽ വഴി അയച്ചത്; സമ്മാനങ്ങളയയ്ക്കാൻ ഡിപ്ലോമാറ്റിക് ചാനൽ വേണോ; ഷാജ് കിരണിനെപ്പോലെയുള്ള ആളുകളെ ആരാണ് ചുമതലപ്പെടുത്തിയത്? ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കിട്ടാതെ നിൽക്കുകയാണ്. സ്വർണ്ണം, കോൺസുലേറ്റ് തുടങ്ങിയ വാക്കുകളൊന്നും പരാമർശിക്കാൻ പാടില്ലെന്നാണ് സർക്കാർ പറയുന്നത്. പോളണ്ടിനെക്കുറിച്ച് പറയാൻ പാടില്ലെന്ന് പറയുന്നതുപോലെയാണത്. ചോദ്യം ചോദിക്കുന്ന കുട്ടിയെ ക്ലാസ്സിൽനിന്ന്

പുറത്താക്കിയതുകൊണ്ട് ചോദ്യമില്ലാതാകില്ല. അതുകൊണ്ട് ചോദ്യങ്ങൾ നിലനിൽക്കുമെന്നും ഉത്തരം ലഭിക്കുന്നതുവരെ അത് ആവർത്തിക്കപ്പെടുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും അതിന് മറുപടി പറയേണ്ടിവരുമെന്നുമാണ് സൂചിപ്പിക്കാനുള്ളത്. മടിയിൽ കനമില്ലെന്ന് ബോർഡെഴുതിവച്ചതുകൊണ്ടായില്ല. അത് തെളിയിക്കാനുള്ള ഉത്തരവാദിത്വം ഈ സർക്കാരിനുണ്ട്.

ഭരണപക്ഷത്തുള്ള പല അംഗങ്ങളും സംസാരിക്കുന്നത് കാണുമ്പോൾ ബി.ജെ.പി.-ക്ക് സഭയിൽ ഒരംഗമില്ലാത്തതിന്റെ കുറവ് ഭരണകക്ഷി ഒന്നടങ്കമായി നികത്തിക്കൊണ്ടിരിക്കുന്നതായാണ് മനസ്സിലാകുന്നത്. സൈദ്ധാന്തികമായി ആർ.എസ്.എസ്.-ഉം കേരളത്തിലെ സി.പി.ഐ.(എം.)-ഉം ഒരേ ദിശയിൽ സഞ്ചരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കഴിഞ്ഞദിവസം പറഞ്ഞത്. എം.എസ്. ഗോൾവാൾക്കർ എഴുതിയ ആർ.എസ്.എസ്.-കാരുടെ വേദഗ്രന്ഥമെന്നറിയപ്പെടുന്ന 'Bunch of Thoughts'-ലെ വാചകങ്ങൾ അദ്ദേഹം ഉദ്ധരിക്കുകയുണ്ടായി. "നമ്മുടെ ഭരണഘടന ഭിന്നാത്മകമായ വിവിധ തുണ്ടുകൾ ചേർത്തുണ്ടാക്കിയതാണ്, പാശ്ചാത്യ നാടുകളുടെ ഭരണഘടനകളിലെ വിവിധ വകുപ്പുകളെടുത്ത് ചേർത്തുണ്ടാക്കിയതാണ്, ഇതിൽ നമ്മുടേതെന്ന് പറയാവുന്ന യാതൊന്നുമില്ല.

ദേശീയ ദൗത്യത്തെക്കുറിച്ചോ നമ്മുടെ ജീവിതത്തിലെ മുഖ്യ ദർശനത്തെക്കുറിച്ചോ ഒരു സൂചനപോലും ഇതിലെ നിർദ്ദേശക തത്വങ്ങളിലില്ല. ഐക്യരാഷ്ട്ര സഭയുടെയും സർവ്വരാഷ്ട്ര സമിതിയുടെയും പ്രമാണങ്ങളിലെ ചില മുടന്തൻ തത്വങ്ങളും അമേരിക്കയിലെയും ബ്രിട്ടനിലെയും ഭരണഘടനയിലെ ചില തത്വങ്ങളും കൂട്ടിച്ചേർത്ത വികൃത സൃഷ്ടിയാണിത്" എന്ന് ആർ.എസ്.എസ്.-ന്റെ നേതാവായ എം. എസ്. ഗോൾവാൾക്കർ പറഞ്ഞത് അതേ സ്വരത്തിലല്ലേ മന്ത്രിയായിരുന്ന ശ്രീ. സജി ചെറിയാൻ ഭരണഘടനയെ അധിക്ഷേപിക്കുന്ന രീതിയിൽ പ്രസ്താവന നടത്തിയത്. ഇത് ഇന്നും ഇന്നലെയുമൊന്നും തുടങ്ങിയ കാര്യമല്ല. ഇത് നാളുകളായി നടക്കുന്ന കാര്യങ്ങളാണ്. എന്റെ കൈവശം നിരവധി ചിത്രങ്ങളുണ്ട് (ചിത്രങ്ങളുയർത്തിക്കാട്ടി). ഇത് 1977-ൽ ഉദുമയിലെ തെരഞ്ഞെടുപ്പിൽ അവിടത്തെ സ്ഥാനാർത്ഥി കെ. ജി. മാരാർ ആരാധ്യനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന് ബാഡ്ജ് കുത്തിക്കൊടുക്കുന്ന ചിത്രമാണ്. 1977-ൽ പാലക്കാടിൽ മത്സരിച്ച സി.പി.ഐ.(എം.) സ്ഥാനാർത്ഥി ടി. ശിവദാസമേനോന്റെ പ്രചരണയോഗത്തിൽ പ്രസംഗിക്കുന്നത് സാക്ഷാൽ എൽ. കെ. അദ്വാനിയാണ്. 1989-ൽ വി. പി. സിംഗിന് പിന്തുണ കൊടുത്ത കക്ഷികൾ. ഈ ചിത്രങ്ങളെല്ലാം നിങ്ങൾക്ക് നന്നായി അറിയാവുന്നതിനാൽ

ഞാൻ വിശദീകരിക്കുന്നില്ല. ഇപ്പോൾ രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി എന്താണ്? കേന്ദ്രത്തിൽ ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുള്ള സാഹചര്യമൊരുക്കിയത് എന്താണ്? 2013-ൽ ഡൽഹിയിലും രാജ്യത്താകമാനവും India Against Corruption എന്ന പേരിൽ നടന്ന സമരങ്ങളിൽ ആരാണ് ഒന്നിച്ചുണ്ടായിരുന്നത്? ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകരും സി.പി.ഐ.(എം.) നേതാക്കളുമുൾപ്പെടെ കോൺഗ്രസ്സിനെതിരെ പ്രതിഷേധവും പ്രക്ഷോഭവുമൊക്കെ നടത്തി 2014-ൽ ഈ രാജ്യത്ത് ബി.ജെ.പി. അധികാരത്തിൽ വരുന്നതിനുള്ള സാഹചര്യമൊരുക്കികൊടുത്തുവെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ആർ.എസ്.എസ്.-നെക്കുറിച്ചും ബി.ജെ.പി.-യെക്കുറിച്ചുമൊന്നും ഞങ്ങൾക്ക് ക്ലാസ്സെടുക്കാനായി സി.പി.ഐ.(എം.)-ന്റെ പ്രതിനിധികളാരും വരണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ പ്രശസ്തമായ ഇന്റർവ്യൂവിലെ ഒരു വാചകം ഞാനിവിടെ വായിക്കുകയാണ്. "തെരഞ്ഞെടുപ്പൊക്കെയാകുമ്പോൾ തെരഞ്ഞെടുപ്പ് രംഗത്ത് പലരും സഹായിച്ചെന്നുവരും. ചില ഘട്ടങ്ങളിൽ ഞങ്ങൾ ചിലരെ തള്ളിപ്പറയും. ഒരു ഘട്ടത്തിൽ ആർ.എസ്.എസ്.-ന്റെ വോട്ട് വേണ്ടാ എന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ എല്ലാ ഘട്ടത്തിലും അത്

ഞങ്ങൾ പറഞ്ഞിട്ടില്ല" എന്നുപറഞ്ഞത് ഇപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന, പാർട്ടിയുടെ മുൻ സെക്രട്ടറിയായ ശ്രീ. പിണറായി വിജയൻ തന്നെയാണ്.

മി. ചെയർമാൻ: യെസ്...... പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇപ്പോൾ സി.പി.ഐ.(എം.)-നും ബി.ജെ.പി.-ക്കുമെല്ലാം കെ.പി.സി.സി. പ്രസിഡന്റും ശ്രീ. വി. ഡി. സതീശനും വലിയ കുഴപ്പക്കാരാണ്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന പാർട്ടിയുടെയും സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഭരണകക്ഷിയുടെയും സർട്ടിഫിക്കറ്റ് വാങ്ങി പ്രവർത്തിക്കുന്ന ഒരു പ്രതിപക്ഷമായിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഭരണകക്ഷിയുടെ സർട്ടിഫിക്കറ്റ് വാങ്ങി പ്രവർത്തിക്കുന്ന പ്രതിപക്ഷമാകുക എന്നതിനേക്കാൾ എന്ത് അപമാനമാണ് ഒരു പ്രതിപക്ഷത്തിനുണ്ടാകേണ്ടത്? അതുകൊണ്ട് ബി.ജെ.പി. ആയാലും സി.പി.ഐ.(എം.) ആയാലും അവർക്ക് രണ്ടുപേർക്കും അസ്വസ്ഥതയുണ്ടാക്കുന്ന ഒരു ജനകീയ പ്രതിപക്ഷമായിത്തന്നെ കേരളത്തിലെ യു.ഡി.എഫ്. മുന്നോട്ടുപോകുമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പോയിന്റ് ഓഫ് ഓർഡർ..... രാവിലെ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷന് അനുമതി നിഷേധിച്ച വിഷയത്തിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം കാര്യമായി പരാമർശിക്കുകയുണ്ടായി. അത് സഭാരേഖകളിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.+

ശ്രീ. പി. വി. അൻവർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തിലെ ഗ്രാമങ്ങളിലും ആദിവാസി ഊരുകളിലുമടക്കം പട്ടിണി പരിപൂർണ്ണമായി മാറ്റുന്നതിനായി ആവശ്യമായ ഭക്ഷ്യവസ്തുക്കൾ സമയാസമയങ്ങളിൽ എത്തിച്ചുകൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഗവൺമെന്റിനെയും ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി നിയമസഭാ മന്ദിരത്തിന്റെ താഴത്തെനിലയിൽ ലോക കേരള സഭ നടന്നിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന മലയാളികളെ കോർത്തിണക്കാനും അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാനുമായി വിശദമായ ചർച്ചകൾക്കുശേഷം രൂപംകൊണ്ടതാണ്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12431/ഇ.ബി /2022/നി.സെ. തീയതി 12-07-2022) രേഖയിൽ നിലനിർത്തി.

ലോക കേരള സഭ. 2016-ൽ അധികാരത്തിലേറിയ ഈ ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളെയും എതിർക്കുകയും പാരവയ്ക്കുകയും ചെയ്ത യു.ഡി.എഫ്., പ്രവാസികളുമായി ബന്ധപ്പെട്ട് നടന്ന ലോക കേരള സഭയും ബഹിഷ്കരിച്ചു. കഴിഞ്ഞ നാൽപ്പതോളം വർഷമായി നാടിനുണ്ടായ പുരോഗതിയിൽ മഹാപങ്കും വഹിച്ചത് വിദേശ മലയാളികളാണെന്ന് നമുക്കറിയാം. കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ യാത്ര ചെയ്യുമ്പോൾ കാണുന്ന അംബരചുംബികളായ കെട്ടിടങ്ങളും കേരളത്തിലെ മുഴുവൻ ഗ്രാമങ്ങളെയും പട്ടണമായി ഉയരാനുള്ള സാഹചര്യത്തിലേയ്ക്കും സാമ്പത്തിക-സാമൂഹ്യ-പശ്ചാത്തല വികസനത്തിലേയ്ക്കും എത്തിച്ചത് പ്രവാസികളാണെന്ന് അംഗീകരിക്കുന്നവരാണ് നമ്മളെല്ലാവരും. അവരുടെ വിഷയം ചർച്ച ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച ലോക കേരളസഭ പ്രതിപക്ഷം ബഹിഷ്കരിച്ചതെന്തിനാണെന്ന് വ്യക്തമാക്കണം. പ്രതിപക്ഷ നേതാക്കളിൽ പലരും ചോദിച്ചത് ഇത് എന്തിനുവേണ്ടിയെന്നും ഇതിലൂടെ എന്ത് നേട്ടമുണ്ടാക്കിയെന്നുമാണ്. പ്രവാസികളുമായി ബന്ധപ്പെട്ട് ഈ നാടിനുണ്ടായ നേട്ടത്തിന്റെ കണക്കുകൾ പറഞ്ഞുതീർക്കാൻ മണിക്കൂറുകളും ദിവസങ്ങളുമെടുക്കും. ധൂർത്താണെന്നാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അതിനെതിരെ പറഞ്ഞത്. ലോകത്തിലെ 65 രാജ്യങ്ങളിലെയും

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെയും പ്രവാസി സംഘടനാ പ്രതിനിധികൾ ഇവിടെ സംവദിച്ചു. ഈ ഗവൺമെന്റ് എന്താണ് ചെയ്തത്? രണ്ടുദിവസം അവർക്ക് താമസിക്കാനുള്ള സൗകര്യവും ഭക്ഷണവും നൽകി ആദരിച്ചു. അതിനുവേണ്ടി നമ്മൾ ചെലവഴിച്ചത് നാലുകോടി രൂപയാണ്. പ്രതിപക്ഷം പറഞ്ഞത് അത് ധൂർത്താണെന്നാണ്. കേരളത്തിലെ ജനസംഖ്യ മൂന്നരക്കോടിയാണ്. നാലുകോടി രൂപയെ മൂന്നരക്കോടികൊണ്ട് ഹരിച്ചാൽ ലഭിക്കുന്ന 1 രൂപ 14 പൈസയാണ് ഒരു മലയാളി ലോക കേരള സഭയ്ക്കുവേണ്ടി ചെലവഴിച്ചത്. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 'ഈ ഗവൺമെന്റ് ധൂർത്ത് നടത്തി' എന്നുപറഞ്ഞത്. ഇതിനെ ആർക്കാണ് ന്യായീകരിക്കാൻ സാധിക്കുന്നത്? കോൺഗ്രസ്സിന്റെയും മുസ്ലീം ലീഗിന്റെയുമൊക്കെ പ്രതിനിധികൾ ലോക കേരളസഭയിൽ പങ്കെടുക്കുകയും കാര്യങ്ങൾ പറയുകയും ചെയ്തു. പ്രതിപക്ഷകക്ഷികളുടെ നിലപാട് വിമർശിക്കപ്പെട്ടതുമാണ്. ആ നിലവാരത്തിൽ നിൽക്കുമ്പോൾ കഴിഞ്ഞ ഒരു വർഷമായി പ്രതിപക്ഷനേതാവ് നടത്തിയ ധൂർത്ത് നമുക്കൊന്ന് പരിശോധിക്കാം. ആരാണ് ധൂർത്ത് നടത്തുന്നത്? കേരളത്തിലെ അൻപത് ലക്ഷംവരുന്ന പ്രവാസികൾക്ക് രണ്ട് വർഷത്തിലൊരിക്കൽ താമസസൗകര്യം നൽകി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മലയാളി സംഘടനകളുമായി

ബന്ധപ്പെടുത്തി, അവരുമായി സംവദിക്കാനും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുമായി നാലുകോടി രൂപ ഗവൺമെന്റ് ചെലവാക്കിയതിനെയാണ് ധൂർത്തെന്ന് പറയുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ... കഴിഞ്ഞ പ്രാവശ്യം ലോക കേരളസഭ ബഹിഷ്കരിക്കാനുള്ള കാരണം ധൂർത്താണെന്ന് അന്നത്തെ പ്രതിപക്ഷനേതാവ് പറഞ്ഞിട്ടുണ്ട്. പ്രോഗ്രസ്സ് റിപ്പോർട്ട് വേണം, എല്ലാവർക്കും പങ്കാളിത്തം വേണം തുടങ്ങിയ കാര്യങ്ങൾ ഞാൻ ആദ്യംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. രാഷ്ട്രീയ കാരണങ്ങളാലാണ് ഇപ്രാവശ്യത്തെ ലോക കേരള സഭ ബഹിഷ്കരിച്ചതെന്ന് വളരെ വ്യക്തമായി പറഞ്ഞു. ബഹുമാനപ്പെട്ട നിലമ്പൂർ അംഗം പറയുന്നതുപോലെ ധൂർത്തായതുകൊണ്ടാണ് ലോക കേരളസഭ ബഹിഷ്കരിക്കുന്നതെന്ന് പ്രതിപക്ഷനേതാവെന്ന നിലയിൽ ഞാൻ പറഞ്ഞിട്ടില്ല. മറിച്ച് രാഷ്ട്രീയ കാരണങ്ങൾകൊണ്ടാണ് ഞങ്ങൾ അതിൽ പങ്കെടുക്കാത്തതെന്ന് വ്യക്തമായി പറഞ്ഞിട്ടുള്ളതുമാണ്. ആ സ്ഥിതിക്ക് അത് ധൂർത്താണ്, അവർക്ക് ഭക്ഷണം കൊടുത്തതാണ് കാരണമെന്നൊക്കെ ഞാൻ പറഞ്ഞതായി എന്നെ misquote ചെയ്യുന്നത് ബഹുമാനപ്പെട്ട അംഗം പിൻവലിക്കണം, അല്ലെങ്കിൽ ബഹുമാനപ്പെട്ട ചെയർ

സഭാരേഖകളിൽനിന്നും ഒഴിവാക്കണം, അത് വാസ്തവവിരുദ്ധമായ കാര്യമാണ്.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനിക്കാം+.

ശ്രീ. പി. വി. അൻവർ: സർ, അത് പിൻവലിക്കുന്ന കാര്യമില്ല. ഈ നാട്ടിലെ ജനങ്ങൾ മുഴുവൻ കേട്ട കാര്യമാണത്. ശ്രീ. എം. എ. യൂസഫലി മാത്രമല്ല വിദേശരാജ്യങ്ങളിൽ വീട്ടുജോലി ചെയ്യുന്ന ഏറ്റവും താഴെക്കിടയിലുള്ള സഹോദരിമാർപോലും ലോക കേരളസഭയിൽ സംവദിച്ചിട്ടുണ്ട്. അവരുടെ പ്രതികരണം കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. അതുകൊണ്ട് ധൂർത്ത് നടത്തിയതായി നിങ്ങൾ പറഞ്ഞിട്ടില്ലെന്ന് വാദിക്കുന്നതിന്റെ വാസ്തവം കേരളത്തിലെ ജനങ്ങൾക്കറിയാം. പ്രതിപക്ഷനേതാവ് എത്ര പ്രാവശ്യം വാക്കുകൾ മാറ്റിപ്പറഞ്ഞുവെന്നതാണ് ഇന്ന് നമ്മൾ ടി.വി.-യിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നും ഇന്നലെയും മിനിഞ്ഞാന്നും പറഞ്ഞതെല്ലാം അദ്ദേഹം മാറ്റിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷനേതാവിന്റെ ജോലിയെന്താണ്; അദ്ദേഹത്തിന് ഇത്രയധികം സ്റ്റാഫുകളുടെ ആവശ്യമെന്താണ്? ഒരു പ്രൈവറ്റ് സെക്രട്ടറി, നാല് സ്പെഷ്യൽ

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം. 12432/ഇ.ബി/2022/നി.സെ. തീയതി 12.07.2022) രേഖയിൽ നിലനിർത്തി.

സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറി, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി എന്നിങ്ങനെ പത്ത് സെക്രട്ടറിമാരാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനുള്ളത്. പ്രൈവറ്റ് സെക്രട്ടറി ശ്രീ. കെ. അനിൽ കുമാർ മുതൽ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ശ്രീ. സുധീഷ് ഡി. വരെയുള്ള പത്ത് പേർ 10,65,096/- രൂപയാണ് ഒരു മാസത്തെ ശമ്പളമായി കൈപ്പറ്റുന്നത്. അദ്ദേഹത്തിന്റെ 6 പി.എ.-മാർക്ക് 4,39,000/- രൂപയാണ് ഒരു മാസം ശമ്പളമായി കൊടുക്കുന്നത്. എന്താണ് ഇവരുടെ ജോലി? പ്രതിപക്ഷനേതാവ് ഇത്രമാത്രം സ്റ്റാഫിനെക്കൊണ്ട് ചെയ്യിക്കുന്ന ജോലി എന്താണെന്ന് കേരളത്തിലെ ജനങ്ങളോട് പറഞ്ഞാൽ അത് മനസ്സിലാക്കാൻ താത്പര്യമുണ്ട്. ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല, ഒരു വർഷം 48 ലക്ഷം രൂപയാണ് അദ്ദേഹത്തിന്റെ ഓഫീസ് ചെലവ്. അവിടെ അഡീഷണൽ സ്വീപ്പർമാർക്ക് 11,46,000/- രൂപയും ഡെയ്‌ലി വേജസ് ജീവനക്കാർക്ക് 21,70,000/- രൂപയുമാണ് ഒരു വർഷം ശമ്പളമായി കൊടുക്കുന്നത്. ഇത് നിയമസഭയിൽനിന്നും ലഭിച്ച കണക്കാണ്. പ്രതിപക്ഷനേതാവിന്റെ ശമ്പളവും മറ്റ് അലവൻസുകളും, എയർ ടിക്കറ്റ് കൂടാതെ 21,37,929/- രൂപയാണ്. അത്തരത്തിൽ കഴിഞ്ഞ ഒരു വർഷം മാത്രം 2,75,11,929/- രൂപയാണ് ചെലവാക്കിയിരിക്കുന്നത്. ഇതിൽ

ഭക്ഷണത്തിന്റെയും കുക്കിന്റെയും കണക്കുകൾ ഉൾപ്പെടുത്തിയിട്ടില്ല. പ്രതിപക്ഷനേതാവ് എന്നുപറയുന്ന വ്യക്തിക്കുവേണ്ടി ഒരു വർഷം മൂന്നുകോടി രൂപ ഇവിടെ ചെലവഴിക്കുന്നു. നാട് മുഴുവൻ നടന്ന് ഈ ഗവൺമെന്റിനെതിരെ കുത്തിത്തിരിപ്പുണ്ടാക്കുകയല്ലാതെ വേറെ യാതൊരു പണിയുമില്ല. സെക്രട്ടറിമാർക്കൊക്കെ റിസർച്ച് നടത്താൻ കൊടുത്തിരിക്കുകയാണ്, എങ്ങനെ കെ-റെയിലിനെയും ലൈഫ് പദ്ധതിയെയും പ്രവാസികളിലൂടെയുള്ള നാടിന്റെ വികസനവുമൊക്കെ തടയണം എന്നതല്ലാതെ ഇവർക്ക് എന്താണ് ജോലി; ഇത് കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? മൂന്നുകോടി രൂപ വ്യക്തിപരമായി ചെലവഴിക്കുകയാണ്. മഹാത്മാഗാന്ധിയുടെ പേരക്കുട്ടിയാണ് അദ്ദേഹം എന്ന് വിചാരിക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തിന് എം.എൽ.എ. ക്വാർട്ടേഴ്സിൽ താമസിച്ചാൽ പോരേ; നാലോ അഞ്ചോ സ്റ്റാഫ് മാത്രം പോരേ; എന്തിനാണ് ഇത്രയധികം പണം ചെലവഴിക്കുന്നത്? ഇതാണ് ധൂർത്ത്. ഈ നിയമസഭ തുടങ്ങിയിട്ട് മുസ്ലീം ലീഗുകാർക്ക് ഒരനക്കവും ഇല്ലല്ലോ; ഇതുവരെ മിണ്ടിയിട്ടില്ല. ഉമ്മയും ബാപ്പയും മരിച്ച വീട്ടിൽ ചെന്നതുപോലെയാണ്. അതുകൊണ്ട് ഇത്തരത്തിൽ പ്രവാസികൾക്കെതിരെ നടത്തിയ വളരെ മോശകരമായ നിലപാടിന് കേരളത്തിലെ ജനതയോട് മാപ്പ്

പറയേണ്ടതാണ്. കെ-റെയിൽ പദ്ധതിയെപ്പറ്റി പറയാനുണ്ട്; പക്ഷേ സമയമില്ല, അടുത്ത പ്രസംഗത്തിന് അവസരം കിട്ടുകയാണെങ്കിൽ പറയാം. അതിന്റെ പിന്നിൽ ഇവർ നടത്തിയ വൻ അഴിമതിയെ സംബന്ധിച്ച് പറയാനുണ്ട്. കർണ്ണാടകയിലെ ഐ.ടി. മേഖലയിലെ കോർപ്പറേറ്റുകളുമായി ഒത്തുകൂടി, കേരളത്തിൽ കെ-റെയിൽ വന്നാലുണ്ടാകുന്ന ഐ.ടി. വികസനം അവിടത്തെ കോർപ്പറേറ്റുകൾക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്ന് മനസ്സിലാക്കി അവരിൽനിന്നും കോടിക്കണക്കിന് രൂപ വാങ്ങി ഈ പദ്ധതിയെ ഇവർ എതിർത്തുകൊണ്ടിരിക്കുകയാണ്. സമയ പരിമിതിയുള്ളതിനാൽ അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല; വിശദമായ തെളിവിന്റെ അടിസ്ഥാനത്തിൽ അതെല്ലാം ഇവിടെ കൊണ്ടുവരുന്നതാണ്. ഇത്തരത്തിൽ മറ്റ് സംസ്ഥാന ലോബികളിൽനിന്നും പണം വാങ്ങിക്കൊണ്ട് കേരളത്തിൽ നടക്കുന്ന സകലമാന വികസനത്തിനും തടസ്സം സൃഷ്ടിച്ചിട്ട് ഇവിടെ മാന്യന്മാരായി ഞെളിഞ്ഞ് നടക്കുന്ന അവസ്ഥ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ പച്ചയായി തുറന്നുകാട്ടാൻ സാധിക്കും.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും അദ്ദേഹത്തിന്റെ കുടുംബത്തെയും വ്യക്തിപരമായി ആക്ഷേപിക്കുകയാണ്. എന്തിനാണ് ഇവർ അദ്ദേഹത്തെ ഇത്രത്തോളം ഭയപ്പെടുന്നത്? നമുക്കെല്ലാവർക്കുമറിയാം, കേരളത്തിൽ നടന്ന

തെരഞ്ഞെടുപ്പിൽ പത്ത് ശതമാനത്തോളം വോട്ട് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് കിട്ടിയതാണ്, അക്കാര്യത്തിൽ ഒരു തർക്കവുമില്ല. അവരും സ്വകാര്യമായി അത് അംഗീകരിക്കുന്നുണ്ട്. ആ വ്യക്തിത്വത്തെ, ആ ബിംബത്തെ തകർക്കാൻ എന്താണ് മാർഗ്ഗം? അതിനുവേണ്ടിയാണ് വ്യക്തിഹത്യ ചെയ്യുന്നത്. ആ വ്യക്തിഹത്യ കയറിക്കയറി എവിടെ എത്തിയെന്ന് നമുക്കറിയാം. ഇവിടെ പല കുഴൽനാടന്മാരും കുഴലൂത്ത് നടത്തി. അവരുടെയൊക്കെ ഉദ്ദേശ്യം കേരളത്തിലെ ജനങ്ങൾക്ക് വളരെ വ്യക്തമാണ്. സ്വർണ്ണക്കടത്ത് കേസ് കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്ന് ആദ്യം എഴുതിക്കൊടുത്തത് കേരളാ മുഖ്യമന്ത്രിയാണ്. വിദേശ ഏജൻസികൾ തലങ്ങുംവിലങ്ങും അന്വേഷിച്ചിട്ടും ഒരു തെളിവും ലഭിച്ചില്ല.

മി. ചെയർമാൻ: യെസ് പ്ലീസ്.... സമയം കഴിഞ്ഞു.

ശ്രീ. പി. വി. അൻവർ: സർ, കഴിഞ്ഞ രണ്ട് വർഷത്തോളമായി പറഞ്ഞുകൊണ്ടിരിക്കുന്ന കളവുകൾ ആവർത്തിച്ചാവർത്തിച്ച് പല രൂപവും ഭാവവും നൽകി ജനങ്ങൾക്കിടയിലും ഈ സഭയിലും പറയുകയെന്നല്ലാതെ അതിനപ്പുറം ഒരു വാക്കും ഈ ഗവൺമെന്റിനെതിരെ പറയാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിനെതിരെ സഭയിൽ ഒരു വാക്ക്

പറയാൻ, കഴിഞ്ഞ രണ്ടാഴ്ചയായി ഇവർക്കാർക്കെങ്കിലും സാധിച്ചോ? ആ സാധ്യമല്ലാത്ത കാര്യത്തെ മറികടക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും കുടുംബത്തെയും പാർട്ടി നേതാക്കളെയും അപഹാസ്യപ്പെടുത്തുകയും വ്യക്തിഹത്യ നടത്തുകയും ചെയ്യുന്നത്. ഇതിലൊതുങ്ങി അവർ ആ രാഷ്ട്രീയവുമായി മുന്നോട്ടുപോകട്ടെ; കേരളത്തിലെ ജനങ്ങളെ ഒന്നിച്ചുനിർത്തി ഈ നാടിന്റെ വികസനവുമായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ശക്തമായി മുന്നോട്ടുപോകുമെന്ന് അറിയിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുകയാണ്.

മി. ചെയർമാൻ: സഭയിൽ, ജനാധിപത്യ സംവിധാനത്തിൽ മുഖ്യമന്ത്രിയും മന്ത്രിമാരും പ്രതിപക്ഷവും പ്രതിപക്ഷനേതാവുമുണ്ട്. പ്രതിപക്ഷ നേതാവ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ത് എന്ന ചോദ്യത്തിന് പ്രസക്തിയില്ല. പ്രവർത്തനങ്ങളെക്കുറിച്ച് നമുക്ക് പറയാം, ജനാധിപത്യ സംവിധാനത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും പ്രതിപക്ഷനേതാവും ഉള്ളതാണെന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം.

ശ്രീ. ജി. സ്റ്റീഫൻ: സർ, 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള XXX, XXXI, XXXII എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേന്ദ്രസർക്കാരിന്റെ തെറ്റായ നിലപാടുകളെ

ശക്തിയുക്തം എതിർക്കുന്ന കേരളം, അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും കേന്ദ്രസർക്കാർ നിഷേധിച്ച ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ നൽകുമെന്ന് പ്രഖ്യാപിച്ചത് ഏറ്റവും ഉചിതമായ തീരുമാനമായി കാണുകയാണ്. ലോകത്തെയാകെ വിറകൊള്ളിച്ച കോവിഡ് മഹാമാരിയുടെ വിനാശങ്ങൾക്ക് നടുവിൽ മൂന്നരക്കോടി മലയാളി ജനതയെ ദുരന്തങ്ങൾക്ക് വിട്ടുകൊടുക്കാതെ, ഭക്ഷ്യ പൊതുവിതരണ ശൃംഖല തകർന്നുപോകാതെ, പ്രതിബദ്ധതയോടെയും ലക്ഷ്യബോധത്തോടെയും പ്രവർത്തിക്കുന്ന ഗവൺമെന്റിനെയും ഭക്ഷ്യ പൊതുവിതരണ വകുപ്പിനെയും അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരിക്കലുമില്ലാത്തവിധം ഭക്ഷ്യ വസ്തുക്കൾ, ഇന്ധനം എന്നിവയുൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ ക്ഷാമം ലോകരാജ്യങ്ങളെ വരിഞ്ഞുമുറുക്കി ജനജീവിതം നരക തുല്യമാക്കിയിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. രാജ്യം ഇല്ലായ്മയുടെ നടുവിൽ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ കേരള ജനത സമൃദ്ധിയുടെ നടുവിൽ ജീവിക്കുന്ന കാഴ്ചയാണ് ഈ ഗവൺമെന്റിന്റെ കാലത്ത് കാണാൻ സാധിക്കുന്നത്. ഒരു ക്ഷേമ രാഷ്ട്രമെന്ന കടമ നിർവ്വഹിക്കാതെ വികലമായ സാമ്പത്തിക-സാമൂഹിക നയങ്ങളും അസമത്വവും സൃഷ്ടിച്ച് ശതകോടീശ്വരന്മാരെ പ്രീണിപ്പിക്കുകയും സാധാരണക്കാരെ

ഞെക്കിപ്പിഴിയുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. ഇതിനൊരു ബദൽ സംവിധാനമൊരുക്കിയാണ് കേരളത്തിലെ പൊതുവിതരണ സംവിധാനം രാജ്യത്തിന് മാതൃകയായി നീങ്ങിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ പ്രതിപക്ഷം ഈ വസ്തുതകൾ മനസ്സിലാക്കാതെ തുടർച്ചയായി എതിർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. തുടർച്ചയായി നുണകളുടെ പെരുമഴ സൃഷ്ടിച്ച് എൽ.ഡി.എഫ്. സർക്കാരിനെ അപകീർത്തിപ്പെടുത്തുന്നതിനാണ് പ്രതിപക്ഷം സമയം വിനിയോഗിക്കുന്നത്. കെടുതിയുടെ കാലത്ത് ജനപക്ഷത്ത് നിൽക്കാതെ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന രീതിയിൽ ബോക്സ് ഓഫീസ് ഹിറ്റ് സിനിമയുടെ ചേരുവകൾ ചേർത്ത് പ്രചരിപ്പിച്ച കെട്ടുകഥകളെല്ലാം ചീട്ടുകൊട്ടാരം പോലെ തകർന്നടിയുകയാണ് ചെയ്യുന്നത്. രാജ്യമെങ്ങും ഭയാനകമായ വിലക്കയറ്റത്തിന് നടുവിലാണ്. സ്വാതന്ത്ര്യാനന്തരം രാജ്യം തുടർന്നുവന്ന സാർവ്വത്രിക പൊതുവിതരണ സമ്പ്രദായം ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി തകർക്കപ്പെടുകയുണ്ടായി. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ടറി പിൻബലമാണ് രാജ്യത്ത് നൽകിയിട്ടുള്ളതെന്നതാണ് വസ്തുത.

ഇതിനെതിരായി അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് ശക്തമായ ചെറുത്തുനിൽപ്പ് സ്വീകരിക്കാത്തതിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് മുൻഗണനാ പട്ടികയിലുൾപ്പെടേണ്ട അർഹരായ ഒട്ടേറെപേർ പുറത്തുപോകുന്ന കാഴ്ചയാണ് കാണുന്നത്. മുൻഗണനാ വിഭാഗങ്ങളുടെ പരമാവധി എണ്ണം നിജപ്പെടുത്തിയിരുന്നതിനാൽ മുൻഗണനാ കാർഡുകൾ കൈവശം വച്ചിരുന്ന 172312 അനർഹർ സർക്കാരിന്റെ അഭ്യർത്ഥന മാനിച്ച് സ്വയം ഒഴിവാകുകയും 153482 പേർക്ക് കാർഡുകൾ മാറ്റിനൽകാനും ഈ ഗവൺമെന്റിന് സാധിച്ചു. ഇതിനുപുറമെ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി ഒരു ലക്ഷം മുൻഗണനാ കാർഡുകൾ നൽകാനും സാധിച്ചു. ഒരു പിടി കുത്തകകളെ തൃപ്തിപ്പെടുത്തിയാൽ ജനങ്ങളെല്ലാം തൃപ്തിപ്പെടുമെന്നതാണ് കേന്ദ്രസർക്കാരിന്റെ വിലയിരുത്തൽ. പക്ഷേ രാജ്യത്തിന്റെ സമ്പദ്ഘടനയും മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതവും തൃപ്തികരമാകുമ്പോഴാണ് ഒരു പരിഷ്കൃത ജനാധിപത്യ സമ്പ്രദായം ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുവെന്ന് വിലയിരുത്താൻ സാധിക്കുന്നത്. കേരളത്തിലെ ദരിദ്രരുടെ എണ്ണം 0.71 ശതമാനമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞ ആറ് വർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റിന്റെ ഭരണത്തിന്റെ ഭാഗമായി സാധിച്ചിട്ടുണ്ട്. വികസന പദ്ധതികളെ നിരന്തരം തടസ്സപ്പെടുത്തുന്നതിനുപകരം ഈ യാഥാർത്ഥ്യങ്ങൾ നോക്കിക്കാണാൻ സർക്കാരിനെ വിമർശിക്കുന്നവർക്ക് കഴിയണം. ഇരുപത് രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്ന 'സുഭിക്ഷ ഹോട്ടലുകൾ' കേരളത്തിൽ നടപ്പിലാക്കിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഇത് സാധാരണക്കാരായ ജനങ്ങളെ സഹായിക്കുന്നതിനുള്ള നിലപാടായിരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം നൂറ് ശതമാനമാക്കുകയെന്ന ലക്ഷ്യത്തോടെ ആദിവാസി ഊരുകളും ലേബർ സെറ്റിൽമെന്റുകളുമടക്കമുള്ള വിദൂര സ്ഥലങ്ങളിലേയ്ക്ക് സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രയാണം ഈ കാലഘട്ടത്തിൽ തുടരുകയാണ്. ഇതിന്റെ ഭാഗമായി 115 ആദിവാസി ഊരുകളിലെ ജനങ്ങളുടെ മുന്നിലേയ്ക്കാണ് റേഷൻ കടകൾ ചെന്നെത്തുന്നത്. കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ അതിഥി തൊഴിലാളികൾ പട്ടിണി കിടക്കാതിരിക്കുന്നതിനാവശ്യമായ നടപടികളും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈക്കൊണ്ടിരുന്നു. എല്ലാകാലത്തും സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങൾ, ഭാവി കേരളത്തിൽ ജനാധിപത്യ സർക്കാരുകളെക്കുറിച്ച് പഠിക്കുന്നതിനുള്ള ഒരു പാഠപുസ്തകമായി ഒന്നുരണ്ടും

പിണറായി വിജയൻ ഗവൺമെന്റുകൾ മാറുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പതിമൂന്നിനം അവശ്യ സാധനങ്ങളുടെ വില ക്രമപ്പെടുത്തി നിർത്തുന്നതിന് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് സാധിച്ചു. 'കെ' എന്ന് കേൾക്കുമ്പോൾ ചിലർക്ക് ഹാലിളകുകയാണ്. എന്നാൽ ചിലർ കേരളം ഭരിച്ചപ്പോൾ ചെയ്ത കെടുകാര്യസ്ഥതയുടെ 'കെ' അല്ല, ഇത് കെട്ടുറപ്പിന്റെ 'കെ'-യാണ്. നമ്മുടെ സമൂഹത്തിൽ വീണ്ടും ഒരു 'കെ' വരികയാണ്, അത് കെ-സ്റ്റോർ ആണ്. കേരളത്തിലെ മുഴുവൻ റേഷൻ കടകളും സ്മാർട്ടാകാൻ പോകുകയാണ്. പോക്കറ്റിൽ സൂക്ഷിക്കാവുന്ന സ്മാർട്ട് റേഷൻ കാർഡുകൾ നിലവിൽവന്നു. പതിനഞ്ച് പുതിയ റേഷൻ കടകളും ആരംഭിക്കാൻ സാധിച്ചു. പൊതു വിതരണ വകുപ്പും അളവുതൂക്ക വകുപ്പും ഒരു വർഷത്തിനുള്ളിൽ പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറും. റേഷൻ കടകൾ ഓൺലൈനായി പരിശോധിക്കുന്നതിന് മൊബൈൽ ആപ്പും വാതിൽപ്പടി വിതരണ വാഹനങ്ങളിൽ ജി.പി.എസ്. ട്രാക്കിംഗ് സംവിധാനവും കൊണ്ടുവന്നത് ഈ വകുപ്പിന്റെ പ്രവർത്തനങ്ങളുടെ മുഖമുദ്രകളാണ്. ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങളാണ് ഈ കാലഘട്ടത്തിൽ ഭക്ഷ്യ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മൃഗസംരക്ഷണ-ക്ഷീര വികസന മേഖലയിൽ ഈ ഗവൺമെന്റ്

നൂതനങ്ങളായ നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. മൃഗസംരക്ഷണ- ക്ഷീരവികസന മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന സാധാരണ ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളൊരുക്കാനും അത്യുൽപ്പാദനശേഷിയുള്ള കന്നുകാലികളെ സൃഷ്ടിക്കാനും പാലുൽപ്പാദനം വർദ്ധിപ്പിക്കാനും സഹായകരമായ രീതിയിൽ വിവിധ പരിപാടികളാണ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ പാലുൽപ്പാദനത്തിൽ രണ്ടാം സ്ഥാനത്തും വിലയുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുമാണ് കേരളം നിലകൊള്ളുന്നത്. 3342 ക്ഷീര സംഘങ്ങൾ കേരളത്തിലെ ക്ഷീരോൽപ്പാദന മേഖലയുടെ നെട്ടംതൂണായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 215 വെറ്ററിനറി ആശുപത്രികൾ, 885 വെറ്ററിനറി ഡിസ്പെൻസറികൾ, 50 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ, സഞ്ചരിക്കുന്ന മൃഗാശുപത്രികൾ, ക്ലിനിക്കൽ ലാബുകൾ, വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ തുടങ്ങി ഒട്ടേറെ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെല്ലാം ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനുള്ള നിലപാട് കേരളാ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അരുവിക്കര നിയോജകമണ്ഡലത്തിലെ ചെറ്റച്ചലിലും വിതുരയിലും രണ്ട്

ജുഗ്ലീഫാമുകൾ വളരെ മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ക്ഷീര കർഷകരെയും കോഴി കർഷകരെയും സഹായിക്കാനായി നിരവധി പദ്ധതികളാണ് ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 'റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്' പദ്ധതിക്കായി 13.61 കോടി രൂപയാണ് മൃഗസംരക്ഷണ വകുപ്പിന് സർക്കാർ അനുവദിച്ചിട്ടുള്ളത്. മുട്ടക്കോഴിയുടെയും ഇറച്ചിക്കോഴിയുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി സ്ത്രീകളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിടുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കാൾ സെന്റർ മൃഗസംരക്ഷണ മേഖലയിലുണ്ട്. ഇത് ക്ഷീര കർഷകർക്ക് സഹായകരമാകുന്നൊരു പദ്ധതിയാണ്. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ യൂണിഫൈഡ് സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കാൻ സർക്കാർ തയ്യാറായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ വിവര സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഗവൺമെന്റിന് സാധിക്കുന്നുണ്ട്. അഴിമതിയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും കള്ളക്കച്ചവടവും അരങ്ങുവാണിരുന്ന നമ്മുടെ പൊതുവിതരണ ശൃംഖലയെ അടിമുടി മാറ്റിയെടുക്കുന്നതിനും മൃഗസംരക്ഷണ ക്ഷീര വികസന മേഖലയെ പുരോഗതിയിലേയ്ക്കെത്തിക്കാനും പരിശ്രമിക്കുന്ന ഈ സർക്കാർ

അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ഡി. പ്രസേനൻ)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ സമ്പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം' എന്ന വാക്യം സാർത്ഥകമാക്കുന്ന നിലയിലാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വിമർശനങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കേന്ദ്രീകരിച്ച് നടത്തുന്ന വിമർശനങ്ങളിൽനിന്ന് മാറി വകുപ്പുകളുടെ ചർച്ചകളിലേയ്ക്കും സംസ്ഥാനത്തിനാവശ്യമായ കാര്യങ്ങൾക്കുംവേണ്ടി അൽപ്പസമയം ചെലവഴിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് വിനീതമായി, ആമുഖമായി അഭ്യർത്ഥിച്ചുകൊള്ളുന്നു. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഊർജ്ജസ്വലതയിൽ സുസ്ഥിര വികസനത്തിലൂടെ സംസ്ഥാനം മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രളയ ദുരന്തം, കോവിഡ് മഹാമാരി തുടങ്ങിയ സാഹചര്യങ്ങളുണ്ടായെങ്കിലും അതിജീവനത്തിന്റെ കരുത്തുമായി സർക്കാർ മുന്നോട്ടുപോയി. ബഹുമുഖ

പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ ഒന്നാണ് നമ്മുടെ ഭക്ഷ്യരംഗം. ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും നമുക്ക് അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ആ സന്ദർഭത്തിലാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ വിലയിരുത്തപ്പെടുന്നത്. സംസ്ഥാനത്ത് ഒരാളുപോലും പട്ടിണി കിടക്കരുതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രളയകാലത്തും കോവിഡ്കാലത്തും പറഞ്ഞു. അതുപറഞ്ഞ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ഏക മുഖ്യമന്ത്രിയാണ് നമ്മുടേത്. അതിനനുയോജ്യമായ വിധത്തിലാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോയത്. കൃത്യമായ വിപണി ഇടപെടലുകളിലൂടെയും പൊതുജന ബോധവൽക്കരണത്തിലൂടെയും കേരളം ആരോഗ്യകരമായ ഭക്ഷ്യഭദ്രതാ സമ്പ്രദായം രൂപപ്പെടുത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് 87.39 ലക്ഷം കാർഡുടമകൾക്ക് 17 ഇനം അവശ്യസാധനങ്ങളടങ്ങിയ പലവ്യഞ്ജന കിറ്റും സൗജന്യ റേഷനും വിതരണം ചെയ്തത് ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. 2016 ഒക്ടോബർ മാസത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കി. വാതിൽപ്പടി വിതരണം, റേഷൻ കടകളുടെ കമ്പ്യൂട്ടർവൽക്കരണം, ആധാർ സീഡിംഗ്, പോർട്ടബിലിറ്റി തുടങ്ങിയ

പരിഷ്കാരങ്ങൾ വിജയിച്ചുകൊണ്ടിരിക്കുകയാണ്. തെരുവിലും പുറമ്പോക്കിലും ജീവിക്കുന്നവർക്ക് സ്ഥിരതാമസ രേഖകളില്ലാതെ, ആധാർ കാർഡിന്റെയും സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ വിതരണം ചെയ്തു. ഭിന്നലിംഗ വിഭാഗത്തിൽപ്പെട്ടവർക്കും ഇത്തരത്തിൽ കാർഡുകൾ അനുവദിച്ചത് മാതൃകാപരമാണ്. സഞ്ചരിക്കുന്ന റേഷൻ കടകൾവഴി ഏഴ് ജില്ലകളിലെ വിദൂരമായ ആദിവാസി ഊരുകളിൽ വാതിൽപ്പടി വിതരണം നിർവ്വഹിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ ഫോൺ-ഇൻ പരിപാടിയിലൂടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ സാധിച്ചു. അനർഹരായവരുടെ കാർഡുകൾ സറണ്ടർ ചെയ്യണമെന്ന അഭ്യർത്ഥന പുറപ്പെടുവിച്ചയുടനെ 169291 അനർഹർ കാർഡുകൾ സമർപ്പിച്ചത് സർക്കാരിനെ വിശ്വാസത്തിലെടുത്തതിന്റെ തെളിവാണ്. 153254 അർഹരായവർക്ക് പുതുതായി റേഷൻകാർഡ് വിതരണം ചെയ്തു. ഇതെല്ലാമാണ് ഈ രംഗത്ത് നടക്കുന്ന അതിശക്തമായ മുന്നേറ്റം. ഉപഭോക്താക്കൾക്ക് സൗകര്യപ്രദവും ഇഷ്ടമുള്ളതുമായ സ്ഥലത്തുനിന്നും സ്വന്തം കാർഡുപയോഗിച്ച് റേഷൻ വാങ്ങാനുള്ള പോർട്ടബിലിറ്റി സമ്പ്രദായം നടപ്പിൽവന്നതോടെ കേരളത്തിൽ റേഷൻ പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര നയംകൂടി സഹായിച്ചു. അതുവഴി മറ്റ് സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക്

അവരുടെ താമസസ്ഥലത്ത് കേരളത്തിലെ റേഷൻ കാർഡുപയോഗിച്ച് റേഷൻ വാങ്ങുന്നതിനുള്ള സൗകര്യവും കേരളത്തിൽ താമസിക്കുന്ന അതിഥി തൊഴിലാളികൾക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ഇഷ്ടപ്പെട്ട സ്ഥലത്തുനിന്ന് വാങ്ങാനുള്ള സൗകര്യവുമുൾപ്പെടെ ശ്രദ്ധേയമായതും മാതൃകാപരവുമായ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്. രാജ്യത്തുടനീളം ഒരേ റേഷൻ കാർഡ് ഉപയോഗിച്ചുവരുന്ന വിവിധ പൊതുവിതരണ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് കാണുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഉദ്ഘാടനം ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രി വന്നത് ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്.

പാലുത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. പാൽപ്പൊടി നിർമ്മാണമുൾപ്പെടെ മൂല്യവർദ്ധിത വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. "ഓപ്പറേഷൻ ഫ്ലഡ് കേരള" പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി 10.2 ലിറ്ററിൽനിന്നും 14 ലിറ്ററായി പാലുത്പാദനം വർദ്ധിപ്പിക്കാനുള്ള പ്രാഥമിക നടപടിയുണ്ടായി. 506 മൃഗങ്ങളെ ഉൾക്കൊള്ളുന്ന ആധുനിക ഡയറി ഫാമുകൾ നാട്ടിൻപുറങ്ങളിൽ

പ്രാവർത്തികമായിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ അനാഥമായി കിടക്കുന്ന സാഹചര്യം അവസാനിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിത ഉത്പാദന വർദ്ധനവിന്റെ ഭാഗമായി ഈ കാര്യങ്ങൾ നടക്കുകയാണ്. കാലിത്തീറ്റയുത്പാദനം, കന്നുകുട്ടി പരിപാലന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് ശാസ്ത്രീയവും പ്രായോഗികവുമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് മിൽമയുൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ശ്രദ്ധേയമായ സേവനം നടത്താൻ കഴിയുന്നത്. ഗുണമേന്മയേറിയ കിടാരികളുടെ ഉത്പാദന വർദ്ധനയ്ക്ക് സഹായകരമായ നിലയിൽ പ്രോജനി ടെസ്റ്റ് എന്ന പരിപാടി നടക്കുകയാണ്. മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിക്ക് പുറമെ വയനാട് ജില്ലയിൽ കണ്ടൻസിംഗ് പ്ലാന്റ്, മലയോര ഡയറിയിലെ ലോംഗ് ലൈഫ് മിൽക്ക് പ്ലാന്റ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കണ്ണൂർ ജില്ലയിലെ വേങ്ങരയിൽ ഡയറി ഫാമിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുകയാണ്. വ്യാവസായികാടിസ്ഥാനത്തിൽ ഡയറി വിഭാവന ചെയ്തുകൊണ്ട് ക്ഷീരകർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിനും വികസന പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുന്നതിനും അഞ്ച് ലക്ഷം

ര്രുപവരെയാണ് ധനസഹായം നൽകുന്നതെന്നത് ആശ്വാസകരമാണ്. 50 ആധുനിക ഡയറി ഫാമുകൾ, കറവയന്ത്രം, ശാസ്ത്രീയ തീറ്റപ്പുൽകൃഷി എന്നിവയുൾപ്പെടെ മൃഗപരിപാലന പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കുകയാണ്. കൃഷി-മൃഗപരിപാലനം-മത്സ്യം സംയോജിത കൃഷിയിൽനിന്ന് സേഫ് ടു ഈറ്റ് ഉൽപ്പന്നങ്ങളിലേയ്ക്കുകൂടി വ്യാപരിക്കുന്ന നിലയിൽ അതിനെ ശാസ്ത്രീയവൽക്കരിക്കുന്ന നടപടികൂടി വകുപ്പ് സ്വീകരിച്ചിരിക്കുകയാണ്. ക്ഷീര വകുപ്പും മൃഗസംരക്ഷണ വകുപ്പും ഈ കാര്യത്തിൽ കാണിക്കുന്ന കാര്യക്ഷമതയും പരിപാലന പ്രബുദ്ധതയും കേരളത്തിലെ ക്ഷീരകർഷകർക്ക് അനുഗ്രഹീതമാണ്. സഹകരണ മേഖല വ്യാപിച്ചുകിടക്കുന്ന കേരളത്തിൽ സഹകരണ സ്ഥാപനങ്ങളിലൂടെയും ക്ഷീര സഹകരണ സംഘങ്ങളിലൂടെയും ഒരുപാട് കാര്യങ്ങൾ നിർവ്വഹിക്കപ്പെടുകയാണ്. അതിനാവശ്യമായ പ്രോത്സാഹനവും പിന്തുണയും നൽകുന്നുവെന്നുള്ളത് മറ്റൊരു വസ്തുതയാണ്. അതോടൊപ്പംതന്നെ ഭക്ഷ്യരംഗത്തുള്ള മാറ്റങ്ങളും ജനങ്ങൾ കാണുന്നുണ്ട്. പട്ടിണി കിടക്കുന്നവന്റെ മുമ്പിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെടുമെന്ന് പറയുന്ന ബൈബിൾ വാക്യം ഞാൻ ഓർമ്മിക്കുകയാണ്. വിശക്കുന്നവനെയും പട്ടിണി കിടക്കുന്നവനെയും നമ്മുടെ ഭക്ഷ്യ വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള സഹായ

ഹസ്തങ്ങൾ സഹായിക്കാനെത്തി. ഈ മൂന്ന് വകുപ്പുകളുടെയും ധനാഭ്യർത്ഥനകളിലൂടെ കേരളത്തിലെ നിരവധി പാവപ്പെട്ട ജനങ്ങളുടെ സാമ്പത്തിക, സാമൂഹിക ഉന്നമനത്തിനുവേണ്ടിയുള്ള ബഹുമുഖമായ പരിപാടികൾ വിജയിപ്പിക്കാനുള്ള ചുമതലയാണ് നമുക്ക് ഏറ്റെടുത്ത് നടത്താനുള്ളത്. അതിനാധാരമായ നിലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ നന്നായി നടത്തുകയാണെന്ന് നമുക്കറിയാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മുന്നോട്ടുപോകുന്ന പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് ക്ഷീരകർഷകരെ സഹായിക്കാനുള്ള വിവിധ പരിപാടികൾ വളരെയധികം ആരോഗ്യകരമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ചുമതല വഹിക്കുന്ന മന്ത്രിമാരെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയെയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയെയും സന്തോഷത്തോടുകൂടി അഭിവാദ്യം ചെയ്തുകൊണ്ടും അഭിനന്ദിച്ചുകൊണ്ടും ഈ വകുപ്പുകളുടെ ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിലൂടെ ഇത്തരം കാര്യങ്ങൾ പ്രാവർത്തികമാക്കി ഇന്ത്യയ്ക്കുതന്നെ മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

ശ്രീ. എം. നൗഷാദ്: സർ, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അൻപത് വർഷത്തേക്കാൾ മികച്ച നേട്ടമാണ് ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ ആറ് വർഷക്കാലംകൊണ്ട് ഈ മേഖലകളിൽ രൂപപ്പെടുത്തിയെടുത്തത്. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ആരോഗ്യം സംരക്ഷിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. അതിന് ഭക്ഷ്യസുരക്ഷ ഉറപ്പാക്കണം. മുഴുവൻ ആളുകൾക്കും റേഷൻ കാർഡ് നൽകികൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പാക്കി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. റേഷൻ സംവിധാനമുണ്ടായി പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും കേരളത്തിലെ ജനങ്ങളെല്ലാവരും റേഷൻ വാങ്ങാറില്ലായിരുന്നു. കാരണം, ലഭിക്കുന്ന ധാന്യം ഭക്ഷ്യയോഗ്യമല്ലായിരുന്നു; അളവിൽ കുറവുമായിരുന്നു. രണ്ടാളുടെ പണി ചെയ്താൽ മാത്രമേ അത് ഭക്ഷ്യയോഗ്യമാക്കിയെടുക്കാനും കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് എല്ലാവരും വാങ്ങാറില്ലായിരുന്നു, വാങ്ങുന്നവർ അത് വീട്ടിലെ ആടുമാടുകൾക്കായിരുന്നു കൊടുത്തിരുന്നത്. എന്നാൽ ഇന്ന് മുഴുവൻ ആളുകളും

റേഷൻ വാങ്ങുന്നു. മുമ്പ് കോഴികൾക്കും ആട്ടുമാട്ടുകൾക്കുമായിരുന്നു കൊടുത്തതെങ്കിൽ ഇന്ന് റേഷൻ വാങ്ങിക്കൊണ്ടുവന്നാൽ കോഴികളെ അതിന്റെ ഏഴയലത്ത് അടുപ്പിക്കില്ല. കാരണം, അത്രയും ഉപയോഗയോഗ്യമായ ധാന്യമാണ് ഇന്ന് വിതരണം ചെയ്യുന്നത്. ഇപ്പോൾ ഏത് റേഷൻ കടയിൽ ചെന്നാലും റേഷൻ വാങ്ങാൻ സാധിക്കും. മുമ്പ് താമസം മാറിപ്പോകുന്ന ആളുകൾക്ക് റേഷൻ വാങ്ങാൻ അവിടെനിന്നും ഓട്ടോറിക്ഷയിൽ വരണം; ഇന്ന് ആ തുക ലാഭമാക്കിക്കൊണ്ട് അവർക്കിഷ്ടമുള്ള കടയിൽനിന്നും റേഷൻ വാങ്ങാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും റേഷൻ വാങ്ങാൻ കഴിയുന്ന തരത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കി. അതുപോലെ, ആറ് വർഷം മുമ്പുള്ള വിലയ്ക്കാണ് പതിമൂന്നിനം സാധനങ്ങൾ ഇപ്പോഴും നൽകുന്നത്. ഇന്ത്യയിൽ മറ്റൊരിടത്തും ഇത് കാണാൻ സാധിക്കില്ല. അക്കാര്യത്തിൽ കേരളം മാതൃകയാണ്. കഴിഞ്ഞകാലങ്ങളിൽ അഴിമതിയുടെ കൂത്തരങ്ങായിരുന്ന സപ്ലൈകോയെ അതിൽനിന്നും വിമുക്തമാക്കി ജനോപകാരപ്രദമായി മുന്നോട്ടുകൊണ്ടുവന്നത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഭരണമാണ്. കേരളത്തിലെ റേഷൻ കടകളെ കേരള സ്റ്റോർ (കെ-സ്റ്റോർ) എന്ന രീതിയിൽ സ്മാർട്ടാക്കി. റേഷൻ കടകൾ

റേഷൻ വാങ്ങാൻ മാത്രമുള്ളതല്ല, നിത്യോപയോഗത്തിനുള്ള സാധനങ്ങളെല്ലാം ജനങ്ങൾക്ക് ലഭ്യമാകുന്ന തരത്തിലേയ്ക്ക് സ്മാർട്ട് കടകളാക്കി മാറ്റുന്ന പ്രവർത്തനവുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. ഇങ്ങനെയാണ് ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ടത്. ആരോഗ്യ-വിദ്യാഭ്യാസ-ഭക്ഷ്യസുരക്ഷാ മേഖലയിലെ പ്രവർത്തനങ്ങളിലൂടെയും ലൈഫ് മിഷൻ പദ്ധതിവഴിയും കേരളജനതയെ ആരോഗ്യവും വിദ്യാഭ്യാസവും കിടപ്പാടവുമുള്ള, പട്ടിണിയില്ലാത്ത ഒരു ജനതയാക്കി മാറ്റിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അത്തരത്തിൽ പ്രവർത്തിക്കുകയും അതിന് നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്യുന്ന ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയെ ഹൃദയപൂർവ്വം അഭിനന്ദിക്കുകയാണ്. പൊതുവിതരണ മേഖലയിൽ നിരവധി ആക്ഷേപങ്ങൾ എന്നും കേട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപരഹിതമായി റേഷനിംഗ് സംവിധാനവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കിക്കൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയാണ്.

ക്ഷീര-മൃഗസംരക്ഷണ മേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായിട്ടുള്ളത്. പാലുൽപ്പാദനത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. കേരളത്തിലെ ക്ഷീരകർഷകർക്കാണ് പാലിന് ഏറ്റവും കൂടുതൽ വില ലഭിക്കുന്നതെന്ന കാര്യം ആരും മറക്കരുത്. മിൽമയെ ആനന്ദ് മാതൃകയിൽ മാറ്റുന്നതിനുള്ള

പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. അതുപോലെ, രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട സംരംഭമായ കുടുംബശ്രീയുമായി ചേർന്ന് തീറ്റപ്പുല്ല് വച്ചുപിടിപ്പിക്കുന്ന പദ്ധതിയുൾപ്പെടെ ആവിഷ്കരിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 56 കോടി രൂപ ചെലവിൽ മാംസോൽപ്പാദനത്തിന് ആധുനിക രീതിയിലുള്ള ഹൈടെക് കേന്ദ്രത്തിന്റെ നിർമ്മാണം ഏരൂരിൽ പൂർത്തീകരിക്കുകയാണ്. എടവണ്ണയിൽ ആധുനിക ഹാച്ചറി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ഭക്ഷ്യസുരക്ഷ-മൃഗസംരക്ഷണ-ക്ഷീര മേഖലകളിൽ വലിയ മാറ്റങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഇതൊന്നും കാണാതെ "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം" എന്ന രീതിയിലാണ് ഇപ്പോഴും പ്രതിപക്ഷം. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോഴെങ്കിലും ഇവർ തിരുത്തുമെന്ന് വിചാരിച്ചു. പക്ഷേ 'എന്നെ തല്ലേണ്ടമ്മാവാ ഞാൻ നന്നാകില്ല' എന്നതാണ് അവരുടെ എന്നത്തേയും നിലപാട്. ഇവർ മാറ്റങ്ങളെ കാണാൻ കഴിയാത്ത, നേട്ടങ്ങളെ മനസ്സിലാക്കാൻ കഴിയാത്ത അപൂർവ്വജീവികളാണ്. വൈലോപ്പിള്ളി ശ്രീധരമേനോൻ പാടിയതുപോലെ അധോമുഖ വാമനന്മാരുടെ കൂടാരമായി യു.ഡി.എഫ്. മാറിയിരിക്കുകയാണ്. കേരളത്തിൽ ഇന്ന് ആരാണ് അവർക്ക്

കൂട്ട്? കള്ളക്കടത്തുകാരുടെയും കൊള്ളക്കാരുടെയും നുണയൻമാരുടെയും നുണച്ചികളുടെയും പുറകെയാണ് ഇന്ന് പ്രതിപക്ഷം. ഇതൊരു പൊളിറ്റിക്കൽ ജനുസ്സിന്റെ പ്രശ്നമാണ്. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ജനക്ഷേമകരമായ പ്രവർത്തനങ്ങളുടെ മികവുകൊണ്ട് അവർ മുന്നോട്ടുപോയിട്ടില്ല. കാരണം വർഗ്ഗീയവാദികളെയും വിഘടനവാദികളെയും കൂട്ടുപിടിക്കുകയാണ് ഇന്ത്യാ ചരിത്രത്തിൽ ഇവർ ചെയ്തത്. ഭിന്ദ്രൻവാലയുടെ കഥ നമുക്കറിയാം. പഞ്ചാബിലെ അഞ്ച് നദികളെയാണ് കൈപ്പത്തിയിലെ അഞ്ച് വിരലുകൾ സൂചിപ്പിക്കുന്നതെന്ന് പ്രസംഗിച്ചത് ഭിന്ദ്രൻവാലയാണ്. അതുപോലെ, സി.പി.ഐ.(എം.)-നെ ഇല്ലാതാക്കാൻവേണ്ടി ത്രിപുര എന്നും പ്രോത്സാഹിപ്പിച്ചത് 'ത്രിപുര ഉപജാതി ജൂബ സമിതി' എന്ന തീവ്രവാദ സംഘടനയെയാണ്. തെലുങ്കുദേശത്തെയും തമിഴ്നാട്ടിൽ ദ്രാവിഡ മുന്നേറ്റ കഴകത്തെയും ഇല്ലാതാക്കാൻവേണ്ടി ഇവർ പ്രവർത്തിച്ചു. കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരെ ഇല്ലാതാക്കാൻവേണ്ടി ഒന്നാം ഇ.എം.എസ്. ഗവൺമെന്റിനെ പിരിച്ചുവിട്ടു. ലഭിച്ച അധികാരം ഉപയോഗപ്പെടുത്തിയും വർഗ്ഗീയവാദികളെയും വിഘടനവാദികളെയും കൂട്ടുപിടിച്ചുമാണ് പ്രതിപക്ഷം എന്നും പ്രവർത്തിച്ചിരുന്നത്. അതിന്റെ പരിണതഫലമാണ് ഇന്നവർ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം ആർക്കാണ് മനസ്സിലാക്കാൻ

സാധിക്കാത്തത്. ഇപ്പോൾ ഭരണഘടനയോട് വലിയ സ്നേഹമാണ്. അത് നല്ലതുതന്നെയാണ്. പക്ഷേ എന്നാണ് ഇത് ആരംഭിച്ചത്? ഭരണഘടനാ ബെഞ്ചിന്റെ വിധിക്കെതിരായി തെരുവിലിറങ്ങി സമരം ചെയ്തവർക്കാണ് ഭരണഘടനയോട് ഇപ്പോൾ സ്നേഹം. ഭരണഘടനയോട് സ്നേഹം വേണമെന്നതിൽ ഒരുസംശയവും വേണ്ട. അതുപോലെ, തനിക്കെതിരായി കോടതിവിധി വന്നപ്പോൾ ഇതൊന്നും വേണ്ടെന്ന് നിശ്ചയിച്ച് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതാണ് നമ്മുടെ മുമ്പിലുള്ള അനുഭവങ്ങൾ. ഏറ്റവും അവസാനം എന്താണ് സംഭവിച്ചത്? 'ചിന്തൻ ശിബിരം' എന്ന പേരിൽ പഠനക്യാമ്പ് നടത്തി. അവിടെ എന്താണ് പഠിപ്പിക്കുന്നത്? ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും എങ്ങനെയെന്നാണോ പഠിപ്പിക്കുന്നത്? പ്രവർത്തിക്കുന്നത് എങ്ങനെയെന്നുള്ളതാണ് പഠിപ്പിക്കുന്നതെന്ന് അവിടെ പഠിക്കാൻ പോയവർതന്നെ പറഞ്ഞ കഥ നമുക്ക് മനസ്സിലായി. ഇത് ഇന്നും ഇന്നലെയും തുടങ്ങിയതല്ലല്ലോ; പഴയ നാഗ്പൂർ സമ്മേളനം മറന്നുപോയോ; നാഗ്പൂരിൽ കെ.എസ്.യു.-വിന്റെ അഖിലേന്ത്യാ സമ്മേളനം നടന്നപ്പോൾ അവിടത്തെ പെൺകുട്ടികളെല്ലാം ഓടിയൊളിച്ച് വീടിനകത്ത് ദിവസങ്ങളോളം ഇരുന്നത് നമുക്ക് ഓർമ്മയുണ്ട്. ഇത് അവരുടെ ശീലമാണ്. മറ്റൊന്നുമല്ല അവർക്ക് ഒരു നീല സംസ്കാരമുണ്ട്. കെ.എസ്.യു.-വിന് ആ

സംസ്കാരമുണ്ട്. കാരണം, അവരുടെ കൊടിയുടെ നിറം നീലയാണ്. അതിനാൽ ആ നീലയെ ഉയർത്തിപ്പിടിക്കുകയെന്നുള്ളത് അവരുടെ ലക്ഷ്യമാണ്.

മി. ചെയർമാൻ: സമയം അവസാനിച്ചു.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുന്നു. ഒറ്റക്കാര്യമേയുള്ളൂ, ബി.ജെ.പി.-യിൽ ചേരുമെന്ന് പറഞ്ഞാൽ അയാളെ കെ.പി.സി.സി. പ്രസിഡന്റാക്കും. അതുപോലെ ഗോൾവാൾക്കറുടെ ചിത്രത്തിനുമുമ്പിൽ പോയി തിരികത്തിച്ചാൽ അദ്ദേഹത്തെ പ്രതിപക്ഷ നേതാവാക്കും. കാക്കിക്കുള്ളിലും ഒരു കവി ഹൃദയമുണ്ടെന്ന് ഒരു സിനിമയിൽ നടൻ ശ്രീനിവാസൻ പറയുന്നതുപോലെ ഈ ഖദറിനുള്ളിലും ഒരു കാക്കിയുണ്ട്, സംഘിയുണ്ട്, സർസംഘ് ചാലക് ഉണ്ട്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. അത് കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇതെല്ലാം മാറ്റിവച്ച് ജനോപകാരപ്രദമായ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി ക്രിയാത്മക പ്രതിപക്ഷമായി മാറാൻ നിങ്ങൾക്ക് സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഇവിടെ അവതരിപ്പിച്ച

ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. കേരളം അതിഗുരുതരമായ ഭക്ഷ്യസുരക്ഷാ പ്രശ്നം നേരിടുന്ന സമയത്താണ് നമ്മൾ മുന്നോട്ടുപോകുന്നത്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ സംസ്ഥാന സർക്കാർ വലിയ പരാജയമാണ്. ഭക്ഷ്യസുരക്ഷയെക്കുറിച്ച് പല അംഗങ്ങളും വിശദമായി ഇവിടെ സംസാരിക്കുകയുണ്ടായി. ഭക്ഷ്യസുരക്ഷയോടൊപ്പം വളരെ പ്രധാനമാണ് കഴിക്കുന്ന ഭക്ഷണത്തിന്റെ സുരക്ഷകൂടി ഉറപ്പാക്കുക എന്നുള്ളത്. എന്നാൽ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിലും എല്ലാവിധത്തിലുള്ള ഭക്ഷണവും ലഭിക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് യാതൊരുതരത്തിലുള്ള സംവിധാനങ്ങളുമേർപ്പെടുത്താൻ ഗവൺമെന്റിന് സാധിക്കുന്നില്ലെന്നുള്ളത് ദു:ഖകരമായ കാര്യമാണ്. 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ടിലെ 43(1) വകുപ്പ് പ്രകാരം NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ഭക്ഷ്യ ലബോറട്ടറികളോ അല്ലെങ്കിൽ മറ്റേതെങ്കിലും അക്രഡിറ്റേഷൻ ഏജൻസിയുടെ അംഗീകാരമുള്ള ഭക്ഷ്യ ലാബുകളോ ആണ് യഥാർത്ഥത്തിൽ ഭക്ഷ്യ സാമ്പിളുകൾ വിശകലനം ചെയ്യേണ്ടത്. എന്നാൽ സംസ്ഥാനത്ത് FSSAI (Food Safety and

Standards Authority of India) വിജ്ഞാപനം ചെയ്ത ലാബുകളിൽ നിരവധി ഘടകങ്ങളുടെ പരിശോധനയ്ക്ക് NABL അംഗീകാരം ലഭിച്ചിട്ടില്ല. അതായത്, ഏതെങ്കിലുമൊരു ഭക്ഷണ സാമ്പിൾ സുരക്ഷിതമാണെന്ന് പ്രഖ്യാപിക്കുന്നതിനാവശ്യമുള്ള എല്ലാ ഘടകങ്ങളും പരിശോധിക്കാൻ നാം സജ്ജരല്ല എന്ന് വ്യക്തം. എന്ത് ഉറപ്പിൻമേലാണ് ഈ സംസ്ഥാനത്ത് ഭക്ഷണം കഴിക്കാൻ സാധിക്കുക? നമ്മൾ ധാരാളം ടൂറിസം പ്രോജക്ടുകളെക്കുറിച്ചും ടൂറിസ്റ്റുകളെ കൊണ്ടുവരുന്നതിനെക്കുറിച്ചും സംസാരിക്കുന്നു. കേരളം 'God's Own Country' എന്നനിലയിൽ വലിയതോതിൽ പ്രചാരണം നടത്തുന്നു. പക്ഷേ ഈ നാട്ടിലെത്തുന്ന വിനോദസഞ്ചാരികൾ കഴിക്കുന്ന ഭക്ഷണത്തിന് എന്ത് സുരക്ഷിതത്വം നൽകാൻ നമുക്ക് സാധിക്കും? ഈ അടുത്തകാലത്താണ് ഷവർമ കഴിച്ച് ഒരു പെൺകുട്ടി മരിക്കാനിടയായ സാഹചര്യമുണ്ടായത്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. NABL അംഗീകാരമുള്ള ലബോറട്ടറി സൗകര്യമോ പരിശോധനാ സംവിധാനമോ ഇല്ലെന്നത് രസകരമായ കാര്യമാണ്. എന്നാൽ വലിയൊരു സംവിധാനം വേറെയുണ്ട്. ആരെങ്കിലുമൊരു ചെറിയ തട്ടുകട നടത്തുകയാണെങ്കിൽ അവിടെ കൃത്യമായി അന്വേഷണ ഉദ്യോഗസ്ഥരെത്തി ആവശ്യമുള്ള കൈമടക്ക് വാങ്ങി തിരിച്ചുപോകാനായി

വളരെ ഭദ്രമായ സിസ്റ്റം കേരളത്തിലുണ്ടെന്നതും പറയാതെ വയ്യ. യഥാർത്ഥത്തിൽ പരിശോധന നടത്തുന്നതിനുപകരം പണമുണ്ടാക്കാനുള്ള ഒരേർപ്പാടാക്കി ചില ഉദ്യോഗസ്ഥരെങ്കിലും ഇതിനെ മാറ്റുന്നുവെന്ന കാര്യംകൂടി ബഹുമാന്യനായ മന്ത്രി ശ്രദ്ധിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. സംയോജിത ശിശു വികസന സേവന പദ്ധതി (ഐ.സി.ഡി.എസ്.)-ക്കുകീഴിൽ ദേശീയ പോഷകാഹാര മിഷൻ (പോഷൺ അഭിയാൻ) ഉണ്ട്. കുട്ടികൾക്ക് നൽകുന്ന അമൃതം ന്യൂട്രിമിക്സ് സുരക്ഷിതമല്ലെന്ന് ഏറ്റവുമൊടുവിലായി വന്ന സി.&എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ കുട്ടികൾക്ക് അങ്കണവാടികളിൽനിന്നും കൊടുക്കുന്ന അമൃതം പൊടിപോലും വിഷമാണെന്ന് കണ്ടെത്തിയ സ്ഥിതിയിലുള്ള, അല്ലെങ്കിൽ ആ സാഹചര്യമുള്ള സർക്കാരാണ് കേരളത്തിൽ ഭരിക്കുന്നതെന്നത് ഏറ്റവും അപമാനകരമായ കാര്യമാണെന്ന് പറയാതിരിക്കാൻ വയ്യ. ഏകദേശം 3556 കിലോഗ്രാം അമൃതം ന്യൂട്രിമിക്സ് ഇതിനോടകം വിതരണം ചെയ്തിരുന്നുവെന്നാണ് കണ്ടെത്തിയത്. 2021 ഓഗസ്റ്റ് 13-ലെ സി.&എ.ജി. റിപ്പോർട്ടിലെ പ്രസക്തമായൊരു ഭാഗം വായിക്കാം. "അമൃതം ന്യൂട്രിമിക്സ് സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടും പിടിച്ചെടുക്കൽ, തിരിച്ചെടുക്കൽ തുടങ്ങിയ തുടർനടപടികളൊന്നും

ആരംഭിക്കാത്തത് ആറ് മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ സുരക്ഷിതമല്ലാത്ത ഭക്ഷണം ഉപഭോഗം ചെയ്യുന്നതിലേയ്ക്ക് നയിച്ചു" എന്നാണ് റിപ്പോർട്ടിലുള്ളത്. എത്ര ഗുരുതരമായ ഒരാക്ഷേപമാണ്. നമ്മുടെ കുട്ടികൾക്ക് എന്താണ് കൊടുക്കുന്നതെന്നുപോലും പരിശോധിക്കാനോ ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാനോ കണ്ടെത്താനോ സർക്കാരിന് സംവിധാനമില്ലെന്നത് ഒരു വലിയ പിഴവല്ലേ? കുട്ടികളുടെ ജീവൻവച്ച് പന്താടുകയാണ്. ആരോഗ്യ വകുപ്പുമന്ത്രിയുടെ സ്വന്തം ജില്ലയായ പത്തനംതിട്ടയിലാണ് ശബരിമല സ്ഥിതി ചെയ്യുന്നത്. ശബരിമലയിൽ പത്തനംതിട്ട ജില്ലയിലെ ഭക്ഷ്യസുരക്ഷാ ലബോറട്ടറി ആരംഭിക്കുന്നത് 1998-ലാണ്. പക്ഷേ ഇതുവരെ ഈ ലബോറട്ടറിക്ക് എൻ.എ.ബി.എൽ. അംഗീകാരമോ FSSAI വിജ്ഞാപന പട്ടികയിൽ ഇടമോ ലഭിച്ചിട്ടില്ല. ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളിലൊന്നാണ് അരവണ പ്രസാദം. പ്രതിവർഷം ഏകദേശം 29 ലക്ഷം ലിറ്റർ അരവണ പ്രസാദമാണ് ശബരിമലയിൽ നിർമ്മിക്കുന്നത്. എന്നാൽ ഫുഡ് അഡിറ്റീവ്സും ലോഹമാലിന്യങ്ങളും കീടനാശിനി അവശിഷ്ടങ്ങളും അരവണയിൽ കുടികൊള്ളുന്നുവെന്നതാണ് ഏറ്റവും സങ്കടകരമായ കാര്യം. സി.&എ.ജി. റിപ്പോർട്ടിൽ ഇക്കാര്യം വളരെ

വ്യക്തമായി സൂചിപ്പിക്കുന്നു. 'As such, there is no assurance that these food items which are consumed by devotees every year meet the prescribed food safety standards' എന്നാണ് റിപ്പോർട്ടിലുള്ളത്. എല്ലാവർഷവും ഭക്തർ കഴിക്കുന്ന അരവണപ്രസാദമുൾപ്പെടെയുള്ള ഭക്ഷണസാധനങ്ങൾ നിശ്ചിത ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പില്ലെന്ന് പറയുന്നത് ഇവിടത്തെ സി.എ.ജി. റിപ്പോർട്ടിലാണ്. ബഹുമാന്യനായ മന്ത്രി ഇതിന് മറുപടി നൽകേണ്ടതുണ്ട്. നമ്മുടെ കുഞ്ഞുങ്ങളുടെയും ഭക്തരുടെയും സാധാരണക്കാരുടെയും ജീവൻ അപകടത്തിലാക്കാവുന്ന തരത്തിലുള്ള ഭക്ഷ്യസുരക്ഷാ ഭീഷണി സംസ്ഥാനത്ത് നിലനിൽക്കുന്നുവെന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതുണ്ട്.

'ആന പറക്കുന്ന കാറ്റിൽ നമ്മൾ ആടിനെക്കുറിച്ച് പറയണ്ട' എന്ന് പറഞ്ഞതുപോലെ ബഹുമാന്യയായ ക്ഷീരവികസന വകുപ്പുമന്ത്രിയോട് അധികമൊന്നും പറയേണ്ടതില്ല. കാരണം ഒരു സംസ്ഥാനമെന്ന നിലയിൽ ഏറ്റവും സാദ്ധ്യതയുള്ള സംരംഭം ക്ഷീരവികസനവുമായി ബന്ധപ്പെട്ടതാണ്. പക്ഷേ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ചെയ്തതെന്താണെന്ന് കൃത്യമായി പറയാൻ സാധിക്കുന്നുണ്ടോ? ഏതെങ്കിലും തരത്തിൽ

പാലുത്പാദനത്തെ മികച്ച തലത്തിലേയ്ക്ക് എത്തിക്കാനുള്ള സംവിധാനങ്ങൾ ആലോചിച്ചിട്ടുണ്ടോ? അതൊന്നുമുണ്ടായിട്ടില്ല. ഇവിടെ നിങ്ങൾക്കാകെ പ്രതിപക്ഷനേതാവിന്റെ തലയിൽ കയറണം. പ്രതിപക്ഷനേതാവിന് നിങ്ങളുടെ സർട്ടിഫിക്കറ്റ് വേണോ? ഞാൻ ഒരുകാര്യം സഭയിൽ കൃത്യതയോടെ പറയാം, ശ്രീ. വി. ഡി. സതീശന് സംഘ്പരിവാറിനെതിരെ പോരാടുന്നതിൽ ഒരു സി.പി.ഐ.(എം.)-കാരന്റെയും സർട്ടിഫിക്കറ്റ് ആവശ്യമില്ലെന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ വിവാദങ്ങളെല്ലാമുണ്ടാക്കുന്നത് ഗോൾവാൾക്കറെ പൂജിക്കുന്നതിനാലാണ്. അതുകൊണ്ടാണ് ഒരു മന്ത്രിക്ക് രാജിവയ്ക്കേണ്ടിവന്നതെന്ന ബോദ്ധ്യമെങ്കിലും ശ്രീ. വി. ഡി. സതീശനെതിരെ ആരോപണം ഉന്നയിക്കുന്നവരുടെ മനസ്സിലുണ്ടായാൽ നല്ലതാണെന്നുമാത്രം ഓർമ്മിപ്പിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, 'ലോകത്തിലെ മാറ്റങ്ങളിൽനിന്നും പഠിക്കാത്തവരാണ് നിങ്ങളിൽ ഏറ്റവും അജ്ഞർ' എന്ന പ്രവാചക വചനം പ്രതിപക്ഷത്തെ മാത്രം ഉദ്ദേശിച്ചാണെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. രാജ്യത്ത് സംഭവിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് ബോദ്ധ്യമില്ലാതെ

ഗവൺമെന്റിനെ വിമർശിക്കാൻ മാത്രം ഗവേഷണം നടത്തുന്ന പ്രതിപക്ഷത്തെ കേരള ജനത അവജ്ഞയോടുകൂടി കാണും. ആഗോള പട്ടിണി സൂചികയിൽ ഗുരുതരാവസ്ഥയിലുള്ള രാജ്യമാണ് ഇന്ത്യ. ആവശ്യത്തിന് ഭക്ഷണം ലഭിക്കാത്ത 35 കോടി ജനങ്ങൾ ഈ രാജ്യത്തുണ്ടെന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഒരുദിവസം ഒരുനേരംപോലും ഭക്ഷണം കഴിക്കാത്ത 14.5 കോടി ജനങ്ങൾ ഇവിടെ അധിവസിക്കുന്നുണ്ട്. സ്ത്രീകളിലെയും കുട്ടികളിലെയും പോഷകാഹാരക്കുറവ്, ശിശുമരണനിരക്ക് എന്നിവയെല്ലാം ഭയാനകമാംവിധം വർദ്ധിക്കുകയാണ്. രാജ്യത്ത് ഭക്ഷ്യധാന്യങ്ങൾക്കുൾപ്പെടെ വില വർദ്ധിക്കുകയാണ്. എല്ലാതരത്തിലും ഇന്ത്യ വിശന്നുവലയുകയാണ്. കേന്ദ്രത്തിൽ നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാജ്യത്ത് ദരിദ്രരുടെ എണ്ണം വർദ്ധിച്ചു. 2012-2020 ജൂൺ മാസം വരെയുള്ള കാലഘട്ടത്തിൽ 7.6 കോടി അതിദരിദ്രർ രാജ്യത്തുണ്ടായി. കോവിഡ്-19 കൂടി വന്നപ്പോൾ നിലവിൽ 14 കോടി ജനങ്ങളാണ് രാജ്യത്ത് അതിദരിദ്രരായി ജീവിക്കുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കണ്ടേ? യു.എൻ.ഒ.-യുടെ ലോകവിശപ്പ് സൂചികയിൽ 94-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇന്ന് 101-ാം സ്ഥാനത്താണ്. ഇന്ത്യാ ഗവൺമെന്റിന്റെ പല സർവ്വേ റിപ്പോർട്ടുകളും നാണക്കേടുകൊണ്ട്

പുറത്തുവിടുന്നില്ല. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഭക്ഷ്യ സുരക്ഷിതത്വം കീഴ്മേൽ മറിഞ്ഞുവെന്നാണ് ദേശീയ സർവ്വേ റിപ്പോർട്ടിൽ കാണാൻ കഴിയുന്നത്. 60 ശതമാനംപേർക്കും ലോക്ഡൗണിനുമുമ്പുവരെ ലഭിച്ചിരുന്ന ഭക്ഷണം ലഭിക്കാത്ത രാജ്യമായി ഇന്ത്യ നിലനിൽക്കുകയാണ്. അധിക ഭക്ഷ്യധാന്യം അനുവദിച്ചുകൊണ്ട് പൊതുവിതരണ ശൃംഖലയെ ശക്തിപ്പെടുത്തുന്ന നയത്തിനുപകരം കോർപ്പറേറ്റുകൾക്ക് സഹായകരമായ, കയറ്റുമതിക്ക് പ്രോത്സാഹനം നൽകുന്ന നയമാണ് നരേന്ദ്രമോദി സർക്കാർ പിന്തുടർന്നത്. ഇത് കേരളത്തിലെ പ്രതിപക്ഷം മനസ്സിലാക്കണ്ടേ; പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നുവെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. 2021-ലെ കേന്ദ്ര ബഡ്ജറ്റിൽ സ്കൂൾ ഉച്ചഭക്ഷണത്തിന്റെയും ഐ.സി.ഡി.എസ്.-ന്റെയും വിഹിതം വെട്ടിക്കുറച്ചിരിക്കുകയാണ്. ഭക്ഷ്യ ഭദ്രതയിൽനിന്നും കേന്ദ്രസർക്കാർ പിന്നിലേയ്ക്ക് പോകുകയാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കണ്ടേ? സംസ്ഥാനം അൻപതിനായിരം ടൺ ഭക്ഷ്യ ധാന്യം അധികമായി ചോദിച്ചെങ്കിലും കേന്ദ്രസർക്കാർ നൽകിയില്ല. ദുരിതകാലത്ത് നൽകിയ ഭക്ഷ്യധാന്യത്തിനുപോലും വില നിശ്ചയിക്കുന്ന കേന്ദ്രസർക്കാരാണ് നമുക്കുള്ളത്. ആ സ്ഥാനത്താണ് പോഷകാഹാര ലഭ്യത,

ഗർഭിണികളുടെയും കുഞ്ഞുങ്ങളുടെയും മരണനിരക്കിലുള്ള കുറവ് തുടങ്ങിയ കാര്യങ്ങളിൽ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച കരുതൽ നടപടികളെ കാണേണ്ടത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടുകൂടിയ പ്രവർത്തനത്തിന്റെ ഫലമായി കേരളം ഇന്ന് ഇന്ത്യയിൽ ഒന്നാമതായി നിൽക്കുകയാണ്. ഈ യാഥാർത്ഥ്യങ്ങളെയും മാറ്റങ്ങളെയുമാണ് പ്രതിപക്ഷം മനസ്സിലാക്കേണ്ടതും കേരള ജനത മനസ്സിലാക്കിക്കൊണ്ടിരിക്കുന്നതും. ശക്തമായ പൊതുവിതരണ സംവിധാനമാണ് നമ്മുടേത്. വാടക വീട്ടിൽ കഴിയുന്നവർക്കുപോലും റേഷൻകാർഡ്, കോവിഡ്-19 കാലത്തെ സൗജന്യ കിറ്റ് വിതരണം, ആയിരം ജനകീയ ഹോട്ടലുകളിലൂടെ 20 രൂപ നിരക്കിൽ ഭക്ഷണം, വർദ്ധിപ്പിച്ച ക്ഷേമ പെൻഷനുകളുടെ കൃത്യമായ വിതരണം, കോവിഡ്-19 കാലത്തും തൊഴിൽ മേഖലകളിൽ കൃത്യമായ ശമ്പളം വിതരണം ചെയ്യൽ തുടങ്ങിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കരുതലുകളാണ് അന്താരാഷ്ട്ര ഏജൻസികളുടെ സർവ്വേകളിലും കേരളത്തെ ഒന്നാമതായി നിർത്തുന്നതെന്ന യാഥാർത്ഥ്യം തിരിച്ചറിയണം. പതിമൂന്ന് പ്രാവശ്യമാണ് 5,600 കോടിയോളം രൂപ മുടക്കി 12 കോടി ഭക്ഷ്യകിറ്റുകൾ ക്ഷാമകാലത്ത് ജനങ്ങളുടെ ക്ഷേമത്തിനായി നൽകിയത്. ഇന്ത്യയുടെ

പലഭാഗങ്ങളിലും റെയിൽവേ പാളങ്ങളിലും ട്രെയിനുകളിലും വെള്ളവും ആഹാരവും ലഭിക്കാതെ മനുഷ്യൻ മരിക്കുമ്പോൾ ഇതരസംസ്ഥാന തൊഴിലാളികൾക്കുപോലും ഭക്ഷണം ഉറപ്പാക്കിയ കേരള ബദൽ, രാജ്യം കണ്ടതാണ്. വികസിത രാജ്യങ്ങളായ അമേരിക്കയോടും ചൈനയോടുമൊപ്പമാണ് കേരളം. അമേരിക്ക 46-ാം സ്ഥാനത്തും ചൈന 61-ാം സ്ഥാനത്തും കേരളം 53-ാം സ്ഥാനത്തുമാണ്. ഉത്തർപ്രദേശ്-176, മധ്യപ്രദേശ്-189, ഒഡീഷ-169 എന്നീ സ്ഥാനങ്ങളിലാണ്. അവിടെയാണ് കേരളത്തിന്റെ പ്രാധാന്യം തിരിച്ചറിയേണ്ടത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കഴിഞ്ഞ ആറ് വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ നേട്ടമാണിത്. ഭക്ഷ്യ-ആരോഗ്യ രംഗങ്ങളിൽ എൽ.ഡി.എഫ്. സർക്കാരിന്റെ കരുതലിന്റെ ഫലമാണ് ഈ നേട്ടം. രാജ്യത്ത് അതിദരിദ്രർ വർദ്ധിക്കുമ്പോൾ കേരളത്തിലെ മുഴുവൻ ജനങ്ങളെയും ദാരിദ്ര്യത്തിൽനിന്ന് വിമുക്തമാക്കാനായി അവർക്ക് വരുമാനവും പാർപ്പിടവും ലഭ്യമാക്കി പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിലേയ്ക്ക് പോകുകയാണ്. അതാണ് കേരളത്തിന്റെ മാറ്റം. രാജ്യമെങ്ങും ഭയാനകമായ വിലക്കയറ്റമാണ്. പണപ്പെരുപ്പത്തെയും വിലക്കയറ്റത്തെയുമാണ് ആഗോള പ്രതിഭാസമെന്ന് വിശേഷിപ്പിക്കുന്നത്. വിഷമകാലത്ത് കേരളത്തെ

സംരക്ഷിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഭക്ഷ്യ വിതരണ വകുപ്പും പൊതുവിതരണ ശൃംഖലയുമാണ്. 2016 മുതൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ ഒരു രൂപപോലും വർദ്ധിപ്പിക്കാതെ വിതരണം ചെയ്യുന്ന സംസ്ഥാനമാണ് കേരളം. ഇപ്പോൾ രണ്ടിനങ്ങൾ കൂടി അതിലുൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വിൽപ്പനശാലകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. മൊബൈൽ സംവിധാനങ്ങൾ വഴി ജനങ്ങളിലേയ്ക്ക് കൂടുതൽ സാധനങ്ങളെത്തിച്ചുകൊണ്ട് വിപണി ഇടപെടൽ ശക്തമാക്കുന്നു. സപ്ലൈകോ കേരളത്തിലെ ഒരു ആശ്രയമായി മാറുകയാണ്. വിപണി ഇടപെടൽ, നെല്ല് സംഭരണം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കൽ, സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ സൗജന്യ ഭക്ഷണത്തിനുള്ള സാധനങ്ങളുടെ വിതരണം തുടങ്ങിയവ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി സപ്ലൈകോ നിൽക്കുകയാണ്. ബാങ്ക് ലോൺ ലഭ്യമാക്കി സ്തുത്യർഹമായ സേവനമാണ് സപ്ലൈകോ നൽകുന്നതെന്ന് നമുക്കറിയാം. സപ്ലൈകോ ചെലവിനത്തിൽ സമർപ്പിക്കുന്ന ബില്ലുകൾ യഥാസമയം റീ-ഇംബേഴ്സ് ചെയ്യുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന നിർദ്ദേശമുണ്ട്. അർഹതയുള്ള മുഴുവൻ ജനങ്ങൾക്കും റേഷൻകാർഡ് അനുവദിച്ചതും അനർഹരെ ഒഴിവാക്കി

കൂടുതൽ അർഹരായവരെ മുൻഗണനാലിസ്റ്റിൽ ഉൾപ്പെടുത്തിയതും റേഷൻ കടകൾ സ്മാർട്ടാക്കി ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതും പ്രശംസനീയമാണ്. ഇപ്പോൾ ഏറ്റവും നല്ല അരിയാണ് നമുക്ക് ലഭിക്കുന്നത്. എഫ്.സി.ഐ. (ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ)-യിൽ നിന്ന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്വർ സംവിധാനം നടപ്പിലാക്കിക്കൊണ്ട് ഗുണമേന്മയുള്ള ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുന്നുവെന്നതിന്റെ അനുഭവങ്ങൾ നമുക്കറിയാം. ഇന്ന് എല്ലാവരും റേഷൻ സാധനങ്ങൾ വാങ്ങി ഉപയോഗിക്കുന്നു. പഞ്ചാബിൽനിന്നും നമുക്ക് ലഭിക്കുന്ന സോനാ മസൂരി അരിക്ക് കേരളത്തിൽ വലിയ പ്രാധാന്യമുണ്ടായിരുന്നില്ല. തെലങ്കാന, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും ജയ, സുരേഖ എന്നീ അരികൾ കഴിഞ്ഞ മാസം മുതൽ കേരളത്തിൽ ലഭ്യമാക്കിത്തുടങ്ങി. ഇതാണ് കേരളത്തിലെ ജനപക്ഷ നിലപാടുള്ള സർക്കാരിന്റെ ലക്ഷണം. കേരളത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ അടിസ്ഥാനത്തിൽ റേഷൻ വിഹിതത്തിലുണ്ടായ കുറവുകൾ നികത്തുന്നതും മുൻഗണനാ ലിസ്റ്റിൽനിന്ന് ഒഴിവാക്കപ്പെട്ട ആളുകൾക്ക് സ്റ്റേറ്റ് സബ്സിഡി നൽകുന്നതും ടൈഡ് ഓവർ വിഹിതമുപയോഗിച്ച് ഭക്ഷ്യ ധാന്യം നൽകുന്നതും സൂചിപ്പിക്കുന്നത് സർക്കാരിന്റെ വിപണിയിടപെടലാണ്.

ടൈഡ് ഓവർ ഫണ്ടിൽ നിന്നുള്ള ഗോതമ്പിന്റെ വിഹിതം കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതോടെ 6500 മെട്രിക് ടണ്ണാണ് നമുക്ക് നഷ്ടപ്പെട്ടത്. 57 ലക്ഷം പേർക്ക് ഗോതമ്പ് ലഭിക്കാതെയായി. അതിനാൽ ഈ കുടുംബങ്ങളെ സംരക്ഷിക്കാനായി ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ കേരള ബദലുണ്ടാക്കണമെന്ന നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

ക്ഷീരവികസന-മൃഗസംരക്ഷണ മേഖലയെക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. ഇന്ന് എട്ട് ലക്ഷത്തിലധികം ആളുകൾ പശുക്കളെ വളർത്തുന്നുണ്ട്. കേന്ദ്രസർക്കാർ മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ സബ്സിഡികളെല്ലാം വെട്ടിക്കുറയ്ക്കുമ്പോൾ കേരളത്തിൽ ഈ മേഖലയിലെ പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കേരള ബദൽ മോഡലാണ് നടപ്പിലാക്കുന്നത്. കുടുംബശ്രീ വഴിയുള്ള കേരള ചിക്കൻ, മിൽമയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവ നമുക്കറിയാം. ഗ്രാമീണ സമ്പദ്ഘടനയുടെ നട്ടെല്ലായ ക്ഷീരവികസന-മൃഗസംരക്ഷണ മേഖലയെ സംരക്ഷിക്കാൻ ഗവൺമെന്റ് സ്വീകരിക്കുന്ന നയപരമായ നിലപാടുകൾ പ്രശംസനീയമാണ്; ഗവൺമെന്റിനെയും മന്ത്രിയെയും അക്കാര്യത്തിൽ ഞാൻ അഭിനന്ദിക്കുന്നു. 2025-ഓടുകൂടി പാലുൽപ്പാദനത്തിലും സംസ്കരണത്തിലും

വിപണനത്തിലും സ്വയംപര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. ക്ഷീരകർഷകർക്ക് ആത്മവിശ്വാസം പകരുന്നതും അവരുടെ സാമൂഹികാധികാരം വർദ്ധിപ്പിക്കുന്നതുമായ നിലപാടുകളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. നാല് മാസത്തിനുപകരം പന്ത്രണ്ട് മാസവും സബ്സിഡി ലഭ്യമാക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം വളരെ പ്രതീക്ഷയോടെയാണ് കേരളത്തിലെ ക്ഷീരകർഷകർ കാണുന്നത്. കാലിത്തീറ്റയുടെ വിലക്കയറ്റം പ്രധാനമായും ചർച്ചചെയ്യേണ്ട പ്രശ്നമാണ്. അതിന്റെ ഉത്പാദനം വർദ്ധിപ്പിക്കണം. ഏകദേശം അൻപത് ശതമാനം മാത്രമേ കേരള ഫീഡ്സും മിൽമയും ഉത്പാദിക്കുന്നുള്ളൂ. അതുപോലെ രണ്ട് വർഷത്തിനകത്ത് കാലിത്തീറ്റയുടെ 50 കിലോ ചാക്കിന് 250-ഓളം രൂപയാണ് പ്രൈവറ്റ് കമ്പനികൾ വർദ്ധിപ്പിച്ചിട്ടുള്ളത്.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഒരു നിർദ്ദേശംകൂടി അവതരിപ്പിച്ച് ഞാൻ നിർത്തുകയാണ്. പശു അറുപത് ശതമാനവും പുല്ലാണ് കഴിക്കേണ്ടത്. അതുകൊണ്ട് അതിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും മറ്റ് കാലിത്തീറ്റകളുടെ ഉപയോഗം കുറയ്ക്കുന്നതിനും തീറ്റപ്പുൽ കൃഷി

വ്യാപിപ്പിക്കുന്നതിനുമാവശ്യമായ ജനകീയ സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതിനായി തീറ്റപ്പുല്ലിന്റെ ഡിമാന്റും സാദ്ധ്യതയും ഉത്പാദനത്തിന്റെ ശാസ്ത്രീയ-സാമ്പത്തിക വശങ്ങളും ലാഭവും മനസ്സിലാക്കുന്നതിനായി, ക്ഷീര സഹകരണ സംഘങ്ങളെ ഓരോ യൂണിറ്റായെടുത്ത് സർവ്വേ നടത്തുകയും ഒരു ജനകീയ പരിപാടിയാക്കി തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുന്നതിന് ശ്രമിക്കുകയും ചെയ്താൽ കാലിത്തീറ്റയുടെ വിലവർദ്ധനവിനെ നമ്മുടെ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് ചെറുത്തു നിർത്താനും ക്ഷീരമേഖലയിലേയ്ക്ക് ധാരാളം ആളുകൾക്ക് കടന്നുവരുന്നതിനും സാധിക്കും. അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം അവതരിപ്പിച്ചുകൊണ്ട് ജനപക്ഷ നിലപാടുകളെടുത്ത് മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ ധനാഭ്യർത്ഥനകളെ ശക്തമായി അനുകൂലിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് അക്ഷരാർത്ഥത്തിൽ അതിന്റെ പേര് അന്വർത്ഥമാക്കിയ ആറ് വർഷക്കാലമാണ് കടന്നുപോയത്. കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങളും മുൻഗണനാ കാർഡുകൾ അനർഹർ കയ്യടക്കിവച്ചതും കാരണം നിരവധി പാവപ്പെട്ടയാളുകളാണ് കഴിഞ്ഞ കാലങ്ങളിൽ ദുരിതത്തിൽ

കഴിഞ്ഞിരുന്നത്. അവർക്ക് മഞ്ഞ, പിങ്ക് എന്നീ മുൻഗണനാകാർഡുകൾ ലഭിക്കാൻ വഴിയുണ്ടായിരുന്നില്ല. ഒരു ഭക്ഷ്യസുരക്ഷയും അവരുടെ ജീവിതത്തിലുണ്ടായിരുന്നില്ല. അതെല്ലാം മാറ്റിയെടുക്കുന്നതിനാണ് ഈ ഗവൺമെന്റ് പ്രത്യേകം ഊന്നൽ നൽകിയത്. അതിന്റെ അടിസ്ഥാനത്തിലാണ് അനർഹരുടെ കൈവശമുണ്ടായിരുന്ന മുൻഗണനാ റേഷൻ കാർഡുകൾ സറണ്ടർ ചെയ്യണമെന്ന് ഗവൺമെന്റ് ആത്മാർത്ഥമായി അഭ്യർത്ഥിച്ചത്. അങ്ങനെ സറണ്ടർ ചെയ്താൽ യഥാർത്ഥ മുൻഗണനക്കാർക്ക് അതുനൽകുമെന്ന് അറിയാമെന്നുള്ളതുകൊണ്ടാണ് ഏതാണ്ട് 172312 പേർ ഗവൺമെന്റിന്റെ മുമ്പിൽ തങ്ങളുടെ മുൻഗണന കാർഡ് സറണ്ടർ ചെയ്തത്. 153482 അർഹരെ അതിനുമുമ്പുതന്നെ ഗവൺമെന്റ് കണ്ടെത്തിയിരുന്നു. അവർക്കെല്ലാം കാർഡ് നൽകി. അതിനുപുറമെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി ഒരു ലക്ഷം മുൻഗണനാ കാർഡുകൾ കൂടി ഈ വർഷം പുതിയ ഗവൺമെന്റ് നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 254239 മുൻഗണനാ കാർഡുകൾ വിതരണം ചെയ്തതിലൂടെ പത്ത് ലക്ഷത്തിലധികം വരുന്ന മനുഷ്യർക്കാണ് യഥാർത്ഥത്തിൽ അതിന്റെ ഗുണം ലഭിച്ചതെന്ന് നമുക്ക് കാണാം. അതുമാത്രമല്ല സ്വന്തമായി റേഷൻ കാർഡില്ലാതിരുന്ന ലക്ഷക്കണക്കിനാളുകൾ സംസ്ഥാനത്തുണ്ടായിരുന്നു.

അതിന് പലതരത്തിലുള്ള കാരണങ്ങളുമുണ്ടായിരുന്നു. കുറച്ച് സ്ഥലത്ത് ചെറിയൊരു വീട്ടിൽ രണ്ടും മൂന്നും തലമുറകൾ ഒന്നിച്ച് കഴിയുകയാണ്; അവർക്ക് പുതിയ വീടുവയ്ക്കാനുള്ള സാമ്പത്തികശേഷിയില്ല. പുതിയ കാർഡുകളും അവർക്കില്ല. കാർഡുണ്ടെങ്കിൽ മാത്രമേ വീട് ലഭിക്കൂ. എന്നാൽ വീടില്ലാത്തതുകൊണ്ട് കാർഡുമില്ല. അതുകൊണ്ട് അവർക്ക് ആനുകൂല്യങ്ങളെല്ലാം നിഷേധിക്കപ്പെട്ടു. ഇങ്ങനെയുള്ള വിവിധ വിഷയങ്ങളാണുണ്ടായിരുന്നത്. ഈ അവസ്ഥ അവസാനിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ രണ്ട് അടുക്കളയുണ്ടെങ്കിൽ അതിനെ രണ്ട് കുടുംബമായി പരിഗണിച്ച് പുതിയ റേഷൻകാർഡ് അനുവദിച്ചു. അങ്ങനെ 229689 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്ത സർക്കാരും മന്ത്രിയുമാണ് ഇന്ന് നമുക്കുള്ളതെന്ന് മാനസ്സിലാക്കാം. അതുപോലെ എല്ലാവരാലും അവഗണിക്കപ്പെട്ട ട്രാൻസ്ജെൻഡർ വിഭാഗത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം വിവിധ മേഖലകളിൽ പരിഗണിച്ചു. റേഷൻ കാർഡിന്റെ കാര്യം വന്നപ്പോഴും ട്രാൻസ്ജെൻഡർ വിഭാഗത്തിന് റേഷൻ കാർഡ് അനുവദിക്കുന്ന സ്ഥിതിയുണ്ടായി. അതുപോലെ റേഷൻ കാർഡ് എ.ടി.എം. കാർഡുപോലെ സ്മാർട്ടാക്കി.

കാർഡ് സ്മാർട്ടാക്കിയപ്പോൾ അത് പോക്കറ്റിലിട്ടുകൊണ്ടുപോകാൻ സാധിക്കും. മുമ്പ് യു.ഡി.എഫ്.-ന്റെ കാലത്ത് പൊതുവിതരണവുമായി ബന്ധപ്പെട്ടൊരു സ്മാർട്ടാക്കലുണ്ടായിരുന്നു. റേഷൻ സാധനങ്ങളാണ് സ്മാർട്ടാക്കിയത്. കാർഡ് പരമ്പുപോലുള്ളതായിരുന്നു. പക്ഷേ അതുകൊണ്ടുപോയാൽ പോക്കറ്റിലിടാനുള്ള സാധനംപോലും ലഭിക്കുമായിരുന്നില്ല. അവർ റേഷൻ സാധനങ്ങൾ സ്മാർട്ടാക്കി. ഞങ്ങൾ റേഷൻ കാർഡ് സ്മാർട്ടാക്കുന്ന സ്ഥിതിയാണുണ്ടായത്. ആഗോള മാർക്കറ്റിൽ വില വർദ്ധിച്ചു, ഇന്ത്യൻ മാർക്കറ്റിൽ വില വർദ്ധിച്ചു, വാണം പോലെ വില കുതിക്കുന്നുവെന്നൊക്കെ പറഞ്ഞ് നമ്മൾ സമരം ചെയ്യുമ്പോഴും കേരളത്തിൽ പൊതുവിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് പതിമൂന്നിന ഭക്ഷ്യധാന്യങ്ങൾ, ഒരു പൈസപോലും വിലവർദ്ധിപ്പിക്കാതെ റേഷൻകാർഡുമായി പോകുന്നവർക്ക് എൽ.ഡി.എഫ്. സർക്കാർ ആറുവർഷമായി കൊടുക്കുകയാണ്. ഇതൊരു മഹാത്ഭുതമല്ലേ? അതൊന്നും കാണാതെ ഗവൺമെന്റിനെയും വകുപ്പിനെയും വിമർശിക്കുന്നതിൽ ഒരു കാര്യവുമില്ല. ന്യായവിലയ്ക്ക് സാധനങ്ങൾ ലഭിക്കുന്ന ഒരു കാലമായി എൽ.ഡി.എഫ്. ഭരണകാലം മാറിയെന്നുമാത്രമല്ല, നയാപൈസപോലും വാങ്ങാതെ പൂർണ്ണമായും സൗജന്യമായി കെട്ടുകെട്ടായാണ് ഭക്ഷ്യധാന്യങ്ങൾ

വീട്ടിലെത്തുന്നത്. കോവിഡ് കാലത്ത് 13 പ്രാവശ്യമായി ഏകദേശം പതിനൊന്നര കോടി കിറ്റുകൾ വിതരണം ചെയ്തു. ഇതിനുവേണ്ടി 5600 കോടി രൂപ ഈ സർക്കാർ ചെലവഴിച്ചുവെന്നാണ് കണക്ക്. അതുപോലെ എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യമുണ്ട്. ഏതെങ്കിലുമൊരു സർക്കാർ തങ്ങൾ കൊടുക്കുന്ന സൗജന്യം കൈപ്പറ്റാത്തവരെ അന്വേഷിച്ച് വീടുകളിൽപോയ ചരിത്രമുണ്ടായിട്ടുണ്ടോ? അങ്ങനെ മുമ്പുണ്ടായി എന്ന് ഞാൻ കരുതുന്നില്ല. അങ്ങനെ പോയില്ലെന്ന് മാത്രമല്ല, യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 5,000 രൂപയുടെ സൗജന്യം ലഭിക്കണമെങ്കിൽ എന്തായിരുന്നു സ്ഥിതി? ഒരു കിടപ്പുരോഗിക്ക് ചികിത്സാസഹായം വേണമെങ്കിൽപ്പോലും അദ്ദേഹത്തെ കട്ടിലോടെ ഏന്തി പുലർകാലം മുതൽ പാതിരാവരെ കാത്തിരിക്കേണ്ട ജനസമ്പർക്ക ആഭാസ ആറാട്ടിൽ കൊണ്ടിടേണ്ട ഒരു സ്ഥിതിയായിരുന്നു. ഇന്ന് അതാണോ സ്ഥിതി? ഉൾക്കാടുകളിലെ ഊരുകളിൽ താമസിക്കുന്ന ആദിവാസികളെത്തേടി ഭക്ഷ്യധാന്യങ്ങളുമായി വാഹനങ്ങൾ പോകുകയാണ്. റേഷൻ കടകൾ സഞ്ചരിച്ചുകൊണ്ടേയിരിക്കുകയാണ്. ഇതൊക്കെ മറ്റൊരു സംസ്ഥാനത്ത് കാണാൻ കഴിയുമോ? കേന്ദ്രസർക്കാർ എല്ലാ ഭക്ഷ്യധാന്യ വിഹിതവും ഭീകരമായി വെട്ടിക്കുറയ്ക്കുന്ന ഇക്കാലത്ത് ഇതെല്ലാം സംസ്ഥാന സർക്കാർ

ചെയ്തുകൊണ്ടിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ഇതിനെല്ലാം പുറമെയാണ് പൊതുമാർക്കറ്റിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി 70 പുതിയ വില്പനശാലകൾ നമ്മൾ ആരംഭിച്ചത്. കാർഡുടമകൾക്ക് ഏത് റേഷൻ കടയിൽനിന്നും സാധനം വാങ്ങാമെന്നുള്ള ഉത്തരവ് പുറപ്പെടുവിച്ചു. വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നത് ഏത് കാലത്താണ്? വിശപ്പിന്റെ റിപ്പബ്ലിക്കാണ് ഇന്ത്യയെന്നാണ് ലോകരാജ്യങ്ങൾ കളിയാക്കുന്നത്. അങ്ങനെയൊരു രാജ്യത്തിന്റെ കൊച്ചുതുരുത്തിലാണ് വിശപ്പുരഹിത സംസ്ഥാനം നമ്മൾ കെട്ടിപ്പടുക്കാൻ പോകുന്നത്. അതിന്റെ ഭാഗമായാണ് ജനകീയ ഹോട്ടലിന്റെ മാതൃകയിൽ 'സുഭിക്ഷ ഹോട്ടൽ' വിവിധ നിയോജകമണ്ഡലങ്ങളിൽ ആരംഭിച്ചത്. എന്റെ നിയോജകമണ്ഡലത്തിലും സുഭിക്ഷ ഹോട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ ഹോട്ടലുകളിൽ വല്ലാത്ത തിരക്കാണ് അനുഭവപ്പെടുന്നത്. അതിനാൽ സുഭിക്ഷ ഹോട്ടലുകൾക്ക് നിലവിൽ സബ്സിഡിയായി കൊടുക്കുന്ന 600 കിലോഗ്രാം അരി 1200 കിലോഗ്രാമായി വർദ്ധിപ്പിക്കണമെന്ന അഭ്യർത്ഥനയുണ്ട്. കൂടാതെ അരിയുടെ സബ്സിഡിയും എത്രയും വേഗം വിതരണം ചെയ്യണം. രണ്ടുമൂന്നുമാസക്കാലം കഴിഞ്ഞ് സബ്സിഡി വിതരണം ചെയ്യുന്ന അവസ്ഥയുണ്ടാകാൻ പാടില്ല.

ജനകീയ ഹോട്ടലുകൾക്ക് കൊടുക്കുന്നതുപോലുള്ള ആനുകൂല്യം/സബ്സിഡി വർദ്ധനവ് സുഭിക്ഷ ഹോട്ടലിനും നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ക്ഷീരവികസനവും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചു. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന പഴഞ്ചൊല്ല് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ശ്രീ. എം. നൗഷാദുമൊക്കെ ചൊല്ലുന്നത് കേട്ടു. കൊതുകുകൾക്കും ചില സാമാന്യബുദ്ധിയുണ്ടെന്ന് സമീപകാലത്ത് ഏതോ ഒരു കൊതുക് ശാസ്ത്രജ്ഞൻ അദ്ദേഹത്തിന്റെ പുതിയ പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. കൊതുകുകൾ ചില സാമാന്യബുദ്ധി പ്രകടിപ്പിച്ച് ചില ഘട്ടങ്ങളിൽ ചില ആളുകളെ കടിക്കില്ലെന്നാണ് പറയുന്നത്. അത്തരം സാമാന്യബുദ്ധി അവശേഷിക്കുന്ന ചില രാഷ്ട്രീയ കൊതുകുകളെങ്കിലും പ്രതിപക്ഷത്തുണ്ടാകണം. തമാശയ്ക്കുപോലും കേരളത്തിലെ ക്ഷീരവികസന വകുപ്പിനെ അധിക്ഷേപിക്കാൻ കഴിയില്ല. അത്ര നല്ല വകുപ്പുകളായി ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പുകൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. പാലുത്പാദനത്തിൽ മലബാർ മേഖലയുൾപ്പെടെ പല ജില്ലകളും സ്വയംപര്യാപ്തത കൈവരിച്ചു. അയൽനാടുകളിൽനിന്നും വന്നിരുന്ന കൃത്രിമ പാലിന്റെ ദുരന്തങ്ങളിൽനിന്നും

കേരളത്തെ മോചിപ്പിക്കാൻ കഴിയുമെന്ന് പ്രത്യാശ നൽകുന്ന നിലപാടുകളിലേയ്ക്ക് പോകുകയാണ്. അധികപാൽ പാൽപ്പൊടിയായും മറ്റിതര മൂല്യവർദ്ധിത ഉത്പന്നങ്ങളായും മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് മുന്നോട്ടുപോകുന്നത്. മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയെ സംബന്ധിച്ച കാര്യങ്ങൾ പലരും ഇവിടെ പ്രതിപാദിച്ചു. അതുപോലെയുള്ള പല സംരംഭങ്ങളും ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിലും പശുക്കളെ പരിപാലിക്കുന്നതിനുവേണ്ടി ആംബുലൻസ് സൗകര്യത്തോടുകൂടി പ്രവർത്തിക്കുന്ന ആശുപത്രികൾ എല്ലാ ബ്ലോക്കിലും ആരംഭിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഞാനിത് പറഞ്ഞപ്പോൾ നെന്മാറ എം.എൽ.എ. ശ്രീ. കെ. ബാബുവിന് ഒരു സംശയം, രാത്രികാല ചികിത്സ പശുക്കൾക്ക് മാത്രമാണോ നൽകുന്നതെന്ന്. ഒരിക്കലുമല്ല, ഏത് പോത്തിനും മൂരിക്കും ഈ സൗകര്യം ലഭിക്കുമെന്ന് പ്രതിപക്ഷത്തിനുപോലുമറിയാം. അതുകൊണ്ടാണ് അവർ ഇതിനെ എതിർക്കാത്തതെന്ന് മനസ്സിലാക്കണം. കാലിത്തീറ്റയുടെ വിലവർദ്ധനവും ദൗർലഭ്യവുമാണ് ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. കാലിത്തീറ്റ സബ്സിഡി ഉയർത്തുമെന്ന സർക്കാർ പ്രഖ്യാപനത്തെ പ്രതീക്ഷയോടെയാണ് കാണുന്നത്. അതാണ് ഈ സർക്കാരിന്റെ മറ്റൊരു

പ്രധാനപ്പെട്ട നീക്കം. അതുപോലെ കാലിത്തീറ്റ ഉത്പാദന വർദ്ധനവ് ഇരട്ടിയാക്കുന്നതിനുള്ള വകുപ്പിന്റെ ഇടപെടൽ ശ്ലാഘനീയമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഭക്ഷ്യ-ക്ഷീരവികസന വകുപ്പുകളെല്ലാം മുന്നേറുകയാണ്. ഇതെല്ലാം ഇന്ന് ചർച്ച ചെയ്യുന്ന പൊതുവിഷയമാണ്. രാഷ്ട്രീയക്കാർ ചർച്ച ചെയ്യേണ്ട മറ്റൊരു ഗൗരവമായ വിഷയംകൂടി ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഉദ്ദേശിക്കുകയാണ്. രാഷ്ട്രീയവും രാഷ്ട്രീയ പ്രവർത്തനങ്ങളുമെല്ലാം സാമൂഹ്യ പ്രതിബദ്ധതയുള്ള പൊതുപ്രവർത്തകരിലൂടെയാണ് നാട്ടിൽ പ്രയോഗവത്കരിക്കപ്പെടുന്നത്. അത്തരം പൊതുപ്രവർത്തകരുടെ വ്യക്തിജീവിതം എത്രമാത്രം സംഘർഷഭരിതമാണെന്ന് ഈ സഭയിലിരിക്കുന്ന എല്ലാവർക്കും ബോധ്യമുള്ളതാണ്. ഒരു രാഷ്ട്രീയ പ്രവർത്തകനെ നമ്മുടെ സമൂഹത്തിന് ലഭിക്കുന്നത് അവരുടെയെല്ലാം കുടുംബാംഗങ്ങളുടെ സഹനത്തിന്റെയും ത്യാഗത്തിന്റെയും ഫലമായിട്ടുകൂടിയാണെന്ന് നാം മനസ്സിലാക്കണം. രക്ഷിതാക്കളും സഹോദരങ്ങളും ഭാര്യയും മക്കളും മറ്റ് കുടുംബാംഗങ്ങളും അവരുടെ സങ്കടങ്ങളും സന്തോഷങ്ങളും കടിച്ചമർത്തി നമ്മുടെയെല്ലാം പൊതുപ്രവർത്തനത്തിന് വിഘാതമാകാതെ മാറിനിൽക്കുന്നുണ്ട്. നമ്മുടെ കരുത്തും രാഷ്ട്രീയ പ്രവർത്തനത്തിന്റെ നിലനിൽപ്പും ആ

കുടുംബാംഗങ്ങളാണെന്ന് മനസ്സിലാക്കണം. നെഞ്ചിൽ നീറ്റലുമായി എത്രയോ രാപ്പകലുകൾ ജീവിച്ചുതീർക്കുന്ന നമ്മുടെയെല്ലാം കുടുംബാംഗങ്ങളുടെ കണ്ണുനീരിന്റെ ഉത്പന്നം കൂടിയാണ് ഈ രാഷ്ട്രീയ ജീവിതമെന്ന് എല്ലാ സാമാജികരും മനസ്സിലാക്കണം. ജന്മം നൽകിയ മക്കളുടെ കുഞ്ഞുപ്രായത്തിൽ അവരുടെ സ്വപ്നങ്ങളെപോലും നിഷ്കരുണം കണ്ടില്ലെന്ന് നടിക്കേണ്ടിവരുന്ന നമ്മൾ അനുഭവിക്കുന്ന ആത്മസംഘർഷത്തിലും നമുക്ക് ആശ്വാസമാകുന്നത് അവർ നമ്മെ ദൈവത്തെപ്പോലെ ആദരിക്കുന്നത് കാണുമ്പോഴാണ്. ആ മക്കളുടെയെല്ലാം നന്മയാണ് നമ്മുടെ ഈ പൊതുപ്രവർത്തന ജീവിതം. ഈ നാടിനുവേണ്ടി എല്ലാം ത്യജിച്ച് നമ്മെ സ്വതന്ത്രരാക്കുന്ന ആ കുടുംബാംഗങ്ങളെ അവഹേളിക്കുന്നത് ഏത് രാഷ്ട്രീയ സംസ്കാരത്തിന് ചേർന്നതാണെന്ന് കേരളത്തിൽ എല്ലാവരും ആലോചിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എല്ലാവർക്കും അമ്മയും അച്ഛനും സഹോദരിയും സഹോദരനും മകളും മകനും മറ്റ് കുടുംബാംഗങ്ങളുമുണ്ട്. അവരെല്ലാം പച്ച മനുഷ്യരാണെന്ന് നമ്മൾ തിരിച്ചറിയണം. അവരെ തെരുവിലേയ്ക്ക് വലിച്ചിറക്കുന്നത് ഏത് രാഷ്ട്രീയ ലാഭത്തിനുവേണ്ടിയാണ്? അവരെ വസ്ത്രാക്ഷേപം ചെയ്യുന്നതുപോലെയാണ് മാനസികമായി അധിക്ഷേപിക്കുന്നത്. എന്ത് പുണ്യത്തിനുവേണ്ടിയാണ്

നമ്മളിത് ചെയ്യുന്നത്; അവരെ ആക്ഷേപിച്ച് അട്ടഹസിക്കുന്നത് ആരെ തൃപ്തിപ്പെടുത്താനാണ്? അതുകൊണ്ട് പ്രിയപ്പെട്ട പ്രതിപക്ഷമേ, ഞങ്ങളെ നിങ്ങൾ ആക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്യൂ. പക്ഷേ കുടുംബാംഗങ്ങളെ വെറുതെ വിടണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. വീട്ടിലിരിക്കുന്ന ഞങ്ങളുടെ കുടുംബാംഗങ്ങളെ എന്തിനാണ് നിങ്ങൾ ആക്ഷേപിക്കുന്നത്? അവർക്ക് വഴിനടക്കണം, ജോലിക്കുപോകണം, മക്കൾക്ക് പഠിക്കാൻ പോകണം. ഞങ്ങളുടെ മക്കൾക്ക് കൂട്ടുകാരെ നഷ്ടപ്പെടുത്തുന്ന, വീട്ടുകാർക്ക് നാട്ടുകാരെ നഷ്ടപ്പെടുത്തുന്ന നെറികെട്ട നുണപ്രചരണങ്ങൾ അവസാനിപ്പിച്ച് നിങ്ങൾ നല്ല മനുഷ്യരാകുക എന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പ്രതിപക്ഷം ക്രിയാത്മകമാകണമെന്ന ഉപദേശ നിർദ്ദേശങ്ങളാണ് ഇവിടെ അധികവും മുഴങ്ങിക്കേൾക്കുന്ന ശബ്ദം. അതിന് ഞാൻ ആദ്യമേ നന്ദി പറയുകയാണ്. പക്ഷേ ഉപദേശങ്ങൾ കൊണ്ടൊന്നും ഞങ്ങൾ നന്നാകുന്നില്ല, പ്രതിപക്ഷം ക്രിയാത്മകമാകുന്നില്ല. അതിന് പോസിറ്റീവായി ചെയ്യാൻ കഴിയുന്ന ഒരു കാര്യം, ഞങ്ങൾക്ക് ഇതുസംബന്ധിച്ചൊരു മാതൃക നിങ്ങൾ കാണിച്ചുതരണം. കെ. എം. മാണി

ബഡ്ജറ്റ് അവതരിപ്പിക്കാൻ വന്നപ്പോൾ പ്രതിപക്ഷം ക്രിയാത്മകമായി പ്രവർത്തിച്ചതിന്റെ ഒരു മാതൃക വീഡിയോയായി ഞങ്ങൾക്ക് കാണിച്ച് തരണം. കഴിയുമെങ്കിൽ എല്ലാ സഭാസമ്മേളന ദിവസങ്ങളിലും ആ വീഡിയോ പ്രദർശിപ്പിക്കണം. അതിൽനിന്നും എങ്ങനെയാണ് ക്രിയാത്മക പ്രതിപക്ഷമെന്ന് നേരിട്ട് കണ്ട് മനസ്സിലാക്കി പഠിക്കാൻ ഞങ്ങൾക്ക് സാധിക്കും. വേണമെങ്കിൽ അതിനെ കേരള മോഡലായി മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും അയച്ചുകൊടുക്കണം. ക്രിയാത്മക ഡെമോക്രാറ്റിക് പ്രോസസ്സിലെ, ക്രിയാത്മക പാർലമെന്ററി പ്രവർത്തനത്തിന്റെ മോഡലായി ഞങ്ങൾ അതിനെ അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർക്ക് അത് വേണമെങ്കിൽ എം.എൽ.എ.-മാർക്കുള്ള പഠനക്ലാസ്സിലെ സബ്ജക്ടാക്കാം; അതിൽ ക്ലാസെടുക്കാനായി ശ്രീ. വി. ശിവൻകുട്ടിയെയോ ഡോ. കെ. ടി. ജലീലിനെയോ ഏർപ്പെടുത്തി അവർക്ക് വേണമെങ്കിൽ പ്രത്യേകം ഓണറേറിയവും നൽകാം. ഇതാണ് ഉപദേശത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഭരണപക്ഷം നല്ല സർട്ടിഫിക്കറ്റാണ് നൽകുന്നത്. പ്രതിപക്ഷനേതാവിനെ നിങ്ങൾ പ്രശംസിക്കാൻ പാടില്ല, അദ്ദേഹത്തെ വിമർശിക്കണം. That means what? പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ

ഉത്തരവാദിത്വം നന്നായി ഏറ്റെടുത്ത് വിജയകരമായി പ്രവർത്തിക്കുന്നു. ഇവർക്ക് പ്രതിപക്ഷനേതാവിന്റെ പ്രവർത്തനങ്ങൾ കരടും ശല്യവുമായി മാറുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നിങ്ങൾ ഭയപ്പെടുന്നു. അത് ഇന്നലെകളിലുമുണ്ടായിട്ടുണ്ട്. പി. ടി. ചാക്കോ കേരളത്തിലെ പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഭരണത്തെ വിമർശിച്ചിരുന്നു. അതുപോലെ ശക്തനായ പ്രതിപക്ഷനേതാവായിരുന്നു കെ. കരുണാകരൻ. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷനേതാക്കളായിരുന്നു. ശ്രീ. രമേശ് ചെന്നിത്തല പ്രതിപക്ഷനേതാവായിരുന്നപ്പോൾ ഇവരുടെ അക്രമം അദ്ദേഹത്തിനെതിരെയായിരുന്നു; ശ്രീ. രമേശ് ചെന്നിത്തല പോരാ, ശ്രീ. ഉമ്മൻ ചാണ്ടി നല്ല ആളായിരുന്നു എന്നായിരുന്നു നിങ്ങളുടെ വാദം. ഇപ്പോൾ ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തെ ഏൽപ്പിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുന്നു. പുതിയ കാലഘട്ടത്തിനനുസരിച്ച് കാര്യങ്ങൾ പഠിച്ച് സഭയിലും പുറത്തും സമർത്ഥമായി അവതരിപ്പിക്കുന്നു. അതാണ് നിങ്ങൾക്ക് തലവേദന; അതിനെയാണ് നിങ്ങൾ എതിർക്കുന്നത്. ഇത് നിങ്ങളുടെ ആളുകളും എം.എൽ.എ.-മാരും ജനങ്ങളും മാധ്യമങ്ങളും കാണുന്നുണ്ടല്ലോ; പത്രങ്ങളിൽ ആളുകൾ പ്രതിപക്ഷ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ടല്ലോ;

ഞങ്ങൾ ചെയ്യുന്നതെന്താണെന്ന് നിങ്ങൾ ആലോചിച്ച് നോക്കണം. ഞങ്ങളിതിനെ പോസിറ്റീവായാണ് എടുക്കുന്നത്. കഴിഞ്ഞകാല ചരിത്രങ്ങൾ വിലയിരുത്തി എങ്ങനെയാണ് ഇരുഭാഗവും പ്രവർത്തിച്ചതെന്ന് മനസ്സിലാക്കി വിശകലനം ചെയ്യണം. ഞങ്ങൾ ഇവിടെ ജനാധിപത്യത്തിന്റെ കാവൽക്കാരായി പ്രവർത്തിക്കും; അത് പ്രതിപക്ഷത്തിന്റെ ദൗത്യമാണ്. മതേതരത്വത്തിന്റെ വക്താക്കളായി ഞങ്ങൾ പ്രവർത്തിക്കും; അത് ഞങ്ങളുടെ കടമയാണ്. പൗരാവകാശത്തിന്റെ സംരക്ഷകരായി ഞങ്ങൾ പ്രവർത്തിക്കും; അത് ഞങ്ങളുടെ അവകാശമാണ്. നിയമവാഴ്ചയുടെ വക്കാലത്ത് ഞങ്ങൾ ഏറ്റെടുക്കും; അത് ഞങ്ങളുടെ ധാർമ്മിക ബോധത്തിൽനിന്നും ഉദിക്കുന്ന കർത്തവ്യമാണ്. അഴിമതിയുടെയും ദുർചെലവുകളുടെയും ദുർഭരണത്തിന്റെയും കെടുകാര്യസ്ഥതയെ ഞങ്ങൾ തുറന്ന് എതിർക്കുകതന്നെ ചെയ്യും. അതിൽ നിങ്ങൾ പ്രതിപക്ഷത്തെ വിമർശിക്കുമ്പോൾ ഞങ്ങളതിനെ പൂച്ചെണ്ടുകളായാണ് സ്വീകരിക്കുന്നത്. മഹാന്മാരായ ഇ.എം.എസ്. നമ്പൂതിരിപ്പാടും ഇ. കെ. നായനാരും ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനമൊക്കെ പ്രതിപക്ഷത്ത് പ്രവർത്തിച്ചിട്ടില്ലേ; അവർക്ക് സ്റ്റാഫും വീടുമുണ്ടായിരുന്നില്ലേ? മറ്റൊന്നുമില്ലാത്തതുകൊണ്ട് ബാലിശമായി ഇത്തരം കാര്യങ്ങൾ പറയുകയാണ്. അത്തരം വിമർശനങ്ങളെ

ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ആ വിമർശനങ്ങൾ അസ്ഥാനത്താണെന്ന് മനസ്സിലാക്കി ബഹുമാനപ്പെട്ട ചെയർ അവസരോചിതമായി ഇടപെട്ട് റൂളിംഗ് നൽകിയതിനെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇവിടത്തെ വിഷയമെന്താണ്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ എതിർക്കുന്നത് ആർ.എസ്.എസ്. പ്രവർത്തകരാണ്. ആർ.എസ്.എസ്. നേതാവ് ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളെ എതിർത്ത് സംസാരിക്കുകയും ലേഖനമെഴുതുകയും പുസ്തകത്തിൽ പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ടെന്ന് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. അതാണ് ആർ.എസ്.എസ്.-നെ ചൊടിപ്പിച്ചത്. അതുകൊണ്ടാണ് അവർ ശ്രീ. വി. ഡി. സതീശനെന്ന പ്രതിപക്ഷനേതാവിന് വക്കീൽ നോട്ടീസയച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണനോ മറ്റ് നേതാക്കന്മാർക്കോ അല്ല നോട്ടീസയച്ചത്. ആ വക്കീൽ നോട്ടീസിനെയാണ് ശ്രീ. വി. ഡി. സതീശനെന്ന പ്രതിപക്ഷനേതാവ് പുല്ലുവില കൽപ്പിക്കുന്നുവെന്ന് പറഞ്ഞ് എടുത്തെറിഞ്ഞത്. അതിനെത്തുടർന്ന് ആർ.എസ്.എസ്.-ന്റെ പ്രമുഖ നേതാവ് കണ്ണൂർ കോടതിയിൽ പ്രതിപക്ഷനേതാവിനെതിരായി കേസ്സുകൊടുത്തു. ആർ.എസ്.എസ്. ആണ് കേസ്സുകൊടുത്തത്. അടുത്തമാസം 12-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടാണ് കണ്ണൂർ കോടതിയിൽ ഹാജരാകാൻ

പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന്റെ നിലപാടെന്താണെന്ന് വളരെ വ്യക്തമാണ്. അത് മനസ്സിലാക്കി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കാർഷിക മേഖലയുടെ അനുബന്ധമേഖലയാണ് മൃഗസംരക്ഷണവും ക്ഷീരോത്പാദനവുമെന്നത് നമുക്കറിയാവുന്ന കാര്യമാണ്. കോവിഡിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും പശ്ചാത്തലത്തിൽ കാർഷിക മേഖല കടുത്ത വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടുകയാണ്. അവിടെ അല്പമെങ്കിലും താങ്ങായി നിൽക്കുന്നത് മൃഗസംരക്ഷണ-ക്ഷീരമേഖലകളാണ്. ആ മേഖലയിൽ സാധാരണക്കാരായ ആളുകളാണ് കഠിനാധ്വാനം ചെയ്യുന്നത്. അതിൽ ഭൂരിഭാഗവും സ്ത്രീകളാണ് പ്രവർത്തിക്കുന്നത്. നമ്മൾ ക്ഷീരസഹകരണ സംഘങ്ങളുടെ പരിപാടികളിൽ പോകുന്നവരാണ്. അവിടെ സംഘാംഗങ്ങളായി വരുന്നവരെല്ലാം സാധാരണക്കാരാണ്. ക്ഷീരമേഖലയെ പിടിച്ചുനിർത്തുന്നത് ക്ഷീരസംഘങ്ങളും അതിന്റെ മേഖലാ സംഘങ്ങളും മിൽമയുമാണ്. നമ്മൾ പ്രയാർ ഗോപാലകൃഷ്ണനെക്കുറിച്ച് പറഞ്ഞതെന്താണ്; അദ്ദേഹത്തെക്കുറിച്ച് ഓർമ്മിച്ചതെന്താണ്? കേരളം കണികണ്ടുണരുന്ന നന്മയായി മിൽമയെന്ന പ്രസ്ഥാനത്തെ വളർത്തിയതാണ് പ്രയാർ ഗോപാലകൃഷ്ണന്റെ നന്മായി നമ്മൾ കണ്ടത്. ഇന്ന് ക്ഷീരമേഖല വലിയ

പ്രതിസന്ധി നേരിടുന്നു. കാലിത്തീറ്റയുടെയും പുല്ലിന്റെയും വില കൂടുന്നതിനാൽ ഉത്പാദനചെലവ് വർദ്ധിക്കുന്നു, സബ്സിഡി ന്യായമായി ലഭിക്കുന്നുമില്ല. അതിനാൽ ക്ഷീരകർഷകരെ സഹായിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുകയും പാൽവില കൂട്ടുകയും കർഷകർക്ക് കുറഞ്ഞ പ്രീമിയത്തിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരമേഖലയെ ഉൾപ്പെടുത്തുകയും വേണം. കൂടാതെ മൃഗസംരക്ഷണ വകുപ്പിൽ ആവശ്യമായ ഡോക്ടർമാരും മരുന്നുമില്ലാത്തതിനാൽ അതിന് നടപടി സ്വീകരിക്കുകയും കെ.എൽ.ഡി. (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ്) ബോർഡ് കാര്യക്ഷമമാക്കുകയും തീറ്റപ്പുൽകൃഷിക്ക് കൂടുതൽ തുക നൽകുകയും മറ്റ് പെൻഷൻ ലഭിക്കുന്നതിന്റെ പേരിൽ ക്ഷീര കർഷകർ അടയ്ക്കുന്ന സംഖ്യയ്ക്കാനുപാതികമായി നൽകേണ്ട പെൻഷൻ അവർക്ക് നിഷേധിക്കുന്ന നടപടി അവസാനിപ്പിക്കുകയും പെൻഷൻ ലഭിക്കാത്തവർക്ക് അംശദായ തുക തിരിച്ചുനൽകുകയും ചെയ്യണം. ഇത്തരം ന്യായമായ കാര്യങ്ങളാണ് ക്ഷീരമേഖലയിൽ സർക്കാർ ചെയ്യേണ്ടത്. എന്നാൽ സർക്കാർ ഇക്കാര്യങ്ങളൊന്നും പരിഗണിക്കുന്നില്ല. ജനാധിപത്യ വിരുദ്ധമായ മാർഗ്ഗത്തിൽ ക്ഷീരസഹകരണ സംഘങ്ങളുടെ ഭരണം കയ്യടക്കാനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്

ഏറ്റവും വലിയ ഉദാഹരണമാണ് തിരുവനന്തപുരത്തെ മേഖല യൂണിയൻ കയ്യടക്കുന്നതിനുവേണ്ടി അതിനെ പിരിച്ചുവിട്ട നടപടി. മേഖലാ യൂണിയന്റെ കീഴിലുള്ള 56 പ്രൈമറി സംഘങ്ങളും പിരിച്ചുവിട്ടിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. യു.ഡി.എഫ്.-ന്റെ സംഘങ്ങളെയാണ് പിരിച്ചുവിട്ടത്. എന്നിട്ടും മേഖലാ യൂണിയൻ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. ജയിക്കുമെന്ന് വന്നു. അന്ന് അഡ്മിനിസ്ട്രേറ്റർമാർക്ക് വോട്ടവകാശം ഇല്ലായിരുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് 2021-ൽ കേരള സഹകരണ സംഘ നിയമത്തിലെ 28-ാം വകുപ്പിൽ വരുത്തിയ ഭേദഗതി അനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കോ അഡ്മിനിസ്ട്രേറ്റർക്കോ വോട്ടവകാശമില്ല. പ്രസിഡന്റിനാണ് വോട്ടവകാശമുള്ളത്. അതായത്, ആനന്ദ് മോഡൽ സംഘത്തിന്റെ ഇലക്ടഡ് പ്രസിഡന്റിനാണ് വോട്ടവകാശമുള്ളത്. അങ്ങനെ അവർക്ക് വോട്ട് ചെയ്യാൻ കഴിയാതെ വന്നപ്പോൾ ഈ പിരിച്ചുവിടലിന്റെ ഫലം കിട്ടിയില്ല. അതുകൊണ്ടാണ് മുൻകാല പ്രാബല്യത്തോടെ ഓർഡിനൻസും നിയമ ഭേദഗതിയും കൊണ്ടുവന്ന് അഡ്മിനിസ്ട്രേറ്റർക്ക് വോട്ടവകാശം നൽകിക്കൊണ്ട് ക്ഷീരമേഖലയെ കൈക്കലാക്കാൻ നോക്കിയത്. അവിടെ 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ നിങ്ങൾക്ക് കൗതുകം'. ഞങ്ങൾക്കല്ല, നിങ്ങൾക്കാണ് ചോര കൗതുകം,

നിങ്ങൾക്ക് ഭരണ നേതൃത്വമാണ് വേണ്ടത്. കണ്ടല സർവ്വീസ് ബാങ്കിൽ സഹകരണ വകുപ്പുനടത്തിയ 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണത്തിൽ 100 കോടി രൂപയുടെ ക്രമക്കേട് നടത്തിയ വ്യക്തിയെയാണ് തിരുവനന്തപുരത്ത് ക്ഷീരസഹകരണ സംഘത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ മേഖലാ കൺവീനറായി നിയമിച്ചിരിക്കുന്നത്. ഇത്തരത്തിൽ കേരളത്തിലെ ക്ഷീരമേഖലയെ സർക്കാർ തകർക്കുകയാണ്. അതിനുപകരം ക്ഷീര കർഷകരുടെ ന്യായയുക്തമായ ആവശ്യങ്ങൾ അംഗീകരിക്കാനും ഈ മേഖലയ്ക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകാനും ക്ഷീര കർഷകരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യാനും ഇതിലെ ജനാധിപത്യ ധ്വംസനം അവസാനിപ്പിക്കാനും കഴിയണം. അത് പ്രധാനമായൊരു കാര്യം തന്നെയാണ്. സഹകരണ നിയമത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ജനാധിപത്യമാണ്. എന്നാൽ അതിനെ ധ്വംസനം ചെയ്യുന്നു. സഹകരണരംഗം ജനാധിപത്യ വിരുദ്ധ പ്രവർത്തനങ്ങളുടെ ഒരു വലിയ മേഖലയായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നാണ് തൊടുപുഴയിലെ ഒരു സഹകരണ സംഘത്തിന്റെ കേസ്സിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി കഴിഞ്ഞദിവസങ്ങളിൽ പറഞ്ഞത്. അതുകൊണ്ട് സഹകരണ രംഗത്തെയും ക്ഷീരമേഖലയെയും തകർക്കുന്ന ജനാധിപത്യ ധ്വംസനം

അവസാനിപ്പിക്കണം. ക്ഷീരകർഷകരുടെ യഥാർത്ഥ പ്രതിനിധികളുമായി ഗവൺമെന്റ് ചർച്ച ചെയ്ത് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. മൃഗസംരക്ഷണ വകുപ്പും അതിനനുസരിച്ച് കാര്യക്ഷമമാകണം എന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ധനാഭ്യർത്ഥന ചർച്ചയിൽ ബഹുമാനപ്പെട്ട ഭരണ-പ്രതിപക്ഷാംഗങ്ങൾ നൽകിയ നിർദ്ദേശങ്ങളെയും വിമർശനങ്ങളെയും സ്വാഗതം ചെയ്യുന്നു. ഈ സഭയിൽ ഞാനൊരു കന്നിക്കാരനാണെങ്കിലും സഭാചരിത്രത്തിൽ ഭക്ഷ്യ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ വിലക്കയറ്റമെന്നൊരു വാക്ക് പരാമർശിക്കാത്ത ഒരു സഭാ സമ്മേളനമാണ് ഇതെന്ന കാര്യം സന്തോഷത്തോടെ പറയുകയാണ്. അത് പിണറായി വിജയൻ സർക്കാരിന്റെ ഫലപ്രദമായ വിപണി ഇടപെടലിന്റെ സൂചനയാണ് കാണിക്കുന്നത്. നിരവധി വിഷയങ്ങൾ ചർച്ചയിൽ ഉന്നയിച്ചു. ഒന്നുരണ്ട് കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടത് ആവശ്യമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളല്ല പറഞ്ഞതെന്നകാര്യം സൂചിപ്പിക്കുകയാണ്. തെറ്റിദ്ധാരണയുണ്ടാകുന്ന

ഒന്നരണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. സപ്ലൈകോയുടെ പാക്കിംഗ് ജോലികൾ റെയ്ഡ്കോയ്ക്ക് കൈമാറിയെന്ന് പറഞ്ഞത് തെറ്റിദ്ധാരണാജനകമാണ്. അങ്ങനെയൊരു സംഭവമില്ല. എന്നാൽ 'ശബരി' എന്ന പേരിൽ പ്രീമിയം ക്വാളിറ്റിയുള്ള ബ്രാൻഡഡ് ഉത്പന്നങ്ങൾ സപ്ലൈകോ വിപണനം ചെയ്യുന്നുണ്ട്. കറിപ്പൊടികൾ, ജീരകം, ഉലുവ, കടുക് എന്നിവ റെയ്ഡ്കോ ശബരി ബ്രാൻഡായി തയ്യാറാക്കി സപ്ലൈകോയ്ക്ക് നൽകുന്നുണ്ട്. ക്വാളിറ്റിയുടെ വ്യത്യാസമനുസരിച്ച് അതിന്റെ വിലയിൽ ചെറിയ മാറ്റമുണ്ടാകും. അതല്ലാതെ നിലവിൽ സപ്ലൈകോ ജീവനക്കാർക്കുണ്ടായിരുന്ന ജോലി നഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു നിലപാടും സ്വീകരിച്ചിട്ടില്ല. ഇത്തരം വിഷയങ്ങളെല്ലാംതന്നെ സുതാര്യമായ നടപടിക്രമങ്ങളിലൂടെയാണ് നിർവ്വഹിക്കുന്നത്.

സ്കൂൾകുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി റേഷൻ കടകൾവഴി നൽകണമെന്ന് ആവശ്യപ്പെട്ടത് ആലോചിക്കാവുന്നതാണ്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് നൽകുന്ന കമ്മീഷനെക്കുറിച്ച് പറഞ്ഞു. 45 ക്വിന്റൽവരെ വില്പന നടത്തുന്നവർക്ക് 18,000 രൂപയ്ക്കുപുറമേ ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ നൽകുന്നുണ്ട്. ബഹുമാന്യനായ അംഗം അതുസംബന്ധിച്ച് നന്നായി

മനസ്സിലാക്കിയോ എന്നറിയില്ല. എല്ലാ റേഷൻ കടകൾക്കും 18,000 രൂപമാത്രം കമ്മീഷൻ ലഭിക്കുന്ന രീതിയല്ല നിലവിലുള്ളത്. ആകെയുള്ള പതിനാലായിരത്തോളം റേഷൻ കടകളിൽ 2068 എണ്ണത്തിന് മാത്രമാണ് 18,000 രൂപവരെ കമ്മീഷൻ ലഭിക്കുന്നത്. 6654 കടകൾക്ക് 20,000 മുതൽ 30,000 രൂപ വരെയും 3344 കടകൾക്ക് 30,000 രൂപ മുതൽ 40,000 രൂപവരെയും 1275 കടകൾക്ക് 40,000 രൂപ മുതൽ 50,000 രൂപവരെയും കമ്മീഷൻ ലഭിക്കുന്നുണ്ട്. അതായത് ഒരു ലക്ഷം രൂപവരെ കമ്മീഷൻ ലഭിക്കുന്ന റേഷൻ കടകൾ കേരളത്തിലുണ്ടെന്നത് യാഥാർത്ഥ്യമാണെന്ന് ബഹുമാനപ്പെട്ട അംഗം അറിയേണ്ടതാണ്. കോവിഡ് കാലത്ത് കിറ്റ് വിതരണം ചെയ്തതിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ സംബന്ധിച്ച് ചർച്ചകൾ നടക്കുന്നുണ്ട്. അത് ഗവൺമെന്റിന്റെ നയപരമായ കാര്യമാണ്. അതുസംബന്ധിച്ച് ഒന്നുകൂടി വ്യക്തമായി സഭയിൽ ആവർത്തിക്കുകയാണ്. കിറ്റ് വിതരണം ചെയ്ത വകയിൽ ആവശ്യപ്പെടുന്ന തുക നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ നയപരമായ നിലപാട്. കോവിഡ് മഹാമാരി ഘട്ടത്തിൽ ജനങ്ങൾക്ക് ആശ്വാസം പകരാൻ ഗവൺമെന്റെടുത്ത സംരംഭത്തെ സഹായിക്കുന്ന നിലപാടാണ് എല്ലാവരും സ്വീകരിക്കേണ്ടത്. എന്നാൽ റേഷൻ വ്യാപാരികളുടെ കുടിശ്ശിക തുക

നൽകണമെന്ന ഹൈക്കോടതി ഉത്തരവിനെ ഗൗരവമായി കാണുന്നുണ്ട്. കോടതി ഉത്തരവ് പാലിക്കാൻ സർക്കാർ ബാധ്യസ്ഥരായതിനാൽ അതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മുൻഗണനാ കാർഡുകൾ തരംമാറ്റി നൽകിയതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ആവേശത്തോടെ പറയുകയുണ്ടായി. ഇനിയും ധാരാളം ആളുകൾക്ക് മുൻഗണനാ കാർഡുകൾ ലഭിക്കേണ്ട സാഹചര്യത്തിലേയ്ക്ക് എത്തേണ്ടതുണ്ടെന്നുള്ളതിൽ രണ്ടുകൂട്ടർക്കും തർക്കമില്ല. ഈ വിഷയത്തിൽ ഒരു രാഷ്ട്രീയവുമില്ലെന്ന് ഭരണ-പ്രതിപക്ഷാംഗങ്ങൾ മനസ്സിലാക്കണം. ഇത് ഇവിടെയിരിക്കുന്നവരുടെ മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രശ്നമാണ്. അതുകൊണ്ട് ഗവൺമെന്റ് ആ നിലയിലാണ് ഈ വിഷയങ്ങളെയെല്ലാം കാണുന്നത്. ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തിയത് ആരാണ്? യു.പി.എ. ഗവൺമെന്റാണ് കേരളത്തിലെ ഗുണഭോക്താക്കളുടെ എണ്ണം 43 ശതമാനമായി പരിമിതപ്പെടുത്തിയത്. ആ ഗവൺമെന്റിന്റെ കാലത്താണ് കേരളത്തിനോട് ഈ നിലപാട് സ്വീകരിച്ചത്. ഇങ്ങനെ പരിമിതപ്പെടുത്തിയതിൽ മറ്റ് സംസ്ഥാനങ്ങളിലേതുമായി പരിശോധിച്ച് നോക്കണം. എൻ.എഫ്.എസ്.എ. നടപ്പാക്കിയപ്പോൾ കേരളത്തിലെ ഗ്രാമീണമേഖലയിൽ 52-ഉം

നഗരമേഖലയിൽ 39-ഉം ശതമാനമായി പരിമിതപ്പെടുത്തിയപ്പോൾ ആസ്സാം, ബീഹാർ, ഛത്തീസ്ഗഢ്, ഗുജറാത്ത്, ഝാർഖണ്ഡ്, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ റൂറൽ-അർബൻ പ്രാതിനിധ്യം യഥാക്രമം 80-ഉം 60-ഉം ശതമാനമാണ്. അതിന്റെ തോത് നോക്കുമ്പോൾ ഡൽഹി ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളും കേരളത്തെക്കാൾ മുന്നിലാണ്. ഡൽഹി മാത്രമാണ് കേരളത്തിന് പിന്നിലുള്ളത്. അത്തരത്തിലുള്ള നിലപാട് സ്വീകരിച്ചതിനെ നിങ്ങളാരും മറന്നുപോകരുത്.

കേരളത്തിൽ 'വിശപ്പുരഹിത കേരളം' പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പാക്കാനാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് കഴിഞ്ഞ ഒരു വർഷം ശ്രമിച്ചത്. കേരളത്തിലെ ഒരാൾപോലും പട്ടിണി കിടക്കാൻ പാടില്ല; ഒരാൾപോലും ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. ഭരണപക്ഷാംഗങ്ങളിൽ പലരും അതിന്റെ കണക്കുകൾ വ്യക്തമായി പറഞ്ഞതുകൊണ്ട് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് ചുമതലയെടുത്തതിനുശേഷം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 229680 പുതിയ റേഷൻ കാർഡുകൾ നൽകിയിട്ടുണ്ട്. ഇക്കാര്യം നേരത്തെ പലരും പറഞ്ഞതാണെങ്കിലും ഒന്നുകൂടി വ്യക്തമാക്കുകയാണ്. കേരളത്തിലെ എല്ലാ ആളുകൾക്കും റേഷൻ കാർഡ് എന്നതാണ് ഗവൺമെന്റിന്റെ നയം.

പലകാരണങ്ങളാൽ കാർഡ് നിഷേധിക്കപ്പെട്ടവർക്ക് സ്വന്തം അഫിഡവിറ്റിൽ കാർഡ് കൊടുക്കാനുള്ള ഉദാരമായ നിലപാടാണ് സ്വീകരിച്ചത്. 47 സുഭിക്ഷ ഹോട്ടലുകൾ സംസ്ഥാനത്ത് പുതുതായി ആരംഭിച്ചു. അവിടെ 20 രൂപയ്ക്കാണ് ഉച്ചഭക്ഷണം കൊടുക്കുന്നത്. വിശപ്പുരഹിത കേരളമാക്കി മാറ്റണമെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാട് കാരണമാണ് ആ നിലയിൽ നൽകാൻ കഴിഞ്ഞത്. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് നിരവധി അപേക്ഷകളാണ് ദിനംപ്രതി വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ 2544584 അപേക്ഷകൾ ഈ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി വന്നിട്ടുണ്ട്. അതിൽ 2522033 എണ്ണത്തിന് ഈ കാലയളവിൽ തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് ശ്രദ്ധേയമായ കാര്യമാണ്. 99.11 ശതമാനം അപേക്ഷകൾക്കും തീർപ്പുകൽപ്പിക്കാൻ കഴിഞ്ഞുവെന്നത് ചെറിയ കാര്യമായി കാണുന്നില്ല. എല്ലാ അപേക്ഷകളും ഗൗരവമായാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പും ബന്ധപ്പെട്ട മറ്റ് ഓഫീസുകളും കാണുന്നത്. ഒരു അപേക്ഷ ലഭിച്ചാൽ നിശ്ചിത സമയത്തിനകം പരിഹരിച്ചുകൊടുക്കുന്നതിനാവശ്യമായ നടപടി ഊർജ്ജിതമായാണ് നിർവ്വഹിക്കുന്നത്. അക്കാര്യത്തിൽ കൂടുതൽ

ശ്രദ്ധിക്കാൻ തയ്യാറാകുന്നതാണ്. മുൻഗണനാ റേഷൻ കാർഡിനെ സംബന്ധിച്ച് പല അംഗങ്ങളും സൂചിപ്പിച്ച കണക്കുകളെക്കുറിച്ച് വീണ്ടും വിശദമായി പറയുന്നില്ല. അനർഹമായി കൈവശം വച്ചിരുന്ന 172312 കാർഡുകൾ തിരിച്ചേൽപ്പിക്കുകയുണ്ടായി. അത് കേരളത്തിന് വളരെ സഹായകരമാകുന്ന അവസ്ഥയുണ്ടായി. അതുകൊണ്ടുതന്നെ രണ്ട് ഘട്ടങ്ങളിലായി, ആദ്യഘട്ടത്തിലും രണ്ടാമത്തെ ഗവൺമെന്റിന്റെ നൂറ് ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ടും 254239 മുൻഗണനാ റേഷൻ കാർഡുകൾ അർഹരായവരുടെ കൈകളിലെത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ വിപണി ഇടപെടലിനെ സംബന്ധിച്ച് പറഞ്ഞു. വിപണി ഇടപെടലിൽ സപ്ലൈകോ ശ്രദ്ധേയമായ പങ്കാണ് നിർവ്വഹിച്ചത്. 2016 മുതൽ പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾക്ക് ഒരു പൈസപോലും വില വർദ്ധിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല അത്തരം ഉത്പന്നങ്ങളുടെ ക്വാളിറ്റി പരമാവധി മെച്ചപ്പെടുത്താനും അതിന്റെ ക്വാണ്ടിറ്റി നൂറ് ശതമാനം ഉറപ്പുവരുത്താനും ശ്രദ്ധേയമായ ഇടപെടൽ നടത്തിയിട്ടുമുണ്ട്. ഉത്സവകാലങ്ങളിൽ സംസ്ഥാന വ്യാപകമായി സപ്ലൈകോ ഉത്സവ ചന്തകൾ ആരംഭിക്കുകയുണ്ടായി. കഴിഞ്ഞ ക്രിസ്തുമസും ബക്രീദുമായി ബന്ധപ്പെട്ട കാലയളവിൽ 700 കേന്ദ്രങ്ങളിൽ സപ്ലൈകോയുടെ സഞ്ചരിക്കുന്ന

മാവേലിസ്റ്റോറിലൂടെ ശബരി ഉത്പന്നങ്ങളടക്കം വിൽക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കി. കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ 2020-21 സാമ്പത്തിക വർഷം 3760.84 കോടി രൂപയും 2021-22 സാമ്പത്തിക വർഷം 1734.82 കോടി രൂപയുമുൾപ്പെടെ 5504.66 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുണ്ട്. നിങ്ങൾക്ക് രാഷ്ട്രീയമായി വേണമെങ്കിൽ എതിർക്കാം. പക്ഷേ, ഇത്തരമൊരു നിലപാട് സ്വീകരിച്ച മറ്റേതെങ്കിലുമൊരു സംസ്ഥാനത്തെ ഇന്ത്യയിൽ ചൂണ്ടിക്കാണിക്കാനാകുമോ?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഇതിനുപുറമേയാണ് വിപണി ഇടപെടലിന്റെ ഭാഗമായി പതിമൂന്നിനം അവശ്യവസ്തുക്കൾക്ക് കഴിഞ്ഞ രണ്ട് വർഷമായി 480 കോടി രൂപ ചെലവഴിച്ചത്. പതിമൂന്നിനം സാധനങ്ങൾ സബ്സിഡി വിലയ്ക്ക്, ഉത്പാദനകേന്ദ്രത്തിലെ വിലയേക്കാൾ കുറച്ച് കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. ഈ കാലയളവിൽ 71 പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കാനും നിലവിലുള്ളവ നവീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയിൽ നമുക്ക് വലിയ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. 2016-ൽ നെല്ല് സംഭരണം ആരംഭിച്ചതാണ്. 2022 ആകുമ്പോൾ അതിന്റെ മാറ്റം നമുക്ക് കാണാൻ

കഴിയും. 4.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരുന്നത് 7.48 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നെല്ലുത്പാദനത്തിലേയ്ക്ക് കർഷകരെ തിരിച്ചുകൊണ്ടുവരാൻ ഇടപെടൽ നടത്തി. ഞാൻ കഴിഞ്ഞ ദിവസം കുട്ടനാട് പാടശേഖരങ്ങൾ സന്ദർശിക്കുകയുണ്ടായി. അവിടെ ചിത്തിര പാടശേഖരസമിതി രണ്ടാം കൃഷിയിലേയ്ക്കിറങ്ങുന്ന നിലപാട് സ്വീകരിച്ചു. അവിടെ ഏകദേശം 2000 ടൺ നെല്ലാണ് ഉത്പാദിപ്പിക്കുന്നത്. രണ്ടാമത്തെ സീസൺകൂടി കൃഷിയിറക്കുമ്പോൾ 4000 ടൺ ഉത്പാദിപ്പിക്കാൻ കഴിയും. എങ്ങനെയാണ് കൃഷിക്കാർ ഈ നിലയിലേയ്ക്ക് തിരിച്ചുവന്നത്? നെല്ലുത്പാദന രംഗത്തുനിന്നും പൂർണ്ണമായും ഉപേക്ഷിച്ചുപോയ കർഷകരെ തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞ ആറ് വർഷമായി കേരളത്തിലെ ഗവൺമെന്റ് ശ്രദ്ധേയമായ ഇടപെടലാണ് നടത്തിയത്. കിലോയ്ക്ക് 28 രൂപ വിലനൽകി നെല്ല് സംഭരിക്കുന്ന ഇൻഡ്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനം നിങ്ങൾക്ക് പറയാൻ കഴിയുമോ? അത് 28.20 രൂപയായി വർദ്ധിപ്പിക്കാൻ പോകുകയാണ്. 2021-22 വർഷത്തിൽ 7.48 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാൻ കഴിഞ്ഞു. ഈ വർഷത്തെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് 254058 കർഷകർക്കായി 2095.45 കോടി രൂപയാണ് നൽകേണ്ടത്. അതിൽ

246776 കർഷകർക്കായി 2054.84 കോടി രൂപ നൽകിക്കഴിഞ്ഞു. ബാക്കിയുള്ളതിൽ കണക്ക് സെറ്റിൽ ചെയ്യേണ്ട വിഷയങ്ങൾ മാത്രമേയുള്ളൂ. അത്തരത്തിൽ കർഷകരോട് അനുഭാവപൂർവ്വമായ സമീപനമാണ് സ്വീകരിക്കുന്നത്. ഉത്പാദനവുമായി ബന്ധപ്പെട്ട് കർഷകർക്ക് കൃഷി വകുപ്പ് നൽകുന്ന സബ്സിഡികൾക്കും സൗജന്യങ്ങൾക്കും പുറമേയാണ് സംഭരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചത്. അതുകൊണ്ട് നെല്ല് സംഭരണത്തെ സംബന്ധിച്ച് കർഷകരോട് നേരിട്ട് ചോദിക്കണം. ചില വിമർശനങ്ങളുണ്ടായേക്കാം, അതിന് പരിഹാരവും കാണാം. 2016-ൽ 4.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ച സ്ഥാനത്ത് 2021-22 ആകുമ്പോൾ 7.48 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞത് ചെറിയ കാര്യമാണോ; നെൽകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഈ നിലപാടിനെ നിങ്ങൾ കാണണ്ടേ? ആദിവാസി ഊരുകളിലെ ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തെക്കുറിച്ച് പറഞ്ഞു. ഉൾവനങ്ങളിലെ ആദിവാസി ഊരുകളിൽ താമസിക്കുന്ന കാർഡുടമകൾക്ക് റേഷൻ കൈപ്പറ്റുന്നതിനുള്ള ബുദ്ധിമുട്ട് പല അംഗങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. അത് കണക്കിലെടുത്തുകൊണ്ടാണ് 10 ജില്ലകളിലായി 119 ആദിവാസി ഊരുകളിൽ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി വിജയകരമായി

നടത്തിവരുന്നത്. ആ ഊരുകളിൽ ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോയി കൊടുക്കുകയാണ്. ഒരു പൈസ പോലും അവർക്ക് ചെലവില്ല. തൊട്ടടുത്ത റേഷൻ കടയിൽനിന്ന് കൃത്യമായി സാധനങ്ങളെത്തിക്കുന്ന നിലപാട് സ്വീകരിക്കുകയാണ്. ഞാനിത് പറയുമ്പോൾ ഇത്തരം പദ്ധതികളെല്ലാം, അതായത് സഞ്ചരിക്കുന്ന റേഷൻകടകൾ, പുതിയ മാവേലി സ്റ്റോറുകൾ, സുഭിക്ഷ ഹോട്ടലുകൾ, മുൻഗണനാ കാർഡുകൾ മാറ്റി നൽകുന്നത് തുടങ്ങിയ പദ്ധതികളെല്ലാം കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രിയും ഭക്ഷ്യ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ഞാനും ഉദ്ഘാടനം ചെയ്യുന്ന രീതിയല്ലല്ലോ; എത്രയോ സ്ഥലങ്ങളിൽ പ്രതിപക്ഷവും ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ജനങ്ങൾക്കുണ്ടാക്കുന്ന മാറ്റത്തെ സംബന്ധിച്ച് നേരിട്ടറിയുന്നവരായതുകൊണ്ട് വിശദമായി അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു കാര്യം സൂചിപ്പിക്കുകയാണ്, റേഷൻകടകളിൽ ഇന്നുണ്ടായ മാറ്റം കാണാതെ പോകരുത്. റേഷൻ കടകളിലെ മുൻകാല അനുഭവങ്ങളെക്കുറിച്ച് പല അംഗങ്ങളും സൂചിപ്പിച്ചു. എന്നാൽ ഘട്ടംഘട്ടമായി റേഷൻകടയുടെ മുഖച്ഛായ മാറ്റുന്ന പ്രവർത്തനങ്ങളിലേയ്ക്ക് വരികയാണ്. റേഷൻ കടകളിലൂടെ ലഭിച്ചിരുന്ന അരിയും മറ്റുത്പന്നങ്ങളും നമുക്ക് ആഗ്രഹമുള്ള/ആവശ്യമുള്ള തരത്തിലായിരുന്നില്ല. നമുക്കിഷ്ടമില്ലാത്ത പല

ഉത്പന്നങ്ങളും അടിച്ചേൽപ്പിക്കപ്പെട്ടിരുന്നു. എന്നാൽ മലയാളിക്ക് പ്രിയപ്പെട്ട ആന്ധ്രാപ്രദേശ്, തെലങ്കാന സംസ്ഥാനങ്ങളിൽനിന്നുള്ള ജയ, സുരേഖ അരി വേണമെന്ന ആവശ്യം എഫ്.സി.ഐ.-യുമായും കേന്ദ്രസർക്കാരുമായും ചർച്ച ചെയ്ത് ബോദ്ധ്യപ്പെടുത്തിയതിന്റെ ഫലമായി കഴിഞ്ഞമാസം മുതൽ കേരളത്തിലെ റേഷൻ കടകളിൽ പച്ചരിയും ജയ അരിയും സുരേഖ അരിയും ബൊണ്ടാലു എന്ന നെൽവിത്തിന്റെ അരിയും വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. അങ്ങനെ റേഷൻ കടകളിൽനിന്നും മുൻഗണനാ കാർഡുടമകൾ മാത്രമല്ല മറ്റ് കാർഡുടമകളടക്കം, ശരാശരി 90 ശതമാനത്തിലധികംപേർ ഇത്തരം ഉത്പന്നങ്ങൾ വാങ്ങിപ്പോകുന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. ഭക്ഷ്യധാന്യങ്ങളുടെ വിട്ടുതലിനെ സംബന്ധിച്ച് എഫ്.സി.ഐ.-യുമായി ഒരുപാട് തർക്കങ്ങളുണ്ടായിരുന്നു. എന്നാൽ ജില്ലാ സപ്ലൈ ഓഫീസർ, റീജിയണൽ മാനേജർ, സപ്ലൈകോയുടെ ചുമതലയുള്ള ക്വാളിറ്റി അഷ്വറൻസ് ഓഫീസർ എന്നിവർ നേരിട്ട് പരിശോധിച്ച് ഉത്പന്നങ്ങൾ വിട്ടുതൽ ചെയ്യുന്നതുകൊണ്ട് അത്തരം പ്രശ്നങ്ങൾ കുറെയേറെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഞാനിത് പറയാൻ കാരണം, ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച നമ്മുടെ സുഹൃത്തുക്കളായ പ്രതിപക്ഷാംഗങ്ങളിൽ ഒരാളുപോലും കേന്ദ്രനിലപാടിനെ വിമർശിക്കാനോ കേന്ദ്ര നിലപാട് തുറന്നുകാണിക്കാനോ

തയ്യാറായില്ല. നിങ്ങൾ ഇത്തരത്തിൽ അന്ധമായ രാഷ്ട്രീയ വിരോധികളായി മാറാമോ? നമ്മുടെ രാജ്യം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന ക്രൂരമായ നിലപാടുമൂലം നിങ്ങളും നിങ്ങളുടെ കുടുംബങ്ങളുമെല്ലാം നിരവധി പ്രശ്നങ്ങൾ അനുഭവിക്കുകയല്ലേ; അതിനെതിരെ നിങ്ങൾ പ്രതികരിക്കണ്ടേ? നിങ്ങളുടെ എ.ഐ.സി.സി. പ്രസിഡന്റ് വയനാടിനെ പ്രതിനിധാനം ചെയ്യുന്ന എം.പി. അല്ലേ? ഈ വിഷയത്തിൽ നിങ്ങളുടേതായ പങ്ക് നിർവ്വഹിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. ഇവിടെ ഒന്നുരണ്ട് അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 57 ശതമാനം കാർഡുടമകൾക്ക് ലഭിച്ചിരുന്ന ഗോതമ്പാണ് പൂർണ്ണമായി നിർത്തലാക്കിയത്. മണ്ണെണ്ണയുടെ കാര്യവും ചർച്ചയിൽ വന്നതാണ്. മത്സ്യത്തൊഴിലാളികളുടെ പതിനാലായിരത്തിലധികം യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. കേന്ദ്രഗവൺമെന്റ് മണ്ണെണ്ണ വിഹിതം കുറച്ചുകൊണ്ടുവന്നു. ഇന്നത്തെ സ്ഥിതിയെന്താണ്? അവർക്ക് വിലകൂടിയ, 102 രൂപ വിലയുള്ള മണ്ണെണ്ണ 6 ദിവസത്തേയ്ക്ക് കൊടുക്കാനേ കഴിയുന്നുള്ളൂ. ബാക്കി ദിവസങ്ങളിൽ സംസ്ഥാനത്തെ ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ അവരുടെ ഉപജീവനത്തിനായി 147 രൂപ വിലകൊടുത്ത് മണ്ണെണ്ണ വാങ്ങേണ്ട അവസ്ഥയിലേയ്ക്ക്

എത്തിയിരിക്കുകയാണ്. ഈ നിലപാട് നിങ്ങൾ കാണണ്ടേ? അതുപോലെയാണ് ഗോതമ്പിന്റെ കാര്യത്തിലും സംഭവിച്ചിരിക്കുന്നത്. പ്രധാനമന്ത്രിയുടെ പദ്ധതിയനുസരിച്ച് മുൻഗണനാ കാർഡുകാർക്ക് നൽകിയിരുന്ന ഗോതമ്പും നിർത്തലാക്കി. ഇതുമൂലം നമ്മൾ വല്ലാത്ത പ്രയാസത്തിലാണ്. ജീവിതശൈലീ രോഗങ്ങൾ കൂടുതലുള്ള കേരളത്തിൽ ഗോതമ്പിന്റെ ആവശ്യവും കൂടുതലാണ്. കിലോഗ്രാമിന് 37 രൂപ കൊടുത്ത് മാർക്കറ്റിൽനിന്ന് വാങ്ങേണ്ട അവസ്ഥ വരികയാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളം ഒരുമിച്ച് ഈ വിഷയം ഏറ്റെടുക്കണമെന്നാണ് പറയാനുള്ളത്. ഇത്തരം സാഹചര്യത്തെ എങ്ങനെ മറികടക്കാൻ കഴിയും? കഴിഞ്ഞ ദിവസം കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെകണ്ട് ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുകയും ഗോതമ്പിനുപകരം റാഗിയോ പയർ വർഗ്ഗങ്ങളോ നൽകാൻ കഴിയുമോ എന്നകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ഗോതമ്പ് നൽകുന്ന അതേ സബ്സിഡി വിലയിൽ റാഗി നൽകുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. അങ്ങനെവന്നാൽ കേരളത്തിലെ റേഷൻ കടകളിലൂടെ റാഗിപ്പൊടി കൊടുക്കാൻ കഴിയുമെന്നാണ് അത് സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ഒരു മന്ത്രികൂടി മറുപടി പറയാനുണ്ട്.

ശ്രീ. ജി. ആർ. അനിൽ: സർ, ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ നാട്ടിലെ ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച് ഞാൻ പല ഘട്ടങ്ങളിൽ ഇവിടെ പറഞ്ഞിട്ടുണ്ട്. രാവിലെ സബ്മിഷനുമായി ബന്ധപ്പെട്ട് വ്യക്തമായ മറുപടി നൽകിയതുമാണ്. സാധാരണക്കാർക്കും ദരിദ്രർക്കും സഹായകരമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ ആറ് വർഷമായി അവരെ ചേർത്തുനിർത്തുന്ന നിലപാടാണ് ഗവൺമെന്റ് തുടരുന്നത്. ഇനിയും ആ നിലയിൽ തുടരുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ലങ്കാഷെയർ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ കാണാൻ വന്ന ഇംഗ്ലീഷുകാരോട് പറഞ്ഞതും 1931-ലെ യംഗ് ഇൻഡ്യ പത്രത്തിലെ അദ്ദേഹത്തിന്റെ കുറിപ്പിലുള്ളതുമായ ഒരു വാക്യം ഞാനിവിടെ ഉദ്ധരിക്കുകയാണ്. 'നല്ലൊരു പ്രഭാതഭക്ഷണവും കഴിച്ച് നമുക്ക് ഇവിടെയിരുന്ന് ദൈവികമായ കാര്യങ്ങളെപ്പറ്റി പറയാൻ രസമുണ്ട്. പക്ഷേ, ലക്ഷങ്ങൾ ഞങ്ങളുടെ നാട്ടിൽ പട്ടിണിയിലാണ്. ഈശ്വരനെപോലും അവരുടെ മുന്നിൽ അന്നത്തിന്റെ രൂപത്തിലല്ലാതെ പ്രത്യക്ഷപ്പെടാൻ കഴിയുകയില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ഈ വിഷയത്തെക്കുറിച്ച് പറയുമ്പോൾ, പ്രിയപ്പെട്ട ഗാന്ധിശിഷ്യന്മാരാണ് ഈ

രാജ്യം ഭരിച്ചിരുന്നത്. കഴിഞ്ഞ എഴുപത്തിയഞ്ച് വർഷങ്ങളിൽ മഹാഭൂരിപക്ഷവും നിങ്ങളാണ് ഭരിച്ചിരുന്നത്. ഇപ്പോൾ ഗാന്ധിവിരോധികളാണ് ഭരിക്കുന്നത്. ഗാന്ധി ശിഷ്യന്മാരാണെങ്കിലും ഗാന്ധി വിരോധികളാണെങ്കിലും സാധാരണക്കാരോടുള്ള, പട്ടിണി പാവങ്ങളോടുള്ള സമീപനമെന്താണ്? ദശലക്ഷക്കണക്കിന് ജനങ്ങൾ ആഹാരം കഴിക്കാൻ നിവൃത്തിയില്ലാതെ പട്ടിണി കിടക്കുന്ന രാജ്യമായി ഇന്ത്യ നിൽക്കുകയാണെന്ന് പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. ആ സമയത്താണ് കേരളത്തിൽ ഒരാളുപോലും പട്ടിണി കിടക്കരുതെന്ന നിലപാട് സ്വീകരിച്ചുകൊണ്ട്, മുഴുവനാളുകൾക്കും ന്യായവിലയ്ക്ക് ഭക്ഷണ സാധനങ്ങളെത്തിക്കുന്ന നിലപാട് സ്വീകരിച്ച് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് അഭിമാനത്തോടുകൂടി ഈ അവസരത്തിൽ പറയുകയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുകയാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കേരളത്തിലിന്ന് ഏറെ പ്രാധാന്യമുള്ള ജീവനോപാധി മേഖലകളാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും. 2022-23 സാമ്പത്തിക അവലോകന രേഖപ്രകാരം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിൽ ത്വരിതഗതിയിൽ

വികസിച്ചുവരുന്ന മേഖലയാണിത്. മൃഗസംരക്ഷണ വകുപ്പിന്റെയും കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെയും പൊതുമേഖലാ സ്ഥാപനങ്ങളായ കന്നുകാലി വികസന ബോർഡ്, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരളാ ഫീഡ്സ് ലിമിറ്റഡ് എന്നിവയുടെയും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ആദ്യമേ അഭ്യർത്ഥിക്കുകയാണ്. മൃഗസംരക്ഷണ മേഖലയിൽ പാൽ, ഇറച്ചി, മുട്ട എന്നിവയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ശാസ്ത്രീയമായ ഫാമുകൾ ആരംഭിക്കുന്നതിന് നിലവിൽ നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നതായി പരാതികൾ ഉയർന്നിരുന്നു. ഇത്തരം തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കി നൽകാൻ 30-09-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന തദ്ദേശസ്വയംഭരണ, മൃഗസംരക്ഷണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഒരു സമിതിക്ക് രൂപം നൽകിയിരുന്നു. ഈ സമിതിക്ക് ഒരു കരട് മാർഗ്ഗരേഖ സമർപ്പിക്കാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിലെ സാഹചര്യങ്ങൾ പരിശോധിച്ചപ്പോൾ ഫാം ലൈസൻസ് നൽകുന്നതിനുള്ള നിബന്ധനകൾ നഗര മേഖലകളിൽ മാത്രമേ

ഏർപ്പെടുത്തിയിട്ടുള്ളൂവെന്ന് മനസ്സിലായി. അതിനാൽ താരതമ്യേന നഗരവൽകൃതമായ കേരളത്തിലും അയൽ സംസ്ഥാനങ്ങളിലുള്ള നിബന്ധനകൾമാത്രം ഏർപ്പെടുത്തുന്നതാകാം ഉചിതമെന്ന് വിലയിരുത്തിയിട്ടുണ്ട്. സമിതിയുടെ വ്യക്തമായ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഇത്തരത്തിലുള്ള ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. മലബാർ മേഖലയിലെ 6 ജില്ലകളിൽ മിൽമ നടത്തിയ പഠനത്തിൽ ആകെയുള്ള ക്ഷീരകർഷകരിൽ നാല് ശതമാനം കൃഷിക്കാർ 35 വയസ്സിന് താഴെയുള്ളവരാണെന്നും 62 ശതമാനം കൃഷിക്കാർ 51 വയസ്സിൽ കൂടുതലുള്ളവരാണെന്നുമാണ് മനസ്സിലാക്കിയത്. മൃഗസംരക്ഷണ-ക്ഷീര പരിപാലന മേഖലയിലേയ്ക്ക് യുവാക്കളായ സംരംഭകരെ കൂടുതൽ ആകർഷിക്കാൻ മേൽപ്പറഞ്ഞ പ്രകാരമുള്ള പരിഷ്കാരങ്ങൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. വ്യവസായ പാർക്കുകളുടെ മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി, അനുമതിക്കുള്ള ചട്ടക്കൂട് സുതാര്യമാക്കി സ്വകാര്യ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാൻ, രണ്ട് പ്രധാന പദ്ധതികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ തുടക്കംകുറിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി വ്യക്തികളെയും സ്വയംസഹായ സംഘങ്ങളെയും

സംയുക്ത ബാദ്ധ്യതാ ഗ്രൂപ്പുകളെയും ഇത്തരം സംരംഭങ്ങൾ ആരംഭിക്കാൻ പ്രോത്സാഹിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഒന്നാമത്തെ പദ്ധതി ഡയറി പാർക്കാണ്. സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ വ്യവസായ ഐ.ടി. പാർക്കുകളുടെ മാതൃകയിലാണ് ഡയറി പാർക്ക് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ആദ്യ ഡയറി പാർക്ക് കോലാഹലമേട്ടിൽ കെ.എൽ.ഡി.ബി. (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്)-യുടെ കൈവശമുള്ള ഭൂമിയിൽ നിലവിൽവരാൻ പോകുകയാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ആരോഗ്യ പരിപാലന സംവിധാനങ്ങളും കൃത്രിമ ബീജസങ്കലന സൗകര്യവും കെ.എൽ.ഡി.ബി. ഒരുക്കും. ഉത്പാദന വിപണനത്തിന് മിൽമയുടെ സഹകരണവും തേടും. പദ്ധതിയുടെ വിജയസാധ്യത വിലയിരുത്തി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡയറി പാർക്കിനാവശ്യമായ മിനിമം 5 ഏക്കർ ഭൂമിയെങ്കിലും ലഭ്യമാക്കിയാൽ ഇത്തരം പാർക്കുകൾ അവിടെയും സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടുകൂടി കെ.എൽ.ഡി.ബി. മുൻകയ്യെടുക്കുന്നതാണ്. രണ്ടാമത്തെ പദ്ധതി കിടാരി പാർക്കുകളാണ്. ജനനം മുതൽ ആദ്യ പ്രസവം വരെയുള്ള 30 മാസത്തോളം കന്നുകുട്ടി-കിടാരി പരിപാലനം സാധാരണ ക്ഷീരകർഷകർക്ക് സാമ്പത്തിക

ബാദ്ധ്യതയായി മാറുന്നു. അതിനാൽ ജനിച്ചയുടൻതന്നെ പശുക്കുട്ടികളെ ഏറ്റെടുത്ത് ശാസ്ത്രീയമായി തീറ്റയും മറ്റ് ആരോഗ്യ പരിപാലന സംവിധാനങ്ങളും ഉറപ്പാക്കി കുറഞ്ഞ സമയംകൊണ്ട് ആരോഗ്യകരമായ ഗർഭധാരണത്തിനുള്ള കിടാരികളെ പ്രാപ്തരാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കിവരുന്നു. ലിംഗനിർണ്ണയം നടത്തിയ ബീജം ഉപയോഗിച്ച് പശുക്കുട്ടികളെ ഉത്പാദിപ്പിച്ചശേഷം പശുവിനെ അതിന്റെ ഉടമസ്ഥനായ ക്ഷീരകർഷകനുതന്നെ തിരിച്ചുനൽകും. 30 മാസത്തോളം കന്നുകുട്ടിയെ വളർത്താൻ വേണ്ടിവരുന്ന ചെലവാകും കർഷകരിൽനിന്നും ഈടാക്കുന്നത്. ഓരോ ക്ഷീരകർഷകരുടെയും കന്നുകുട്ടികളെയും കിടാരികളെയും ശ്രമകരമായി പരിപാലിക്കുന്നതിനേക്കാൾ ശാസ്ത്രീയമായി കിടാരി പാർക്ക് പദ്ധതി നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2013 മുതൽ അമൂൽ നടത്തുന്ന കിടാരി പാർക്കിന്റെ അനുഭവത്തിൽ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്ന ഉരുക്കളെ ഉറപ്പാക്കാൻ ഇത്തരം കേന്ദ്രീകൃത സംവിധാനത്തിന് കഴിയുമെന്നാണ് വിലയിരുത്തുന്നത്. ഇക്കാര്യത്തിൽ നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സാങ്കേതിക സഹായം തേടിയിട്ടുണ്ട്. അതുപോലെ 'ഇ-സമൃദ്ധ' എന്ന പദ്ധതി ഇന്ത്യയിലാദ്യമായി പത്തനംതിട്ട ജില്ലയിൽ പ്രാവർത്തികമാകാൻ

പോകുകയാണ്. മനുഷ്യരെപ്പോലെ മൃഗങ്ങളെയും കാണത്തക്കനിലയിൽ മൃഗങ്ങൾക്ക് റേഡിയോ ഫ്രീക്വൻസി തിരിച്ചറിയൽ സംവിധാനം (ആർ.എഫ്.ഐ.ഡി.) കൊണ്ടുവരികയാണ്. ഒരു മൃഗത്തിൽനിന്നും എത്ര ലിറ്റർ പാൽ കിട്ടും; എന്തൊക്കെ അസുഖങ്ങളുണ്ട്; ഏതൊക്കെ വാക്സിനെടുത്തിട്ടുണ്ട് തുടങ്ങിയവയെല്ലാം പ്രസ്തുത സംവിധാനത്തിലൂടെ സമഗ്രമായി മനസ്സിലാക്കാൻ സാധിക്കും. ഈ വർഷം ഏകദേശം 7.28 കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിക്കുന്നത്. ഓരോ മൃഗത്തിന്റെയും ചെവിയിൽ നെൽമണിയുടെ വലിപ്പത്തിൽ 15 അക്ക നമ്പറുള്ള ഒരു ചിപ്പ് (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ ഡിവൈസ്) ഘടിപ്പിക്കുന്നതിലൂടെ ആ മൃഗത്തിന്റെ എല്ലാവിധ പ്രശ്നങ്ങളും അതിന്റെ ഉടമസ്ഥനാരാണെന്നുവരെ വളരെ പെട്ടെന്ന് തിരിച്ചറിയാൻ സാധിക്കും. പത്തനംതിട്ട ജില്ലയിൽ പൈലറ്റ് പ്രോജക്ട് എന്ന നിലയിലാണ് ഇത് നടപ്പാക്കുന്നത്. അത് വിജയപ്രദമാകുന്നെങ്കിൽ കേരളത്തിലെമ്പാടും നടപ്പിലാക്കുന്നതിനുള്ള തീരുമാനവുമെടുത്തിട്ടുണ്ട്.

വെറ്ററിനറി സേവനങ്ങൾ കിട്ടുന്നില്ലെന്നും ഡോക്ടർമാരെ വിളിച്ചാൽ ഫോണെടുക്കുന്നില്ലെന്നും പലപ്പോഴും പരാതി പറയുന്നുണ്ട്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും വെറ്ററിനറി സേവനം പരമാവധി നൽകുന്നുണ്ട്.

എന്നാൽ ചില സ്ഥലങ്ങളിൽ ഡോക്ടർമാർ ലീവിന് പോകുന്ന സാഹചര്യത്തിൽ ഡോക്ടർമാരില്ലാതെവരുന്ന അവസ്ഥ പലപ്പോഴും കാണാറുണ്ട്. അവിടെയൊക്കെ മാറിയും തിരിഞ്ഞും വെറ്ററിനറി ഡോക്ടർമാരുടെ സേവനങ്ങൾ നൽകുന്നുവെന്നത് യാഥാർത്ഥ്യമാണ്. ക്ഷീരകർഷകർക്ക് 24 മണിക്കൂറും വെറ്ററിനറി സേവനം നൽകുകയെന്ന ലക്ഷ്യമാണ് ഇന്ന് മൃഗസംരക്ഷണ മേഖലയിൽ കൊണ്ടുവരുന്നത്. രാത്രിയിലും ഡോക്ടർമാരെ കൊടുക്കത്തക്ക നിലയിൽ കേരളത്തിലെ 152 ബ്ലോക്ക് പഞ്ചായത്തുകളിലും നൈറ്റ് വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിരിക്കുന്ന അവരുടെ സേവനം രാത്രി 6 മണിമുതൽ രാവിലെ 6 മണി വരെയാണ് ലഭ്യമാകുക. അതുപോലെ ഒരു കർഷകൻ വിളിക്കുമ്പോൾ ഡോക്ടർക്ക് ഓടിയെത്താൻ സാധിക്കാത്ത സാഹചര്യം രാത്രിയായാലും പകലായാലും നിലനിൽക്കുന്നുണ്ടെന്നത് യാഥാർത്ഥ്യമാണ്. അതിന് മാറ്റമുണ്ടാക്കാൻ കേരളത്തിലെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്ററിനറി ആംബുലൻസുകൾ നൽകാൻ പോകുകയാണ്. അതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് 29 ആംബുലൻസുകൾ കേരളത്തിൽ വാങ്ങിക്കഴിഞ്ഞു. ആംബുലൻസിനകത്തുണ്ടാകേണ്ട മറ്റ് ക്രമീകരണങ്ങളാണ് ഇപ്പോൾ

ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ബാക്കിയുള്ള മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിലും വെറ്ററിനറി ആംബുലൻസുകൾ നൽകുന്നതിന് പദ്ധതിരേഖ ലഭിച്ചിട്ടുണ്ട്. 4.50 കോടി രൂപയുടെ കേന്ദ്ര ഫണ്ടുപയോഗിച്ചാണ് 29 ആംബുലൻസുകൾ വാങ്ങിയത്. ഏതാനും ദിവസങ്ങൾക്കകം അതിന്റെ ഉദ്ഘാടനം നടത്താൻ സാധിക്കും. ബാക്കിയുള്ള ആംബുലൻസുകൾ എ.ഡി.സി.പി. (ആനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്)-യുടെ കോർപ്പസ് ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ച് വാങ്ങിക്കാൻ പോകുകയാണ്. അതുപോലെ എല്ലാ ജില്ലകളിലും ടെലി വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുകയാണ്. ഒരു ജില്ലയിൽ ഒരു ടെലി വെറ്ററിനറി ആംബുലൻസ് എന്ന നിലയിലാണ് നൽകുന്നത്. ഒരു കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിക്കുന്നത്. ഒരു പശു വീണാൽ അതിനെ മനുഷ്യൻ വിചാരിച്ചാൽ പൊക്കിയെടുക്കാൻ സാധിക്കില്ല. അത്തരം സാഹചര്യത്തിൽ പശുവിനെ പൊക്കിയെടുക്കാനും എക്സ്റേ എടുക്കാനുമുള്ള സംവിധാനവും അടിയന്തരമായി ഓപ്പറേഷൻ ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളും ആംബുലൻസിൽ സജ്ജീകരിച്ചിട്ടുണ്ട്. അത്യാവശ്യം മരുന്നുൾപ്പെടെ വയ്ക്കാനുള്ള സൗകര്യവുമുണ്ട്. കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിൽ ടെലി വെറ്ററിനറി ആംബുലൻസ് നൽകിക്കഴിഞ്ഞു. ബാക്കിയുള്ള

12 ജില്ലകളിലും അത് നൽകാനുള്ള സംവിധാനത്തിലേയ്ക്ക് എത്തിച്ചേർന്നു. അതിന്റെയും അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കിട്ടിക്കഴിഞ്ഞുവെന്നതാണ് യാഥാർത്ഥ്യം. പഠിച്ചിറങ്ങിയ ധാരാളം ഡോക്ടർമാർ കേരളത്തിലുണ്ട്. അത്തരത്തിലുള്ള ഡോക്ടർമാരുടെ പരിശീലന സേവനം ഉപയോഗിക്കാൻ ഒരു പുതിയ പ്രോജക്ട് കൊണ്ടുവന്നിട്ടുണ്ട്. 50 ജൂനിയർ റെസിഡന്റ് ഡോക്ടർമാരെയാണ് അതിലൂടെ നിയമിക്കാൻ തീരുമാനിച്ചത്. 38 ഡോക്ടർമാരെ നിയമിച്ചുകഴിഞ്ഞു. സീനിയർ വെറ്ററിനറി ഡോക്ടർമാർക്കൊപ്പം അവരുടെയും സേവനം പഞ്ചായത്തുകളിൽ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്.

മൃഗസംരക്ഷണ മേഖലയെ പുനരുദ്ധരിക്കുന്നതിനായി 77 കോടി രൂപയുടെ ജീവനോപാധി സഹായ പാക്കേജിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പിന് അനുമതി ലഭിച്ചിരുന്നു. പശു-കിടാരി-ആട്-താറാവ്-കോഴിവളർത്തൽ, കാലിത്തീറ്റ സബ്സിഡി, തൊഴുത്ത് നിർമ്മാണം, ഫാം യന്ത്രവൽക്കരണം, തീറ്റപ്പുൽകൃഷി, ശാസ്ത്രീയ കന്നുകുട്ടി പരിപാലനം എന്നിവയ്ക്ക് ധനസഹായം നൽകി ജീവനോപാധി സഹായ പാക്കേജ് വിജയകരമായി ഏകോപിപ്പിച്ച് ഉപജീവനം ഉറപ്പാക്കാനായിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് 140 വനിതാ

ഗുണഭോക്താക്കളെ സഹായിക്കാനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം കേരളത്തിൽ നടത്തിയ അതിദരിദ്രരുടെ സൂക്ഷ്മ സർവ്വേയിലൂടെ കണ്ടെത്തിയവരിൽ പശുവളർത്തലിൽ തൽപ്പരരായ വനിതകൾക്ക് 90 ശതമാനം സബ്സിഡിയോടുകൂടി ഒരു പശു യൂണിറ്റിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതി നിരന്തരം വിലയിരുത്തപ്പെടുന്നതും ഇതിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ അതിദരിദ്രരെ ഉൾപ്പെടുത്തി വ്യാപിപ്പിക്കുന്നതുമാണ്.

'കേരള ചിക്കൻ പദ്ധതി' ഇന്ന് കേരളത്തിൽ വ്യാപകമായ നിലയിൽ നടപ്പിലാക്കുകയാണ്. സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി മിതമായ വിലയ്ക്ക് 'കേരള ചിക്കൻ' എന്ന ബ്രാൻഡിൽ പൊതുജനങ്ങളിലെത്തിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രത്യേകിച്ച് സ്ത്രീ സംരംഭകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കേരള സർക്കാർ ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഈ പദ്ധതിക്കാവശ്യമായ 56 കോടിയിൽപ്പരം രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കേർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ്

ഇന്ത്യ, കുടുംബശ്രീ മിഷൻ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ സ്റ്റേക്ക്ഹോൾഡർമാരുടെ സഹകരണത്തോടെ മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സുരക്ഷിതവും സംശുദ്ധവുമായ കോഴിയിറച്ചി ജനങ്ങൾക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും അതിലൂടെ ഭക്ഷ്യസുരക്ഷയെന്ന പ്രഖ്യാപിത ലക്ഷ്യത്തിലേയ്ക്കൊരു ഉറച്ചകാൽവയ്പ്പിന് തുടക്കം കുറിക്കാനും പോകുകയാണ്.

ദേശീയ കന്നുകാലി മിഷൻ പദ്ധതിയിലൂടെ സ്വകാര്യ സംരംഭകർക്ക് കോഴി, ആട്, പന്നി എന്നിവ വളർത്തുന്നതിന് 50 ശതമാനംവരെ മൂലധന സബ്സിഡി നൽകാൻ സാധിക്കും. രോഗമുക്തമായതും മികച്ച ഉത്പാദനശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കോഴി വളർത്തലിന് 25 ലക്ഷം രൂപ, ആട് വളർത്തലിന് 50 ലക്ഷം രൂപ, പന്നി വളർത്തലിന് 30 ലക്ഷം രൂപ എന്നിങ്ങനെ നൽകിവരുന്നു. കർഷകരുടെ/സംരംഭകർക്കുതന്നെ ബാങ്ക് പകുതി തുക സബ്സിഡിയായി നൽകും. കെ.എൽ.ഡി. ബോർഡാണ് ഇതിന്റെ അപേക്ഷ ക്ഷണിക്കുന്നത്.

ലഭിച്ച അപേക്ഷയിന്മേൽ ഫീൽഡ് വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ.) നേരിട്ടുവരുന്ന പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ കേരള ബാങ്കിൽനിന്ന് പത്ത് കോടി രൂപയുടെ പ്രവർത്തന മൂലധനം സ്വരൂപിക്കാൻ സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. എം.പി.ഐ.-യുടെ ആസ്ഥാനത്ത് ആരംഭിക്കുന്ന ഹൈടെക് അറവുശാലയുടെ ഉത്പാദനശേഷിയുടെ 50 ശതമാനം ഉടൻ പ്രവർത്തനക്ഷമമാക്കും; പ്രതിദിനം 400 മൃഗങ്ങളെ കശാപ്പുചെയ്ത് ഒരു വർഷംകൊണ്ട് 200 ടൺ ഇറച്ചി ഉത്പാദിപ്പിക്കാൻ സാധിക്കും. പ്രതിദിനം 12 ടൺ അറവുമാലിന്യങ്ങൾ സംസ്കരിച്ച് എല്ലുപൊടി, ടാലോ എന്നിവ ഉത്പാദിപ്പിക്കാൻ ഇതിന് സാധിക്കും. കൊല്ലം ജില്ലയിലെ ഏരൂരിൽ പ്രതിദിനം രണ്ട് ടണ്ണോളം കട്‌ലറ്റ്, സോസേജ് തുടങ്ങിയ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഫാക്ടറി പ്രവർത്തനക്ഷമമാക്കി ഓണത്തിനുമുമ്പ് ഉത്പന്നങ്ങൾ വിപണിയിലെത്തിക്കും. അയൽ സംസ്ഥാനങ്ങളിൽനിന്നും കശാപ്പിനായി മൃഗങ്ങളെ കൊണ്ടുവരുന്ന വിതരണക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ, അതിർത്തി പ്രദേശത്ത് മൃഗങ്ങൾക്കുള്ള ലയറേജ് സ്ഥാപിക്കാൻ പോകുകയാണ്.

മൃഗങ്ങളെ സമഗ്ര വെറ്ററിനറി പരിശോധനകൾക്ക് വിധേയമാക്കുന്നതിലൂടെ അസുഖമില്ലാത്തതും ഗുണമേന്മയുള്ളതുമായ മൃഗങ്ങളുടെ മാംസം സംസ്ഥാനത്ത് ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും മുട്ടയുടെയും സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത് കെപ്കോയാണ്. മണിക്കൂറിൽ 500 ഇറച്ചിക്കോഴികളെ സംസ്കരിക്കാൻ ശേഷിയുള്ള അത്യാധുനിക ഇറച്ചിക്കോഴി സംസ്കരണശാല കൊല്ലം ജില്ലയിലെ കോട്ടുക്കലിൽ സ്ഥാപിക്കാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 135 ഏജൻസികൾവഴി വിപണനം നടത്തിവരുന്നു. പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതോടുകൂടി തൃശ്ശൂർ ജില്ലവരെ ശീതീകരിച്ച കോഴിയിറച്ചി വിതരണം ചെയ്യാൻ സാധിക്കും. അതോടൊപ്പം മുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടി കെപ്കോ നൂതനങ്ങളായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിലൊന്നാണ് 'ആശ്രയ'. ആരും ആശ്രയമില്ലാത്ത വിധവകളായ സ്ത്രീകൾക്ക് പത്ത് കോഴിയും മൂന്ന് കിലോ തീറ്റയും സൗജന്യമായി ലഭ്യമാക്കുന്ന സംവിധാനമാണിത്. അപേക്ഷ നൽകുന്ന പഞ്ചായത്തുകൾക്ക് ഫണ്ടിന്റെ

ലഭ്യതയ്ക്കനുസരിച്ച് നൽകാനുള്ള സംവിധാനമാണ് കഴിഞ്ഞ അഞ്ച് വർഷമായി നടപ്പിലാക്കിയതും ഇക്കഴിഞ്ഞ ഒരു വർഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. കൂടാതെ കെപ്കോയുടെ 'വനിതാ മിത്രം' പദ്ധതിയിലൂടെയും മുട്ട ഉത്പാദനമാണ് ലക്ഷ്യംവയ്ക്കുന്നത്. പ്രസ്തുത പദ്ധതിയിലൂടെ പത്ത് കോഴിയും മൂന്ന് കിലോ തീറ്റയുമാണ് നൽകുന്നത്. വെറും 250 രൂപ അടച്ചാൽ, 125 രൂപ വിലയുള്ള ഒരു കോഴി, അങ്ങനെ പത്ത് കോഴികളെയാണ് പഞ്ചായത്തുകൾവഴി വിതരണം ചെയ്യുന്നത്. മുമ്പ് സ്കൂളുകളിൽ 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' എന്ന ബൃഹത്തായ പദ്ധതി നടപ്പിലാക്കിയിരുന്നു. അത് ഇത്തവണ പുതിയ പ്രോജക്ടായി കേരളത്തിൽ കൊണ്ടുവരുന്നുണ്ട്. ആറ് മുതൽ ഒൻപതാം സ്റ്റാൻഡേർഡ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അഞ്ച് കോഴിയും രണ്ട് കിലോ കോഴിത്തീറ്റയും നൽകുന്ന ബൃഹത്തായ പദ്ധതിയാണ് നടപ്പിലാക്കുന്നത്. ബ്ലോക്ക് പഞ്ചായത്തുകളിൽ ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപീകരിച്ച് സ്ത്രീകൾക്ക് 100 കോഴികളും കൂടും നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ഇപ്രാവശ്യം ആറ് ബ്ലോക്കുകളിൽ മാത്രമേ നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. അടുത്ത പ്രാവശ്യം അത് ബൃഹത്തായ നിലയിൽ നടപ്പാക്കും. എസ്.സി./എസ്.ടി. സങ്കേതങ്ങളിലെ ഓരോ കുടുംബത്തിനും കെപ്കോ കഴിഞ്ഞ തവണ

ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കിയിരുന്നു. ഇത്തവണയും അത് നടപ്പിലാക്കാനുള്ള സംവിധാനത്തിലേയ്ക്ക് പോകുകയാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ കാലിത്തീറ്റ ഉത്പാദിപ്പിക്കുന്ന ഗവൺമെന്റിന്റെ കീഴിലുള്ള ഒരു സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ്. മിൽമയും കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തുന്ന കാലിത്തീറ്റയ്ക്ക് വില വർദ്ധിക്കുന്നതായി നമുക്ക് നല്ലതുപോലെയറിയാം. വില വീണ്ടും വർദ്ധിക്കാതിരിക്കാനാണ് കേരള ഫീഡ്സ് ലിമിറ്റഡിനോടും മിൽമയോടും വില വർദ്ധിപ്പിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. ആ നിലയ്ക്കുള്ള നടപടികളുമായി അവർ പോകുകയാണ്. ബഹുമാനപ്പെട്ട ജി. എസ്. ജയലാൽ സൂചിപ്പിച്ചതുപോലെ സാധാരണ ഒരു പശു 60 ശതമാനം പുല്ലാണ് കഴിക്കേണ്ടത്, ബാക്കി മാത്രമാണ് കോമ്പൗണ്ട് ഫീഡായി കഴിക്കേണ്ടത്. അതുകൊണ്ട് ആവശ്യമായ തീറ്റപ്പുല്ല് ഉത്പാദിപ്പിക്കാൻ ക്ഷീരസംഘങ്ങൾക്കും ജെ.എൽ.ജി.-കൾക്കും കുടുംബശ്രീൾക്കും അവസരം നൽകിയിട്ടുണ്ട്. 25-50 ഏക്കറുകളിലായി പല ജില്ലകളിലും ഇത് നടപ്പിലാക്കുന്നുണ്ട്. ചില ക്ഷീരസംഘങ്ങൾ നാലഞ്ച് ഏക്കറുകളിലായി കൃഷി ചെയ്യുന്നുണ്ട്. ഒരേക്കറിലെ തീറ്റപ്പുൽകൃഷിക്ക് 16,000 രൂപ

സബ്സിഡിയുൾപ്പെടെ നൽകി അതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് കോടിക്കണക്കിന് രൂപ ഇപ്പോൾ ആ മേഖലകൾക്കായി മാറ്റിവച്ചിരിക്കുകയാണ്.

സംസ്ഥാനത്ത് വെറ്ററിനറി, ഡയറി, പൗൾട്രി രംഗത്തുള്ള ബിരുദ-ബിരുദാനന്തര ഗവേഷണത്തിന് വെറ്ററിനറി സർവ്വകലാശാല ബൃഹത്തായ സംഭാവനയാണ് നൽകുന്നത്. 7 കോളേജുകളാണ് സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്നത്. സർവ്വകലാശാലയുടെ പൂക്കോട് ക്യാമ്പസിൽ മികവിന്റെ കേന്ദ്രമായി " One Health, Western Ghats Biodiversity, Wildlife-human Interface & Zoonotic Diseases" എന്ന പദ്ധതിക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിനെക്കുറിച്ച് പറയുമ്പോൾ നമ്മുടെ രാജ്യത്തിന്റെ പൊതു സമ്പദ്ഘടന അവലോകനം ചെയ്യുമ്പോൾ തെളിഞ്ഞുവരുന്ന ഒരു സത്യമുണ്ട്; ആഭ്യന്തര വരുമാനത്തിൽ നിർണ്ണായകമായ സ്ഥാനം അലങ്കരിക്കുന്ന ഒരുത്പന്നമാണ് പാൽ. അരിയും ഗോതമ്പും നേടിയിരുന്ന ഈ സ്ഥാനം ഇന്ന് പാലിനാണുള്ളത്. നേരത്തെ ചില അംഗങ്ങൾ ഇക്കാര്യത്തിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണെന്ന് സൂചിപ്പിച്ചു. എന്നാൽ

പാലുത്പാദന രംഗത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന രാജ്യമാണ് ഇന്ത്യ, ഉത്പാദനക്ഷമതയിൽ ഒന്നാം സ്ഥാനം പഞ്ചാബിനും രണ്ടാം സ്ഥാനം കേരളത്തിനുമാണ്. കേരളത്തിലെ ഒരു പശുവിന്റെ ശരാശരി പാലുത്പാദനം 10.2 ലിറ്ററാണ്. പഞ്ചാബിലേത് 12 ലിറ്ററാണ്. ഇത് 15 ശതമാനത്തിലെത്തിക്കാനുള്ള പരിശ്രമമാണ് നടത്തുന്നതെന്ന വിവരം സഭയെ അറിയിക്കുകയാണ്. കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുകയാണ്. ഇതിൽ 3.97 ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലുടനീളമുള്ള 3634 പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ മുഖേന 21.19 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി വകുപ്പിന്റെ നിയന്ത്രണത്തിൽ സംഭരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഉരുക്കൾ മികച്ച ഉത്പാനശേഷിയുള്ളവയാണ്. എന്നാൽ പ്രതിദിനം ഒരു പശു ശരാശരി 10.2 ലിറ്റർ പാൽ മാത്രമാണ് ഉത്പാദിപ്പിക്കുന്നത്. എന്നാൽ മികച്ച പരിപാലന രീതികളിലൂടെയും ശാസ്ത്രീയ പ്രജനന രീതിയിലൂടെയും ഇത് 15 ലിറ്ററാക്കുകയെന്നതാണ് സർക്കാരിന്റെ നയസമീപനം. കേരളത്തിലെ ഒരു പശു 30 ലിറ്റർ പാൽവരെ നൽകുന്നുണ്ട്. മൂന്ന് ടേമായാണ് അതിനെ കറന്നെടുക്കുന്നതെന്നത് യാഥാർത്ഥ്യമാണ്. ആവറേജ് പാലിന്റെ ഉത്പാദനക്ഷമത മാത്രമാണ്

ഞാനിവിടെ ചൂണ്ടിക്കാണിച്ചത്.

പാലിന്റെ ഇൻസെന്റീവ് പദ്ധതി - പാലിന് വില കൂട്ടുന്നില്ലെന്ന് പലപ്പോഴും നാം പറയാറുണ്ട്. ഇന്ത്യയിലെ കണക്ക് പരിശോധിച്ചാൽ, പാലിന് ഏറ്റവും കൂടുതൽ വില നൽകുന്നൊരു സംസ്ഥാനം കേരളമാണെന്ന് മനസ്സിലാകും. തമിഴ്നാട്ടിൽ ഒരു ലിറ്റർ പാലിന് 28 രൂപ മാത്രമാണുള്ളത്. ഇവിടെ പാലിന്റെ വില വർദ്ധിക്കുന്നതനുസരിച്ച് അന്യസംസ്ഥാനത്തുനിന്നും കേരളത്തിലെത്തുന്ന പാലിന്റെ അളവിൽ വർദ്ധനവുണ്ടാകും. ഈ സാഹചര്യത്തിൽ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി വകുപ്പ് ചില നടപടികൾ സ്വീകരിക്കുകയാണ്. കോവിഡ് 19-ന്റെ സമയത്തുപോലും എല്ലാ ദിവസവും പശുവിനെ കറന്ന് ക്ഷീരസംഘങ്ങളിലും അവിടെനിന്ന് മിൽമയിലും പാലെത്തിക്കുക എന്ന ബൃഹത്തായ ജോലി ചെയ്തത് ക്ഷീരകർഷകരായിരുന്നു. അതുകൊണ്ട് നമുക്ക് അവരെ പിന്തള്ളാനാവില്ല. ക്ഷീരസംഘങ്ങളിൽ ലഭ്യമാക്കുന്ന പാലിന് മൂന്ന് മാസം, നാലുമാസം എന്നിങ്ങനെയായിരുന്നു സബ്സിഡി നൽകിക്കൊണ്ടിരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കും 2022 ജൂലൈ മാസം മുതൽ 2023 മാർച്ച് മാസംവരെ ഒരു ലിറ്റർ പാലിന്റെ

സബ്സിഡി 4 രൂപ വർദ്ധിപ്പിച്ച് ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. 2019-20 സാമ്പത്തികവർഷം ക്ഷീര കർഷകർക്ക് സബ്സിഡി നൽകാനായി 13 കോടി രൂപയാണ് മാറ്റിവച്ചതെങ്കിൽ ഈ വർഷം 28.57 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്.

സംസ്ഥാനത്തുള്ള 13.42 ലക്ഷം കന്നുകാലികൾക്ക് 134.2 ലക്ഷം മെട്രിക് ടൺ പച്ചപുല്ല് പ്രതിവർഷം ആവശ്യമുണ്ട്. ഇത് ലഭ്യമാക്കുന്നതിന് 1.62 ലക്ഷം ഹെക്ടർ സ്ഥലത്ത് പുൽകൃഷി ആവശ്യമാണ്. നടപ്പ് സാമ്പത്തികവർഷം 2231 ഹെക്ടർ സ്ഥലത്തുകൂടി തീറ്റപ്പുൽ വികസന പദ്ധതി വ്യാപിപ്പിച്ച് 3.56 ലക്ഷം മെട്രിക് ടൺ പച്ചപ്പുൽ അധികമായി ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുകയാണ്. 15000-ത്തോളം ക്ഷീരകർഷകർക്ക് പുൽകൃഷി വ്യാപന പദ്ധതിയിലൂടെ പ്രയോജനം ലഭിക്കും. കൂടാതെ കാലിത്തീറ്റ ധനസഹായപദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുൽ/വൈക്കോൽ വിതരണ പദ്ധതി എന്നിവയും നടപ്പിലാക്കാൻ ലക്ഷ്യമിടുകയാണ്.

ഫാം യന്ത്രവൽക്കരണത്തിനും ആധുനികവൽക്കരണത്തിനും നിലവിൽ ബാങ്ക് വായ്പയെ ആശ്രയിക്കുന്ന ക്ഷീരകർഷകർക്ക് 10 മുതൽ 13 ശതമാനം വരെ ഭീമമായ നിരക്കിൽ പലിശ നൽകേണ്ടിവരുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ബാങ്ക് വായ്പയ്ക്കുള്ള പലിശ പൂർണ്ണമായും ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീമിലൂടെ ധനസഹായമായി അനുവദിക്കുകയാണ്.

കേരളത്തിൽ ക്ഷീരകർഷകർക്ക് പശുവിന് തീറ്റ വാങ്ങാനും മറ്റ് പല ആവശ്യങ്ങൾക്കും പണമില്ലാത്തൊരു അവസ്ഥ വരുന്നുണ്ട്. അതിനാൽ ഒരു പശുവിന് 20,000 രൂപ പരിധി നിശ്ചയിച്ച് 4 ശതമാനം പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതാണ്. 8 പശുക്കളുള്ള ഒരു കർഷകന് 4 ശതമാനം പലിശ നിരക്കിൽ 1,60,000 രൂപ വായ്പ കൊടുക്കും. അതുമാത്രമല്ല, ആ തുക മുഴുവൻ തിരിച്ചടയ്ക്കേണ്ടതില്ല, അതത് മാസം 4 ശതമാനം പലിശ മാത്രം അടച്ചാൽ മതി. അതായത് 20,000 രൂപയ്ക്ക് വെറും 80 രൂപ മാത്രം ഒരു മാസം അടച്ചാൽ മതി. 2 ലിറ്റർ പാലിന്റെ പണം ഒരു കർഷകൻ മാറ്റിവച്ചാൽ പലിശയടയ്ക്കാൻ സാധിക്കും. കിസാൻ ക്രെഡിറ്റ് കാർഡുള്ള മുഴുവൻ ക്ഷീരകർഷർക്കും എസ്.ബി.ഐ. മുഖേന കിസാൻ ക്രെഡിറ്റ് വായ്പ നൽകാനുള്ള തീരുമാനമായിട്ടുണ്ട്. 10000 കർഷകർക്ക് 2022 ജൂൺ 1 മുതൽ തുക വിതരണം ചെയ്തു തുടങ്ങി.

സംഘങ്ങളുടെ പാൽസംഭരണ സംവിധാനം ആധുനികവത്കരിക്കൽ, ക്ഷീരസംഘങ്ങളിൽ പാൽ സംസ്കരണത്തിനുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കൽ, ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും യൂണിഫൈഡ് സോഫ്റ്റ്‌വെയർ പദ്ധതി, കുറഞ്ഞ ചെലവിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം സ്ഥാപിക്കാനുള്ള പദ്ധതി, മിൽക്ക് റൂട്ട് അസിസ്റ്റൻസ് പദ്ധതി എന്നിവ ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

പാൽസംഭരണം കുറഞ്ഞതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെയാണ് പിന്നാക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള പ്രത്യേക ബൂസ്റ്റർ പദ്ധതി വഴി തെരഞ്ഞെടുക്കുന്നത്.

കഴിഞ്ഞ വർഷം കേരളത്തിലെ 10 പഞ്ചായത്തുകളിൽ മാത്രമേ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളൂ. ഈ വർഷം അത് 20 പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുകയാണ്. അതിനുവേണ്ടി 10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. എം.എൽ.എ.-മാർ പകുതി തുക ലഭ്യമാക്കിയാൽ ഇതിന്റെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കും. വിമൻ ക്യാറ്റിൽ കെയർ വർക്കേഴ്സും

ഡയറി പ്രൊമോട്ടർമാരും കുറേവർഷങ്ങളായി ക്ഷീരമേഖലയിൽ നിൽക്കുന്നവരാണ്. കഴിഞ്ഞ ടേമുകളിൽ അവർക്ക് 6 മാസം മാത്രമായിരുന്നു ജോലി കൊടുത്തത്. അതുപോലെ ഫോഡർ പ്രൊമോട്ടർക്ക് എട്ടുമാസം മാത്രമാണ് ജോലികൊടുത്തിരുന്നത്. അവരുടെ ജോലി പത്ത് മാസമാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ വേതനമായി 6,000 രൂപ ലഭിക്കുന്നവർക്കും 7,000 രൂപ ലഭിക്കുന്നവർക്കും 8,000 രൂപയാക്കി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

മലബാർ-എറണാകുളം മേഖലകളിൽ കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്നുണ്ട്. മുൻമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോടൊപ്പം ഞാനും ചില പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. വളരെ നല്ല അഭിപ്രായമാണ് അദ്ദേഹം പദ്ധതികളെക്കുറിച്ച് പറഞ്ഞത്. ആ പദ്ധതികളെല്ലാംതന്നെ കേരളത്തിൽ നടപ്പിലാക്കാൻ പോകുകയാണ്. അദ്ദേഹത്തെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് പാലൊഴുക്കിക്കളയുന്നതായി നിങ്ങളെല്ലാം കേട്ടുകാണും. ഇക്കാര്യത്തിൽ എന്തുചെയ്യണമെന്ന് ചില ആൾക്കാർ എന്നോട് ചോദിച്ചു. എന്നാൽ രണ്ടുദിവസത്തിനുള്ളിൽ ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കി. പഞ്ചായത്ത് കോളനികളിലും കോവിഡ്

സെന്ററുകളിലുമൊക്കെ ആ പാൽ വിതരണം ചെയ്തു. ബാക്കിയുള്ള മുഴുവൻ പാലും മിൽമ ശേഖരിച്ച് പത്തുമുപ്പത് ടാങ്കുകളിലാക്കി തമിഴ്നാട്ടിൽ കൊണ്ടുപോയി പാൽപ്പൊടിയാക്കുന്ന പ്രവണതയായിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്. അവിടെനിന്നും ആ ടാങ്കുകൾ തിരിച്ചുവരുന്നതിന് താമസം നേരിടുന്നതിനാൽ പാൽ സംഭരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനായി 53 കോടി രൂപ ചെലവഴിച്ച് കേരളത്തിൽ പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിന്റെ നിർമ്മാണം ഏകദേശം പകുതിയോളമാകുകയും ചെയ്തിട്ടുണ്ട്.

വെറ്ററിനറി സർവ്വകലാശാലയുടെ പ്രശസ്തിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഇൻഡോ-സ്വിസ് പ്രോജക്ട് തുടങ്ങിവച്ച സങ്കരവർഗ്ഗ പ്രജനന പരിപാടി വിജയകരമായി മുന്നോട്ടുപോകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ 95% കന്നുകാലികളും സങ്കരവർഗ്ഗത്തിലുള്ളവയാണ്. രാജ്യത്ത് കന്നുകാലികളുടെ പ്രതിദിന ഉത്പാദനക്ഷമതയിൽ കേരളം രണ്ടാം സ്ഥാനത്താണ്. സംസ്ഥാനത്തെ 156 കേന്ദ്രങ്ങളിൽ രാത്രികാല സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതലായി നേടിയെടുക്കുന്നൊരു കാലഘട്ടമാണിത്. ഇതിന്റെ ഭാഗമായി മൊബൈൽ

വെറ്ററിനറി യൂണിറ്റുകൾ, ദേശീയ കന്നുകാലി നിയന്ത്രണ പ്രോജക്ട് എന്നിവയ്ക്ക് കേന്ദ്ര സഹായം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ കന്നുകാലി മിഷനുകീഴിൽ ഇൻഷ്വറൻസ് പദ്ധതിക്ക് കേന്ദ്ര സഹായം നേടിയെടുക്കാൻ സാധിച്ചു. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്, 'രാഷ്ട്രീയ ഗോകുൽ മിഷൻ' എന്ന കേന്ദ്ര പദ്ധതിയുടെ സഹായം ലഭിച്ചിട്ടുണ്ട്. കുട്ടനാടുൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിൽ അകപ്പെട്ട് മൃഗങ്ങൾ മരണപ്പെടാതിരിക്കാൻ എലവേറ്റഡ് ക്യാറ്റിൽ ഷെഡ് നിർമ്മിക്കുകയും അതിന്റെ ഉദ്ഘാടനം കഴിയുകയും ചെയ്തു. ഏകദേശം രണ്ട് കോടി രൂപയാണ് അതിനുവേണ്ടി ചെലവഴിച്ചത്. കുട്ടനാട് താലൂക്കിലെ ചമ്പക്കുളം ആസ്ഥാനമാക്കി ഒരു എലവേറ്റഡ് കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് നിർമ്മിക്കുന്നതിനായി 3.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ദയവായി ഹെഡ്ഫോൺ ഉപയോഗിക്കണം. പ്രസംഗം വളരെയധികം ദീർഘമായി.

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കോട്ടയം, ആലപ്പുഴയുൾപ്പെടെയുള്ള ജില്ലകളിൽ പക്ഷിപ്പനി വ്യാപകമായപ്പോൾ വളരെ പെട്ടെന്നുതന്നെ അതിനെ നേരിടുന്നതിനുള്ള സംവിധാനമൊരുക്കുകയും നഷ്ടപരിഹാരമായി ഏകദേശം 4 കോടി രൂപ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തു. ഒരു

കോഴിയോ താറാവോ നഷ്ടപ്പെട്ടാൽ 200 രൂപ, ചെറിയ കോഴിയും താറാവുമാണെങ്കിൽ 100 രൂപ, 1 മുട്ടയ്ക്ക് 5 രൂപ എന്നിങ്ങനെ കണക്കാക്കി മുഴുവൻ തുകയും നൽകിയിട്ടുണ്ട്. 25-30 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിച്ച കർഷകർ കേരളത്തിലുണ്ട്. ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കിയതിൽ ബഹുമാനപ്പെട്ട കുട്ടനാട് എം.എൽ.എ. സന്തോഷം അറിയിച്ചിട്ടുണ്ട്.

പ്രിയപ്പെട്ടവരെ, ഇനിയും ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ക്രമക്കേട് നടത്തുകയും യഥാസമയം തെരഞ്ഞെടുപ്പ് നടക്കാതെയിരിക്കുകയും ചെയ്തിട്ടുള്ള ക്ഷീരസഹകരണ സംഘങ്ങളെ നിയമാനുസരണം പിരിച്ചുവിടേണ്ട സാഹചര്യം വന്നാൽ അത് ചെയ്യേണ്ടിവരുമെന്നത് സ്വാഭാവികമാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതിയില്ലെന്ന കാരണത്താൽ ഒരു സഹകരണ സ്ഥാപനത്തിന് ജനാധിപത്യപരമായി ലഭിക്കേണ്ട വോട്ടവകാശം നിഷേധിക്കുന്നത് ശരിയല്ല. ജൂലൈ 19-ാം തീയതി പ്രസ്തുത വിഷയം നിയമസഭയിൽ ചർച്ച ചെയ്യുമെന്നതിനാൽ ഇതുസംബന്ധിച്ച് കൂടുതലൊന്നും പറയുന്നില്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിക്കുമ്പോൾ

ഹെഡ്സെറ്റ് നിർബന്ധമായും ഉപയോഗിക്കണം. അല്ലെങ്കിൽ ചെയറിന്റെ ഭാഗത്തുനിന്ന് പറയുന്നതൊന്നും കേൾക്കാൻ കഴിയില്ല.

## ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, ഐ. സി. ബാലകൃഷ്ണൻ, സനീഷ്കുമാർ ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, എൽദോസ് പി. കുന്നപ്പിള്ളിൽ, യു. എ. ലത്തീഫ്, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, പി. ഉബൈദുള്ള, എ.കെ.എം. അഷ്റഫ്, കുറുക്കോളി മൊയ്തീൻ, അനൂപ് ജേക്കബ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI- മൃഗസംരക്ഷണം

മി. സ്പീക്കർ: സർവ്വശ്രീ സണ്ണി ജോസഫ്, കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, റോജി എം. ജോൺ, യു. എ. ലത്തീഫ്, ടി. വി. ഇബ്രാഹിം, ടി. ജെ. വിനോദ്, കുറുക്കോളി മൊയ്തീൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, സനീഷ്കുമാർ ജോസഫ്, അനൂപ് ജേക്കബ്, ടി. സിദ്ദിഖ്, പി. സി. വിഷ്ണുനാഥ്, ഐ. സി. ബാലകൃഷ്ണൻ, ഡോ. മാത്യു കുഴൽനാടൻ,

ശ്രീമതി ഉമ തോമസ്, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

മി. സ്പീക്കർ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, ടി. സിദ്ദിഖ്, ഐ. സി. ബാലകൃഷ്ണൻ, ടി. വി. ഇബ്രാഹിം, പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, എ. കെ. എം. അഷ്റഫ്, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, അനൂപ് ജേക്കബ്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജെ. വിനോദ്, കെ. ബാബു (തൃപ്പൂണിത്തുറ), റോജി എം. ജോൺ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2022-23 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി)

മി. സ്പീക്കർ: പ്രമേയം സഭ ശബ്ദവോട്ടോടെ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VIII അറിയിപ്പ്

മി. സ്പീക്കർ: 'ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ' എന്ന ആശയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സാമാജികർക്ക് പരിചയപ്പെടുത്തുന്നതിനുള്ള ഒരു പരിപാടി വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ

സംഘടിപ്പിച്ചിട്ടുണ്ട്. പരിപാടിക്കുശേഷം കലാപരിപാടികളും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അത്താഴവിരുന്നും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ജൂലൈ 13-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.44-ന് പിരിഞ്ഞു.)

------------

**അനുബന്ധം I**

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 2(*212)-ന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ ബാക്കിഭാഗം</u>

സംരക്ഷിത മേഖലയ്ക്കുചുറ്റും ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോൺ വേണമെന്ന വ്യവസ്ഥയിൽ കേരളത്തിന് പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം വകുപ്പുമന്ത്രി ശ്രീ. അശ്വനി കുമാർ ചൗബെയോട് 18-06-2022-ൽ നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യമാണ് കേരളത്തിന്റേതെന്നും ആയതിനാൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കണമെന്നും കേന്ദ്ര വനം വകുപ്പുമന്ത്രിയോട് സംസ്ഥാന വനം വകുപ്പ് അഭ്യർത്ഥിക്കുകയും വിദഗ്ദ്ധ സമിതി യോഗങ്ങളുൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശിപാർശ നൽകിയതെന്നും അവലോകന യോഗത്തിൽ വനം വകുപ്പ് കേന്ദ്ര വനം വകുപ്പുമന്ത്രിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക

സാഹചര്യങ്ങൾ കണക്കിലെടുത്ത് മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും 29-06-2022-ൽ റിവ്യൂ/ മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. 30-06-2022-ന് മുഖ്യമന്ത്രി തലത്തിൽ ഉന്നതതല യോഗം ചേർന്ന് വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അപ്രകാരമുള്ള നിയമനിർമ്മാണ സാധ്യതകൂടി പരിശോധിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, യോഗതീരുമാനപ്രകാരം സുപ്രീംകോടതിയിൽ ഫയൽ ചെയ്യുന്ന മോഡിഫിക്കേഷൻ പെറ്റീഷന്റെ ആവശ്യാർത്ഥം പ്രസക്തമായ അടിസ്ഥാന വിവരങ്ങൾ (ഡാറ്റാസ്) ശേഖരിക്കുന്നതിനായി 04-07-2022-ൽ റവന്യൂ,

തദ്ദേശസ്വയംഭരണം, വനം എന്നീ വകുപ്പുദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇത്തരത്തിൽ സംസ്ഥാന സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, 08-06-2022-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സുപ്രീംകോടതി വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട്

ആവശ്യപ്പെടുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിന്മേൽ കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ 29-06-2022-ൽ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**അനുബന്ധം-II**

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ സംബന്ധിച്ച് ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട ആരോഗ്യ -വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

സംസ്ഥാനത്ത് കടകളിലും മറ്റും വിൽക്കുന്ന ജ്യൂസുകളുടെ പരിശോധനകളുടെ ഭാഗമായി 1918 പരിശോധനകൾ നടത്തി മതിയായ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിർത്തിവയ്പ്പിക്കുകയും 75 സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയും പഴകിയ 1008 ലിറ്റർ പാലും കേടായ പഴവർഗ്ഗങ്ങളും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. RUCO (Repurpose Used Cooking Oil) സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 96 ലിറ്റർ ഉപയോഗിച്ച എണ്ണ നശിപ്പിക്കുകയും ചെയ്തു. ഭക്ഷണശാലകൾക്ക് ഹൈജീൻ റേറ്റിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 527 ഭക്ഷണശാലകളെ മാനദണ്ഡമനുസരിച്ച് റേറ്റ് ചെയ്തിട്ടുണ്ട്. ഇവയുടെ റേറ്റിംഗ് കാറ്റഗറിയും പേരുവിവരങ്ങളും ജില്ല തിരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽപ്പെടാത്ത ഭക്ഷണശാലകൾ, നിർദ്ദിഷ്ട നിലവാരം പുലർത്തുന്നില്ല എന്നാണർത്ഥം. കൂടാതെ ജനങ്ങൾക്ക് ഇന്ററാക്ട് ചെയ്യാൻ കഴിയുന്ന മൊബൈൽ ആപ്പും തയ്യാറാവുകയാണ്. ലൈസൻസും

ശുചിത്വവുമില്ലാത്ത കടകളിൽ ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നത് തടയുന്നതിനും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ഒരു വർഷ കാലയളവിൽ 51313 സ്ഥാപനങ്ങൾ പരിശോധിക്കുകയും 10512 സാമ്പിളുകൾ ശേഖരിക്കുകയും 6646 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 1,00,71,250 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 648 അഡ്ജ്യൂഡിക്കേഷൻ കേസുകളും 394 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലുള്ള സംസ്ഥാനത്തെ വിവിധ നിയോജകമണ്ഡലങ്ങളിലെ ഭക്ഷ്യസുരക്ഷാ സർക്കിൾ ഓഫീസുകളിലായി ആകെ ഒഴിഞ്ഞുകിടക്കുന്ന 39 ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താനുള്ള അഡ്വൈസ് മെമ്മോ ലഭ്യമാകുന്നമുറയ്ക്ക് മുഴുവൻ തസ്തികകളിലേയ്ക്കും നിയമനം നടത്തുന്നതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ അനലിറ്റിക്കൽ ലാബുകളും അതുകൂടാതെ പത്തനംതിട്ട ജില്ലയിൽ ജില്ലാ ഭക്ഷ്യ പരിശോധനാ ലാബും കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പ് വലിയവെളിച്ചം എന്ന സ്ഥലത്ത്

റീജിയണൽ അനലിറ്റിക്കൽ ലാബും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി നിലവിൽ പ്രവർത്തിച്ചുവരുന്ന വാടക കെട്ടിടത്തിൽനിന്നും പുതിയ കെട്ടിടത്തിലേയ്ക്ക് മാറുന്നതിനായി സർക്കാർ സ്ഥലം അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതുമാണ്. ആധുനിക ലാബാണ് അവിടെ സജ്ജമാക്കുന്നത്. ഭക്ഷ്യ വിഷബാധ പോലെയുള്ള അടിയന്തിര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്. ഇത് നമ്മുടെ എല്ലാ ഭക്ഷണശാലകളിലും പ്രദർശിപ്പിക്കേണ്ടതാണ്. ഇതുകൂടാതെ പൊതുജനങ്ങൾക്ക് നേരിട്ട് പരാതി നൽകുന്നതിനുള്ള ഗ്രീവൻസ് പോർട്ടൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിലും സജ്ജമാക്കുന്നുമുണ്ട്.